- ഭരണഘടനയുടെ എത്രാമത്തെ പട്ടികയാണ് പ്രതിജ്ഞകളെക്കുറിച്ച് പ്രതിപാദിക്കുന്നത്
- നിയമസഭാംഗം അവതരിപ്പിക്കുന്ന ബിൽ എത്ര വായനയിലൂടെ കടന്നു പോകുന്നു
- കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന നദികൾ എത്രയെണ്ണമാണ്
- ഇന്ത്യൻ ഭരണഘടന പ്രകാരം ഒരു പൗരന് എത്ര രീതിയിൽ പൗരത്വം നഷ്ടപ്പെടാം

733. അത്‌ലാന്റിക് ചാർട്ടറിൽ ഒപ്പുവെച്ച അമേരിക്കൻ പ്രസിഡന്റ്-ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റ്
734. ബിഎംഡബ്ല്യു കാർ നിർമിക്കുന്നത് ഏത് രാജ്യത്ത്- ജർമനി
735. അമാവാസി, പൗർണമി ദിവസങ്ങളിൽ ഉണ്ടാകുന്ന വേലിയേറ്റം അറിയപ്പെടുന്ന പേര്- സ്പ്രിങ് ടൈഡ്
736. ബീമർ എന്ന പദം ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു- ക്രിക്കറ്റ്
737. മഥുര ഏത് നദീതീരത്താണ്-യമുന
738. ഇംഗ്ലീഷ് അക്ഷരമാലയിലെ എസ് ആകൃതിയിൽ കാണപ്പെടുന്ന സമുദ്രം-അത്‌ലാന്റിക് സമുദ്രം
739. ആദ്യമായി വിക്ഷേപിച്ച മനുഷ്യനിർമിത ഉപഗ്രഹം- സ്പുട്നിക്
740. അധഃസ്ഥിതരുടെ ഉന്നമനത്തിനായി ബഹിഷ്കൃത ഹിതകാരിണി സഭ സ്ഥാപിച്ചത് -ബി.ആർ.അംബേദ്കർ
741. 2018ലെ ലോകകപ്പ് ഫുട്ബോളിന്റെ ആതിഥേയർ-റഷ്യ
742. ഇന്ത്യ രണ്ടാമത്തെ അണുവിസ്ഫോടനം (ഓപ്പറേഷൻ ശക്തി) നടത്തിയതെപ്പോൾ- 1998 മെയ് 11, 13
743. ഫ്രാൻസിലെ ഏറ്റവും നീളം കൂടിയ നദി- ലോയിർ
744. ഉമിയാം തടാകം ഏതു സംസ്ഥാനത്താണ്- മേഘാലയ
745. രാജ്യത്താദ്യമായി ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് ഏത് പ്രധാനമന്ത്രിയുടെ കാലത്ത് - ഇന്ദിരാ ഗാന്ധി
746. ഉരഗങ്ങളില്ലാത്ത വൻകര-അന്റാർട്ടിക്ക
747. കപടലോകത്തിലാത്മാർഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം എന്നു പാടിയത്- ചങ്ങമ്പുഴ
748. എവിടത്തെ സിനിമാ വ്യവസായമാണ് ലോളിവുഡ് എന്നറിയപ്പെടുന്നത് -ലാഹോർ
749. വംശനാശഭീഷണി നേരിടുന്ന ജീവികളുടെ പേരുവിവരങ്ങൾ അടങ്ങിയ ബുക്ക് -റെഡ് ഡാറ്റ ബുക്ക്
750. വിനോദത്തിനായി മറ്റുജീവികളെ കൊല്ലുന്ന ഏക ജീവി-മനുഷ്യൻ
751. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ആർട്ടറി- അയോർട്ട
752. അഞ്ചാമത്തെ വേദം എന്നറിയപ്പെടുന്നത്- മഹാഭാരതം
753. ബാങ്ക് ഓഫ് സ്വീഡൻ പ്രൈസ് എന്നറിയപ്പെടുന്നത് ഏത് വിഷയത്തിലെ നൊബേൽ സമ്മാനമാണ്- ഇക്കണോമിക്സ്
754. ലക്ഷദ്വീപ് ഗ്രൂപ്പിൽപ്പെട്ട ദ്വീപുകളെ മിനിക്കോയ് ദ്വീപുകളിൽ നിന്ന് വേർതിരിക്കുന്ന ചാനൽ- 9 ഡിഗ്രി ചാനൽ

755. കസ്തൂർബാ ഗാന്ധി എവിടെവച്ചാണ് അന്തരിച്ചത്- ആഗഖാൻ പാലസ് ജയിൽ
756. കാനിങ് പ്രഭുവിന്റെ കാലത്ത് 1860-ൽ ഇന്ത്യയിലെ ആദ്യത്തെ ബജറ്റ് അവതരിപ്പിച്ചത്- സർ ജെയിംസ് വിൽസൺ
757. നളചരിതം കിളിപ്പാട്ട് രചിച്ചത്- കുഞ്ചൻ നമ്പ്യാർ
758. സത്യശോധക് സമാജം രൂപവൽക്കരിച്ചത്- ജ്യോതിബ ഫൂലെ
759. സ്വന്തം രാജ്യത്തെ സ്പോർട്സ് മന്ത്രിയായ ഫുട്ബോൾ താരം- പെലെ
760. ബംഗാൾ ഉൾക്കടൽ ഏത് സമുദ്രത്തിന്റെ ഭാഗമാണ്-ഇന്ത്യൻമഹാസമുദ്രം
761. ഐക്യരാഷ്ട്രസഭയുടെ കീഴിൽ വിദ്യാഭ്യാസം, ശാസ്ത്രം,സംസ്കാരം എന്നീ മേഖലകളിൽ വളർച്ച നേടാൻ പ്രവർത്തിക്കുന്ന ഒരു ഏജൻസി- യുനെസ്കോ
762. ബ്രിട്ടീഷ് രാജാവ് ഇന്ത്യൻ ഇൻഡിപെൻഡൻസ് ബില്ലിൽ ഒപ്പുവെച്ച തീയതി- 1947 ജൂലൈ 18
763. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ മുറജപവും ഭദ്രദീപവും ആരംഭിച്ച രാജാവ്- മാർത്താണ്ഡവർമ
764. ഗ്രിഗോറിയൻ കലണ്ടറിലെ ആദ്യത്തെ മാസം- ജനുവരി
765. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ പേശി- ഗ്ലൂട്ടിയസ് മാക്സിമസ്
766. ചട്ടമ്പിസ്വാമികളുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് സമാധി സങ്കൽപം രചിച്ചത്- പണ്ഡിറ്റ് കറുപ്പൻ
767. ശ്രീനാരായണഗുരുവിന്റെ ആദ്യത്തെ യൂറോപ്യൻ ശിഷ്യൻ- ഏണസ്റ്റ് കിർക്
768. ആരുടെ ബാല്യകാലനാമമാണ് കുമാരു- കുമാരനാശാൻ
769. ഏത് നവോത്ഥാന നായകന്റെ മകനാണ് നടരാജഗുരു- ഡോ.പൽപു
770. ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി എവിടെയാണ്- തിരുവനന്തപുരം
771. ക്ലമന്റ് ആറ്റ്ലി ഇന്ത്യയുടെ സ്വാതന്ത്ര്യം സംബന്ധിച്ച തീരുമാനം പ്രഖ്യാപിച്ച തീയതി- 1947 ഫെബ്രുവരി 20
772. അനകോണ്ട എന്നയിനം പാമ്പ് കാണപ്പെടുന്ന വൻകര - തെക്കേ അമേരിക്ക
773. ഇത്തിമാദ് ഉദ് ദൗളയുടെ ശവകുടീരം നിർമിച്ചത്- നൂർജഹാൻ
774. ഖേൽരത്ന പുരസ്കാരം നേടിയ ആദ്യ മലയാളി താരം- കെ.എം.ബീനാമോൾ
775. വെള്ളത്തിനടിയിൽ കിടക്കുന്ന സാധനങ്ങളെ കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണം- സോണാർ
776. അന്ധർക്കുവേണ്ടിയുള്ള ലിപി കണ്ടുപിടിച്ച ഫ്രഞ്ചുകാരൻ- ലൂയി ബ്രയ്ൽ
777. മന ഃശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെട്ടത്- സിഗ്മണ്ട് ഫ്രോയ്ഡ്
778. അന്യജീവിയുടെ കൂട്ടിൽ മുട്ടയിടുന്ന പക്ഷി- കുയിൽ
779. മയ്യഴിയുടെ മോചനത്തിനായി പ്രവർത്തിച്ച സംഘടന- മാഹി മഹാജനസഭ
780. മറാത്ത മാക്യവെല്ലി എന്നറിയപ്പെട്ടത്- ബാലാജി വിശ്വനാഥ്
781. മട്ടാഞ്ചേരിയിൽ യഹൂദപ്പള്ളി സ്ഥാപിക്കപ്പെട്ട വർഷം- 1567
782. അക്ഷർധാംക്ഷേത്രം ഏത് സംസ്ഥാനത്തിലാണ്- ഗുജറാത്ത്
783. ബംഗാൾ വിഭജനത്തെ ഇന്ത്യയിലെ ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ മേൽവീണ ബോംബ് എന്നു വിശേഷിപ്പിച്ചതാര് -സുരേന്ദ്രനാഥ് ബാനർജി
784. അഞ്ചാമത്തെ സിഖ്ഗുരുവായ അർജുൻ ദേവിനെ വധിച്ച മുഗൾ ചക്രവർത്തി- ജഹാംഗീർ
785. മരത്തിൽ ഏറ്റവും വലിയ കൂടുകെട്ടുന്ന പക്ഷി- ബാൾഡ് ഈഗിൾ
786. മഹാഭാരതത്തിന്റെ അവസാനത്തെ പർവം- സ്വർഗാരോഹണ പർവം
787. ട്രിപ്പിൾ ആൻറിജൻവഴി പ്രതിരോധിക്കപ്പെടുന്ന രോഗങ്ങൾ- ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്
788. മഹാഭാരതത്തിലെ ഭീമന്റെ വിചാരങ്ങൾ അവതരിപ്പിക്കുന്ന എം.ടി.യുടെ കൃതി- രണ്ടാമൂഴം
789. അരവിന്ദാശ്രമത്തിലെ അമ്മയുടെ യഥാർഥപേര്- മീര റിച്ചാർഡ്
790. ലോക്സഭ സെക്രട്ടറി ജനറലിനെ നിയമിക്കുന്നതാര്- സ്പീക്കർ
791. കേരളത്തിലെ ഏതു ജില്ലയിലാണ് നാവിക അക്കാദമി സ്ഥിതിചെയ്യുന്നത്- കണ്ണൂർ

CONFUSING FACTS

- ഇന്ത്യയിൽ തർക്കരഹിത പ്രദേശത്തെ ഏറ്റവും ഉയർന്ന ഭാഗം സിക്കിമിലെ കാഞ്ചൻജംഗയും ഏറ്റവും താഴ്ന്ന ഭാഗം കേരളത്തിലെ കുട്ടനാടുമാണ്.
- ചലിക്കുന്ന കാവ്യം ഭരത നാട്യം, ചലിക്കുന്ന ശിൽപം ഒഡീസി.
- ലോകപ്രസിദ്ധവിപ്ലവകാരിയായ ചെഗ്വേര(1928-67) ജനിച്ചത് അർജന്റീനയിലാണ്. 1954ൽ ബൊളീവിയയിലെത്തിയ അദ്ദേഹം അവിടെനിന്ന് മെക്സിക്കോയിലും എത്തി. ക്യൂബൻ വിപ്ലവത്തിൽ കാസ്ട്രോയ്ക്കൊപ്പം തോൾ ചേർന്നുപൊരുതിയ ചെഗ്വേര പിന്നീട് ക്യൂബ വിടുകയും ബൊളിവിയൻ മലനിരകളിൽ വിപ്ലവപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഇവിടെവച്ച് എതിരാളികളുടെ പിടിയിലായ അദ്ദേഹം വധിക്കപ്പെട്ടു.

792. നോഹയുടെ പേടകം ഉറച്ചുനിന്ന പർവതം- അരാറാത്ത് (തുർക്കി)
793. അറബിവ്യാപാരി സുലൈമാന്റെ കേരള സന്ദർശനം ഏതു വർഷത്തിൽ- എ.ഡി.851
794. മറക്കുടയ്ക്കുള്ളിലെ മഹാനരകം രചിച്ചതാര്- എം.ആർ.ബി.
795. അരവിന്ദഘോഷ് രചിച്ച ഇതിഹാസം- സാവിത്രി
796. മരിച്ചവരുടെ കുന്ന് കാണപ്പെടുന്ന സിന്ധു സംസ്കാരകേന്ദ്രം - മോഹൻജൊദാരോ
797. അപകർഷതാ ബോധം എന്ന സ്വഭാവത്തെക്കുറിച്ച് ആദ്യം ചിന്തിച്ചത്- ആൽഫ്രഡ് ആഡ്ലർ
798. മഴവില്ലിൽ ഏറ്റവും പുറത്തായി കാണപ്പെടുന്ന നിറം- ചുവപ്പ്

ഖേൽരത്ന പുരസ്കാരം നേടിയ ആദ്യ മലയാളി താരം- കെ.എം.ബീനാമോൾ

799. ഹാർലി സ്ട്രീറ്റ് എവിടെയാണ്- ലണ്ടൻ
800. ഐക്യരാഷ്ട്രസംഘടന എന്ന പേരു നിർദ്ദേശിച്ചത്- ഫ്രാങ്ക്ളിൻ റൂസ്വെൽറ്റ്
801. അരവിടു വംശം സ്ഥാപിച്ചത്- തിരുമല നായക്
802. കൊച്ചിയിലെ ഡച്ചുകൊട്ടാരം നിർമിച്ചത്- പോർച്ചുഗീസുകാർ
803. കൊമ്പുമായി ജനിക്കുന്ന ഏക മൃഗം-ജിറാഫ്
804. നന്തനാരുടെ യഥാർഥപേര്- പി.സി.ഗോപാലൻ
805. മഴവില്ലിൽ ഏറ്റവും അകത്തായി കാണപ്പെടുന്ന നിറം- വയലറ്റ്
806. കൊല്ലവർഷം ആരംഭിച്ചതെന്ന്- എ.ഡി.825ൽ
807. അബിസീനിയ ഇപ്പോൾ എന്തുപേരിൽ അറിയപ്പെടുന്നു- എത്യോപ്യ
808. അഭിധർമപിടകം എന്തിനെക്കുറിച്ചു പ്രതിപാദിക്കുന്നു- ബുദ്ധതത്ത്വങ്ങളുടെ വിശകലനം
809. ക്ലാസിക്കൽ ഭാഷാ പദവി നൽകപ്പെട്ട ആദ്യ ഇന്ത്യൻ ഭാഷ- തമിഴ്
810. 1993ലെ മുംബൈ കലാപം അന്വേഷിച്ചത്- ശ്രീകൃഷ്ണ കമ്മിഷൻ
811. പ്ലാനിങ് കമ്മിഷൻ, നാഷണൽ ഡവലപ്മെന്റ് കൗൺസിൽ, ഇന്റർസ്റ്റേറ്റ് കൗൺസിൽ എന്നിവയുടെ എക്സ് ഒഫീഷ്യോ അധ്യക്ഷൻ - പ്രധാനമന്ത്രി
812. ക്ലിയോപാട്ര ഏതു രാജ്യത്തെ മഹാറാണി ആയിരുന്നു- ഈജിപ്ത്
813. 1936-ൽ സ്ഥാനത്യാഗം ചെയ്ത ബ്രിട്ടീഷ് രാജാവ്- എഡ്വേർഡ് എട്ടാമൻ
814. ഹിന്ദുക്കൾ ഏറ്റവും കൂടുതലുള്ള വൻകര-ഏഷ്യ
815. മഴവില്ലിൽ നടുക്ക് കാണുന്ന നിറം- പച്ച
816. ഗാന്ധിമൈതാൻ എവിടെയാണ്-പാറ്റ്ന

817. സി.വി.രാമന് നൊബേൽ സമ്മാനം നേടിക്കൊടുത്ത കണ്ടുപിടിത്തം- രാമൻ ഇഫക്ട്
818. സി.ടി.സ്കാൻ കണ്ടുപിടിച്ചത്- ഗോഡ്ഫ്രെ ഹൗൺസ്ഫീൽഡ്
819. 1979-ൽ ഏത് സമുദ്രത്തിൽവച്ചാണ് ഷിപ്പിംഗ് കോർപ്പറേഷന്റെ കൈരളി എന്ന കപ്പൽ കാണാതായത്- ഇന്ത്യൻ മഹാസമുദ്രം
820. മനുഷ്യനഖം എന്നത്------ ആണ്- പ്രോട്ടീൻ
821. കേരളത്തിൽ വനമില്ലാത്ത ഏക ജില്ല-ആലപ്പുഴ
822. ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷന് നേതൃത്വം നൽകിയത് ഭഗത് സിങ്
823. യൂറാൽ നദി പതിക്കുന്ന തടാകം- കാസ്പിയൻ കടൽ
824. ഗാന്ധിജിയുടെ ആദ്യ ജയിൽവാസം അനുഭവിച്ച സ്ഥലം- ജൊഹന്നാസ്ബെർഗ്
825. മുഗൾ പൂന്തോട്ട നിർമാണ പാരമ്പര്യത്തിന് തുടക്കം കുറിച്ചത്- ബാബർ
826. ഗാന്ധിജിയുടെ ഉപദേശമനുസരിച്ച് ഗുരുവായൂർ സത്യാഗ്രഹകാലത്ത് നിരാഹാരം അവസാനിപ്പിച്ച നേതാവ്- കെ.കേളപ്പൻ
827. ആര്യൻമാരുടെ സ്വദേശം മധ്യേഷ്യയാണെന്ന് അഭിപ്രായപ്പെട്ട ജർമൻ ഗവേഷകൻ- മാക്സ് മുള്ളർ
828. സിക്കിമിനോട് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്ന പശ്ചിമ ബംഗാളിലെ വിമാനത്താവളം- ബാഗ്ഡോഗ്ര
829. ഭാഷാശാസ്ത്രം (ലിംഗ്വിസ്റ്റിക്സ്) ഉരുത്തിരിഞ്ഞ രാജ്യം- ഇന്ത്യ
830. പ്രവാസികളുടെ ജീവിതം ആസ്പദമാക്കി ബന്യാമിൻ രചിച്ച കൃതി- ആടുജീവിതം
831. അറബിക് വെള്ളിനാണയങ്ങൾ ഇന്ത്യയിലാദ്യമായി അടിച്ചിറക്കിയ സുൽത്താൻ- ഇൽത്തുമിഷ്
832. സംസ്ഥാന ശാസ്ത്ര പരിസ്ഥിതി കൗൺസിൽ ചെയർമാൻ-മുഖ്യമന്ത്രി
833. പുരുഷനാമമുള്ള, വടക്കു കിഴക്കേ ഇന്ത്യൻ നദി- ബ്രഹ്മപുത്ര
834. അധികാരം കൈയടക്കാൻ 1923ൽ ഹിറ്റ്ലർ നടത്തിയ അട്ടിമറി ശ്രമത്തിന്റെ പേര്- ബീർ ഹാൾ പുഷ്
835. മധുര ഏതു നദിയുടെ തീരത്താണ്- വൈഗ
836. മനുഷ്യന് ആകെ എത്ര പേശികളുണ്ട്- 639
837. മുടിയിലങ്ങിയിരിക്കുന്ന മാംസ്യം- കെരാറ്റിൻ
838. മുസ്സോളിനി ഭരണാധികാരിയായിരുന്ന രാജ്യം- ഇറ്റലി
839. നബാർഡ് നിലവിൽവന്ന വർഷം- 1982
840. ഐക്യരാഷ്ട്രസഭയിൽ നടത്തിയ പ്രസംഗത്തിലൂടെ ശ്രദ്ധേയനായ മലയാളി- വി.കെ.കൃഷ്ണമേനോൻ
841. ബംഗാൾ വിഭജനം റദ്ദാക്കിയ ബ്രിട്ടീഷ് രാജാവ്- ജോർജ് അഞ്ചാമൻ
842. പേർഷ്യനുപകരം ഇംഗ്ലീഷ് ഇന്ത്യയുടെ ഔദ്യോഗിക ഭാഷയായി സ്വീകരിച്ച ഭരണാധികാരി- വില്യം ബെന്റിക്
843. സോഷ്യലിസത്തിന്റെ പിതാവ്- റോബർട്ട് ഓവൻ
844. അജ്മീർ സ്ഥാപിച്ചത്- അജയരാജൻ
845. മജ്ലിസ് എന്ന പേരുള്ള നിയമനിർമാണസഭയുള്ള സാർക്ക് രാജ്യം- മാലിദ്വീപ്
846. മുംബൈ നഗരത്തിലുള്ള ഒരു പ്രശസ്തമായ വനം ഇപ്പോൾ ദേശീയോദ്യാനമാണ്. ഏതാണത്- സഞ്ജയ് ഗാന്ധി നാഷണൽ പാർക്ക്
847. മനുഷ്യന് എത്ര അസ്ഥികളുണ്ട്-206
848. യോഗ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ്- പതഞ്ജലി
849. രേവതി പട്ടത്താനത്തിന്റെ വേദി- കോഴിക്കോട് തളി ക്ഷേത്രം
850. തിരുവിതാംകൂറിൽ മരച്ചീനി കൃഷി പ്രോത്സാഹിപ്പിച്ച രാജാവ്- വിശാഖം തിരുനാൾ
851. ടാഗോറിനെ ഗാന്ധിജി സംബോധന ചെയ്തിരുന്നത്- ഗുരുദേവ്
852. തിരുവിതാംകൂറിൽ അടിമകൾക്ക് മോചനം നൽകിയത് ഏത് വർഷത്തിൽ- എ.ഡി.1853
853. പേപ്പർ ആദ്യമായി ഉപയോഗിച്ച സംസ്കാരം (രാജ്യം)- ചൈന
854. ശ്രീനാരായണഗുരു ഒടുവിൽ പങ്കെടുത്ത എസ്എൻഡിപി യോഗം വാർഷികാഘോഷം നടന്ന സ്ഥലം- പള്ളുരുത്തി
855. ടാഗോറിന്റെ കേരള സന്ദർശനവേളയിൽ അദ്ദേഹത്തെ പ്രകീർത്തിച്ച് കുമാരനാശാൻ രചിച്ച ദിവ്യകോകിലം ആലപിച്ചതാര്- സി.കേശവൻ
856. അഖില തിരുവിതാംകൂർ മുസ്ലിം മഹാജനസഭയുടെ സ്ഥാപകൻ- വക്കം മൗലവി
857. നാഷണൽ അസംബ്ലി ഓഫ് പീപ്പിൾസ് പവർ എവിടത്തെ നിയമനിർമാണസഭയാണ്-ക്യൂബ

ചോദ്യങ്ങൾ പലത് ഉത്തരം 3

- മനുഷ്യന് എത്ര ജോടി ഉമിനീർ ഗ്രന്ഥികളാണുള്ളത്
- എത്രാമത്തെ പഞ്ചവത്സര പദ്ധതിക്കാലത്താണ് 1962-ൽ ഇന്ത്യാ-ചൈന യുദ്ധം നടന്നത്
- ഇന്ത്യൻ ഭരണഘടന എത്ര തരം അടിയന്തരാവസ്ഥകൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്
- ഉഭയ ജീവികളുടെ ഹൃദയത്തിന് എത്ര അറകളാണുള്ളത്
- സൂര്യന് എത്ര പാളികളാണുള്ളത്
- 2013 ഏപ്രിൽ ഒന്നുമുതൽ ചെക്കിന്റെ കാലാവധി എത്ര മാസമാണ്
- ഭൂമിയുടെ മുഴുവൻ പ്രതലവും പരിധിയിൽ വരുത്താനായി എത്ര ഭൂസ്ഥിര ഉപഗ്രഹങ്ങളാണ് വേണ്ടത്
- ഏറ്റവും കൂടുതൽ പ്രാവശ്യം നൊബേൽ സമ്മാനത്തിനർഹമായത് റെഡ് ക്രോസ് എന്ന സംഘടനയാണ്. എത്ര പ്രാവശ്യം
- രാജ്യത്തെ പദവിപ്പട്ടികയിലെ ക്രമത്തിൽ പ്രധാനമന്ത്രി എത്രാമതാണ്
- ഇന്ത്യയിൽ കേന്ദ്ര മന്ത്രിസഭയിൽ എത്ര തരം മന്ത്രിമാരാണുള്ളത്
- കേരളത്തിൽ എത്രാമത്തെ തിരഞ്ഞെടുപ്പിലാണ് (1965) ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാത്തതിനാൽ നിയമസഭ രൂപവത്കരിക്കാൻ കഴിയാതെ പോയത്
- വാസ്കോ ഡ ഗാമ എത്ര പ്രാവശ്യം കേരളത്തിൽ വന്നിട്ടുണ്ട്

858. പ്രിൻസ് ഓഫ് വെയ്ൽസ് മ്യൂസിയം എവിടെയാണ്- മുംബൈ
859. ഏത് സമുദ്രത്തിലാണ് ബെൻഗ്വീല പ്രവാഹം-അത്ലാന്റിക് സമുദ്രം
860. പ്രാതിനിധ്യമില്ലാതെ നികുതിയില്ല- ഇത് ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു- അമേരിക്കൻ സ്വാതന്ത്ര്യസമരം
861. ഏത് രാജ്യത്തിന്റെ ദേശീയ ഗാനമാണ് മില്ലി തരാന-അഫ്ഗാനിസ്താൻ
862. നേതാജി സുഭാഷ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എവിടെയാണ്- പാട്യാല
863. വൈറ്റ് കോൾ എന്നറിയപ്പെടുന്നത്- ജലവൈദ്യുതി
864. ഏത് മൃഗത്തിന്റെ പാലിനാണ് പിങ്ക് നിറമുള്ളത്- യാക്

മുസ്സോളിനി ഭരണാധികാരിയായിരുന്ന രാജ്യം- ഇറ്റലി

865. ആതിരപ്പള്ളി വെള്ളച്ചാട്ടം ഏതു നദിയിൽ- ചാലക്കുടിപ്പുഴ
866. ഏത് മൃഗത്തിന്റെ പ്രിയപ്പെട്ട ഭക്ഷണമാണ് തേൻ- കരടി
867. ലോക്തക് ജലവൈദ്യുത പദ്ധതി ഏതു സംസ്ഥാനത്ത്- മണിപ്പൂർ
868. ഐക്യരാഷ്ട്രസഭയിലേക്കുള്ള ആദ്യ ഇന്ത്യൻ സംഘത്തെ നയിച്ച മലയാളി- സർദാർ കെ.എം.പണിക്കർ
869. മനുഷ്യന്റെ ഏറ്റവും വലിയ പേശി-ഗ്ലൂട്ടിയസ് മാക്സിമസ്
870. കേരള സാഹിത്യ അക്കാദമിയുടെ പ്രഥമ സെക്രട്ടറി- പാലാ നാരായണൻ നായർ
871. തിരുവിതാംകൂറിൽ ആയില്യം തിരുനാൾ രാജാവിൻെറ സ്ഥാനാരോഹണം ഏത് വർഷത്തിൽ- എ.ഡി.1861
872. കോപ്പർനിക്കസ് ഏതുരാജ്യക്കാരനായിരുന്നു- പോളണ്ട്
873. ഏത് സമുദ്രത്തിലാണ് ഗാലപ്പാഗോസ് ദ്വീപുകൾ-പസഫിക് സമുദ്രം
874. തിമിംഗിലത്തിന്റെ ശരീരത്തിലുള്ള കൊഴുപ്പുപാളി- ബ്ലബ്ബർ

875. ഏത് മുഗൾ ചക്രവർത്തിയുടെ കാലത്താണ് ഇംഗ്ളീഷ് ഈസ്റ്റിന്ത്യാക്കമ്പനിക്ക് ഇന്ത്യയിൽ ഫാക്ടറി നിർമിക്കാൻ അനുമതി ലഭിച്ചത്- ജഹാംഗീർ
876. തത്ത്വചിന്തകന്റെ കമ്പിളി എന്നറിയപ്പെടുന്നത്- സിങ്ക് ഓക്സൈഡ്
877. ഏത് മൃഗത്തിന്റെ പ്രിയപ്പെട്ട ഭക്ഷണമാണ് അക്കേഷ്യ ഇലകൾ- ജിറാഫ്
878. ഏത് മുഗൾ ചക്രവർത്തിയെക്കുറിച്ചാണ് ജീവിതകാലം മുഴുവൻ ഉരുണ്ടു മറിഞ്ഞു നടക്കുകയും ജീവിതത്തിൽനിന്ന് ഉരുണ്ടു മറിഞ്ഞു പോകുകയും ചെയ്തു എന്ന് ചരിത്രകാരനായ ലെയ്ൻപൂൾ വിശേഷിപ്പിച്ചത്- ഹുമയൂൺ
879. വേഴ്സായ് ഉടമ്പടി പ്രകാരം അവസാനിച്ച യുദ്ധമേത്- ഒന്നാം ലോകയുദ്ധം
880. വോൾഗ നദി ഏതു കടലിൽ പതിക്കുന്നു- കാസ്പിയൻ കടൽ
881. ഏത് അമേരിക്കൻ പ്രസിഡന്റിനെയാണ് ലീ ഹാർവി ഓസ്വാൾഡ് കൊലപ്പെടുത്തിയത്-ജോൺ എഫ്. കെന്നഡി
882. ആതുരശുശ്രൂഷാരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയ വ്യക്തി- ഫ്ളോറൻസ് നൈറ്റിങ്ഗേൽ
883. ആദികാവ്യം എന്നറിയപ്പെടുന്നത്- രാമായണം
884. മാജിക് ജോൺസണുമായി ബന്ധപ്പെട്ട സ്പോർട്സ്- ബാസ്കറ്റ്ബാൾ
885. അനിശ്ചിതത്വ സിദ്ധാന്തത്തിന്റെ ആവിഷ്കർത്താവ്- ഹൈസൻബർഗ്
886. ഏത് അടിമസുൽത്താന്റെ കാലത്താണ് ചെങ്കിഷ്ഖാന്റെ ആക്രമണഭീഷണി നേരിട്ടത്- ഇൽത്തുമിഷ്
887. ഭരണഘടനയുടെ അനുച്ഛേദം 352 പ്രകാരം പ്രസിഡന്റ് ആദ്യമായി അടിയന്തരാവസ്ഥ പ്രഖ്യാപിച്ച വർഷം- 1962
888. അഭിനവഭാരത സൊസൈറ്റിയുടെ സ്ഥാപകൻ- വി.ഡി. സവാർക്കർ
889. ആസൂത്രിതമായ ഇന്ത്യൻ സംസ്ഥാന തലസ്ഥാനങ്ങൾ- ചണ്ഡിഗഢ്, ഗാന്ധിനഗർ
890. ആദ്യമായി പോസ്റ്റൽ സ്റ്റാമ്പ് പുറത്തിറക്കിയ വർഷം- 1840
891. ഇന്ത്യയിൽ കാലാവധി പൂർത്തിയാക്കിയ, കോൺഗ്രസുകാരനല്ലാത്ത ഏക പ്രധാനമന്ത്രി- എ.ബി.വാജ്പേയി
892. ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനം നടന്നത്- 1957 ഏപ്രിൽ 27-ന്
893. പരിണാമം എന്ന നോവലിൽ ഏത് മൃഗമാണ് പ്രധാനകഥാപാത്രം- നായ
894. ബാൽബന്റെ യഥാർഥപേര്- ഉലുഘ്ഖാൻ
895. തഗ്ഗുകളെ അമർച്ച ചെയ്ത ഗവർണർ ജനറൽ - വില്യം ബെന്റിക് പ്രഭു
896. വേവിച്ചാൽ നഷ്ടപ്പെടുന്ന വിറ്റാമിൻ- വിറ്റാമിൻ സി
897. വെള്ളെഴുത്ത് എന്ന നേത്രരോഗത്തിന്റെ ശാസ്ത്രനാമം- ഹൈപ്പർമെട്രോപ്പിയ
898. യുണൈറ്റഡ് നേഷൻസ് ഹൈക്കമ്മീഷണർ ഫോർ റെഫ്യൂജീസിന്റെ ആസ്ഥാനം-ജനീവ
899. ജംഷഡ്പൂർ ഏതു വ്യവസായത്തിനു പ്രസിദ്ധം- ഇരുമ്പുരുക്ക്
900. ഇന്ത്യയിൽ എത്ര വർഷം കൂടുമ്പോഴാണ് ഫിനാൻസ് കമ്മിഷനെ നിയമിക്കുന്നത്- അഞ്ചുവർഷം
901. സംക്ഷേപവേദാർഥം 1772-ൽ എവിടെനിന്നുമാണ് പ്രസിദ്ധപ്പെടുത്തിയത്- റോം
902. സി.പി.ഐ.(എം) പോളിറ്റ്ബ്യൂറോയിലെ ആദ്യ വനിത- വൃന്ദ കാരാട്ട്
903. ഇന്ത്യയിൽ ഏറ്റവും പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ജില്ല- കച്ച്
904. ഗാന്ധിജിയെ ആദ്യമായി രാഷ്ട്രപിതാവ് എന്നു വിളിച്ചത്- സുഭാഷ് ചന്ദ്രബോസ്
905. മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം മന്ത്രിമാർക്ക് വകുപ്പുകൾ വിഭജിച്ചു നൽകുന്നതാര്-ഗവർണർ
906. ഗുപ്തവംശത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരി - ചന്ദ്രഗുപ്ത വിക്രമാദിത്യൻ
907. കൊങ്കൺ റെയിൽവേയുടെ നീളം- 760 കി.മീ.
908. സംസ്ഥാന ദുരിത നിവാരണ അതോരിറ്റിയുടെ ചെയർമാൻ - മുഖ്യമന്ത്രി
909. സെന്റിനൽ റേഞ്ച് എന്ന പർവതനിര എവിടെയാണ്- അന്റാർട്ടിക്കയിൽ

CONFUSING FACTS

- കേരളത്തിൽ ഏറ്റവും ഉയരത്തിലുള്ള ജില്ല ഇടുക്കി. താഴ്ന്ന ജില്ല ആലപ്പുഴ.
- ദേശീയതലത്തിൽ മികച്ച ചിത്രത്തിനുള്ള വെള്ളിമെഡൽ നേടിയ ആദ്യമലയാളചിത്രം നീലക്കുയിൽ ആണ്. ദേശീയതലത്തിൽ മികച്ച ചിത്രത്തിനുള്ളസ്വർണമെഡൽ നേടിയ ആദ്യമലയാളചിത്രം ചെമ്മീൻ ആണ്.
- ഇംഗ്ലീഷിലെ പ്രകൃതിയുടെ കവി വേർഡ്സ്വർത്ത്, മലയാളത്തിലേത് ഇടശ്ശേരി.
- സ്വാതന്ത്ര്യലബ്ധിയുടെ സമയത്ത് ബ്രിട്ടീഷ് ഇന്ത്യയിലെ ഏറ്റവും വലിയ പ്രൊവിൻസ് ആയിരുന്നത് ബംഗാൾ ആയിരുന്നു. എന്നാൽ, 1937-ൽ ഇന്ത്യയിൽനിന്ന് ബർമയെ വേർപെടുത്തുന്നതിനുമുമ്പ് ബർമയിരുന്നു ഏറ്റവും വലിയ പ്രവിശ്യ.

910. കേരളത്തിൽ കാലാവധി(5 വർഷം) തികച്ചു ഭരിച്ച ഏക കോൺഗ്രസ് മുഖ്യമന്ത്രി- കെ.കരുണാകരൻ (1982-87)
911. ചെവിയെയും അതിനെ ബാധിക്കുന്ന രോഗങ്ങളെയും കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ- ഓട്ടോളജി
912. ടിഷ്യു കൾച്ചറിന്റെ പിതാവ് എന്നറിയപ്പെടുന്നത്- ഹേബർലാൻഡ്
913. ടെറ്റനസിനു കാരണമായ ബാക്ടീരിയ- ക്ലോസ്ട്രീഡിയം ടെറ്റനി
914. തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാൻ സ്വാതന്ത്ര്യം നൽകിയത്- ഉത്രം തിരുനാൾ
915. നയുദാമ്മ അവാർഡ് ഏതു രംഗവുമായി ബന്ധപ്പെട്ടിരിക്കുന്നു- ശാസ്ത്ര-സാങ്കേതികം
916. കേരളത്തിൽ കൂടുതലായി കാണപ്പെടുന്ന മണ്ണ്- ലാറ്ററൈറ്റ്
917. ഐക്യരാഷ്ട്രസഭയിൽ അംഗത്വമുള്ള ഏറ്റവും ചെറിയ രാജ്യം- മൊണാക്കോ
918. കേരളത്തിൽ സമുദ്രനിരപ്പിൽ സ്ഥിതി ചെയ്യുന്ന വന്യജീവി സങ്കേതം- മംഗളവനം
919. നബാർഡിന്റെ ആസ്ഥാനം- മുംബൈ
920. സെല്ലുലാർ ഫോണിന്റെ പിതാവ് എന്നറിയപ്പെടുന്നത്- മാർട്ടിൻ കൂപ്പർ
921. തൊണ്ടമുള്ള് എന്നറിയപ്പെടുന്ന രോഗം- ഡിഫ്തീരിയ
922. ട്യൂബർക്കുലോസിസിന് കാരണമായ ബാക്ടീരിയ- മൈക്കോ ബാക്ടീരിയം
923. രോഗപ്രതിരോധത്തിനാവശ്യമായ വിറ്റാമിൻ - ജീവകം സി
924. ഫ്രാൻസിലെ ഏറ്റവും ഉയർന്ന സൈനിക ബഹുമതി- ലീജിയൻ ഓഫ് ഓണർ
925. ടാഗോറിനെ ഗ്രേറ്റ് സെന്റിനൽ എന്നു വിശേഷിപ്പിച്ചത്- ഗാന്ധിജി
926. ഗ്വാണ്ടനാമോ ജയിൽ ഏത് ദ്വീപിലാണ് -ക്യൂബ
927. ദുർഗാപ്പൂർ സ്റ്റീൽ പ്ലാന്റ് ഏതു രാജ്യത്തിന്റെസഹകരണത്തോടെയാണ് നിർമിച്ചത്- ബ്രിട്ടൺ
928. കേരളത്തിൽ എള്ള് എറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ജില്ല- കൊല്ലം
929. ദുഷ്യന്തൻ എന്ന കഥാപാത്രം കാളിദാസന്റെ ഏതു നാടകത്തിൽ - അഭിജ്ഞാന ശാകുന്തളം
930. ആദിഗ്രന്ഥം ക്രോഡീകരിച്ച സിഖ് ഗുരു- അർജുൻ ദേവ്
931. എസ്.എൻ.ഡി.പി.യുടെ സ്ഥാപക സെക്രട്ടറി- കുമാരനാശാൻ
932. കണ്ണുകളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ- ഒഫ്താൽമോളജി
933. ഹീമറ്റൂറിയ എന്നാലെന്ത്- മൂത്രത്തിൽ രക്തം കാണപ്പെടുന്ന അവസ്ഥ
934. ആലപ്പുഴ ജില്ലയിലെ പ്രധാനകായലുകൾ- വേമ്പനാടും കായംകുളവും
935. സത്യാർഥ പ്രകാശം രചിച്ചത്- ദയാനന്ദ് സരസ്വതി
936. ഡൽഹി സ്ഥാപിച്ച വംശം- തോമാരവംശം
937. കേരളത്തിൽ ഉപതിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ഏക മന്ത്രി- കെ.മുരളീധരൻ

938. ആദ്യമായി മലയാളം അച്ചടിച്ചത് ഏത് രാജ്യത്ത്- ഹോളണ്ട് (നെതർലൻഡ്സ്)
939. സംസ്ഥാന മന്ത്രിസഭയിലെ ഒരു മന്ത്രി രാജിവയ്ക്കുന്നപക്ഷം ആ വകുപ്പ് ആരിൽ വന്നുചേരും-മുഖ്യമന്ത്രി
940. ഹാൽഡിയ ഏതു നിലയിൽ പ്രസിദ്ധം- എണ്ണശുദ്ധീകരണശാല
941. കേരളത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മണ്ണ്- ലാറ്ററൈറ്റ്
942. ഐക്യരാഷ്ട്രസഭയുടെ ഹ്യൂമൻ റൈറ്റ്സ് മെഡലിന് ആദ്യമായി അർഹനായത്-നെൽസൺമണ്ടേല
943. സംസ്ഥാന ആസൂത്രണ ബോർഡിന്റെ അധ്യക്ഷൻ-മുഖ്യമന്ത്രി
944. കേരളത്തിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷിചെയ്യപ്പെടുന്ന കാർഷികവിള- തെങ്ങ്
945. കേരളത്തിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യപ്പെടുന്ന ധാന്യവിള- നെല്ല്
946. സംസാരത്തിലൂടെ ആശയവിനിമയം നടത്തുന്ന ഏക ജീവി- മനുഷ്യൻ
947. കണ്ണൂർ സർവകലാശാലയുടെ ആസ്ഥാനം- കണ്ണൂർ
948. കർണാടക സംസ്ഥാനത്ത് അറ്റോമിക് പവർ പ്ലാന്റ് സ്ഥിതിചെയ്യുന്ന സ്ഥലം- കൈഗ
949. അക്ബർ നിർമിച്ച തലസ്ഥാനം- ഫത്തേപൂർ സിക്രി
950. മണ്ണുപയോഗിക്കാതെ ജലവും ലവണവും ഉപയോഗിച്ച് സസ്യങ്ങൾ നട്ടുവളർത്തുന്ന രീതി- ഹൈഡ്രോപോണിക്സ്
951. ഷെട്‌ലാൻഡ് ദ്വീപുകൾ ഏതു രാജ്യത്തിന്റെ അധികാരപരിധിയിലാണ്- യു.കെ.
952. ഹാൻസൺസ് രോഗം എന്നറിയപ്പെടുന്നത്- കുഷ്ഠം
953. ഗാന്ധിനഗർ രൂപകല്പന ചെയ്തത്- ലെ കോർബുസിയെ
954. ഷാജഹാനെ ഔറംഗസീബ് തടവിലാക്കിയ വർഷം- 1658
955. വിവരാവകാശനിയമത്തിന്റെ പ്രാഥമികരൂപം നിലവിൽവന്ന ആദ്യ രാജ്യം- സ്വീഡൻ
956. വർക്കല കനാലിൻെറ നിർമാണം ഏത് വർഷത്തിൽ- എ.ഡി.1867
957. ആദ്യത്തെ ആഫ്രോ-ഏഷ്യൻ ഗെയിംസിനു വേദിയായത്- ഹൈദരാബാദ്
958. ഫ്രാൻസിസ്കോ ഡി അൽമെയ്ഡ (പോർട്ടുഗീസ്) കണ്ണൂരെത്തിയത് ഏത് വർഷത്തിൽ- എ.ഡി.1505
959. അസലാമു അലൈക്കും ഏതു ഭാഷയിലെ അഭിവാദ്യമാണ്- ഉർദു
960. ഇന്ത്യയിൽ കീഴാളവർഗ പഠനങ്ങൾക്ക് തുടക്കം കുറിച്ചതാര്- രണജിത് ഗുഹ
961. അസ്പൃശ്യത നിലനിന്നാൽ ഹിന്ദുമതം മരിക്കും-എന്നു പറഞ്ഞത്- ഗാന്ധിജി
962. മഗ്സസേ അവാർഡും ഭാരതരത്നവും ലഭിച്ച ആദ്യ വ്യക്തി- മദർ തെരേസ (1962, 1980)
963. ഇന്ത്യയിൽ കാണപ്പെടുന്ന പക്ഷികളിൽ ഏറ്റവും ചെറുത്- ഇത്തിക്കണ്ണി പക്ഷി
964. മാർബിളിന്റെ നാട് എന്നറിയപ്പെടുന്ന രാജ്യം- ഇറ്റലി
965. ഹോംറൂൾ പ്രസ്ഥാനത്തിന്റെ പ്രധാനലക്ഷ്യം- ബ്രിട്ടീഷ് സാമ്രാജ്യത്തിനുള്ളിൽ സ്വയംഭരണം നേടുക
966. പ്രാണികളെ തിന്നുന്ന സസ്യം- നെപ്പന്തസ്
967. ലോക അത്‌ലറ്റിക് മീറ്റിൽ മെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിത-അഞ്ജു ബോബി ജോർജ്
968. പ്രാദേശികഭാഷാ പത്ര നിയമം റദ്ദാക്കിയ വൈസ്രോയി- റിപ്പൺ പ്രഭു
969. ബംഗ്ലാദേശിലെ നാണയം- ടാക്ക
970. റോമൻ ദാർശനികനായ പ്ലിനി രചിച്ച 37 വാല്യമുള്ള പുരാതന ഗ്രന്ഥം- നാച്ചുറൽ ഹിസ്റ്ററി
971. അലക്സാണ്ടറെ നേരിട്ട് പരാജയപ്പെട്ട ഇന്ത്യൻ രാജാവ് -പോറസ്

മഗ്സസേ അവാർഡും ഭാരതരത്നവും ലഭിച്ച ആദ്യ വ്യക്തി- മദർ തെരേസ (1962, 1980)

ചോദ്യങ്ങൾ പലത് ഉത്തരം 4

- പക്ഷികളുടെ ഹൃദയത്തിലെ അറകളുടെ എണ്ണം
- വേദങ്ങളുടെ എണ്ണം
- മനുഷ്യഹൃദയത്തിലെ അറകളുടെ എണ്ണം
- ബുദ്ധമത ചരിത്രത്തിൽ പ്രാചീന ഇന്ത്യയിൽ നടന്ന മഹാസമ്മേളനങ്ങളുടെ എണ്ണം
- താർ മരുഭൂമി എത്ര സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്നു
- ജലത്തിന് ഏറ്റവും കൂടുതൽ സാന്ദ്രതയും ഏറ്റവും കുറച്ച് വ്യാപ്തവുമുള്ള ഊഷ്മാവ്
- എത്രാമത്തെ നിയമസഭയാണ് കേരളത്തിൽ ആദ്യമായി കാലാവധി പൂർത്തിയാക്കിയത്
- ഗലീലിയൻ ഉപഗ്രഹങ്ങൾ എത്രയെണ്ണമാണ്
- പശുവിന്റെ ആമാശയത്തിന് എത്ര അറകളാണുള്ളത്
- ഭൂമിക്ക് ഒരു ഡിഗ്രി തിരിയാൻ എത്ര മിനിട്ട് സമയം വേണം
- ഇന്ത്യൻ ഭരണഘടനയിൽ രാഷ്ട്രനയനിർദ്ദേശക തത്ത്വങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗം
- ഭരണഘടന നിലവിൽവന്നശേഷം കൂട്ടിച്ചേർക്കപ്പെട്ട ഷെഡ്യൂളുകളുടെ എണ്ണം
- ലോക കപ്പ് ഫുട്ബോൾ നടക്കുന്നത് എത്ര വർഷത്തിലൊരിക്കലാണ്
- താറാവിന്റെ മുട്ട വിരിയാൻ എത്ര ആഴ്ച സമയം വേണം
- പൂമ്പാറ്റയുടെ ജീവിത ചക്രത്തിന് എത്ര ഘട്ടങ്ങളുണ്ട്

972. ചരകസംഹിത എന്തിനെക്കുറിച്ചുള്ള പുസ്തകമാണ്- വൈദ്യശാസ്ത്രം
973. ഖാസി ഭാഷ ഏതു സംസ്ഥാനത്തെ ഭാഷയാണ്- മേഘാലയ
974. ആയോധന കലകളുടെ മാതാവ്- കളരിപ്പയറ്റ്
975. ജനനസമയത്ത് ഏറ്റവും കൂടുതൽ വലുപ്പമുള്ള ജീവി- നീലത്തിമിംഗിലം
976. ജനങ്ങളുടെ മൗലികാവകാശങ്ങളുടെ സംരക്ഷകനാണ്- സുപ്രീം കോടതി
977. ഗാരോ, ജയിൻഷ്യ,ഖാസി കുന്നുകൾ ഏതു സംസ്ഥാനത്താണ്- മേഘാലയ
978. അലഹബാദിന്റെ പഴയപേര്- പ്രയാഗ്
979. പ്രകാശവർണങ്ങളിൽ ഏറ്റവും തരംഗദൈർഘ്യം കുറഞ്ഞത്- വയലറ്റ്
980. ഗംഗയുമായി ചേർന്ന് സുന്ദർബൻസ് ഡെൽറ്റയ്ക്ക് രൂപം നൽകുന്ന നദി- ബ്രഹ്മപുത്ര
981. ശ്രീനികേതൻ എന്ന ഗ്രാമീണ പുനരുദ്ധാരണ പദ്ധതിയുടെ ഉപജ്ഞാതാവ്- രബീന്ദ്രനാഥ് ടാഗൂർ
982. ധവള പാത എന്നറിയപ്പെടുന്നത്- ബ്രോഡ് വേ, ന്യൂയോർക്ക്
983. തിരു.-കൊച്ചി സംസ്ഥാനത്തിൻെറ ആദ്യ മുഖ്യമന്ത്രി- പറവൂർ ടി കെ നാരായണപിള്ള
984. ഗാന്ധിജിയുടെ ദണ്ഡിമാർച്ച് നടന്ന കാലം- 1930 മാർച്ച് 12- ഏപ്രിൽ 6
985. കേരളത്തിൽ മന്ത്രിയായിരിക്കെ വിവാഹിതയായ ആദ്യ വനിത - കെ.ആർ.ഗൗരിയമ്മ
986. സംസ്ഥാന മന്ത്രിസഭയിലെ ഒന്നാമനായി കണക്കാക്കപ്പെടുന്നത് -മുഖ്യമന്ത്രി
987. ഇന്ത്യൻ ഭരണഘടന എത്ര തരം പൗരത്വം വ്യവസ്ഥ ചെയ്യുന്നു- ഒന്ന്
988. സാംബൽപൂർ ഏതു ധാതുവിന്റെ ഖനനത്തിനു പ്രസിദ്ധം- കൽക്കരി
989. ഏതു രാജ്യത്തെ സ്വേച്ഛാധിപതിയായിരുന്നു ഗദ്ദാഫി- ലിബിയ
990. യൂറോപ്പിന്റെ മദർ-ഇൻ-ലാ എന്നറിയപ്പെടുന്ന രാജ്യം- ഡെന്മാർക്ക്
991. ഏതു രംഗത്തിലാണ് ഏറ്റവുമൊടുവിൽ മഗ്സാസേ അവാർഡ് ഏർപ്പെടുത്തിയത്-പുതുനേതൃത്വം

992. സാരേ ജഹാം സേ അച്ഛാ എന്ന ഗാനത്തിനു സംഗീതം നൽകിയത്- പണ്ഡിറ്റ് രവിശങ്കർ
993. സാംബസി നദി ഏത് സമുദ്രത്തിലാണ് പതിക്കുന്നത്-ഇന്ത്യൻമഹാസമുദ്രം
994. കേരളത്തിലെ ജില്ലകളിൽ ഏറ്റവും കൂടുതൽ ഇരുമ്പുനിക്ഷേപമുള്ളത്- കോഴിക്കോട്
995. തമിഴ്നാട്ടിൽ ഓഫ്സെറ്റ് അച്ചടിക്കു പ്രസിദ്ധമായ സ്ഥലം- ശിവകാശി
996. ഗ്രേറ്റ് സ്ലേവ് തടാകം ഏത് രാജ്യത്താണ്- കാനഡ
997. ഗ്രിഗർ മെൻഡലിന്റെ തൊഴിൽ എന്തായിരുന്നു- പുരോഹിതൻ
998. പേരിന്റെ ഉൽഭവത്തിന് ഗ്രീക്ക്-റോമൻ പുരാണങ്ങളുമായി ബന്ധമില്ലാത്ത ഗ്രഹം- ഭൂമി
999. ദ്രാവിഡ മുന്നേറ്റ കഴകം സ്ഥാപിച്ചതാര്-സി.എൻ.അണ്ണാദുരൈ
1000. ബ്ലാക്ക് ഹോൾ എന്നാൽ- മരിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രം
1001. ഝലം നദിയുടെ പ്രാചീനനാമം- വിതാസ്ത
1002. റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ സ്ഥാപിച്ചത്- വാറൻ ഹേസ്റ്റിങ്സ്
1003. കോഴഞ്ചേരി പ്രസംഗ കേസിൽ സി.കേശവനുവേണ്ടി വാദിച്ച അഭിഭാഷകൻ- ടി.എം.വർഗീസ്
1004. ആരിൽനിന്നാണ് ചട്ടമ്പി സ്വാമികൾ ഹഠയോഗം സ്വായത്തമാക്കിയത്- തൈക്കാട് അയ്യ
1005. ജയിൽമോചിതനായ സി.കേശവനെ ആലപ്പുഴയിൽസംഘടിപ്പിച്ച സ്വീകരണയോഗത്തിൽ തിരുവിതാംകൂറിലെ കിരീടം വയ്ക്കാത്ത രാജാവ് എന്നു വിശേഷിപ്പിച്ചത്- കെ.സി.മാമ്മൻ മാപ്പിള
1006. മലബാറിൽ കർഷകസംഘം രൂപവത്കരിക്കുന്നതിന് പ്രചോദനം നൽകിയ നവോത്ഥാന നായകൻ- വാഗ്ഭടാനന്ദൻ
1007. അലൈ ദർവാസ പണികഴിപ്പിച്ചത്- അലാവുദ്ദീൻ ഖിൽജി
1008. മത്തേരാൻ വന്യജീവി സങ്കേതം ഏതു സംസ്ഥാനത്ത്- മഹാരാഷ്ട്ര
1009. സോണാർ ഉപയോഗിക്കുന്നത്- സമുദ്രത്തിന്റെ ആഴം അറിയാൻ
1010. നർമദയുടെ തീരത്തുവച്ച് ഹർഷനെ പരാജയപ്പെടുത്തിയ ചാലൂക്യരാജാവ്- പുലികേശി രണ്ടാമൻ
1011. ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ അവസാനംവരുന്ന തലസ്ഥാനം- സാഗ്രബ്
1012. ക്ലോണിങ്ങിലൂടെ സൃഷ്ടിക്കപ്പെട്ട ആദ്യ പശു- വിക്ടോറിയ
1013. രോഗപ്രതിരോധശാസ്ത്രത്തിന്റെ പിതാവ്- എഡ്വേർഡ് ജന്നർ
1014. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വിസിറ്റർ പദവി അലങ്കരിക്കുന്നത് -മുഖ്യമന്ത്രി
1015. ഇന്ത്യക്കുവെളിയിൽ ആദ്യമായി ഇന്ത്യൻ പോസ്റ്റോഫീസ് സ്ഥാപിച്ചതെവിടെയാണ്-അന്റാർട്ടിക്ക
1016. സാംബാജിയുടെ പിൻഗാമി- രാജാറാം
1017. സാംഖ്യദർശനത്തിന്റെ വക്താവ്- കപിലൻ
1018. ഏതു വർഷത്തെ കോൺഗ്രസ് സമ്മേളനത്തിലാണ് ജനഗണമന ആദ്യമായി ആലപിച്ചത്- 1911
1019. ഹാർഡ് കോൾ എന്നറിയപ്പെടുന്ന കൽക്കരിയിനം- ആന്ത്രാസൈറ്റ്
1020. കേരളത്തിൽ കാസ്റ്റിങ് വോട്ട് പ്രയോഗിച്ച ആദ്യത്തെ സ്പീക്കർ - എ.സി.ജോസ്
1021. ഹാരപ്പ സംസ്കാരം നിലനിന്നിരുന്ന നദീതടം-സിന്ധു
1022. ഹുമയൂൺ അന്തരിച്ചതെപ്പോൾ- 1556 ജനുവരി 24
1023. ഹോസ്ദുർഗ് കോട്ട നിർമിച്ചത്- ഇക്കേരിവംശത്തിലെ സോമശേഖര നായക്
1024. ഡയറ്റ് ഏത് രാജ്യത്തെ പാർലമെന്റാണ്- ജപ്പാൻ
1025. ലോക വ്യാപാര കരാറിന്റെ ശില്പി- ആർതർ ഡങ്കൽ
1026. ലെഡ് പെൻസിൽ നിർമിക്കാനുപയോഗിക്കുന്ന പദാർഥമേത്- ഗ്രാഫൈറ്റ്
1027. വെങ്കിടേശ്വര ക്ഷേത്രം എവിടെയാണ്- തിരുപ്പതി
1028. റോമൻ പുരാണങ്ങളിൽ ദൈവങ്ങളുടെ രാജാവ്- ജൂപ്പിറ്റർ
1029. ജരിയ ഖനിയിൽനിന്നു ലഭിക്കുന്ന ധാതു- കൽക്കരി
1030. ബുദ്ധന്റെ ഗുരുക്കൾ- അലാരൻ, ഉദ്രകൻ
1031. പതിനാലാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യൻ യൂണിയനോട് കൂട്ടിച്ചേർക്കപ്പെട്ട പ്രദേശം-പുതുച്ചേരി
1032. പദ്മഭൂഷൺ നേടിയ ആദ്യ മലയാളി-വള്ളത്തോൾ നാരായണ മേനോൻ
1033. ഗ്രേറ്റ് ബാത്ത് (മഹാ സ്നാനഘട്ടം) എവിടെയാണ് കണ്ടെത്തിയത്- മൊഹൻജൊദാരോ

CONFUSING FACTS

- ഹൈക്കോടതി ജഡ്ജിയായ ആദ്യ മലയാളി വനിത അന്നാ ചാണ്ടിയാണ്. സുപ്രീം കോടതി ജഡ്ജിയായ ആദ്യ മലയാളി വനിത എം.എസ്. ഫാത്തിമാ ബീവിയാണ്.
- ജ്ഞാനപീഠം നേടിയ ആദ്യ വനിത ആശാപൂർണാദേവിയാണ്. സാഹിത്യ അക്കാദമി അവാർഡിനർഹയായ ആദ്യ വനിതയാണ് അമൃതാപ്രീതം.
- ജ്ഞാനപീഠത്തിന് ആദ്യമായി അർഹനായത് മലയാള കവിയായ ജി.ശങ്കരക്കുറുപ്പാണ് (1965). എന്നാൽ ജ്ഞാനപീഠം നേടിയ ആദ്യ നോവലിസ്റ്റ് ബംഗാളിലെ താരാശങ്കർ ബാനർജിയാണ് (1966). ജ്ഞാനപീഠം നേടിയ ആദ്യ മലയാള നോവലിസ്റ്റ് എസ്.കെ.പൊറ്റക്കാട്ടാണ്.

1034. മഞ്ഞിന്റെ നാട് എന്നറിയപ്പെടുന്ന രാജ്യം- കാനഡ
1035. അമിലൈസ് എന്ന എൻസൈം എന്തിലാണ് പ്രവർത്തിക്കുന്നത് - അന്നജം
1036. അമിതമായി ലഹരിപാനീയങ്ങൾ ഉപയോഗിക്കുന്നതുമൂലം ഏതവയവത്തിനാണ് കൂടുതൽ നാശമുണ്ടാകുന്നത്- കരൾ
1037. ജറുസലേമിലെ ജൂതദേവാലയം റോമാക്കാർ നശിപ്പിച്ചതുമൂലം യഹൂദർ കേരളത്തിൽവന്ന വർഷം- എഡി68
1038. റോമൻ കത്തോലിക്കർ ഏറ്റവും കൂടുതലുള്ള രാജ്യം- ബ്രസീൽ
1039. യൂറോപ്പിന്റെ പണിപ്പുര എന്നറിയപ്പെടുന്ന രാജ്യം- ബെൽജിയം
1040. അച്ഛന്റെ ഓർമക്കുറിപ്പുകൾ ആരുടെ ആത്മകഥയാണ്- ഈച്ചരവാര്യർ
1041. മിസൊറാമിന്റെ പഴയ പേര്- ലുഷായ് ഹിൽ ഡിസ്ട്രിക്ട്
1042. മിന്റോ-മോർലി ഭരണ പരിഷ്കാരം ഏതു വർഷത്തിൽ- 1909
1043. കേരളത്തിലെ ജില്ലകളിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ളത്- കണ്ണൂർ
1044. 1952-ൽ പാർലമെന്റംഗമായ പ്രശസ്ത ഭാരതീയ ജ്യോതിശാസ്ത്രജ്ഞൻ- മേഘനാഥ് സാഹ
1045. ക്രിസ്റ്റഫർ കൊളംബസ് ജനിച്ച രാജ്യം- ഇറ്റലി
1046. അർജുന അവാർഡ് നേടിയ ആദ്യ ക്രിക്കറ്റർ- സലിം ദുരാനി
1047. പോയിന്റ് കാലിമർ പക്ഷി സങ്കേതം ഏത് സംസ്ഥാനത്തിൽ- തമിഴ്നാട്
1048. ബംഗാൾ വിഭജിക്കപ്പെട്ട വർഷം- 1905
1049. ലോക്സഭാതിരഞ്ഞെടുപ്പിൽ വോട്ടു ചെയ്ത ആദ്യ പ്രസിഡന്റ് - കെ ആർ നാരായണൻ
1050. പോർച്ചുഗലിലെ കാതറിനെ വിവാഹം കഴിച്ചപ്പോൾ ഇംഗ്ലണ്ടിലെ ചാൾസ് രണ്ടാമൻ രാജാവിന് സ്ത്രീധനമായി ലഭിച്ച പ്രദേശം- ബോംബെ
1051. അച്യുതദേവരായരുടെ കാലത്ത് വിജയനഗരം സന്ദർശിച്ച പോർച്ചുഗീസുകാരനായ കുതിര വ്യാപാരി- ഫെർനാവോ ന്യൂനിസ്
1052. മീനച്ചിലാർ ഏതു ജില്ലയിലെ പ്രധാനനദിയാണ്- കോട്ടയം
1053. അജ്മീരിൽ അർഹായി ദിൻ കാ ജോൺപരാ പണികഴിപ്പിച്ചത്- കുത്തബ്ദ്ദീൻ ഐബക്
1054. മീരാദേവിയുടെ ക്ഷേത്രം എവിടെയാണ്- ചിത്തോർഗഢ്
1055. അസ്ഥിയിൽ ഏറ്റവും കൂടുതലുള്ള ലോഹം- കാൽസ്യം
1056. മുളയിലകൾ മാത്രം തിന്നു ജീവിക്കുന്ന ജീവി- പാണ്ട
1057. അയോധ്യ ഏതു നദിയുടെ തീരത്ത്- സരയു
1058. അറേബ്യൻ നാടുകളേയും ആഫ്രിക്കൻ വൻകരയേയും വേർതിരിക്കുന്ന കടൽ- ചെങ്കടൽ
1059. മണ്ഡരി രോഗത്തിനു കാരണമായ ജീവി- വൈറസ്
1060. മിന്റോനെറ്റ് എന്നറിയപ്പെട്ടിരുന്ന കായിക വിനോദം- വോളീബോൾ
1061. സിന്ധുനദിയുടെ തീരത്തെ ഏറ്റവും വലിയ നഗരം -കറാച്ചി
1062. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മൗസിൻറം ഏതു സംസ്ഥാനത്താണ്- മേഘാലയ
1063. മീസിൽസ് വാക്സിൻ കണ്ടുപിടിച്ചതാര്- ജോൺ എഫ്.എൻഡേഴ്സ്(1960)
1064. സിക്കിമിനോട് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്ന പശ്ചിമ ബംഗാളിലെ റെയിൽവേ സ്റ്റേഷൻ- ന്യൂ ജയ്പാൽഗുഡി

1065. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ഉള്ള സംസ്ഥാനം- ഉത്തർപ്രദേശ്
1066. ഗാന്ധിജിയുടെ ആദ്യ സത്യാഗ്രഹം-1907
1067. സിയാങ് എന്ന പേരിൽ അരുണാചൽ പ്രദേശിൽ പ്രവേശിക്കുന്ന നദി- ബ്രഹ്മപുത്ര
1068. ഘാഗ്ര യുദ്ധത്തിൽ (1529) മഹ്മൂദ് ലോധിയുടെ നേതൃത്വത്തിലുള്ള അഫ്ഗാനികളെ തോൽപിച്ചതാര്-ബാബർ
1069. ഹാൽഡിഘട്ട് യുദ്ധത്തിൽ (1576)അക്ബറെ എതിർത്തു പരാജയപ്പെട്ട രജപുത്രരാജാവ്- റാണാ പ്രതാപ്
1070. കേരളത്തിൽ അടിമക്കച്ചവടം നിർത്തലാക്കിയ ഭരണാധികാരി- റാണി ഗൗരി ലക്ഷ്മീഭായി
1071. അതാര്യവസ്തുവിനെച്ചുറ്റി പ്രകാശം വളഞ്ഞു സഞ്ചരിക്കുന്ന പ്രതിഭാസം- ഡിഫ്രാക്ഷൻ
1072. ഇന്ത്യ റിപ്പബ്ലിക്കാകുന്നതിന് ഒരു ദിവസം മുമ്പ് അന്തരിച്ച നവോത്ഥാന നായകൻ- ഡോ.പൽപു
1073. ആരെ സന്ദർശിച്ചശേഷമാണ് ശ്രീനാരായണഗുരു മുനിചര്യപഞ്ചകം രചിച്ചത്- രമണ മഹർഷി
1074. തന്റെ ദേവനും ദേവിയും സംഘടനയാണെന്ന് പ്രഖ്യാപിച്ച നവോത്ഥാന നായകൻ- മന്നത്ത് പദ്മനാഭൻ
1075. ജീവകാരുണ്യനിരൂപണം രചിച്ചത്- ചട്ടമ്പി സ്വാമികൾ
1076. മംഗളോദയത്തിന്റെ പ്രൂഫ് റീഡറായിരുന്ന നവോത്ഥാന നേതാവ്- വി.ടി.ഭട്ടതിരിപ്പാട്
1077. മതിലുകൾ എന്ന നോവൽ രചിച്ചത്- വൈക്കം മുഹമ്മദ് ബഷീർ
1078. അതിചാലകത കണ്ടുപിടിച്ചതാര്- കാമർലിങ് ഓനസ്
1079. കൃത്രിമ പട്ട് എന്നറിയപ്പെടുന്നത്- റയോൺ
1080. ഹരിയാനയിലെ ഏക നദി- ഘഗ്ഗർ
1081. സ്വതന്ത്രഇന്ത്യയിലെ ആദ്യ വ്യക്തിഗത ഒളിമ്പിക് വെള്ളി മെഡൽ ജേതാവ്- രാജ്യവർധൻ സിങ് റാത്തോഡ്
1082. ഗംഗൈകൊണ്ടചോളപുരത്ത് ബൃഹദേശ്വര ക്ഷേത്രം നിർമിച്ചത് - രാജേന്ദ്രചോളൻ
1083. ആദ്യത്തെ ലാറ്റിനമേരിക്കൻ അറബ് ഉച്ചകോടിക്ക് (2005) വേദിയായ നഗരം- ബ്രസീലിയ
1084. ആർക്കിയോളജിയുടെ പിതാവ്- തോമസ് ജെഫേഴ്സൺ
1085. മനുഷ്യന്റെ ഇടത്തേ ശ്വാസകോശത്തിന്റെ ശരാശരി ഭാരം- 620 ഗ്രാം
1086. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പിതാവ്- അലൻ ടൂറിങ്
1087. ഭരണഘടനയുടെ ഹൃദയവും ആത്മാവുംഎന്ന് ഡോ.അംബേദ്കർ വിശേഷിപ്പിച്ചത്- ആർട്ടിക്കിൾ 32
1088. ആൽഫ്രഡ് നൊബേലിന്റെ പ്രധാന കണ്ടുപിടിത്തം- നൈട്രോഗ്ലിസറിൻ
1089. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ആസ്ഥാനം- കൊൽക്കത്ത
1090. അതുലൻ ആരുടെ സദസ്യനായിരുന്നു- വല്ലഭൻ രണ്ടാമൻ
1091. ആർക്കുശേഷമാണ് ബാൽബൻ ഡൽഹി സുൽത്താനായത്- നാസിറുദ്ദീൻ മഹ്മൂദ്
1092. ആൽക്കഹോളിലെ ഘടകങ്ങൾ- കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ
1093. ആമാശയത്തിന്റെ അടിയിൽ സ്ഥിതി ചെയ്യുന്ന ഗ്രന്ഥി- പാൻക്രിയാസ്
1094. ആന്റി സെപ്റ്റിക് സർജറിയുടെ ഉപജ്ഞാതാവ്- ജോസഫ് ലിസ്റ്റർ
1095. ആറ്റിങ്ങൽ കലാപം ഏത് വർഷത്തിൽ- എ.ഡി.1721
1096. ആന്റിലസിന്റെ മുത്ത് എന്നറിയപ്പെടുന്ന രാജ്യം- ക്യൂബ
1097. കേരളത്തിലെ ജലോൽസവങ്ങൾ ആരംഭിക്കുന്നത് ഏത് വള്ളംകളിയോടെയാണ്- ചമ്പക്കുളം
1098. ആന്റിജൻ അടങ്ങിയിട്ടില്ലാത്ത രക്തഗ്രൂപ്പ്- ഒ
1099. ധനതത്ത്വ ശാസ്ത്രത്തിന്റെ പിതാവ്- ആഡംസ്മിത്ത്
1100. ഗിരി ജലസേചന പദ്ധതി ഏത് സംസ്ഥാനത്ത് -ഹിമാചൽ പ്രദേശ്
1101. സമാധാനത്തിന്റെ നഗരം എന്നറിയപ്പെടുന്നത്- ഹിരോഷിമ
1102. ലോക്സഭാംഗമായ ആദ്യ കേരളീയ വനിത-ആനി മസ്ക്രീൻ
1103. ഭഗീരഥിയും അളകനന്ദയും സംഗമിക്കുന്ന സ്ഥലം- ദേവപ്രയാഗ്
1104. സ്വർണത്തിന്റെ ലായകം- അക്വാ റീജിയ
1105. ആന്റിബോഡി അടങ്ങിയിട്ടില്ലാത്ത രക്തഗ്രൂപ്പ്- എ ബി
1106. യമുനയുടെ ഉൽഭവസ്ഥാനം- യമുനോത്രി

ചോദ്യങ്ങൾ പലത് ഉത്തരം 4

- ആനയുടെ പല്ലുകളുടെ എണ്ണം
- അമേരിക്കൻ പ്രസിഡന്റിന്റെ കാലാവധി എത്ര വർഷമാണ്
- വിജയനഗര സാമ്രാജ്യത്തിലെ രാജവംശങ്ങളുടെ എണ്ണം
- സാധാരണമായി കണ്ടുവരുന്ന പ്രധാന രക്തഗ്രൂപ്പുകളുടെ എണ്ണം
- എത്ര വർഷത്തിലൊരിക്കലാണ് കോമൺവെൽത്ത് ഗെയിംസ് നടക്കുന്നത്
- കാതറിൻ ഹെപ്ബേൺ (1907-2003) ആണ് അഭിനയത്തിന് ഏറ്റവും കൂടുതൽ പ്രാവശ്യം ഓസ്കർ നേടിയത് . അവർ എത്ര പ്രാവശ്യം ആ അംഗീകാരത്തിന് അർഹയായി
- എത്രാം പഞ്ചവത്സര പദ്ധതിക്കാലത്താണ് ഇന്ദിരാഗാന്ധി 14 ബാങ്കുകൾ ദേശസാത്കരിച്ചത്
- ഭരണഘടനയുടെ എത്രാമത്തെ പട്ടികയാണ് രാജ്യസഭയിലെ സീറ്റുകളുടെ അലോട്ട്മെന്റിനെക്കുറിച്ച് പ്രതിപാദിക്കുന്നത്
- സാരനാഥിലെ അശോക സ്തംഭത്തിൽ എത്ര സിംഹങ്ങളുണ്ട്
- ഏറ്റവും കൂടുതൽ പ്രാവശ്യം അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് എഫ്.ഡി. റൂസ്‌വെൽറ്റാണ്. എത്ര പ്രാവശ്യം
- ക്രമഭംഗത്തിന് എത്ര ഘട്ടങ്ങളാണുള്ളത്
- കുംഭമേളയ്ക്ക് വേദിയാകുന്ന നഗരങ്ങൾ എത്ര
- പോളോ കളിയിൽ ഒരു ടീമിൽ എത്ര കളിക്കാർ ഉണ്ടാകും
- മനുഷ്യരിലെ ജ്ഞാനദന്തങ്ങളുടെ എണ്ണം.
- എത്ര അമേരിക്കൻ പ്രസിഡന്റുമാർ പദവിയിലിരിക്കെ വധിക്കപ്പെട്ടിട്ടുണ്ട്
- 1976-ൽ മൗലിക ചുമതലകൾ പുതുതായി ഭരണഘടനയിൽ ഉൾപ്പെടുത്തിയപ്പോൾ അത് ഏത് ഭാഗത്തിലാണ് (പാർട്ട്) കൂട്ടിച്ചേർത്തത്

1107. ആമുക്തമാല്യദ എന്ന സാഹിത്യകൃതി തെലുങ്കിൽ രചിച്ചത്- കൃഷ്ണദേവരായർ
1108. ആമസോൺ നദി പതിക്കുന്ന സമുദ്രം-അത്‌ലാൻറിക്
1109. ഇസ്രയേലിന്റെ ജനനത്തിനു കാരണമായ പ്രസ്ഥാനം- സിയോണിസ്റ്റ് പ്രസ്ഥാനം
1110. ആർജിത ഇന്ത്യൻ പൗരത്വമുണ്ടായിരുന്ന ആദ്യ ഭാരതരത്നം ജേതാവ്- മദർ തെരേസ
1111. ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഇന്ത്യ രചിച്ചത്- ആർ.സി.ദത്ത്
1112. ഏതു ലോഹത്തിന്റെ അയിരാണ് ഹേമറ്റൈറ്റ്- ഇരുമ്പ്
1113. ആർത്രൈറ്റിസ് (വാതം) ബാധിക്കുന്നത്- സന്ധികൾ
1114. ഏതു വേദത്തിന്റെ ഉപവേദമാണ് ഗന്ധർവവേദം- സാമവേദം
1115. ആർനോൾഡ് ഷ്വാർസ്നെക്ഷർ ജനിച്ച രാജ്യം- ഓസ്ട്രിയ
1116. ഹവ്വാ ബീച്ച് ഏത് ജില്ലയിലാണ്-തിരുവനന്തപുരം
1117. ആന്റിബോഡികൾ ഉൽപാദിപ്പിക്കുന്ന രക്തകോശം- ശ്വേത രക്താണുക്കൾ
1118. ഗംഗയുടെ പോഷകനദികളിൽ ഏറ്റവും പടിഞ്ഞാറേയറ്റത്ത് ഉദ്ഭവിക്കുന്നത്-യമുന
1119. കേരളത്തിൽ ആദ്യമായി വാർഷിക വിശേഷാൽപ്രതി പുറത്തിറക്കിയ പത്രം- മിതവാദി
1120. ഹിമാലയൻ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതി ചെയ്യുന്നതെവിടെ-ഷിംല
1121. കേരളത്തിൽ ആദ്യമായി കാലാവധി പൂർത്തിയാക്കിയ നിയമസഭ-നാലാം നിയമസഭ (1970-77)
1122. ഒന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രാമുഖ്യം നൽകപ്പെട്ടത് -കൃഷി
1123. കാനഡ ഏത് ഭൂഖണ്ഡത്തിലാണ്-വടക്കേ അമേരിക്ക
1124. ഒന്നാം പാനിപ്പട്ട് യുദ്ധം നടന്നത്- 1526
1125. സ്ട്രോംബോളി കൊടുമുടി ഏത് രാജ്യത്താണ്- ഇറ്റലി
1126. കേരളത്തിൽ സ്ഥാപിതമായ ആദ്യ കോളേജ്- സിഎംഎസ് കോളേജ്, കോട്ടയം
1127. സി.പി.രാമസ്വാമി അയ്യർ പദവിയൊഴിഞ്ഞപ്പോൾ ആക്ടിങ് ദിവാനായത്- പി.ജി.എൻ.ഉണ്ണിത്താൻ

1128. കേരളത്തിൽ സ്വർണനിക്ഷേപം കൂടുതലുള്ള സ്ഥലം- നിലമ്പൂർ
1129. കാനഡ, ഗ്രീൻലാൻഡ് പ്രദേശങ്ങൾക്കിടയ്ക്കുള്ള കടലിടുക്ക്- ഡേവിസ് കടലിടുക്ക്
1130. കേരളത്തിൽ ഹിന്ദുക്കൾ എണ്ണത്തിൽ ഏറ്റവും കൂടുതലുള്ള ജില്ല - തിരുവനന്തപുരം
1131. ചന്ദ്രഗ്രഹണം ഉണ്ടാകുന്നതെപ്പോൾ- ഭൂമി സൂര്യനും ചന്ദ്രമുമിടയ്ക്ക് വരുമ്പോൾ
1132. കേരളത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി സ്ഥിതി ചെയ്യുന്നത്- വെള്ളൂർ
1133. ഇന്ത്യൻ ഫുട്ബോൾ ടീം ആദ്യമായി ഒളിമ്പിക്സിൽ പങ്കെടുത്ത വർഷം- 1948
1134. കേരളത്തിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാക്ടറി എവിടെ സ്ഥിതി ചെയ്യുന്നു- തിരുവനന്തപുരം
1135. ഹിന്ദിയിലും മറ്റ് ഇന്ത്യൻ ഭാഷകളിലും ഹിന്ദ് മഹാസാഗരം എന്നറിയപ്പെടുന്നത്-ഇന്ത്യൻമഹാസമുദ്രം
1136. ഏതു സേനയുടെ തലവനാണ് അഡ്മിറൽ -നാവികസേന
1137. ബുദ്ധന്റെ വളർത്തമ്മ- ഗൗതമി
1138. ഇത്തിഹാദ് എയർലൈൻസ് ഏതു രാജ്യത്താണ്- യു.എ.ഇ.
1139. ഏതുനദിയിലാണ് അരുവിക്കര ഡാം-കരമനയാർ
1140. ഇന്തുപ്പിന്റെ രാസസൂത്രം- പൊട്ടാസ്യം ക്ലോറൈഡ്
1141. തിരുവനന്തപുരത്ത് രാജ്ഭവനുമുന്നിലുള്ള പ്രതിമ ഏതു രാഷ്ട്രീയനേത്രിയുടേതാണ്- അക്കമ്മ ചെറിയാൻ
1142. രാജതരംഗിണി രചിച്ചത്- കൽഹണൻ
1143. ഇന്ത്യ ഭരിച്ച ആദ്യത്തെ അഫ്ഗാൻ വംശജൻ- ബഹ്‌ലുൽ ലോദി
1144. ഇന്ത്യ ഭരിക്കാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച തന്ത്രം- ഭിന്നിപ്പിച്ചു ഭരിക്കൽ
1145. ഗംഗൈ കൊണ്ട ചോളൻ എന്നറിയപ്പെട്ടത്- രാജേന്ദ്രൻ ഒന്നാമൻ
1146. ഇന്ത്യയിൽ ദേശീയപാർട്ടിയായി അംഗീകാരം ലഭിക്കണമെങ്കിൽ ഏറ്റവും കുറഞ്ഞത് എത്ര സംസ്ഥാനങ്ങളിൽ അംഗീകാരം ലഭിച്ച പാർട്ടിയായിരിക്കണം- 4
1147. കുളച്ചൽ തുറമുഖം ഏത് സംസ്ഥാനത്താണ്- തമിഴ്നാട്
1148. ആധുനിക ജനാധിപത്യ സംവിധാനം നിലവിൽവന്ന ആദ്യരാജ്യം- ബ്രിട്ടൺ
1149. ഗിർ നാഷണൽ പാർക്ക് ഏത് സംസ്ഥാനത്ത്- ഗുജറാത്ത്
1150. ഇന്ത്യയിലെ ഏറ്റവും ഉയരംകൂടിയ വെള്ളച്ചാട്ടം- ജോഗ് വെള്ളച്ചാട്ടം
1151. രാഷ്ട്രകൂടവംശത്തിലെഏറ്റവുംപ്രഗല്ഭർ- ഗോവിന്ദ, അമോഘവർഷൻ
1152. ഇന്ത്യയിലെ ഏറ്റവും വലിയ തുരങ്കം- കാർബുഡെ ടണൽ
1153. മദർ ഇന്ത്യ എന്ന ചിത്രത്തിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച നടി- നർഗീസ്
1154. ആധുനിക ഇന്ത്യയുടെ സ്രഷ്ടാവ് എന്നറിയപ്പെട്ടത്- ഡൽഹൗസി പ്രഭു
1155. ഇന്ത്യയിലാദ്യമായി നിയമബിരുദം നേടിയ വനിത- കോർണേലിയ സോറാബ്ജി (1894)
1156. കമ്യൂണിസം കൊടുമുടി അഥവാ ഇസ്മായിൽ സമാനി കൊടുമുടി സ്ഥിതി ചെയ്യുന്ന രാജ്യം- തജിക്കിസ്ഥാൻ
1157. തിമിരം കണ്ണിന്റെ ഏതു ഭാഗത്തെ ബാധിക്കുന്ന രോഗമാണ്- ലെൻസ്
1158. കോത്താരി കമ്മിഷന്റെ ത്രിഭാഷാ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട ഭാഷകൾ- ഹിന്ദി, ഇംഗ്ലീഷ്, പ്രാദേശിക ഭാഷ
1159. ഹോഗനക്കൽ വെള്ളച്ചാട്ടം ഏത് സംസ്ഥാനത്താണ്- തമിഴ്നാട്
1160. ആദിഗ്രന്ഥത്തിന്റെ മറ്റൊരു പേര്- ഗുരുഗ്രന്ഥസാഹിബ്
1161. പുരാണപ്രകാരം, പരശുരാമൻ ഗോകർണത്തുനിന്ന് എറിഞ്ഞ മഴു വന്നുപതിച്ച സ്ഥലം -കന്യാകുമാരി
1162. ബംഗ്ലാദേശിന്റെ രാഷ്ട്രശില്പി- മുജീബുർ റഹ്മാൻ
1163. മെലനോമ എന്ന ക്യാൻസർ ശരീരത്തിന്റെ ഏതു ഭാഗത്തെയാണ് ബാധിക്കുന്നത്- ത്വക്ക്
1164. പ്രാചീനകാലത്ത് മുസിരിസ് എന്നറിയപ്പെട്ടിരുന്ന തുറമുഖം- കൊടുങ്ങല്ലൂർ
1165. നക്ഷത്രങ്ങൾ തിളങ്ങാൻ കാരണം- റിഫ്രാക്ഷൻ
1166. കേരളത്തിൽ ചാരായ നിരോധനം കൊണ്ടുവന്ന മുഖ്യമന്ത്രി- എ.കെ. ആന്റണി

CONFUSING FACTS

- 1923-ൽ പ്രവർത്തനം ആരംഭിച്ച സ്വരാജ് പാർട്ടിയുടെ സ്ഥാപകർ സി.ആർ.ദാസും മോത്തിലാൽ നെഹ്റുവും. 1934-ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി സ്ഥാപിക്കാൻ മുൻകൈയെടുത്തത് ആചാര്യ നരേന്ദ്രദേവും ജയപ്രകാശ് നാരായണും.
- മദ്രാസ് നഗരത്തിന്റെ സ്ഥാപകൻ ഫ്രാൻസിസ് ഡേ ആണ്. ഫ്രാൻസിസ് മാർട്ടിൻ ആണ് പോണ്ടിച്ചേരി (പുതുച്ചേരി) സ്ഥാപിച്ചത്.
- കേരളത്തിലെ ആദ്യത്തെ വനിതാ ഗവർണർ ജ്യോതി വെങ്കിടാചലമാണ്. എന്നാൽ ഗവർണർ പദവിയിലെത്തിയ ആദ്യ കേരളീയ വനിത ജസ്റ്റിസ് എം.എസ്. ഫാത്തിമാബീവിയാണ്.
- ഓസ്കർ നോമിനേഷൻ നേടിയ ആദ്യ ഇന്ത്യൻ ചിത്രം മദർ ഇന്ത്യയാണ്. ഗുരുവാണ് ഈ പ്രത്യേകതയുള്ള ആദ്യ മലയാള ചിത്രം.

പദ്മഭൂഷൺ നേടിയ ആദ്യ മലയാളി- വള്ളത്തോൾ നാരായണമേനോൻ

1167. സി.വി.രാമന് ഏതു വിഷയത്തിലാണ് നൊബേൽ സമ്മാനം ലഭിച്ചത്- ഊർജതന്ത്രം
1168. കേരളത്തിൽ ചുണ്ണാമ്പുകല്ല് കാണപ്പെടുന്ന സ്ഥലം- വാളയാർ
1169. ഹാജോ എന്ന തീർഥാടന കേന്ദ്രം ഏത് നദിയുടെ തീരത്താണ് ബ്രഹ്മപുത്ര
1170. ഹിന്ദുസ്ഥാന്റെ തനതായ ഫലം എന്ന് മാങ്ങയെ വിശേഷിപ്പിച്ചതാര്- ബാബർ
1171. യൂറോ ഏത് വൻകരയിലെ രാജ്യങ്ങളിലെ നാണയമാണ് - യൂറോപ്പ്
1172. സി.എ.ടി. സ്കാനർ കണ്ടുപിടിച്ചതാര്- ഗോഡ്ഫ്രി ഹൗൺസ്ഫീൽഡ്
1173. ഇന്ത്യൻ ഫുട്ബോളിന്റെ മെക്ക- കൊൽക്കത്ത
1174. ഗാന്ധിജിയെ ഏറെ സ്വാധീനിച്ച അൺടു ദിസ് ലാസ്റ്റ് രചിച്ചത്- ജോൺ റസ്കിൻ
1175. സംസ്ഥാനത്ത് പ്രസിഡന്റ് ഭരണം പ്രഖ്യാപിക്കുമ്പോൾ കേന്ദ്രത്തിനുവേണ്ടി സംസ്ഥാന ഭരണം നടത്തുന്നതാര്-ഗവർണർ
1176. ഗംഗയുടെ പോഷകനദികളിൽ ഏറ്റവും വലിയ തടപ്രദേശമുള്ളത്- യമുന
1177. കേരളത്തിൽ ഉപതിരഞ്ഞെടുപ്പിലൂടെ സീറ്റു നിലനിർത്തിയ ആദ്യ അംഗം - റോസമ്മാ പുന്നൂസ്
1178. സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് അധ്യക്ഷപദവി വഹിച്ച വിദേശ വംശജ-സോണിയാ ഗാന്ധി
1179. ഗംഗാതീരത്തെ ഏറ്റവും വലിയ നഗരം-കാൺപൂർ
1180. ലെപ്ച്ച, ഭൂട്ടിയ എന്നിവ ഏതു സംസ്ഥാനത്തെ ജനതയാണ്- സിക്കിം
1181. ഐക്യരാഷ്ട്ര സഭയുടെ രൂപവത്കരണത്തിന് മുൻകൈയെടുത്ത അമേരിക്കൻ പ്രസിഡന്റ്-ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റ്
1182. കൂറുമാറ്റ നിരോധന നിയമപ്രകാരം ഒരു അംഗത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരപ്പെട്ടതാര് -സ്പീക്കർ
1183. കാബർ തണ്ണീർത്തടം ഏതു സംസ്ഥാനത്താണ്- ബീഹാർ
1184. കാബൂൾ ആസ്ഥാനമായി ഭരണനിർവഹണം നടത്തിയ മുഗൾ ചക്രവർത്തി-ബാബർ
1185. ഒന്നാം ഭൗമ ഉച്ചകോടിയുടെ വേദി- റിയോ ഡി ജനീറോ (ബ്രസീൽ)

1186. ലെപ്രോമിൻ ടെസ്റ്റ് ഏതു രോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു- കുഷ്ഠം
1187. വോൾട്ടയർ ഏതു രാജ്യക്കാരനായിരുന്നു- ഫ്രാൻസ്
1188. തക്ഷശില ഇപ്പോൾ ഏതു രാജ്യത്ത് - പാകിസ്താൻ
1189. സോപാനസംഗീതത്തിന്റെ മറ്റൊരുപേര്- കൊട്ടിപ്പാടി സേവ
1190. ഗോബർ ഗ്യാസിന്റെ പ്രധാനഘടകമേത്- മീഥെയ്ൻ
1191. ആണവയുഗത്തിന്റെ ശില്പി എന്നറിയപ്പെടുന്നത്- എൻറിക്കോ ഫെർമി
1192. ആസിഡുമഴയ്ക്കു കാരണമായ പ്രധാനവാതകം- സൾഫർ ഡൈ ഓക്സൈഡ്
1193. ഇന്ത്യയിൽ ലിഗ്നൈറ്റ് കാണപ്പെടുന്ന സംസ്ഥാനം- തമിഴ്നാട്
1194. തിലോത്തമ ഏത് വിളയുടെ ഇനമാണ്- എള്ള്
1195. ആണിന്റെ ഉദരത്തിൽനിന്ന് കുഞ്ഞുങ്ങൾ പുറത്തുവരുന്ന ജീവി- കടൽക്കുതിര
1196. തീ കത്താൻ സഹായിക്കുന്ന വാതകം- ഓക്സിജൻ
1197. അങ്കോർ വാട്ടിലെ ക്ഷേത്രം ഏതു ദേവന് സമർപ്പിച്ചിരിക്കുന്നു- വിഷ്ണു
1198. തീൻ ബിഗ കോറിഡോർ പാട്ടത്തിനു വാങ്ങിയ രാജ്യം- ബംഗ്ലാദേശ്
1199. വൈറസുകൾ സാംക്രമികമാണെന്നു കണ്ടെത്തിയത്- വെൻഡൽ സ്റ്റാൻലി
1200. പ്രകാശവർഷം എന്തിന്റെ ഏകകമാണ്- ദൂരം
1201. മനുഷ്യന്റെ ഏറ്റവും ചെറിയ അസ്ഥി-സ്റ്റേപ്പിസ്
1202. പോർബന്തറിന്റെ പഴയപേര്- സുദാമാപുരി
1203. സൈനികസഹായ വ്യവസ്ഥ ആവിഷ്കരിച്ച ഗവർണർ ജനറൽ- വെല്ലസ്ലി പ്രഭു
1204. ഹാർമോണിയം കണ്ടുപിടിച്ചത്- അലക്സാണ്ടർ ദേബെയ്ൻ
1205. സാഹിത്യ നൊബേലിനർഹനായ ബ്രിട്ടീഷ് പ്രധാനമന്ത്രി- വിൻസ്റ്റൺ ചർച്ചിൽ (1953)
1206. ജൈനമതത്തിലെ 24-ാമത്തെ തീർഥങ്കരൻ- മഹാവീരൻ
1207. അനലിറ്റിക്കൽ ജ്യോമട്രിയുടെ പിതാവ്- റെനെ ദക്കാർത്തെ
1208. മാഹാളിരോഗം ഏതുസസ്യത്തെ ബാധിക്കുന്നു- കവുങ്ങ്
1209. സമുദ്ര നിരപ്പിൽനിന്നും താഴെയായി സ്ഥിതി ചെയ്യുന്ന, കേരളത്തിലെ സ്ഥലം കുട്ടനാട്
1210. മാജിനറ്റ് ലൈൻ ഏതൊക്കെ രാജ്യങ്ങൾക്കിടയിലാണ്- ഫ്രാൻസ്, ജർമനി
1211. ആരോടൊപ്പം ചേർന്നാണ് ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തിനു നേതൃത്വം നൽകിയത്- മുഹമ്മദലിയും ഷൗക്കത്തലിയും
1212. ആഡംസ്മിത്ത് ജനിച്ച രാജ്യം- സ്കോട്ട്ലൻഡ്
1213. തത്ത്വചിന്തകനായ ജീൻ പോൾ സാർത്രെ ജനിച്ച രാജ്യം- ഫ്രാൻസ്
1214. കോർണിയയെ ആവരണം ചെയ്തിരിക്കുന്ന സ്തരം- കൺജക്ടിവ
1215. ആംനസ്റ്റി ഇന്റർനാഷണലിന്റെ സ്ഥാപകൻ- പീറ്റർ ബെനൻസൺ(1961)
1216. കോയ്ന അണക്കെട്ട് ഏതു സംസ്ഥാനത്തിലാണ്- മഹാരാഷ്ട്ര
1217. സംസ്കൃത സാഹിത്യത്തിന്റെ അഗസ്റ്റൻ യുഗമായി വിലയിരുത്തപ്പെടുന്നത് ഏത് രാജാവിന്റെ കാലമാണ് -ചന്ദ്രഗുപ്ത വിക്രമാദിത്യൻ
1218. സംസ്ഥാന ഭരണം സംബന്ധിച്ച എല്ലാ ഉത്തരവുകളും ആരുടെ പേരിലാണ് പുറപ്പെടുവിക്കുന്നത്- ഗവർണർ
1219. ഗാന്ധിജിയുടെഭാര്യ- കസ്തൂർബാ ഗാന്ധി
1220. കേരള സംസ്ഥാന ജീവനക്കാർക്ക് ഉത്സവ ബത്ത അനുവദിച്ച മുഖ്യമന്ത്രി-എ.കെ. ആന്റണി
1221. കേരളത്തിൽ രണ്ടുപ്രാവശ്യം ഉപമുഖ്യമന്ത്രിയായ ഏക വ്യക്തി - സി.എച്ച്.മുഹമ്മദ് കോയ
1222. യൂറോപ്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ ആസ്ഥാനം - പാരീസ്
1223. ഇന്ത്യൻ ഫുട്ബോളിന്റെ തൊട്ടിൽ എന്നറിയപ്പെടുന്ന നഗരം- കൊൽക്കത്ത
1224. സംസ്ഥാന മന്ത്രിസഭയുടെ തലവൻ-മുഖ്യമന്ത്രി
1225. കോലത്തുനാട്ടിലെ രാജാവായിരുന്നത്- കോലത്തിരി
1226. തീർഥങ്കരൻമാർ എന്ന വാക്ക് ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു- ജൈനമതം

ചോദ്യങ്ങൾ പലത് ഉത്തരം 5

- ഏറ്റവും കൂടുതൽ കാലാവധിയുണ്ടായിരുന്ന ലോക്സഭ എത്രാമത്തേതാണ് (1971-77)
- എത്ര വർഷം കൂടുമ്പോഴാണ് ഇന്ത്യയിൽ കാർഷിക സെൻസസ് എടുക്കുന്നത്
- ഐക്യരാഷ്ട്ര രക്ഷാസമിതിയിൽ താൽക്കാലികാംഗങ്ങളായി എത്ര ആഫ്രോ-ഏഷ്യൻ രാജ്യങ്ങളാണുള്ളത്
- ജനഗണമന എന്ന ഗാനത്തിന്റെ ആദ്യചരണമാണ് ഭാരതത്തിന്റെ ദേശീയ ഗാനമായി സ്വീകരിച്ചത്. ആകെ എത്ര ചരണങ്ങളുണ്ട് ജനഗണമനയ്ക്ക്
- പദാർഥത്തിന്റെ എത്രാമത്തെ അവസ്ഥയാണ് ബോസ്-ഐൻസ്റ്റീൻ കണ്ടൻസേറ്റ്
- ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളുടെ എണ്ണം
- ഗ്രഹങ്ങൾക്കിടയിൽ വലുപ്പത്തിൽ ഭൂമിയുടെ സ്ഥാനം
- ഇന്ത്യയിൽ എത്ര വർഷം കൂടുമ്പോഴാണ് ഫിനാൻസ് കമ്മിഷനെ നിയമിക്കുന്നത്
- ത്രിതല പഞ്ചായത്തധ്യക്ഷൻമാരുടെ കാലാവധി എത്ര വർഷമാണ്
- ഭരണഘടനാപരമായ പരിഹാരങ്ങൾക്ക് ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിട്ടുകളുടെ എണ്ണം
- ഡൽഹി 1206 മുതൽ 1526 വരെ ഭരിച്ച സുൽത്താനേറ്റ് രാജവംശങ്ങളുടെ എണ്ണം
- ഗാന്ധിജി എത്ര പ്രാവശ്യം കേരളം സന്ദർശിച്ചിട്ടുണ്ട്
- പെന്റാത്ലോൺ എത്ര മത്സരയിനങ്ങൾ ഉൾപ്പെട്ടതാണ്
- ബാഹ്മിനി രാജ്യം തകർന്നതോടെ ദക്ഷിണപഥത്തിൽ എത്ര സുൽത്താനേറ്റുകളാണ് രൂപംകൊണ്ടത്

1227. കേരളത്തിൽ ആദ്യത്തെ പ്രസ് സ്ഥാപിച്ചത്- ബെഞ്ചമിൻ ബെയ്ലി
1228. അസമിലെ കാസിരംഗ ദേശീയോദ്യാനം ഏതു മൃഗത്തിനാണു പ്രസിദ്ധം- ഒറ്റക്കൊമ്പൻ കാണ്ടാമൃഗം
1229. മഗലൻ കടലിടുക്ക് ഏതൊക്കെ രാജ്യങ്ങൾക്കിടയ്ക്കാണ്- അർജന്റീനയ്ക്കും ചിലിയ്ക്കുമിടയ്ക്ക്
1230. ഭൂമിയുടെ വൃക്കകൾ എന്നറിയപ്പെടുന്നത്- തണ്ണീർത്തടങ്ങൾ
1231. ബംഗ്ലാദേശിന്റെ രൂപവൽക്കരണവുമായി ബന്ധപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി- ഇന്ദിരാഗാന്ധി
1232. കേരളത്തിൽ ഉരു നിർമാണത്തിനു പ്രസിദ്ധമായ സ്ഥലം- ബേപ്പൂർ
1233. പൂർണമായും സമുദ്രനിരപ്പിനുമുകളിൽ സ്ഥിതി ചെയ്യുന്ന വൻകര-അന്റാർട്ടിക്ക
1234. സംസ്ഥാന സർവകലാശാലകളുടെ വൈസ് ചാൻസലർമാരെ നിയമിക്കുന്നതാരാണ്-ഗവർണർ
1235. യോമിയുരി ഷിംബുൺ ഏതുരാജ്യത്തെ പത്രമാണ്- ജപ്പാൻ
1236. ഹോഴ്സ്ലി കുന്നുകൾ ഏത് സംസ്ഥാനത്താണ്- ആന്ധ്രാപ്രദേശ്
1237. ഇന്ത്യൻ ഭരണഘടന നിലവിൽ വരുമ്പോൾ ഉണ്ടായിരുന്ന ഭരണഘടനാ ഷെഡ്യൂളുകളുടെ എണ്ണം- 8
1238. ഏതു രാജ്യത്തെ ഇന്ത്യൻവംശജരുടെ പ്രശ്നങ്ങളുമായി സഹകരിച്ചതിനാലാണ് സി.എഫ്.ആൻഡ്രൂസിന് ദീനബന്ധു എന്ന പേരു ലഭിച്ചത്- ഫിജി
1239. കേരളത്തിൽ മുസ്ലിങ്ങൾ എണ്ണത്തിൽ ഏറ്റവും കൂടുതലുള്ള ജില്ല - മലപ്പുറം
1240. ഹാരപ്പ കണ്ടെത്തിയ വർഷം- 1921
1241. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം മുഖ്യമന്ത്രി- കെ.കരുണാകരൻ
1242. കേരളത്തിൽ ഏതു വർഷം നടന്ന തിരഞ്ഞെടുപ്പിലാണ് ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാത്തതിനാൽ നിയമസഭ രൂപവൽക്കരിക്കാൻ കഴിയാതെ പോയത്- 1965

1243. റോളണ്ട് ഗാരോ എന്നത് എന്തിന്റ് പേര് - ഫ്രഞ്ച് ഓപ്പൺ ടെന്നീസ് കളിസ്ഥലം
1244. തിമൂർ ഇന്ത്യ ആക്രമിച്ച വർഷം- 1398
1245. ജലത്തിനടിയിൽ സൂക്ഷിച്ചുവയ്ക്കുന്നമൂലകം- വെള്ള ഫോസ്ഫറസ്
1246. തിമൂർ ഇന്ത്യ ആക്രമിച്ചപ്പോൾ ഡൽഹി ഭരിച്ചിരുന്ന വംശം- തുഗ്ലക്ക്
1247. യഹൂദർ കേരളത്തിൽ വന്ന വർഷം- എ.ഡി.68
1248. മാർത്താണ്ഡവർമ്മ അന്തരിച്ചത് ഏത് വർഷത്തിൽ- എ.ഡി.1758
1249. 1934ൽ ഏതുസ്ഥലത്തുവെച്ചാണ് കൗമുദി എന്ന പെൺകുട്ടി തന്റെ ആഭരണങ്ങൾ ഗാന്ധിജിയ്ക്കു നൽകിയത്- വടകര
1250. റോബിൻസൺ ക്രൂസോ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്- ഡാനിയേൽ ഡീഫോ
1251. ഗാന്ധിജിയെ മഹാത്മാ എന്ന് ആദ്യമായി സംബോധന ചെയ്തത്- ടാഗോർ
1252. റോട്ടറി ഇന്റർനാഷണൽ സ്ഥാപിച്ചത്- പോൾ ഹാരിസ്
1253. ഗ്രേ വിപ്ലവം എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു- സിമൻറ് ഉൽപാദനം
1254. കേരള നവോത്ഥാനത്തിന്റെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെട്ടത്- ശ്രീനാരായണഗുരു
1255. ഏതു വിറ്റാമിന്റെ അഭാവത്തിലാണ് ബെറി ബെറി എന്ന രോഗം ഉണ്ടാകുന്നത്- വിറ്റാമിൻ ബി (തയമിൻ)
1256. ഹുമയൂൺ നാമ രചിച്ചത്- ഗുൽബദൻ ബീഗം (ബാബറുടെ മകൾ)
1257. കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി 1957ൽ അധികാരത്തിൽ വന്നപ്പോൾ പാർട്ടി സംസ്ഥാന സെക്രട്ടറി- എം.എൻ.ഗോവിന്ദൻ നായർ
1258. കേരളത്തിൽ രണ്ടാമത്തെ തിരഞ്ഞെടുപ്പു നടന്ന വർഷം- 1960
1259. യൂറോപ്പിൽ എവിടെയാണ് ഹൈഡ് പാർക്ക്- ലണ്ടൻ
1260. ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറി- മഹാദേവ് ദേശായി
1261. കേരളത്തിൽ ഉപ്പു സത്യാഗ്രഹത്തിന്റെ(1930) പ്രധാന വേദിയായിരുന്നത്- പയ്യന്നൂർ
1262. കേരളത്തിൽ ഏറ്റവും ഉയരത്തിൽ സ്ഥിതിചെയ്യുന്ന പട്ടണം- മൂന്നാർ
1263. കേരള ഗവർണർ പദം വഹിച്ചശേഷം രാഷ്ട്രപതിയായത്- വി.വി.ഗിരി
1264. മഞ്ഞിനെ ശത്രുവായി കണക്കാക്കപ്പെടുന്ന കാർഷിക വിള- കാപ്പി
1265. ഏറ്റവും ഉയർന്ന രക്തസമ്മർദ്ദമുള്ള മൃഗം- ജിറാഫ്
1266. ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച ആദ്യത്തെ ഇന്ത്യൻ ഭാഷ- തമിഴ്
1267. മദ്യം ബാധിക്കുന്ന തലച്ചോറിന്റെ ഭാഗം- സെറിബല്ലം
1268. കേരള ഗവർണറായ ഏക മലയാളി- വി.വിശ്വനാഥൻ
1269. റോമൻ പുരാണത്തിലെ സന്ദേശവാഹകനായ ദേവൻ- മെർക്കുറി
1270. ഏറ്റവും ഉച്ചത്തിൽ ശബ്ദമുണ്ടാക്കാൻ കഴിയുന്ന ജീവി- തിമിംഗിലം
1271. ഐഹോൾ ശാസനവുമായി ബന്ധപ്പെട്ട പണ്ഡിതൻ- രവികീർത്തി
1272. ജ്വാലാമുഖി ഏത് സംസ്ഥാനത്തെ തീർഥാടന കേന്ദ്രമാണ്- ഹിമാചൽ പ്രദേശ്
1273. കേരളത്തിലെ ചെഷയർ ഹോം സ്ഥിതി ചെയ്യുന്നതെവിടെ- തിരുവനന്തപുരം
1274. ഏറ്റവും ഉയരത്തിൽ പറക്കുന്ന പക്ഷി -കഴുകൻ
1275. ലോഹിത് ഏത് നദിയുടെ പോഷകനദിയാണ്- ബ്രഹ്മപുത്ര
1276. ഏതു പക്ഷിയുടെ മുട്ടത്തോടാണ് കലഹാരി മരുഭൂമിയിലെ ബുഷ്മെൻ വിഭാഗക്കാർ ജലംസൂക്ഷിക്കുന്ന ജക്ഷുകളായി ഉപയോഗിക്കുന്നത്-ഒട്ടകപ്പക്ഷി
1277. കൊങ്കൺ റെയിൽവേ ബന്ധപ്പെടുത്തുന്ന സ്ഥലങ്ങൾ- മംഗലാപുരവും മുംബൈ (റോഹ)യും
1278. ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തലസ്ഥാന നഗരമുള്ള രാജ്യം- ബൊളീവിയ
1279. ഫോർമുല വൺ കാറോട്ട മൽസരത്തിൽ മൽസരിക്കാൻ അർഹനായ ആദ്യത്തെ ഇന്ത്യക്കാരൻ- നാരായൺ കാർത്തികേയൻ
1280. തീർഥാടനത്തിന്റെ വർഷങ്ങൾ ആരുടെ ആത്മകഥയാണ്- രാജാരാമണ്ണ
1281. ഏറ്റവും ഉയരത്തിൽവച്ചു നടന്ന ഒളിമ്പിക്സ്- മെക്സിക്കോ സിറ്റി

CONFUSING FACTS

- ഇന്ത്യയുടെ പൂന്തോട്ടനഗരം എന്നറിയപ്പെടുന്നത് ബാംഗ്ലൂർ ആണ്. ഇന്ത്യയുടെ പൂന്തോട്ടം എന്നറിയപ്പെടുന്നത് കശ്മീരാണ്.
- ഒരു ജാതി ഒരുമതം,ഒരു ദൈവം മനുഷ്യന് എന്ന് പറഞ്ഞത് നാരായണഗുരു. ജാതി വേണ്ട. മതം വേണ്ട മനുഷ്യന് എന്നു പറഞ്ഞത് സഹോദരൻ അയ്യപ്പൻ.
- മുത്തുകളുടെ നഗരം എന്നറിയപ്പെടുന്നത് ഇന്ത്യയിലെ ഹൈദരാബാദ്. വളകളുടെ നഗരം എന്നറിയപ്പെടുന്നത് പാകിസ്ഥാനിലെ ഹൈദരാബാദ്.
- വേദസമാജം സ്ഥാപിച്ചത് ശ്രീധരലു നായിഡു. ദേവസമാജത്തിന്റെ സ്ഥാപകൻ ശിവനാരായൺ അഗ്നിഹോത്രി.
- ജനസാന്ദ്രത കൂടിയ ഏറ്റവും കൂടിയ ഭൂഖണ്ഡം ഏഷ്യ. കുറഞ്ഞത് ഓസ്ട്രേലിയ.

1282. ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് പ്രാതിനിധ്യമില്ലെങ്കിൽ രാഷ്ട്രപതിക്ക് എത്ര അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാം-2
1283. ഏതു നദിയുടെ തീരത്താണ് തിരുച്ചിറപ്പള്ളി-കാവേരി
1284. തിരുവിതാംകൂറിൽ ശ്രീമൂലം പ്രജാസഭ (പോപ്പുലർ അസംബ്ളി) പ്രവർത്തനമാരംഭിച്ച വർഷം 1904
1285. കേരള സർവകലാശാലയിൽനിന്ന് സംഗീതത്തിൽ ആദ്യമായി ഡോക്ടറേറ്റ് നേടിയത്- സി.കെ.രേവമ്മ
1286. കേരള സാഹിത്യ അക്കാദമി സ്ഥാപിതമായ വർഷം- 1956
1287. എൽ.പി.ജിയുടെ ചോർച്ച കണ്ടെത്താൻ ചേർക്കുന്ന പദാർഥം- മെർക്കാപ്റ്റൺ
1288. കേരളത്തിൽ വനവിസ്തൃതി ഏറ്റവും കൂടുതലുള്ള ജില്ല- ഇടുക്കി
1289. ഏറ്റവും ഉയരംകൂടിയ സസ്തനി - ജിറാഫ്
1290. കേരള സാഹിത്യ അക്കാദമിയുടെ പ്രഥമ ഉപാധ്യക്ഷൻ വള്ളത്തോൾ നാരായണമേനോൻ
1291. രോഗപ്രതിരോധശേഷി നൽകുന്ന രക്താണു- വെളുത്ത രക്താണു
1292. കേരള പത്രിക ദിനപ്പത്രം ആരംഭിച്ചത്- ചെങ്കുളത്ത് വലിയ കുഞ്ഞിരാമൻ നായർ
1293. വൈരുധ്യങ്ങളുടെ സങ്കലനം എന്നറിയപ്പെട്ട തുഗ്ലക്സുൽത്താൻ - മുഹമ്മദ് ബിൻ തുഗ്ലക്
1294. കേരള പബ്ലിക് സർവീസ് കമ്മിഷന്റെ ആദ്യത്തെ ചെയർമാൻ- വി.കെ.വേലായുധൻ
1295. പോങ് അണക്കെട്ട് ഏതു നദിയിലാണ്- ബിയാസ്
1296. സംസ്ഥാനത്തിന്റെ നിർവഹണാധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് -ഗവർണർ
1297. കേരളത്തിൽ ഏറ്റവും കുറച്ച് കടലോരമുള്ള ജില്ല- കൊല്ലം
1298. ഗാന്ധിമെമ്മോറിയൽ എവിടെയാണ്-കന്യാകുമാരി
1299. കേരളത്തിൽ വരയാടുകൾക്ക് പ്രസിദ്ധമായ ദേശീയോദ്യാനം-ഇരവികുളം
1300. സിക്കിമിലെ പ്രധാനപ്പെട്ട നദി- ടീസ്റ്റ
1301. കേരളത്തിൽ വായനാവാരമായി ആഘോഷിക്കുന്നത്- ജൂൺ 19-25
1302. ഏതു രാജ്യമാണ് ലെസോത്തൊയെ പൂർണമായും ചുറ്റി സ്ഥിതിചെയ്യുന്നത്-ദക്ഷിണാഫ്രിക്ക
1303. കേരളത്തിൽ കാലാവധി (5 വർഷം) തികച്ചു ഭരിച്ച ഏക മാർക്സിസ്റ്റു മുഖ്യമന്ത്രി ഇ.കെ.നായനാർ(1996-2001)
1304. ഏതു വർഷം ഫെബ്രുവരി 28-നാണ് രാമൻ ഇഫക്ട് സി.വി.രാമൻ കണ്ടെത്തിയത്- 1928

കേരളത്തിൽ ഉപതിരഞ്ഞെടുപ്പിലൂടെ സീറ്റു നിലനിർത്തിയ ആദ്യ അംഗം - റോസമ്മാ പുന്നൂസ്

1305. സൂയസ് കനാൽ ആഫ്രിക്കയെ ഏത് വൻകരയിൽനിന്നാണ് വേർപെടുത്തുന്നത്-ഏഷ്യ
1306. ലോക വ്യാപാര സംഘടന മുമ്പ് എതു പേരിലാണ് അറിയപ്പെട്ടിരുന്നത്- ഗാട്ട്
1307. തമിഴിൽ രാമായണം ആദ്യമായി തയ്യാറാക്കിയത്-കമ്പർ
1308. ദേവാനാം പ്രിയദർശി എന്നറിയപ്പെട്ടിരുന്ന മൗര്യ ചക്രവർത്തി- അശോകൻ
1309. പ്രത്യക്ഷരക്ഷാദൈവസഭയുടെ സ്ഥാപകൻ-പൊയ്കയിൽ അപ്പച്ചൻ
1310. കോഴിക്കോട്ട് പ്രീതിഭോജനം സംഘടിപ്പിച്ചത്- വാഗ്ഭടാനന്ദൻ
1311. കുമാരനാശാൻ ഏത് വർഷമാണ് എസ്എൻഡിപി യോഗം പ്രസിഡന്റായത്- 1923
1312. ചാവറയച്ചന്റെ ഭൗതികാവശിഷ്ടം എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത്- മാന്നാനം
1313. ഹോം റൂൾ പ്രസ്ഥാനം ആരംഭിച്ചത്- ആനി ബസന്റ്
1314. ചേർത്തലപ്രദേശത്തിന്റെ പഴയ പേര് -കരപ്പുറം
1315. ഡൽഹിയ്ക്കുമുമ്പ് മുഗൾ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നത്- ആഗ്ര
1316. കേരളത്തിൽ കർഷകദിനമായി ആചരിച്ചുപോരുന്നത്- ചിങ്ങം ഒന്ന്
1317. ഹീമോഫീലിയയുടെ പ്രധാന ലക്ഷണം-രക്തം കട്ട പിടിക്കാതിരിക്കൽ
1318. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രിയായ വ്യക്തി- കെ.എം.മാണി
1319. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അന്തിമമായ ലക്ഷ്യം ഇന്ത്യയുടെ പൂർണസ്വാതന്ത്ര്യമാണെന്ന് സമ്മേളനം പ്രഖ്യാപിച്ച ലാഹോർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് - ജവാഹർലാൽ നെഹ്റു
1320. കേരളത്തിൽ മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി,സ്പീക്കർ,ലോക്സഭാംഗം തുടങ്ങിയ പദവികൾ വഹിച്ച ഏക വ്യക്തി- സി.എച്ച്.മുഹമ്മദ് കോയ
1321. ഹീലിയം, നിയോൺ, ആർഗൺ, ക്രിപ്റ്റോൺ, സിനോൺ, റാഡോൺ എന്നിവയ്ക്ക് പൊതുവായി പറയുന്ന പേര്- അപൂർവ വാതകങ്ങൾ (നോബിൾ വാതകകങ്ങൾ)
1322. ഏതു വിഭാഗത്തിലെ നൊബേൽ സമ്മാനജേതാക്കളെയാണ് ഓസ്‌ലോയിലെ കരോലിനാ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിക്കുന്നത്- വൈദ്യശാസ്ത്രം
1323. ഹാരപ്പ സംസ്കാരം കണ്ടെത്തിയ പുരാവസ്തു ഗവേഷകൻ- ജോൺ മാർഷൽ
1324. റോയിട്ടർ ഏതു രാജ്യത്തെ ന്യൂസ് ഏജൻസിയാണ്- ബ്രിട്ടൺ
1325. സാംബിയയുടെ സ്വാതന്ത്ര്യസമരം നയിച്ചത്- കെനത് കൗണ്ട
1326. റോക്ക് കോട്ടൺ എന്നറിയപ്പെടുന്നത്- ആസ്ബസ്റ്റോസ്
1327. ഹുട്ടി സ്വർണഖനി ഏതു സംസ്ഥാനത്ത്- കർണാടകം
1328. പെയിന്റിന്റെ പ്രാഥമിക നിറങ്ങൾ- നീല, മഞ്ഞ, ചുവപ്പ്
1329. റോമിലെ ചരിത്രപ്രസിദ്ധമായ തീപിടുത്തം ഉണ്ടായ വർഷം- എ.ഡി.64
1330. ഐ.എൻ.എ.യുടെ വനിതാ റെജിമെന്റിനെ നയിച്ചത്- ക്യാപ്റ്റൻ ലക്ഷ്മി
1331. മദ്യദുരന്തത്തിനു കാരണമാകുന്നത്- മീഥൈൽ ആൽക്കഹോൾ
1332. ആധുനിക നാടകത്തിന്റെ പിതാവ്- ഹെൻറിക് ജെ ഇബ്സൻ
1333. ഒളിമ്പിക്സിൽ പങ്കെടുത്ത ആദ്യ ഇന്ത്യൻ വനിത- മേരി ഡിസൂസ
1334. നീലഗിരി പർവത റെയിൽവേ ഊട്ടിയെ ഏതു സ്ഥലവുമായി ബന്ധപ്പെടുത്തുന്നു- മേട്ടുപ്പാളയം
1335. മേക്കിങ് ഓഫ് മഹാത്മ എന്ന സിനിമയുടെ സംവിധായകൻ- ശ്യാം ബെനഗൽ
1336. പത്രപ്രവർത്തനരംഗത്തെ ഓസ്കർ എന്നറിയപ്പെടുന്നത്- പുലിറ്റ്സർ സമ്മാനം
1337. നീളത്തിന്റെ അംഗീകൃത എസ്.ഐ.യൂണിറ്റ്- മീറ്റർ
1338. മനുഷ്യന്റെ വൻകുടലിന്റെ നീളം- 1.4 മീറ്റർ
1339. അവസാനത്തെ പ്രതാപശാലിയായ മുഗൾ ചക്രവർത്തി- ഔറംഗസീബ്
1340. ശ്രീനാരായണഗുരുവിന് ദിവ്യജ്ഞാനം ലഭിച്ചത് എവിടെവച്ച്- മരുത്വാമല
1341. മന്നത്ത് പദ്മനാഭനും ആർ.ശങ്കറും ചേർന്ന് സ്ഥാപിച്ച സംഘടന - ഹിന്ദുമഹാമണ്ഡലം

ചോദ്യങ്ങൾ പലത് ഉത്തരം 5

- ഐക്യരാഷ്ട്ര രക്ഷാസമിതിയിലെ എത്ര അംഗങ്ങൾക്കാണ് വീറ്റോ പവർ (വിലക്കധികാരം) ഉള്ളത്
- എത്രാമത്തെ സിഖ് ഗുരുവായിരുന്നു അർജൻ ദേവ്
- ഗാന്ധിജിയെ എത്ര പ്രാവശ്യം സമാധാന നൊബേലിന് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്
- ഭരണഘടനയുടെ എത്രാമത്തെ പട്ടികയാണ് ഷെഡ്യൂൾഡ് ഏരിയകളുടെ ഭരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്
- ത്രിതല പഞ്ചായത്തംഗങ്ങൾ എത്ര വർഷത്തേക്കാണ് തിരഞ്ഞെടുക്കപ്പെടുന്നത്
- ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറലിന്റെ കാലാവധി എത്ര വർഷം
- ഇന്ത്യൻ നാഷണൽ കോൺഗ്രസ് അധ്യക്ഷപദം വഹിച്ചിട്ടുള്ള എത്രാമത്തെ വനിതയാണ് സോണിയാ ഗാന്ധി
- 1956-ൽ കേരളസംസ്ഥാനം നിലവിൽവന്നപ്പോൾ എത്ര ജില്ലകളാണുണ്ടായിരുന്നത് (തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, മലബാർ)
- ജ്ഞാനപീഠം നേടിയ എത്രാമത്തെ മലയാളിയാണ് ഒ.എൻ.വി.കുറുപ്പ്
- എത്രാമത്തെ പഞ്ചവത്സര പദ്ധതിയാണ് മൊറാർജി ദേശായി സർക്കാർ കാലാവധി തീരുംമുമ്പ് അവസാനിപ്പിച്ചത്
- ഐക്യരാഷ്ട്രസഭ സെക്യൂരിറ്റി കൗൺസിലിലേക്ക് സ്ഥിരമല്ലാത്ത അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി ലോകരാജ്യങ്ങളെ എത്ര മേഖലകളായി തിരിച്ചിരിക്കുന്നു
- നിയമസഭയിൽ അവതരിപ്പിക്കുന്ന ഒരു ബിൽ എത്ര ഘട്ടങ്ങളിലൂടെയാണ് നിയമമാകുന്നത്
- ടെസ്റ്റ് ക്രിക്കറ്റിന്റെ സമയദൈർഘ്യം എത്ര ദിവസമാണ്
- ജൈനമതത്തിന്റെ എത്രാമത്തെ ധർമമാണ് മഹാവീരൻ കൂട്ടിച്ചേർത്ത ബ്രഹ്മചര്യം
- സൗരയൂഥത്തിലെ ഉപഗ്രഹങ്ങളിൽ വലുപ്പത്തിൽ ചന്ദ്രന്റെ സ്ഥാനം

1342. എവിടെനിന്നാണ് യാചനായാത്ര ആരംഭിച്ചത്- തൃശ്ശൂർ
1343. മുസ്ലിം എന്ന പ്രസിദ്ധീകരണം വക്കം മൗലവി ആരംഭിച്ച വർഷം- 1906
1344. അയ്യാ വൈകുണ്ഠർ ജനിച്ച സ്ഥലം- സ്വാമിത്തോപ്പ്
1345. ബുദ്ധമതത്തിലെ ത്രിപിടകങ്ങൾ ഏതെല്ലാം- വിനയപിടകം, സൂത്രപിടകം,അഭിധർമപിടകം
1346. നളന്ദ സർവകലാശാല തകർത്തത്- ബക്തിയാർ ഖൽജി
1347. നാഷണൽ സെക്യൂരിറ്റി ഗാർഡിന്റെ അപരനാമം- കരിമ്പൂച്ചകൾ
1348. തമിഴ്‌നാടുമായും കർണാടകവുമായും അതിർത്തി പങ്കിടുന്ന കേരളത്തിലെ ഏക താലൂക്ക്- സുൽത്താൻ ബത്തേരി
1349. നീലസ്വർണം എന്നറിയപ്പെടുന്നത്- ജലം
1350. ഷഡ്ദർശനങ്ങൾ ഏവ- ന്യായ, വൈശേഷിക,സംഖ്യ,യോഗ,പൂർവമീമാംസ,ഉത്തരമീമാംസ
1351. നഖം ഉള്ളിലേക്ക് വലിക്കാത്തതും മാർജാരവർഗത്തിൽപ്പെട്ടതുമായ ഏകജീവി- ചീറ്റ
1352. നാച്ചുറൽ ഹിസ്റ്ററി രചിച്ചത്- പ്ലിനി
1353. പുലിറ്റ്സർ സമ്മാനം നേടിയ ഏക അമേരിക്കൻ പ്രസിഡന്റ്- ജോൺ എഫ്. കെന്നഡി
1354. പഴശ്ശി രാജാവും ശക്തൻ തമ്പുരാനും അന്തരിച്ച വർഷം- 1805
1355. ഭാരതരത്നം നേടിയ പ്രശസ്ത ഇൻഡോളജിസ്റ്റ്- പി.വി.കാനെ
1356. നാട്ടുരാജാക്കൻമാർക്ക് പ്രിവി പഴ്സസ് എന്ന പേരിൽ നൽകിയിരുന്ന ആനുകൂല്യങ്ങൾ ഭരണഘടനയുടെ 26-ാംഭേദഗതിയിലൂടെ നിർത്തലാക്കിയ പ്രധാനമന്ത്രി- ഇന്ദിരാഗാന്ധി
1357. നാമക്കൽ ഏത് വ്യവസായത്തിനു പ്രസിദ്ധം- പൗൾട്രി
1358. താന്തിയാ തോപ്പിയെ തൂക്കിലേറ്റിയ വർഷം -1859
1359. സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലിയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഇന്ത്യക്കാരൻ- വിത്തൽഭായി ജെ പട്ടേൽ

1360. ഭോപ്പാൽ ദുരന്തത്തിനു കാരണമായ കമ്പനി- യൂണിയൻ കാർബൈഡ്
1361. പഴശ്ശി കലാപം നേരിടുന്നതിനായി നിയോഗിക്കപ്പെട്ട ബ്രിട്ടീഷ് സൈനിക മേധാവി- കേണൽ വെല്ലസ്ലി
1362. വേരിസെല്ലാ വൈറസ് ഉണ്ടാക്കുന്ന പ്രധാന രോഗം- ചിക്കൻപോക്സ്
1363. പഴവർഗങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നത്- മാമ്പഴം
1364. നാഷണൽ ഡിഫൻസ് കോളേജ് എവിടെയാണ്-ന്യൂഡൽഹി
1365. ബോധഗയ ഏതു നദിയുടെ തീരത്താണ്- ഫൽഗു (നിരഞ്ജന)
1366. നോക്രെക് ദേശീയോദ്യാനം ഏതു സംസ്ഥാനത്താണ്- മേഘാലയ
1367. സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലിയിൽ ആദ്യത്തെ ഡെപ്യൂട്ടി സ്പീക്കറായിരുന്ന വ്യക്തി - സച്ചിദാനന്ദ സിൻഹ (1921 ഫെബ്രുവരി മൂന്നിന് തിരഞ്ഞെടുക്കപ്പെട്ടു)
1368. ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്- ആഡംസ്മിത്ത്
2673. യാത്രികർക്ക് പ്രിയപ്പെട്ട രാജ്യം എന്നറിയപ്പെടുന്നത്- ഫ്രാൻസ്
2674. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗത്വമെടുത്ത ആദ്യത്തെ തിരുവിതാംകൂറുകാരൻ- ജി.പി.പിള്ള
2675. ഇന്ത്യയിലെ പ്രധാന വജ്ര ഖനി- പന്ന
2676. ദിവസത്തിൽ നാലുതവണ വേലിയേറ്റം സംഭവിക്കുന്ന ലോകത്തിലെ ഏക സ്ഥലം- ഇംഗ്ലണ്ടിലെ സതാംപ്ടൺ
2677. ദിഗ്ബോയ് എന്തിനാണു പ്രസിദ്ധം- എണ്ണപ്പാടം
2678. ഇന്ത്യ തദ്ദേശീയമായി നിർമിച്ച ആദ്യ ഉപഗ്രഹം- ഇൻസാറ്റ് 2എ
2679. ക്രിസ്ത്യൻ മെഡിക്കൽ കോളേജ് എവിടെയാണ് -വെല്ലൂർ
2680. ശ്രീ ശങ്കരാചാര്യർ ഊന്നൽ നൽകിയ മാർഗം- ജ്ഞാനമാർഗം
2681. ഭക്ഷണമായി ഉപയോഗിക്കുന്ന ഒരു ആസിഡ്- അസെറ്റിക് ആസിഡ്
2682. ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറ അധ്യക്ഷപദം അലങ്കരിച്ച മലയാളി- സി ശങ്കരൻനായർ
2683. ശ്രീനാരായണഗുരു അരുവിപ്പുറം ശിവപ്രതിഷ്ഠ നടത്തിയ വർഷം - 1888
2684. ഏത് സംഘടനയാണ് ഉണ്ണി നമ്പൂതിരി എന്ന പ്രസിദ്ധീകരണം പുറത്തിറക്കിയത്-യോഗക്ഷേമസഭ
2685. നായർ സർവീസ് സൊസൈറ്റിയുടെ ആദ്യ സെക്രട്ടറി- മന്നത്ത് പദ്മനാഭൻ
2686. 1910-ൽ തിരുവിതാംകൂർ സർക്കാർ കണ്ടുകെട്ടിയ പ്രസ് വക്കം മൗലവിയുടെ അനന്തരാവകാശികൾക്ക് തിരിച്ചുകൊടുക്കാൻ തീരുമാനിച്ച കേരള മുഖ്യമന്ത്രി- ഇ.എം.എസ്.

2687. ക്ഷയരോഗത്തിനു കാരണമായ രോഗാണു- ബാക്ടീരിയ
2688. ബംഗ്ലാദേശിന്റെ സ്ഥാപകൻ- മുജീബ് റഹ്മാൻ
2689. ക്ഷാരപദാർഥങ്ങൾ ലിറ്റ്മസിന്റെ നിറം ചുവപ്പിൽനിന്നും ---- ആക്കുന്നു- നീല
2690. ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ സുവർണജൂബിലി ആഘോഷിച്ചപ്പോൾ പ്രസിഡന്റ് - കെ.ആർ.നാരായണൻ
2691. 1929-ൽ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ബോംബ് പൊട്ടിക്കാൻ നേതൃത്വം നൽകിയത് - ഭഗത് സിങ്
2692. ശ്രീലങ്ക ഏത് സമുദ്രത്തിലാണ് - ഇന്ത്യൻമഹാസമുദ്രം

ഇന്ത്യൻ പ്രധാനമന്ത്രിയായ ശേഷം പ്രതിപക്ഷ നേതാവായ ആദ്യ വ്യക്തി- രാജീവ് ഗാന്ധി

2693. ക്ഷീരപഥകേന്ദ്രത്തെ ഒരു പ്രാവശ്യം വലംവയ്ക്കാൻ സൂര്യനെടുക്കുന്ന സമയം അറിയപ്പെടുന്ന പേര്- കോസ്മിക് ഇയർ
2694. ക്ഷീരോൽപന്നങ്ങൾക്കു പ്രസിദ്ധമായ ആനന്ദ് ഏതു സംസ്ഥാനത്ത്- ഗുജറാത്ത്
2695. 1936ൽ ഓൾ ഇന്ത്യ റേഡിയോ എന്ന പേരുസ്വീകരിച്ച സ്ഥാപനം ആകാശവാണിയായ വർഷം- 1957
2696. ഭക്ഷണത്തിലടങ്ങിയിരിക്കുന്ന ജലാംശം ആഗിരണം ചെയ്യുന്ന ദഹനേന്ദ്രിയ വ്യവസ്ഥയുടെ ഭാഗം- വൻകുടൽ
2697. പ്രപഞ്ചത്തിന്റെ വികാസത്തിനു തെളിവു നൽകിയതാര്- എഡ്വിൻ ഹബിൾ
2698. ബംഗ്ലാദേശിന്റെ ദേശീയ കായിക വിനോദം- കബഡി
2699. ശ്രീലങ്കയുടെ പഴയ പേര്- സിലോൺ
2700. തിരഞ്ഞെടുപ്പിലൂടെ മന്ത്രിപദത്തിലെത്തിയ ആദ്യ മലയാളി- കോങ്ങാട്ടിൽ രാമൻ മേനോൻ(മദ്രാസ് സംസ്ഥാനം)
2701. ഗ്രീക്ക് റോമൻ നാവികനായ ഹിപ്പാലസ് കൊടുങ്ങല്ലൂരിൽ വന്ന വർഷം- എ.ഡി.45
2702. തരിസാപ്പള്ളി ശാസനം പുറപ്പെടുവിച്ചത്- അയ്യനടികൾ തിരുവടികൾ
2703. തരംഗദൈർഘ്യം കൂടുതലുള്ള നിറം- ചുവപ്പ്
2704. കേരള നിയമസഭയിൽ വിശ്വാസ പ്രമേയം അവതരിപ്പിച്ച ഏക മുഖ്യമന്ത്രി- സി.അച്യുതമേനോൻ
2705. കരീബിയൻ ദ്വീപരാഷ്ട്രങ്ങളിൽ ജനസംഖ്യയിൽ മുന്നിലുള്ളത് -ക്യൂബ
2706. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനം- തിരുവനന്തപുരം
2707. തലമുടിക്കു നിറം നൽകുന്നത്- മെലാനിൻ
2708. ആത്മകഥയെഴുതിയ മുഗൾ ചക്രവർത്തിമാർ- ബാബറും ജഹാംഗീറും
2709. മുഗൾ സാമ്രാജ്യത്തിന്റെ തകർച്ചയോടെ ഉയർന്നുവന്ന പ്രവിശ്യകളിൽ ഏറ്റവും പ്രബലശക്തി- മറാഠികൾ
2710. മലയാളത്തിലെ ആദ്യത്തെ സ്പോൺസേർഡ് ചലച്ചിത്രം- മകൾക്ക്
2711. കേരളത്തിലെ ചിറാപൂഞ്ചിയെന്നറിയപ്പെടുന്നത്- ലക്കിടി
2712. ദിഹാങ് എന്ന പേരിൽ അറിയപ്പെടുന്ന നദി- ബ്രഹ്മപുത്ര
2713. ലിയാണ്ടർ പയസ് ഒളിമ്പിക്സിൽ ടെന്നീസിൽ വെങ്കലം നേടിയ വർഷം- 1996
2714. എ.പി.ജെ.അബ്ദുൾ കലാം ഏതു സംസ്ഥാനക്കാരനാണ്- തമിഴ്നാട്
2715. 1936 മുതൽ എത്യോപ്യയുടെ ഭാഗമായിരുന്ന ഈ രാജ്യം 1993ൽ സ്വതന്ത്രമായി. പേര് -എറിത്രിയ
2716. ദീനബന്ധു എന്ന അപരനാമത്തിലറിയപ്പെട്ടത്- സി.എഫ്.ആൻഡ്രൂസ്
2717. 1946- ലെ നാവിക കലാപം ഏത് തുറമുഖത്താണ് ആരംഭിച്ചത്- മുംബൈ
2718. അരിയാലൂർ തീവണ്ടിയപകട(1956)ത്തിന്റെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് മന്ത്രിസ്ഥാനം രാജിവച്ചത്- ലാൽ ബഹാദൂർ ശാസ്ത്രി
2719. 1744 ൽ കൊച്ചിയിലെ ബോൾഗാട്ടി കൊട്ടാരം നിർമിച്ചത്- ഡച്ചുകാർ
2720. എന്തിന്റെ വകഭേദമാണ് ചാർക്കോൾ - കാർബൺ

ചോദ്യങ്ങൾ പലത് ഉത്തരം 12

- 1946 സെപ്തംബർ രണ്ടിന് അധികാരമേറ്റ ഇടക്കാല മന്ത്രിസഭയിൽ ഉപാധ്യക്ഷനായ ജവാഹർലാൽ നെഹ്റു ഉൾപ്പെടെ മന്ത്രിമാരുടെ എണ്ണം
- ആധാർ നമ്പറിന് എത്രയക്കങ്ങളാണുള്ളത്
- ജൈനമതഗ്രന്ഥങ്ങളായ അംഗങ്ങൾ എത്രയെണ്ണമുണ്ട്
- കംപ്യൂട്ടറിലെ ഫങ്ഷൻ കീകളുടെ എണ്ണം
- ആംസ്റ്റർഡാമിൽനിന്ന് ഹോർത്തൂസ് മലബാറിക്കസ് എത്ര വോള്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചത്
- ഏറ്റവും കാലാവധി കുറഞ്ഞ ലോക്സഭ (413 ദിവസം) എത്രാമത്തേതാണ്
- ഇന്ത്യയിലെ എത്രാമത്തെ മേജർ തുറമുഖമാണ് എണ്ണൂർ
- ഔരസക കശേരുക്കളുടെ എണ്ണം
- ഇന്ത്യൻ പാർലമെന്റ് സമുച്ചയത്തിന് എത്ര കവാടങ്ങളുണ്ട്
- ഗോവ, ദാമൻ, ദിയു എന്നിവ കേന്ദ്ര ഭരണ പ്രദേശമായത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ്
- ലോക്സഭയിൽ സീറോ അവർ ആരംഭിക്കുന്നത് എത്ര മണിക്കാണ്
- സാധാരണമായി ഒരു ബോക്സിംഗ് മത്സരത്തിന്റെ ദൈർഘ്യം എത്ര റൗണ്ടാണ്
- ഇന്ത്യയിൽ എത്ര ജ്യോതിർലിംഗങ്ങളുണ്ട്
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം പ്രസിഡന്റ് പദവി വഹിച്ചത് ഡോ. രാജേന്ദ്രപ്രസാദാണ്. ഏകദേശം എത്ര കാലമാണ് അദ്ദേഹം ആ പദവി വഹിച്ചത്
- 2012-2017 കാലയളിവിൽ ഇന്ത്യയിൽ നടപ്പാലാക്കുന്നത് എത്രാമത്തെ പഞ്ചവത്സര പദ്ധതിയാണ്
- ഓടിൽ (ബ്രോൺസ്) എത്ര ശതമാനമാണ് ടിൻ

2721. 1955നു മുമ്പ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പേര്- ഇംപീരിയൽ ബാങ്ക്
2722. ഒന്നാം താനേശ്വർ യുദ്ധത്തിൽ(1191) വിജയിച്ചത്- പൃഥ്വിരാജ് ചൗഹാൻ
2723. വരയാടുകളുടെ സംരക്ഷണത്തിന് ഏർപ്പെടുത്തിയ ദേശീയോദ്യാനം- ഇരവികുളം
2724. ഒരു നോട്ടിക്കൽ മൈൽ എത്ര മീറ്ററിനു തുല്യമാണ്- 1852
2725. ഓസ്കറിനു ബദലായി കണക്കാക്കപ്പെടുന്ന അവാർഡ്- ഇൻഡിപെൻഡന്റ് സ്പിരിറ്റ്
2726. വിറ്റാമിൻ ബി-12ന്റെ ശാസ്ത്രനാമം- സയനോകോബാലാമിൻ
2727. വ്യാവസായിക വിപ്ലവം ആരംഭിച്ച രാജ്യം- ഇംഗ്ലണ്ട്
2728. കയ്യൂർ സമരം നടന്ന ജില്ല- കാസർകോട്
2729. ശക്തിയേറിയ ബ്രേക്കുള്ളതും എൻജിൻ ഇല്ലാത്തതുമായ യന്ത്രം എന്ന് എന്തിനെക്കുറിച്ചാണ് ജവാഹർലാൽ നെഹ്റു പറഞ്ഞത്- 1935 ലെ ഗവ.ഓഫ് ഇന്ത്യാ ആക്ട്
2730. സ്തെതസ്കോപ്പ് കണ്ടുപിടിച്ചത്- റെനെ ലൈനെക്
2731. സംഘകാലത്തെ ഏറ്റവും പ്രധാനപ്പെട്ട തമിഴ് വ്യാകരണഗ്രന്ഥം - തോൽക്കാപ്പിയം
2732. ഇന്ദിരാഗാന്ധി നാഷണൽ ഫോറസ്റ്റ് അക്കാദമി എവിടെയാണ്- ഡെറാഡൂൺ
2733. ഇടമലയാർ പദ്ധതി ഏതു ജില്ലയിൽ- എറണാകുളം
2734. ഇന്ദിരാഗാന്ധി ബാങ്കുകൾ ആദ്യമായി ദേശസാത്കരിച്ച വർഷം- 1969
2735. ജഹാംഗീറിന്റെ ആദ്യകാലനാമം- സലിം
2736. ഹിറ്റ്ലറുടെ ആത്മകഥ- മെയ്ൻ കാംഫ്
2737. ചാൾസ് ഡിക്കൻസിന്റെ എ ടെയ്ൽ ഓഫ് ടു സിറ്റീസ് എന്ന നോവലിന്റെ പശ്ചാത്തലം- ഫ്രഞ്ചു വിപ്ലവം
2738. ഇടിമിന്നലിന്റെ നാട് എന്നറിയപ്പെടുന്ന രാജ്യം- ഭൂട്ടാൻ
2739. ചിലിയും ഇക്വഡോറും ഒഴികെയുള്ള എല്ലാ തെക്കേ അമേരിക്കൻ രാജ്യങ്ങളുമായും അതിർത്തി പങ്കിടുന്ന രാജ്യം-ബ്രസീൽ
2740. ജനാധിപത്യത്തിന്റെ കാവൽനായ എന്നു വിശേഷിപ്പിക്കുന്നതാരെ- പത്രങ്ങളെ

2741. ഗാന്ധിജി ദണ്ഡി യാത്ര ആരംഭിച്ച സ്ഥലം- അഹമ്മദാബാദ്
2742. ലോകത്തിലെ ഏറ്റവും വലിയ ദേശീയോദ്യാനം- നോർത്ത് ഈസ്റ്റ് ഗ്രീൻലാൻഡ് നാഷണൽ പാർക്ക്
2743. ഇന്ത്യൻസംസ്ഥാനങ്ങളിൽ ഏറ്റവും ജനസാന്ദ്രത കൂടിയത്- ബീഹാർ
2744. ജമ്മു കാശ്മീരിലെ ഔദ്യോഗിക ഭാഷ- ഉർദു
2745. നെടുമ്പാശ്ശേരി വിമാനത്താവളം ഏതു ജില്ലയിൽ- എറണാകുളം
2746. നെഫ്രോൺ ഏത് ശരീരഭാഗത്താണ്- വൃക്കയിൽ
2747. 1785ൽ ഭഗവത്ഗീത ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതാർ- ചാൾസ് വിൽക്കിൻസ്
2748. മനുഷ്യശരീരത്തിൽ രക്തം കട്ട പിടിക്കുന്നതിനാവശ്യമായ വസ്തു നിർമിക്കപ്പെടുന്നത് എവിടെയാണ്- കരൾ
2749. പെഷമാരുടെ ഭരണകേന്ദ്രം- പൂന
2750. ദീപവംശം ഏതു ഭാഷയിലെ കൃതിയാണ്- പാലി
2751. 180 ഡിഗ്രി രേഖാംശം അറിയപ്പെടുന്ന പേര്- അന്താരാഷ്ട്ര ദിനരേഖ
2752. തിരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രത്തലവനുള്ള രാജ്യം എന്തു പേരിൽ അറിയപ്പെടുന്നു - റിപ്പബ്ലിക്
2753. ഇന്ത്യയിലെ പരമോന്നത നീതിപീഠം- സുപ്രീംകോടതി
2754. 1946 മുതൽ ഭൂമിപാൽ അതുല്യ തേജ് രാജാവ് ഭരിക്കുന്ന ഏഷ്യൻ രാജ്യം -തായ്‌ലൻഡ്
2755. അൺടച്ചബിലിറ്റി ഒഫൻസസ് ആക്ട് പാർലമെന്റ് പാസാക്കിയ വർഷം- 1955
2756. ഗോവയിലെ വിമാനത്താവളം- ധബോളിം
2757. മണ്ണിരയുടെ ശ്വസനാവയവം- ത്വക്ക്
2758. അന്നജ നിർമാണത്തിൽ ഏറ്റവും കൂടുതൽ പങ്കെടുക്കുന്ന ഘടക വർണങ്ങൾ- ചുവപ്പും പച്ചയും
2759. ദീപിക മാന്നാനത്തുനിന്നു (കോട്ടയം) പ്രസിദ്ധീകരണമാരംഭിച്ചത് ഏത് വർഷത്തിൽ- എ.ഡി. 1887
2760. അമ്പലപ്പുഴയുടെ പഴയപേര് - ചെമ്പകശ്ശേരി
2761. മരണാനന്തര ബഹുമതിയായി ഭാരതരത്നം നേടിയ ആദ്യ വനിത- അരുണ ആസഫ് അലി
2762. രക്തം കട്ടപിടിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഘടകം- പ്ലേറ്റ്‌ലെറ്റുകൾ
2763. ഇന്ത്യയിലെ പ്രഥമ പൗരൻ എന്നു വിശേഷിപ്പിക്കപ്പെടുന്നത്- ഇന്ത്യൻ പ്രസിഡന്റ്
2764. തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി- ഇന്ദിരാ ഗാന്ധി
2765. ആദ്യമായി റോബട്ട് എന്ന പദം ഉപയോഗിച്ചത്- കാൾ ചെപ്പക്
2766. 1938 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സംഘടിപ്പിച്ച നാഷണൽ പ്ലാനിങ് കമ്മിറ്റിയുടെ അധ്യക്ഷനായി ആരെയാണ് ചുമതലപ്പെടുത്തിയത്- ജവാഹർലാൽ നെഹ്റു
2767. ആദ്യമായി ഡൽഹി പിടിച്ചടക്കിയ വിദേശ ആക്രമണകാരി- മുഹമ്മദ് ഗോറി
2768. ഇന്ത്യക്കാരനല്ലാത്ത ആദ്യത്തെ കോൺഗ്രസ് പ്രസിഡന്റ്- ജോർജ് യൂൾ
2769. ആദ്യത്തെ ഗുപ്തൻ നായർ അവാർഡ് നേടിയത്- എം.ലീലാവതി
2770. മാൻഹട്ടൻ പദ്ധതിയ്ക്ക് നേതൃത്വം നൽകിയത്- ഓപ്പൻഹൈമർ
2771. അമേരിക്കൻ സാഹിത്യത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്- വാഷിങ്ടൺ ഇർവിങ്
2772. മരണാനന്തരബഹുമതിയായി ആദ്യമായി ഓസ്കർ അവാർഡിനർഹനായത്- സിഡ്നി ഹോവാർഡ് (1939)
2773. ഇന്ത്യയിലെ കടുവാ സംസ്ഥാനം എന്നറിയപ്പെടുന്നത്- മധ്യപ്രദേശ്
2774. ഇന്ത്യൻ ക്രിക്കറ്റ് അക്കാദമി എവിടെയാണ് -ബാംഗ്ലൂർ
2775. 1922-ൽ റോയൽ ഇന്ത്യൻ മിലിട്ടറി കോളേജ് (ഇപ്പോൾ രാഷ്ട്രീയ ഇന്ത്യൻ മിലിട്ടറി കോളേജ്) എവിടെയാണ് സ്ഥാപിച്ചത്-ഡെറാഡൂൺ
2776. ഇന്ത്യൻ മിലിട്ടറി അക്കാദമി മ്യൂസിയം എവിടെയാണ-ഡെറാഡൂൺ
2777. രാജകീയ രോഗം (റോയൽ ഡിസീസ്) എന്നറിയപ്പെടുന്നത്- ഹീമോഫീലിയ
2778. രഞ്ജിത് സിങിന്റെ തലസ്ഥാനം- ലാഹോർ
2779. ഏറ്റവും വിരളമായ രക്തഗ്രൂപ്പ്- എ ബി ഗ്രൂപ്പ്
2780. ഏതു മതവിഭാഗത്തിന്റെ ആചാരമാണ് യോം കിപ്പൂർ- യഹൂദ

ചോദ്യം; ഉത്തരം

അരയാലും പേരാലും

■ ഇന്ത്യയുടെ ദേശീയ വൃക്ഷം അരയാലാണോ പേരാലാണോ?

= ഇന്ത്യയുടെ ദേശീയ വൃക്ഷം ഫൈക്കസ് ബംഗാളൻസിസ് എന്ന സസ്യശാസ്ത്രനാമമുള്ള പേരാലാണ്. ഇത് Banyan Tree എന്നും അറിയപ്പെടുന്നു. ഫൈക്കസ് റിലിജിയോസ എന്നാണ് അരയാലിന്റെ സസ്യശാസ്ത്രനാമം. Pipal, Bodhi എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. ബുദ്ധന് ദിവ്യജ്ഞാനം സിദ്ധിച്ചത് അരയാൽച്ചുവട്ടിൽ വച്ചാണ്. ലഭ്യമായ രേഖകൾ പ്രകാരം ലോകത്തിലെ ഏറ്റവും പഴക്കമുള്ള അരയാൽ ശ്രീലങ്കയിലെ അനുരാധപുരയിലാണുള്ളത്. ബി.സി. 288-ൽ തിസ എന്ന രാജാവാണ് അത് നട്ടത്.

ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ് സ്ഥാപിച്ചത്- കാർട്ടൂണിസ്റ്റ് ശങ്കർ

2781. ദാദാസാഹേബ് ഫാൽക്കേ അവാർഡിനർഹനായ ആദ്യ മലയാളി- അടൂർ ഗോപാലകൃഷ്ണൻ
2782. കോൺഗ്രസിന്റെ പ്രഥമ സമ്മേളനത്തിൽ ആദ്യമായി പ്രസംഗിച്ചത്- എ.ഒ. ഹ്യൂം
2783. ഇന്ത്യയിൽ ആദ്യമായി എ.ടി.എം. സംവിധാനം നിലവിൽ വന്ന നഗരം- മുംബൈ
2784. ഏറ്റവും കൂടുതൽ പ്രാവശ്യം സിനിമയാക്കിയ ഇന്ത്യൻ നോവൽ - ദേവദാസ്
2785. മുഗൾ ചക്രവർത്തിമാരിൽ ആദ്യമായി വൻതോതിൽ മന്ദിരനിർമാണം നടത്തിയത്- അക്ബർ
2786. രണ്ട് സയൻസ് വിഷയങ്ങളിൽ നൊബേൽ സമ്മാനം നേടിയ ഏക വ്യക്തി- മാഡം ക്യൂറി
2787. അന്താരാഷ്ട്ര സ്പോർട്സ് മത്സരങ്ങളിൽ ഏതെങ്കിലും ഒരിനത്തിന് വ്യക്തിഗത ചാമ്പ്യനായ ആദ്യ ഇന്ത്യാക്കാരൻ - വിൽസൺ ജോൺസ്
2788. ബെർട്രാൻഡ് റസലിന് സാഹിത്യ നൊബേൽ ലഭിച്ച വർഷം- 1950
2789. മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം-ഓക്സിജൻ
2790. സമാധാന നൊബേൽ നേടിയ രണ്ടാമത്തെ സംഘടന- പെർമനന്റ് ഇന്റർനാഷണൽ പീസ് ബ്യൂറോ (1910)
2791. മനുഷ്യശരീരത്തിൽ ഒരു ദിവസം ഉൽപാദിപ്പിക്കപ്പെടുന്ന മൂത്രത്തിന്റെ അളവ്- 1.5 ലിറ്റർ മുതൽ 1.8 ലിറ്റർ വരെ
2792. അന്താരാഷ്ട്ര സിവിൽ വ്യോമയാന സംഘടനയുടെ ആസ്ഥാനം- മോൺട്രിയൽ
2793. മഗ്സസേ അവാർഡ് ജേതാക്കൾക്ക് സമർപ്പിക്കുന്ന തീയതി- ആഗസ്ത് 31
2794. പെരുമാൾ തിരുമൊഴി എഴുതിയത്- കുലശേഖര ആഴ്‌വാർ
2795. 1927ൽ ബ്രസ്സൽസിൽ നടന്ന മർദ്ദിത ജനതകളുടെ ലോകസമ്മേളനത്തിൽ കോൺഗ്രസ് പ്രതിനിധിയായി പങ്കെടുത്തത്- ജവാഹർലാൽ നെഹ്റു
2796. കേരള നിയമസഭയുടെ സ്പീക്കറായ ആദ്യത്തെ പി.എസ്.പി.നേതാവ്- ഡി.ദാമോദരൻ പോറ്റി
2797. കരയിലെ ജീവികളിൽ ഏറ്റവും വലിയ വായ് ഉള്ളത്- ഹിപ്പോപൊട്ടാമസ്
2798. കേരള നിയമസഭയിലേക്ക് ഏറ്റവും കൂടുതൽ പ്രാവശ്യം മത്സരിച്ച വനിത -കെ.ആർ.ഗൗരിയമ്മ
2799. ശരാശരി ഉയരം ഏറ്റവും കൂടുതലുള്ള വൻകര-അന്റാർട്ടിക്ക
2800. ഏറ്റവും സാധാരണമായ കരൾ രോഗം- മഞ്ഞപ്പിത്തം
2801. കരളിൽ സംഭരിച്ചിരിക്കാവുന്ന വിറ്റാമിൻ- വിറ്റാമിൻ എ
2802. ഏഷ്യാറ്റിക് ഗെയിംസിന് ഏഷ്യൻ ഗെയിംസ് എന്ന പേരു നൽകിയത്- ജവാഹർലാൽ നെഹ്റു
2803. നെൽസൺ മണ്ടേല ഭാരത രത്ന ബഹുമതിക്ക് അർഹനായ വർഷം- 1990

2804. ഇന്ത്യയിൽ 1946 സെപ്തംബർ രണ്ടിനു രൂപവത്കരിക്കപ്പെട്ട ഇടക്കാല മന്ത്രിസഭയുടെ ഉപാധ്യക്ഷ പദവി വഹിച്ചത്- ജവാഹർലാൽ നെഹ്റു
2805. ഇന്ത്യൻ നാവിക സേനയുടെ ആസ്ഥാനം- ന്യൂഡൽഹി
2806. പ്രയുക്ത ജന്തുശാസ്ത്രത്തിന്റെ (അപ്ലൈഡ് സുവോളജി) പിതാവ്- കോൺറാഡ് ജസ്നർ
2807. ആദ്യത്തെ സാഫ് ഗെയിംസ് വേദി- കാഠ്മണ്ഡു
2808. ഫ്രെഷ്ഫുഡ് വിറ്റാമിൻ എന്നറിയപ്പെടുന്നത്- വിറ്റാമിൻ സി
2809. അമേരിക്കൻ സ്വാതന്ത്ര്യസമരത്തെ സ്വാധീനിച്ച അങ്കിൾ ടോംസ് ക്യാബിൻ രചിച്ചത്- ഹാരിയറ്റ് ബീച്ചർ സ്റ്റോവ്
2810. മലയാളത്തിലെ ആദ്യത്തെ ജനകീയ കവി എന്നറിയപ്പെടുന്നത് - കുഞ്ചൻ നമ്പ്യാർ
2811. ഇന്ത്യക്കാരനായ ആദ്യ ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ- വിജയ് ഹസാരെ
2812. അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം സ്ഥാപിച്ചതാര്- എം.ജി. രാമചന്ദ്രൻ
2813. മലയാളത്തിലെ ആദ്യത്തെ മെഗാഹിറ്റ് സിനിമ- ജീവിതനൗക
2814. മാമ്പഴങ്ങളിൽ രാജാവ് എന്നറിയപ്പെടുന്ന ഇനം- അൽഫോൻസോ
2815. അണ്ണാ എന്നറിയപ്പെട്ടത്- സി.എൻ.അണ്ണാദുരൈ
2816. മാഗ്ന കാർട്ട ഒപ്പുവെച്ച സ്ഥലം- റണ്ണിമീഡ്
2817. മാഗ്ന കാർട്ടയിൽ ഒപ്പുവെച്ച രാജാവ്- ജോൺ രാജാവ്
2818. ബ്യൂഫോർട്ട് സ്കെയിൽ എന്തളക്കാനാണ് ഉപയോഗിക്കുന്നത്- കാറ്റിന്റെ വേഗം
2819. മുഗൾ മേൽക്കോയ്മ അംഗീകരിച്ച ആദ്യത്തെ രജപുത്ര രാജ്യം- ആംബർ
2820. മലയാളത്തിലെ ആദ്യത്തെ ശബ്ദസിനിമ- ബാലൻ
2821. അമേരിക്കൻ ആഭ്യന്തരയുദ്ധത്തിൽ വടക്കൻ സംസ്ഥാനങ്ങളെ നയിച്ചത്- എബ്രഹാം ലിങ്കൺ
2822. ബദൽ നൊബേൽ സമ്മാനം എന്നറിയപ്പെടുന്നത്- റൈറ്റ് ലൈവ്‌ലിഹുഡ് അവാർഡ്
2823. ആദ്യത്തെ സരസ്വതി സമ്മാനം ലഭിച്ചതാർക്ക്- ഹരിവംശ്റായി ബച്ചൻ
2824. യാക്കിനെ കാണുന്നത് ഏത് വൻകരയിൽ- ഏഷ്യ
2825. മുഗൾ ശില്പവിദ്യയിൽ നിർമിച്ച ഏറ്റവും ഉൽകൃഷ്ടമായ മന്ദിരം- താജ്മഹൽ
2826. യാചകരുടെ രാജകുമാരൻ എന്നറിയപ്പെട്ടത്- മദൻ മോഹൻ മാളവ്യ
2827. യങ് ഇറ്റലി പ്രസ്ഥാനത്തെ നയിച്ചവർ- ഗാരിബാൾഡിയും മസ്സീനിയും
2828. അഞ്ചുതെങ്ങിൽ കോട്ട നിർമിക്കാൻ ആറ്റിങ്ങൽ റാണി ഇംഗ്ലീഷുകാരെ അനുവദിച്ചത് ഏത് വർഷത്തിൽ- എ.ഡി.1684
2829. മനുഷ്യനേത്രത്തിൽ നിറങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്ന കോശങ്ങൾക്കു പറയുന്ന പേര്- കോൺ കോശങ്ങൾ
2830. മനുഷ്യനേത്രത്തിൽ പ്രതിബിംബം ഉണ്ടാകുന്ന സ്ഥലം- റെറ്റിന
2831. 1492ൽ അമേരിക്കയിലെത്തിയ ആദ്യ യൂറോപ്യൻ നാവികൻ- ക്രിസ്റ്റഫർ കൊളംബസ്
2832. യാമിനി കൃഷ്ണമൂർത്തി, രുക്മിണീദേവി എന്നീവർ ഏത് നൃത്തരംഗത്താണ് പ്രവർത്തിച്ചത്- ഭരതനാട്യം
2833. 1510-ൽ ബീജാപ്പൂർ സുൽത്താനിൽനിന്ന് ഗോവ പിടിച്ചടക്കാൻ അൽബുക്കർക്കിനെ സഹായിച്ച പ്രാദേശിക നേതാവ്- തിമ്മയ്യ
2834. യു എൻ സെക്രട്ടറി ജനറലായിരുന്ന കുർട്ട് വാൾഡ് ഹൈം പിന്നീട് സ്വരാജ്യത്ത് പ്രസിഡണ്ടായി. രാജ്യമേത് -ഓസ്ട്രിയ
2835. കേരളത്തിലെ ആദ്യ വനിതാ ചീഫ് സെക്രട്ടറി-പത്മാ രാമചന്ദ്രൻ
2836. യാദവ വംശത്തിന്റെ തലസ്ഥാനം- ദേവഗിരി
2837. 1936-ൽ കണ്ണൂരിൽനിന്ന് മദ്രാസിലേക്ക് പട്ടിണിജാഥ നയിച്ചത്- എ.കെ.ഗോപാലൻ
2838. കേരളത്തിലെ ആദ്യ വനിതാ വൈസ് ചാൻസലർ-ഡോ.ജാൻസി ജെയിംസ്
2839. മരണാനന്തര ബഹുമതിയായി സമാധാന നൊബേലിനർഹനായ യു.എൻ.സെക്രട്ടറി ജനറൽ- ഡാഗ് ഹാമർഷോൾഡ്(1961)
2840. കേരളത്തിലെ ആദ്യ വനിതാ കോളേജ്- തിരുവനന്തപുരത്ത്
2841. മുഗൾ സാമ്രാജ്യ സ്ഥാപകൻ- ബാബർ
2842. ആത്മകഥാകാരൻമാരിൽ രാജകുമാരൻ എന്നറിയപ്പെട്ടത്- ബാബർ
2843. കേരളത്തിലെ ആദ്യ ചീഫ് ജസ്റ്റിസ്- കെ.ടി.കോശി

ചോദ്യങ്ങൾ പലത് ഉത്തരം 12

- ഒരു വ്യാഴവട്ടം എത്ര വർഷമാണ്
- ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിനാലാം ഭേദഗതി എത്രാമത്തെ ഷെഡ്യൂളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്
- ടെറിട്ടോറിയൽ വാട്ടർ എന്നത് ഒരു രാജ്യത്തിന്റെ അതിർത്തിയിൽനിന്ന് എത്ര നോട്ടിക്കൽ മൈൽ അകലെവരെയുള്ള ദൂരമാണ്
- ഒരു ഡസൻ എത്ര എണ്ണമാണ്
- ഒരു ഗ്രോസിൽ എത്ര ഡസൻ അടങ്ങിയിട്ടുണ്ട്
- ഇതുവരെ എത്രപേർ ചന്ദ്രനിൽ ഇറങ്ങിയിട്ടുണ്ട്
- എത്ര വർഷത്തിലൊരിക്കലാണ് നീലക്കുറിഞ്ഞി പൂക്കുന്നത്
- എത്ര വർഷത്തിലൊരിക്കലാണ് പൂർണകുംഭമേള നടക്കുന്നത്
- എത്ര പൂർണ കുംഭമേള കൂടുമ്പോളാണ് അലഹബാദിൽ ഒരു മഹാകുംഭമേള നടക്കുന്നത്
- എത്ര വർഷം കൂടുമ്പോളാണ് മാമാങ്കം നടന്നിരുന്നത്
- ക്രിസ്തുശിഷ്യൻമാരുടെ എണ്ണം
- മുനിസിപ്പൽ ഭരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ ഷെഡ്യൂൾ
- മനുഷ്യന് എത്ര ജോടി ശിരോനാഡികളുണ്ട്
- കർണാടകത്തിലെ ശ്രാവണബലഗോളയിൽ എത്ര വർഷത്തിലൊരിക്കലാണ് മഹാമസ്തകാഭിഷേകം നടക്കുന്നത്
- മനുഷ്യന് എത്ര ജോടി വാരിയെല്ലുകളുണ്ട്
- ഭൂമധ്യരേഖയിൽ പകലിന്റെ ദൈർഘ്യം എത്ര മണിക്കൂറാണ്

2844. ഇന്ത്യ സ്വതന്ത്രമാകുമ്പോൾ ബ്രിട്ടണിൽ അധികാരത്തിലായിരുന്നത്- ലേബർ പാർട്ടി
2845. 1931 മാർച്ച് 23ന് രാജ്ഗുരു, സുഖ്ദേവ് എന്നിവർക്കൊപ്പം തൂക്കിലേറ്റപ്പെട്ടത് - ഭഗത് സിങ്
2846. ഇമ്യൂണോളജിയുടെ പിതാവ്- എഡ്വേർഡ് ജെന്നർ
2847. കേരളത്തിലെ ആദ്യ മന്ത്രിസഭയിൽ മുൻഭരണപരിചയം ഉണ്ടായിരുന്ന ഏക വ്യക്തി- ഡോ.എ.ആർ.മേനോൻ
2848. ദിൽവാര ക്ഷേത്രം എവിടെയാണ്- മൗണ്ട് അബു
2849. ഇന്ത്യ സ്വതന്ത്രമാകുമ്പോൾ കോൺഗ്രസ് പ്രസിഡന്റായിരുന്നത് - ജെ.ബി.കൃപലാനി
2850. കേരളത്തിലെ ആദ്യ ഡെപ്യൂട്ടി സ്പീക്കർ- അയിഷാ ഭായി
2851. ദില്ലി ചലോ എന്നു പറഞ്ഞത്- സുഭാഷ് ചന്ദ്രബോസ്
2852. ഇന്ത്യയിലെ പ്രധാന വേലിയേറ്റ തുറമുഖം- ഗുജറാത്തിലെ കണ്ട്ല
2853. കേരളത്തിലെ ആദ്യ പേപ്പർ മിൽ- പുനലൂർ
2854. രക്തം കട്ട പിടിക്കാതാകുന്ന രോഗം- ഹീമോഫീലിയ
2855. കോമൺവെൽത്ത് ഗെയിംസിനു വേദിയായ ആദ്യ വികസ്വര രാജ്യം- ജമൈക്ക (1966)
2856. അഞ്ചു വർഷം തികച്ചു ഭരിച്ച ആദ്യത്തെ കേരള മുഖ്യമന്ത്രി- സി.അച്യുതമേനോൻ
2857. കേരളത്തിലെ ആദ്യമന്ത്രിസഭയിലെ ആരോഗ്യമന്ത്രി - ഡോ.എ.ആർ.മേനോൻ
2858. കേരളത്തിലെ ആദ്യത്തെ നിയമസാക്ഷര വ്യവഹാര വിമുക്ത ഗ്രാമം- ഒല്ലൂക്കര(തൃശ്ശൂർ)
2859. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ആസ്ഥാനം - ജനീവ
2860. മൺസൂൺ കാറ്റുകളുടെ ഗതി കണ്ടുപിടിച്ച ഹിപ്പാലസ് കേരളത്തിൽ എത്തിയ വർഷം - എഡി45
2861. കേരളത്തിലെ ആദ്യത്തെ ലേബർ ബാങ്ക്- അകത്തേത്തറ (പാലക്കാട്)
2862. അൺഹാപ്പി ഇന്ത്യ രചിച്ചത്- ലാലാ ലജ്പത് റായി
2863. അഞ്ചുനദികളുടെ നാട് എന്നറിയപ്പെടുന്നത്- പഞ്ചാബ്
2864. ഇറ്റാനഗർ ഏതു സംസ്ഥാനത്തിന്റെ തലസ്ഥാനം- അരുണാചൽ പ്രദേശ്
2865. 1947 ഓഗസ്റ്റ് 16-ന് ഇന്ത്യയുടെ ഗവർണർ ജനറൽ ആയിരുന്നത് - മൗണ്ട്ബാറ്റൺ പ്രഭു
2866. ഇറ്റാലിയൻ സഞ്ചാരി നിക്കോളോ കോണ്ടി വിജയനഗരം സന്ദർശിച്ചപ്പോൾ രാജാവായിരുന്നത്- ദേവരായ ഒന്നാമൻ

2867. കേരളത്തിലെ ആദ്യത്തെ കോർപ്പറേഷൻ-തിരുവനന്തപുരം
2868. കോമൺവെൽത്ത് ഗെയിംസിനു ദക്ഷിണാർധഗോളത്തിൽ ആദ്യമായി വേദിയായ നഗരം- സിഡ്നി (1938)
2869. കേരളത്തിലെ ഇന്റർനെറ്റ് ഗേറ്റ് വേ- കൊച്ചി
2870. അഞ്ചുതരം റിട്ടുകളെക്കുറിച്ച് പ്രതിപാദിക്കുന്നത്- ആർട്ടിക്കിൾ 32
2871. കേരളത്തിലെ രണ്ടാമത്തെ സ്പീക്കർ- സീതി സാഹിബ്
2872. കേരളത്തിലെ സുഭാഷ് ചന്ദ്രബോസ് എന്നു വിശേഷിപ്പിക്കപ്പെട്ടത്- മുഹമ്മദ് അബ്ദു റഹ്മാൻ
2873. കേരളത്തിലെ ആദ്യത്തെ ഡി.ജി.പി.- ടി.അനന്തശങ്കര അയ്യർ
2874. കേരളത്തിലെ ജില്ലകളിൽ പരുത്തിക്കരിമണ്ണ് കൂടുതൽ കാണപ്പെടുന്ന ജില്ല- പാലക്കാട്
2875. അഞ്ചുതെങ്ങുകോട്ട നിർമിച്ചതാര്-ബ്രിട്ടീഷുകാർ
2876. കേരളത്തിലെ ജില്ലകളിൽ പുകയില ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്നത്- കാസർകോട്
2877. കേരളത്തിലെ ആദ്യത്തെ ട്രേഡ് യൂണിയൻ നേതാവ്- ജൂബാരാമകൃഷ്ണപിള്ള
2878. ഇന്ത്യയിലെ പ്രഥമ കംപ്യൂട്ടർ സാക്ഷരതാ പഞ്ചായത്ത്- ചമ്രവട്ടം
2879. ആദ്യത്തെ നഴ്സറി വിദ്യാലയത്തിന്റെ സ്ഥാപക- മരിയ മോണ്ടിസ്സോറി
2880. 1939ൽ കോൺഗ്രസ്സ് പ്രസിഡന്റു സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പ് നടന്നപ്പോൾ ഗാന്ധിജി പിന്തുണച്ച സ്ഥാനാർഥി- പട്ടാഭി സീതാരാമയ്യ
2881. കേരളത്തിലെ ജില്ലകളിൽ അറബിക്കടലുമായോ അന്യ സംസ്ഥാനങ്ങളുമായോ അതിർത്തി പങ്കിടാത്തത് - കോട്ടയം
2882. ഇന്ത്യയിലെ പ്രഥമ വനിതാസർവകലാശാല സ്ഥാപിച്ച ഭാരതരത്നം ജേതാവ്- ഡി.കെ.കാർവേ
2883. മാർബിളിൻെറ രാസനാമം- കാൽസ്യം കാർബണേറ്റ്
2884. മലയാളത്തിലെ ആദ്യത്തെ ചലച്ചിത്ര നായിക-റോസി (ചിത്രം- വിഗതകുമാരൻ)
2885. രക്തത്തെക്കുറിച്ചുള്ള പഠനം- ഹീമറ്റോളജി
2886. കോമൺവെൽത്ത് ഗെയിംസിനു വേദിയായ ആദ്യ ഏഷ്യൻ നഗരം- കുലാലംപൂർ (1998)
2887. ഇടുക്കി ജില്ലയിൽ ഇന്തോ-സ്വിസ് പ്രോജക്ട് സ്ഥാപിക്കപ്പെട്ട സ്ഥലം- മാട്ടുപ്പെട്ടി
2888. ഇന്ത്യയിലെ പാർലമെന്ററി സംവിധാനം ഏതു രാജ്യത്തോടിനോടാണ് സാദൃശ്യം- ബ്രിട്ടൺ
2889. ഉത്തർപ്രദേശിനു പുറത്തുജനിച്ച ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി- മൊറാർജി ദേശായി
2890. ഇന്ത്യ തദ്ദേശീയമായി നിർമിച്ച ആദ്യത്തെ മിസൈൽ ബോട്ട്- ഐ.എൻ.എസ്.വിഭൂതി
2891. അയ്യങ്കാളിയെ പുലയ രാജാവ് എന്ന് വിശേഷിപ്പിച്ചത്- ഗാന്ധിജി
2892. മരണാനന്തരം നൊബേൽ സമ്മാനത്തിന് ആദ്യമായി അർഹനായത്- എറിക് കാൾഫെൽറ്റ് (1931-സ്വീഡൻ)
2893. അറബിക്കടലിന്റെ മറ്റൊരു പേര്- ലക്ഷദ്വീപ് കടൽ
2894. മുഗൾ ചക്രവർത്തിമാരിൽ സാഹിത്യത്തിൽ അഭിരുചി ഏറ്റവും കൂടുതലുണ്ടായിരുന്നത് - ബാബർ
2895. മരതകദ്വീപ് എന്നറിയപ്പെടുന്ന രാജ്യം- അയർലൻഡ്
2896. രക്തസമ്മർദം കുറഞ്ഞ അവസ്ഥ- ഹൈപ്പോടെൻഷൻ
2897. ആത്മഹത്യ ചെയ്ത സാഹിത്യ നൊബേൽ ജേതാക്കൾ- ഏണസ്റ്റ് ഹെമിങ്‌വേ, യാസുനാരി കവാബത്ത
2898. രക്തസംചരണം (ബ്ലഡ് ട്രാൻസ്ഫ്യൂഷൻ) കണ്ടുപിടിച്ചത്- ജീൻ ബാപ്റ്റിസ്റ്റ ഡെനിസ്
2899. 1937-ൽ ഇന്ത്യയിൽനിന്നു വേർപിരിഞ്ഞ ഭൂവിഭാഗം- ബർമ(മ്യാൻമർ)
2900. മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതലുള്ള ലോഹം -കാൽസ്യം
2901. അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ ചിഹ്നം- രണ്ടില
2902. മലയാളത്തിലെ ആദ്യത്തെ കളർ സിനിമ- കണ്ടെ ബെച്ച കോട്ട്
2903. രക്തസാക്ഷിത്വം വരിച്ച ആദ്യ സിഖു ഗുരു- അർജുൻ ദേവ്
2904. ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ രജതജൂബിലി ആഘോഷിച്ചപ്പോൾ പ്രസിഡന്റ്- വി.വി.ഗിരി
2905. തലകീഴായി മരത്തിൽനിന്നിറങ്ങാൻ കഴിയുന്ന ഏക സസ്തനി- അണ്ണാൻ

CONFUSING FACTS

- ആസൂത്രണ കമ്മിഷന്റെ ആദ്യത്തെ അധ്യക്ഷൻ ജവാഹർലാൽ നെഹ്റുവും ഉപാധ്യക്ഷൻ ഗുൽസരിലാൽ നന്ദയുമായിരുന്നു.
- സെൻട്രൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒറീസയിലെ കട്ടക്ക് എന്ന സ്ഥലത്ത്. ഇന്റർനാഷണൽ റൈസ് റിസർച്ച് സ്റ്റേഷൻ ഫിലിപ്പൈൻസിലെ മനിലയിലാണ്.
- മലയാള ഭാഷയിലെ ആദ്യത്തെ ചമ്പു ഉണ്ണിയച്ചീചരിതവും സന്ദേശകാവ്യം ഉണ്ണുനീലീസന്ദേശവുമാണ്.
- ഏറ്റവും വലുപ്പമുള്ള പക്ഷിയും ഏറ്റവും ഭാരംകൂടിയ പക്ഷിയും ഒട്ടകപ്പക്ഷിയാണ്.

2906. 1864-ൽ ബ്രിട്ടീഷ് ഇന്ത്യയുടെ വേനൽക്കാല തലസ്ഥാനമായ നഗരം-ഷിംല
2907. മദ്രാസ് (ചെന്നൈ) നഗരത്തിന്റെ സ്ഥാപകൻ- ഫ്രാൻസിസ് ഡേ
2908. അമേരിക്കൻ ഐക്യനാടുകളിലെ ആദ്യ പ്രസിഡന്റ്- ജോർജ് വാഷിങ്ടൺ
2909. ആത്മഹത്യപ്രവണതയുള്ള ജന്തു- ലെമ്മിങ്
2910. അണുബോംബാക്രമണത്തിനുവിധേയമായ ആദ്യ രാജ്യം- ജപ്പാൻ
2911. മുഗൾ ചിത്രകല അതിൻെറ പാരമ്യതയിലെത്തിയത് ഏത് ചക്രവർത്തിയുടെ കാലത്താണ്-ജഹാംഗീർ
2912. വേളി ടൂറിസ്റ്റ് വില്ലേജ് ഏത് ജില്ലയിലാണ്-തിരുവനന്തപുരം
2913. ഗാന്ധിജിക്ക് സിവിൽ ഡിസ്ഒബീഡിയൻസ് എന്ന ആശയം ആരിൽനിന്നാണ് ലഭിച്ചത്- ഹെൻറി ഡേവിഡ് തോറോ
2914. വോൾഗ നദി ഒഴുകുന്ന ഭൂഖണ്ഡം- യൂറോപ്പ്
2915. ആദ്യമായി ദ്രോണാചാര്യ അവാർഡ് നേടിയത് - ഒ.എം.നമ്പ്യാർ
2916. രണ്ടു വലിയ ജലസഞ്ജയങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇടുങ്ങിയ ജലഭാഗം- സ്ട്രയിറ്റ്
2917. ബംഗാളിൽ ശാശ്വത ഭൂനികുതി വ്യവസ്ഥ നടപ്പാക്കിയത്- കോൺവാലിസ്
2918. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന് ഗാന്ധിജി പറഞ്ഞ അവസരം- ക്വിറ്റിന്ത്യാ സമരം
2919. ആത്മകഥയിൽ ഇന്ത്യക്കാരെ ഇഷ്ടമല്ല എന്നു വെളിപ്പെടുത്തുന്ന മുഗൾ ചക്രവർത്തി- ബാബർ
2920. 1940ൽ ആൽബർട്ട് ഐൻസ്റ്റൈന് ഏതു രാജ്യത്തെ പൗരത്വമാണ് സ്വീകരിച്ചത്- യു.എസ്.എ.
2921. ബദരീനാഥക്ഷേത്രത്തിലെ ആരാധനാമൂർത്തി- മഹാവിഷ്ണു
2922. മദ്രാസ് റബർ ഫാക്ടറി എവിടെയാണ്- വടവാതൂർ
2923. മലയാളത്തിലെ ആദ്യത്തെ വിലാപ കാവ്യം- ഒരു വിലാപം (സി.എസ്.സുബ്രമണ്യൻ പോറ്റി)
2924. അണുസംഖ്യ 100 ആയ മൂലകം- ഫെർമിയം
2925. മനുഷ്യശരീരത്തിൽ ഏറ്റവും കൂടിയ അളവിൽ അടങ്ങിയിരിക്കുന്ന സംയുക്തം- ജലം
2926. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ആ പേരു നിർദ്ദേശിച്ചത്- ദാദാഭായ് നവറോജി
2927. രണ്ടു വലിയ കരഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇടുങ്ങിയ കരഭാഗം- ഇസ്തുമസ്
2928. ബംഗ്റ ഏതു സംസ്ഥാനത്തെ നൃത്തരൂപമാണ്- പഞ്ചാബ്
2929. ബദരീനാഥക്ഷേത്രം സ്ഥാപിച്ചത്- ആദിശങ്കരൻ
2930. അശോകന്റെ സാമ്രാജ്യത്തിൽ കാന്തഹാർ പ്രദേശത്തെ ശിലാശാസനങ്ങളിൽ ഉപയോഗിച്ചിരുന്ന ഭാഷ- അരാമയിക്
2931. ഭക്ഷണത്തിനായി മറ്റൊരു ജീവിയെ ആശ്രയിക്കുന്ന ജീവി- പരോപജീവി
2932. ഇസ്ലാമബാദിനു മുമ്പ് പാകിസ്താന്റെ തലസ്ഥാനമായിരുന്നത്- റാവൽപിണ്ടി
2933. രാഷ്ട്രപതിയെ പദവിയിൽനിന്നും നീക്കം ചെയ്യാനുള്ള നടപടിക്രമം- ഇംപീച്ച്മെന്റ്
2934. രാജീവ് ഗാന്ധി ഖേൽ രത്ന അവാർഡിനർഹയായ ആദ്യ വനിത- കർണം മല്ലേശ്വരി
2935. ഇന്ത്യയുടെ വന്ദ്യവയോധികൻ എന്നറിയപ്പെട്ടത്- ദാദാഭായ് നവറോജി

2936. മൂന്നാറിൽ സംഗമിക്കുന്ന നദികൾ- മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള
2937. അമോണിയ നിർമിക്കുന്ന പ്രക്രിയ- ഹേബർ പ്രക്രിയ
2938. ഉത്തർപ്രദേശിനു പുറത്ത് സംസ്കരിക്കപ്പെട്ട ആദ്യ പ്രധാനമന്ത്രി - മൊറാർജി ദേശായി
2939. ആദ്യത്തെ കൃത്രിമമായി നിർമിക്കപ്പെട്ട ട്രാൻസ്- യുറാനിക് മൂലകം- നെപ്റ്റ്യൂണിയം
2940. ഗാന്ധിജിയുടെ പത്രാധിപത്വത്തിൽ യങ് ഇന്ത്യയുടെ ആദ്യ ലക്കം ഇറങ്ങിയത്- 1919
2941. ഉത്തരരാമചരിതം രചിച്ചത്- ഭവഭൂതി
2942. മണ്ടേല തടവനുഭവിച്ചതെവിടെ- റോബൻ ഐലൻഡ്
2943. ഇന്ത്യയിലെ കേന്ദ്രീയ ബാങ്കിന്റെ പേര്- റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
2944. അശോകനെ ഏറ്റവും മഹാനായ രാജാവെന്നു വിശേഷിപ്പിച്ചത്- എച്ച്.ജി.വെൽസ്
2945. മലേറിയ പരത്തുന്നത്- അനോഫിലസ് പെൺകൊതുക്
2946. മൂന്നാം പാനിപ്പട്ട് യുദ്ധത്തിൽ മറാത്ത സൈന്യത്തിന്റെ തലവൻ - സദാശിവറാവു
2947. രണ്ടു വിരലുകളുള്ള പക്ഷി-ഒട്ടകപ്പക്ഷി
2948. മലേറിയ ബാധിക്കുന്ന അവയവങ്ങൾ- സ്പ്ലീൻ (പ്ലീഹ), കരൾ
2949. അലോഹങ്ങളിൽ വൈദ്യുതിയുടെ ഏറ്റവും നല്ല ചാലകം- ഗ്രാഫൈറ്റ്
2950. ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതി- എസ് രാധാകൃഷ്ണൻ
2951. ഇന്ത്യയിലെത്തിയ ആദ്യത്തെ യൂറോപ്യൻ ആക്രമണകാരി- അലക്സാണ്ടർ
2952. രണ്ടാംലോകമഹായുദ്ധത്തിനുശേഷമുള്ള 55 വർഷങ്ങളിൽ 57 മന്ത്രിസഭകളുടെ ഭരണത്തിനു വിധേയമായ യൂറോപ്യൻ രാഷ്ട്രമേത് -ഇറ്റലി
2953. മൂത്രത്തിന്റെ മഞ്ഞ നിറത്തിനു കാരണം- യൂറോക്രോം
2954. കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറിയായ ആദ്യത്തെ ദക്ഷിണേന്ത്യക്കാരൻ- കെ.സച്ചിദാനന്ദൻ
2955. കേരളത്തിലെ ആദ്യത്തെ കോളേജായ സിഎംഎസ് കോളേജ് കോട്ടയത്ത് സ്ഥാപിതമായത് ഏത് വർഷത്തിൽ- എ.ഡി.1860
2956. ശിശുവിന്റെ പിതൃത്വം തെളിയിക്കാൻ ഉപയോഗിക്കുന്ന വൈദ്യശാസ്ത്ര രീതി- ഡി.എൻ.എ.ഫിംഗർപ്രിന്റിംഗ്
2957. കുറ്റാലം വെള്ളച്ചാട്ടം ഏത് സംസ്ഥാനത്താണ്- തമിഴ്നാട്
2958. കേരളത്തിലെ ഏറ്റവും നീളം കുറഞ്ഞ നദി- മഞ്ചേശ്വരം പുഴ
2959. ശതസഹസ്രസംഹിത എന്ന പേരിലറിയപ്പെടുന്ന കൃതി- മഹാഭാരതം
2960. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി -പെരിയാർ
2961. ക്വീൻസ്ബെറി നിയമങ്ങൾ ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു- ബോക്സിങ്
2962. 1947 ഓഗസ്ത് 15ന് അന്തരിച്ച സ്വാതന്ത്ര്യസമരസേനാനി- അജിത് സിങ്
2963. 1948ൽ കൊച്ചി നിയമസഭയുടെ പ്രഥമ തിരഞ്ഞെടുക്കപ്പെട്ട സ്പീക്കറായത്- എൽ.എം.പൈലി
2964. കേരളത്തിലെ ആദ്യത്തെ തുറന്ന ജയിൽ-കാട്ടാക്കട
2965. 1950-ൽ ടൈം മാഗസിൻ പേഴ്സൺ ഓഫ് ഹാഫ് സെഞ്ചറി ആയി തിരഞ്ഞെടുത്തതാരെയാണ്- ചർച്ചിൽ
2966. 1611ൽ ഇംഗ്ലീഷുകാർ ഫാക്ടറി സ്ഥാപിച്ച സ്ഥലം- മസൂലിപട്ടണം
2967. സൽഫ്യൂരിക് ആസിഡ് നിർമിക്കുന്ന പ്രക്രിയ- സമ്പർക്ക പ്രക്രിയ അല്ലെങ്കിൽ കോൺടാക്ട് പ്രക്രിയ
2968. ഗാന്ധിജി ആകെ എത്ര ദിവസം ജയിൽവാസമനുഭവിച്ചിട്ടുണ്ട്- 2338
2969. ഗാന്ധിജിയുടെ വധത്തോടെ നിരോധിക്കപ്പെട്ട സംഘടന- ആർ.എസ്.എസ്.
2970. ഗാഥാസപ്തശതി രചിച്ചതാര്- ഹാലൻ
2971. സിസ്റ്റർ നിവേദിത ആരുടെ പ്രസിദ്ധശിഷ്യയാണ്- സ്വാമി വിവേകാനന്ദൻ
2972. ഇടിമേഘങ്ങൾ എന്നറിയപ്പെടുന്ന മേഘങ്ങളുടെ പേര്- കുമുലോനിംബസ് മേഘങ്ങൾ
2973. ഇന്റർനാഷണൽ അറ്റോമിക് എനർജി കമ്മിഷന്റെ ആസ്ഥാനം- വിയന്ന
2974. ഇന്റർനാഷണൽ റൈസ് റിസർച്ച് സ്റ്റേഷൻ എവിടെയാണ്- മനില

ചോദ്യങ്ങൾ പലത് ഉത്തരം 13

- അമേരിക്കൻ ദേശീയ പതാകയിൽ കുറുകെയുള്ള വരകളുടെ എണ്ണം
- ഇന്ത്യൻ പ്രധാനമന്ത്രിയായ എത്രാമത്തെ വ്യക്തിയാണ് (ആക്ടിംഗ് പ്രധാനമന്ത്രിയെ ഒഴിവാക്കി) മൻമോഹൻ സിംഗ്
- എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് അമേരിക്കയിൽ അടിമത്തം നിരോധിച്ചത്
- ഭരണഘടനാനിർമാണ സഭയ്ക്ക് എത്ര കമ്മിറ്റികളാണ് ഉണ്ടായിരുന്നത്
- ജൂതമതവിശ്വാസപ്രകാരം ഒരു ആൺകുട്ടിയെ മുതിർന്ന ആളായി കണക്കാക്കുന്ന പ്രായം
- ബേക്കേഴ്സ് ഡസൻ എന്നറിയപ്പെടുന്നത് എത്രയെണ്ണമാണ്
- നാഗാലാൻഡിന്റെ സംസ്ഥാന പദവിയുമായി ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതി
- ഡൽഹിയിൽനിന്നുള്ള ഏഴുപേർ ഉൾപ്പെടെ കേന്ദ്രഭരണ പ്രദേശങ്ങളിൽനിന്ന് ആകെ എത്ര ലോക്സഭാംഗങ്ങളാണുള്ളത്
- അമേരിക്കയിലെ എത്ര കോളനികൾ ചേർന്നാണ് ബ്രിട്ടണ് എതിരെ സ്വാതന്ത്ര്യസമരം നടത്തിയത്.
- ഇന്ത്യൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട എത്രാമത്തെ വ്യക്തിയാണ് പ്രണബ് മുഖർജി
- കുലശേഖര സാമ്രാജ്യം എത്ര നാടുകളായിട്ടാണ് വിഭജിക്കപ്പെട്ടിരുന്നത്
- ടീനേജ് തുടങ്ങുന്നത് എത്രാം വയസ്സിലാണ്
- ക്രിസ്തുവിന്റെ അവസാനത്തെ അത്താഴത്തിന് എത്ര പേരാണ് പങ്കെടുത്തത്
- എത്രാം ശതകത്തിലാണ് ഡൽഹിയിൽ സുൽത്താനേറ്റ് വംശങ്ങൾ ഭരണമാരംഭിച്ചത്
- ഇന്ത്യയിലെ എത്രാമത്തെ മേജർ തുറമുഖമാണ് പോർട്ട് ബ്ലയർ
- എത്രാമത്തെ അശോക ശാസനത്തിലാണ് കലിംഗയുദ്ധത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്

2975. സഞ്ജയ് ഗാന്ധി ദേശീയ പാർക്ക് ഏതു സംസ്ഥാനത്താണ്- മഹാരാഷ്ട്ര
2976. കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്തെ അസംബ്ലി മണ്ഡലം- നെയ്യാറ്റിൻകര
2977. ഗോവയിലെ തദ്ദേശീയരെ ക്രിസ്തുമതത്തിലേത്ത് പരിവർത്തനം ചെയ്യിക്കാൻ ക്രിസ്ത്യൻ മിഷനറിമാർ സ്വീകരിച്ച നടപടി- ഇൻക്വിസിഷൻ
2978. സുഭാഷ് ചന്ദ്രബോസിന്റെ രാഷ്ട്രീയഗുരു- സി.ആർ.ദാസ്
2979. ഇന്ത്യയിലെ പിറ്റ്സ്ബർഗ് എന്നറിയപ്പെടുന്നത്- ജംഷഡ്പൂർ
2980. തലയിലെ അനക്കാൻ കഴിയുന്ന ഏക അസ്ഥി- താടിയെല്ല്
2981. ഇന്ത്യ സ്വതന്ത്രമാകുമ്പോൾ ബ്രിട്ടീഷ് രാജാവായിരുന്നത്- ജോർജ് ആറാമൻ
2982. ഗാന്ധിജി, ജവാഹർലാൽനെഹ്റുവിനെ രാഷ്ട്രീയ പിൻഗാമിയായി പ്രഖ്യാപിച്ച വർഷം -1942
2983. മാംസനിബദ്ധമല്ല രാഗം എന്നുദ്ഘോഷിക്കുന്ന കുമാരനാശാന്റെ രചന- ലീല
2984. നിഴൽതങ്ങൾ എന്നു പേരുള്ള ആരാധനാലയങ്ങൾ സ്ഥാപിച്ചത് -അയ്യാ വൈകുണ്ഠർ
2985. ഷൺമുഖദാസൻ എന്നുമറിയപ്പെട്ട നവോത്ഥാന നായകൻ- ചട്ടമ്പി സ്വാമികൾ
2986. ഏത് ഭാഷയിലാണ് ശ്രീനാരായണഗുരു ആത്മോപദേശശതകം രചിച്ചത്- മലയാളം
2987. ഇന്ത്യൻസംസ്ഥാനങ്ങളിൽ സ്ത്രീ പുരുഷ അനുപാതം ഏറ്റവും കുറഞ്ഞത്- ഹരിയാന
2988. കേരളത്തിലെ ജലാഗതാഗതവകുപ്പിന്റെ ആസ്ഥാനം- ആലപ്പുഴ
2989. സുവർണ നഗരകവാടം എന്നറിയപ്പെടുന്നത്- സാൻഫ്രാൻസിസ്കോ
2990. ഇന്ത്യ ഹോക്കി ലോകകപ്പ് നേടിയ വർഷം- 1975

2991. അയ്യനടികൾ തിരുവടികൾ തരിസാപ്പള്ളി ചെപ്പേട് എഴുതികൊടുത്ത വർഷം- എ.ഡി.849
2992. മയ്യഴി ഗാന്ധി എന്നറിയപ്പെട്ടത് - ഐ.കെ.കുമാരൻ മാസ്റ്റർ
2993. രക്തചംക്രമണം കണ്ടുപിടിച്ചത്- വില്യം ഹാർവി
2994. മുഗൾ സാമ്രാജ്യതലസ്ഥാനം ഡൽഹിയിലേക്ക് മാറ്റിയത് - ഷാജഹാൻ
2995. മറാത്ത വംശമായ സിന്ധ്യ എവിടെയാണ് ഭരിച്ചത്- ഗ്വാളിയോർ
2996. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലായ ഇന്ദുലേഖ ഒ ചന്തുമേനോൻ പ്രസിദ്ധപ്പെടുത്തിയത് ഏത് വർഷത്തിൽ - എ.ഡി.1889
2997. മലയാളത്തിലെ ആദ്യത്തെ ചരിത്രാഖ്യായിക- മാർത്താണ്ഡവർമ
2998. മയ്യഴിയിൽ ഫ്രഞ്ചുകാർ താവളമുറപ്പിച്ചത് ഏത് വർഷത്തിൽ- എ.ഡി.1725
2999. 1734ൽ കൊട്ടാരക്കര പിടിച്ചെടുത്ത് തിരുവിതാംകൂറിൽ ലയിപ്പിച്ചത്- മാർത്താണ്ഡവർമ
3000. കരികാലൻ ഒന്നാം ശതകത്തിൽ കാവേരിയിൽ പണികഴിപ്പിച്ച കല്ലണൈ ആണ് ഇന്ത്യയിലെ ആദ്യത്തെ അണക്കെട്ട്. ഏത് നദിയിലാണത്-കാവേരി
3001. മദ്രാസ് സംസ്ഥാനത്തിൻെറ പേര് തമിഴ്നാട് എന്നാക്കിമാറ്റിയ വർഷം- 1969
3002. രണ്ടാം താനേശ്വർ യുദ്ധത്തിൽ (1192) പൃഥ്വിരാജ് ചൗഹാനെ തോൽപ്പിച്ച് ഡൽഹിയിൽ മുസ്ലിം ഭരണത്തിന് അടിത്തറയിട്ട ആക്രമണകാരി - മുഹമ്മദ് ഗോറി
3003. അച്ചടി ആരംഭിച്ച രാജ്യം- ചൈന
3004. മൂവബിൾ ടൈപ്പുപയോഗിച്ച് അച്ചടിയന്ത്രത്തിലൂടെ അച്ചടി ആരംഭിച്ച രാജ്യം- ജർമനി
3005. 1940-ൽ ടൈം മാസിക പേഴ്സൺ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുത്തതാരെയാണ് -സർ വിൻസ്റ്റൺ ചർച്ചിൽ
3006. ഇന്ത്യയുടെ രണ്ടാമത്തെ കൃത്രിമോപഗ്രഹം- ഭാസ്കര-രണ്ട്
3007. കേരളത്തിലെ പക്ഷി സങ്കേതങ്ങൾ- തട്ടേക്കാട് ,മംഗളവനം
3008. അശോകചക്രവർത്തിയുടെ പിതാവ്- ബിന്ദുസാരൻ
3009. അമോണിയ വാതകം കണ്ടുപിടിച്ചത്- ജോസഫ് പ്രീസ്റ്റ്ലി
3010. ഇന്ത്യയുടെ ഏത് അയൽ രാജ്യത്താണ് ദിവേഗി ഭാഷ സംസാരിക്കുന്നത്- മാലിദ്വീപ്
3011. അസോസിയേറ്റ് സ്റ്റേറ്റ് പദവിയുണ്ടായിരുന്ന ഇന്ത്യൻ സംസ്ഥാനം- സിക്കിം
3012. ഇന്ത്യയിൽ സംഗീതോപകരണങ്ങൾക്കു പ്രസിദ്ധമായ നഗരം- തഞ്ചാവൂർ
3013. മൂന്നാം ബുദ്ധമതസമ്മേളനത്തിന്റെ രക്ഷാധികാരിയായിരുന്നത്- അശോകൻ
3014. കേരളത്തിലെ ആദ്യ മന്ത്രിസഭയിലെ ആരോഗ്യമന്ത്രി- ഡോ.എ.ആർ.മേനോൻ
3015. ഇന്ത്യയുടെ ഉദ്യാനം എന്നു വിശേഷിപ്പിക്കപ്പെടുന്ന നഗരം- ബാംഗ്ലൂർ
3016. അശോകസ്തംഭത്തിലെ ലിഖിതങ്ങൾ ഏതു ലിപിയിലാണ്- ബ്രാഹ്മി
3017. കേരളത്തിലെ പഴനി എന്നറിയപ്പെടുന്നത്-ഹരിപ്പാട് സുബ്രമണ്യ ക്ഷേത്രം
3018. ഇന്ത്യയുടെ രാഷ്ട്രീയജാതകം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഭരണഘടനാഭാഗം- ആമുഖം
3019. അശോകചക്ര നേടിയ ആദ്യ വനിത- കമലേഷ് കുമാരി
3020. ഇന്ത്യയിൽ റെയിൽവേ നിലവിൽവന്ന ആദ്യ നഗരം-മുംബൈ
3021. ബ്രഹ്മോസ് എയറോസ്പേസ് എവിടെയാണ്-തിരുവനന്തപുരം
3022. ലോകമഹായുദ്ധങ്ങളിൽ ഏറ്റവും കൂടുതൽപേർക്ക് ജീവഹാനി സംഭവിച്ച ഭൂഖണ്ഡം- യൂറോപ്പ്
3023. കേരളത്തിലെ പാർലമെന്റ് മണ്ഡലങ്ങളിൽ ഏറ്റവും വടക്കേയറ്റത്തേത്- കാസർകോട്
3024. ഇന്ത്യയുടെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി -രാജീവ്ഗാന്ധി
3025. മൂന്നാം ലോകരാഷ്ട്രങ്ങൾ എന്നറിയപ്പെടുന്നത്- വികസ്വര രാജ്യങ്ങൾ
3026. ഇന്ത്യയുടെ ഏറ്റവും വലിയ അയൽ രാജ്യം- ചൈന
3027. കേരളത്തിലെ പ്രധാന നാണ്യവിള-റബ്ബർ

CONFUSING FACTS

- മഹാത്മജി തന്റെ രാഷ്ട്രീയ പിൻഗാമിയായി പ്രഖ്യാപിച്ചത് ജവാഹർലാൽ നെഹ്രുവിനെയാണ്. ഗാന്ധിജിയുടെ ആത്മീയ പിൻഗാമി എന്നറിയപ്പെട്ടത് ആചാര്യ വിനോബാ ഭാവെ ആണ്.
- കേരളത്തിലെ ആദ്യത്തെ പോസ്റ്റോഫീസ് ആരംഭിച്ചത് തിരുവിതാംകൂറിലെ ആലപ്പുഴയിൽ (1857). ആദ്യ സ്പീഡ് പോസ്റ്റ് സെന്റർ കൊച്ചിയിൽ (1986).
- പഥേർ പാഞ്ജലി എന്ന നോവലെഴുതിയത് വിഭൂതിഭൂഷൺ ബന്ദോപാധ്യായ ആണ്. ഇതേ പേരിൽ അത് ചലച്ചിത്രമാക്കിയത് സത്യജിത് റേ.

3028. അശോകന്റെ ശിലാലിഖിതങ്ങളുടെ പൊരുൾ തിരിച്ചറിഞ്ഞ ഗവേഷകൻ- ജെയിംസ് പ്രിൻസെപ്
3029. 1941-ൽ ജപ്പാനെതിരെ യുദ്ധ പ്രഖ്യാപനത്തിൽ ഒപ്പുവെച്ച അമേരിക്കൻ പ്രസിഡന്റ്-ഫ്രാങ്ക്ളിൻ ഡി റൂസ്വെൽറ്റ്
3030. കേരളത്തിലെ പ്രസിദ്ധമായ തടാകക്ഷേത്രം- അനന്തപുരം
3031. ഇന്ത്യയുടെ ഏറ്റവും തെക്കേയറ്റത്തുള്ള തുറമുഖം-തൂത്തുക്കുടി
3032. ആരുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിലാണ് 1938ൽ തിരുവിതാംകൂറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ശാഖ രൂപംകൊണ്ടത്- പട്ടാഭി സീതാരാമയ്യ
3033. കേരളത്തിലെ പ്രഥമ കമ്യൂണിസ്റ്റ് എം.എൽ.എ.- ഇ.ഗോപാല കൃഷ്ണ മേനോൻ(1949)
3034. അശോകന്റെ സാമ്രാജ്യത്തിൽ വടക്കുപടിഞ്ഞാറൻഭാഗങ്ങളിലുള്ള ശിലാലിഖിതങ്ങളിൽ ഏതു ലിപിയാണ് ഉപയോഗിച്ചിട്ടുള്ളത്- ഖരോഷ്ടി
3035. കേരളത്തിലെ അക്ഷരനഗരം എന്നറിയപ്പെടുന്നത്- കോട്ടയം
3036. മൗര്യ സാമ്രാജ്യ സ്ഥാപകൻ ചന്ദ്രഗുപ്തമൗര്യൻ അന്തരിച്ച സ്ഥലം- ശ്രാവണബലഗോള
3037. കേരളത്തിലെ മരുമക്കത്തായ സമ്പ്രദായത്തെക്കുറിച്ച് പരാമർശിക്കുന്ന ആദ്യ പുസ്തകമായ മിറാബിലിയ ഡിസ്ക്രിപ്ഷ്യരചിച്ചത് -ഫ്രയർ ജോർഡാനുസ്
3038. ഇന്ത്യയുടെ ആദ്യത്തെ വാർത്താവിനിമയ ഉപഗ്രഹം- ആപ്പിൾ
3039. മൗലികാവകാശങ്ങൾ നടപ്പാക്കാൻ സുപ്രീം കോടതി എന്താണ് പുറപ്പെടുവിക്കുന്നത്- റിട്ട്
3040. 1945-ൽ വൈസ്രോയി വേവൽ പ്രഭു ഇന്ത്യയുടെ രാഷ്ട്രീയ ഭാവി സംബന്ധിച്ച് കോൺഗ്രസ് നേതാക്കൻമാരുമായി ചർച്ചനടത്തിയ നഗരം-ഷിംല
3041. ആരുടെ മരണത്തിൽ അനുശോചിച്ചുകൊണ്ടാണ് കുമാരനാശാൻ പ്രരോദനം രചിച്ചത്- എ.ആർ.രാജരാജവർമ
3042. കേരളത്തിലെ നദികളിൽ ഏറ്റവും ചെറുത്- മഞ്ചേശ്വരം
3043. ഡക്കാണിലെ നദികളിൽ ഏറ്റവും വലുത് -ഗോദാവരി
3044. ഡാർജിലിങ് ഹിമാലയൻ റെയിൽവേ സ്ഥാപിതമായ വർഷം- 1881
3045. മൗസിന്റെ ഉപജ്ഞാതാവ്- ഡഗ്ലസ് എംഗൽബർട്ട്
3046. അണുഭാരം ഏറ്റവും കൂടിയ സ്വാഭാവിക മൂലകം- യുറേനിയം
3047. മണിമേഖല രചിച്ചതാര്- സത്തനാർ
3048. കേരളത്തിലെ ആദ്യ നിയമ സർവകലാശാല- നുയാൽസ്
3049. അണുപ്രസരണം അളക്കുന്ന ഉപകരണമാണ്- ഗീഗർ കൗണ്ടർ
3050. ആരുടെ പ്രസംഗത്തിൽ നിന്നാണ് 1959ലെ വിമോചനസമരത്തിന് ആ പേരു ലഭിച്ചത്-പനമ്പിള്ളി ഗോവിന്ദമേനോൻ
3051. ഇന്ത്യയുടെ ആദ്യത്തെ വിവിധോദ്ദേശ്യ ഉപഗ്രഹം- ഇൻസാറ്റ് 1 എ
3052. കേരളത്തിലെ ആദ്യ പ്രതിപക്ഷനേതാവ്- പി.ടി.ചാക്കോ
3053. അണുവിഭജനത്തിന്റെ പിതാവ്- ഓട്ടോഹാൻ
3054. കേരളത്തിലെ ഏറ്റവും പഴക്കമുള്ള പത്രം- ദീപിക (1887ൽ സ്ഥാപിതം)
3055. ഇന്ത്യയുടെ ആദ്യത്തെ വനിതാ വിദേശകാര്യ മന്ത്രി- ലക്ഷ്മി എൻ. മേനോൻ
3056. കേരളത്തിലെ ഏറ്റവും പഴക്കമുള്ള അണക്കെട്ട്- മുല്ലപ്പെരിയാർ
3057. ആരുടെ മന്ത്രിസഭയായിരുന്നു അഷ്ടപ്രധാൻ- ശിവജി

3058. 1945-ലെ ബ്രിട്ടീഷ് പാർലമെന്റിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഭരണം നഷ്ടപ്പെട്ട പ്രധാനമന്ത്രി-സർ വിൻസ്റ്റൺ ചർച്ചിൽ
3059. അന്തർദേശീയ ഫുട്ബോൾ ടൂർണമെന്റിന്റെ ദൈർഘ്യം- 90 മിനിട്ട്
3060. ഡച്ചുകാരുടെ ആദ്യത്തെ കപ്പൽ സമൂഹം കൊച്ചിയിൽ എത്തിയത് ഏത് വർഷത്തിൽ- എ.ഡി.1604
3061. ആരുടെ അടിമയായിരുന്നു കുത്തബ്ദ്ദീൻ ഐബക്- മുഹമ്മദ് ഗോറി
3062. ശിവജിയെ സ്വാധീനിക്കുകയും ആയുധാഭ്യാസം പരിശീലിപ്പിക്കുകയും ചെയ്ത ബ്രാഹ്മണൻ- ദാദാജി കൊണ്ടദേവ്
3063. ഡൽഹി ഏത് നദിയുടെ തീരത്താണ്-യമുന
3064. അണലിവിഷം ബാധിക്കുന്ന ശരീരവ്യൂഹം-രക്തപര്യയന വ്യവസ്ഥ
3065. അംഗ, പൂർവ എന്നിവ ഏതു മതക്കാരുടെ ഗ്രന്ഥങ്ങളാണ്- ജൈന
3066. ശ്രാവണബലഗോളയിലെ പ്രസിദ്ധമായ ഉത്സവം- മഹാമസ്തകാഭിഷേകം
3067. ഗാന്ധിജിയുടെ പിതാവ് വഹിച്ചിരുന്ന ഔദ്യോഗിക പദവി- പോർബന്തറിലെ ദിവാൻ
3068. ഡൽഹിയിലെ ആദ്യത്തെ (ഇന്ത്യാചരിത്രത്തിലെയും) മുസ്ലിം ഭരണാധികാരി -കുത്ബുദീൻ ഐബക്
3069. ഗാന്ധിജിയുടെ പ്രവർത്തനമേഖലയായിരുന്ന ദക്ഷിണാഫ്രിക്കൻ പ്രവിശ്യ- നേറ്റാൾ
3070. ക്രിക്കറ്റ് പന്തിന്റെ ഭാരം- 155.9 ഗ്രാമിനും 163 ഗ്രാമിനുമിടയിൽ
3071. ഇന്ത്യയുടെ ആദ്യത്തെ ഉപപ്രധാനമന്ത്രി- സർദാർ പട്ടേൽ
3072. മണിപ്പൂരിലെ ക്ലാസിക്കൽ നൃത്തരൂപം- മണിപ്പൂരി
3073. ഇന്ത്യയുടെ ആദ്യത്തെ കാലാവസ്ഥാ ഉപഗ്രഹം- മെറ്റ്സാറ്റ്
3074. ഡൽഹിക്കു സമീപംകാണുന്ന പ്രശസ്തമായ ഇരുമ്പ് തൂണ് നിർമിച്ചത് ഏത് ഭരണാധികാരിയുടെ കാലത്താണ്-ചന്ദ്രഗുപ്ത വിക്രമാദിത്യൻ
3075. മൗര്യഭരണസംവിധാനത്തിന്റെ മാന്വൽ എന്നു വിശേഷിപ്പിക്കപ്പെട്ട ഗ്രന്ഥം- അർഥശാസ്ത്രം
3076. അജ്ഞത ആനന്ദകരമാകുന്നിടത്ത് ബുദ്ധിമാനാകാൻ ശ്രമിക്കുന്നത് മൗഢ്യമാണ് എന്നു പറഞ്ഞതാര്- തോമസ് ഗ്രേ
3077. അംബരചുംബികളുടെ നഗരം എന്നറിയപ്പെടുന്നത്- ന്യൂയോർക്ക്
3078. ഇന്ത്യയിലെ ആദ്യത്തെ ടെലികോം ഇൻകുബേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചത് എവിടെയാണ്- കളമശ്ശേരിയിൽ
3079. അഡിസൺസ് രോഗം ഏതവയവത്തെ ബാധിക്കുന്നു- അഡ്രീനൽ ഗ്രന്ഥി
3080. ഇന്ത്യാ ഗവൺമെന്റിന്റെ ധനസഹായത്താൽ നിർമിക്കുന്ന ചുഖ പ്രോജക്ട് ഏത് രാജ്യത്താണ്- ഭൂട്ടാൻ
3081. ഏറ്റവും കിഴക്കായി സ്ഥിതി ചെയ്യുന്ന രാജ്യം- കിരിബാറ്റി
3082. മൗര്യവംശത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരി - അശോകൻ
3083. കാക്കേ കാക്കേ കൂടെവിടെ എന്ന ഗാനം രചിച്ചത്- ഉള്ളൂർ
3084. രാജ്യസഭാ ഉപാധ്യക്ഷനായ ആദ്യ മലയാളി- എം.എം.ജേക്കബ്ബ്
3085. വിനാഗിരിയിലെ ആസിഡ്- അസറ്റിക് ആസിഡ്
3086. സംഗീതജ്ഞനായിരുന്ന ഗുപ്തരാജാവ്-സമുദ്രഗുപ്തൻ
3087. വിപുലമായരീതിയിൽ നഗരഭരണസംവിധാനമൊരുക്കിയ മൗര്യഭരണാധികാരി- ചന്ദ്രഗുപ്തമൗര്യൻ
3088. രാജ്യസഭാംഗത്തിന്റെ കാലാവധി- ആറുവർഷം
3089. അഗ്നിശമനികളിൽ ഉപയോഗിക്കുന്ന വാതകം- കാർബൺ ഡയോക്സൈഡ്
3090. ഇറാനിലെ ഗ്രീൻ സാൾട്ട് പ്രോജക്ട് എന്നുമായി ബന്ധപ്പെട്ടിരിക്കുന്നു- യുറേനിയം സംസ്കരണം
3091. രണ്ടാം പഞ്ചവൽസര പദ്ധതിയുടെ ശിൽപി- പി.സി. മഹലനോബിസ്
3092. സംഗീതജ്ഞനെന്നും പേരുകേട്ട തിരുവിതാംകൂർ രാജാവ്- സ്വാതി തിരുനാൾ
3093. ഇംഗ്ലണ്ടിലെ മതപീഠനങ്ങളിൽനിന്ന് രക്ഷപ്പെടാൻ പതിനേഴാം നൂറ്റാണ്ടിൽ അമേരിക്കയിലേക്ക് കുടിയേറാനായി പോയ പിൽഗ്രിം ഫാദേഴ്സ് സഞ്ചരിച്ച കപ്പലിന്റെ പേര്- മെയ്ഫ്ളവർ
3094. മന്ത്രിസഭാംഗങ്ങളുടെ എണ്ണത്തിന്റെ കണക്ക് നിശ്ചയിക്കുന്നത്- ഭരണഘടന
3095. അഡ്രിയാറ്റിക്കിന്റെ റാണി - വെനീസ്

ചോദ്യങ്ങൾ പലത് ഉത്തരം 14

- ലോക്സഭയുടെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കുന്നതിന് പത്തിലൊന്നിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ പ്രസിഡന്റ് എത്ര ദിവസത്തിനുള്ളിൽ സഭ വിളിച്ചുചേർക്കണം
- കേരളത്തിൽ എത്ര ജില്ലാസഹകരണ ബാങ്കുകൾ ഉണ്ട്
- ഇന്ത്യൻ ഭരണഘടനയുടെ എത്രാമത്തെ ഭേദഗതിയിലൂടെയാണ് മുമ്പ് ഫ്രഞ്ചധീനതയിലായിരുന്ന പ്രദേശങ്ങൾക്ക് യൂണിയൻ ടെറിട്ടറി പദവി നൽകിയത്
- ഭരണഘടനയുടെ 86-ാം ഭേദഗതി പ്രകാരം എത്ര വയസ്സുവരെയുള്ള കുട്ടികൾക്കാണ് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകേണ്ടത്
- ഭൗമോപരിതലത്തിലെ ശരാശരി താപനില എത്ര ഡിഗ്രി സെൽഷ്യസ് ആണ്
- പി.എച്ച്.സ്കെയിലിലെ ഏറ്റവും ഉയർന്ന മൂല്യം എത്രയാണ്
- അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർഥിയായി മത്സരിക്കണമെങ്കിൽ ഏറ്റവും കുറഞ്ഞത് എത്ര വർഷമായി അമേരിക്കയിലെ സ്ഥിരതാമസക്കാരനായിരിക്കണം
- ഇന്ത്യൻ ഭരണഘടന പ്രകാരം എത്ര വയസ്സിനു താഴെയുള്ള കുട്ടികളെയാണ് അപകടകരമായ സാഹചര്യങ്ങളിൽ പണിയെടുപ്പിക്കുന്നത് നിയമവിധേയമല്ലാത്തത്
- 1969 ജൂലായ് 19-ന് ഇന്ദിരാഗാന്ധി ദേശസാത്കരിച്ച ബാങ്കുകളുടെ എണ്ണം

3096. ഒന്നാംലോക മഹായുദ്ധകാലത്ത് അമേരിക്കൻ പ്രസിഡണ്ടായിരുന്നത്- വുഡ്റോ വിൽസൺ
3097. സംഗീതത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വേദം- സാമവേദം
3098. ഒന്നിലധികം യൂറോപ്യൻ രാജ്യങ്ങളുടെ തലസ്ഥാനങ്ങളിലൂടെ ഒഴുകുന്ന നദി -ഡാന്യൂബ്
3099. കാൻഫെഡിന്റെ സ്ഥാപകൻ- പി.എൻ. പണിക്കർ
3100. കയ്യൂർ സമരം നടന്ന വർഷം- 1941
3101. കാൽപാദത്തിൽ മുട്ടവച്ച് അട നിൽക്കുന്ന പക്ഷി- പെൻഗ്വിൻ
3102. രാജ്യസഭാംഗങ്ങളുള്ള കേന്ദ്രഭരണപ്രദേശങ്ങൾ- ഡൽഹി (3), പുതുച്ചേരി (1)
3103. കൃഷ്ണദേവരായരുടെ സമകാലികനായിരുന്ന മുഗൾ ഭരണാധികാരി- ബാബർ
3104. കടലാസ് ആദ്യമായി ഉപയോഗിച്ച രാജ്യം- ചൈന
3105. ക്രിക്കറ്റിന്റെ ഉൽഭവം ഏതു രാജ്യത്തായിരുന്നു- ഇംഗ്ലണ്ട്
3106. ഇന്ത്യയിൽ ഇഖ്താ സമ്പ്രദായം നടപ്പിലാക്കിയതാര്- തുർക്കി സുൽത്താൻമാർ
3107. വൈശേഷിക ദർശനത്തിന്റെ ഉപജ്ഞാതാവ്- കണാദമുനി
3108. കടലിനടിയിലെ കൊടുമുടികൾകൂടി കണക്കാക്കുമ്പോൾ ലോകത്തിലെ ഏറ്റവും വലിയ കൊടുമുടി- മൗനാകി
3109. തിരുവിതാംകൂറിൽ വിശാഖം തിരുനാൾ രാജാവായത് ഏത് വർഷത്തിൽ- എ.ഡി.1880
3110. ആരുടെ ആസ്ഥാനകവിയായിരുന്നു ഭവഭൂതി- കനൗജിലെ യശോവർമൻ
3111. ഏറ്റവുമൊടുവിൽ രൂപവൽകൃതമായ അമേരിക്കൻ സ്റ്റേറ്റ്- ഹവായ് ദ്വീപുകൾ
3112. കേരളത്തിലാദ്യമായി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയ സ്ഥാപനം- മെഡിക്കൽ ട്രസ്റ്റ്, എറണാകുളം
3113. ഏതു രാജ്യത്തെ സൈനികനാണ് ടോമി അറ്റ്കിൻസ് എന്നറിയപ്പെടുന്നത്- ബ്രിട്ടൺ
3114. ആരുടെ ആത്മകഥയാണ് ജീവിത സമരം- സി.കേശവൻ
3115. കേരളത്തിലാദ്യമായി ടെലിഫോൺ സ്ഥാപിച്ചത്- തിരുവിതാംകൂർ കൊട്ടാരത്തിൽ (1931)
3116. ഓർത്തോഗ്രഫി എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു- ശരിയായ ഉച്ചാരണം
3117. വാൽഡസ് പെനിൻസുല ഏത് ഭൂഖണ്ഡത്തിന്റെ ഏറ്റവും താഴ്ന്ന ഭാഗമാണ്- തെക്കേ അമേരിക്ക

3118. കപ്പാർട്ടിന്റെ ആസ്ഥാനം- ന്യൂഡൽഹി
3119. കട്ടക്കയം എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്- ചെറിയാൻ മാപ്പിള
3120. സിഖുമതത്തിന്റെ രണ്ടാമത്തെ ഗുരു- അംഗദ്
3121. അഡ്രീനൽ ഗ്രന്ഥി സ്ഥിതി ചെയ്യുന്നത്- വൃക്കയുടെ മുകൾഭാഗത്ത്
3122. കേരളത്തിലാദ്യമായി മൊബൈൽ കോടതികൾ നിലവിൽ വന്നത്- തിരുവനന്തപുരം
3123. അംബാസഡർ കാർ ഫാക്ടറി സ്ഥിതിചെയ്യുന്ന ഉത്തരപുര ഏതു സംസ്ഥാനത്താണ്- പശ്ചിമബംഗാൾ
3124. ഇന്ത്യയിലെ ഏറ്റവും വലിയ കാർഷിക ഭൂവിഭാഗം- ഉത്തരഗംഗാസമതലം
3125. ഇന്ത്യയിൽ കൊട്ടാരങ്ങളുടെ നഗരം എന്നറിയപ്പെടുന്നത്- കൊൽക്കത്ത
3126. മൗര്യവംശം സ്ഥാപിച്ചത്- ചന്ദ്രഗുപ്തമൗര്യൻ
3127. കേന്ദ്രസർക്കാരിന്റെ നിർമൽ ഗ്രാമ പുരസ്കാരം നേടിയ ആദ്യത്തെ പഞ്ചായത്ത്- പീലിക്കോട് (കാസർകോട് ജില്ല)
3128. ഏത് സംഘടനയുടെ മുഖപത്രമാണ് സർവീസ്- എൻഎസ്എസ്
3129. നിവർത്തനപ്രക്ഷോഭ കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്നത്- സി.കേശവൻ
3130. വക്കം മൗലവിയുടെ ജന്മസ്ഥലം ഏത് ജില്ലയിലാണ്- തിരുവനന്തപുരം
3131. ഏത് സംഘടനയുടെ മുഖപത്രമാണ് യോഗനാദം- എസ്എൻഡിപി യോഗം
3132. ഗാന്ധിജിയുടെ ക്ഷണപ്രകാരം 1912-ൽ ദക്ഷിണാഫ്രിക്ക സന്ദർശിച്ച നേതാവ്-ഗോപാലകൃഷ്ണ ഗോഖലെ
3133. കേന്ദ്രമന്ത്രിയായ ആദ്യ മലയാളി- ഡോ.ജോൺ മത്തായി
3134. വൈജയന്ത, അർജുൻ തുടങ്ങിയ ടാങ്കുകൾ നിർമിച്ചതെവിടെയാണ്- ആവഡി
3135. അഡ്വക്കേറ്റ് ജനറലിനെ നിയമിക്കുന്നതാര്- ഗവർണർ
3136. ഇന്ത്യയുടെ ആദ്യത്തെ വനിതാ വിദേശകാര്യ സെക്രട്ടറി- ചൊക്കില അയ്യർ
3137. മണിബില്ലിനെക്കുറിച്ച് പ്രതിപാദിക്കുന്നത്- ആർട്ടിക്കിൾ 110
3138. റഫ്ളീഷ്യ പൂവ് ഏറ്റവും കൂടുതൽ കാണുന്ന രാജ്യം- മലേഷ്യ
3139. മൗര്യസാമ്രാജ്യ തലസ്ഥാനം - പാടലീപുത്രം
3140. ഉള്ളിയുടെ ഭക്ഷ്യയോഗ്യമായ ഭാഗം- കാണ്ഡം
3141. എനർജി ആക്ടിവേഷൻ ആക്ട് ഇന്ത്യയിൽ നിലവിൽവന്നതെന്ന്- 2002 മാർച്ച്
3142. ഏറ്റവും ഉയരം കൂടിയ പൂവ്- ടൈറ്റൻ ആം
3143. അണു സംഖ്യ എന്ന ആശയം ആദ്യമായി മുന്നോട്ടുവച്ച ശാസ്ത്രജ്ഞൻ- ഹെൻറി മോസ്‌ലി
3144. ഇന്ത്യയിൽ ഐ.എ.എസ്.ഉദ്യോഗസ്ഥർക്കു പരിശീലനം നൽകുന്ന സ്ഥാപനം എവിടെയാണ്- മസൂറി
3145. ലിബിയയിലെ നാണയം- ദിനാർ
3146. ശിശുപാലവധം രചിച്ചതാര്- മാഘൻ
3147. കിഷൻഗഢ് പെയിന്റിങ് ഏതു സംസ്ഥാനത്താണ് ഉൽഭവിച്ചത്- രാജസ്ഥാൻ
3148. എസ്.കെ. പൊറ്റക്കാട്ടിന്റെ പൂർണനാമം- ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റക്കാട്ട്
3149. കൃഷ്ണദേവരായരുടെ ആസ്ഥാനകവി- അല്ലസാനി പെദ്ദന
3150. ആരുടെ അംബാസഡറായിട്ടാണ് തോമസ് റോ ഇന്ത്യയിലെത്തിയത്- ജെയിംസ് ഒന്നാമൻ
3151. അന്തരീക്ഷ വായുവിൽ ആർഗണിന്റെ അളവ്- 0.9 ശതമാനം
3152. അന്തരീക്ഷമർദം അളക്കുന്ന ഉപകരണം- ബാരോമീറ്റർ
3153. അണുനാശകങ്ങളുടെ ഉപയോഗം കണ്ടെത്തിയത്- ജോസഫ് ലിസ്റ്റർ
3154. കൃഷ്ണദേവരായരുടെ കാലത്തെ വിജയനഗരത്തെപ്പറ്റി പ്രതിപാദിക്കുന്ന പോർച്ചുഗീസുകാർ- ദുർവാത്തെ ബർബോസ, ഡൊമിനിഗോസ് പയസ്
3155. കടന്നുകയറ്റത്തെ തടഞ്ഞ അതേ വികാരത്തോടും ശക്തിയോടുംകൂടി ഇനി നമ്മൾ സമാധാനത്തിനായി പൊരുതണം എന്നു പറഞ്ഞത്- ലാൽ ബഹാദൂർശാസ്ത്രി
3156. കടൽ പിറകോട്ടിയ കുട്ടുവൻ എന്നറിയപ്പെട്ട രാജാവ്- ചേരൻ ചെങ്കുട്ടുവൻ
3157. ശിവസേന ഏതു സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷിയാണ് -മഹാരാഷ്ട്ര

CONFUSING FACTS

- വേദങ്ങളിലേക്ക് മടങ്ങൂ എന്നു പറഞ്ഞത് ദയാനന്ദ് സരസ്വതിയാണ്. ഗീതയിലേക്ക് മടങ്ങൂ എന്ന് ആഹ്വാനം ചെയ്തത് സ്വാമി വിവേകാനന്ദനാണ്.
- അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് രചിച്ചത് വി.ടി.ഭട്ടതിരിപ്പാട് ആണ്. അടുക്കളയിൽനിന്ന് പാർലമെന്റിലേക്ക് രചിച്ചത് ഭാരതി ഉദയഭാനു ആണ്.
- 1931-ൽ യാചനയാത്ര നയിച്ചത് വി.ടി. ഭട്ടതിരിപ്പാട്. എ.കെ. ഗോപാലൻ പട്ടിണി ജാഥ നയിച്ചത് 1936-ൽ.

3158. കടൽത്തീരത്തിന്റെ നീളത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ആന്ധ്രാപ്രദേശിന്റെ സ്ഥാനം - രണ്ടാംസ്ഥാനം
3159. കടൽജലത്തിൽനിന്നും ശുദ്ധജലം തയ്യാറാക്കുന്ന രീതി- ഡിസ്റ്റിലേഷൻ
3160. ഷാനോ വരുണ ഏതിന്റെ ആപ്തവാക്യമാണ്- ഇന്ത്യൻ നേവി
3161. ഷിർദ്ദിസായി ബാബയുടെ ജന്മസ്ഥലമായ ഷിർദ്ദി ഏത് സംസ്ഥാനത്താണ്- മഹാരാഷ്ട്ര
3162. ഖിൽജി വംശം സ്ഥാപിച്ചതാര്- ജലാലുദ്ദീൻ ഖിൽജി
3163. ഏറ്റവും നീളമുള്ള പാമ്പ്- റെട്ടിക്കുലേറ്റഡ് പൈത്തൺ
3164. ഖിൽജി സുൽത്താൻമാർ ഏതു വംശജരായിരുന്നു- തുർക്കി
3165. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ ആദ്യത്തെ മലയാള നോവൽ- ചെമ്മീൻ (1957)
3166. വൈലോപ്പിള്ളിക്ക് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി- മകരക്കൊയ്ത്ത്
3167. കേരള നിയമസഭയിൽ അംഗമായി സത്യപ്രതിജ്ഞ ചെയ്ത ആദ്യ വനിത -റോസമ്മാ പുന്നൂസ്(1957 ഏപ്രിൽ 10)
3168. ഏറ്റവും നിഷ്ഠുരനായ മുഗൾ ചക്രവർത്തി എന്നു വിശേഷിപ്പിക്കപ്പെട്ടത്- ഔറംഗസീബ്
3169. ഖിൽജിവംശത്തിന്റെ തകർച്ചയ്ക്കു കാരണക്കാരൻ എന്നറിയപ്പെടുന്ന ഖിൽജി സൈന്യാധിപൻ- മാലിക് കാഫർ
3170. ഖിൽജിവംശത്തിലെ അവസാനത്തെ ഭരണാധികാരി- നാസിറുദ്ദീൻ ഖുസ്റു ഷാ
3171. സ്പേസ് ഷട്ടിൽ അയച്ച ആദ്യ ഏഷ്യൻ രാജ്യം- ചൈന
3172. സ്പോണ്ടിലൈറ്റിസ് ഏതവയവത്തെയാണ് ബാധിക്കുന്നത് - നട്ടെല്ല്
3173. സ്തീകളെക്കാൾ പുരുഷൻമാർ എണ്ണത്തിൽ കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം- കേരളം
3174. ഗണപതി ഉൽസവത്തെ ജനകീയമാക്കിയ സ്വാതന്ത്ര്യസമര നായകൻ- ബാലഗംഗാധര തിലകൻ
3175. സംബൽപ്പൂർ ഏത് നദിയുടെ തീരത്താണ്- മഹാനദി
3176. സ്കാൻഡിനേവിയ എന്നറിയപ്പെടുന്ന പ്രദേശത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങൾ- നോർവേ, സ്വീഡൻ, ഡെന്മാർക്ക്
3177. സംരക്ഷക പ്രഭു എന്നറിയപ്പെട്ടത്- ഒളിവർ ക്രോംവെൽ
3178. അന്തരീക്ഷമില്ലായെങ്കിൽ ആകാശത്തിന്റെ നിറമെന്തായിരിക്കും - കറുപ്പ്
3179. അഗ്നിയുടെ ദ്വീപ് എന്നറിയപ്പെടുന്ന രാജ്യം- ഐസ്‌ലൻഡ്
3180. ഗംഗ,യമുന, സരസ്വതി നദികളുടെ സംഗമം ഏതു സംസ്ഥാനത്താണ്- ഉത്തർ പ്രദേശ്
3181. സംഗീതരത്നാകരം രചിച്ചത്- ശാർങ്ധരൻ
3182. രാജ്യസഭയ്ക്കു തുല്യമായ ഇംഗ്ലീഷ് പേര്- കൗൺസിൽ ഓഫ് സ്റ്റേറ്റ്സ്
3183. ശാസ്ത്രീയമായ മുയൽ വളർത്തൽ അറിയപ്പെടുന്ന പേര്- കൂണികൾച്ചർ
3184. അന്താരാഷ്ട്ര നാണയനിധിയുടെ ആസ്ഥാനം- വാഷിങ്ടൺ
3185. കടലിന്റെ ആഴമളക്കുന്ന യൂണിറ്റ്- ഫാതം
3186. അമുക്തമാല്യഡ രചിച്ചത്- കൃഷ്ണദേവരായർ
3187. കേരളത്തിന്റെ ഏറ്റവും വടക്കേയറ്റത്തെ കായൽ- ഉപ്പളക്കായൽ
3188. അൾജീരിയ കഴിഞ്ഞാൽ ഏറ്റവും വലിയ അറബ് രാജ്യം -സൗദി അറേബ്യ
3189. പ്ലാസിയുദ്ധകാലത്ത് ബംഗാളിലെ നവാബ്- സിറാജ് ഉദ് ദൗള
3190. കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്തെ ശുദ്ധജലതടാകം-വെള്ളായണിക്കായൽ
3191. ഗുജറാത്തിലെ പ്രധാന വിമാനത്താവളം- അഹമ്മദാബാദ്

3192. ആരുടെ വധമാണ് ദീപാവലിയിലൂടെ ആഘോഷിക്കുന്നത്- നരകാസുരൻ
3193. കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്തെ താലൂക്ക് -നെയ്യാറ്റിൻകര
3194. ഇന്ത്യ സന്ദർശിച്ച ആദ്യ അമേരിക്കൻ പ്രസിഡണ്ട്- ഐസനോവർ
3195. ഏറ്റവും നീളമുള്ള ഇതിഹാസം- മഹാഭാരതം
3196. സംവാദ് കൗമുദി എന്ന പത്രം സ്ഥാപിച്ചത് - രാജാറാം മോഹൻ റോയ്
3197. കേരളത്തിന്റെ വടക്കേയറ്റത്തുള്ള അസംബ്ളി മണ്ഡലം - മഞ്ചേശ്വരം
3198. കേരളത്തിന്റെ ഏറ്റവും വടക്കേയറ്റത്തുള്ള താലൂക്ക് - കാസർകോട്
3199. ഇന്ത്യ വിൻസ് ഫ്രീഡം (ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു)എന്ന പുസ്തകം രചിച്ചത്- മൗലാനാ അബുൾ കലാം ആസാദ്
3200. സംഖ്യകൾ ലോകത്തെ ഭരിക്കുന്നു എന്നു പറഞ്ഞത് - പൈഥഗോറസ്
3201. ഇന്ത്യയിൽ രണ്ടു സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിയായ ആദ്യ വ്യക്തി- എൻ.ഡി.തിവാരി
3202. വൈദ്യശാസ്ത്രത്തിൽ ആദ്യമായി നൊബേൽ സമ്മാനം നേടിയത്- എമിൽ അഡോൾഫ് ബെറിങ്
3203. സംഖ്യാദർശനത്തിന്റെ ഉപജ്ഞാതാവ്- കപിലൻ
3204. കേരളത്തിൽനിന്നു ലഭിച്ചിട്ടുള്ള ഏറ്റവും പഴയ ശാസനം- വാഴപ്പള്ളി ശാസനം
3205. പ്ലാന്റേഷൻ കോർപ്പറേഷന്റെ ആസ്ഥാനം- കോട്ടയം
3206. തിരുവിതാംകൂറിൽ ഗൗരിലക്ഷ്മിഭായി ഭരണമേറ്റെടുത്തത് ഏത് വർഷത്തിൽ- എ.ഡി.1810
3207. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്നത് - തൃശ്ശൂർ
3208. എല്ലാ ഗ്രാമങ്ങളിലും വൈദ്യുതി ലഭ്യമാക്കിയ ആദ്യ സംസ്ഥാനം- ഹരിയാന
3209. ഓർണിത്തോളജി എന്തിനെക്കുറിച്ചുള്ള പഠനമാണ്- പക്ഷികൾ
3210. കേരളത്തിൽ ഏറ്റവും കൂടുതൽകാലം മന്ത്രിയായ വനിത - കെ.ആർ.ഗൗരിയമ്മ
3211. പ്ലാസ്റ്റർ ഓഫ് പാരീസിൻെറ രാസനാമം- കാൽസ്യം സൽഫേറ്റ്
3212. ആരുടെ വിദ്വൽസദസ്സായിരുന്നു കുന്നലക്കോനാതിരിമാർ- സാമൂതിരി
3213. രാജ്യസഭയുടെ ആദ്യത്തെ അധ്യക്ഷൻ - ഡോ. എസ്. രാധാകൃഷ്ണൻ
3214. കേരളത്തിലെ നദികളിൽ ഏറ്റവും കൂടുതൽ ജലവൈദ്യുത പദ്ധതികൾ ഉള്ളത്- പെരിയാർ
3215. വാണ്ടല്ലൂർ സുവോളജിക്കൽ പാർക്ക് ഏതു സംസ്ഥാനത്ത്- തമിഴ്നാട്
3216. ഗംഗയുടെ ഉൽഭവസ്ഥാനം- ഗംഗോത്രി
3217. കട്ടക് നഗരം ഏതുനദിയുടെ തീരത്താണ് മഹാനദി
3218. ഗംഗയുടെ പോഷകനദികളിൽ ഏറ്റവും നീളം കൂടിയത്- യമുന
3219. പ്ലാസിയുദ്ധത്തിൽ വിജയിക്കാൻ റോബർട്ട് ക്ലൈവിനെ സഹായിച്ചത്- മിർ ജാഫർ
3220. 2002-ൽ ഏറ്റവും മഹാനായ ബ്രിട്ടീഷുകാരനായി ബി.ബി.സി. തിരഞ്ഞെടുത്തതാരെയാണ്-സർ വിൻസ്റ്റൺ ചർച്ചിൽ
3221. കരിമ്പിൻ ചാറിൽ അടങ്ങിയിരിക്കുന്ന പഞ്ചസാര- സുക്രോസ്
3222. 2005 ഒക്ടോബറിൽ വിവരാവകാശനിയമം നടപ്പിൽ വരാത്ത സംസ്ഥാനം- ജമ്മു കാശ്മീർ
3223. കരിമണലിൽനിന്ന് ലഭിക്കുന്ന പ്രധാനധാതു- ഇൽമനൈറ്റ്, മോണസൈറ്റ്
3224. വി.കെ.കൃഷ്ണമേനോൻ മ്യൂസിയം എവിടെയാണ്- കോഴിക്കോട്
3225. ഓർഡിനൻസിന്റെ കാലാവധി- 6 മാസം
3226. രാജ്യസഭയുടെ ആദ്യത്തെ ഉപാധ്യക്ഷൻ- എസ്.വി.കൃഷ്ണമൂർത്തി
3227. സ്മാൾ പോക്സ് വാക്സിൻ കണ്ടുപിടിച്ചത്- എഡ്വേർഡ് ജന്നർ
3228. കേപ്പ് കെന്നഡി ഉപഗ്രഹവിക്ഷപണകേന്ദ്രം എവിടെയാണ്- ഫ്ളോറിഡ (യു.എസ്.എ.)
3229. കേരള നിയമസഭയിൽ ഉപതിരഞ്ഞെടുപ്പിലൂടെ സ്വന്തം സീറ്റ് നിലനിർത്തിയ ആദ്യ വനിത -റോസമ്മാ പുന്നൂസ്

ചോദ്യങ്ങൾ പലത് ഉത്തരം 14

- സിലിക്കണിന്റെ അണുസംഖ്യ
- മണി ബിൽ എത്ര ദിവസത്തിനുള്ളിലാണ് രാജ്യസഭ തിരികെ
- എത്രാമത്തെ ഭരണഘടനാ അനുച്ഛേദമാണ് നിയമത്തിനു മുന്നിൽ തുല്യതയെക്കുറിച്ച് പ്രതിപാദിക്കുന്നത്
- സംസ്ഥാന പുനസ്സംഘടന നിയമ പ്രകാരം 1956-ൽ നിലവിൽവന്ന സംസ്ഥാനങ്ങളുടെ എണ്ണം
- ജൈനമതഗ്രന്ഥങ്ങളായ പൂർവങ്ങൾ എത്രയെണ്ണമുണ്ട്
- 1929ൽ പാസാക്കിയ ശാരദാ ആക്ട്പ്രകാരം പെൺകുട്ടികളുടെ വിവാഹപ്രായം എത്രയായി ഉയർത്തി
- പ്രസിഡന്റിനെ ഇംപീച്ച് ചെയ്യുന്നതിനുള്ള പ്രമേയം അവതരിപ്പിക്കുന്നതിന് എത്ര ദിവസത്തെ മുൻകൂർ നോട്ടീസാണ് നൽകേണ്ടത്
- കേരള നിയമസഭയുടെ കോറം എത്രയാണ്
- ഏറ്റവും കൂടുതൽ ഓസ്കർ നോമിനേഷനുകൾ നേടിയ രണ്ടു ചിത്രങ്ങളാണ് All About Eve (1950), Titanic (1997) എന്നിവ. എത്ര വീതം
- ആദ്യത്തെ ആധുനിക സമ്മർ ഒളിമ്പിക്സിൽ (1896) എത്ര രാജ്യങ്ങൾ പങ്കെടുത്തു
- ഇന്ത്യൻ ഭരണഘടനയുടെ തുടക്കത്തിൽ എട്ടാം പട്ടികയിലുണ്ടായിരുന്ന ഭാഷകളുടെ എണ്ണം
- ഇന്ത്യൻ പാർലമെന്റിലെ (ലോക്സഭയും രാജ്യസഭയും ഉൾപ്പെടെ) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ എണ്ണം
- മനുഷ്യന്റെ മുഖത്തെ അസ്ഥികളുടെ എണ്ണം

3230. വൈദ്യുത പ്രവാഹത്തിന്റെ സാന്നിദ്ധ്യം അറിയാനുള്ള ഉപകരണം- ഗാൽവനോമീറ്റർ
3231. സ്മാർത്തവിചാരം എന്തിനുള്ള വിചാരണയാണ്- സദാചാരലംഘനം
3232. ലാൽ ബഹാദൂർ ശാസ്ത്രി അന്ത്യവിശ്രമം കൊള്ളുന്നത്- വിജയ്ഘട്ടിൽ
3233. വി.ടി.ഭട്ടതിരിപ്പാടിന്റെ പൂർണനാമം- വെള്ളിത്തിരുത്തി താഴത്തു മനയ്ക്കൽ രാമൻ ഭട്ടതിരിപ്പാട്
3234. ലക്ഷദ്വീപ് ഗ്രൂപ്പിലെ ഏറ്റവും ജനസംഖ്യ കൂടിയ ദ്വീപ്- കവരത്തി
3235. ഒന്നാം ലോകമഹായുദ്ധം അവസാനിക്കുമ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത്- ലോയ്ഡ് ജോർജ് (1916-22)
3236. വടക്കേ അമേരിക്കയിലെ ഏറ്റവും വിസ്തീർണം കൂടിയ രാജ്യം - കാനഡ
3237. ലാൻസ് ഗിബ്സ് എന്ന ക്രിക്കറ്റർ ഏതു രാജ്യക്കാരനാണ്- വെസ്റ്റ് ഇൻഡീസ്
3238. ആരുടെ ശവകുടീരമാണ് ഗോൾഗുംബാസ്- മുഹമ്മദ് ആദിൽഷാ
3239. സ്റ്റാച്യു ഓഫ് ലിബർട്ടിയുടെ സ്ട്രക്ചറൽ എഞ്ചിനീയർ- ഗുസ്താവ് ഈഫൽ
3240. മധ്യകാലഘട്ടത്തിൽ ഇന്ത്യയിൽനിന്ന് ഹജ്ജ് യാത്രികർ പുറപ്പെട്ടിരുന്ന തുറമുഖം -സൂറത്ത്
3241. ഏറ്റവുമൊടുവിൽ ഗാന്ധിജിയെ സന്ദർശിച്ച പ്രമുഖനേതാവ്- സർദാർ പട്ടേൽ
3242. സ്ത്രൈണതയ്ക്കു കാരണമായ ഹോർമോൺ- ഈസ്ട്രജൻ
3243. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി- ഹാരോൾഡ് മാക് മില്ലൻ
3244. ഒന്നാം കേരളനിയമസഭയിൽ ഇ.എം.എസ്.പ്രതിനിധാനം ചെയ്ത മണ്ഡലം- നീലേശ്വരം
3245. കാർബണിന്റെ അളവ് ഏറ്റവും കൂടുതലുള്ള കൽക്കരിയുടെ വകഭേദം- ആന്ത്രസൈറ്റ്
3246. വടക്കുകിഴക്കൻ ഇന്ത്യയിലെ സപ്തസോദരിമാർ എന്നറിയപ്പെടുന്ന സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ വിസ്തീർണമുള്ളത്- അരുണാചൽ പ്രദേശ്

3247. അല്ലാമ ഇക്ബാൽ ഇന്റർനാഷണൽ എയർപോർട്ട് എവിടെയാണ് -ലാഹോർ
3248. വടക്കുനോക്കിയന്ത്രം ആദ്യമായി ഉപയോഗിച്ച രാജ്യം- ചൈന
3249. ഒപ്പെക്കിന്റെ ആസ്ഥാനം - വിയന്ന
3250. വടക്കേ അമേരിക്കയിൽ റോക്കി പർവതത്തിൽനിന്നു വീശുന്ന ഉഷ്ണക്കാറ്റ്- ചിനൂക്ക്
3251. കാർ ബാറ്ററിയിൽ ഉപയോഗിക്കുന്ന ലോഹം- ലെഡ് (ഈയം)
3252. സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച ആദ്യത്തെ ഇംഗ്ളീഷ് സാഹിത്യകാരൻ- റുഡ്യാർഡ് കിപ്ലിങ്
3253. കപ്പലോട്ടിയ തമിഴൻ എന്നറിയപ്പെട്ടത്-വി.ഒ.ചിദംബരം പിള്ള
3254. വടക്കേ അമേരിക്കയെയും തെക്കേ അമേരിക്കയെയും വേർതിരിക്കുന്നത്- പനാമ കനാൽ
3255. കത്തീഡ്രൽ സിറ്റി ഓഫ് ഇന്ത്യ എന്നറിയപ്പെടുന്നത് - ഭുവനേശ്വർ
3256. കപ്പൽമാർഗം ആറു പ്രാവശ്യം ഇന്ത്യയിൽ വരികയും ഷാജഹാന്റെയും ഔറംഗസീബിന്റെയും കാലത്തെപ്പറ്റി വിവരിച്ചെഴുതുകയും ചെയ്ത ഫ്രഞ്ചുകാരൻ- ജീൻ ബാപ്റ്റിസ്റ്റ് ടവേണിയർ
3257. വിക്രമാങ്കദേവചരിതം രചിച്ചത് - ബിൽഹണൻ
3258. മധ്യപ്രദേശിലെ മലഞ്ച്ഖണ്ഡ് ഖനി ഏത് ലോഹത്തിനാണ് പ്രസിദ്ധം-ചെമ്പ്
3259. അൽഷിമേഴ്സ് രോഗം ഏതവയവത്തെയാണ് ബാധിക്കുന്നത്- മസ്തിഷ്കം
3260. 1840 ലെ കറുപ്പ് യുദ്ധത്തിൽ ചൈനയെ തോൽപിച്ചത്- ബ്രിട്ടൺ
3261. ഒന്നിലധികം ലോക്സഭാംഗങ്ങളുള്ള കേന്ദ്രഭരണപ്രദേശം- ഡൽഹി
3262. വന്നു കണ്ടു കീഴടക്കി ഈ വാക്കുകൾ ആരുമായി ബന്ധപ്പെട്ടിരിക്കുന്നു- ജൂലിയസ് സീസർ
3263. ഒൻപതാമത്തെ സിഖ് ഗുരുവായ തേജ് ബഹാദൂറിനെ വധിച്ചത് (എ.ഡി.1675)- ഔറംഗസീബ്
3264. സിഖുകാരുടെ ആരാധനാലയം- ഗുരുദ്വാര
3265. വൻകര വിസ്ഥാപന സിദ്ധാന്തത്തിന് രൂപം നൽകിയത്- ആൽഫ്രഡ് വെഗ്നർ
3266. സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നത്- കുരുമുളക്
3267. അമരാവതിയും നാഗാർജുനകോണ്ടയും ഏതു മതവുമായി ബന്ധപ്പെട്ടാണ് പ്രസിദ്ധം- ബുദ്ധമതം
3268. ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിന്റെ ആസ്ഥാനം-ആലുവ
3269. ഗവർണറുടെ അസാന്നിദ്ധ്യത്തിൽ ചുമതല നിർവഹിക്കുന്നത്- ഹൈക്കോടതി ചീഫ് ജസ്റ്റിസ്
3270. സഖാക്കളേ മുന്നോട്ട് എന്ന സന്ദേശം നൽകിയ പ്രശസ്തനായ കമ്യൂണിസ്റ്റ് നേതാവ്- പി.കൃഷ്ണപിള്ള
3271. അമരിഗോ വെസ്പുച്ചി ജനിച്ച രാജ്യം- ഇറ്റലി
3272. സാഹിത്യത്തിനുള്ള നൊബേലിനർഹനായ ഇംഗ്ലീഷ് ഗണിതശാസ്ത്രജ്ഞൻ- ബെർട്രാൻഡ് റസൽ
3273. ഹിറ്റ്ലർ ജർമനിയിൽ അധികാരത്തിൽ വന്ന വർഷം- 1933
3274. സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപാദനത്തിൽ മുന്നിട്ടുനിൽക്കുന്ന കേരളത്തിലെ ജില്ലകൾ- ഇടുക്കി, വയനാട്
3275. ഹിറ്റ്ലറും മുസ്സോളിനിയും മരണമടഞ്ഞ വർഷം- 1945
3276. സാഹിത്യനൊബേൽ സമ്മാനം ലഭിച്ച ആദ്യ റഷ്യക്കാരൻ- ഇവാൻ ബുനിൻ(1933)
3277. ഗവൺമെന്റ് സർവീസ് വിഭാഗത്തിൽ മഗ്സസേ അവാർഡ് ഇന്ത്യയിൽനിന്നും ആദ്യമായി നേടിയത്- സി.ഡി.ദേശ്മുഖ് (1959)
3278. ഗാന്ധാരകല ഏതൊക്കെ കലകളുടെ സംഗമമാണ്- ഗ്രീക്ക്- ഭാരതം
3279. ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ ഫലമായി രൂപംകൊണ്ട ഭാഷ- ഉർദു
3280. കരീബിയൻ രാഷ്ട്രങ്ങളിൽവച്ച് ഏറ്റവും വലുത്- ക്യൂബ
3281. ശരീരത്തിൽ കഴുത്തിനു കീഴ്പോട്ടുള്ള ഭാഗത്തെ റിഫ്ളകസ് ആക്ഷൻ നിയന്ത്രിക്കുന്നത്- സ്പൈനൽ കോർഡ്
3282. സർദാർ പട്ടേൽ ഇന്റർ നാഷണൽ വിമാനത്താവളം എവിടെയാണ്- അഹമ്മദാബാദ്
3283. സിന്ധു നദീതടസംസ്കാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത- നഗരാസൂത്രണം
3284. ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷന്റെ ആസ്ഥാനം -വാഷിംഗ്ടൺ ഡി.സി.

CONFUSING FACTS

- രാജീവ് ഗാന്ധി വധത്തിനു പിന്നിലെ സുരക്ഷാ പാളിച്ചയെക്കുറിച്ച് അന്വേഷിച്ചത് ജയിൻ കമ്മീഷനാണ്. രാജീവ് ഗാന്ധി വധത്തിനു പിന്നിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിച്ചത് വർമ കമ്മീഷനാണ് .
- ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്ക് അയയ്ക്കുന്ന നയതന്ത്ര പ്രതിനിധിയാണ് അംബാസഡർ. എന്നാൽ, കോമൺവെൽത്ത് രാജ്യങ്ങൾ പരസ്പരം അയയ്ക്കുന്ന നയതന്ത്ര പ്രതിനിധിയാണ് ഹൈക്കമ്മീഷണർ.
- ഇംഗ്ലണ്ടിലെ റണ്ണിമീഡിൽ ജോൺ രണ്ടാമൻ രാജാവ് 1215 -ൽ ഒപ്പുവെച്ച മാഗ്നാകാർട്ടയാണ് മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നത് ഭരണകൂടത്തിന്റെ ബാധ്യതയാക്കിക്കൊണ്ടുള്ള ആദ്യരേഖ. മനുഷ്യാവകാശം സംബന്ധിച്ച ആദ്യത്തെ ആഗോളരേഖ 1945 ജൂൺ 26-ന് സാൻഫ്രാൻസിസ്കോയിൽ അംഗീകരിക്കപ്പെട്ട ഐക്യരാഷ്ട്രസഭ ചാർട്ടർ ആണ്.

3285. ശരീരത്തിൽ കടന്നുകൂടുന്ന വിഷവസ്തുക്കൾ നശിപ്പിക്കാൻ നിയുക്തമായ അവയവം- കരൾ
3286. ഇന്ത്യയിലെ ഏറ്റവും വലിയ ബുദ്ധമത മൊണാസ്റ്ററി- തവാങ്
3287. രാഷ്ട്രപതി പ്രഥമ ഇ.എം.എസ് മന്ത്രിസഭയെ പിരിച്ചുവിട്ട തീയതി -1959 ജൂലൈ 31
3288. ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സിന്റെ ആസ്ഥാനം -വാഷിംഗ്ടൺ ഡി.സി.
3289. ഇന്ത്യയിലെ ഏറ്റവും വലിയ ഗുരുദ്വാര-സുവർണക്ഷേത്രം
3290. ഓസ്കർ ശില്പം രൂപകൽപന ചെയ്തത്- സെഡ്രിക് ഗിബ്ബൺസ്
3291. ശരീരത്തിൽ രക്തകോശങ്ങൾ നിർമിക്കുന്നതെവിടെ- മജ്ജയിൽ
3292. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ചൈനീസ് സഞ്ചാരി- ഫാഹിയാൻ
3293. സ്വാമി ചിന്മയാനന്ദന്റെ പൂർവാശ്രമത്തിലെ പേര്- ബാലകൃഷ്ണമേനോൻ
3294. ഗ്വാളിയോർ മുമ്പു ഭരിച്ചിരുന്ന രാജവംശം- സിന്ധ്യ
3295. നിർവൃതി പഞ്ചകം രചിച്ചത്-ശ്രീനാരായണഗുരു
3296. നായർ സർവീസ് സൊസൈറ്റിയുടെ ആദ്യ സ്കൂൾ സ്ഥാപിച്ച സ്ഥലം- കറുകച്ചാൽ
3297. നിവർത്തനപ്രക്ഷോഭത്തിന്റെ മുഖപത്രമായിരുന്നത്- കേരളകേസരി
3298. നായർ സർവീസ് സൊസൈറ്റി എന്ന പേരു നിർദ്ദേശിച്ചത്- കെ.പരമുപിള്ള
3299. മധ്യപ്രദേശിൽ എവിടെയാണ് ആൽക്കലോയ്ഡ് ഫാക്ടറി സ്ഥിതി ചെയ്യുന്നത്- നീമച്ച്
3300. ലാഹോറിൽ ബാദ്ഷാഹി മോസ്ക് നിർമിച്ചത്- ഔറംഗസീബ്
3301. 1857ലെ വിപ്ലവത്തിന്റെ പരാജയശേഷം ബ്രിട്ടീഷുകാർ ബഹദൂർഷാ രണ്ടാമനെ എവിടെക്കാണ് നാടുകടത്തിയത്- മ്യാൻമർ(ബർമ)
3302. സിഖുകാർ ഏറ്റവും പവിത്രമായി കണക്കാക്കുന്ന ആരാധനാലയം- അമൃത്സറിലെ സുവർണക്ഷേത്രം
3303. കൺഫ്യൂഷ്യനിസം ഏതുരാജ്യത്താണ് പ്രചരിച്ചത്- ചൈന
3304. ഏതു രാജ്യത്തെ സ്വാതന്ത്ര്യ പ്രസ്ഥാനമാണ് മൗ മൗ- കെനിയ
3305. ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ മാധ്യമം ഇംഗ്ലീഷ് ആക്കിയ ഗവർണർ ജനറൽ- വില്യം ബെന്റിക്
3306. ഒന്നാം ലോക്സഭയിലെ മണ്ഡലങ്ങൾ- 489
3307. ലാൽ ബഹാദൂർ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷന്റെ ആസ്ഥാനം- മുസൂറി
3308. ആരുടെ ആത്മഹത്യയിൽ മനംനൊന്താണ് ചങ്ങമ്പുഴ രമണൻ രചിച്ചത്- ഇടപ്പള്ളി രാഘവൻപിള്ള
3309. ഏറ്റവും നീളമുള്ള കാലുകളുള്ള പക്ഷി- കരിഞ്ചിറകൻ പവിഴക്കാലി
3310. ആരുടെ വിവിധ ജന്മങ്ങളെക്കുറിച്ചാണ് ജാതകകഥകളിൽ പ്രതിപാദിച്ചിരിക്കുന്നത്- ശ്രീബുദ്ധന്റെ
3311. ശരീരത്തിലെ ബയോളജിക്കൽ ക്ലോക്ക് എന്നറിയപ്പെടുന്ന ഗ്രന്ഥി - പീനിയൽ ഗ്രന്ഥി

3312. സ്വീഡനിലെ പാർലമെന്റ് - റിക്സ്ഡാഗ്
3313. ഹിന്ദു വ്യൂ ഓഫ് ലൈഫ് , ഇന്ത്യൻ ഫിലോസഫി എന്നീ കൃതികൾ രചിച്ചത്- ഡോ. രാധാകൃഷ്ണൻ
3314. സ്വാതന്ത്ര്യസമരചരിത്രത്തിലെ ബോസ് സഹോദരൻമാർ ആരെല്ലാം- ശരത്ചന്ദ്രബോസും സുഭാഷ് ചന്ദ്രബോസും
3315. സ്വാതന്ത്ര്യസമരചരിത്രം അടിസ്ഥാനമാക്കി നിർമിച്ച മോഹൻലാൽ ചിത്രം- കാലാപാനി
3316. 1857ലെ കലാപത്തെ ഇന്ത്യയുടെ ഒന്നാമത്തെ സ്വാതന്ത്ര്യസമരമായി ആദ്യം വിശേഷിപ്പിച്ച ഭാരതീയൻ- വി.ഡി.സവാർക്കർ
3317. ഹിന്ദി വാക്കുകൾ രചനയ്ക്ക് ഉപയോഗിച്ച ആദ്യത്തെ മുസ്ലിം എഴുത്തുകാരൻ- അമീർ ഖുസ്രു
3318. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇന്ത്യയുടെ ഏറ്റവും തെക്കേയറ്റത്തെ നാട്ടുരാജ്യം- തിരുവിതാംകൂർ
3319. ബ്രിട്ടണിൽനിന്ന് സ്വാതന്ത്ര്യം ലഭിച്ച ആദ്യ ആഫ്രിക്കൻ രാജ്യം - ഘാന
3320. സ്വാതന്ത്ര്യം കിട്ടുമ്പോൾ കൊച്ചിയിൽ പ്രധാനമന്ത്രിയായിരുന്നത്- പനമ്പിള്ളി ഗോവിന്ദമേനോൻ
3321. ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കംപ്യൂട്ടർ വികസിപ്പിച്ചെടുത്ത സ്ഥാപനം- സി-ഡാക്, പൂനെ
3322. സ്വാതന്ത്ര്യലബ്ധിവരെ രാജസ്ഥാൻ അറിയപ്പെട്ടിരുന്ന പേര്- രജപുത്താന
3323. ഹിന്ദിയിലെ ആദ്യത്തെ യോഗാത്മക കവി- കബീർ
3324. ഗാന്ധാരം എന്ന പഴയ നഗരത്തിന്റെ പുതിയ പേര്- കാന്തഹാർ
3325. ഹിന്ദുമതം സ്വീകരിച്ച യവന അംബാസഡർ- ഹീലിയോഡോറസ്
3326. സ്വാതന്ത്ര്യദിനത്തിൽ എവിടെനിന്നുമാണ് പ്രധാനമന്ത്രി രാഷ്ട്രത്തെ അഭിസംബോധന ചെയ്യുന്നത്- ചെങ്കോട്ട
3327. മനുഷ്യശരീരത്തിലെ ആന്റി-കൊയാഗുലന്റ് - ഹെപ്പാരിൻ
3328. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻെറ ആസ്ഥാനം- വിശാഖപട്ടണം
3329. ഹാലൈറ്റ് (റോക്ക് സാൽറ്റ്) ഏതിന്റെ അയിരാണ്- സോഡിയം
3330. ലോകത്തിലെ ആദ്യത്തെ വനിതാ പ്രധാനമന്ത്രി- സിരിമാവോ ബണ്ഡാരനായകെ
3331. സുഗന്ധവ്യഞ്ജനങ്ങളുടെ റാണി എന്നറിയപ്പെടുന്നത്- ഏലം
3332. ശരീരത്തെ ശുചിയാക്കുന്ന കെമിക്കൽ ലാബ് എന്നറിയപ്പെടുന്നത്- വൃക്ക
3333. ഗാന്ധിജി നേറ്റാൾ ഇന്ത്യൻ കോൺഗ്രസ് സ്ഥാപിച്ച വർഷം - 1894
3334. ഗുഹകളെക്കുറിച്ചുള്ള പഠനം- സ്പീലിയോളജി
3335. സുങ് വംശം ഭരിച്ചിരുന്ന രാജ്യം- ചൈന
3336. ഗുജറാത്തിൽ സൂര്യക്ഷേത്രം സ്ഥിതിചെയ്ത സ്ഥലം- മൊധേര
3337. വിനയപിടകം എന്തിനെക്കുറിച്ചു പ്രതിപാദിക്കുന്നു- ബുദ്ധഭിക്ഷുക്കൾ അനുസരിക്കേണ്ട നിയമങ്ങൾ
3338. ശരീരം വിയർക്കുന്നതിനു പിന്നിലെ ഏറ്റവും പ്രധാനപ്പെട്ട ധർമം - താപനില ക്രമീകരിക്കൽ
3339. ലോകത്തിലെ ആദ്യത്തെ നിയമദാതാവ് എന്നറിയപ്പെടുന്നത്- ഹമ്മുറാബി
3340. ഗുജറാത്തിൽ ജസിയ ഏർപ്പെടുത്തിയ ഏക ഭരണാധികാരി- അഹമ്മദ് ഷാ ഒന്നാമൻ
3341. വണ്ടർ ദാറ്റ് ഈസ് ഇന്ത്യ എന്ന പുസ്തകം രചിച്ചത്- എ.എൽ.ബാഷം
3342. സർദാർ കെ.എം.പണിക്കരുടെ മുഴുവൻ പേര്- കാവാലം മാധവ പ്പണിക്കർ
3343. മധ്യപ്രദേശിൽ സെക്യൂരിറ്റി പേപ്പർമിൽ സ്ഥാപിച്ചിരിക്കുന്ന സ്ഥലം- ഹോഷംഗബാദ്
3344. 1956-ലെ സംസ്ഥാന പുനസ്സംഘടനാ കമ്മിഷന്റെ അധ്യക്ഷൻ- ഫസൽ അലി
3345. സയന്റിഫിക് മാനേജ്മെന്റിന്റെ പിതാവ്- ഫ്രെഡറിക് ടെയ്ലർ
3346. വല്ലഭായി പട്ടേലിന് സർദാർ പദവി നൽകിയത്- ഗാന്ധിജി
3347. കേരള ഹാൻഡ്ലൂം ഡവലപ്മെന്റ് കോർപ്പറേഷന്റെ ആസ്ഥാനം - കണ്ണൂർ
3348. വല്ലഭാചാര്യർ പ്രചരിപ്പിച്ച തത്ത്വം- ശുദ്ധാദ്വൈതം
3349. വിക്രമവർഷം ആരംഭിച്ചതെന്ന്- ബി.സി.58
3350. കോശത്തിന്റെ ഊർജസംഭരണി എന്നറിയപ്പെടുന്നത്- മൈറ്റോകോൺട്രിയ
3351. കോസ്റ്റ് ഗാർഡ് സ്ഥാപിതമായ വർഷം- 1978

ചോദ്യങ്ങൾ പലത് ഉത്തരം 15

- അന്താരാഷ്ട്ര നീതിന്യായ കോടതിയിലെ ജഡ്ജിമാരുടെ എണ്ണം
- വെളുത്ത രക്താണുക്കളുടെ പരമാവധി ആയുസ്സ് എത്ര ദിവസമാണ്
- ക്രിസ്റ്റൽ ആനിവേഴ്സറി എത്രാമത്തെ വിവാഹവാർഷികമാണ്
- ഒരു ടേബിൾ സ്പൂൺ എത്ര മില്ലീലിറ്ററാണ്
- ഭൂമി എത്ര ഡിഗ്രി തിരിയുമ്പോഴാണ് ഒരു മണിക്കൂറാകുന്നത്
- ഭരണഘടനയുടെ എത്രാമത്തെ ഭാഗത്തിലാണ് (പാർട്ട്) തിരഞ്ഞെടുപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്നത്
- ഏത് നൂറ്റാണ്ടിലാണ് കൊളംബസ് അമേരിക്ക കണ്ടെത്തിയത്
- ചാണക്യന്റെ അർധശാസ്ത്രത്തെ എത്ര ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്
- മതം, വംശം, ജാതി, ലിംഗപദവി, ജനനസ്ഥലം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിവേചനം പാടില്ല എന്ന നിഷ്കർഷിക്കുന്ന ഭരണഘടനാ അനുച്ഛേദം
- മന്ത്രിസഭാംഗങ്ങളുടെ എണ്ണം ആകെ നിയമസഭാംഗങ്ങളുടെ എണ്ണത്തിന്റെ എത്ര ശതമാനത്തിൽ കൂടാൻ പാടില്ല എന്നാണ് വ്യവസ്ഥ
- ഹുമയൂൺ എത്ര വർഷമാണ് പ്രവാസ ജീവിതം നയിച്ചത് (1540-1555)
- ഏതു നൂറ്റാണ്ടിലാണ് ജോൺ ഓഫ് ആർക്ക് ജീവിച്ചിരുന്നത്
- ഏത് നൂറ്റാണ്ടിലാണ് വാസ്കോ ഡ ഗാമ ആദ്യമായി കേരളത്തിലെത്തിയത്
- ഇന്ത്യൻ കറൻസിയുടെ ലാംഗ്വേജ് പാനലിൽ എത്ര ഭാഷകളിലാണ് മൂല്യം രേഖപ്പെടുത്തിയിട്ടുള്ളത്
- ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയിൽ ആകെ എത്ര അംഗങ്ങളുണ്ട്
- ആകെ 22 അംഗങ്ങളുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ എത്ര പേരാണ് ലോക്സഭയിൽനിന്നുള്ളത്

3352. തപാൽസ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ രണ്ടാമത്തെ മലയാളി- രാജാ രവിവർമ
3353. ഗാന്ധിജി 1910-ൽ ട്രാൻസ്വാളിനടുത്ത് സ്ഥാപിച്ച ആശ്രമം- ടോൾസ്റ്റോയ് ഫാം
3354. ഡോയ്ഷ്ലാൻഡ് എന്ന പേര് ഏതു രാജ്യത്തെ സൂചിപ്പിക്കുന്നു -ജർമനി
3355. കോശത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം- ന്യൂക്ലിയസ്
3356. ഇന്ത്യയിൽ ഡോക്ടേഴ്സ് ദിനമായി ആചരിക്കുന്നത് ഒരു ഭാരതരത്നം ജേതാവിന്റെ ജന്മദിനമാണ്. ആരുടെ - ഡോ.ബി.സി.റോയി
3357. ലോകത്തിലെ ആദ്യ ടെസ്റ്റ് ട്യൂബ് ശിശു ജനിച്ച നഗരം- ലണ്ടൻ
3358. തേനീച്ച വളർത്തലിന്റെ ശാസ്ത്രനാമം- എപികൾച്ചർ
3359. തീർഥാടകരിൽ രാജകുമാരൻ എന്നു വിശേഷിപ്പിക്കപ്പെട്ടത്- ഹ്യുയാൻ സാങ്
3360. ലോകത്തിലെ ഏറ്റവും നീളം കൂടിയ അണക്കെട്ട്- ഹിരാക്കുഡ്
3361. തീവണ്ടി ആദ്യമായി ആരംഭിച്ച രാജ്യം- ഇംഗ്ലണ്ട്
3362. ലോകത്തിലെ ആദ്യത്തെ ജനാധിപത്യ രാജ്യം- ഗ്രീസ്
3363. ലോകത്തിലെ ആദ്യത്തെ ആവിക്കപ്പൽ- എന്റർപ്രൈസ്
3364. കോശമർമം കണ്ടുപിടിച്ചത്- റോബർട്ട് ബ്രൗൺ
3365. തുഗ്ലക് വംശത്തിലെ ഒടുവിലത്തെ ഭരണാധികാരി- നാസിറുദ്ദീൻ മഹമ്മൂദ്
3366. ദക്ഷിണേന്ത്യയിൽ ഏറ്റവും കൂടുതൽ സംസാരിക്കപ്പെടുന്ന ഭാഷ- തെലുങ്ക്
3367. സിനിമാറ്റോഗ്രാഫ് കണ്ടുപിടിച്ചത്- ലൂമിയർ സഹോദരൻമാർ
3368. വൈക്കം സത്യഗ്രഹകാലത്ത് സന്ദർശനം നടത്തിയ തമിഴ്നാട്ടിലെ നേതാവ്- ഇ വി രാമസ്വാമി നായ്ക്കർ

3369. 61-ാം ഭേദഗതിയിലൂടെ(1989) വോട്ടിങ് പ്രായം 21ൽ നിന്ന് 18 ആയി ഇളവുചെയ്ത ഇന്ത്യൻ പ്രധാനമന്ത്രി- -രാജീവ്ഗാന്ധി
3370. ലോകത്തിലെ പ്രമുഖ എണ്ണ ഉൽപാദന രാജ്യങ്ങളുടെ അന്താരാഷ്ട്ര സംഘടന- ഒപ്പെക്
3371. ലിബർഹാൻ കമ്മിഷൻ എന്തിനെക്കുറിച്ചാണ് അന്വേഷിച്ചത്- ബാബ്റി മസ്ജിദ് തകർക്കൽ
3372. ലോകത്തിലെ പ്രമുഖ വികസിത രാജ്യങ്ങൾ ഏത് സമുദ്രത്തിന്റെ തീരത്താണ് -അത്‌ലാന്റിക് സമുദ്രം
3373. ലിക്കുഡ് പാർട്ടി ഏതു രാജ്യത്താണ്- ഇസ്രയേൽ
3374. വജ്രത്തിനു സമാനമായ പരൽഘടനയുള്ള മൂലകമേത്- ജർമേനിയം
3375. ഇന്ത്യ ആദ്യമായി റോക്കറ്റ് വിക്ഷേപിച്ച സ്ഥലം- തുമ്പ (തിരുവനന്തപുരം)
3376. വൈക്കം സത്യഗ്രഹകാലത്ത് വൈക്കത്തുനിന്ന് തിരുവനന്തപുരത്തേക്ക് സവർണജാഥ നയിച്ചത്- മന്നത്ത് പത്മനാഭൻ
3377. വൈക്കം സത്യാഗ്രഹസമയത്ത് നാഗർകോവിലിൽനിന്നും തിരുവനന്തപുരത്തേക്ക് സവർണജാഥ നയിച്ചത്- ഡോ.എം.ഇ.നായിഡു
3378. ഹൈന്ദവവിശ്വാസപ്രകാരമുള്ള നാലുയുഗങ്ങളുടെ ശരിയായ ക്രമം- കൃത, ത്രേത, ദ്വാപര,കലി
3379. ലോകത്തിലാദ്യമായി ഡ്രെയിനേജ് സംവിധാനം സ്ഥാപിതമായ നഗരം- മോഹൻജൊദാരോ
3380. കേരള കുംഭമേള എന്നറിയപ്പെടുന്നത്- മകരവിളക്ക്
3381. ഗാന്ധിജി ശ്രീനാരായണഗുരുവിനെ കണ്ട വർഷം- 1925
3382. ലോകത്തിന്റെ സമാധാന തലസ്ഥാനം എന്നറിയപ്പെടുന്നത്-ജനീവ
3383. കേരള സാഹിത്യ അക്കാദമിയുടെ ആദ്യ അധ്യക്ഷൻ- സർദാർ കെ.എം.പണിക്കർ
3384. സയന്റിഫിക് സോഷ്യലിസത്തിന്റെ പിതാവ്- കാറൽ മാർക്സ്
3385. ഗയയിലെ ബോധിവൃക്ഷത്തെ മുറിച്ച രാജാവ്- ശശാങ്കൻ
3386. സരസ്വതി സമ്മാനം നൽകുന്നത്- കെ.കെ.ബിർളാ ഫൗണ്ടേഷൻ
3387. ഹൈഡ്രേറ്റഡ് അയൺ ഓക്സൈഡ് സാധാരണമായി അറിയപ്പെടുന്നത്- തുരുമ്പ്
3388. ലോകത്തിലെ രണ്ടാമത്തെ വലിയ പക്ഷി- എമു
3389. കൊച്ചിൻ പോർട്ട് ട്രസ്റ്റ് നിലവിൽവന്ന വർഷം-1964
3390. ചെസ് ഓസ്കർ നേടിയ റഷ്യക്കാരനല്ലാത്ത ആദ്യ താരം- വിശ്വനാഥൻ ആനന്ദ്
3391. ലോകത്താദ്യമായി എയ്ഡ്സ് രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട രാജ്യം- യു.എസ്.എ.
3392. കോർബറ്റ് ദേശീയോദ്യാനത്തിന്റെ പഴയ പേര്- ഹെയ്‌ലി നാഷണൽ പാർക്ക്
3393. ലോകത്തിന്റെ കാപ്പിക്കടവ് എന്നറിയപ്പെടുന്നത്- ബ്രസീലിലെ സാന്റോസ്
3394. വാക്വം ക്ലീനർ കണ്ടുപിടിച്ചത്- ഇവ്സ് ഡബ്ല്യു. മക്ഗഫി(1869)
3395. വാണിജ്യാടിസ്ഥാനത്തിൽ മൊബൈൽ ഫോൺ തുടങ്ങിയ ആദ്യ രാജ്യം- ജപ്പാൻ
3396. ഇന്ത്യയിലെ ഏറ്റവും ഉയരംകൂടിയ റെയിൽവേപ്പാലം ഏതു സംസ്ഥാനത്താണ്- ജമ്മു കശ്മീർ
3397. കർണാടകസംഗീതത്തിലും ഹിന്ദുസ്ഥാനി സംഗീതത്തിലും ഉപയോഗിക്കുന്ന സംഗീതോപകരണം- പുല്ലാങ്കുഴൽ
3398. ലോകത്തിലെ ഏറ്റവും പഴക്കമുള്ള കറുവത്തോട്ടം- അഞ്ചരക്കണ്ടി
3399. സിന്ധുവിന്റെ പോഷകനദികളിൽ ഏറ്റവും നീളം കൂടിയത്- സത്‌ലജ്
3400. ലോകത്തിലെ ആദ്യത്തെ ദൃഢ ലിഖിത ഭരണഘടന നിലവിൽ വന്ന രാജ്യം- യു.എസ്.എ.
3401. കേരള സംസ്ഥാനത്ത് മന്ത്രിയായ ആദ്യ വനിത - കെ.ആർ.ഗൗരി
3402. സേവാദൾ രൂപവത്കരിച്ച് സാമൂഹിക പ്രവർത്തനങ്ങളിലേർപ്പട്ടത്- ജവാഹർലാൽ നെഹ്റു
3403. ലോകത്തിൽ കരഭാഗത്തുള്ള ഏറ്റവും നീളം കൂടിയ പർവതനിര - ആൽപ്സ്
3404. ഗോബി മരുഭൂമി ഏത് രാജ്യത്താണ്- മംഗോളിയ
3405. കോളി ഫ്ളവറിന്റെ ഏത് ഭാഗമാണ് ഭക്ഷണത്തിനായി ഉപയോഗിക്കുന്നത്- പുഷ്പമഞ്ജരി

CONFUSING FACTS

- മർമത്തോടുകൂടിയ ചുവന്ന രക്താണുക്കൾ ഉള്ള ജീവികളാണ് ഒട്ടകവും (Camel) ലാമയും (Lama).
- അറയ്ക്കൽ രാജകുടുംബത്തിലെ പുരുഷ ഭരണാധികാരി ആലി രാജയെന്നും സ്ത്രീയാണെങ്കിൽ അറയ്ക്കൽ ബീവി എന്നുമാണ് അറിയപ്പെട്ടിരുന്നത്.
- 'Service above Self' ആപ്തവാക്യമായ സംഘടന റോട്ടറി ഇന്റർനാഷണൽ. നാഷണൽ ഡിഫൻസ് അക്കാദമിയുടെ ആപ്തവാക്യം Service Before Self.
- ബൈബിളിലേക്ക് മടങ്ങൂ എന്ന ആഹ്വാനം മാർട്ടിൻ ലൂതറിന്റേതാണ്. പ്രകൃതിയിലേക്ക് മടങ്ങൂ എന്നു പറഞ്ഞത് റൂസ്സോ.

3406. ലോകത്തിലെ ആദ്യത്തെ പത്രം ഏതു രാജ്യത്താണ്- ചൈന
3407. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് രാജാവ്- ജോർജ് അഞ്ചാമൻ
3408. വടക്കുകിഴക്കൻ ഇന്ത്യയിലെ ഏറ്റവും വലിയ നഗരം- ഗുവഹത്തി
3409. കാൻ ചലച്ചിത്രോൽസവം ഏതു രാജ്യത്താണ്- ഫ്രാൻസ്
3410. ലോകത്തിലെ ആദ്യത്തെ വനിതാ ഭരണാധികാരി- ഹാത്ഷേപ്സുത് (ഈജിപ്ത്)
3411. സിന്ധു നദീതടനിവാസികൾക്ക് അജ്ഞാതമായിരുന്ന മൃഗം- കുതിര
3412. സ്വാതന്ത്ര്യത്തിനുമുമ്പ് തുടർച്ചയായി ഏറ്റവും കൂടുതൽ കാലം കോൺഗ്രസ് പ്രസിഡന്റായത് - മൗലാനാ അബുൾ കലാം ആസാദ്

കേന്ദ്രമന്ത്രിയായ ആദ്യ മലയാളി- ഡോ.ജോൺ മത്തായി

3413. ലോകത്തിലെ ഏറ്റവും നീളം കൂടിയ റോഡ്- പാൻ അമേരിക്കൻ ഹൈവേ
3414. സിന്ധു നദീതടസംസ്കാര കേന്ദ്രങ്ങളിൽ എവിടെയാണ് ഉഴുതുമറിച്ച നിലം കാണപ്പെട്ടത്- കലിബംഗൻ
3415. ഗുജറാത്തിലെ പ്രസിദ്ധമായ നൃത്തരൂപം- ഗാർബ
3416. സിഖുകാരെ യോദ്ധാക്കളുടെ സമുദായമാക്കി വളർത്തിയ ഗുരു- ഹർഗോവിന്ദ്
3417. ലോകത്തിലെ ഏറ്റവും നീളമുള്ള പർവതനിരയായ അത്‌ലാന്റിക് റിഡ്ജ് എവിടെയാണ്- അത്‌ലാന്റിക് സമുദ്രത്തിൽ
3418. സിന്ധുനദീതടസംസ്കാരം കണ്ടെത്തിയ വർഷം- 1921
3419. സർദാർ സരോവർ പദ്ധതി ഏതു നദിയിലാണ്- നർമദ
3420. ഗുജറാത്തിന്റെ തെക്കുഭാഗത്തുള്ള ഉൾക്കടൽ- ഗൾഫ് ഓഫ് കാംബേ
3421. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്- തിരുവനന്തപുരം
3422. ഗോബിന്ദ് സാഗർ എന്ന മനുഷ്യനിർമിത തടാകം ഏത് സംസ്ഥാനത്ത്- ഹിമാചൽ പ്രദേശ്
3423. ദേശീയോദ്ഗ്രഥനത്തിനുള്ള ഇന്ദിരാഗാന്ധി അവാർഡ് ആദ്യമായി നേടിയത്- സ്വാമി രംഗനാഥാനന്ദ
3424. ഡൽഹിയിൽ ആദ്യമായി കമ്പോള നിയന്ത്രണം ഏർപ്പെടുത്തിയ ഭരണാധികാരി- അലാവുദ്ദീൻ ഖിൽജി
3425. കറപ്പ് ലഭിക്കുന്ന സസ്യം- പോപ്പി
3426. ഗാന്ധിജി കോൺഗ്രസ്സിൽനിന്നും രാജിവെക്കാനുള്ള തീരുമാനം പ്രഖ്യാപിച്ച വർഷം -1934
3427. കറുത്ത ഇരട്ടകൾ എന്നറിയപ്പെടുന്നത്- ഇരുമ്പും കൽക്കരിയും
3428. ബുക് ലങ്സ് ഏത് ജീവിയുടെ ശ്വസനാവയവമാണ്- എട്ടുകാലി
3429. കറാച്ചി ഏത് നദിയുടെ തീരത്താണ്-സിന്ധു
3430. ഭാരതത്തിന്റെ വിദേശകാര്യവകുപ്പ് കെട്ടിപ്പടുക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ച മലയാളി നയതന്ത്രജ്ഞൻ- കെ.പി.എസ്. മേനോൻ
3431. 1947-ൽ കെ.കേളപ്പന്റെ നേതൃത്വത്തിൽ ഐക്യകേരള സമ്മേളനം നടന്ന സ്ഥലം- തൃശ്ശൂർ

3432. ഡൽഹിയിൽ മോട്ടി മസ്ജിദ് നിർമിച്ചത്- ഔറംഗസീബ്
3433. തപാൽസ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി- ശ്രീനാരായണഗുരു
3434. മധ്യപ്രദേശ് ഹൈക്കോടതിയുടെ ആസ്ഥാനം- ജബൽപൂർ
3435. 1857 -ലെ കലാപകാലത്ത് നാനാ സാഹേബ് എവിടെയാണ് നേതൃത്വം നൽകിയത്-കാൺപൂർ
3436. ഹിമാലയത്തിന്റെ പാദഭാഗത്തുള്ള പർവതനിരകൾ- ശിവാലിക്
3437. കേരള സൈഗാൾ എന്നറിയപ്പെട്ടത്- പരമേശ്വരൻനായർ
3438. ജാതക കഥകളുടെ ചിത്രീകരണം കാണാൻ കഴിയുന്ന ഗുഹ- അജന്താ ഗുഹ
3439. ഹിസ്പാനിയോള ദ്വീപിലെ രാജ്യങ്ങൾ- ഡൊമിനിക്കൻ റിപ്പബ്ലിക്കും ഹെയ്ത്തിയും
3440. സിന്ധുനദീതടനിവാസികൾ ആരാധിച്ചിരുന്ന മരം- ആൽ
3441. കേരള ഹൈക്കോടതിയുടെ ആസ്ഥാനം- എറണാകുളം
3442. സരിസ്ക ടൈഗർ സാങ്ചറി എവിടെയാണ്- അൽവാർ
3443. സലാൽ ജലവൈദ്യുത പദ്ധതി ഏതു സംസ്ഥാനത്താണ്- ജമ്മു-കശ്മീർ
3444. കേരള ഹെമിങ്‌വേ എന്നറിയപ്പെടുന്നത്- എം.ടി.വാസുദേവൻ നായർ
3445. സിസ്റ്റർ അൽഫോൻസയുടെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നത്- ഭരണങ്ങാനം
3446. കുര്യാക്കോസ് ഏലിയാസ് ചാവറ ജനിച്ച വർഷം -1805
3447. നീലകണ്ഠതീർഥപാദരുടെ ഗുരു- ചട്ടമ്പിസ്വാമികൾ
3448. ശ്രീനാരായണഗുരുവിന്റെ ദർശനവും ആശയങ്ങളും പാശ്ചാത്യ ലോകത്ത് പ്രചരിപ്പിച്ചത്- നടരാജഗുരു
3449. ശ്രീനാരായണഗുരു ഒടുവിൽ സ്ഥാപിച്ച ക്ഷേത്രം- കളവൻകോട്
3450. തുവയൽപന്തി സ്ഥാപിച്ചത്- അയ്യാ വൈകുണ്ഠർ
3451. സിന്ധുനദീതടവാസികൾക്ക് അജ്ഞാതമായിരുന്ന പ്രധാനലോഹം- ഇരുമ്പ്
3452. ഭൂമിയിൽ ലഭിക്കുന്ന ഫോസിൽ ഇന്ധനങ്ങളിൽ ഏറ്റവും കൂടുതലുള്ളത് ഏത്- കൽക്കരി
3453. കേരള സെക്രട്ടേറിയറ്റ് മന്ദിരം പണികഴിപ്പിക്കുമ്പോൾ ദിവാനായിരുന്നത്-ടി.മാധവറാവു
3454. പ്രാചീന കേരളത്തിൽ നെയ്തൽ എന്നു വിശേഷിപ്പിച്ചിരുന്ന പ്രദേശങ്ങളുടെ പ്രത്യേകത- കടൽത്തീരം
3455. ഗ്രാൻഡ് മാസ്റ്റർ പദവി സ്വന്തമാക്കിയ ഇന്ത്യയിലെ രണ്ടാമത്തെ വനിതാ ചെസ് താരം- ദ്രോണവലി ഹരിക
3456. ഗ്രീൻബെൽറ്റ് എന്ന ആശയം ഉരുത്തിരിഞ്ഞ രാജ്യം- ഇംഗ്ലണ്ട്
3457. ഗവർണറായ ആദ്യ മലയാളി- വി.പി.മേനോൻ
3458. കേരള സാഹിത്യ അക്കാദമിയുടെ ആദ്യത്തെ ഫെല്ലോ- കെ.പി.കേശവമേനോൻ
3459. ഗാന്ധിജിയെ നെഹ്റു ആദ്യമായി കണ്ട കോൺഗ്രസ് സമ്മേളനം- ലക്നൗ(1916)
3460. സലാം ബോംബെ എന്ന സിനിമ സംവിധാനം ചെയ്തത്- മീരാ നായർ
3461. കേരള സാഹിത്യചരിത്രം രചിച്ചത്- ഉള്ളൂർ
3462. ഗാന്ധി-ഇർവിൻ ഉടമ്പടി ഒപ്പുവെച്ചത്- 1931
3463. ബ്രസീൽ പ്രസിഡന്റായ ആദ്യ വനിത- ദിൽമ റുസേഫ്
3464. ഗോശ്രീ എന്ന പേരിൽ പ്രാചീനകാലത്ത് അറിയപ്പെട്ടിരുന്നത്- കൊച്ചി
3465. ചേരരാജാക്കൻമാരുടെ പ്രധാനദേവത- കൊറ്റവൈ
3466. കേരള സാഹിത്യ അക്കാദമിയുടെ ആദ്യത്തെ ആസ്ഥാനം- തിരുവനന്തപുരം
3467. ജോൺ രാജാവ് മാഗ്നകാർട്ടയിൽ ഒപ്പുവെച്ച വർഷം- 1215
3468. കേരള കൊങ്കണി അക്കാദമി എവിടെയാണ്- എറണാകുളം
3469. കോർബറ്റ് ദേശീയോദ്യാനത്തിലൂടെ ഒഴുകുന്ന നദി- രാംഗംഗ
3470. ഹൈടെക് സിറ്റി എന്ന അപരനാമത്തിലറിയപ്പെടുന്ന ഇന്ത്യൻ നഗരം- ഹൈദരാബാദ്
3471. ഭാസ്കര രവിവർമൻ ഒന്നാമനുമായി ബന്ധപ്പെട്ട ശാസനം- 1000 എ.ഡിയിലെ ജൂതശാസനം
3472. കോർബ ഏത് സംസ്ഥാനത്താണ്- ഛത്തിസ്ഗഢ്
3473. ബ്ലാക്ക് വാട്ടർ ഫീവർ എന്നറിയപ്പെടുന്നത്- മലേറിയ
3474. ഹൈക്കോടതി ജഡ്ജിയായ ആദ്യ കേരളീയ വനിത-ജസ്റ്റിസ് അന്നാ ചാണ്ടി
3475. ജോൺ എഫ് കെന്നഡി കൊല്ലപ്പെട്ട വർഷം- 1963

ചോദ്യങ്ങൾ പലത് ഉത്തരം 16

- ഏത് നൂറ്റാണ്ടിലാണ് മുഗൾ സാമ്രാജ്യം സ്ഥാപിക്കപ്പെട്ടത്
- ചെസ് കളിയിൽ ഒരു വശത്തെ കരുക്കളുടെ എണ്ണം
- ഒരു സമചതുരത്തിന്റെ വിസ്തീർണവും ചുറ്റളവും ഒരു രണ്ടക്ക സംഖ്യയാണ്. ആ സംഖ്യ ഏതാണ്
- ക്രിസ്തുമസ് ട്രീയുടെ ഉൽഭവം എത്രാം ശതകത്തിലാണ്
- ഏത് നൂറ്റാണ്ടിലാണ് തച്ചോളി ഒതേനൻ ജീവിച്ചിരുന്നത്
- ജവാഹർലാൽ നെഹ്റു കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രാവശ്യം ഡൽഹിയിലെ ചെങ്കോട്ടയിൽ സ്വാതന്ത്ര്യദിനത്തിൽ ത്രിവർണ പതാക ഉയർത്തിയത് ഇന്ദിരാഗാന്ധിയാണ്. എത്ര പ്രാവശ്യം
- ഷട്ടിൽ കോക്കിൽ എത്ര തൂവലുകളുണ്ട്.
- ആദ്യത്തെ ആധുനിക വിന്റർ ഒളിമ്പിക്സിൽ (1924) എത്ര രാജ്യങ്ങൾ പങ്കെടുത്തു
- ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിന്റെ ഒരു ബാലറ്റ് യൂണിറ്റിൽ എത്ര സ്ഥാനാർഥികളെ ഉൾക്കൊള്ളിക്കാൻ കഴിയും
- പ്രാചീന ഭാരതത്തിലെ മഹാജനപദങ്ങളുടെ എണ്ണം
- അളവുതൂക്കങ്ങൾക്ക് ഹാരപ്പൻ ജനത ഉപയോഗിച്ചിരുന്നത് ഏത് സംഖ്യയുടെ ഗുണിതങ്ങളാണ്
- അമേരിക്കയുടെ എത്രാമത്തെ പ്രസിഡന്റാണ് എബ്രഹാം ലിങ്കൺ
- കേരളത്തിലെ ഏറ്റവും നീളം കുറഞ്ഞ നദിയായ മഞ്ചേശ്വരം നദിക്ക് എത്ര കിലോമീറ്റർ നീളമുണ്ട്
- തൊഴിലവസരങ്ങളിൽ തുല്യത എന്ന ആശയം ഏത് ഭരണഘടനാ അനുച്ഛേദത്തിലാണ് പ്രതിപാദിക്കുന്നത്
- ഒരു രൂപയ്ക്ക് തുല്യം എത്ര അണ ആയിരുന്നു
- കൃഷ്ണദേവരായർ വിജയനഗരസാമ്രാജ്യം ഭരിച്ചത് ഏത് നൂറ്റാണ്ടിലാണ്
- ഉച്ഛ്വസിക്കുന്ന വായുവിലെ ഓക്സിജന്റെ അളവ് എത്ര ശതമാനമാണ്

3476. ഷെർഷാ കനൗജ് യുദ്ധത്തിൽ ഹുമയൂണിനെ പരാജയപ്പെടുത്തിയ വർഷം- 1540
3477. കറുത്ത സ്വർണം എന്നറിയപ്പെടുന്നത്- പെട്രോളിയം
3478. ഗാന്ധിജി കോൺഗ്രസ് പ്രസിഡന്റായ വർഷം- 1924
3479. ചൈനയേയും തയ്‌വാനേയും വേർതിരിക്കുന്ന കടലിടുക്ക്- തയ്‌വാൻ കടലിടുക്ക്
3480. കോഴിക്കോട് ജില്ലയിലെ കൊളാവിപ്പാലം എന്തിനു പ്രസിദ്ധം- കടലാമസംരക്ഷണ കേന്ദ്രം
3481. അധിവർഷങ്ങളിൽ പുതിയൊരു മാസമുള്ള കലണ്ടർ ഏത്- യഹൂദ കലണ്ടർ
3482. 1957-ലെ ഇ.എം.എസ്.മന്ത്രിഭയിലെ തദ്ദേശഭരണ വകുപ്പുമന്ത്രി- പി.കെ.ചാത്തൻ
3483. തേനീച്ച സമൂഹത്തിലെ തൊഴിലാളികൾ ആര്- പെൺ തേനീച്ച
3484. ദേശീയഗാനത്തിന്റെ ഫുൾ വേർഷൻ പാടാനാവശ്യമായ സമയം - 52 സെക്കന്റ്
3485. കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആസ്ഥാനം-എറണാകുളം
3486. സാരെ ജഹാം സേ അച്ഛാ എന്നു തുടങ്ങുന്ന ഗാനം രചിച്ചത്- മുഹമ്മദ് ഇക്ബാൽ
3487. കേരള സംഗീത നാടക അക്കാദമിയുടെ ആസ്ഥാനം- തൃശ്ശൂർ
3488. സാഞ്ചോ പാൻസ എന്ന കഥാപാത്രത്തിന്റെ സ്രഷ്ടാവ്- സെർവാന്റിസ്
3489. കറുത്തമ്മഎന്ന കഥാപാത്രം ആരുടെ സൃഷ്ടിയാണ്- തകഴി ശിവശങ്കരപ്പിള്ള
3490. ഹിന്ദുപുരാണങ്ങളിൽ ദൈവങ്ങളുടെ ഭിഷഗ്വരൻ- ധന്വന്തരി
3491. ഹിന്ദുമതക്കാരനല്ലാത്ത ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി - മൻമോഹൻ സിങ്
3492. ശരീരത്തിലെ ഭടൻമാർ എന്നറിയപ്പെടുന്നത്- വെളുത്ത രക്താണുക്കൾ
3493. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ വിദേശ സഞ്ചാരി- മെഗസ്തനീസ്

3494. ഐക്യരാഷ്ട്ര സഭയിൽ പ്രസംഗിച്ച ആദ്യ മലയാളി വനിത-മാതാ അമൃതാനന്ദമയി
3495. നൊബേൽ സമ്മാനം നേടിയ ആദ്യത്തെ പരിസ്ഥിതി പ്രവർത്തക- വാംഗാരി മാതായി
3496. ഐ.എസ്.ആർ.ഒ.യുടെ ആസ്ഥാനം- ബാംഗ്ലൂർ
3497. സിന്ധു നദീതട നിവാസികൾ പ്രധാനമായി ആരാധിച്ചിരുന്ന മൃഗം- കാള
3498. ഐക്യരാഷ്ട്ര പൊതുസഭയുടെ ആദ്യ സമ്മേളനത്തിനു വേദിയായ നഗരം- ലണ്ടൻ
3499. ഗലീലിയോ ഏതു രാജ്യത്താണ് ജനിച്ചത്- ഇറ്റലി
3500. സിഖ്മതത്തിലെ ആകെ ഗുരുക്കൻമാർ- 10
3501. സിഗററ്റ് ലൈറ്ററുകളിൽ ഉപയോഗിക്കുന്ന വാതകം- ബ്യൂട്ടേയ്ൻ
3502. കൊച്ചി തുറമുഖത്തിന്റെ ശില്പി- റോബർട്ട് ബിസ്റ്റോ
3503. സമാധാനം ഒഴികെയുള്ള വിഷയങ്ങളിൽ നൊബേൽ സമ്മാനദാനം നടക്കുന്ന നഗരം- സ്റ്റോക്ക്ഹോം
3504. കോഴഞ്ചേരി പ്രസംഘത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട നേതാവ് - സി.കേശവൻ
3505. 1959 ൽ ഇന്ത്യയിൽ ഏതുനഗരത്തിലാണ് ടെലിവിഷൻ സംപ്രേക്ഷണം ആദ്യമായി നടത്തിയത്- ന്യൂഡൽഹി
3506. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ജ്ഞാനേന്ദ്രിയം- ത്വക്ക്
3507. കോവലന്റെയും കണ്ണകിയുടെയും പ്രണയം പ്രതിപാദ്യമായ കൃതി- ചിലപ്പതികാരം
3508. മഹാവീരൻ ജൈനമതധർമോപദേശം നടത്താൻ ഉപയോഗിച്ചിരുന്ന ഭാഷ- പ്രാകൃതം
3509. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് എന്ന് പ്രഖ്യാപിച്ച മഹാൻ - മഹാത്മാഗാന്ധി
3510. മെൻലോ പാർക്കിലെ മാജിക്കുകാരൻ എന്നറിയപ്പെട്ടത്- എഡിസൺ
3511. ഇന്ത്യയിലെ ഏറ്റവും വലിയ നദീദ്വീപായ മജുലി ഏത് നദിയിലാണ്- ബ്രഹ്മപുത്ര
3512. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ റെയിൽവേ പ്ലാറ്റ്ഫോം സ്ഥിതിചെയ്യുന്ന സംസ്ഥാനം- പശ്ചിമ ബംഗാൾ
3513. ഓസ്ട്രേലിയൻ വൻകരയെയും ടാസ്മാനിയ ദ്വീപിനേയും വേർതിരിക്കുന്ന കടലിടുക്ക്- ബാസ് കടലിടുക്ക്
3514. തെക്കേ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കടൽപ്പാലം- പാമ്പൻ പാലം (അണ്ണാ-ഇന്ദിരാഗാന്ധി പാലം) (2.3 കി.മീ.)
3515. ഓസ്ട്രേലിയയിലെ ഏറ്റവും നീളം കൂടിയ നദി- മുറേ ഡാർലിങ്
3516. മെർക്കുറിക് തെർമോമീറ്റർ കണ്ടുപിടിച്ചത്- ഡാനിയേൽ ഗബ്രിയോ ഫാരൻഹീറ്റ്(1714)
3517. ജാതകം തയ്യാറാക്കുന്ന വിദ്യ ഇന്ത്യാക്കാർ ആരിൽനിന്നുമാണ് പഠിച്ചത്- ഗ്രീക്കുകാർ
3518. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ആരംഭിച്ച പത്രം- ഇന്ത്യൻ ഒപ്പിനിയൻ
3519. കലാമണ്ഡലത്തിന്റെ പ്രഥമ സെക്രട്ടറിയായിരുന്നത്- മുകുന്ദരാജ
3520. ജാതി വേണ്ടാ മതംവേണ്ടാ മനുഷ്യന് എന്നു പറഞ്ഞത്- സഹോദരൻ അയ്യപ്പൻ
3521. ജാതകകഥകൾ ഉദ്ദേശം എത്രയെണ്ണമുണ്ട്- 549
3522. നൊബേൽ സമ്മാനം നേടിയ ആദ്യ അറബ് സാഹിത്യകാരൻ- നജീബ് മഹ്ഫൂസ് (1988, ഈജിപ്ത്)
3523. നൊബേൽ പ്രൈസ് സമ്മാനിക്കുന്ന രാജ്യം- സ്വീഡൻ
3524. ചൈനീസ് വിപ്ളവത്തെത്തുടർന്ന് ചിയാങ് കൈഷക് ഏതു ദ്വീപിലേക്കാണ് പലായനം ചെയ്തത്- തയ്വാൻ(ഫോർമോസ)
3525. തെക്കേ അമേരിക്കയിലെ കരബന്ധിത രാജ്യങ്ങൾ- ബൊളീവിയ, പരാഗ്വേ
3526. പോളിയോ വാക്സിൻ കണ്ടുപിടിച്ചത്- ജോനാസ് സാൽക്ക്
3527. സിന്ധുനദീതട സംസ്കാരം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്- ജോൺ മാർഷൽ
3528. ഹിന്ദുസ്ഥാൻ പേപ്പർ കോർപറേഷന്റെ ആസ്ഥാനം- വെള്ളൂർ
3529. ചൈന-റഷ്യ എന്നീ രാജ്യങ്ങളുടെ അതിർത്തിയായ നദി- അമുർ
3530. മെർക്കാറ (മടിക്കേരി) ഏത് സംസ്ഥാനത്താണ്- കർണാടകം
3531. നൊബേൽ സമാധാന സമ്മാനം ലഭിച്ച ആദ്യത്തെ അമേരിക്കൻ പ്രസിഡണ്ട്- തിയോഡർ റൂസ്വെൽറ്റ്

CONFUSING FACTS

- ചന്ദ്രഗിരിക്കോട്ട നിർമിച്ചത് ബിദനൂരിലെ ശിവപ്പനായക്, ഹോസ്ദുർഗ് കോട്ട നിർമിച്ചത് ഇക്കേരിവംശത്തിലെ സോമശേഖര നായക്.
- തപാൽസ്റ്റാമ്പ്, നാണയം എന്നിവയിൽ മുദ്രണം ചെയ്യപ്പെട്ട ആദ്യ മലയാളി ശ്രീനാരായണഗുരുവാണ്. തപാൽ സ്റ്റാമ്പിലെയും നാണയത്തിലെയും ആദ്യ മലയാളി വനിത സിസ്റ്റർ അൽഫോൻസാമ്മയാണ്.
- ബ്രൗൺ ഷർട്ട്സ് എന്ന സംഘടനയ്ക്കു രൂപം നൽകിയത് ജർമനിയിലെ ഹിറ്റ്ലറാണ്. കരിങ്കുപ്പായക്കാർ (ബ്ലാക്ക് ഷർട്ട്സ്) ഇറ്റലിയിലെ മുസ്സോളിനിയുടെ സംഘടനയാണ്.

3532. ഹിന്ദി സാഹിത്യത്തിനു തുടക്കം കുറിച്ച പൃഥ്വിരാജറാസോ എന്ന കൃതി രചിച്ചത്- ചന്ദ്രവരദായി
3533. ചൈനീസ് വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്- സൺയാത് സെൻ
3534. ഹിന്ദു കാലഘട്ടത്തിലെ അക്ബർ എന്നു വിശേഷിപ്പിക്കപ്പെട്ടത് - ഹർഷൻ
3535. തെക്കേ ഇന്ത്യയിൽ, അമേരിക്കക്കാർ വികസിപ്പിച്ചെടുത്ത സുഖവാസകേന്ദ്രം-കൊഡൈക്കനാൽ
3536. ഹിന്ദുമതത്തിന്റെ അക്വിനാസ് എന്നറിയപ്പെട്ടത്- ആദിശങ്കരൻ
3537. 1972 ജൂലായിൽ ഇന്ദിരാ ഗാന്ധിയും സുൽഫിക്കർ അലി ഭൂട്ടോയും തമ്മിൽ ഇന്ത്യാ-പാക് കരാർ ഒപ്പിട്ട നഗരം-ഷിംല
3538. മനുഷ്യശരീരത്തിലെ രണ്ടാമത്തെ വലിയ ഗ്രന്ഥി- ആഗ്നേയ ഗ്രന്ഥി
3539. ഹണ്ടിങ്സൺ രോഗം ബാധിക്കുന്ന അവയവം- മസ്തിഷ്കം
3540. ഹിജ്റ വർഷത്തിലെ അവസാനത്തെ മാസം- ദുൽഹജ്
3541. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ഇന്ത്യൻ ഒപ്പിനിയൻ ആരംഭിച്ചത്-1903
3542. കാലാവധിയായ അഞ്ചുവർഷം തികച്ച, കേരള നിയമസഭയുടെ ചരിത്രത്തിലെ ആദ്യ സ്പീക്കർ- എം.വിജയകുമാർ
3543. മേൽപ്പത്തൂർ നാരായണഭട്ടതിരിയുടെ കാലഘട്ടം എപ്പോൾ- എ.ഡി.1559-1620
3544. സൈമൺ കമ്മിഷനെതിരെയുള്ള പ്രതിഷേധസമരത്തിനിടയിലേറ്റ ലാത്തിയടികൾ ഏതുനേതാവിനാണ് മരണകാരണമായത്- ലാലാ ലജ്പത്റായി
3545. ചാണകത്തിൽനിന്ന് ഉണ്ടാകുന്ന ഒരു വാതകം- മീഥേൻ
3546. ചാതുർവർണ്യത്തിന്റെ ശരിയായ ക്രമം- ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ
3547. ജാദുഗുഡ ഖനി ഏതു ധാതുവിനു പ്രസിദ്ധം- യുറേനിയം
3548. ജി.എസ്.അയ്യർ 1878-ൽ ആരംഭിച്ച പത്രം- ദി ഹിന്ദു
3549. നൊബേൽ സമ്മാനം നേടിയ ആദ്യ പാകിസ്താൻകാരൻ- അബ്ദസ് സലാം (ഫിസിക്സ്, 1979)
3550. ചാണക്യന്റെ യഥാർഥപേര്- വിഷ്ണുഗുപ്തൻ
3551. ചിത്രരചനയിൽ തൽപരനായിരുന്ന മുഗൾ ചക്രവർത്തി- ജഹാംഗീർ
3552. ജിന്നാഹൗസ് എവിടെയാണ്- മുംബൈയിൽ
3553. ചാണക്യന്റെ അർഥശാസ്ത്രം ഇംഗ്ളീഷിലേക്ക് പരിഭാഷപ്പെടുത്തിയതാര്- ശ്യാമശാസ്ത്രി
3554. സ്ഥാനം കൊണ്ട് ഒരു വസ്തുവിനു ലഭിക്കുന്ന ഊർജം- സ്ഥാനികോർജം
3555. സ്ഥാപകൻ ഉള്ള മതങ്ങളിൽവച്ച് ഏറ്റവും പ്രാചീനം- ജൂതമതം
3556. കേരള കൗമുദി പത്രം ആരംഭിച്ചത്- കെ.സുകുമാരൻ
3557. കേരള കൗമുദി എന്ന വ്യാകരണ ഗ്രന്ഥം രചിച്ചത്- കോവുണ്ണി നെടുങ്ങാടി
3558. ചിത്രകാരനായ വാൻഗോഗ് ജനിച്ച രാജ്യം- നെതർലൻഡ്സ്
3559. സേവാഗ്രാം ആശ്രമം ഏതു സംസ്ഥാനത്താണ്- മഹാരാഷ്ട്ര
3560. കേരളത്തിലെ ഊട്ടി എന്നു വിളിക്കുന്ന റാണിപുരത്തിന്റെ പഴയ പേര്- മാടത്തുമല
3561. കേരളചരിത്രത്തിൽ പറങ്കികൾ എന്നറിയപ്പെടുന്നത്- പോർച്ചുഗീസുകാർ
3562. സലാർജങ് മ്യൂസിയം എവിടെയാണ് - ഹൈദരാബാദിൽ

3563. കലാകാരൻമാരിൽ രാജാവും രാജാക്കൻമാരിൽ കലാകാരനും എന്നറിയപ്പെട്ടത്- സ്വാതി തിരുനാൾ
3564. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ദർബനിനടുത്ത് ഫീനിക്സ് സെറ്റിൽമെന്റ് സ്ഥാപിച്ച വർഷം - 1904
3565. നെഞ്ചെരിപ്പ് അനുഭവപ്പെടുന്നത് ഏതവയവത്തിലാണ്- ആമാശയം
3566. മേപ്പിളിന്റെ നാട് എന്നറിയപ്പെടുന്ന രാജ്യം- കാനഡ
3567. മെനാൻഡറെ ബുദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്തത്- നാഗാർജുനൻ(നാഗസേനൻ)
3568. ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഫീച്ചർ ഫിലിം- കീചകവധം
3569. മേരി ഇവാൻസ് ഏതുപേരിലാണ് പ്രസിദ്ധിയാർജിച്ചത്- ജോർജ് ഏലിയറ്റ്
3570. സിന്ധു സംസ്കാരകേന്ദ്രമായ റോപ്പർ ഏതു നദിയുടെ തീരത്തായിരുന്നു- സത്‌ലജ്
3571. ജില്ലകൾ തിരുവിതാംകൂറിൽ 1949നു മുമ്പ് എന്തുപേരിലാണ് അറിയപ്പെട്ടിരുന്നത്- റവന്യൂ ഡിവിഷൻ
3572. 1975 ജൂൺ 25ന് അടിയന്തരാവസ്ഥ ഒപ്പുവെച്ചുകൊണ്ടുള്ള പ്രഖ്യാപനത്തിൽ ഒപ്പുവെച്ച പ്രസിഡന്റ്- ഫക്രുദ്ദീൻ അലി അഹമ്മദ്
3573. മേരി ക്യൂറി ജനിച്ച രാജ്യം -പോളണ്ട്
3574. 1977ൽ നടന്ന തിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിയെ പരാജയപ്പെടുത്തിയത്- രാജ് നാരായൺ
3575. ദശാവതാരങ്ങളിൽ അവസാനത്തേത്- കൽക്കി
3576. മേയറെ അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദം- ആരാധ്യന(യ)ായ(കേരളത്തിൽ 'ആദരണീയ' എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്.)
3577. കേരള കിസിംജർ എന്നറിയപ്പെട്ടത്- ബേബി ജോൺ
3578. മേഘാലയയുമായി അതിർത്തി പങ്കിടുന്ന ഏക അയൽരാജ്യം- ബംഗ്ലാദേശ്
3579. കേരള ലിങ്കൺ എന്നറിയപ്പെട്ടത്- പണ്ഡിറ്റ് കറുപ്പൻ
3580. ഏറ്റവും കുറച്ചുകാലം ഉപരാഷ്ട്രപതി സ്ഥാനം വഹിച്ചത്- വി വി ഗിരി
3581. ലോകത്തിൽ ജനങ്ങൾ ഏറ്റവുമധികം തിങ്ങിപ്പാർക്കുന്ന പ്രദേശം- മക്കാവു
3582. ആധുനിക റഷ്യൻ സാഹിത്യത്തിന്റെ പിതാവ്- അലക്സാണ്ടർ പുഷ്കിൻ
3583. മോളിവുഡ് (ബോളിവുഡ്) എന്ന അപരമാമത്തിലറിയപ്പെടുന്നത്- മുംബൈയിലെ സിനിമാവ്യവസായം
3584. തൊണ്ടമുഴ ഉണ്ടാകുന്നത് ഏത് മൂലകത്തിന്റെ അഭാവം മൂലമാണ്- അയഡിൻ
3585. താവോയിസത്തിന്റെ സ്ഥാപകൻ- ലാവോട്സെ
3586. 1993-ൽ തന്റെ രാഷ്ട്രീയ പ്രതിയോഗിക്കൊപ്പം (എഫ്.ഡബ്ല്യു. ഡി ക്ലർക്ക്) സമാധാന നൊബേൽ പങ്കിട്ടതാര്-നെൽസൺമണ്ടേല
3587. ലോകത്താദ്യമായി പേപ്പർ കറൻസി ഉപയോഗിച്ച രാജ്യം- ചൈന
3588. മനുഷ്യശരീരത്തിലെ രക്തത്തിന്റെ ശരാശരി അളവ്-അഞ്ചു ലിറ്റർ
3589. ലോകപ്രസിദ്ധമായ കോഹിനൂർ രത്നം ലഭിച്ച ഖനി - ഗോൽക്കൊണ്ട
3590. തിരുവനന്തപുരത്തു ജനിക്കുകയും ജർമനി കേന്ദ്രമാക്കി പ്രവർത്തിക്കുകയും ചെയ്ത വിപ്ലവകാരി-ഡോ.ചെമ്പകരാമൻ പിള്ള
3591. ലോകത്തിന്റെ ബ്രഡ് ബാസ്കറ്റ് എന്നറിയപ്പെടുന്ന പ്രയറി പുൽമേടുകൾ കാണപ്പെടുന്ന വൻകര-വടക്കേ അമേരിക്ക
3592. നെടിയിരുപ്പ് എന്നറിയപ്പെട്ടിരുന്ന ദേശഘടകം ഭരിച്ചിരുന്നത്- സാമൂതിരി
3593. കലിക്കറ്റ് സർവകലാശാല നിലവിൽ വന്ന വർഷം- 1968
3594. കേരള നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ള മുഖ്യമന്ത്രിമാർ- ആർ.ശങ്കർ, സി. അച്യുതമേനോൻ, ഇ.കെ.നായനാർ
3595. തിരുവിതാംകൂറിൽ സെക്രട്ടറിയറ്റ് സമ്പ്രദായം ആവിഷ്കരിച്ച ബ്രിട്ടീഷ് റസിഡന്റ്- കേണൽ മൺറോ
3596. മേഘക്കടൽ എവിടെയാണ്-ചന്ദ്രൻ
3597. തിക്കോടിയൻ എന്ന തൂലികാനാമത്തിലറിയപ്പെട്ടത്- പി.കുഞ്ഞനന്തൻ നായർ
3598. കേരളചരിത്രത്തിൽ ലന്തക്കാർ എന്നറിയപ്പെടുന്നത്- ഡച്ചുകാർ

ചോദ്യങ്ങൾ പലത് ഉത്തരം 17

- ഒരു ശബ്ദം പ്രതിധ്വനിക്കണമെങ്കിൽ ശബ്ദസ്രോതസ്സും പ്രതിഫലിക്കുന്ന ഇടവും തമ്മിൽ ഏറ്റവും കുറഞ്ഞത് എത്ര മീറ്റർ അകലം വേണം
- ഇന്ത്യൻ കറൻസിയിൽ എത്ര ഭാഷകളിൽ മൂല്യം രേഖപ്പെടുത്തിയിട്ടുണ്ട്
- മുഹമ്മദ് ഗസ്നി ഇന്ത്യയെ എത്ര പ്രാവശ്യം ആക്രമിച്ചു
- ഏത് നൂറ്റാണ്ടിലാണ് ശിവജി ജീവിച്ചിരുന്നത്
- സ്വാതന്ത്ര്യദിനത്തിൽ ഡൽഹിയിലെ ചെങ്കോട്ടയിൽ ദേശീയപതാക ഏറ്റവും കൂടുതൽ പ്രാവശ്യം ഉയർത്തിയിട്ടുള്ളത് ജവാഹർലാൽ നെഹ്റുവാണ്. എത്ര പ്രാവശ്യം?
- ഭരണഘടനയുടെ എത്രാമത്തെ ഭാഗത്തിലാണ് (പാർട്ട്)ഔദ്യോഗിക ഭാഷകളെക്കുറിച്ച് പ്രതിപാദിക്കുന്നത്
- കൊച്ചിയെയും പനവേലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഇപ്പോഴത്തെ 66-ാം നാഷണൽ ഹൈവേ മുമ്പ് എത്രാമത്തെ നാഷണൽ ഹൈവേ ആയിരുന്നു
- കൊൽക്കത്ത മെട്രോ ഇന്ത്യയിലെ എത്രാമത്തെ റെയിൽവേ സോണാണ്
- എത്രാം നൂറ്റാണ്ടിലാണ് താജ്മഹൽ പണികഴിപ്പിച്ചത്
- ഇന്ത്യയിലെ ആദ്യ ഇംഗ്ളീഷ് പണ്ടകശാല സ്ഥാപിതമായത് ഏത് നൂറ്റാണ്ടിലാണ്
- ഇന്ത്യയിലെ പോർച്ചുഗീസ് മേധാവിത്വം ഡച്ചുകാർ അവസാനിപ്പിച്ചത് ഏത് നൂറ്റാണ്ടിലാണ്
- അയിത്താചരണം ശിക്ഷാർഹമാക്കുന്ന ഭരണഘടനാ അനുച്ഛേദം
- ഷാജഹാൻ ചക്രവർത്തി ഭരണം നടത്തിയിരുന്ന നൂറ്റാണ്ട്
- ഡച്ചുകാരുടെ ആദ്യത്തെ കപ്പൽ സമൂഹം ഇന്ത്യയിൽ വന്ന നൂറ്റാണ്ട്
- ഇംഗ്ലണ്ടിൽ ഏത് നൂറ്റാണ്ടിലാണ് മഹത്തായ വിപ്ലവം നടന്നത്
- ഒരു സ്ത്രീക്ക് എത്ര ചതുരശ്ര അടി ത്വക്ക് ഉണ്ട്

3599. മെനിഞ്ചൈറ്റിസ് എന്ന രോഗം ബാധിക്കുന്ന ശരീരഭാഗം- തലച്ചോർ
3600. മെട്രിക് സംവിധാനം ആദ്യമായി നടപ്പാക്കിയ രാജ്യം- ഫ്രാൻസ്
3601. ഗാന്ധിജി പ്രവാസം കഴിഞ്ഞ് ഇന്ത്യയിൽ തിരിച്ചെത്തിയ വർഷം അന്തരിച്ച നേതാവ്-ഗോപാലകൃഷ്ണ ഗോഖലെ
3602. അഹമ്മദാബാദ് ഏതു നദിയുടെ തീരത്ത്- സബർമതി
3603. ലോകത്തിന്റെ പഞ്ചസാരക്കിണ്ണം -ക്യൂബ
3604. നെപ്പോളിയൻ ഫ്രഞ്ചുചക്രവർത്തിയായി സ്ഥാനമേറ്റ സ്ഥലം- നോത്രദാം കത്തീഡ്രൽ
3605. ലോകത്താദ്യമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിച്ച രാജ്യം- യു.എസ്.എ.
3606. സ്ഥാണുരവിവർമന്റെ അഞ്ചാം ഭരണവർഷത്തിൽ അയ്യനടികൾ തിരുവടികൾ നൽകിയ ചെമ്പുഫലകം- തരിസാപ്പള്ളി ശാസനം
3607. സ്ഥിര കാന്തമുണ്ടാക്കാനുപയോഗിക്കുന്ന ലോഹസങ്കരം - അൽനിക്കോ
3608. ജർമൻ ഷെപ്പേർഡ് എന്ന നായയുടെ മറ്റൊരു പേര്- അൽസേഷ്യൻ
3609. ഗാന്ധിജി പഠിക്കാൻ ഇംഗ്ലണ്ടിൽ പോയ വർഷം- 1888
3610. ജമാബന്തി പരിഷ്കാരങ്ങൾ കൊണ്ടുവന്നത്- ടിപ്പു സുൽത്താൻ
3611. ലോകത്താദ്യമായി ഹൃദയമാറ്റ ശസ്ത്രക്രിയ (1967) നടന്ന രാജ്യം-ദക്ഷിണാഫ്രിക്ക
3612. ജൽദപാറ വന്യജീവി സങ്കേതം ഏതു സംസ്ഥാനത്താണ്- പശ്ചിമ ബംഗാൾ
3613. കലിംഗ പ്രൈസ് ഏർപ്പെടുത്തിയിരിക്കുന്ന സംഘടന- യുനെസ്കോ
3614. കേരള നിയമസഭയിൽ ഏറ്റവും കുറച്ചുകാലം എം.എൽ.എ. ആയിരുന്നത്- സി.ഹരിദാസ്

3615. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ എത്രദിവസം തടവറവാസം അനുഭവിച്ചിട്ടുണ്ട് - 249
3616. സ്ഥാനോരോഹണത്തിനുശേഷം ശിവജി സ്വീകരിച്ച സ്ഥാനപ്പേര്- ഛത്രപതി
3617. ഗാന്ധിജി പ്രാഥമിക വിദ്യാഭ്യാസം നേടിയ സ്ഥലം- രാജ്കോട്ട്
3618. ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ ഉദ്യോഗസ്ഥൻ- ജനറൽ ഡയർ
3619. ഹിന്ദ് സ്വരാജ് രചിച്ചത്- ഗാന്ധിജി
3620. കേരള ഹയർ എജ്യുക്കേഷൻ കൗൺസിലിന്റെ ആദ്യ ചെയർമാൻ - ഡോ.കെ.എൻ.പണിക്കർ
3621. 1998-ഇന്ത്യൻ പ്രധാനമന്ത്രി എ.ബി.വാജ്പേയിയും പാകിസ്താൻ പ്രധാനമന്ത്രി നവാസ് ഷെരീഫും പ്രഖ്യാപനത്തിൽ ഒപ്പുവെച്ച നഗരം-ലാഹോർ
3622. പ്ലാസ്റ്റിക് സർജറിയുടെ പിതാവ്- സുശ്രുതൻ
3623. ഓരോ പള്ളിക്കൊപ്പവും ഒരു പള്ളിക്കൂടം എന്ന ആശയംമുന്നോട്ടുവച്ച സാമൂഹിക പരിഷ്കർത്താവ്- ചാവറയച്ചൻ
3624. കുമാരഗുരുദേവൻ എന്നറിയപ്പെട്ട സാമൂഹിക പരിഷ്കർത്താവ്- പൊയ്കയിൽ അപ്പച്ചൻ
3625. 1949-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആദ്യ പ്രസിഡന്റായത്- മന്നത്ത് പദ്മനാഭൻ
3626. ജാസ് എന്ന സംഗീതോപകരണം രൂപം കൊണ്ട രാജ്യം- യു.എസ്.എ.
3627. ഐ.എസ്.ആർ.ഒ.യുടെ ആദ്യത്തെ ചെയർമാൻ- വിക്രം സാരാഭായി
3628. മോസ്മായ് വെള്ളച്ചാട്ടം ഏതു സംസ്ഥാനത്താണ്- മേഘാലയ
3629. ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്- ലോക്സഭയിലെയും രാജ്യസഭയിലെയും എല്ലാ അംഗങ്ങളും ചേർന്ന്.
3630. മേഘങ്ങളുടെ പാർപ്പിടം എന്ന എന്നറിയപ്പെടുന്ന സംസ്ഥാനം- മേഘാലയ
3631. ലോകപ്രശസ്തസിനിമാസംവിധായകനായിരുന്ന അകിര കുറസോവ ഏതു രാജ്യക്കാരനായിരുന്നു- ജപ്പാൻ
3632. ഗാന്ധിജി ബ്രഹ്മചര്യം ജീവിതചര്യയായി സ്വീകരിക്കാൻ തീരുമാനിച്ച വർഷം- 1906
3633. ഉപരാഷ്ട്രപതിയെക്കുറിച്ചു പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം- 63
3634. ഹിമാലയം ഏതു തരം ശിലകളാൽ നിർമിതമാണ്- അവസാദശിലകൾ
3635. മെയിൻ സെൻട്രൽ റോഡ് തമ്മിൽ ബന്ധിപ്പിക്കുന്നത്-തിരുവനന്തപുരം- അങ്കമാലി
3636. മെയ് ഒന്നിന് നിലവിൽവന്ന ഒരു ഇന്ത്യൻ സംസ്ഥാനം- മഹാരാഷ്ട്ര
3637. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരം പ്രഖ്യാപിക്കപ്പെട്ട വർഷം - 1857
3638. വെളിച്ചം ദുഃഖമാണുണ്ണി...എന്നത് ഏത് കൃതിയിലെ വരികൾ - ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം
3639. വൊഡയാർ രാജവംശത്തിന്റെ തലസ്ഥാനമായിരുന്നത്- മൈസൂർ
3640. മഹാവീരന്റെ മാതാവ്- ത്രിശാല
3641. വെജിറ്റബിൾ ഗോൾഡ് എന്നറിയപ്പെടുന്നത്- കുങ്കുമം
3642. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൽക്കരി ഉപയോഗിക്കുന്ന സെക്ടർ- താപനിലയങ്ങൾ
3643. ഭാരതരത്നം നേടിയവരിൽ കമ്യൂണിസ്റ്റ് ചായ്വുണ്ടായിരുന്ന ഏക വ്യക്തി- അരുണ ആസഫ് അലി
3644. ഐ.സി.ചിപ്പുകൾ നിർമിക്കാനുപയോഗിക്കുന്ന മൂലകം- സിലിക്കൺ
3645. ഗാന്ധി- ജീവിതവും ചിന്തയും ആരുടെ കൃതിയാണ്- ജെ.ബി.കൃപലാനി
3646. മെർഡേക്ക കപ്പുമായി ബന്ധപ്പെട്ട കളി- ഫുട്ബോൾ
3647. സിന്ധു സംസ്കാരകേന്ദ്രമായ ബനാവാലി ഏതു നദിയുടെ തീരത്തായിരുന്നു- ഘഗ്ഗർ
3648. ഹിന്ദു-മുസ്ലിം മൈത്രിയുടെ പ്രതിപുരുഷൻ എന്ന് ജിന്നയെ വിശേഷിപ്പിച്ചത്- സരോജിനി നായിഡു
3649. കേരള ചരിത്രത്തിലെ ഏക മുസ്ലിം രാജവംശം- അറയ്ക്കൽ
3650. ഇപ്പോൾ നിലവിലുള്ളതിൽ ഏറ്റവും പഴയ നാഗരികത- ചൈന
3651. ഇംഗ്ലണ്ടിൽ ഗാന്ധിജി നിയമപഠനം നടത്തിയ വിദ്യാലയം- ഇന്നർ ടെമ്പിൾ
3652. ഭൂമിയോട് ഏറ്റവുമടുത്തുള്ള ആകാശഗോളം- ചന്ദ്രൻ

CONFUSING FACTS

- 72-ാം വയസ്സിൽ ബീഹാറിലെ പാവപുരിയിലാണ് മഹാവീരൻ ഇഹലോകവാസം വെടിഞ്ഞത്. 80 -ാം വയസ്സിൽ ഗൗതമബുദ്ധൻ ഉത്തർപ്രദേശിലെ കുശിനഗരത്തിലാണ് അന്തരിച്ചത്.
- ഭരണഘടനയുടെ 32-ാം അനുച്ഛേദം സുപ്രീം കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിക്കുന്നതിനെപ്പറ്റിയും 226-ാം അനുച്ഛേദം ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിക്കുന്നതിനെപ്പറ്റിയും പ്രതിപാദിക്കുന്നു.
- ഒക്ടോബർ 9 ലോക തപാൽദിനവും ഒക്ടോബർ 10 ദേശീയ തപാൽദിനവുമാണ്.

3653. മുതുമല വന്യമൃഗ സങ്കേതം ഏത് സംസ്ഥാനത്തിലാണ്- തമിഴ്നാട്
3654. പോളിയോയ്ക്കു കാരണമായ രോഗാണു- വൈറസ്
3655. ഇന്ത്യയുടെ ആദ്യത്തെ സൂപ്പർസോണിക് ജെറ്റ് വിമാനം- എച്ച്.എഫ് 24 മാരുത്
3656. പോളിഡിപ്സിയ എന്താണ്- അമിതദാഹം
3657. മേട്ടൂർ അണക്കെട്ട് ഏതുനദിയിൽ-കാവേരി
3658. ലോകപ്രിയ ഗോപിനാഥ് ബോർദോളി വിമാനത്താവളം എവിടെയാണ്- ഗുവഹത്തി
3659. കേരളഹൈക്കോടതി ചീഫ് ജസ്റ്റിസായ ആദ്യ മലയാളി വനിത - ജസ്റ്റിസ് കെ.കെ.ഉഷ
3660. ഭൂമുഖത്തെ ഏറ്റവും വലിയ ജന്തു- നീലത്തിമിംഗിലം
3661. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിൽ തുടർന്ന മുഖ്യമന്ത്രി- ജ്യോതിബസു
3662. കലിംഗത്തുപ്പരണി രചിച്ചത്- ജയകൊണ്ടർ
3663. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടുള്ള ധനമന്ത്രി- കെ.എം.മാണി
3664. ശരീരവലുപ്പവുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും വലിയ മസ്തിഷ്കമുള്ള പ്രൈമേറ്റ്-മനുഷ്യൻ
3665. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം കോളനി ഭരണത്തിനു വിധേയമായ പ്രദേശം- ഗോവ
3666. ആദ്യത്തെ സെൽഫോൺ പുറത്തിറക്കിയ കമ്പനി- മോട്ടോറോള
3667. ഇംഗ്ലണ്ടിൽ അടിമത്തം അവസാനിപ്പിച്ച വർഷം- 1833
3668. ആദ്യത്തെ സൈക്കോളജി ലബോറട്ടറി സ്ഥാപിച്ചതാര്- വൂണ്ട്
3669. കൊച്ചി തുറമുഖത്തിന്റെ നിർമാണത്തിൽ സഹകരിച്ച രാജ്യം- ജപ്പാൻ
3670. ഇന്ത്യയുടെ ആദ്യത്തെ ആക്ടിങ് പ്രധാനമന്ത്രി- ഗുൽസരിലാൽ നന്ദ
3671. അഹമ്മദാബാദ് നഗരത്തിന്റെ സ്ഥാപകൻ- അഹമ്മദ് ഷാ ഒന്നാമൻ
3672. ഇന്ത്യയുടെ ആദ്യത്തെ ബ്രിട്ടീഷ് ഗവർണർ ജനറൽ- വാറൻ ഹേസ്റ്റിങ്സ്
3673. അഹമ്മദീയ പ്രസ്ഥാനം ആരംഭിച്ചത്- മിർസ ഗുലാം അഹമ്മദ്
3674. ഇന്ത്യയുടെ ആദ്യത്തെ മെയിൻ ബാറ്റിൽ ടാങ്ക്- അർജുൻ
3675. മഹാത്മാഗാന്ധി ദണ്ഡി മാർച്ച് ആരംഭിച്ചത്- സബർമതി ആശ്രമം
3676. പ്ലാസി യുദ്ധത്തിന്റെ അനന്തരഫലം എന്തായിരുന്നു- ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറ പാകി
3677. അന്താരാഷ്ട്ര പുസ്തക വർഷം- 1972
3678. ഇന്ത്യയുടെ ആദ്യത്തെ ആക്ടിങ് പ്രസിഡന്റ്- വി വി ഗിരി
3679. മഹാത്മാഗാന്ധി വധിക്കപ്പെട്ട ബിർളാ ഹൗസ് എവിടെയാണ്- ന്യൂഡൽഹി
3680. ഐ.ടി.സാക്ഷരതാ പദ്ധതിയായ അക്ഷയയ്ക്കു തുടക്കം കുറിച്ച ജില്ല- മലപ്പുറം
3681. കൊച്ചിൻ സാഗ രചിച്ചത്- റോബർട്ട് ബ്രിസ്റ്റോ
3682. മനുഷ്യ ഹൃദയത്തിന്റെ ഭാരം-പുരുഷൻ- 340 ഗ്രാം, സ്ത്രീ- 255ഗ്രാം
3683. അർജുന അവാർഡ് നേടിയ ആദ്യത്തെ മലയാളി അത്‌ലറ്റ്- ടി.സി.യോഹന്നാൻ

3684. ദക്ഷിണാർധഗോളത്തിലെ ഏറ്റവും വിസ്തീർണം കൂടിയ രാജ്യം - ബ്രസീൽ
3685. തെക്കേ ഇന്ത്യ സന്ദർശിച്ച അതനേഷ്യസ് നികിതിൻ ഏത് രാജ്യക്കാരനായിരുന്നു- റഷ്യ
3686. മലയാളി മെമ്മോറിയിൽ സമർപ്പിച്ച വർഷം- 1891
3687. ചൈനീസ് റിപ്പബ്ലിക്കിന്റെ പിതാവ്- സൺയാത്സെൻ
3688. കൊച്ചി തുറമുഖം രൂപം കൊണ്ട വർഷം- 1341
3689. ഹൈക്കോടതി ജഡ്ജിയുടെ വിരമിക്കൽ പ്രായം- 62
3690. ലോകത്തിലെ ഏറ്റവും വലിയ സൈന്യമുള്ള രാജ്യം- ചൈന (പീപ്പിൾസ് ലിബറേഷൻ ആർമി)
3691. സൈമൺ കമ്മിഷൻ രൂപംകൊണ്ട വർഷം- 1927
3692. കൊച്ചിൻ ശാസ്ത്ര-സാങ്കേതിക സർവകലാശാലയുടെ ആദ്യ വൈസ് ചാൻസലർ- ജോസഫ് മുണ്ടശ്ശേരി
3693. പോളിയോ തുള്ളിമരുന്നിന്റെ ഉപജ്ഞാതാവ്- ആൽബർട്ട് സാബിൻ
3694. മഹാകാവ്യമെഴുതാതെ മഹാകവി പദവി നേടിയത്- കുമാരനാശാൻ
3695. ഇന്ത്യയുടെ ആദ്യത്തെ മുസ്ലിം രാഷ്ട്രപതി- സക്കീർ ഹുസൈൻ
3696. തെക്കേ അമേരിക്കയിലെ ജോർജ് വാഷിങ്ടൺ എന്നറിയപ്പെട്ടത്- സൈമൺ ബൊളിവർ
3697. ലോകത്താദ്യമായി മൂല്യവർധിത നികുതി നടപ്പാക്കിയ രാജ്യം- ഫ്രാൻസ്
3698. കൊച്ചി, തിരു-കൊച്ചി, കേരളനിയമസഭകളിലും ലോക്സഭയിലും രാജ്യസഭയിലും അംഗമാകാൻ അവസരം ലഭിച്ച ഏക വ്യക്തി- കെ.കരുണാകരൻ
3699. കേരളത്തെ സംബന്ധിച്ച ഏറ്റവും പഴയ പരാമർശം ഏതിലാണുള്ളത്- ഐതരേയാരണ്യകത്തിൽ
3700. ഡൽഹിയുടെ ഭരണഘടനാപരമായ നാമം- ദേശീയ തലസ്ഥാന പ്രദേശം
3701. മഹാകവി ഉള്ളൂർ ജനിച്ച വർഷം- 1877
3702. ഇന്ത്യയുടെ ആദ്യത്തെ നാവികസേനാമേധാവി- ആർ.ഡി. ഖത്രി
3703. കേന്ദ്രമന്ത്രിസഭാംഗങ്ങൾക്ക് വ്യക്തിപരമായ ഉത്തരവാദിത്വം ആരോടാണ്- പ്രധാനമന്ത്രിയോട്
3704. കേരള പ്രസ് അക്കാദമിയുടെ ആദ്യത്തെ ചെയർമാൻ- കെ.എ. ദാമോദരമേനോൻ
3705. കലിംഗം എന്ന പ്രദേശം ഇപ്പോൾ അറിയപ്പെടുന്നത്- ഒറീസ
3706. ഇന്ത്യയുടെ ആദ്യത്തെ തദ്ദേശീയ യാത്രാവിമാനം- സരസ്
3707. മനുഷ്യശരീരത്തിന്റെ വളർച്ച നിയന്ത്രിക്കുന്ന ഹോർമോൺ-ഗ്രോത്ത് ഹോർമോൺ
3708. മഹാത്മ എന്ന് ആദ്യമായി ഗാന്ധിജിയെ സംബോധന ചെയ്തത്- ടാഗോർ
3709. ഇന്ത്യയുടെ ആദ്യ ഭൂപടം തയ്യാറാക്കിയത്- ഡേ ആർവില്ലി
3710. സിലിക്കോസിസ് എന്ന രോഗം ബാധിക്കുന്നത് എവിടെ പണിയെടുക്കുന്നവർക്കാണ്- പാറമടകളിൽ
3711. കുമാരപാലചരിതം രചിച്ചത്- ജയസിംഹൻ
3712. ഫോക്‌ലാന്റ് ദ്വീപുകൾ ഏതു രാജ്യത്തിന്റെ കീഴിലാണ്- ബ്രിട്ടൺ
3713. ആസൂത്രണകമ്മിഷന്റെ ആദ്യ അധ്യക്ഷൻ- ജവാഹർലാൽ നെഹ്റു
3714. ബോട്ടണി ബേ എന്ന സമുദ്രഭാഗം എവിടെയാണ്- ടാസ്മാൻ കടലിൽ
3715. ആസൂത്രണകമ്മിഷന്റെ ആദ്യ ഉപാധ്യക്ഷൻ-ഗുൽസരിലാൽ നന്ദ
3716. ബോൾഗാട്ടി ദ്വീപിന്റെ മറ്റൊരു പേര്- പോഞ്ഞിക്കര അല്ലെങ്കിൽ മുളവുകാട്
3717. അധികാരത്തിലിരിക്കെ അന്തരിച്ച ആദ്യ ഇന്ത്യൻ പ്രസിഡന്റ്- ഡോ. സക്കീർ ഹുസൈൻ
3718. സാർക്ക് സമ്മേളനത്തിനു വേദിയായ ആദ്യ ഇന്ത്യൻ നഗരം- ബാംഗ്ലൂർ
3719. കുഞ്ഞാലി മരയ്ക്കാരെ വധിച്ചത്- പോർച്ചുഗീസുകാർ
3720. ബേക്കൽ കോട്ട പണികഴിപ്പിച്ചത്- ശിവപ്പ നായക്
3721. അയവെട്ടുന്ന ജീവികളിൽ ഏറ്റവും വലുത്-ജിറാഫ്
3722. സിവിൽ വിവാഹം എവിടെയാണ് രജിസ്റ്റർ ചെയ്യുന്നത്- സബ് രജിസ്ട്രാർ ഓഫീസിൽ
3723. ഐബീരിയൻ എയർലൈൻസ് ഏതു രാജ്യത്താണ് സർവീസ് നടത്തുന്നത്- സ്പെയിൻ

ചോദ്യങ്ങൾ പലത് ഉത്തരം 18

- കേരളത്തിലെ ലോക്സഭാ സീറ്റുകളിൽ എത്രയെണ്ണമാണ് ജനറൽ വിഭാഗത്തിലുള്ളത്
- ബഹുമതികൾ (ടൈറ്റിൽ) നൽകുന്നതിൽനിന്ന് സ്റ്റേറ്റിനെ വിലക്കുന്ന ഭരണഘടനാ അനുച്ഛേദം
- ബ്രിട്ടീഷ് ഇന്ത്യയുടെ വിസ്തീർണത്തിന്റെ എത്ര ശതമാനമാണ് വിഭജനത്തോടെ പാകിസ്താന് ലഭിച്ചത്
- കേരളത്തിൽ ലോട്ടറി ഏജന്റാകാനുള്ള കുറഞ്ഞ പ്രായം എത്രയാണ്
- കാടമുട്ട വിരിയുന്നതിനാവശ്യമായ സമയം എത്ര ദിവസമാണ്
- ഭരണഘടനയുടെ എത്രാമത്തെ ഭാഗത്തിലാണ് (പാർട്ട്) അടിയന്തരാവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്നത്
- എത്രാം നൂറ്റാണ്ടിലാണ് മാർത്താണ്ഡവർമ ആധുനിക തിരുവിതാംകൂർ സ്ഥാപിച്ചത്
- ഭഗവത്ഗീതയിലെ അധ്യായങ്ങളുടെ എണ്ണം
- മഹാഭാരതയുദ്ധം എത്ര ദിവസം നീണ്ടുനിന്നു.
- ഇന്ത്യയിൽ സ്ത്രീകളുടെ ഏറ്റവും കുറഞ്ഞ വിവാഹ പ്രായം
- 1929ൽ പാസാക്കിയ ശാരദാ ആക്ട്പ്രകാരം ആൺകുട്ടികളുടെ വിവാഹപ്രായം എത്രയായി ഉയർത്തി
- ഗോൾഫ് കോഴ്സിലെ കുഴികളുടെ എണ്ണം
- ബ്രിട്ടീഷ് പാർലമെന്റിന്റെ അധോസഭയായ ഹൗസ് ഓഫ് കോമൺസിൽ അംഗമാകാനുള്ള കുറഞ്ഞ പ്രായം
- മായൻ കലണ്ടറിലെ മാസങ്ങളുടെ എണ്ണം
- ആവർത്തന പട്ടികയിൽ എത്ര ഗ്രൂപ്പുകളുണ്ട്
- എത്രാം നൂറ്റാണ്ടിലാണ് ഒന്നാം പഴശ്ശി വിപ്ലവം നടന്നത്
- എത്രാം നൂറ്റാണ്ടിലാണ് ഇംഗ്ലണ്ടിൽ വ്യാവസായിക വിപ്ലവം ആരംഭിച്ചത്
- ഇന്ത്യയിൽ പൊതുതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനാവശ്യമായ ഏറ്റവും കുറഞ്ഞ പ്രായം
- പ്രധാന പുരാണങ്ങളുടെ എണ്ണം
- രാജീവ് ഗാന്ധി സർക്കാരിന്റെ കാലത്ത് 61-ാം ഭരണഘടനാ ഭേഗഗതിയിലൂടെ വോട്ടുചെയ്യാനാവശ്യമായ കുറഞ്ഞ പ്രായം എത്രയായി നിശ്ചയിച്ചു

3724. താരന്റെ ശാസ്ത്രീയ നാമം- പീറ്റിരായാസിസ് കാപ്പിറ്റിസ്
3725. മഹാവീരന്റെ ജാമാതാവും ആദ്യശിഷ്യനും- ജമാലി
3726. ഇന്ത്യയുടെ വാനമ്പാടി എന്നു വിളിച്ചതാരെ- സരോജിനി നായിഡു
3727. ലോകത്താദ്യമായി പരുത്തി കൃഷി ചെയ്തത്- സിന്ധു തട നിവാസികൾ
3728. ജ്ഞാനപീഠം നേടിയ ആദ്യത്തെ കശ്മീരി സാഹിത്യകാരൻ- റഹ്മാൻ റാഹി
3729. മഹാവീരൻ അന്ത്യശ്വാസം വലിച്ച പാവപുരി ഏതു സംസ്ഥാനത്താണ്- ബീഹാർ
3730. ഇന്ത്യയുടെ ആദ്യത്തെ അറ്റോമിക് റിയാക്ടർ- അപ്സര
3731. 1959-ൽ ക്യൂബയിൽ നടന്ന വിപ്ലവത്തിന്റെ നേതാവ്- ഫിഡൽ കാസ്ട്രോ
3732. ഭരണഘടനാ നിർമാണസഭയിലെ ഏറ്റവും പ്രായം കൂടിയ അംഗം- സച്ചിദാനന്ദ സിൻഹ
3733. 1969ൽ ബാങ്കുകൾ ദേശസാത്കരിച്ചപ്പോൾ ധനമന്ത്രിയായിരുന്നത്- ഇന്ദിരാഗാന്ധി
3734. ഇന്ത്യയുടെ ഇലക്ട്രോണിക് സിറ്റി എന്നറിയപ്പെടുന്നത് - ബാംഗ്ലൂർ
3735. കുത്തബ്മിനാറിന്റെ ഏറ്റവും മുകളിലത്തെ നില പുതുക്കിനിർമിച്ചത്- ഫിറോസ്ഷാതുഗ്ലക്
3736. തിരുവിതാംകൂറിലെ പുരോഗമനാത്മകമായ ഭരണത്തിന്റെ അംഗീകാരമായി ബ്രിട്ടീഷ് രാജ്ഞിയിൽനിന്ന് മഹാരാജാവ് എന്ന ബിരുദം ലഭിച്ചത്- ആയില്യം തിരുനാൾ
3737. കുട്ടനാടിന്റെ കഥാകാരൻ എന്നറിയപ്പെടുന്നത്- തകഴി

3738. ബംഗാളിൽ വാണിജ്യത്തിന് ഈസ്റ്റ് ഇന്ത്യാക്കമ്പനിക്ക് അനുമതി ലഭിച്ച വർഷം- 1634
3739. കുട്ടികളുടെ ക്ഷേമം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടന- യുനിസെഫ്
3740. ഭയത്തിന്റെയും വെറുപ്പിന്റെയും മേൽ വിജയം നേടിയ മനുഷ്യൻ എന്ന് വിൻസ്റ്റൺ ചർച്ചിൽ ആരെപ്പറ്റിയാണ് പറഞ്ഞത്- ജവാഹർലാൽ നെഹ്റു
3741. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് രാഷ്ട്രപതി ആംഗ്ലോ- ഇന്ത്യൻ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നത്- 331
3742. കുട്ടികൾക്കുവേണ്ടിയുള്ള ഏറ്റവും വലിയ പ്രസ്ഥാനം- സ്കൗട്ട്
3743. കുമാരനാശാന്റെ ജന്മസ്ഥലം- കായിക്കര
3744. ബോക്സർ കലാപം ഏതു രാജ്യത്താണ് നടന്നത്- ചൈന
3745. പ്രസാർ ഭാരതി ബോർഡിന്റെ ആദ്യത്തെ ചെയർമാൻ- നിഖിൽ ചക്രവർത്തി
3746. ബേലം ഗുഹകൾ ഏത് സംസ്ഥാനത്താണ്- ആന്ധ്രാപ്രദേശ്
3747. അധികമുള്ള ഗ്ലൂക്കോസ് ശരീരത്തിൽ സംഭരിക്കാൻ കഴിയാത്ത അവസ്ഥ- പ്രമേഹം
3748. മരച്ചീനി ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന കേരളത്തിലെ ജില്ല- തിരുവനന്തപുരം
3749. ഫ്രാൻസിലെ നിയമനിർമാണസഭ- നാഷണൽ അസംബ്ലി
3750. വൈദ്യുതബൾബിന്റെ ഫിലമെന്റ് നിർമിക്കാനുപയോഗിക്കുന്ന ലോഹം- ടങ്സ്റ്റൺ
3751. ഫ്രാൻസിലെ അഞ്ചാം റിപ്പബ്ലിക്കിലെ ആദ്യ പ്രസിഡണ്ട്- ചാൾസ് ഡി ഗോൾ
3752. ഭോപ്പാൽ ദുരന്തത്തിനു കാരണമായ രാസവസ്തു- മീഥൈൽ ഐസോസയനേറ്റ്
3753. ബോധഗയ ഏതു സംസ്ഥാനത്താണ്- ബീഹാർ
3754. ക്രിക്കറ്റിന്റെ മെക്ക എന്നറിയപ്പെടുന്നത്- ലണ്ടനിലെ ലോർഡ്സ് സ്റ്റേഡിയം
3755. യു.ജി.സി.രൂപവൽക്കരിച്ചപ്പോൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി- മൗലാനാ അബ്ദുൾ കലാം
3756. ബോവർ യുദ്ധത്തിൽ ബ്രിട്ടീഷുകാരെ സഹായിക്കാൻ ഗാന്ധിജി ആരംഭിച്ച(1899) പ്രസ്ഥാനം- ഇന്ത്യൻ ആംബുലൻസ് കോർപ്സ്
3757. മധ്യധരണ്യാഴിയുടെ വിളക്കുമാടം എന്നറിയപ്പെടുന്ന പർവതം- സ്ട്രോംബോളി
3758. യു.ജി.സി.വൈസ് ചെയർമാനായ ആദ്യ മലയാളി- വി.എൻ.രാജശേഖരൻ പിള്ള
3759. ക്രിക്കറ്റിന്റെ ബൈബിൾ എന്നറിയപ്പെടുന്ന മാസിക- വിസ്ഡൻ
3760. ബോംഡിലാ ചുരം ഏതു സംസ്ഥാനത്താണ്- അരുണാചൽ പ്രദേശ്
3761. 1905ൽ സ്വദേശാഭിമാനി പത്രം ആരംഭിച്ചത്- വക്കം മൗലവി
3762. ബേലൂരിലെ ചെന്നകേശവ ക്ഷേത്രം 1117-ൽ പണികഴിപ്പിച്ചത്- ഹോയ്സാല വംശത്തിലെ വിഷ്ണുവർധൻ
3763. 1911 ൽ വിപ്ലവത്തിലൂടെ സൺ യാത് സെൻ രാജഭരണം അവസാനിപ്പിച്ച രാജ്യം- ചൈന
3764. ക്രിക്കറ്റു കളിയിൽ ഒന്നും നേടാനാകാതെ പുറത്താകുന്നതിനെ പറയുന്ന പേര്- ഡക്ക്
3765. ബോംബെ ബോംബർ എന്നറിയപ്പെടുന്നത്- സച്ചിൻ ടെൻഡുൽക്കർ
3766. മരച്ചീനിയിലടങ്ങിയിരിക്കുന്ന ആസിഡ്- പ്രൂസിക് ആസിഡ് (ഹൈഡ്രോ സയാനിക് ആസിഡ്)
3767. സാധാരണമായി നിയമസഭയിൽ സഭാനേതാവ് സ്ഥാനം വഹിക്കുന്നത് ആരാണ് -മുഖ്യമന്ത്രി
3768. മരത്തിൽ തലകീഴായി തൂങ്ങിക്കിടന്ന് ഉറങ്ങുന്ന സസ്തനം - വവ്വാൽ
3769. ദ്രവ്യത്തിന്റെ ആറാമത്തെ അവസ്ഥ- ഫെർമിയോണിക് കൻസേറ്റ്
3770. ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ ചിഹ്നം-ഉദയ സൂര്യൻ
3771. ബ്ലാക്ക് തണ്ടർ തീം പാർക്ക് എവിടെയാണ്- മേട്ടുപ്പാളയം
3772. ബ്ലീഡേഴ്സ് രോഗം എന്നറിയപ്പെടുന്നത്- ഹീമോഫീലിയ
3773. അക്ബറുടെ ശവകുടീരം ആസൂത്രണം ചെയ്തത്- അക്ബർ
3774. യൂറോപ്പിനെയും ഏഷ്യയയും വേർതിരിക്കുന്ന പർവതനിര- യൂറാൽ
3775. കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ ഏറ്റവും പ്രായം കുറഞ്ഞ പ്രസിഡന്റ്-എ.കെ. ആന്റണി
3776. സാധുജനപരിപാലനസംഘം പേരുമാറി പുലയമഹാസഭയായ വർഷം- 1938
3777. ഇസ്ലാം ധർമപരിപാലനസംഘം സ്ഥാപിച്ചത്- വക്കം മൗലവി

CONFUSING FACTS

- ബീഹാർ വിദ്യാപീഠം സ്ഥാപിച്ചത് ഡോ.രാജേന്ദ്രപ്രസാദ്. ഭാരതീയ വിദ്യാ ഭവന്റെ സ്ഥാപകൻ കെ.എം.മുൻഷി.
- തകഴിയുടെ ആത്മകഥയാണ് ഓർമയുടെ തീരങ്ങളിൽ . വൈക്കം മുഹമ്മദ് ബഷീറിന്റെ ആത്മകഥയാണ് ഓർമയുടെ അറകൾ. ഓർമകളുടെ ഓളങ്ങൾ ജി. ശങ്കരക്കുറുപ്പിന്റെ ആത്മകഥ.
- ചുവന്ന രക്താണുക്കളുടെ കുറവ് അനീമിയ എന്ന അവസ്ഥയ്ക്ക് കാരണമാകുന്നു. ചുവന്ന രക്താണുക്കളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്ന അവസ്ഥയാണ് പോളിസൈത്തീമിയ.
- ട്രാവൻകൂർ സ്റ്റേറ്റ് മാന്വലിന്റെ കർത്താവ് വി.നാഗമയ്യയാണ് (1906). കൊച്ചിൻ സ്റ്റേറ്റ് മാന്വൽ രചിച്ചത് സി.അച്യുത മേനോനാണ് (1911).
- ആന്റണി ആന്റ് ക്ലിയോപാട്ര രചിച്ചത് വില്യം ഷേക്സ്പിയർ ആണ്. സീസർ ആന്റ് ക്ലിയോപാട്ര യുടെ കർത്താവ് ജോർജ് ബെർണാഡ് ഷാ ആണ്.

3778. പെരിനാട് ലഹള നടന്ന വർഷം- 1915
3779. മന്നത്ത് പദ്മനാഭനെ കേരളത്തിലെ മദൻ മോഹൻ മാളവ്യ എന്നു വിശേഷിപ്പിച്ചത്- സർദാർ കെ.എം.പണിക്കർ
3780. കുമരകം ഏത് കായലിന്റെ തീരത്താണ്- വേമ്പനാട്
3781. ഭരണഘടനാ നിർമാണസഭയിൽ ഒബ്ജക്ടീവ് റെസൊലൂഷൻ അവതരിപ്പിച്ചത്- ജവാഹർലാൽ നെഹ്റു
3782. ബുദ്ധ-ജൈനമതങ്ങൾ ഇന്ത്യയിൽ ഉടലെടുത്തത്- ബി.സി.ആറാം ശതകത്തിൽ
3783. മഹാവീരന്റെ ഭാര്യ- യശോധ
3784. കുമാരനാശാന്റെ വീണപൂവ് ഏതു പത്രത്തിലാണ് ആദ്യം പ്രസിദ്ധീകരിച്ചത് - മിതവാദി
3785. ബേരാറിലെ ഇമാദ്ഷാഹിവംശം സ്ഥാപിച്ചത്- ഫത്താവുള്ള അഹമ്മദ്(1484)
3786. കുഞ്ചൻ നമ്പ്യാർ ഏതു രാജധാനിയിലാണ് കഴിഞ്ഞിരുന്നത് - അമ്പലപ്പുഴ
3787. ബുള്ളറ്റ് പ്രൂഫ് വസ്ത്രങ്ങൾ നിർമിക്കുന്നതിന് ഉപയോഗിക്കുന്ന വസ്തു- കെവ്ലാർ
3788. കുമ്മാട്ടി എന്ന മലയാള ചിത്രം സംവിധാനം ചെയ്തത് - ജി.അരവിന്ദൻ
3789. ആരുടെ ജന്മദിനമാണ് ദേശീയ യുവജനദിനമായി ആചരിക്കുന്നത്- സ്വാമി വിവേകാനന്ദൻ
3790. ബൃഹദ്മഞ്ജരി രചിച്ചതാര്- ക്ഷേമേന്ദ്രൻ
3791. ശുദ്ധി പ്രസ്ഥാനം ആരംഭിച്ചത്- ദയാനന്ദ് സരസ്വതി
3792. ബോൾ പോയിന്റ് പേന കണ്ടുപിടിച്ചത്- ജോൺ ജെ. ലൗഡ്
3793. ആറന്മുള കണ്ണാടി നിർമിക്കാനുപയോഗിക്കുന്ന പദാർഥം- ലോഹവസ്തുക്കൾ
3794. കുമാരനാശാന്റെ ആദ്യത്തെ പ്രശസ്തമായ കൃതി- വീണപൂവ് (1907)
3795. മഹാരാഷ്ട്രയുടെ രണ്ടാം തലസ്ഥാനം എന്നറിയപ്പെടുന്നത്- നാഗ്പൂർ
3796. പ്രകൃതിവാതകത്തിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ- മീഥേൻ, ഈഥേൻ, പ്രൊപ്പേൻ, ബ്യൂട്ടേൻ
3797. ഭോപ്പാലിന്റെ സ്ഥാപകനായ പരമാര വംശ രാജാവ്- ഭോജൻ
3798. പ്രസവിക്കുന്ന പാമ്പ്- അണലി
3799. അരുണൻ എന്നു വിളിക്കപ്പെടുന്ന ഗ്രഹം-യുറാനസ്
3800. ഏറ്റവും കൂടുതൽ ആണവപ്രസരണം ഉള്ളതായി ബിഎആർസി കണ്ടെത്തിയ സ്ഥലം- കരുനാഗപ്പള്ളി
3801. അരുണാചൽ പ്രദേശിൽ ബ്രിട്ടീഷ് ഭരണത്തിനു തുടക്കമിട്ട കരാർ - യാന്താവോ കരാർ (1826 ഫിബ്രവരി 24)
3802. അക്ബറുടെ സദസ്സിലെ ഏറ്റവും പ്രശസ്തനായ കവി- തുളസീദാസ്
3803. ശരാവതി പദ്ധതി ഏത് സംസ്ഥാനത്താണ്- കർണാടക
3804. ബോംബെയ്ക്കുമുമ്പ് പശ്ചിമതീരത്ത് ബ്രിട്ടീഷുകാരുടെ പ്രധാന താവളമായിരുന്ന നഗരം -സൂറത്ത്

3805. യൂറോപ്പിന്റെ പുതപ്പ് എന്നറിയപ്പെടുന്നത്- ഗൾഫ് സ്ട്രീം
3806. യൂറോപ്പിന്റെ പടക്കളം എന്നറിയപ്പെടുന്ന രാജ്യം- ബെൽജിയം
3807. അക്ബറുടെ കാലത്തെ മന്ദിരങ്ങൾ പ്രധാനമായും എന്തുപയോഗിച്ചാണ് നിർമിച്ചത്- ചുവന്ന മണൽക്കല്ല്
3808. മഹാരാഷ്ട്രയിലെ സോക്രട്ടീസ് എന്നറിയപ്പെടുന്നത്- ഗോപാലകൃഷ്ണഗോഖലെ
3809. ആദ്യ കോമൺവെൽത്ത് ഗെയിംസ് നടന്ന വർഷം- 1930
3811. ബേ വാച്ച് തീം പാർക്ക് എവിടെയാണ് -കന്യാകുമാരി
3812. അധികാരസ്ഥാനത്തെക്കൊണ്ട് ഒരു പൊതു കർത്തവ്യം നടപ്പിലാക്കിക്കിട്ടാൻ പുറപ്പെടുവിക്കുന്ന കല്പന- മാൻഡാമസ്
3813. പ്രോട്ടിയം, ഡ്യൂട്ടീരിയം, ട്രിഷിയം എന്നിവ ഏതു മൂലകത്തിന്റെ ഐസോടോപ്പുകളാണ്- ഹൈഡ്രജൻ
3814. ആദ്യ കോമൺവെൽത്ത് ഗെയിംസ് നടന്നപ്പോൾ അതിന്റെ പേര്- ബ്രിട്ടീഷ് എമ്പയർ ഗെയിംസ്
3815. മഹാവീരന് കൈവല്യം ലഭിച്ച സ്ഥലം- ജ്രിംഭിഗ്രാമം
3816. അക്ബറുടെ സദസ്സിലുണ്ടായിരുന്ന അന്ധ കവി- സൂർദാസ്
3817. അരവിന്ദ സമാധി എവിടെയാണ് -പുതുച്ചേരി
3818. ബേക്കൽ കോട്ട ഏതു ജില്ലയിൽ- കാസർകോട്
3819. ഭരണഘടനാ നിർമാണസഭ ഭരണഘടന ഇന്ത്യൻ അംഗീകരിച്ച തീയതി- 1949 നവംബർ 26
3820. ആലപ്പുഴ ജില്ലയിൽ പ്രാചീനകാലത്തുണ്ടായിരുന്ന ബുദ്ധമതകേന്ദ്രം- ശ്രീമൂലവാസം
3821. ഗാന്ധിജി ദക്ഷിണാഫ്രിക്കയിലായിരുന്ന കാലത്ത് പൊട്ടിപ്പുറപ്പെട്ട യുദ്ധം- ബോവർ യുദ്ധം
3822. ശകരാജാവായ രുദ്രസിംഹനെ വധിച്ച ഗുപ്തരാജാവ്-ചന്ദ്രഗുപ്ത വിക്രമാദിത്യൻ
3823. വൈദ്യുത കാന്തിക പ്രേരണം കണ്ടുപിടിച്ചതാര്- മൈക്കൽ ഫാരഡേ
3824. പ്ലേഗിനു കാരണമായ രോഗാണു- യെർസിനിയ പെസ്റ്റിസ്
3825. പ്രകൃതിയുടെ തോട്ടി എന്നറിയപ്പെടുന്ന പക്ഷി- കാക്ക
3826. മഹാവിഭാഷം രചിച്ചതാര്- വസുമിത്രൻ
3827. ബേക്കിങ് സോഡ(അപ്പക്കാരം)യുടെ രാസനാമം- സോഡിയം ബൈകാർബണേറ്റ്
3828. അഖില കേരള ബാലജന സഖ്യം രൂപവത്കരിച്ചത്- കെ.സി. മാമ്മൻ മാപ്പിള
3829. ഒരു വെബ്സൈറ്റിലെ ആദ്യ പേജ്- ഹോംപേജ്
3830. കുറ്റാന്വേഷണകൃതികളുടെ പിതാവ് എന്നറിയപ്പെട്ടത്- എഡ്ഗാർ അലൻ പോ
3831. അലി സഹോദരൻമാർ എന്ന പേരിൽ പ്രസിദ്ധരായത്- മൗലാനാ മുഹമ്മദ് അലിയും ഷൗക്കത്ത് അലിയും
3832. പ്രോട്ടോപ്ലാസമാണ് ജീവന്റെ ഭൗതികമായ അടിസ്ഥാനം എന്നു പറഞ്ഞത്- ഹക്സലി
3833. മധുരൈകൊണ്ടചോളൻ എന്നറിയപ്പെട്ടത്- പരാന്തക ചോളൻ ഒന്നാമൻ
3834. സുമംഗല എന്ന തൂലികാനാമത്തിൽ എഴുതുന്ന എഴുത്തുകാരി- ലീല നമ്പൂതിരിപ്പാട്
3835. സെൻട്രൽ അമേരിക്കയിലെ ഏറ്റവും വലിയ രാജ്യം- നിക്കരാഗ്വ
3836. ബോറി- സാത്പുര ടൈഗർ റിസർവ് ഏത് സംസ്ഥാനത്ത്-- മധ്യപ്രദേശ്

തെക്കേ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കടൽപ്പാലം- പാമ്പൻ പാലം (അണ്ണാ-ഇന്ദിരാഗാന്ധി പാലം) (2.3 കി.മീ.)

ചോദ്യങ്ങൾ പലത് ഉത്തരം 19

- ഇഷ്ടമുള്ള തൊഴിൽ ചെയ്യാൻ പൗരന് സ്വാതന്ത്ര്യം നൽകുന്ന ഭരണഘടനാ അനുച്ഛേദം
- പത്രസ്വാതന്ത്ര്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം
- എത്രാം ശതകത്തിലാണ് ഇന്ത്യയിൽ രാജാറാം മോഹൻ റോയ് സാമൂഹിക രംഗത്ത് നവോത്ഥാനത്തിന് തുടക്കം കുറിച്ചത്
- അഭിപ്രായ പ്രകടന സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഭരണഘടനാ അനുച്ഛേദം ഏതാണ്
- ഏറ്റവും ചെറിയ ഉപനിഷത്താണ് ഈശോവാസ്യോപനിഷത്ത്. ഇതിൽ എത്ര പദ്യങ്ങളാണുള്ളത്
- സന്തോക്ലോസിന്റെ തുടക്കം എത്രാം നൂറ്റാണ്ടിലാണ്
- സഞ്ചാര സ്വാതന്ത്ര്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം
- നിക്കോബാർ ദ്വീപസമൂഹത്തിൽ എത്ര ദ്വീപുകളാണുള്ളത്
- ആശയ പ്രകാശന സ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണഘടനാ അനുച്ഛേദം
- ഇന്ത്യൻ ഭരണഘടനയുടെ മനസ്സാക്ഷി എന്ന് Granville Austin വിശേഷിപ്പിച്ച ഭരണഘടനാ അനുച്ഛേദം
- പണിമുടക്കം എന്ന ആശയം ബ്രിട്ടണിൽ രൂപംകൊണ്ടത് ഏത് നൂറ്റാണ്ടിലാണ്
- ഇന്ത്യയിലെവിടെയും താമസിക്കാൻ പൗരന് സ്വാതന്ത്ര്യം നൽകുന്ന ഭരണഘടനാ അനുച്ഛേദം
- എത്രാം നൂറ്റാണ്ടിലാണ് രണ്ടാം പഴശ്ശി വിപ്ലവം നടന്നത്
- മൗലിക സ്വാതന്ത്ര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത് എത്രാമത്തെ ഭരണഘടനാ അനുച്ഛേദത്തിലാണ്
- 1878-ൽ സിവിൽ സർവീസ് പരീക്ഷയെഴുതാനുള്ള പ്രായപരിധി 21-ൽനിന്ന് എത്ര വയസ്സായിട്ടാണ് കുറച്ചത്
- സംഘടിക്കുന്നതിന് സ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണഘടനാ അനുച്ഛേദം എത്രാമത്തേതാണ്
- അമേരിക്കയിൽ ആഭ്യന്തരയുദ്ധം നടന്ന നൂറ്റാണ്ട്
- ഏത് നൂറ്റാണ്ടിലാണ് ചാൾസ് ഡാർവിൻ ജീവിച്ചിരുന്നത്
- ബ്രിട്ടീഷ് സാമ്രാജ്യം ഏറ്റവും കൂടുതൽ വികാസം പ്രാപിച്ചത് ഏത് നൂറ്റാണ്ടിലാണ്

യനാട്
3838. യു.എൻ.ചാർട്ടർ ഒപ്പുവെച്ച സ്ഥലം- സാൻഫ്രാൻസിസ്കോ
3839. 1971-ലെ ഇന്തോ പാക് യുദ്ധകാലത്ത് ഇന്ത്യയുടെ സർവസൈന്യാധിപൻ- വി.വി.ഗിരി
3840. അഖില തിരുവിതാംകൂർ ഗ്രന്ഥശാലാസംഘത്തിന്റെ ആദ്യത്തെ പ്രസിഡന്റ്- കെ.എം.കേശവൻ
3841. ബ്ലൂ ബുക്ക് ഏതു രാജ്യത്തെ ഔദ്യോഗിക പ്രസിദ്ധീകരണമാണ്- ബ്രിട്ടൺ
3842. മനുഷ്യരാശിയെക്കുറിച്ചുള്ള ശരിയായ പഠനമാണ് മനുഷ്യൻ എന്നു പറഞ്ഞത്- അലക്സാണ്ടർ പോപ്പ്
3843. ബ്ലൂ വാട്ടർ പോളിസിയുമായി ബന്ധപ്പെട്ട ഭരണാധികാരി- ഡി അൽമേഡ
3844. വിവരാകാശ നിയമം പാസാക്കാൻ കാരണമായ പ്രസ്ഥാനം- മസ്ദൂർ കിസാൻ ശക്തി സംഘതൻ
3845. ബ്ലൂഡാന്യൂബിന്റെ നഗരം എന്നറിയപ്പെടുന്നത്- ബെൽഗ്രേഡ്
3846. സാമൂതിരി സദസ്സിലെ സാഹിത്യപ്രതിഭകളായ പതിനെട്ടരക്കവികളിൽ അരക്കവി ആര്- പൂനം നമ്പൂതിരി
3847. ഗ്ലാസിന് കടുംനീലനിറം നൽകുന്നത്- കോബാൾട്ട് ഓക്സൈഡ്
3848. ബ്രഹ്മസമാജം സ്ഥാപിച്ചത്- രാജാറാം മോഹൻറോയ്
3849. ഗ്ലാസ് ലയിക്കുന്നത് എന്തിലാണ് - ഹൈഡ്രജൻ ഫ്ളൂറൈഡ്
3850. വാഗാ ബോർഡർ ഏത് രാജ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു- ഇന്ത്യയും പാകിസ്താനും
3851. 1912ൽ ജനഗണമന എന്തു ശീർഷകത്തിലാണ് തത്ത്വബോധിനിയിൽ പ്രസിദ്ധീകരിച്ചത്- ഭാരത് വിധാത

3852. മനുഷ്യരക്തത്തിൽ ഓക്സിജൻ വഹിച്ചുകൊണ്ടുപോകുന്ന ഘടകം- ഹീമോഗ്ലോബിൻ

3853. കുമാരനാശാൻ ബന്ധപ്പെട്ടു പ്രവർത്തിച്ച സംഘടന- എസ്.എൻ.ഡി.പി.

3854. ചന്ദ്ര എന്ന ഉപഗ്രഹം ആരുടെ സ്മരണ നിലനിർത്തുന്നതിനാണ് അമേരിക്ക വിക്ഷേപിച്ചത്- ഡോ.എസ്.ചന്ദ്രശേഖർ

3855. മനുഷ്യരിൽ ഏതവയവത്തിൽവെച്ചാണ് ബീജസംയോഗം നടക്കുന്നത്- ഫലോപ്പിയൻ ട്യൂബ്

3856. ശകവർഷത്തിലെ രണ്ടാമത്തെ മാസം- വൈശാഖം

3857. അലാവുദ്ദീൻ ഖിൽജിയെ ദേവഗിരി കീഴടക്കാൻ സഹായിച്ചത്- മാലിക് കാഫർ

3858. ഫ്രാൻസിലെ വെഴ്സയ്ൽസ് കൊട്ടാരം പണികഴിപ്പിച്ചത്- ലൂയി പതിനാലാമൻ

3859. അലിപ്പൂർ ഗൂഢാലോചനാക്കേസിൽ അറസ്റ്റിലാകുകയും പിന്നീട് സന്ന്യാസിയായിത്തീരുകയും ചെയ്തത്- അരവിന്ദഘോഷ്

3860. ഇന്ത്യയിൽ വ്യവസ്ഥാപിതമായ സിവിൽ സർവീസ് തുടങ്ങിയത് ആരുടെ കാലത്താണ്- കോൺവാലിസ്

3861. മിന്നലിന്റെ വൈദ്യുതസ്വഭാവം കണ്ടുപിടിച്ചത്- ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

3862. കാലാവസ്ഥ വ്യതിയാന വകുപ്പ് ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം- ഗുജറാത്ത്

3863. മിന്നാമിനുങ്ങിന്റെ വെളിച്ചത്തിനു കാരണമായ വസ്തു- ലൂസിഫെറിൻ

3864. നിയമസഭ വിളിച്ചുചേർക്കുന്നതാര്-ഗവർണർ

3865. ഭാരതരത്നം നേടിയവരിൽ ഒടുവിൽ ജനിച്ച വ്യക്തി- സച്ചിൻ ടെണ്ടുൽക്കർ

3866. ഏറ്റവും തണുപ്പുകൂടിയ സമുദ്രം- ആർട്ടിക്

3867. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കന്നുകാലികൾ ഉള്ള സംസ്ഥാനം- ഉത്തർ പ്രദേശ്

3868. കിഴക്കനേഷ്യൻ കടുവകൾ എന്നറിയപ്പെടുന്നത്- തായ്വാൻ, സിംഗപ്പൂർ,ഹോങ്കോംഗ്, ദക്ഷിണ കൊറിയ

3869. കംപ്യൂട്ടറിനോടുള്ള പേടി- സൈബർ ഫോബിയ

3870. ഭരണഘടനയുടെ ആമുഖം ഇതുവരെ എത്ര പ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ട് -ഒന്ന്

3871. ശകവർഷം ആരംഭിച്ചതെന്ന്- എ.ഡി.-78

3872. ആന്ധ്രാപ്രദേശിൽ മുഖ്യമന്ത്രിയായശേഷം ഇന്ത്യൻ പ്രസിഡണ്ടായ വ്യക്തി- നീലം സഞ്ജീവറെഡ്ഡി

3873. വൈദ്യുതി പ്രവാഹത്തിന്റെ ശക്തി അളക്കുന്ന ഉപകരണം- അമ്മീറ്റർ

3874. ഒസ്ട്രാസിസം സൂചിപ്പിക്കുന്നത്- ഊരുവിലക്ക്

3875. സൈമൺ കമ്മിഷന്റെ ഔദ്യോഗികനാമം- ഇന്ത്യൻ സ്റ്റാറ്റ്യൂട്ടറി കമ്മിഷൻ

3876. ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ച വർഷം- 1920

3877. മിലിന്ദ പാൻഹോ രചിച്ചത്- നാഗാർജുനൻ

3878. ബ്രഹർഷിദേശം,മധ്യദേശംഎന്നീപേരുകളിൽപ്രാചീനകാലത്ത്അറിയപ്പെട്ടിരുന്നസംസ്ഥാനം-ഉത്തർപ്രദേശ്

3879. ഒരു വ്യക്തി പ്രകൃത്യാ അവന്റേതല്ലെങ്കിൽ അവൻ ഒരു അടിമയാണ് എന്നു പറഞ്ഞത്- അരിസ്റ്റോട്ടിൽ

3880. മനുഷ്യശരീരത്തിൽ മരണംവരെ വളരുന്ന രണ്ടുഭാഗങ്ങൾ- മുടി, നഖം

3881. ചന്ദ്രൻ ഭൂമിയോട് ഏറ്റവും അടുത്തുവരുന്ന പ്രതിഭാസം- സൂപ്പർ മൂൺ

3882. ഫ്രാൻസ് അമേരിക്കക്ക് സമ്മാനിച്ച സ്റ്റാച്യു ഓഫ് ലിബർട്ടിയുടെ ശിൽപി- ഫ്രെഡറിക് ഓഗസ്ത് ബർത്തോൾഡി

3883. മികച്ച നടനുള്ള ഓസ്കർ അവാർഡ് ആദ്യമായി നേടിയത്- എമിൽ ജെന്നിങ്സ്

3884. അലിപ്പൂർ ഗൂഢാലോചനക്കേസിൽ അരവിന്ദഘോഷിനുവേണ്ടി ഹാജരായ അഭിഭാഷകൻ- സി.ആർ.ദാസ്

3885. ബ്രസീൽ കണ്ടെത്തിയത്- കബ്രാൾ

3886. അന്തരീക്ഷമർദ്ദം അളക്കുന്ന യൂണിറ്റ്- പാസ്കൽ

3887. അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റിയുടെ പഴയ പേര്- മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ്

3888. ആന്ധ്രാ സംസ്ഥാനത്തിന്റെ ആദ്യ മുഖ്യമന്ത്രി - ടി പ്രകാശം

3889. ശകവർഷം ആരംഭിച്ചത് ആരുടെ ഭരണകാലത്ത്- കനിഷ്കൻ

CONFUSING FACTS

- സ്വതന്ത്ര ഇന്ത്യയിൽ ബഡ്ജറ്റ് അവതരിപ്പിച്ച ആദ്യത്തെ ധനമന്ത്രി ആർ.കെ.ഷൺമുഖം ചെട്ടിയാണ്. എന്നാൽ, ജനറൽ ബഡ്ജറ്റ് അവതരിപ്പിച്ച ആദ്യ ധനമന്ത്രി സി.ഡി.ദേശ്മുഖ് ആണ് (1952).
- ചോളൻമാരുടെ രാജകീയമുദ്ര കടുവയും പാണ്ഡ്യൻമാരുടേത് മത്സ്യവും ആയിരുന്നു.
- ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് രാജാവ് ജോർജ് അഞ്ചാമൻ (1911). ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് മാക്മില്ലൻ.
- കേരളത്തിൽ ജൂതക്കുന്ന് ചാവക്കാട്ടും ജൂതക്കുളം മാടായിയിലും സ്ഥിതിചെയ്യുന്നു.

ഏറ്റവും കുറച്ചുകാലം ഉപരാഷ്ട്രപതി സ്ഥാനം വഹിച്ചത്- വി വി ഗിരി

3890. വൈദ്യുതീകരിക്കപ്പെട്ട ആദ്യത്തെ ദക്ഷിണേന്ത്യൻ നഗരം -ബാംഗ്ലൂർ

3891. ഏത് വൈസ്രോയിക്കാണ് രണ്ടാം ഈഴവ മെമ്മോറിയൽ സമർപ്പിച്ചത്- കഴ്സൺ

3892. മായ്ക്കാനാകാത്ത മഷി ഉപയോഗിച്ച ആദ്യത്തെ ഇലക്ഷൻ -1962

3893. മുസ്ലിം ഐക്യസംഘം സ്ഥാപിച്ചതാര്- വക്കം മൗലവി

3894. മുങ്ങിമരിക്കുന്നതിനുമുമ്പ് കുമാരനാശാൻ സഞ്ചരിച്ചിരുന്ന ബോട്ട്- റെഡീമർ

3895. കേരള ഗ്രന്ഥശാല സംഘത്തിന്റെ സ്ഥാപകൻ- പി.എൻ.പണിക്കർ

3896. ആന്ധ്രാ സംസ്ഥാനം രൂപവൽക്കരിക്കണമെന്ന ആവശ്യമുന്നയിച്ച് നിരാഹാരസമരം നടത്തി മരണം വരിച്ച വ്യക്തി പോറ്റി ശ്രീരാമലു

3897. ആരുടെ സദസ്യനായിരുന്നു ഭാരവി- സിംഹവിഷ്ണു

3898. മുഹമ്മദ് നബിയുടെ കബറിടം എവിടെയാണ് - മദീന

3899. ശകവർഷം തുടങ്ങിയ നൂറ്റാണ്ട്- എ.ഡി.ഒന്നാം നൂറ്റാണ്ട്

3900. ടെസ്റ്റ് ക്രിക്കറ്റിലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ നേടിയത്- ബ്രയൻ ലാറ

3901. മൂല്യവർധിത നികുതി നടപ്പാക്കിയ ആദ്യ രാജ്യം- ഫ്രാൻസ്

3902. മൂഴിയാർ ഡാം ഏത് ജില്ലയിൽ - പത്തനംതിട്ട

3903. അരുണാചൽ പ്രദേശിന്റെ പഴയ പേര്- നേഫ(നോർത്ത് ഈസ്റ്റ് ഫ്രോണ്ടിയർ ഏജൻസി)

3904. അർജുനൻ എന്ന കഥാപാത്രം ഏത് ഇതിഹാസത്തിൽ- മഹാഭാരതം

3905. മൂകാംബികക്ഷേത്രം എവിടെയാണ്- കൊല്ലൂർ

3906. അറ്റോർണി ജനറലിനെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാഅനുച്ഛേദം- ആർട്ടിക്കിൾ 76

3907. മതത്തെ രാഷ്ട്രീയത്തിൽനിന്നു വേർപെടുത്തിയ ആദ്യത്തെ ഇന്ത്യൻ ഭരണാധികാരി- അലാവുദ്ദീൻ ഖിൽജി

3908. അത്‌ലാന്റിക്കിനെയും മധ്യധരണ്യാഴിയേയും ബന്ധിപ്പിക്കുന്ന കടലിടുക്ക്- ജിബ്രാൾട്ടർ

3909. അളകനന്ദ ഏതു നദിയിലാണ് ചേരുന്നത്- ഗംഗ

3910. മഴവില്ലുകളുടെ നാട് എന്നറിയപ്പെടുന്നത്- ഹവായ് ദ്വീപുകൾ

3911. അറ്റ്ലസ് പർവതനിര ഏത് വൻകരയിൽ- ആഫ്രിക്ക

3912. രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്- പാർലമെന്റിലെ ഇരു സഭകളിലെയും സംസ്ഥാന നിയമസഭകളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

3913. അന്തരീക്ഷഭാരത്തിന്റെ എത്ര ശതമാനമാണ് നൈട്രജൻ- 75.46

3914. മലയാളത്തിലെ ആദ്യ കവിത- രാമചരിതം പാട്ട്

3915. അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ ശരാശരി അളവ് എത്രശതമാനമാണ് 0.03

3916. സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പശ്ചിമഘട്ട പ്രാദേശിക കേന്ദ്രം എവിടെയാണ്- കോഴിക്കോട്

3917. ഇന്ത്യയിലെ ആദ്യത്തെ വ്യവഹാര വിമുക്ത പഞ്ചായത്ത്- വരവൂർ

3918. മലയാളത്തിൽനിന്നും ഉർവശി അവാർഡ് ആദ്യമായി നേടിയത്- ശാരദ
3919. മരിച്ചുകഴിഞ്ഞ് മണിക്കൂറുകൾ കഴിയുമ്പോൾ കൈകാലുകൾക്ക് ബലം വയ്ക്കുന്ന അവസ്ഥയ്ക്ക് പറയുന്ന പേര്- റിഗർ മോർട്ടിസ്
3920. ഇന്ത്യയിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം- അഷ്ടാധ്യായി
3921. ഗൂർഖകൾ ഉപയോഗിക്കുന്ന കത്തിയുടെ പേര്- കുക്രി
3922. മലയാളത്തിലെ ആദ്യത്തെ നിശ്ശബ്ദസിനിമ- വിഗതകുമാരൻ
3923. ഇന്ത്യയിലെ ആദ്യത്തെ ശബ്ദ സിനിമ- ആലം ആറ
3924. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് മലബാറിലെ കാർഷിക കലാപങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട കളക്ടർ- വില്യം ലോഗൻ
3925. ഏറ്റവും ചെറിയ പക്ഷി -ഹമ്മിങ് പക്ഷി
3926. ഹൈഡാസ്പസ് യുദ്ധം നടന്ന വർഷം- ബി.സി.326
3927. കേരള ക്രൂഷ്ചേവ് എന്നറിയപ്പെട്ടത്- എം.എൻ.ഗോവിന്ദൻ നായർ
3928. ശക്തൻതമ്പുരാൻ കൊച്ചിയിൽ രാജാവായത് ഏത് വർഷത്തിൽ- എ.ഡി.1790
3929. ഒരില മാത്രമുള്ള സസ്യം- ചേന
3930. ഏറ്റവും ദൈർഘ്യമേറിയ ഗർഭകാലമുള്ള സസ്തനം- ഏഷ്യൻ ആന
3931. കസ്തൂർബാ ഗാന്ധി അന്തരിച്ച കൊട്ടാരം- പൂനെയിലെ ആഗാഖാൻ കൊട്ടാരം
3932. ഹൈദർഅലിയുടെ തെക്കേമലബാർ ആക്രമണം ഏത് വർഷത്തിൽ - എ.ഡി.1758
3933. കായികകേരളത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്- ഗോദവർമരാജ
3934. തിരുവിതാംകൂറിലുണ്ടായിരുന്ന ഡിവിഷൻ പേഷ്കാർക്കു തുല്യമായ ഇപ്പോഴത്തെ പദവി- ജില്ലാ കളക്ടർ
3935. ഏറ്റവും വേഗത്തിൽ ചലിക്കാൻ കഴിവുള്ള പക്ഷി - പെരിഗ്രീൻ ഫാൽക്കൺ
3936. ഏകകക്ഷിഭരണം അവസാനിപ്പിച്ച ആദ്യത്തെ പൂർവയൂറോപ്യൻ രാജ്യം- പോളണ്ട്
3937. കൈകാലുകളിലെ ആകെ അസ്ഥികൾ- 126
3938. മലയാളഭാഷയുടെ ആധുനിക ലിപി നടപ്പാക്കിയ തിരുവിതാംകൂർ രാജാവ്- സ്വാതി തിരുനാൾ
3939. ടെസ്റ്റ് ക്രിക്കറ്റിൽ ആദ്യമായി 10000 റൺസ് തികച്ചത്- സുനിൽ ഗാവസ്കർ
3940. അരുണാചൽ പ്രദേശിലെ വന്യമൃഗസംരക്ഷണകേന്ദ്രം- നംദഫ
3941. ഇന്ത്യയിലെ ആദ്യത്തെ വിശപ്പുരഹിതനഗരം- കോഴിക്കോട്
3942. അരുണാചൽ പ്രദേശിൽ പ്രവേശിക്കുമ്പോൾ ബ്രഹ്മപുത്ര അറിയപ്പെടുന്ന പേര്- സിയാങ്
3943. മനുഷ്യന്റെ കവിളിന്റെ അനാട്ടമി നാമം- ബക്ക
3944. ഏതു രാജ്യത്തെ ഭരണാധികാരിയാണ് മാഗ്ന കാർട്ടയിൽ ഒപ്പുവച്ചത്- ഇംഗ്ലണ്ട്
3945. മാറാട് കലാപം ഉണ്ടായ ജില്ല- കോഴിക്കോട്
3946. മരണസമയത്ത് ഗാന്ധിജിയുടെ ഒപ്പമുണ്ടായിരുന്ന ശിഷ്യർ- മനു, ആഭ
3947. അരുവിപ്പുറം വിപ്ലവം എന്നറിയപ്പെട്ടത്- ശ്രീനാരായണഗുരുവിന്റെ ശിവലിംഗപ്രതിഷ്ഠ
3948. മുളങ്കാടുകൾക്ക് പ്രസിദ്ധമായ മലപ്പുറം ജില്ലയിലെ സ്ഥലം- നിലമ്പൂർ
3949. ഏതു രാജ്യമാണ് ഹോളണ്ട് എന്ന് അറിയപ്പെട്ടിരുന്നത്- നെതർലൻഡ്സ്
3950. ചോള സാമ്രാജ്യ തലസ്ഥാനം- തഞ്ചാവൂർ
3951. മറാത്ത വംശമായ ഗെയ്ക്ക്വാദ് എവിടെയാണ് ഭരിച്ചത് -ബറോഡ
3952. വധിക്കപ്പെട്ട രണ്ടാമത്തെ അമേരിക്കൻ പ്രസിഡന്റ്- ജെയിംസ് എ.ഗാർഫീൽഡ്
3953. ടെസ്റ്റ് ക്രിക്കറ്റ് കളിച്ച ആദ്യത്തെ ഇന്ത്യാക്കാരൻ- രഞ്ജിതസിങ്ജി
3954. ശകാരി എന്ന സ്ഥാനപ്പേരു സ്വീകരിച്ചത്- ചന്ദ്രഗുപ്തവിക്രമാദിത്യൻ
3955. ശൈത്യക്കടൽ എവിടെയാണ്-ചന്ദ്രൻ
3956. കശ്മീരിലെ അക്ബർ എന്ന് വിശേഷിപ്പിക്കപ്പെട്ടത്- സെയ്നുൽ അബ്ദിൻ (1420–70)
3957. റിയർവ്യൂ മിറർ ആയി ഉപയോഗിക്കുന്നത്- കോൺവെക്സ് മിറർ
3958. ഓസോൺ വാതകത്തിന്റെ നിറം - നീല
3959. മിസ് എർത്ത് മത്സരത്തിൽ വിജയിച്ച ആദ്യ ഇന്ത്യക്കാരി- നിക്കോളോ ഫരിയ
3960. എഡ്യുസാറ്റ് എന്ന ഉപഗ്രഹം വിക്ഷേപിച്ചത് എവിടെനിന്നുമാണ്- ശ്രീഹരിക്കോട്ട

ചോദ്യങ്ങൾ പലത് ഉത്തരം 20

- ദേശീയഗാനത്തിന്റെ ഷോർട്ട് വേർഷൻ ആലപിക്കാനാവശ്യമായ സമയം എത്ര സെക്കന്റ്
- അസ്ഥികളുടെ എത്ര ശതമാനമാണ് ജലം
- ക്രിക്കറ്റിൽ രണ്ടു വിക്കറ്റുകൾക്കിടയിലെ ദൂരം 22 യാർഡാണ്. ഇത് ഏകദേശം എത്ര മീറ്ററിന് തുല്യമാണ്
- 1969, 1980 വർഷങ്ങളിലായി ഇന്ത്യയിൽ എത്ര ബാങ്കുകൾ ദേശസാത്കരിച്ചിട്ടുണ്ട്
- എത്രാം നൂറ്റാണ്ടിലാണ് എക്സ്പ്രഷനിസ്റ്റ് രീതിയിലുള്ള ചിത്രകലാരീതി ആരംഭിച്ചത്
- ഭരണഘടനയുടെ എത്രാമത്തെ ഭാഗത്തിലാണ് ഭരണഘടനാ ഭേദഗതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്
- സസ്യങ്ങളിൽ എത്ര അമിനോ ആസിഡുകൾ ഉണ്ട്
- ഭരണഘടനാവ്യവസ്ഥ പ്രകാരം കേന്ദ്രഭരണപ്രദേശങ്ങളിൽ നിന്ന് ലോക്സഭയിൽ പരമാവധി എത്ര അംഗങ്ങളാകാം
- മനുഷ്യന്റെ ശ്രവണശേഷിയുടെ ഏറ്റവും കുറഞ്ഞ ആവൃത്തി എത്ര ഹേർട്സ് ആണ്
- പുരുഷന്റെ ത്വക്കിന്റെ വിസ്തീർണം എത്ര ചതുരശ്ര അടിയാണ്
- കേരളത്തിലെ ലോക്സഭാസീറ്റുകൾ
- മനുഷ്യന് എത്ര പാൽപ്പല്ലുകളാണുള്ളത്
- കാൽസ്യത്തിന്റെ അണുസംഖ്യ എത്രയാണ്
- എത്ര ഹേർട്സിന് താഴെ ആവൃത്തിയുള്ള ശബ്ദങ്ങളാണ് ഇൻഫ്രാസോണിക്

3961. മികച്ച ക്രിക്കറ്റർക്കുള്ള ഐ.സി.സി. അവാർഡ് നേടിയ ആദ്യ താരം- രാഹുൽ ദ്രാവിഡ്
3962. ഏറ്റവും ജലസമ്പന്നമായ നദി- ആമസോൺ
3963. ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്ന ഭരണഘടനാ വകുപ്പ് - 352
3964. മരണാനന്തര ബഹുമതിയായി ഭാരതരത്നം പ്രഖ്യാപിച്ചശേഷം പിൻവലിച്ചത് ആരുടെ കാര്യത്തിലാണ്- സുഭാഷ് ചന്ദ്രബോസ്
3965. കോഴിക്കോട് തത്ത്വപ്രകാശിക ആശ്രമം സ്ഥാപിച്ചത്- വാഗ്ഭടാനന്ദൻ
3966. ആർക്കാണ് മാതാപിതാക്കൾ മുടിചൂടുംപെരുമാൾ എന്നു പേരിട്ടത് - അയ്യാ വൈകുണ്ഠർ
3967. ജാതി കുമ്മി രചിച്ചത്- പണ്ഡിറ്റ് കറുപ്പൻ
3968. ശ്രീനാരായണഗുരുവിന്റെ ആദ്യശിഷ്യൻ- ശിവലിംഗദാസസ്വാമികൾ
3969. കവിതിലകൻ എന്ന ബഹുമതി പണ്ഡിറ്റ് കറുപ്പന് നൽകിയത്- കൊച്ചിരാജാവ്
3970. 1973-ലെ ഒക്ടോബർ യുദ്ധത്തിൽ വിജയിച്ച രാജ്യം- ഈജിപ്ത്
3971. അറബിക്കടൽ ഏത് സമുദ്രത്തിന്റെ ഭാഗമാണ്-ഇന്ത്യൻമഹാസമുദ്രം
3972. ഏറ്റവും കൊഴുപ്പുള്ള പാൽ ഏത് മൃഗത്തിന്റെതാണ്- മുയൽ
3973. ഡച്ചിഗാം വന്യജീവി സങ്കേതം എവിടെയാണ്- ശ്രീനഗർ
3974. ഏറ്റവും ചെറിയ പൂവ്- വുൾഫിയ
3975. ഒരിക്കലും വെള്ളം കുടിക്കാത്ത ജന്തു- കംഗാരു എലി
3976. വരിക വരിക സഹജരെ... എന്ന ഗാനം രചിച്ചത് - അംശി നാരായണപിള്ള
3977. എഡിസൺ ജനിച്ച അമേരിക്കൻ പട്ടണം- മിലാൻ (1847)
3978. ഏറ്റവും ദൈർഘ്യം കുറഞ്ഞ ഗർഭകാലം-വിർജിനിയ ഒപ്പോസം
3979. ഡാർവിന്റെ പരിണാമ ഗവേഷണങ്ങൾക്കു വേദിയായ ദ്വീപ്- ഗാലപ്പാഗോസ്
3980. ഏറ്റവും വേഗത്തിൽ നീന്തുന്ന മൽസ്യം- സ്വേഡ് ഫിഷ്
3981. കശ്മീരിലെ ഔദ്യോഗികഭാഷ- ഉറുദു
3982. സൈലന്റ് വാലി ദേശീയോദ്യാനമായി പ്രഖ്യാപിക്കപ്പെട്ട വർഷം - 1984
3983. എഡ്വിൻ ആർനോൾഡിന്റെ ദി ലൈറ്റ് ഓഫ് ഏഷ്യ എന്ന കൃതിയിലെ പ്രതിപാദ്യം ആരുടെ ജീവിതമാണ്- ശ്രീബുദ്ധൻ
3984. മഹാത്മാഗാന്ധി ആദ്യമായി കേരളത്തിൽ വന്നിറങ്ങിയ സ്ഥലം-

കോഴിക്കോട്
3985. സത്യം സൗന്ദര്യമാണ്, സൗന്ദര്യം സത്യവും എന്നു പറഞ്ഞതാര്- കീറ്റ്സ്
3986. ടെൻസിങ്ങും ഹിലാരിയും ആദ്യമായി എവറസ്റ്റ് കീഴടക്കിയത്- 1953 മെയ് 29
3987. സ്യാനന്ദൂരപുരം എന്ന് സംസ്കൃതത്തിൽ പരാമർശിക്കുന്ന നഗരം- തിരുവനന്തപുരം
3988. ഗ്യാലപ് പോൾ എന്ന സങ്കേതത്തിനു തുടക്കം കുറിച്ചത് ഏതു രാജ്യത്താണ്- യു.എസ്.എ.
3989. സ്വപ്നശൃംഗങ്ങളുടെ നഗരം- ഓക്സ്ഫോർഡ്
3990. മലബാർ കലാപം അരങ്ങേറിയ താലൂക്ക്- ഏറനാട്
3991. സ്വന്തം ഭാരത്തോടു തുലനം ചെയ്യുമ്പോൾ ഏറ്റവും വലിയ മുട്ടയിടുന്ന പക്ഷി- കിവി
3992. മാമാങ്കം ആഘോഷിച്ചിരുന്ന മാസം- കുംഭം
3993. തഡോബ വന്യമൃഗസംരക്ഷണ കേന്ദ്രം ഏതു സംസ്ഥാനത്ത്- മഹാരാഷ്ട്ര
3994. ഡൽഹിയിലെ തുഗ്ലക്കാബാദ് കോട്ട നിർമിച്ചത്- ഗിയാസുദ്ദീൻ തുഗ്ലക്
3995. ജീവന്റെ നദി എന്നറിയപ്പെടുന്നത്- രക്തം
3996. ഡൽഹിയിലേക്ക്രണ്ട്അശോകസ്തൂപങ്ങൾകൊണ്ടുവന്നതുഗ്ലക് സുൽത്താൻ-ഫിറോസ് ഷാതുഗ്ലക്
3997. ജ്ഞാനപീഠം നേടിയ ആദ്യത്തെ മലയാള നോവൽ- ഒരു ദേശത്തിന്റെ കഥ
3998. ലോകത്തിന്റെ വജ്ര തലസ്ഥാനം എന്നറിയപ്പെടുന്നത്- കിംബർലി
3999. മേയോ പ്രഭു ആദ്യ സെൻസസ് തയ്യാറാക്കിയ വർഷം- 1872
4000. ഇന്ത്യയിലെ രണ്ടാമത്തെ വനിതാ മുഖ്യമന്ത്രി- നന്ദിനി സാത്പതി (1972-76)
4001. മറാത്ത വംശമായ ഭോൺസലെ എവിടെയാണ് ഭരിച്ചത്- നാഗ്പൂർ
4002. രോഗങ്ങളെക്കുറിച്ചുള്ള പഠനം- പാതോളജി
4003. സ്വപ്നാവാസവദത്തം, ഊരുഭംഗം എന്നിവ രചിച്ചത്- ഭാസൻ
4004. ഇന്ത്യയിലെ ഏറ്റവും ചെറിയ ജില്ലയായ മാഹി ഏത് ഭരണഘടകത്തിന്റെ ഭാഗമാണ്-പുതുച്ചേരി
4005. ഇന്ത്യയിലെ ഏറ്റവും ചെറിയ ഹൈക്കോടതി - സിക്കിം
4006. സ്വന്തം മക്കളുടെ തടവിൽ കഴിയേണ്ടിവന്ന മുഗൾ ചക്രവർത്തി- ഷാജഹാൻ
4007. സ്വന്തമായി പതാകയുള്ള ഏക ഇന്ത്യൻ സംസ്ഥാനം- ജമ്മു കശ്മീർ
4008. ചൈനയിലെ ഗൗതമബുദ്ധൻ എന്നറിയപ്പെടുന്നത്- ലാവോത്സെ
4009. ഇന്ത്യയിലെ ഗവർണർ ജനറൽമാരിൽ ഏറ്റവും കൂടുതൽകാലം പദവി വഹിച്ചത്- വാറൻ ഹേസ്റ്റിങ്സ്
4010. ജീവിതത്തിൽ സത്യസന്ധനായിരിക്കണം എന്ന തീരുമാനമെടുക്കാൻ ഗാന്ധിജി തീരുമാനിച്ചത് ഏത് പുരാണ കഥാപാത്രത്തിന്റെ സ്വാധീനത്താലാണ്- ഹരിശ്ചന്ദ്രൻ
4011. സ്വന്തമായി വാഹനം നിർമിച്ച് മനുഷ്യനെ ബഹിരാകാശത്ത് അയച്ച രാജ്യങ്ങൾ- അമേരിക്ക, റഷ്യ,ചൈന
4012. മൈ ടൈംസ് ആരുടെ ആത്മകഥയാണ്- ജെ.ബി.കൃപലാനി
4013. സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിച്ച് വിതരണം ചെയ്ത, സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമപഞ്ചായത്ത്- മാങ്കുളം
4014. മൂർത്തീദേവി അവാർഡ് ഏർപ്പെടുത്തിയത്- ജ്ഞാനപീഠം ട്രസ്റ്റ്
4015. സ്ത്രീകൾക്ക് വോട്ടവകാശം നൽകിയ (1893) ആദ്യത്തെ രാജ്യം- ന്യൂസിലൻഡ്
4016. ഇരുമ്പിന്റെ ഏറ്റവും ശുദ്ധമായ രൂപം- റോട്ട് അയൺ
4017. സ്ത്രീകൾക്ക് പ്രവേശനമില്ലാത്ത പർവതം- മൗണ്ട് ആതോസ് (ഗ്രീസ്)
4018. ഇന്ത്യയിലെ രാഷ്ട്രീയ കാർട്ടൂണുകളുടെ പിതാവ് എന്നറിയപ്പെടുന്നത്- ശങ്കർ
4019. ജുഡീഷ്യൽ റിവ്യൂ എന്ന ആശയം ഏതു രാജ്യത്തിൽ നിന്നാണ് ഇന്ത്യ സ്വീകരിച്ചത്- യു.എസ്.എ.
4020. ഭാരതരത്ന ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി- -സച്ചിൻ ടെൻഡുൽക്കർ
4021. ജൂലിയസ് സീസർ കൊല്ലപ്പെട്ട വർഷം- ബി.സി.44
4022. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് സ്ഥാനത്തേക്ക് 1939-ൽ തിരഞ്ഞെടുപ്പു നടന്നപ്പോൾ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ എതിരാളിയായിരുന്നത്- പട്ടാഭി സീതാരാമയ്യ
4023. ലോകത്തിന്റെ വിസ്തീർണത്തിന്റെ എത്ര ഭാഗമാണ് ഇന്ത്യ- 1/42

ചോദ്യം; ഉത്തരം

വനിതാ മേയർ - ലോകം, ഇന്ത്യ, കേരളം

- ഇന്ത്യയിലെ ആദ്യത്തെ വനിതാ മേയർ സുലോചനാ മോഡി ആണോ താരാ ചെറിയാൻ ആണോ?
- സുലോചനാ മോഡി. 1956-ൽ മുംബൈ മേയറായി. താരാ ചെറിയാൻ ചെന്നൈയിൽ മേയറായത് 1957ലാണ്. ദക്ഷിണേന്ത്യയിലെ ആദ്യത്തെ വനിതാ മേയർ എന്ന് താരാ ചെറിയാനെ വിശേഷിപ്പിക്കാം. കേരളത്തിലെ ആദ്യത്തെ വനിതാ മേയർ ഹൈമവതി തായാട്ട് ആണ് (കോഴിക്കോട്).
- രേഖകൾ പ്രകാരം, ലോകത്തിലാദ്യമായി മേയർ സ്ഥാനത്തെത്തിയ വനിത അമേരിക്കൻ ഐക്യനാടുകളിലെ കാൻസസ് സംസ്ഥാനത്തെ അർഗോണിയ നഗരത്തിലെ Susanna Madora Salter ആണ് (1887).

4024. പാലക്കാട് ചുരം കേരളത്തെ തമിഴ്നാട്ടിലെ ഏത് ജില്ലയുമായിട്ടാണ് യോജിപ്പിക്കുന്നത് -കോയമ്പത്തൂർ
4025. സ്ത്രീകൾക്ക് ഒളിമ്പിക്സിൽ പങ്കെടുക്കാൻ അനുമതി കൊടുത്ത വർഷം- 1900
4026. ആദ്യത്തെ സൗത്ത് ഏഷ്യൻ ഫെഡറേഷൻ ഗെയിംസിൽ (1984) ഏറ്റവും കൂടുതൽ മെഡലുകൾ നേടിയത്- ഇന്ത്യ
4027. ആരെ പ്രകീർത്തിച്ചാണ് കുമാരനാശാൻ ദിവ്യകോകിലം രചിച്ചത്- മഹാകവി ടാഗോർ

മഹാകാവ്യമെഴുതാതെ മഹാകവി പദവി നേടിയത്- കുമാരനാശാൻ

4028. വൈദേശികസഹായംകൂടാതെ അച്ചുകൂടം സ്ഥാപിച്ച ആദ്യ മലയാളി- ചാവറയച്ചൻ
4029. മോക്ഷപ്രദീപഖണ്ഡനം രചിച്ചത്- ചട്ടമ്പിസ്വാമികൾ
4030. കല്യാണദായിനിസഭയുടെ സ്ഥാപകൻ- പണ്ഡിറ്റ് കറുപ്പൻ
4031. മൊസാർട്ട് ഏതു കലയുടെ ഉപാസകനായിരുന്നു- സംഗീതം
4032. ഇന്ത്യയിലെ ഏറ്റവും തിരക്കേറിയ പാലം- ഹൗറ പാലം (രബീന്ദ്ര സേതു)
4033. സ്വതന്ത്രഇന്ത്യയുടെ ആദ്യത്തെ ഫീൽഡ് മാർഷൽ- എസ്.എച്ച്.എഫ്.ജെ.മനേക്ഷാ
4034. ഭാരതരത്ന നേടിയ ആദ്യത്തെ സിനിമാതാരം-എം.ജി. രാമചന്ദ്രൻ
4035. ആരും പൗരൻമാരായി ജനിക്കാത്ത സ്വതന്ത്രരാജ്യം - വത്തിക്കാൻ
4036. ഇന്ത്യയുടെ സുഗന്ധ വ്യഞ്ജനത്തോട്ടം എന്നറിയപ്പെടുന്നത്- കേരളം
4037. ന്യൂഡൽഹി കഴിഞ്ഞാൽ ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ഇൻഡസ്ട്രിയൽ ഹബ്-കാൺപൂർ
4038. രാസചികിൽസയുടെ ഉപജ്ഞാതാവ്- പോൾ എർലിക്
4039. രാഷ്ട്രപതിക്ക് സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കുന്നത്- സുപ്രീംകോടതി ചീഫ് ജസ്റ്റിസ്
4040. മുടി നിർമിച്ചിരിക്കുന്ന പ്രോട്ടീൻ- കെരാറ്റിൻ
4041. ജീവജാലങ്ങൾ കാണപ്പെടുന്ന അന്തരീക്ഷപാളി- ട്രോപ്പോസ്ഫിയർ
4042. മൃണാൾസെന്നിന്റെ ആദ്യ ചിത്രം- ഭുവൻ ഷോം (1965)
4043. അമേരിക്കൻ വിപ്ലവകാരികളെ സഹായിച്ച ഫ്രഞ്ച് ചക്രവർത്തി- ലൂയി പതിനാറാമൻ
4044. ആധുനിക സിനിമയുടെ പിതാവ് - ഡേവിഡ് ഗ്രിഫിത്
4045. ഇന്ത്യയിൽ ഒരു സംസ്ഥാനത്ത് അധികാരത്തിൽ വന്ന ആദ്യത്തെ

പ്രാദേശിക പാർട്ടി- ഡി.എം.കെ.
4046. ആഹാരത്തെ ആമാശയത്തിലെത്തിക്കുന്ന അന്നനാളത്തിന്റെ പ്രത്യേക തരം സങ്കോചവികാസത്തിന്റെ പേര്- പെരിസ്റ്റാൽസിസ്
4047. യീസ്റ്റിൽ ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്ന ജീവകം- റൈബോഫ്ളാവിൻ
4048. ഇന്ത്യയിലെ ഏറ്റവും കൂടുതൽ വരുമാനമുള്ള ക്ഷേത്രം -തിരുപ്പതിയിലെ വെങ്കിടേശ്വരക്ഷേത്രം
4049. ഇന്ത്യയിലെ ഏറ്റവും കൂടുതൽ വോട്ടർമാരുള്ള ലോക്സഭാമണ്ഡലം- ഉന്നാവു
4050. ബാലാമണിയമ്മയുടെ ആദ്യത്തെ കാവ്യസമാഹാരം- കൂപ്പുകൈ
4051. ഭാരത സർക്കാരിന്റെ എല്ലാ പ്രവൃത്തികളും ആരുടെ പേരിലാണ് നടത്തുന്നത്- രാഷ്ട്രപതി
4052. ഹൈഡാസ്പസ് യുദ്ധത്തിൽ പോറസിനെ തോൽപിച്ചതാര് -അലക്സാണ്ടർ ചക്രവർത്തി
4053. ഭൂനികുതി എവിടെയാണ് ഒടുക്കുന്നത്- വില്ലേജാഫീസിൽ
4054. ഇന്ത്യയിലെ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി- ആന്ധ്രാപ്രദേശ് ഓപ്പൺ യൂണിവേഴ്സിറ്റി (1982)(1991 മുതൽ പേര് ഡോ.ബി.ആർ.അംബേദ്കർ യൂണിവേഴ്സിറ്റി)
4055. യൂറോപ്പിന്റെ അറക്കമിൽ എന്നറിയപ്പെടുന്ന രാജ്യം- സ്വീഡൻ
4056. പാമ്പ് ഉൾപ്പെടെയുള്ള ഉരഗങ്ങൾ ഇല്ലാത്ത വൻകര-അന്റാർട്ടിക്ക
4057. ഇന്ത്യയുടെ ഹൃദയം എന്നറിയപ്പെടുന്ന സംസ്ഥാനം- മധ്യപ്രദേശ്
4058. ഏറ്റവും വലിപ്പം കൂടിയ ശിശുവിനെ പ്രസവിക്കുന്ന ജീവി- നീലത്തിമിംഗിലം
4059. ഏറ്റവും വലിപ്പം കൂടിയ ഹൃദയമുള്ള ജീവി- നീലത്തിമിംഗിലം
4060. ആദ്യത്തെ ജൈനമതസമ്മേളനം നടന്ന സ്ഥലം- പാടലീപുത്രം
4061. ജനകീയ കവിതയുടെ ശുക്രനക്ഷത്രമെന്ന് നിരൂപകർ വിലയിരുത്തിയ കവി- കുഞ്ചൻ നമ്പ്യാർ
4062. ജസ്റ്റിസ് ഫാത്തിമാബീവി ഗവർണറായ സംസ്ഥാനം- തമിഴ്നാട്
4063. രക്താർബുദത്തിന്റെ വൈദ്യശാസ്ത്രനാമം- ലുക്കീമിയ
4064. ഇരുപതാം നൂറ്റാണ്ടിൽ ജനിച്ച് അമേരിക്കൻ പ്രസിഡന്റായ ആദ്യ വ്യക്തി-ജോൺ എഫ്. കെന്നഡി
4065. അഭ്രഖനിയായ കൊഡർമ ഏതു സംസ്ഥാനത്താണ്- ജാർഖണ്ഡ്
4066. ഇരവികുളം വന്യജീവി സങ്കേതത്തെ നാഷണൽ പാർക്കായി പ്രഖ്യാപിച്ച വർഷം- 1978
4067. അരിയുടെ തവിടിൽ ധാരാളമായി അടങ്ങിയിരിക്കുന്ന വിറ്റാമിൻ- ബി
4068. ഇടതുപക്ഷത്തിന്റെയും ബി.ജെ.പി.യുടെയും പിന്തുണയോടെ ഭരിച്ച പ്രധാനമന്ത്രി- വി.പി.സിങ്
4069. അഭിജ്ഞാന ശാകുന്തളം ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയത് - വില്യം ജോൺസ്
4070. മരുഭൂമിയിലെ കപ്പൽ എന്നറിയപ്പെടുന്ന മൃഗം - ഒട്ടകം
4071. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തേയില ഉൽപാദിപ്പിക്കുന്ന സംസ്ഥാനം- അസം
4072. ആദ്യമായി ശസ്ത്രക്രിയയിലൂടെ മാറ്റിവെച്ച മനുഷ്യാവയവം- വൃക്ക
4073. ഇന്ത്യയിൽ ഏറ്റവും കൂടുതലുള്ള ട്രൈബൽ വിഭാഗം- സന്താൾ
4074. നിവർന്നു നടക്കാൻ കഴിയുന്ന പക്ഷി- പെൻഗ്വിൻ
4075. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു- ജോലി സംവരണം
4076. രക്തപര്യയനത്തെ ഉത്തേജിപ്പിക്കുന്ന ഹോർമോൺ- അഡ്രിനാലിൻ
4077. ബി.സി.സി.ഐ.യുടെ ആസ്ഥാനം- മുംബൈ
4078. ഇന്ത്യയിലെ ആദ്യത്തെ വൻതോതിൽ ഉൽപാദനം നടത്തുന്ന സ്റ്റീൽ പ്ലാന്റ് സ്ഥാപിതമായ നഗരം- ജംഷഡ്പൂർ
4079. ബിൽ ഗേറ്റ്സ് ഏത് മേഖലയിൽ കഴിവ് തെളിയിച്ച ആളാണ്- വിവര സാങ്കേതിക വിദ്യ
4080. ഇന്ത്യയിലെ ആദ്യത്തെ ഓപ്പൺ യുണിവേഴ്സിറ്റിക്ക് (ആന്ധ്രാപ്രദേശ്) ഏത് നേതാവിന്റെ പേരാണ് നൽകിയിരിക്കുന്നത്- ബി.ആർ.അംബേദ്കർ
4081. ബുദ്ധൻ ചിരിക്കുന്നു എന്ന പേരിലുള്ള ന്യൂക്ളിയർ ബോംബ് പരീക്ഷണം ഇന്ത്യ നടത്തിയത് ഏത് പഞ്ചവത്സര പദ്ധതിക്കാലത്താണ്- നാലാം പദ്ധതി
4082. അക്ബറെ ഏറ്റവും കൂടുതൽ സ്വാധീനിച്ച അന്യമതം- ക്രിസ്തുമതം
4083. ഗീതാരഹസ്യം രചിച്ചത്- ബാലഗംഗാധരതിലകൻ

ചോദ്യങ്ങൾ പലത് ഉത്തരം 21

- രാഷ്ട്രനേതാക്കളെ ആദരിക്കുന്നതിനുള്ള ഗൺസല്യൂട്ടിൽ എത്ര വെടിയാണുതിർക്കുന്നത്
- എത്രാമത്തെ ക്രോമസോം ജോടിയുടെ തകരാറുമൂലമാണ് മംഗോളിസം ഉണ്ടാകുന്നത്
- പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കാനാവശ്യമായ കുറഞ്ഞ പ്രായം
- ശ്വസിക്കുമ്പോൾ അകത്തേക്ക് എടുക്കുന്ന വായുവിൽ ഓക്സിജൻ എത്ര ശതമാനമാണ്
- ഇന്ത്യൻ ഭരണഘടന നിലവിൽവന്ന സമയത്ത് പാർലമെന്റ് തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനാവശ്യമായ കുറഞ്ഞ പ്രായം എത്രയായിരുന്നു
- ഒന്നാം ലോകമഹായുദ്ധം അവസാനിക്കുന്നതിനും രണ്ടാം ലോകമഹായുദ്ധം തുടങ്ങുന്നതിനും ഇടയിലുള്ള കാലഘട്ടത്തിന്റെ ദൈർഘ്യം എത്ര വർഷമായിരുന്നു
- കോഴിമുട്ട വിരിയുന്നതിനാവശ്യമായ സമയം എത്ര ദിവസമാണ്
- ഭരണഘടനയുടെ എത്രാമത്തെ വകുപ്പാണ് മൗലികാവകാശങ്ങളുടെ അടിത്തറ എന്നറിയപ്പെടുന്നത്
- ഔദ്യോഗിക ഭാഷകളുടെ കൂട്ടത്തിൽ സിന്ധിയെ ഉൾപ്പെടുത്തിയത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ്
- 1975 ലെ ആഭ്യന്തര അടിയന്തരാവസ്ഥ എത്ര മാസം നീണ്ടുനിന്നു
- 2005 ഏപ്രിൽ ഒന്നിന് എത്ര സംസ്ഥാനങ്ങളിലാണ് വാല്യു ആഡഡ് ടാക്സ് (വാറ്റ്) നിലവിൽവന്നത്
- വിദ്യാഭ്യാസം മൗലികാവകാശമാക്കുന്നതു സംബന്ധിച്ച വ്യവസ്ഥ ഏത് ഭരണഘടനാ അനുച്ഛേദത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്
- ജനനവും മരണവും എത്ര ദിവസത്തിനുള്ളിലാണ് തദ്ദേശ ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടത്.
- ഏറ്റവും കുറഞ്ഞ പ്രായത്തിൽ ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റനായത് മൻസൂർ അലിഖാൻ പട്ടോഡി (1941–2011) യാണ്. എത്രാം വയസ്സിലാണ് അദ്ദേഹം ഈ നേട്ടത്തിനുടമയായത്
- ഇന്ത്യയിൽ പുരുഷന്റെ കുറഞ്ഞ വിവാഹപ്രായപരിധി എത്ര വയസ്സാണ്
- കേരളത്തിൽ എത്ര റവന്യൂ ഡിവിഷനുകളുണ്ട്

4084. രക്ത ചംക്രമണം കണ്ടുപിടിച്ചതാര്-വില്ല്യം ഹാർവി
4085. ഇന്ത്യയിലെ ആദ്യത്തെ ടെലിവിഷൻ സെന്റർ- ന്യൂഡൽഹി
4086. ഇന്റർനെറ്റ് കംപ്യൂട്ടർ ശൃംഖലയ്ക്ക് തുടക്കമിട്ട രാജ്യം- യു.എസ്.എ.
4087. ഇന്ത്യയിലെ ക്ഷേത്ര നഗരം എന്നറിയപ്പെടുന്നത്- ഭുവനേശ്വർ
4088. ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിൽ അവസാനത്തെ രാജ്യം- സിംബാബ്‌വെ
4089. കുഷാനവംശത്തിലെ ഏറ്റവും മഹാൻ- കനിഷ്കൻ
4090. അമേരിക്കയുടെ രാഷ്ട്രപിതാവ്- ജോർജ് വാഷിങ്ടൺ
4091. ഇന്ത്യയിലെ ആദ്യത്തെ വിർച്വൽ യൂണിവേഴ്സിറ്റി- ഇഗ്നോ
4092. ബ്രിട്ടീഷുകാർ മയ്യഴി കൈവശപ്പെടുത്തിയത് ഏത് വർഷത്തിൽ- എ.ഡി.1779
4093. രാജ്യസഭയിൽ ഇപ്പോൾ എത്ര തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉണ്ട്- 233
4094. മുഹമ്മദ്ബിൻതുഗ്ലക്കിന്റെസാഹസികകൃത്യങ്ങൾവിവരിക്കുന്നഇബ്ൻബത്തൂത്തയുടെകൃതി- സഫർനാമ
4095. നാനോ കാർ നിർമിക്കുന്ന കമ്പനി-ടാറ്റ
4096. ഔറംഗബാദിന്റെ പുതിയ പേര്- സാംബാജിനഗർ
4097. ഇന്ത്യൻ ഉപദ്വീപിന്റെ തെക്കേയറ്റം-കന്യാകുമാരി
4098. ജാട്ട് ഭരണാധികാരികളിൽ ഏറ്റവും ശക്തൻ- സൂരജ് മൽ
4099. അക്വാൻകാഗ്വ കൊടുമുടി ഏതു രാജ്യത്ത്- അർജന്റീന
4100. രക്തത്തിൽ കാൽസ്യത്തിന്റെ അളവ് കുറയുന്നതുമൂലമുണ്ടാകുന്ന രോഗം- ടെറ്റനി

4111. ഇൻഫോസിസിന്റെ ആസ്ഥാനം.-ബാംഗ്ലൂർ
4112. ഇൻഡോ ഗ്രീക്ക് വംശത്തിലെ രാജാക്കൻമാരിൽ ഏറ്റവും പ്രശസ്തൻ- മെനാൻഡർ
4113. ഉയരം കൂടുന്തോറും ബാരോമീറ്ററിലെ രസനിരപ്പ് - കുറയുന്നു
4114. ഇൻഡസ് എന്നറിയപ്പെടുന്ന നദി -സിന്ധു
4115. ഉരുക്കു വനിത എന്നറിയപ്പെട്ടത്- മാർഗരറ്റ് താച്ചർ
4116. ജടായുപാറ എവിടെയാണ്- ചടയമംഗലം
4117. ആധുനിക ഒളിമ്പിക്സിനു വേദിയായ ആദ്യ നഗരം- ഏഥൻസ്
4118. ഇൻസുലിൻ കണ്ടുപിടിച്ചത്- ഫ്രെഡറിക് ബാന്റിങ്, ചാൾസ് ബെസ്റ്റ്
4119. ഇന്ത്യയിലെ ഏറ്റവും വിസ്തൃതമായ പീഠഭൂമി- ഡക്കാൺ
4120. എത്ര കിലോമീറ്റർ ഉയരത്തിലാണ് ഓസോൺ പാളി സ്ഥിതി ചെയ്യുന്നത്- 15 മുതൽ 60 കി.മീ.വരെ
4121. ഇന്ത്യയിലെ ഏറ്റവും ചരിവു കൂടിയ റെയിൽപാത-മേട്ടുപ്പാളയം - ഉദകമണ്ഡലം (ഊട്ടി)
4122. ഏറ്റവും ബുദ്ധിവികാസമുള്ള കടൽജീവി- ഡോൾഫിൻ
4123. ഇന്ത്യയിലെ ഏറ്റവും ചെറിയ കേന്ദ്രഭരണപ്രദേശം- ലക്ഷദ്വീപ്
4124. എല്ലാ ഋതുക്കളുടെയും സംസ്ഥാനം - ഹിമാചൽ പ്രദേശ്
4125. ഏതവയവത്തെയാണ് നെഫ്രൈറ്റിസ് ബാധിക്കുന്നത്-വൃക്ക
4126. ഇന്ത്യയിലെ ആദ്യത്തെ വൈയാകരണൻ- പാണിനി
4127. വജ്രം കഴിഞ്ഞാൽ ഏറ്റവും കാഠിന്യമുള്ള സ്വാഭാവിക പദാർഥം- കൊറണ്ടം
4128. ഇന്ത്യയിലെ ഏറ്റവും വേഗമേറിയ തീവണ്ടി- ശതാബ്ദി എക്സ്പ്രസ്
4129. ഇൻഡോർ ഭരിച്ചിരുന്ന രാജവംശം- ഹോൾക്കർ
4130. ഗാന്ധിജിയുടെ ഒടുവിലത്തെ സത്യാഗ്രഹം അവസാനിച്ച ദിവസം- 1948 ജനവരി 18
4131. മസഗവോൺ ഡോക്ക്യാർഡ് എവിടെയാണ്-മുംബൈ
4132. സ്വതന്ത്ര ഓൺലൈൻ വിജ്ഞാന കോശം- വിക്കിപീഡിയ
4133. ഇന്ത്യയുടെ ദേശീയ ചിഹ്നത്തിന്റെ യഥാർഥരൂപം സൂക്ഷിച്ചിരിക്കുന്ന മ്യൂസിയം എവിടെയാണ്- സാരാനാഥ്
4134. ഇന്ത്യയിലെ ആദ്യതത്തെ ആസൂത്രിത-വ്യവസായ നഗരം- ജംഷഡ്പൂർ
4135. രണ്ടാം ലോക മഹായുദ്ധം ആരംഭിക്കുമ്പോൾ അമേരിക്കൻ പ്രസിഡന്റ്-ഫ്രാങ്ക്ളിൻ ഡി റൂസ്വെൽറ്റ്
4136. രാജ്യസഭയിലേക്ക് ആർട്ടിക്കിൾ 80 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യ വ്യക്തി- ഡോ. സക്കീർ ഹുസൈൻ
4137. രണ്ടാം ലോകമഹായുദ്ധക്കാലത്ത് സഖ്യശക്തികളുടെ പശ്ചിമഭാഗത്തെ സർവസൈന്യാധിപനായിരുന്നത്- ഡ്വൈറ്റ് ഡി ഐസനോവർ
4138. പഴയകാലത്ത് മാപ്പിള പാട്ടുകൾ രചിക്കാൻ ഉപയോഗിച്ചിരുന്ന ഭാഷ- അറബി മലയാളം
4139. രാജ്യത്തെ എല്ലാ പൗരൻമാർക്കും ഏകീകൃത തിരിച്ചറിയൽ കാർഡും നമ്പറും നൽകുന്ന ആധാർ പദ്ധതി ആദ്യം നടപ്പാക്കിയ സംസ്ഥാനം- മഹാരാഷ്ട്ര
4140. രാംലീല മൈതാനം ഏത് നഗരത്തിലാണ്- ഡൽഹി
4141. ഇന്ത്യയുടെ അധികാരകൈമാറ്റവും വിഭജനവും എത്ര ദിവസംകൊണ്ടാണ് പൂർത്തിയാക്കിയത്- 72
4142. ഇടുക്കിയിൽ വൈദ്യുതോൽപാദനം ആരംഭിച്ച വർഷം- 1976
4143. റിച്ചാ മിശ്രയുമായി ബന്ധപ്പെട്ട കായികയിനം- നീന്തൽ
4144. ഇന്ത്യയിലെ ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശു- ദുർഗ
4145. ഇന്ത്യയിലെ ആദ്യത്തെ സൈബർ ഗ്രാമീൺ സെന്റർ സ്ഥാപിക്കപ്പെട്ട സംസ്ഥാനം -ആന്ധ്രപ്രദേശ്
4146. എല്ല് വളമായി ഉപയോഗിക്കാൻ കാരണം അതിൽ ധാരാളമായി .... അടങ്ങിയിട്ടുള്ളതുകൊണ്ടാണ്- ഫോസ്ഫറസ്
4147. ഗാന്ധിജിയുടെ രാഷ്ട്രീയ പരീക്ഷണശാല എന്നു വിശേഷിപ്പിക്കപ്പെട്ടത്- ദക്ഷിണാഫ്രിക്ക
4148. മസ്നാവി എന്ന കൃതി രചിച്ച മുഗൾ ചക്രവർത്തി-ബാബർ
4149. രാത്രിയിൽ മാത്രം രക്തപരിശോധന നടത്തി നിർണയിക്കുന്ന രോഗം- മന്ത്
4150. ഇൻഡിക്ക രചിച്ചത്- മെഗസ്തനീസ്
4151. ഇൻഡിപെൻഡന്റ് ലേബർ പാർട്ടിയുടെ സ്ഥാപകൻ-ബി.ആർ.അംബേദ്കർ
4152. ഇന്ത്യയുടെ സിലിക്കൺ വാലി എന്നറിയപ്പെടുന്നത്- ബാംഗ്ലൂർ
4153. അറ്റോമിക് റിയാക്ടറിന്റെ കവചം നിർമിക്കാൻ ഉപയോഗിക്കുന്ന മൂലകം- കറുത്തീയം

CONFUSING FACTS

- ഇന്ത്യയിൽ യൂറോപ്യൻമാർ നിർമിച്ച ആദ്യത്തെ കോട്ട പള്ളിപ്പുറത്തെ മാനുവൽ കോട്ടയാണ്. കേരളീയമാതൃകയിൽ യൂറോപ്യൻമാർ ഇന്ത്യയിൽ നിർമിച്ച ആദ്യത്തെ കെട്ടിടം മട്ടാഞ്ചേരി കൊട്ടാരം.
- ഷഹീദ്-ഇ-അസം എന്നറിയപ്പെട്ടത് ഭഗത് സിങ് ആണ്. ക്വായിദ്-ഇ-അസം എന്നറിയപ്പെട്ടത് മുഹമ്മദ് അലി ജിന്നയാണ്.
- ഏറ്റവും ഉയരം കൂടിയ സസ്തനം ജിറാഫാണ്. (ആഫ്രിക്കൻ) ആനയാണ് രണ്ടാം സ്ഥാനത്ത്. ഏറ്റവും നീളം കൂടിയ, കരയിലെ സസ്തനം ആനയാണ്. ഇക്കാര്യത്തിൽ രണ്ടാംസ്ഥാനത്ത് ജിറാഫാണ്.
- കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആസ്ഥാനം കോട്ടയത്താണ്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിലെ പീച്ചിയിലാണ്.
- പക്ഷിപാതാളം സ്ഥിതിചെയ്യുന്നത് വയനാട് ജില്ലയിൽ. കേരളത്തിലെ പക്ഷിഗ്രാമം എന്നറിയപ്പെടുന്ന നൂറനാട് ആലപ്പുഴ ജില്ലയിലാണ്.

4154. ഇന്ത്യയിലെ ഏറ്റവും കൂടുതൽ ലവണാംശമുള്ള തടാകം- സാംഭാർ
4155. ദലൈലാമയുടെ പ്രവാസ ഗവൺമെന്റിന്റെ ആസ്ഥാനം- ധർമശാല
4156. ഇന്ത്യയിലെ ഏറ്റവും ദൈർഘ്യമേറിയ പകൽ- ജൂൺ 21
4157. ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം-മുംബൈ
4158. ദലൈലാമയ്ക്ക് നോബൽ സമ്മാനം ലഭിച്ച വർഷം- 1989
4159. ഫോർമോസയുടെ ഇപ്പോഴത്തെ പേര്- തയ്വാൻ
4160. ഇന്ത്യയിലെ ആദ്യത്തെ വൈദ്യുതീകരിക്കപ്പെട്ട നഗരം- കൊൽക്കത്ത
4161. ഏറ്റവും ബലമുള്ള താടിയെല്ലുകൾ ഉള്ള ജീവി- കഴുതപ്പുലി
4162. ഇന്ത്യയിലെ ആദ്യത്തെ പോർച്ചുഗീസ് വൈസ്രോയി- ഡി അൽമേഡ
4163. ഫോർവേഡ് പോളിസി കൊണ്ടുവന്ന ഗവർണർ ജനറൽ- ലിട്ടൺ പ്രഭു
4164. ഇന്ത്യയിലെ ആദ്യത്തെ പോസ്റ്റോഫീസ് ആരംഭിച്ചത്- കൊൽക്കത്തയിൽ
4165. ദണ്ഡിയാത്രയിൽ സന്നദ്ധഭടൻമാർക്ക് ആവേശം പകർന്ന ഗാനം- രഘുപതി രാഘവ രാജാറാം
4166. ഇന്ത്യയിലെ ആദ്യത്തെ റോക്ക് ഗാർഡൻ - ചണ്ഡീഗഢ്
4167. ദ്വാരക ആരുടെ ജന്മസ്ഥലമെന്നറിയപ്പെടുന്നു- ശ്രീകൃഷ്ണൻ
4168. ഇന്ത്യയിലെ ആദ്യത്തെ ട്രേഡ് യൂണിയനായ മദ്രാസ് ലേബർ യൂണിയൻ സ്ഥാപിച്ചത്- ശിങ്കാര വേലു ചെട്ടിയാർ
4169. രേണുക,ചന്ദ്രതാൻ എന്നീ തണ്ണീർത്തടങ്ങൾ ഏതു സംസ്ഥാനത്താണ്- ഹിമാചൽ പ്രദേശ്
4170. റേസിങ് റൈനോ എന്നറിയപ്പെടുന്ന, ഇന്ത്യയുടെ യുദ്ധക്കപ്പൽ - ഐ.എൻ.എസ്.ബ്രഹ്മപുത്ര
4171. ആലത്തൂർ സിദ്ധാശ്രമത്തിന്റെ സ്ഥാപകൻ- ബ്രഹ്മാനന്ദ ശിവയോഗി
4172. നാരായണഗുരുവിന്റെ രണ്ടാം ശ്രീലങ്ക സന്ദർശനം ഏത് വർഷമായിരുന്നു- 1926
4173. സർപ്പപ്പാട്ടിന്റെ മറ്റൊരു പേര്- പുള്ളുവൻപാട്ട്
4174. കേരള യുക്തിവാദി സംഘത്തിന്റെ ആദ്യ പ്രസിഡന്റ്- എം.സി.ജോസഫ്
4175. ഇന്ത്യയിലെ ആദ്യത്തെ സ്റ്റോക്ക് എക്സ്ചേഞ്ച്- മുംബൈ (1875)
4176. റോളണ്ട് ഗാരോ ടൂർണമെന്റ് എന്നറിയപ്പെടുന്നത്- ഫ്രഞ്ച് ഓപ്പൺ
4177. ഇന്ത്യയിലെ ആദ്യത്തെ നേത്രബാങ്ക് സ്ഥാപിതമായ നഗരം- കൊൽക്കത്ത
4178. ചൈനയിലെ ആദ്യത്തെ ഇന്ത്യൻ അംബാസഡർ- സർദാർ കെ.എം.പണിക്കർ

4179. ഇന്ത്യാ ഗവൺമെന്റ് 2005-ൽ ആരംഭിച്ച ഭാരത് നിർമാൺ പദ്ധതിയുടെ ലക്ഷ്യം- ഗ്രാമവികസനം
4180. രാജീവ് ഗാന്ധി അക്കാദമി ഓഫ് ഏവിയേഷൻ ടെക്നോളജി എവിടെയാണ്- തിരുവനന്തപുരം
4181. വൈദ്യുതിയുടെ ഏറ്റവും മികച്ച ചലകം- വെള്ളി
4182. 1971-ലെ ഇന്തോ- പാക് യുദ്ധസമയത്ത് പ്രതിരോധ മന്ത്രിയായിരുന്നത്- ജഗ്ജീവൻ റാം
4183. കൈച്ചൂലിന്റെ ആകൃതിയിൽ കാണപ്പെടുന്നത് ഏതു തരം മേഘങ്ങളാണ്- സിറസ് മേഘങ്ങൾ
4184. ഇന്ത്യയുടെ ചന്ദ്രനിലേക്കുള്ള യാത്രാപദ്ധതി- ചാന്ദ്രയാൻ-1
4185. ഗദ്യരൂപത്തിലുള്ള ഏകവേദം- യജുർവേദം
4186. ഇന്ത്യയുടെ നെല്ലറ- ആന്ധ്രാപ്രദേശ്
4187. ഇന്ത്യയുടെ മെലഡി ക്വീൻ എന്നറിയപ്പെടുന്നത്- ലതാ മങ്കേഷ്കർ
4188. ഗദ്യവും പദ്യവും ഇടകലർത്തിയുള്ള സാഹിത്യരൂപം- ചമ്പു
4189. ഘനജലത്തിന്റെ രാസനാമം- ഡ്യൂട്ടീരിയം ഓക്സൈഡ്
4190. ഹമ്മിങ് പക്ഷികളുടെ നാട് എന്നറിയപ്പെടുന്ന രാജ്യം- ട്രിനിഡാഡ്
4191. ഇന്ത്യയുടെ തെക്കേയറ്റത്തുള്ള റെയിൽവേ സ്റ്റേഷൻ -കന്യാകുമാരി
4192. ഇന്ത്യയുടെ മോട്ടോർ സ്പോർട്സ് തലസ്ഥാനം എന്നറിയപ്പെടുന്നത്-കോയമ്പത്തൂർ
4193. ഹർഷൻ ഇഹലോകവാസം വെടിഞ്ഞ വർഷം- എ.ഡി. 647
4194. ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനം- മുംബൈ
4195. ഇൻക്വിലാബ് സിന്ദാബാദ് എന്ന പ്രയോഗത്തിന്റെ ഉപജ്ഞാതാവ്- മുഹമ്മദ് ഇക്ബാൽ
4196. ഗാന്ധിജിയുടെ അമ്മ- പുത്‌ലി ഭായി
4197. ജൂതൻമാരുടെ ആരാധനാലയം- സിനഗോഗ്
4198. ഇലക്ട്രോഎൻസെഫാലോഗ്രാം കണ്ടുപിടിച്ചത്- ഹാൻസ് ബെർഗർ(1929)
4199. ഇന്ദിരാഗാന്ധിവധം അന്വേഷിച്ച കമ്മിഷൻ- താക്കർ കമ്മീഷൻ
4200. ജൂതരുടെ മതഗ്രന്ഥം- തോറ
4201. ചൈനയുടെ ദേശീയഗാനമായ മാർച്ച് ദ വോളന്റിയേഴ്സ് രചിച്ചത്- തിയാൻ ഹാൻ
4202. റോബോട്ടിക്സിന്റെ പിതാവ് എന്നറിയപ്പെടുന്നത്- ജോ എംഗിൽബെർജർ
4203. ഗാന്ധിജിയെ ആഴത്തിൽ സ്വാധീനിച്ച ഇംഗ്ലീഷ് സാമൂഹിക പരിഷ്കർത്താവ്- ജോൺ റസ്കിൻ
4204. ഇന്ത്യയുടെ ദേശീയ പക്ഷിയായി മയിലിനെ തീരുമാനിച്ച വർഷം- 1963
4205. ഇറാനിലെ നെപ്പോളിയൻ എന്നറിയപ്പെടുന്നത്- മിഹിരാകുലൻ
4206. ഇലക്ട്രിക് റേസർ കണ്ടുപിടിച്ചതാര്- ജേക്കബ് ഷിക്
4207. ഗാന്ധിജിയെ ആദ്യമായി മഹാത്മാവ് എന്ന് വിളിച്ചത്- ടാഗോർ
4208. സാൽവദോർ ദാലിയുമായി ബന്ധപ്പെട്ട കല- ചിത്രകല
4209. ഇന്ത്യയുടെ ജൊവാൻ ഓഫ് ആർക്ക് എന്നു വിശേഷിപ്പിക്കുന്ന താരം- ഝാൻസി റാണി

വാഗാ ബോർഡർ ഏത് രാജ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു- ഇന്ത്യയും പാകിസ്താനും

ചോദ്യങ്ങൾ പലത് ഉത്തരം 22

- അറസ്റ്റ് ചെയ്യപ്പെടുന്ന പൗരന് അതിന്റെ കാരണം അറിയാനുള്ള അവകാശം വ്യവസ്ഥ ചെയ്യുന്ന ഭരണഘടനാ അനുച്ഛേദം ഏതാണ്
- അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ 24 മണിക്കൂറിനുള്ളിൽ അടുത്തുള്ള മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കണം എന്ന് വ്യവസ്ഥ ചെയ്യുന്ന ഭരണഘടനാ അനുച്ഛേദം ഏതാണ്
- എത്രാമത്തെ വിന്റർ ഒളിമ്പിക്സാണ് 2014 ലേത്
- ലോക്സഭയിൽനിന്നും രാജ്യസഭയിൽനിന്നുമുള്ള അംഗങ്ങൾ ഉൾപ്പെടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അംഗബലം
- മനുഷ്യന്റെ തലയോട്ടിയിലെ അസ്ഥികളുടെ എണ്ണം
- എത്ര വർഷംകൊണ്ടാണ് താജ്മഹലിന്റെ പണി പൂർത്തിയായത്
- 92 മത്തെ ഭേദഗതിയോടെ (2004) ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിലെ ഭാഷകൾ എത്രയെണ്ണമായി
- തുടക്കത്തിൽ ഇന്ത്യൻ ഭരണഘടനയ്ക്ക് എത്ര ഭാഗങ്ങളാണുണ്ടായിരുന്നത്
- അറസ്റ്റിനും കരുതൽ തടങ്കലിനുമെതിരായ സംരക്ഷണം നൽകുന്ന ഭരണഘടനാ അനുച്ഛേദം
- ഹീബ്രു അക്ഷരമാലയിലെ അക്ഷരങ്ങളുടെ എണ്ണം
- എത്ര കാരറ്റ് സ്വർണമാണ് 916 ഗോൾഡ് എന്നറിയപ്പെടുന്നത്
- ഇന്ത്യയിൽ എത്രാമത് രൂപംകൊണ്ട സംസ്ഥാനമാണ് സിക്കിം
- ആഭരണങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നത് എത്ര കാരറ്റ് സ്വർണമാണ്
- ക്രിക്കറ്റിൽ പിച്ചിന്റെ നീളം എത്ര വാര(യാർഡ്)യാണ്

4210. ഇലക്ട്രോ കാർഡിയോഗ്രാം കണ്ടുപിടിച്ചത്- വില്യം ഐന്തോവൻ
4211. സാമ്പത്തിക അടിയന്തരാവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം- ആർട്ടിക്കിൾ 360
4212. ഹൈപ്പോഗ്ളൈസീമിയ എന്നാൽ- രക്തത്തിൽ പഞ്ചസാര കുറയുന്ന അവസ്ഥ
4213. കായംകുളം താപനിലയത്തിലെ ഇന്ധനം- നാഫ്ത
4214. സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ്- ആഡം സ്മിത്ത്
4215. ഇന്ത്യയിലെ ആദ്യത്തെ ദേശീയോദ്യാനം- കോർബറ്റ് ദേശീയോദ്യാനം
4216. സാർ രാജവംശം ഭരിച്ചിരുന്ന രാജ്യം- റഷ്യ
4217. ഇന്ത്യയുടെയും പാകിസ്താന്റെയും അതിർത്തി നിർണയിച്ച ബ്രിട്ടീഷ് നിയമജ്ഞൻ- സിറിൽ റാഡ്ക്ലിഫ്
4218. സാർസ് രോഗം ബാധിക്കുന്ന അവയവം- ശ്വാസകോശം
4219. ഇന്ത്യയിലെ ആദ്യത്തെ, ആസൂത്രിത സംസ്ഥാന തലസ്ഥാനം- ചണ്ഡിഗഢ്
4220. ഹരിയാന സംസ്ഥാനത്തെ പ്രധാന നദി -ഘഗ്ഗർ
4221. സാമുവൽ ഹനിമാൻ ഏതു രാജ്യക്കാരനായിരുന്നു- ജർമനി
4222. സാമുഗാർ യുദ്ധം ഏത് മുഗൾ ചക്രവർത്തിയുടെ സിംഹാസനമാണ് ഉറപ്പിച്ചത്- ഔറംഗസീബ്
4223. ഇന്ത്യയിലെ ആദ്യത്തെ ഡപ്യൂട്ടി സ്പീക്കർ- എം.എ.അയ്യങ്കാർ
4224. ഹരിയാനയിലെ പ്രധാനഭാഷ- ഹിന്ദി
4225. മൊണ്ടേഗു ചെംസ്ഫോർഡ് ഭരണപരിഷ്കാരം- 1919
4226. മൊണാലിസ എന്ന പ്രസിദ്ധമായ ചിത്രം വരച്ചത്- ലിയാണാർഡോ ഡാവിഞ്ചി
4227. സൈന്ധവസംസ്കാരത്തിന്റെ ഭാഗമായ ഹാരപ്പ കണ്ടെത്തിയത് - ദയാ റാം സാഹ്നി
4228. ഹൈഡ്രജൻ ബോംബിന്റെ അടിസ്ഥാന തത്ത്വം- ന്യൂക്ലിയർ ഫ്യൂഷൻ
4229. ഹരിയാന ഹരിക്കേൻ എന്നറിയപ്പെടുന്ന ക്രിക്കറ്റർ- കപിൽദേവ്
4230. ലോകത്തിന്റെ സംഭരണശാല എന്നറിയപ്പെടുന്ന രാജ്യം- മെക്സിക്കോ
4231. ചിമ്മിനി വന്യജീവി സങ്കേതം സ്ഥാപിതമായ വർഷം- 1984
4232. ഹർഷന്റെ തലസ്ഥാനം- കനൗജ്

4233. ശിവജി ആഗ്രയിൽ മുഗൾ രാജധാനി സന്ദർശിച്ച വർഷം- 1666
4234. സാർക്കിന്റെ ആദ്യ സെക്രട്ടറി ജനറൽ- അബ്ദുൾ അഹ്സൻ
4235. ഇരട്ട നഗരം എന്നറിയപ്പെടുന്നത്- ബുഡാപെസ്റ്റ്
4236. ശിവജി ഛത്രപതിയായ വർഷം- 1674
4237. ശിവജിയുടെ പിൻഗാമി (പുത്രൻ)- സാംബാജി
4238. ഇരവികുളം നാഷണൽ പാർക്ക് ഏതു ജില്ലയിലാണ്- ഇടുക്കി
4239. സാർവിക സ്വീകർത്താവ് എന്നറിയപ്പെടുന്ന രക്ത ഗ്രൂപ്പ്-എ ബി ഗ്രൂപ്പ്
4240. മറാത്തരെ നയിച്ച വനിത- താരാഭായി
4241. മലബാറിൽ ആദ്യത്തെ കർഷകസംഘം രൂപംകൊണ്ട വർഷം- 1937
4242. ഭാരതരത്ന ബഹുമതി ലഭിച്ച രണ്ടാമത്തെ ശാസ്ത്രജ്ഞൻ- എ.പി.ജെ. അബ്ദുൾ കലാം
4243. പരാദമായ ഏക സസ്തനം (വാമ്പയർ ബാറ്റ്) -വവ്വാൽ
4244. ആദ്യത്തെ സ്പേസ് ഷട്ടിൽ ഏതാണ്- കൊളംബിയ
4245. അണുകേന്ദ്രത്തിന്റെ സാന്നിധ്യം ആദ്യമായി തെളിയിച്ച ശാസ്ത്രജ്ഞൻ- ഏണസ്റ്റ് റൂഥർഫോർഡ്
4246. ശിവഗിരിയിൽ നിന്നുൽഭവിക്കുന്ന നദി- പെരിയാർ
4247. ആലപ്പുഴയെ കിഴക്കിന്റെ വെനീസ് എന്നു വിശേഷിപ്പിച്ച ബ്രിട്ടീഷ് വൈസ്രോയി- കഴ്സൺ പ്രഭു
4248. ശിവജിയുടെ പിതാവ് - ഷാഹ്ജി ഭോൺസ്ലെ
4249. ആസൂത്രണ കമ്മീഷനിൽ അംഗമായ ആദ്യ വനിത- ദുർഗാഭായ് ദേശ്മുഖ്
4250. ആദ്യത്തെ അമ്മത്തൊട്ടിൽ സ്ഥാപിച്ചതെവിടെ- തിരുവനന്തപുരം
4251. ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് നിലവിൽവന്നത് എപ്പോൾ - 1947 ജൂലൈ 18
4252. പരിസ്ഥിതിയിലെ വൃക്ഷവിളകളെ നശിപ്പിക്കാതെ അവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷിരീതി- പെർമാ കൾച്ചർ

മലയാളത്തിൽനിന്നും ഉർവശി അവാർഡ് ആദ്യമായി നേടിയത് - ശാരദ

4253. ഇന്ത്യയുടെ മധ്യഭാഗത്തുകടി പോകുന്ന രേഖ- ഉത്തരായനരേഖ
4254. ലാഹോർ കരാറിൽ ഒപ്പുവെച്ച ഇന്ത്യൻ പ്രധാനമന്ത്രി- എ.ബി.വാജ്പേയി
4255. കേരളത്തിലെ ഏറ്റവും നീളംകൂടിയ സംസ്ഥാന പാത-എസ് എച്ച്-1
4256. ഇന്ത്യൻ നാഷണൽ കോൺഗ്രസ് നിസ്സഹകരണപ്രസ്ഥാനം സംബന്ധിച്ച പ്രമേയം പാസാക്കിയത്- 1920 സെപ്തംബറിൽ ചേർന്ന പ്രത്യേക സമ്മേളനത്തിൽ
4257. ഏഴോം-2 ഏതിനം വിത്താണ്- നെല്ല്
4258. ഒ.ചന്തുമേനോന്റെ പൂർത്തിയാകാത്ത നോവൽ- ശാരദ
4259. ഇന്ത്യയിൽ കാണുന്ന ഏറ്റവും വലിയ ശലഭ ഇനം- സതേൺ ബേഡ് വിംഗ്
4260. പറക്കുന്ന കുറുക്കൻ എന്നറിയപ്പെടുന്നത് -വവ്വാൽ
4261. ഏഷ്യയിലെ ഏറ്റവും വലിയ തുലിപ് ഗാർഡൻ ഏത് സംസ്ഥാനത്താണ്- ജമ്മു കശ്മീർ
4262. ഭാരതരത്നം ലഭിച്ചശേഷം അന്തരിച്ച ആദ്യ വ്യക്തി- ഭഗവാൻദാസ്
4263. സൈന്ധവസംസ്കാരത്തിന്റെ ഭാഗമായ ലോത്തൽ കണ്ടെത്തിയത്- എസ്.ആർ.റാവു
4264. കാറൽ മാർക്സിന്റെ മൂലധനം എന്ന കൃതി പുറത്തുവന്ന വർഷം - 1867
4265. പാകിസ്താന്റെ വാണിജ്യ തലസ്ഥാനം-കറാച്ചി
4266. മലയാറ്റൂർ ഏത് ജില്ലയിൽ- എറണാകുളം
4267. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം ഭരണം നടത്തിയ യൂറോപ്യൻ ശക്തി- പോർച്ചുഗീസുകാർ
4268. ആദ്യത്തെ സൗത്ത് ഏഷ്യൻ ഫെഡറേഷൻ ഗെയിംസ് നടന്ന വർഷം- 1984
4269. മലർന്നു കിടന്നുറങ്ങുന്ന ഒരേയൊരു ജീവി-മനുഷ്യൻ
4270. സാർവിക ദാതാവ് എന്നറിയപ്പെടുന്ന രക്ത ഗ്രൂപ്പ്-ഒ ഗ്രൂപ്പ്

CONFUSING FACTS

- ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിലാണ്. പി.ടി. ഉഷ കോച്ചിംഗ് സെന്റർ തിരുവനന്തപുരത്താണ്
- ഷെയ്ഖ് അബ്ദുള്ള (1906–82)യാണ് കാശ്മീർ സിംഹം. ലാലാ ലജ്പത് റായി (1865–1928)യാണ് പഞ്ചാബ് സിംഹം.
- മാധവിക്കുട്ടിയും അനുജത്തി സുലോചനയും ചേർന്നെഴുതിയ നോവലാണ് കവാടം. മാധവിക്കുട്ടിയും കെ.എൽ. മോഹനവർമയും ചേർന്നെഴുതിയ നോവലാണ് അമാവാസി.
- കഥകളിയിൽ പ്രധാന ഗായകൻ പൊന്നാനി എന്നും സഹഗായകൻ ശിങ്കിടി എന്നും അറിയപ്പെടുന്നു.
- ഇന്റർനാഷണൽ കോർട്ട് ഓഫ് ജസ്റ്റിസ് (അന്താരാഷ്ട്ര നീതിന്യായ കോടതി), ഇന്റർനാഷണൽ ക്രിമിനൽ കോർട്ട് എന്നിവയുടെ ആസ്ഥാനം നെതർലൻഡ്സിലെ ഹേഗ് എന്ന നഗരത്തിലാണ്.

4271. ചിറകുകൾ നീന്താൻ ഉപയോഗിക്കുന്ന പക്ഷി- പെൻഗ്വിൻ
4272. ജ്ഞാനപീഠം നേടിയ ആദ്യത്തെ നോവലിസ്റ്റ്- താരാശങ്കർ ബാനർജി
4273. ഡാന്യൂബ് നദി ചെന്നുചേരുന്ന കടൽ- കരിങ്കടൽ
4274. കാറൽ മാർക്സ് അന്തരിച്ച വർഷം- 1883
4275. ഡാൾട്ടണിസം എന്നറിയപ്പെടുന്ന രോഗം- വർണാന്ധത
4276. ഡാർവിൻ ലോകം ചുറ്റി പ്രകൃതി പര്യടനം നടത്തിയ കപ്പലിന്റെ പേര്- എച്ച്.എം.എസ്.ബീഗിൾ
4277. തഥാഗതൻ എന്നുമറിയപ്പെടുന്നത്- ശ്രീബുദ്ധൻ
4278. ത്വക്കിന്റെ പുറത്തെ പാളി- എപ്പിഡെർമിസ്
4279. ദ ഇന്ത്യൻ സ്ട്രഗിൾ ആരുടെ ആത്മകഥയാണ്- നേതാജി സുഭാഷ് ബോസ്
4280. രാഷ്ട്രപതി, ഉപരാഷ്ട്രപതി, ലോക്സഭാംഗം എന്നിവരുടെ കാലാവധി- അഞ്ചുവർഷം
4281. നൊബേൽ സമ്മാനം ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി- വില്യം ലോറൻസ് ബ്രാഗ്
4282. ഹൈഡ്രജനെക്കൂടാതെ സൂര്യനിലുള്ള ഒരു പ്രധാന വാതകം- ഹീലിയം
4283. കാലത്തിന്റെ കപോലത്തിലെ കണ്ണുനീർത്തുള്ളി എന്ന് താജ്മഹലിനെ വിശേഷിപ്പിച്ചത് രബീന്ദ്രനാഥ് ടാഗോർ
4284. ദേശീയ അടിയന്തരാവസ്ഥ ആദ്യമായി പ്രഖ്യാപിക്കപ്പെടുമ്പോൾ (1962) പ്രധാനമന്ത്രി-ജവാഹർലാൽ നെഹ്റു
4285. കേരളീയ മാതൃകയിൽ യൂറോപ്യൻമാർ ഇന്ത്യയിൽ നിർമിച്ച ആദ്യത്തെ മന്ദിരം- മട്ടാഞ്ചേരി കൊട്ടാരം
4286. കേരളീയൻ എന്നറിയപ്പെട്ടത്- കടപ്രയത്ത് കുഞ്ഞപ്പ നമ്പ്യാർ
4287. തിരുവിതാംകൂറിലെ ആദ്യ റെയിൽവേലൈൻ- കൊല്ലം-തിരുനെൽവേലി(1904)
4288. ക്വിനൈൻ ലഭിക്കുന്ന സസ്യം- സിങ്കോണ
4289. ഹൈപ്പർമെട്രോപ്പിയയുടെ മറ്റൊരു പേര്- ദീർഘദൃഷ്ടി
4290. ക്വീൻ സിറ്റി എന്നറിയപ്പെടുന്നത്- ഫിലാഡെൽഫിയ
4291. രാജീവ് ഗാന്ധി വധം സംബന്ധിച്ച പ്രത്യേക അന്വേഷണസംഘത്തെ നയിച്ചത്- ഡി.ആർ.കാർത്തികേയൻ
4292. രണ്ടാം അലക്സാണ്ടർ എന്ന് ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്നത്- ദമത്രിയസ്സ്
4293. ഷാനാമ ഏതു ഭാഷയിൽ രചിക്കപ്പെട്ടു- പേർഷ്യൻ
4294. ദ ഇൻസൈഡർ എന്ന നോവൽ രചിച്ചത്- പി.വി.നരസിംഹറാവു
4295. ഷാർക്കി വംശത്തിലെ ഏറ്റവും മഹാൻ- ഷംസുദ്ദീൻ ഇബ്രാഹിം(1401–1440)
4296. ഷാർല്മാൻ ഭരിച്ച രാജ്യം- ഫ്രാൻസ്
4297. ഖാരിഫ് കാലം ഏതു സമയത്താകുന്നു- ജൂൺ-സെപ്തംബർ
4298. ഷാങ്ഹായ് നഗരം ഏതുരാജ്യത്താണ്- ചൈന
4299. ഷാജഹാൻ നിർമിച്ച തലസ്ഥാന നഗരം- ഷാജഹാനാബാദ്
4300. സന്ദേശവാഹകരായി പണ്ട് ഉപയോഗിച്ചിരുന്ന പക്ഷികൾ - പ്രാവ്

4301. സരോജിനി നായിഡു അന്തരിച്ച വർഷം - 1949
4302. ഹൈന്ദവധർമോദ്ധാരകൻ എന്ന സ്ഥാനപ്പേര് സ്വീകരിച്ചത്- ശിവജി
4303. കാലഹരണപ്പെട്ട ചെക്ക് എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത്- ക്രിപ്സ് മിഷനെ
4304. ഗൂഗിൾ എന്നത് ഒരു ---- ആണ് - സെർച്ച് എഞ്ചിൻ
4305. സഫേദ് മുസ്‌ലിയുടെ ഏതു ഭാഗമാണ് ഔഷധനിർമാണത്തിന് ഉപയോഗിക്കുന്നത്- കിഴങ്ങ്
4306. ഖാസികളും കുക്കികളും ഏതു സംസ്ഥാനത്തെ ജനതയാണ് - മേഘാലയ
4307. സന്തോഷ് ട്രോഫി ആരംഭിച്ച വർഷം- 1941
4308. സതേൺ റെയിൽവേയുടെ ആസ്ഥാനം- ചെന്നൈ
4309. സഡൻ ഡെത്ത് എന്ന പദം ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു- ഫുട്ബോൾ
4310. രണ്ടാം ലോകമഹായുദ്ധകാലത്ത് ആദ്യമായി കീഴടങ്ങിയ അച്ചുതണ്ട് ശക്തി- ഇറ്റലി
4311. കള്ളം പറയുന്നതു കണ്ടുപിടിക്കാനുള്ള ടെസ്റ്റ്- പോളിഗ്രാഫ്
4312. കർണാടക സർക്കാരിന്റെ ഏറ്റവും ഉയർന്ന ബഹുമതി- കർണാടക രത്നം
4313. ഷാജഹാൻ അന്തരിച്ച വർഷം- 1666
4314. ഷാജഹാൻ എന്ന വാക്കിനർഥം- ലോകത്തിന്റെ രാജാവ്
4315. സഹോദരസംഘം സ്ഥാപിച്ചത്- സഹോദരൻ അയ്യപ്പൻ
4316. ഗജേന്ദ്രമോക്ഷം ചുവർചിത്രം എവിടെയാണ്-കൃഷ്ണപുരം കൊട്ടാരത്തിൽ
4317. ഷാജഹാൻ ചക്രവർത്തി തലസ്ഥാനം ഡൽഹിയിലേക്ക് മാറ്റുന്നതുവരെ മുഗൾ ചക്രവർത്തിമാരുടെ തലസ്ഥാനം ഏതായിരുന്നു- ആഗ്ര
4318. ഷാജഹാൻ ജനിച്ച സ്ഥലം- ലാഹോർ (1592)
4319. ഈശ്വരൻ ഹിന്ദുവല്ല, ക്രിസ്ത്യാനിയല്ല എന്ന ഗാനം രചിച്ചത്- വയലാർ രാമവർമ
4320. ഷാജഹാൻ തടവിലായിരുന്നപ്പോൾ പരിചരിച്ചിരുന്ന മകൾ- ജഹനാര
4321. രണ്ടാം ലോകമഹായുദ്ധക്കാലത്ത് ഒടുവിൽ കീഴടങ്ങിയ അച്ചുതണ്ട് ശക്തി- ജപ്പാൻ
4322. ഷാജഹാൻ മുഗൾ ചക്രവർത്തിയായ വർഷം- 1628
4323. തിരുവിതാംകൂറിലെ ആദ്യത്തെ പ്രധാനമന്ത്രി- പട്ടം താണുപിള്ള
4324. താർമരുഭൂമിയിൽ സ്ഥിതിചെയ്യുന്ന നഗരം- ജയ്സാൽമീർ
4325. ഹൈക്കോടതി ജഡ്ജിയെ നിയമിക്കുന്നത്- രാഷ്ട്രപതി
4326. കാലാലിത്ത് നുനാത്ത് എന്നറിയപ്പെടുന്ന ഭൂവിഭാഗം- ഗ്രീൻലൻഡ്
4327. തായ്‌ലൻഡ്, കംബോഡിയ, മലേഷ്യ, ഇന്തൊനീഷ്യ എന്നീ പ്രദേശങ്ങൾ കീഴടക്കിയ ചോള രാജാവ്- രാജേന്ദ്ര ചോളൻ
4328. താഷ്കെൻറ് കരാറിൽ ഒപ്പുവെച്ച നേതാക്കൾ- ലാൽബഹദൂർശാസ്ത്രിയും അയൂബ്ഖാനും
4329. ജോർദാൻ നദിയുടെ പതനം ഏതു കടലിൽ- ചാവുകടൽ
4330. ജോഗ് വെള്ളച്ചാട്ടം ഏതു സംസ്ഥാനത്ത്- കർണാടകം
4331. ടോൾസ്റ്റോയിയുടെ യുദ്ധവും സമാധാനവും എന്ന നോവലിന്റെ പശ്ചാത്തലത്തിനു നിദാനമായ യുദ്ധം- നെപ്പോളിയന്റെ റഷ്യൻ ആക്രമണം
4332. ടോളമിയുടെ പുസ്തകത്തിൽ ശൗബ എന്ന് രേഖപ്പെടുത്തിയ പ്രദേശം- ഗോവ
4333. ജ്യോതിശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം മുതലായവയിൽ അഗാധപാണ്ഡ്യത്യമുണ്ടായിരുന്ന മുസ്ലിം ഭരണാധികാരി- മുഹമ്മദ് ബിൻ തുഗ്ലക്
4334. ടോക്കോഫെറോൾ എന്നറിയപ്പെടുന്ന ജീവകമേത്- ജീവകം ഇ
4335. ലോഗരിതം കണ്ടുപിടിച്ചത്- ജോൺ നേപ്പിയർ
4336. മലയാറ്റൂരിനെ വയലാർ അവാർഡിന് അർഹനാക്കിയ കൃതി- യന്ത്രം
4337. മലയാള മനോരമ പത്രത്തിന്റെ സ്ഥാപകൻ- കണ്ടത്തിൽ വറുഗീസ് മാപ്പിള
4338. മനുഷ്യൻ ആദ്യമായി മെരുക്കി വളർത്തിയ മൃഗം- നായ
4339. ശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനത്തിനർഹനായ ആദ്യ ഭാരതീയൻ- സി.വി.രാമൻ
4340. ഹൈപ്പോയിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങൾ- സോഡിയം, സൾഫർ, ഓക്സിജൻ, ഹൈഡ്രജൻ

ചോദ്യങ്ങൾ പലത് ഉത്തരം 23

- ജൈനമതത്തിലെ എത്രാമത്തെ തീർഥങ്കരനാണ് പാർശ്വനാഥൻ
- മനുഷ്യകോശത്തിൽ എത്ര ജോടി ക്രോമസോമുകളാണുള്ളത്
- മനുഷ്യന്റെ സിക്താണ്ഡത്തിൽ എത്ര ജോടി ക്രോമസോമുകൾ ഉണ്ടായിരിക്കും
- പ്രവാചകത്വം ലഭിച്ചശേഷം മുഹമ്മദ് നബി എത്ര വർഷമാണ് ജീവിച്ചിരുന്നത്
- ബ്രിട്ടീഷ് ഇന്ത്യയുടെ ജനസംഖ്യയുടെ എത്ര ശതമാനമാണ് വിഭജനത്തോടെ പാകിസ്താന് ലഭിച്ചത്
- ഇന്ത്യയിൽ എത്രാമത് രൂപംകൊണ്ട സംസ്ഥാനമാണ് മിസൊറാം
- മനുഷ്യന്റെ ലിംഗകോശങ്ങളിലെ ക്രോമസോം സംഖ്യ
- എത്ര മുറിവുകളേറ്റാണ് ജൂലിയസ് സീസർ വധിക്കപ്പെട്ടത്
- മനുഷ്യബീജത്തിലെ ക്രോമസോമുകളുടെ എണ്ണം
- ഭൂമിയുടെ സാങ്കൽപിക അക്ഷം ലംബത്തിൽനിന്ന് എത്ര ഡിഗ്രി ചരിഞ്ഞാണ് സ്ഥിതിചെയ്യുന്നത്
- എത്ര വയസ്സിലാണ് ഗാന്ധിജി ആദ്യമായി ദക്ഷിണാഫ്രിക്കയിൽ പോയത്
- നിർബന്ധിച്ച് പണിയെടുപ്പിക്കുന്നത് നിരോധിക്കുന്ന ഭരണഘടനാ അനുച്ഛേദം
- ഓക്സിജൻ അന്തരീക്ഷവ്യാപ്തത്തിന്റെ 21 ശതമാനമാണ്. എന്നാൽ, ഭാരത്തിന്റെ അടിസ്ഥാനത്തിൽ ഇത് എത്ര ശതമാനമാണ്.
- മുഹമ്മദ് ബിൻ തുഗ്ളക്കിന്റെ സാമ്രാജ്യത്തിൽ എത്ര പ്രവിശ്യകളാണുണ്ടായിരുന്നത്

4341. കാലാവധി പൂർത്തിയാക്കിയ ആദ്യത്തെ കോൺഗ്രസിതര പ്രധാനമന്ത്രി- അടൽ ബിഹാരി വാജ്പേയി
4342. ഉപതിരഞ്ഞെടുപ്പിലൂടെ ഇന്ത്യൻ പാർലമെന്റിൽ ആദ്യമായി അംഗമായത്- പുരുഷോത്തംദാസ് ടണ്ഡൻ
4343. ശാസ്ത്രങ്ങളുടെ രാജ്ഞി എന്നറിയപ്പെടുന്നത്- ഗണിതശാസ്ത്രം
4344. താളമേള വാദ്യകലാരംഗത്തെ കുലപതി സ്ഥാനീയരെ ആദരിക്കാൻ കേരള സർക്കാർ ഏർപ്പെടുത്തിയ അവാർഡ്- പല്ലാവൂർ പുരസ്കാരം
4345. വിമോചന സമരകാലത്തെ ആഭ്യന്തരമന്ത്രി- സി.അച്യുതമേനോൻ
4346. ഏഷ്യയുടെ പ്രകാശം എന്ന് ശ്രീബുദ്ധനെ വിശേഷിപ്പിച്ചത്- എഡിൻ ആർനോൾഡ്
4347. ഓംബുഡ്സ്മാൻ സംവിധാനം ആദ്യമായി ഏർപ്പെടുത്തിയ രാജ്യം- സ്വീഡൻ
4348. ലേഡി ഓഫ് ഇന്ത്യൻ സിനിമ എന്നറിയപ്പെട്ടത്- ദേവികാറാണി റോറിച്ച്
4349. ഓണാഘോഷത്തെക്കുറിച്ച് പ്രതിപാദിക്കുന്ന തമിഴ്കൃതി- മധുരൈക്കാഞ്ചി
4350. വാണിജ്യാടിസ്ഥാനത്തിൽ ഇന്ത്യയിൽ ആദ്യമായി റബ്ബർ കൃഷി തുടങ്ങിയ സംസ്ഥാനം- കേരളം
4351. വടക്കു കിഴക്കൻ ഇന്ത്യയിൽനിന്ന് ഭാരതരത്നം ആദ്യമായി നേടിയത്- ഗോപിനാഥ് ബോർദലോയ്
4352. ഏറ്റവും വലിയ ഉരഗം- മുതല
4353. ബ്രിട്ടീഷ് ഇന്ത്യയുടെ മധ്യത്തായി സ്ഥിതിചെയ്തിരുന്ന നഗരം - നാഗ്പൂർ
4354. ഇന്ത്യയിലെ ആദ്യത്തെ കാർഷിക സർവകലാശാല- ഗോവിന്ദ് വല്ലഭ് പന്ത് യൂണിവേഴ്സിറ്റി ഓഫ് അഗ്രിക്കൾച്ചർ ആന്റ് ടെക്നോളജി (1960)
4355. ഏറ്റവും വലിയ ജന്തുവിഭാഗം- ആർത്രോപോഡ്
4356. തിരുവനന്തപുരംജില്ലയിൽ ചീങ്കണ്ണി വളർത്തൽ കേന്ദ്രം സ്ഥിതിചെയ്യുന്നത്-നെയ്യാർഡാം
4357. ഏറ്റവും വലിയ കോശം- ഒട്ടകപ്പക്ഷിയുടെ അണ്ഡം

4358. എലിപ്പത്തായം എന്ന സിനിമയുടെ സംവിധായകൻ- അടൂർ ഗോപാലകൃഷ്ണൻ
4359. ഏഷ്യയിലെ ഏറ്റവും വലിയ ജയിൽ- തിഹാർ
4360. താവോയിസം ഏതു രാജ്യത്തെ മതമാണ്- ചൈന
4361. ഏഷ്യയിലെ ഏറ്റവും വലിയ ക്രൈസ്തവസമ്മേളനം- മരാമൺ കൺവെൻഷൻ
4362. ഇന്ത്യയിലെ ഏറ്റവും വലിയ ചേരി- ധരാവി
4363. തിരുപ്പതി ക്ഷേത്രം ഏത് സംസ്ഥാനത്ത്- ആന്ധ്രാപ്രദേശ്
4364. ഏഷ്യയിലെ ഏറ്റവും വിസ്തീർണം കുറഞ്ഞ രാജ്യം - മാലദ്വീപ്
4365. കൽക്കരിയുടെ രൂപാന്തരണത്തിലെ ആദ്യഘട്ടം- പീറ്റ്
4366. രാജീവ് ഗാന്ധി ഖേൽരത്ന പുരസ്കാരം ആദ്യമായി ലഭിച്ചത്- വിശ്വനാഥൻ ആനന്ദ്
4367. കേരളീയനായ ആദ്യ കർദ്ദിനാൾ- ജോസഫ് പാറേക്കാട്ടിൽ
4368. രാജീവ് ഗാന്ധിയുടെസമാധി- വീർഭൂമി
4369. കദംബ വംശം സ്ഥാപിച്ചത്- മയൂരവർമൻ
4370. ഖമർ ഭാഷ ഉപയോഗത്തിലുള്ളത് ഏതു രാജ്യത്താണ്- കംബോഡിയ
4371. ഖൽസ 1699-ൽ സ്ഥാപിച്ചത്- ഗോബിന്ദ് സിങ്
4372. കൽക്കരിയുടെ ഏറ്റവും മേന്മയേറിയ രൂപം- ആന്ത്രസൈറ്റ്
4373. കൽപ്പാത്തിപ്പുഴ ഏതു നദിയുടെ കൈവഴിയാണ്- ഭാരതപ്പുഴ
4374. ശക്തൻ തമ്പുരാൻ മ്യൂസിയം എവിടെയാണ്- തൃശ്ശൂർ
4375. ശക്തമായ റേഡിയോ തരംഗങ്ങൾ പുറപ്പെടുവിക്കുന്ന ഗ്രഹം- വ്യാഴം
4376. കർഷകരുടെ സ്വർഗം എന്നറിയപ്പെടുന്ന സ്ഥലം- തഞ്ചാവൂർ
4377. മലയാളഭാഷ ആദ്യമായി അച്ചടിക്കപ്പെട്ടത് ഏതു ഗ്രന്ഥത്തിൽ- ഹോർത്തൂസ് മലബാറിക്കസ്
4378. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ അന്തസ്രാവി ഗ്രന്ഥി- തൈറോയ്ഡ്
4379. ഭരണഘടനയുടെ എത്രാമത്തെ അനുച്ഛേദമാണ് സംസ്ഥാനങ്ങളുടെ ഒരു യൂണിയനാണ് ഇന്ത്യ എന്നു പ്രസ്താവിക്കുന്നത്- ഒന്ന്
4380. പനാമ കനാൽ പസഫിക് സമുദ്രത്തെ ഏത് സമുദ്രവുമായി ബന്ധിപ്പിക്കുന്നു-അത്ലാന്റിക് സമുദ്രം
4381. ഫ്രഞ്ച് ഈസ്റ്റിന്ത്യാക്കമ്പനി സ്ഥാപിതമായ വർഷം- 1664
4382. ബ്യൂസിഫാല നഗരത്തിന്റെ സ്ഥാപകൻ-അലക്സാണ്ടർ ചക്രവർത്തി
4383. പാകിസ്താൻ സിനിമാ വ്യവസായത്തിന്റെ കേന്ദ്രം -ലാഹോർ
4384. നിയമസഭ പിരിച്ചുവിടാൻ ആർക്കാണധികാരമുള്ളത്-ഗവർണർ
4385. ഭാരതരത്നം എന്നറിയപ്പെടുന്ന സംസ്ഥാനം- മണിപ്പൂർ
4386. കേരളത്തിൽ ഏതു വർഷം നടന്ന തിരഞ്ഞെടുപ്പിലാണ് ഏറ്റവും കൂടുതൽ പോളിങ് ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത്- 1960
4387. ഏതു വ്യവസായത്തിനു പ്രസിദ്ധമാണ് കൊല്ലം- കശുവണ്ടി
4388. ഇന്ത്യക്ക് സുഖോയ് യുദ്ധവിമാനം നൽകുന്ന രാജ്യം -റഷ്യ
4389. ആറുകാലങ്ങളിൽ പാടാൻ കഴിവുണ്ടായിരുന്ന സംഗീതജ്ഞൻ- ഷട്കാല ഗോവിന്ദമാരാർ
4390. ആലപ്പുഴ ജില്ലയിലെ നാഗാരാധനയ്ക്കു പ്രസിദ്ധമായ ക്ഷേത്രം - മണ്ണാറശ്ശാല
4391. കേരളത്തിൽ ഏറ്റവും കൂടുതൽ വ്യവസായ യൂണിറ്റുകളുള്ള ജില്ല- എറണാകുളം
4392. ഹിജ്റ വർഷത്തിലെ ആദ്യത്തെ മാസം- മുഹറം
4393. മികച്ച ഗദ്യകാരനായും തുർക്കിഭാഷയിലെ മികച്ച എഴുത്തുകാരിൽ ഒരാളായും പരിഗണിക്കപ്പെടുന്ന മുഗൾ ചക്രവർത്തി-ബാബർ
4394. ഏതു രാജ്യത്തിന്റെ നാണയമാണ് ക്രോണ- സ്വീഡൻ
4395. ബ്യൂട്ടിഫുൾ സിറ്റി ഓഫ് ഇന്ത്യ എന്നറിയപ്പെട്ടത് -ചണ്ഡിഗഢ്
4396. നമുക്ക് ഭയക്കേണ്ടത് ഭയത്തെത്തന്നെയാണ് എന്നു പറഞ്ഞത്- ഫ്രാങ്ക്ലിൻ ഡി റൂസ്വെൽറ്റ്
4397. പാകിസ്താന്റെ അലഹബാദ് എന്നറിയപ്പെടുന്ന മിത്താൻകോട്ട് ഏത് നദിയുടെ തീരത്ത്-സിന്ധു
4398. ബംഗാൾ ഗസറ്റിന്റെ മറ്റു രണ്ടു പേരുകൾ- ഹിക്കീസ് ഗസറ്റ്, കൽക്കട്ട ജനറൽ അഡ്വെർട്ടൈസർ
4399. മറാഠികളെ മൂന്നാം പാനിപ്പട്ടു യുദ്ധത്തിൽ (1761) തോൽപിച്ച അഹമ്മദ് ഷാ അബ്ദാലി ആരെയാണ് മുഗൾ ചക്രവർത്തിയായി നാമനിർദ്ദേശം ചെയ്തത്- ഷാ ആലം രണ്ടാമനെ
4400. കർഷകൻെറ ചങ്ങാതി എന്നറിയപ്പെടുന്ന ജന്തു -മണ്ണിര

CONFUSING FACTS

- ശ്രീബുദ്ധന്റെ ഭാര്യ യശോധരയും മഹാവീരന്റെ ഭാര്യ യശോധയും ആയിരുന്നു.
- ലോകത്തിലെ ആദ്യത്തെ സ്റ്റാമ്പ് പെന്നി ബ്ലാക്ക് (1840). ഇന്ത്യയിലേത് സിന്ധ് ഡാക്ക് (1852).
- ഇന്ത്യാചരിത്രത്തിലെ സുവർണകാലം ഗുപ്തകാലഘട്ടം. കേരള ചരിത്രത്തിലെ സുവർണകാലം കുലശേഖരൻമാരുടെ കാലം.
- മലയാള പത്രരംഗത്ത് ഓഫ്സെറ്റ് സംവിധാനം നടപ്പാക്കിയ ആദ്യപത്രം ദേശാഭിമാനിയും (1979) ഫാക്സിമിലി(ഒരു യൂണിറ്റിൽനിന്ന് മറ്റൊരു യൂണിറ്റിലേക്ക് പേജുകൾ ട്രാൻസ്മിറ്റ് ചെയ്ത് അച്ചടിക്കുന്ന രീതി) സംവിധാനം ആരംഭിച്ച ആദ്യ പത്രം മലയാള മനോരമയും (1986) ആണ്.
- കേരള മാർക്സ് എന്നറിയപ്പെട്ടത് കെ.ദാമോദരനാണ്. കേരള ക്രൂഷ്ചേവ് എം.എൻ.ഗോവിന്ദൻനായർ.

4401. ശക്തിസ്ഥലിൽ അന്ത്യനിദ്രകൊള്ളുന്ന ഇന്ത്യൻ പ്രധാനമന്ത്രി - ഇന്ദിരാഗാന്ധി
4402. കഞ്ഞിവെള്ളത്തിൽ അയഡിൻ ലായനി ചേർക്കുമ്പോൾ നീല നിറം കിട്ടുന്ന വസ്തു- അന്നജം
4403. കല്ലട അണക്കെട്ട് ഏതു ജില്ലയിൽ- കൊല്ലം
4404. കള്ള് പുളിക്കുമ്പോൾ പതഞ്ഞുപൊന്തുന്ന വാതകം- കാർബൺ ഡയോക്സൈഡ്
4405. രണ്ടാം ലോക യുദ്ധക്കാലത്ത് ജപ്പാനിലിടാനുള്ള ബോംബ് നിർമിക്കുന്നതിനുള്ള പദ്ധതി- മാൻഹട്ടൻ പദ്ധതി
4406. കേരളത്തിൽ കാണപ്പെടുന്ന ടൈറ്റാനിയം അടങ്ങിയിരിക്കുന്ന ധാതു- ഇൽമനൈറ്റ്
4407. ഏതു രാജ്യത്തെ പ്രധാന ഭാഷയാണ് ദാരി-അഫ്ഗാനിസ്താൻ
4408. യോഗക്ഷേമസഭ രൂപംകൊണ്ടത് ഏത് സമുദായത്തിന്റെ പുരോഗതി ലക്ഷ്യമിട്ടാണ്- ബ്രാഹ്മണസമുദായം
4409. തൈക്കാട് അയ്യയുടെ യഥാർഥപേര്- സുബ്ബരായൻ
4410. അഭിനവ കേരളം എന്ന പ്രസിദ്ധീകരണം സ്ഥാപിച്ചത്- വാഗ്ഭടാനന്ദൻ
4411. സാക്ഷരതയുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെട്ട കേരളത്തിലെ നവോത്ഥാന നായകൻ- ചാവറ കുര്യാക്കോസ് ഏലിയാസ്
4412. ആധുനിക കേരളത്തിലെ ആദ്യത്തെ സാമൂഹിക പരിഷ്കർത്താവ്- വൈകുണ്ഠസ്വാമി
4413. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം ഉപമുഖ്യമന്ത്രിയായിരുന്നത്- അവുക്കാദർകുട്ടി നഹ
4414. ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശക തത്ത്വങ്ങളെ 1935ലെ ഗവ.ഓഫ് ഇന്ത്യ ആക്ടിലെ ഇൻസ്ട്രുമെന്റ് ഓഫ് ഇൻസ്ട്രക്ഷൻസുമായി താരതമ്യപ്പെടുത്തിയതാര്-ബി.ആർ.അംബേദ്കർ
4415. ഏതു വിജയനഗര രാജാവിന്റെ കാലത്തെക്കുറിച്ചാണ് ഇബ്ൻ ബത്തൂത്ത തന്റെ രഹ്ല എന്ന പുസ്തകത്തിൽ വിവരിക്കുന്നത്- ഹരിഹരൻ ഒന്നാമൻ
4416. രണ്ടു ഭൂഖണ്ഡങ്ങളിൽ സ്ഥിതി ചെയ്യുന്ന നഗരം- ഇസ്താംബുൾ
4417. ദേശീയ കായിക ദിനാചരണവുമായി ബന്ധപ്പെട്ട വ്യക്തി- ധ്യാൻ ചന്ദ്
4418. ദേശീയ സാക്ഷരതാമിഷൻ പ്രവർത്തനമാരംഭിച്ചത്- 1988
4419. തിരുവിതാംകൂറിലെ അവസാനത്തെ വനിതാ ഭരണാധികാരി- സേതുലക്ഷ്മീഭായി
4420. തിരുവിതാംകൂറിലെ ആദ്യ വനിതാ സർജൻ ജനറൽ-മേരി പുന്നൻ ലൂക്കോസ്
4421. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത നേതാവ്- കെ.എം.മാണി
4422. ഹിരോഷിമയിൽ വീണ ബോംബിന്റെ പേര്- ലിറ്റിൽ ബോയ്
4423. ഏതു വില്ലേജ് എറണാകുളം ജില്ലയോട് ചേർത്തപ്പോളാണ് ഏറ്റവും വലിയ ജില്ലയെന്ന ബഹുമതി ഇടുക്കി ജില്ലയ്ക്ക് നഷ്ടപ്പെട്ടത്- കുട്ടമ്പുഴ
4424. കേരളത്തിൽ ഏറ്റവും കൂടുതൽ ശാഖകളുള്ള പൊതുമേഖലാ വാണിജ്യ ബാങ്ക്- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
4425. കേരളചരിത്രമ്യൂസിയം സ്ഥിതി ചെയ്യുന്നത്- ഇടപ്പള്ളി

4426. സൂര്യന്റെ താപനില അളക്കുന്ന ഉപകരണം- പൈറോഹീലിയോമീറ്റർ
4427. രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യ മലയാളി- സർദാർ കെ.എം.പണിക്കർ
4428. സൂര്യന്റെ താപം ഭൂമിയിലെത്തുന്നത്- വികിരണം വഴി
4429. സൂര്യനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന നക്ഷത്രം പ്രോക്സിമ സെന്റോറി
4430. രാജതരംഗിണിയിൽ എവിടുത്തെ രാജാക്കൻമാരുടെ ചരിത്രമാണ് പ്രതിപാദിക്കുന്നത് - കശ്മീർ



അമേരിക്കയുടെ രാഷ്ട്രപിതാവ്- ജോർജ് വാഷിങ്ടൺ

4431. ദ ലൂമിനസ് സ്പാർക്സ് എന്ന പുസ്തകം രചിച്ചത്- എ.പി.ജെ.അബ്ദുൾ കലാം
4432. ദേശീയ ശാസ്ത്രദിനം ഫിബ്രവരി 28-ന് ആചരിക്കാൻ കാരണം - രാമൻ ഇഫക്ട് സി.വി.രാമൻ കണ്ടുപിടിച്ച തീയതി
4433. തിരുവിതാംകൂറിന്റെ പ്രതിനിധികളായി എത്രപേരാണ് കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ഉണ്ടായിരുന്നത്- 6
4434. നൊബേൽ സമ്മാനം ലഭിച്ച ആദ്യത്തെ സ്ഥാപനം- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ ലാ
4435. സൂറത്തിൽ ആദ്യത്തെ ഫ്രഞ്ചു ഫാക്ടറി സ്ഥാപിതമായ വർഷം - 1668
4436. എലിഫന്റാ ഗുഹകൾ നിർമിച്ചത്- രാഷ്ട്രകൂടൻമാർ
4437. കിങ് മേക്കർ എന്നറിയപ്പെട്ട തമിഴ് നേതാവ്-കെ.കാമരാജ്
4438. വിമോചനസമരം നയിച്ചത്- മന്നത്ത് പദ്മനാഭൻ
4439. ശിവജിയും മുഗളരും പുരന്ധർ സന്ധി ഒപ്പിട്ട വർഷം- 1665
4440. കിങ്സ് ഫോർഡ് എന്ന ജില്ലാ മജിസ്ട്രേറ്റിനെ കൊലപ്പെടുത്തിയ കേസിൽ തൂക്കിലേറ്റപ്പെട്ടത്- ഖുദിറാം ബോസ്
4441. ശീതയുദ്ധത്തിന് അവസാനം കുറിച്ച് ബർലിൻ ഭിത്തി തകർന്ന വർഷം- 1989
4442. കുപ്രസിദ്ധമായ കാമാത്തിപുര വ്യഭിചാര കേന്ദ്രം എവിടെയാണ് -മുംബൈ
4443. ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ ശതവർഷയുദ്ധം ആരംഭിച്ച വർഷം- 1338
4444. രംഗസ്വാമി കപ്പ് ഏത് കളിയുടേത്- ഹോക്കി
4445. ഏഷ്യയുടെ നൊബേൽ സമ്മാനം എന്നറിയപ്പെടുന്നത്- മഗ്സസേ അവാർഡ്
4446. ഇംഗ്ലണ്ടിനേയും ഫ്രാൻസിനേയും വേർതിരിക്കുന്ന കടലിടുക്ക് - ഇംഗ്ലീഷ് ചാനൽ
4447. ഏറ്റവും വലുപ്പമുള്ള ചെവി ഉള്ള ജീവി- ആഫ്രിക്കൻ ആന
4448. ഇണയെ തിന്നുന്ന ജീവി -ചിലന്തി
4449. നളന്ദ സർവകലാശാലയെ പുനരുദ്ധരിക്കണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത്-എ.പി.ജെ. അബ്ദുൾ കലാം
4450. ഇതായ്-ഇതായ് രോഗമുണ്ടാകുന്നത് ഏതു ലോഹത്തിന്റെ മലിനീകരണം മൂലമാണ്- കാഡ്മിയം
4451. ഉപനിഷത്തുകളുടെ എണ്ണം- 108
4452. നരനാരായൺ സേതുവാണ് വടക്കുകിഴക്കൻ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ റെയിൽവേപ്പാലം. ഇത് ഏത് നദിയിലാണ്- ബ്രഹ്മപുത്ര
4453. പാകിസ്താൻ റെയിൽവേയ്സിന്റെ ആസ്ഥാനം-ലാഹോർ
4454. ഭരതനാട്യത്തിനുവേണ്ടി രുക്മിണി ദേവി അരുണ്ഡേൽ എവിടെയാണ് കലാക്ഷേത്ര സ്ഥാപിച്ചത്- അഡയാർ
4455. കൃത്രിമ ഉപഗ്രഹങ്ങൾക്ക് ഭൂസ്ഥിരഭ്രമണപഥം എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്- ആർതർ സി ക്ലാർക്ക്
4456. ഉപഗ്രഹങ്ങളില്ലാത്ത ഗ്രഹങ്ങൾ- ബുധൻ, ശുക്രൻ
4457. വികേന്ദ്രീയാസൂത്രണത്തിനു തുടക്കം കുറിച്ച പഞ്ചായത്ത്- കല്യാശ്ശേരി (കണ്ണൂർ ജില്ല)

ചോദ്യങ്ങൾ പലത് ഉത്തരം 24

- ആമുഖമുൾപ്പെടെയുള്ള ഭരണഘടനാഭാഗങ്ങൾ ഭേദഗതി ചെയ്യാൻ പാർലമെന്റിന് അധികാരം നൽകിയ ഭരണഘടനാ ഭേദഗതി എത്രാമത്തേതാണ്
- ഈജിപ്തിലുണ്ടായിരുന്ന ഹീരോഗ്ലിഫിക്സ് ലിപിയിലെ അടിസ്ഥാന ചിഹ്നങ്ങളുടെ എണ്ണം
- ശുദ്ധമായ സ്വർണം എത്ര കാരറ്റാണ്
- സോവിയറ്റ് യൂണിയന്റെ ലൂണ ദൗത്യത്തിൽ എത്ര വാഹനങ്ങളാണ് വിക്ഷേപിച്ചത്
- കഥകളിയിലെ അടിസ്ഥാന മുദ്രകളുടെ എണ്ണം
- ഒരു രാജ്യത്തിന്റെ തീരത്തുനിന്ന് എത്ര നോട്ടിക്കൽ മൈൽ വരെയുള്ള ദൂരെയുള്ള സമുദ്രഭാഗമാണ് കണ്ടിജ്യസ് സോൺ എന്നറിയപ്പെടുന്നത്
- ഇന്ത്യയിൽ എത്ര ഹൈക്കോടതികളുണ്ട്
- എത്ര കാരറ്റ് സ്വർണമാണ് തങ്കം
- ഭരണഘടന നിലവിൽവന്ന സമയത്ത് മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട എത്ര ആർട്ടിക്കിളുകളാണ് ഉണ്ടായിരുന്നത്
- അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ എത്ര മണിക്കൂറിനുള്ളിൽ അടുത്തുള്ള മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കണം
- ദേശീയ ചിഹ്നത്തിലെ അശോക ചക്രത്തിൽ എത്ര ആരക്കാലുകളുണ്ട്
- സിനിമയിൽ ഒരു സെക്കന്റിൽ എത്ര ഫ്രെയിമുകളാണ് കടന്നുപോകുന്നത്
- മൗലികാവകാശങ്ങൾ അടക്കമുള്ള ഭരണഘടനാഭാഗങ്ങൾ ഭേദഗതി ചെയ്യാൻ പാർലമെന്റിന് അധികാരം നൽകിയ ഭരണഘടനാ ഭേദഗതി എത്രാമത്തേതാണ്
- ഗ്രീക്ക് അക്ഷരമാലയിലെ അക്ഷരങ്ങളുടെ എണ്ണം
- ഭൂസ്ഥിര ഉപഗ്രഹം ഒരു പ്രാവശ്യം ഭൂമിയെ പ്രദക്ഷിണം ചെയ്യുന്നത് എത്ര മണിക്കൂർ കൊണ്ടാണ്
- ജൈനമതത്തിലെ എത്രാമത്തെ തീർഥങ്കരനാണ് മഹാവീരൻ
- ജൈനമതത്തിൽ എത്ര തീർഥങ്കരൻമാരാണുള്ളത്
- മനുഷ്യന് എത്ര വാരിയെല്ലുകളുണ്ട്
- ഇന്ത്യൻ ഭരണഘടനയിൽ ബാലവേല നിരോധിക്കുന്ന അനുച്ഛേദം
- അന്താരാഷ്ട്ര ദിനരേഖയുടെ ഇരുവശങ്ങൾ തമ്മിലുള്ള സമയവ്യത്യാസം എത്ര മണിക്കൂറാണ്

4458. ഏത് വൻകരയിലെ രാജ്യങ്ങളാണ് ഏറ്റവും കൂടുതൽ കോളനികൾ സ്ഥാപിച്ചത് - യൂറോപ്പ്
4459. വിദേശാക്രമണം, സായുധകലാപം എന്നിവയുണ്ടായാൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ രാഷ്ട്രപതിക്ക് അധികാരം നല്കുന്നത്- ആർട്ടിക്കിൾ 352
4460. വിജ്ഞാനത്തിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്ന പക്ഷി- മൂങ്ങ
4461. ഓസോൺ പാളിക്ക് അപകടം വരുത്തുന്ന രാസവസ്തു- ക്ലോറോ ഫ്ളൂറോ കാർബൺ
4462. ഏത് വൻകരയെയാണ് ജിബ്രാൾട്ടർ കടലിടുക്ക് ആഫ്രിക്കയിൽ നിന്ന് വേർതിരിക്കുന്നത്- യൂറോപ്പ്
4463. വിഡ്ഢിദിനം ആഘോഷിച്ചു തുടങ്ങിയ രാജ്യം- ഫ്രാൻസ്
4464. ഉത്തരാഖണ്ഡ് ഹൈക്കോടതിയുടെ ആസ്ഥാനം-നൈനിത്താൾ
4465. വിംബിൾഡൺ എവിടെയാണ്- ലണ്ടൻ
4466. മനുഷ്യശരീരത്തിലെ ഏറ്റവും നീളം കൂടിയ പേശി - സാർട്ടോറിയസ്
4467. അന്താരാഷ്ട്ര പരിസ്ഥിതി സംഘടനയുടെ ആസ്ഥാനം- നെയ്റോബി
4468. വിദ്യാഭ്യാസാവശ്യങ്ങൾക്കു മാത്രമായി ഒരു ഉപഗ്രഹം വിക്ഷേപിച്ച ആദ്യത്തെ രാജ്യം- ഇന്ത്യ
4469. ഏത് സമുദ്രത്തിലാണ് മഡഗാസ്കർ-ഇന്ത്യൻമഹാസമുദ്രം
4470. ഓസോൺ പാളി തടഞ്ഞുനിർത്തുന്ന കിരണം- അൾട്രാ വയലറ്റ്
4471. ഏത് വൻകരയിലെ ഉയരംകൂടിയ ഭാഗമാണ് വിൻസൺ മാസിഫ് -അന്റാർട്ടിക്ക

4472. വയലാർ സ്റ്റാലിൻ എന്നറിയപ്പെട്ടത് സി.കെ.കുമാരപ്പണിക്കർ
4473. ഏത് ഇന്ത്യൻ സംസ്ഥാനത്തിനാണ് സ്വന്തം ഭരണഘടനയുള്ളത്- ജമ്മു കശ്മീർ
4474. വിംബിൾഡണിൽ പങ്കെടുത്ത ആദ്യ ഇന്ത്യക്കാരൻ- സർദാർ നിഹൽ സിങ്
4475. കുത്തബ്ദ്ദീൻ ഐബക്കിനുശേഷം കുറച്ചുകാലത്തേക്ക് പിൻഗാമിയായത്- ആരാം ഷാ
4476. ഏത് രാജാവിൻെറ കാലത്താണ് ബുദ്ധൻ മരിച്ചത്- അജാതശത്രു
4477. ഒറിയ ഭാഷ ഏത് ഭാഷാഗോത്രത്തിൽപ്പെടുന്നു- ഇന്തോ ആര്യൻ
4478. ഡിസന്റ് ഓഫ് മാൻ രചിച്ചത്- ചാൾസ് ഡാർവിൻ
4479. ഊട്ടിഏതുമലനിരകളിലാണ്-നീലഗിരി
4480. ഏത് രാജ്യത്തോടാണ് ഫ്രാൻസ് ശതവർഷയുദ്ധത്തിൽ ഏറ്റുമുട്ടിയത്- ഇംഗ്ലണ്ട്
4481. ഏത് സമുദ്രതീരത്താണ് സാൻഫ്രാൻസിസ്കോ-പസഫിക് സമുദ്രം
4482. ഏത് ഊഷ്മാവിലാണ് തെർമോമീറ്ററിൽ സെന്റീഗ്രേഡ് സ്കെയിലും ഫാരൻഹീറ്റ് സ്കെയിലും തുല്യമാകുന്നത് -മൈനസ് 40
4483. ഏത് വാതകം സസ്യഎണ്ണയിലൂടെ കടത്തിവിട്ടാണ് വനസ്പതി നിർമിക്കുന്നത്- ഹൈഡ്രജൻ
4484. വയനാട് ജില്ലയുടെ ആസ്ഥാനം- കൽപ്പറ്റ
4485. റിച്ചർ സ്കെയിൽ അളക്കുന്നത്- ഭൂകമ്പതീവ്രത
4486. ഏത് ഗുപ്തരാജാവിന്റെ കാലത്തെ രാഷ്ട്രീയ-സാമൂഹിക സാഹചര്യമാണ് ഫാഹിയാന്റെ കൃതികളിൽ വിവരിക്കുന്നത്-ചന്ദ്രഗുപ്ത വിക്രമാദിത്യൻ
4487. വയലാർ അവാർഡ് ആരംഭിച്ച വർഷം- 1977
4488. ഏത് വിഷയത്തിലെ നൊബേൽ സമ്മാനമാണ് ആൽഫ്രഡ് നൊബേൽ ഏർപ്പെടുത്തിയത് അല്ലാത്തത്- ഇക്കണോമിക്സ്
4489. ഏത് വൻകരയിലാണ് ഗോബി മരുഭൂമി-ഏഷ്യ
4490. ഒരു തീർഥാടനം എന്ന് ഗാന്ധിജി വിശേഷിപ്പിച്ച അദ്ദേഹത്തിന്റെ അവസാനത്തെ കേരളയാത്ര ഏതുവർഷമായിരുന്നു-1937
4491. ഒറീസയുടെ പഴയപേര്- കലിംഗം
4492. ഒളിമ്പിക്സ് ദീപം സൂചിപ്പിക്കുന്നത് എന്തിനെയാണ്- മാനവജാതിയുടെ നല്ല ഗുണങ്ങളെ
4493. ഏത് സമുദ്രത്തിലാണ് ടൈറ്റാനിക് കപ്പൽ മുങ്ങിയത്- അത്‌ലാന്റിക് സമുദ്രം
4494. കാലിക്കറ്റ് സർവകലാശാലയുടെ ആസ്ഥാനമായ തേഞ്ഞിപ്പലം ഏതു ജില്ലയിൽ- മലപ്പുറം
4495. കൂറുമാറ്റ നിരോധനിയമം ആരുടെ കാലത്താണ് നിർമിച്ചത്- രാജീവ് ഗാന്ധി
4496. ലക്ഷബക്ഷ അഥവാ ലക്ഷം ദാനം ചെയ്യുന്നവൻ എന്നറിയപ്പെട്ട ഡൽഹി സുൽത്താൻ- കുത്തബ്ദ്ദീൻ ഐബക്
4497. ഒറീസയിലെ പ്രസിദ്ധമായ നൃത്തരൂപം- ഒഡീസി
4498. ലീഗ് ഓഫ് നേഷൻസിന്റെ രൂപവൽക്കരണത്തിനു മുൻകൈയെടുത്ത അമേരിക്കൻ പ്രസിഡന്റ്- വുഡ്റോ വിൽസൺ
4499. ഒളിമ്പിക്സ് സെമിഫൈനലിലെത്തിയ ആദ്യ മലയാളി വനിത ഷൈനി വിൽസൺ
4500. ഏത് സമുദ്രത്തിലാണ് അംഗോള പ്രവാഹം-അത്‌ലാന്റിക് സമുദ്രം
4501. ഏത്വംശത്തിന്ശേഷമാണ് സേനൻമാർ ബംഗാളിൽ അധികാരത്തിൽ വന്നത്- പാല വംശം
4502. എ.ആർ.റഹ്മാൻ ഏത് മേഖലയിലാണ് പ്രസിദ്ധൻ- സംഗീത സംവിധായകൻ
4503. ഏത് തുഗ്ലക് സുൽത്താന്റെ കാലത്താണ് വിജയനഗര സാമ്രാജ്യവും ബാഹ്മിനി വംശവും സ്ഥാപിക്കപ്പെട്ടത്- മുഹമ്മദ് ബിൻ തുഗ്ലക്
4504. സ്ത്രീകൾക്കുവേണ്ടിമാത്രമായുള്ള നൃത്തം- മോഹിനിയാട്ടം
4505. ഒ.വി.വിജയന്റെ ഖസാക്കിന്റെ ഇതിഹാസത്തിലെ നായകൻ- രവി
4506. വസന്ത ദ്വീപ് എന്നറിയപ്പെടുന്ന രാജ്യം- ജമൈക്ക
4507. ഏതു രാജ്യത്തിനെതിരെ ഉണ്ടായ നടപടിയാണ് ഖിലാഫത്ത് പ്രസ്ഥാനത്തിനു കാരണമായത്- തുർക്കി
4508. ഒക്ടോബർ രണ്ടിനു ജനിച്ച നേതാക്കൾ- ഗാന്ധിജിയും ലാൽ ബഹാദൂർ ശാസ്ത്രിയും
4509. ഇദയക്കനി എന്നറിയപ്പെടുന്നത്- ജയലളിത
4510. രണ്ടു പ്രാവശ്യം ഇന്ത്യയുടെ ആക്ടിങ് പ്രധാനമന്ത്രിയായത്- ഗുൽസരിലാൽ നന്ദ

CONFUSING FACTS

- കേരളത്തിൽ ടെലിവിഷൻ സംപ്രേക്ഷണം ആരംഭിച്ചത് 1982-ൽ. മലയാള പരിപാടികളുടെ സംപ്രേക്ഷണം ആരംഭിച്ചത് 1985-ൽ.
- സുപ്രീംകോടതി, ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുന്നത് പ്രസിഡന്റാണ്. ഗവർണറാണ് ജില്ലാ ജഡ്ജിമാരെ നിയമിക്കുന്നത് .
- ഇന്ത്യയിൽ പദവിയിരിക്കെ അന്തരിച്ച ആദ്യ പ്രധാനമന്ത്രി ജവാഹർലാൽനെഹ്റുവും പദവിയിരിക്കെ അന്തരിച്ച ആദ്യ പ്രസിഡന്റ് ഡോ.സക്കീർ ഹുസൈനുമാണ്.
- നളചരിതം ആട്ടക്കഥ ഉണ്ണായിവാര്യരുടെ രചനയാണ്. കുഞ്ചൻ നമ്പ്യാരാണ് നളചരിതം തുള്ളൽ രചിച്ചത്.
- സബർമതിയിലെ സന്ന്യാസി എന്നറിയപ്പെട്ടത് ഗാന്ധിജിയാണ്. പൗനാറിലെ സന്ന്യാസി എന്നറിയപ്പെട്ടത് വിനോബാ ഭാവെയാണ്.

4511. ഏത് സംസ്ഥാനത്തെ നാടോടി നൃത്തരൂപമാണ് റൗഫ്- കശ്മീർ
4512. ഇദി അമീൻ ഏതു രാജ്യക്കാരനാണ്- ഉഗാണ്ട
4513. ഇന്ത്യയിലെ ആദ്യത്തെ ശാസ്ത്രനഗരം- കൊൽക്കത്ത
4514. ഉപനിഷത്തുകളുടെ പ്രതിപാദ്യവിഷയം- തത്ത്വചിന്ത
4515. വിദ്യാഭ്യാസത്തെക്കുറിച്ചു പഠിക്കാൻ കോത്താരി കമ്മിഷൻ നിലവിൽവന്ന വർഷം- 1964
4516. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ സാക്ഷര ജില്ല- എറണാകുളം
4517. വിദ്യുത് പ്രതിരോധം ഏറ്റവും കുറഞ്ഞ ലോഹം- വെള്ളി
4518. ഇന്ത്യയിലെ ആദ്യത്തെ സിനിമാഹാൾ- കൊൽക്കത്ത (എൽഫിൻസ്റ്റൺ പിക്ചർ പാലസ്)
4519. ഏത് തടാകത്തിലാണ് ജിബ്രാൾട്ടർ പാറ- ഹുസൈൻ സാഗർ
4520. വീൽസ് രോഗം എന്നറിയപ്പെടുന്നത്- എലിപ്പനി
4521. വീഞ്ഞിനെക്കുറിച്ചുള്ള പഠനം- ഈനോളജി
4522. ഇന്ത്യയിലെ ആദ്യത്തെ സ്കൈ ബസ് സംവിധാനം നിലവിൽ വന്നത്- ഗോവ
4523. വീട് താമസിക്കാനുള്ള ഒരു യന്ത്രമാണ് എന്നു പറഞ്ഞത്- ലെ കോർബ്യുസിയെ
4524. ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ വിമാനത്താവളം- നെടുമ്പാശ്ശേരി
4525. വീണവായിക്കുന്നതിൽ തല്പരനായിരുന്ന ഗുപ്തരാജാവ്- സമുദ്രഗുപ്തൻ
4526. ഇന്ത്യയുടെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന പർവതം- വിന്ധ്യ
4527. ഉസ്താദ് ബിസ്മില്ലാഖാൻ പ്രസിദ്ധി നേടിയ സംഗീതോപകരണം - ഷെഹനായി
4528. വുളാർ തടാകത്തിന്റെ പഴയ പേര്- മഹാപത്മസരസ്സ്
4529. ഇന്ത്യയുടെ ജലറാണി- ബുല ചൗധരി
4530. വൃത്താന്തപത്രപ്രവർത്തനം എന്ന കൃതി രചിച്ചത്- സ്വദേശാഭിമാനി
4531. വൃന്ദാവൻ പൂന്തോട്ടം എവിടെയാണ്- മൈസൂർ
4532. പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന നിലവിൽ വന്ന തീയതി- 1949 ഒക്ടോബർ 1
4533. ഇന്ത്യയിലെ ലോർഡ്സ് എന്നറിയപ്പെടുന്ന സ്റ്റേഡിയം- ഈഡൻ ഗാർഡൻസ്
4534. ഒന്നാം ലോക മലയാള സമ്മേളനം നടന്ന സ്ഥലം- തിരുവനന്തപുരം
4535. ഒരു ജാതി, ഒരു മതം, ഒരു ദൈവം , ഒരു ഭാഷ എന്ന സന്ദേശം നൽകിയത്- വൈകുണ്ഠസ്വാമികൾ
4536. വാതകരൂപത്തിലുള്ള ഹോർമോൺ- എഥിലിൻ
4537. വിശ്വസുന്ദരി മത്സരത്തിന്റെ ആപ്തവാക്യം- ബ്യൂട്ടി വിത്ത് ബ്രയിൻ
4538. ശിലകളിൽ അടിസ്ഥാനശില എന്നറിയപ്പെടുന്നത്- ആഗ്നേയശില
4539. കുഞ്ചൻ നമ്പ്യാരുടെ ജന്മദേശം- ലക്കിടി
4540. കടലാമകൾ മുട്ടയിടുന്നത് എവിടെ- കരയിൽ
4541. ഇന്ത്യയിലെ ആദ്യത്തെ സ്പോർട്സ് മ്യൂസിയം- പാട്യാല

4542. കരേര വന്യമൃഗസംരക്ഷണ കേന്ദ്രം ഏത് സംസ്ഥാനത്താണ്- മധ്യപ്രദേശ്

4543. ക്ലാസിക്കൽ നൃത്തരൂപമായ കുച്ചിപ്പുടി ആന്ധ്രപ്രദേശിലെ ഏത് ജില്ലയിലെ വില്ലേജിന്റെ പേരാണ് - കൃഷ്ണ

4544. ഗുഹകളിൽ താമസിക്കുന്ന കേരളത്തിലെ ഏക ആദിവാസിവർഗം - ചോലനായ്ക്കൻമാർ

4545. ഹാട്രിക് ഗോളോടെ കേരളത്തിന് സന്തോഷ് ട്രോഫി നേടിക്കൊടുത്തത്- മണി

4546. വൃന്ദാവൻ ഗാർഡൻ ഏത് അണക്കെട്ടിനു സമീപമാണ്- കൃഷ്ണ രാജസാഗർ

ഇന്ത്യയുടെ മെലഡി ക്വീൻ എന്നറിയപ്പെടുന്നത്- ലതാ മങ്കേഷ്കർ

4547. വൃഷഭാദ്രിപുരം എന്നറിയപ്പെട്ടിരുന്നത്- തൃശ്ശൂർ

4548. സംസ്ഥാന സിവിൽ സർവീസിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ- ചീഫ് സെക്രട്ടറി

4549. വടക്കൻ യൂറോപ്പിന്റെ ക്ഷീരസംഭരണി എന്നറിയപ്പെടുന്ന രാജ്യം - ഡെൻമാർക്ക്

4550. ഏത് വംശത്തിൻെറ ഭരണകാലമാണ് പ്രാചീന ഇന്ത്യാ ചരിത്രത്തിലെ സുവർണ കാലഘട്ടം എന്നറിയപ്പെടുന്നത്- ഗുപ്തവംശം.

4551. സ്വരാജ് റൗണ്ട് ഏത് നഗരത്തിലാണ്- തൃശ്ശൂർ

4552. ലക്ഷദ്വീപ് ഗ്രൂപ്പിലെ ഏറ്റവും വിസ്തീർണം കുറഞ്ഞ ദ്വീപ്- ബിത്ര

4553. സ്വതന്ത്ര ഇന്ത്യയുടെ ഒന്നാം നിയമനിർമാണ കമ്മിഷൻ രൂപവത്കരിച്ച വർഷം- 1955

4554. ഏത് കായൽ അറബിക്കടലുമായി യോജിക്കുന്നിടത്താണ് നീണ്ടകര അഴി- അഷ്ടമുടി

4555. സംഘകാലജനതയുടെ മുഖ്യ ഭക്ഷണം- അരി

4556. ഏത് വംശമാണ് തിരഞ്ഞെടുക്കപ്പെട്ട രാജാവിനാൽ സ്ഥാപിതമായത് - പാല വംശം

4557. ലാവ കൊണ്ടുണ്ടായ ഇന്ത്യൻ പീഠ പ്രദേശം- ഡക്കാൺ

4558. സിന്ധുനദീതട സംസ്കാര കാലഘട്ടത്തിലെ വീടുകൾ നിർമിക്കപ്പെട്ടത് എന്തുപയോഗിച്ചാണ്- ഇഷ്ടിക

4559. സാമ്പത്തികശാസ്ത്രത്തിൽ നൊബേൽ ജേതാവായ ആദ്യവനിത- എലിനോർ ഓസ്ട്രം

4560. ഏത് ശാസ്ത്രജ്ഞന്റെ സ്മരണയ്ക്കാണ് ആവർത്തനപട്ടികയിലെ നൂറാമത്തെ മൂലകത്തിന് പേരിട്ടിരിക്കുന്നത്- എൻറിക്കോ ഫെർമി

4561. സയനൈഡ് പ്രക്രിയയിലൂടെ ശുദ്ധീകരിക്കുന്ന ലോഹം- സ്വർണം

4562. ഏത് സമുദ്രത്തിലാണ് നൈൽ പതിക്കുന്നത്-മെഡിറ്ററേനിയൻ കടൽ

4563. ലിനക്സ് എന്ന ഓപ്പറേറ്റിങ് സിസ്റ്റം വികസിപ്പിച്ചതാര്- ലിനസ് തോർവാൾഡ്സ്

4564. ഏത് സിഖു ഗുരുവിനുശേഷമാണ് ഗുരു പദം പൈതൃക രീതിയിലായി മാറിയത്- രാംദാസ്

4565. ലുധിയാന ഏത് നദിയുടെ തീരത്താണ്- സത്‌ലജ്

4566. ഏത് സിഖ് ഗുരുവാണ് പഹുൽ സമ്പ്രദായം നടപ്പാക്കിയത്- ഗോബിന്ദ് സിങ്

4567. ഏത് ദൈവത്തെയാണ് ആഴ്‌വാർമാർ ആരാധിക്കുന്നത്- വിഷ്ണു

4568. ഏത് കമ്പ്യൂട്ടർ കമ്പനിയാണ് ആദ്യമായി മൗസ് പ്രചാരണത്തിൽ കൊണ്ടുവന്നത്- ആപ്പിൾ കോർപറേഷൻ

4569. ഏത് തെന്നിന്ത്യൻ സംസ്ഥാനത്താണ് പോയിന്റ് കാലിമെർ എന്ന വന്യജീവി-പക്ഷി സങ്കേതം സ്ഥിതി ചെയ്യുന്നത്- തമിഴ്നാട്

4570. ഏത് തടാകത്തിനരികിലാണ് ഹസ്രത്ത്ബാൽ പള്ളി- ദാൽ തടാകം

4571. വടക്കു കിഴക്കൻ മൺസൂണിന്റെ മറ്റൊരു പേര്- തുലാവർഷം

4572. വാസ്കോഡഗാമ രണ്ടാം തവണ ഇന്ത്യയിൽ വന്ന വർഷം- 1502

4573. ഏതു രാജ്യത്തിൻെറ പഴയ പേരാണ് ജട്‌ലാൻഡ്-ഡെൻമാർക്ക്

4574. മനുഷ്യർ ഒരു മിനിറ്റിൽ ശരാശരി എത്ര പ്രാവശ്യം ശ്വസിക്കുന്നു - 13-17

ചോദ്യങ്ങൾ പലത് ഉത്തരം 25

- ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാനാവശ്യമായ കുറഞ്ഞ പ്രായം
- ഇന്ത്യൻ ഭരണഘടന പ്രകാരം മതസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്ന വകുപ്പ്
- സംസ്ഥാന മുഖ്യമന്ത്രിയാകാനാവശ്യമായ കുറഞ്ഞ പ്രായം
- ആരുടെയെങ്കിലും വസ്തു സർക്കാർ ഏറ്റെടുക്കുമ്പോൾ നൽകുന്ന നഷ്ടപരിഹാരത്തെ സംബന്ധിച്ച് കോടതികളിൽ പരാതിപ്പെടാൻ ഉണ്ടായിരുന്ന അവകാശം ഇല്ലാതാക്കിയ ഭരണഘടനാ ഭേദഗതി എത്രാമത്തേതാണ്
- ഇന്ത്യൻ പ്രധാനമന്ത്രിയാകാനാവശ്യമായ കുറഞ്ഞ പ്രായം
- ഇന്ത്യൻ യൂണിയനിലെ എത്രാമത്തെ സംസ്ഥാനമാണ് ഗോവ
- മനുഷ്യന് വ്യക്തമായ കാഴ്ചയ്ക്കുള്ള ഏറ്റവും കുറഞ്ഞ ദൂരം (നികട ബിന്ദു) എത്ര സെന്റിമീറ്ററാണ്
- അമേരിക്കയിൽ പ്രതിനിധിസഭാംഗമാകാനാവശ്യമായ കുറഞ്ഞ പ്രായം
- ആനയുടെ ഹൃദയമിടിപ്പ് മിനിട്ടിൽ എത്രയാണ്
- നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാനാവശ്യമായ കുറഞ്ഞ പ്രായം
- സിൽവർ ജൂബിലി ആഘോഷിക്കുന്നത് എത്രാമത്തെ ആനിവേഴ്സറിയിലാണ്
- അക്വാറീജിയയിൽ നൈട്രിക് ആസിഡ് എത്ര ശതമാനമാണ്
- വില്യം ലോറൻസ് ബ്രാഗാണ് ഏറ്റവും കുറഞ്ഞ പ്രായത്തിൽ നൊബേൽ സമ്മാനത്തിന് അർഹനായത്(1915) . എത്രാമത്തെ വയസ്സിലാണ് അദ്ദേഹം ഈ നേട്ടം കൈവരിച്ചത്
- രാജ്യസഭയുടെ ക്വാറം എത്ര പേരാണ്

4575. വേദാന്ത കോളേജ് 1825-ൽ സ്ഥാപിച്ചതാര്- രാജാറാം മോഹൻ റോയ്

4576. സമത്വസമാജം 1836-ൽ സ്ഥാപിച്ച സാമൂഹിക പരിഷ്കർത്താവ് - വൈകുണ്ഠസ്വാമി

4577. അന്താരാഷ്ട്ര ഫുട്ബോൾ മൽസരത്തിന്റെ ദൈർഘ്യം- 90 മിനിട്ട്

4578. വൃദ്ധഗംഗ എന്നു വിളിക്കപ്പെടുന്ന നദി-ഗോദാവരി

4579. എവറസ്റ്റ് കൊടുമുടിക്ക് ആ പേരു നൽകിയത് - കേണൽ ആൻഡ്രുവാഗ്

4580. ഏതു രാജ്യത്തിന്റെ പഴയ പേരാണ് ഹെൽവേഷ്യ- സ്വിറ്റ്സർലൻഡ്

4581. ഏറ്റവും കൂടുതൽ വാരിയെല്ലുകളുള്ള ജീവി - പാമ്പ്

4582. ഒ.ഹെൻറി ആരുടെ തൂലികാനാമം- വില്യം സിഡ്നി പോർട്ടർ

4583. പാറ്റയുടെ രക്തത്തിന്റെ നിറം- നിറമില്ല

4584. ജഗദ്ഗുരു എന്നറിയപ്പെട്ട ബീജാപ്പൂർ സുൽത്താൻ- ഇബ്രാഹിം ആദിൽ ഷാ രണ്ടാമൻ

4585. 1920-ൽ ചേർന്ന എ.ഐ.ടി.യു.സി.യുടെ ഒന്നാം സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്- ലാലാലജ്പത് റായി

4586. പാർലമെന്റിൽ അംഗമല്ലാത്ത ഒരാൾക്ക് പരമാവധി എത്ര കാലം പ്രധാനമന്ത്രി പദത്തിൽ തുടരാം- ആറ് മാസം

4587. ഭൂമിയുടെ ഗുരുത്വാകർഷണം അതിജീവിക്കാൻ ബഹിരാകാശപേടകത്തിനുവേണ്ട കുറഞ്ഞ വേഗം- 11.2കി.മീ. പ്രതി സെക്കന്റ്

4588. ശ്രീനഗറിലെ ഷാലിമാർ പൂന്തോട്ടം നിർമിച്ചത്- ജഹാംഗീർ

4589. ദ്രാവിഡ കഴകം സ്ഥാപിച്ചത്- ഇ.വി.രാമസ്വാമി നായ്ക്കർ

4590. ജീവിതകാലം മുഴുവൻ മറ്റൊരു ജീവിയുടെ പാൽ കുടിക്കുന്ന ഏക ജീവി- മനുഷ്യൻ

4591. 1921ൽ ഒറ്റപ്പാലത്ത് നടന്ന പ്രഥമ അഖില കേരള കോൺഗ്രസ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്- ടി. പ്രകാശം

4592. മരുഭൂമി ഏറ്റവും കുറച്ചുള്ള ഭൂഖണ്ഡം- യൂറോപ്പ്

4593. മധുര മീനാക്ഷി ക്ഷേത്രം നിർമിച്ചത്- തിരുമല നായക്

4594. ദ്രുപദ് എന്നാലെന്ത്- ഒരു തരം ഹിന്ദുസ്ഥാനി ക്ലാസിക്കൽ സംഗീതം

4595. ബ്ലാക്ക് പഗോഡ എന്നറിയപ്പെടുന്ന ക്ഷേത്രം- കൊണാർക്കിലെ സൂര്യക്ഷേത്രം

4596. അഭിനവഭോജൻ എന്നറിയപ്പെട്ടത്- കൃഷ്ണദേവരായർ

4597. ശ്രീനാരായണ ധർമ്മ പരിപാലനയോഗം സ്ഥാപിതമായ വർഷം-1903
4598. ജഹാംഗീർ നഗറിന്റെ ഇപ്പോഴത്തെ പേര്- ധാക്ക
4599. വധിക്കപ്പെട്ട ആദ്യ അമേരിക്കൻ പ്രസിഡണ്ട് - എബ്രഹാം ലിങ്കൺ
4600. ഏത് കമ്മീഷന്റെ ശിപാർശ പ്രകാരമാണ് റിസർവ് ബാങ്ക് നിലവിൽ വന്നത്- ഹിൽട്ടൺ യങ്
4601. വധിക്കപ്പെട്ട ആദ്യത്തെ സിഖ് ഗുരു- അർജുൻ ദേവ്
4602. ഏതു രാജ്യത്തിന്റെ കോളനിയാണ് ജിബ്രാൾട്ടർ- ഇംഗ്ലണ്ട്
4603. ഉത്തർ പ്രദേശിലെ മുഗൾസരായിയിൽ 1904 ഒക്ടോബർ രണ്ടിനു ജനിച്ച ഇന്ത്യൻ പ്രധാനമന്ത്രി- ലാൽ ബഹാദൂർശാസ്ത്രി

തിരുവിതാംകൂറിലെ ആദ്യത്തെ പ്രധാനമന്ത്രി- പട്ടം താണുപിള്ള

4604. ഒരു പദാർഥം കത്തുമ്പോൾ നടക്കുന്ന പ്രവർത്തനം- ഓക്സീകരണം
4605. റിക്ടർ സ്കെയിലിൽ അളക്കുന്നത്- ഭൂകമ്പം
4606. മലമ്പുഴ അണക്കെട്ട് ഏത് വകുപ്പിന്റെ മേൽനോട്ടത്തിലാണ്- ജലസേചനം
4607. ജോൺ ഓഫ് ആർക്കുമായി ബന്ധപ്പെട്ട യുദ്ധം- ശതവൽസരയുദ്ധം
4608. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ദേശസാത്കരിക്കപ്പെട്ട വർഷം- 1949
4609. വധിക്കപ്പെട്ട ഏക ബ്രിട്ടീഷ് ഇന്ത്യയിലെ വൈസ്രോയി- മേയോ പ്രഭു
4610. ഒരിക്കൽ മാത്രം ഫലമുണ്ടാകുന്ന സസ്യം- വാഴ
4611. ഏറ്റവും താണ ഊഷ്മാവിൽ ജീവിക്കാൻ കഴിയുന്ന പക്ഷി- എമ്പറർ പെൻഗ്വിൻ
4612. ഏലത്തിന്റെ ജന്മദേശം- ദക്ഷിണേന്ത്യ
4613. ഏഴു ദ്വീപുകളുടെ നഗരം എന്നറിയപ്പെടുന്നത്- മുംബൈ
4614. ഏഴുമലകളുടെ നഗരം എന്നറിയപ്പെടുന്നത്- റോം
4615. ഗോഖലെ യുടെ രാഷ്ട്രീയഗുരു-എം.ജി.റാനഡേ
4616. അന്താരാഷ്ട്ര വനിതാ വർഷം- 1975
4617. അർധനഗ്നനായ ഫക്കീർ എന്ന് ഗാന്ധിജിയെ വിളിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി - വിൻസ്റ്റൺ ചർച്ചിൽ
4618. മാർത്താണ്ഡവർമ ഡച്ചുകാരെ തോൽപിച്ച യുദ്ധം- കുളച്ചൽ (1741)
4619. അയിത്തോച്ചാടനനിയമം പാർലമെന്റ് പാസാക്കിയ വർഷം-1955
4620. മലബാറിലെ ആദ്യ ജലവൈദ്യുതപദ്ധതി- കുറ്റ്യാടി
4621. ഏതു രാജ്യത്തുവെച്ചാണ് റഷ്യൻ വിപ്ലവനേതാവ് ട്രോട്സ്കി വധിക്കപ്പെട്ടത്- മെക്സിക്കോ
4622. വധിക്കപ്പെട്ട ആദ്യ കേന്ദ്രമന്ത്രി- എൽ.എൻ.മിശ്ര
4623. ഏതു രാജ്യത്ത് പ്രചാരത്തിലുള്ള ചികിത്സാസമ്പ്രദായമാണ് അക്യുപങ്ചർ- ചൈന
4624. ഏറ്റവും ചെറിയ മുട്ടയിടുന്ന പക്ഷി- ഹമ്മിങ് പക്ഷി
4625. എലിഫന്റ് വെള്ളച്ചാട്ടം ഏതു സംസ്ഥാനത്താണ്- മേഘാലയ
4626. ഹോർത്തൂസ് മലബാറിക്കസിന്റെ മൂലകൃതി- കേരളാരാമം
4627. ഏതു രാജ്യമാണ് അലാസ്ക പ്രദേശം യു.എസ്.എ.യ്ക്കു നൽകിയത്- റഷ്യ
4628. ഏകാന്ത ദ്വീപ് എന്നറിയപ്പെടുന്നത്- ട്രിസ്റ്റൺ ഡി കുൻഹ
4629. താൻസന്റെ ഗുരു- സ്വാമി ഹരിദാസ്
4630. ഏകതാസ്ഥലിൽ അന്ത്യനിദ്രകൊള്ളുന്ന പ്രസിഡന്റ്- ഗ്യാനി സെയിൽസിങ്
4631. ഏകദിന ക്രിക്കറ്റിൽ 15000 റൺസ് നേടിയ ആദ്യ കളിക്കാരൻ- സച്ചിൻ ടെൻഡുൽക്കർ
4632. ഏറ്റവും പഴക്കം ചെന്ന ദേശീയപതാക ഏത് രാജ്യത്തിന്റേതാണ് - ഡെന്മാർക്ക്
4633. തലശ്ശേരിയിൽനിന്ന് 1907-ൽ മൂർക്കോത്ത് കുമാരന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്ന പ്രസിദ്ധീകരണം- മിതവാദി
4634. ഏഷ്യയിലാദ്യമായി ഒരു യൂറോപ്യൻശക്തി പരാജയപ്പെട്ട യുദ്ധം - കുളച്ചൽ യുദ്ധം(1741)
4635. എരിത്രോസൈറ്റ്സ് എന്നറിയപ്പെടുന്നത്- ചുവന്നരക്താണുക്കൾ

CONFUSING FACTS

- ഐക്യരാഷ്ട്രസഭയുടെ ചാർട്ടർ അംഗീകരിച്ചത് 1945 ജൂൺ 26-ന് ആണ്. ഐക്യരാഷ്ട്രസഭ നിലവിൽവന്ന തീയതി 1945 ഒക്ടോബർ 24 ആണ്.
- ബാലഗംഗാധരതിലകന്റെ പത്രമായ കേസരി മറാഠി ഭാഷയിലും 'Mahratha' ഇംഗ്ലീഷിലുമാണ് പ്രസിദ്ധീകരിച്ചിരുന്നത്.
- 1912-ൽ മൗലാനാ അബുൾ കലാം ആസാദ് തുടങ്ങിയ ഉറുദു വാരികയാണ് അൽ ഹിലാൽ. 1914-ൽ പത്രമാരണനിയമപ്രകാരം ബ്രിട്ടീഷധികാരികൾ അൽ ഹിലാൽ പിടിച്ചെടുത്തപ്പോൾ ആസാദ് തുടങ്ങിയതാണ് അൽ ബലാഘ്.
- കേരളത്തിലെ ആദ്യത്തെ കോസ്റ്റൽ പൊലീസ് സ്റ്റേഷൻ നീണ്ടകര. ടൂറിസം പൊലീസ് സ്റ്റേഷൻ മട്ടാഞ്ചേരി.
- ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ സാക്ഷര പട്ടണം കോട്ടയമാണ് (1989 ജൂൺ 25). എറണാകുളമാണ് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ സാക്ഷര ജില്ല (1990 ഫിബ്രവരി 4).

4636. എറിത്രിയൻ കടൽ എന്നറിയപ്പെട്ടിരുന്നത് ഏതാണ്- ചെങ്കടൽ
4637. എലിപ്പനി ഉണ്ടാക്കുന്ന രോഗാണു- ലെപ്റ്റോസ്പൈറ
4638. ഏറ്റവും വലുപ്പം കൂടിയ മൽസ്യം - തിമിംഗില സ്രാവ്
4639. വടക്കു കിഴക്കൻ ഇന്ത്യയിലെ ഏറ്റവും വലിയ നഗരം- ഗുവഹത്തി
4640. വടക്കു കിഴക്കൻ ഇന്ത്യയിലെ ഏറ്റവും വലിയ തടാകമായ ലോക്തക് തടാകം ഏതു സംസ്ഥാനത്താണ്- മണിപ്പൂർ
4641. തുരിശിന്റെ രാസനാമം- കോപ്പർ സൽഫേറ്റ്
4642. വടക്കേ ആഫ്രിക്കയിലെയും അറേബ്യയിലെയും ചൂടുള്ള മരുക്കാറ്റുകൾക്കു പറയുന്ന പേര്- സിമൂൺസ്
4643. ദ്വിരാഷ്ട്ര സിദ്ധാന്തം ആവിഷ്കരിച്ചത്- മുഹമ്മദലി ജിന്ന
4644. ഇന്ത്യയിലേറ്റവും കൂടുതൽ തോറിയം ഉൽപാദിപ്പിക്കുന്ന സംസ്ഥാനം- കേരളം
4645. വടക്കേഅമേരിക്കയിലെ ഏറ്റവും നീളംകൂടിയ നദി-മിസ്സൗറി മിസ്സിസ്സിപ്പി
4646. ഇന്ത്യയുടെ ദേശീയ പതാകയ്ക്ക് രൂപം നകിയത്- പിംഗലി വെങ്കയ്യ
4647. വന്ദേമാതരത്തിന്റെ ഇംഗ്ലീഷ് പരിഭാഷ നിർവഹിച്ചത്- അരവിന്ദ ഘോഷ്
4648. ഇവിടമാണധ്യാത്മവിദ്യാലയം എന്നു പാടിയത്- കുമാരനാശാൻ
4649. ഏറ്റവും വലുപ്പംകൂടിയ മസ്തിഷ്കമുള്ള ജലജീവി- സ്പേം വെയ്ൽ
4650. അയിത്തോച്ചാടനം ലക്ഷ്യമിട്ട് 1932ൽ ഗാന്ധിജി രൂപവത്കരിച്ച സംഘടന- അഖിലേന്ത്യാ ഹരിജൻ സമാജം
4651. ഇന്ത്യയിലേറ്റവും കൂടുതൽ പുകയില ഉൽപാദിപ്പിക്കുന്ന സംസ്ഥാനം ആന്ധ്രാപ്രദേശ്
4652. മനുഷ്യശരീരത്തിലെ ഏറ്റവും കട്ടികൂടിയ ഭാഗം- പല്ലിന്റെ ഇനാമൽ
4653. ഒരേ വിഷയത്തിൽ രണ്ടു നൊബേൽ സമ്മാനം കിട്ടിയ ആദ്യ വ്യക്തി- ജോൺ ബാർഡീൻ(ഫിസിക്സ്-1956,1972)
4654. ഇലക്ട്രോകാർഡിയോഗ്രാഫ് ഏതവയവത്തിന്റെ പ്രവർത്തനം നിരീക്ഷിക്കാനാണ് ഉപയോഗിക്കുന്നത്- ഹൃദയം
4655. ഏറ്റവും വലുപ്പംകൂടിയ ഓന്ത്- കോമഡോ ഡ്രാഗൺ
4656. ഇന്ത്യയിലെ ആദ്യത്തെ ചലച്ചിത്ര പ്രദർശനം നടന്ന നഗരം- മുംബൈ
4657. ഒരേ വിഷയത്തിൽ രണ്ടു നൊബേൽ സമ്മാനം കിട്ടിയ രണ്ടാമത്തെ വ്യക്തി- ഫ്രെഡറിക് സാംഗർ (കെമിസ്ട്രി-1958,1980)
4658. ഇന്ത്യയുടെ നട്ടെല്ല് എന്നറിയപ്പെടുന്ന മേഖല- കാർഷികമേഖല
4659. ഒരേ ദൈവത്തിന്റെ വ്യത്യസ്ത നാമങ്ങളാണ് രാമനും റഹിമും എന്നു പറഞ്ഞത്- കബീർ
4660. ഏറ്റവും പുരാതനമായ സംസ്കൃത കൃതി- ഋഗ്വേദം
4661. ഏകദിന ക്രിക്കറ്റിൽ 500 വിക്കറ്റ് തികച്ച ആദ്യ കളിക്കാരൻ- വസിം അക്രം

4662. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ വൻകരകളുടെ സംഗമസ്ഥാനത്തിനടുത്ത് സ്ഥിതിചെയ്യുന്ന ദ്വീപുരാഷ്ട്രം -സൈപ്രസ്
4663. ഏഷ്യൻ ഗെയിംസിന് ആതിഥേയത്വം വഹിച്ച ആദ്യത്തെ ഗൾഫ് രാജ്യം- ഖത്തർ
4664. ഇന്ത്യയുടെ പരമോന്നത ബഹുമതിയായ ഭാരതരത്നയും പാകിസ്താന്റെ പരമോന്നത ബഹുമതിയായ നിഷാൻ- ഇ- പാകിസ്താനും ലഭിച്ച ഏക ഭാരതീയൻ - മൊറാർജി ദേശായി
4665. ഏറ്റവും താഴ്ന്ന ദ്രവണാങ്കവും തിളനിലയുമുള്ള ലോഹം- മെർക്കുറി
4666. ശാസ്ത്രീയ സോഷ്യലിസത്തിന്റെ പിതാവ്- കാറൽ മാർക്സ്
4667. ഏറ്റവും വിസ്തീർണം കൂടിയ ഗൾഫ് രാജ്യം- സൗദി അറേബ്യ
4668. ഇന്ത്യയുടെ പഞ്ചസാരക്കിണ്ണം എന്നറിയപ്പെടുന്നത് - ഉത്തർപ്രദേശ്
4669. ശാസ്ത്രീയ ജ്യോതിശാസ്ത്രത്തിന്റെ പിതാവ്- കെപ്ലർ
4670. ഇന്ത്യയുടെ പിതാമഹൻ എന്നറിയപ്പെട്ടത് - ദയാനന്ദ സരസ്വതി
4671. ഏറ്റവും വിസ്തീർണം കൂടിയ കോമൺവെൽത്ത് അംഗരാജ്യം- കാനഡ
4672. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നദി- ഗോദാവരി
4673. ഏറ്റവും കൂടുതൽ നിയമസഭാംഗങ്ങളുള്ള സംസ്ഥാനം- ഉത്തർപ്രദേശ്
4674. നവജാത ശിശുവിന്റെ ഹൃദയ സ്പന്ദന നിരക്ക്- മിനിട്ടിൽ 130 തവണ
4675. നാളികേര വികസന ബോർഡിന്റെ ആസ്ഥാനം- കൊച്ചി
4676. പട്ടം താണുപിള്ള രൂപവൽക്കരിച്ച പാർട്ടി- ഡമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടി
4677. പുതിയ അഖിലേന്ത്യാ സർവീസ് രൂപവൽക്കരിക്കാനുള്ള പ്രമേയം ആദ്യം അവതരിപ്പിക്കപ്പെടേണ്ടത്- രാജ്യസഭയിൽ
4678. ഏറ്റവും കൂടുതൽ പത്രങ്ങളുള്ള ഇന്ത്യൻ സംസ്ഥാനം- ഉത്തർപ്രദേശ്
4679. ഏറ്റവും വീതി കൂടിയ കടലിടുക്ക്- ഡേവിസ്
4680. ഏറ്റവും വൃത്താകാരമായ പ്രദക്ഷിണപഥമുള്ള ഗ്രഹം- ശുക്രൻ
4681. മഹാബോധി ക്ഷേത്രം എവിടെയാണ്- ബോധ്ഗയ
4682. ബാൾക്കൻ ഗാന്ധി എന്നറിയപ്പെടുന്നത് - ഇബ്രാംഹിം റുഗോവ
4683. അയൺ സൽഫേറ്റിന്റെ നിറം- പച്ച
4684. ഗോവയുടെ ജീവരേഖ എന്നറിയപ്പെടുന്ന നദി- മണ്ഡോവി
4685. ഏറ്റവും വലിയ അകശേരുകി- ജയന്റ് സ്ക്വിഡ്
4686. ഏറ്റവും വലിയ ഭാഷാ ഗോത്രം- ഇന്തോ-യൂറോപ്യൻ
4687. ടെറ്റനസ്, ക്ഷയം,വില്ലൻചുമ എന്നിവയ്ക്കുകാരണമായത്- ബാക്ടീരിയ
4688. പ്രാചീന ഇന്ത്യയുടെ സുവർണകാലം എന്നറിയപ്പെടുന്നത് ഏത് വംശത്തിന്റെ കാലം- ഗുപ്തകാലം
4689. പ്രസിഡന്റ് പദവിയിലിരിക്കെ അന്തരിച്ചാൽ ശേഷിച്ച കാലത്തേക്ക് വൈസ് പ്രസിഡന്റ് ആ പദവി വഹിക്കാൻ വ്യവസ്ഥയുള്ള രാജ്യം- യു.എസ്.എ.
4690. ഒരാൾക്ക് എത്ര വർഷം ഇന്ത്യയിൽ താമസിച്ചാലാണ് പൗരത്വത്തിന് അപേക്ഷിക്കാൻ കഴിയുന്നത്- 5
4691. ഏറ്റവും വലിയ രാജകുടുംബം ഉള്ള രാജ്യം- സൗദി അറേബ്യ
4692. പ്രസിഡന്റുഭരണം നിലവിൽവന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം- പഞ്ചാബ്
4693. ഏറ്റവും വലിയ ആർട്ടറി- അയോർട്ട
4694. ഏതു രാജ്യത്തിന്റെ ദേശീയ ചിഹ്നമാണ് ഒലിവ് ശിഖരം- ഗ്രീസ്
4695. ഏറ്റവും വേഗത്തിൽ വളരുന്ന പുൽവർഗസസ്യം- മുള
4696. ഏറ്റവും കുറച്ചുകാലം പ്രസിഡന്റായിരുന്നത്- ഡോ. സക്കീർ ഹുസൈൻ
4697. തമിഴ് സിനിമാവ്യവസായത്തിനു കോളിവുഡ് എന്നു പേരുലഭിക്കാൻ കാരണമായ സ്ഥലം- കോടമ്പാക്കം
4698. ഏറ്റവും വേഗമേറിയ സസ്തനി -ചീറ്റ
4699. ഏറ്റവും വലുപ്പം കൂടിയ തവള - ഗോലിയാത്ത് തവള
4700. എ.കെ.-47 തോക്ക് കണ്ടുപിടിച്ചത്- മിഖായേൽ ടിമോഫിവിച്ച് കലാഷ്നിക്കോവ്
4701. ഏറ്റവും കുറച്ചുകാലം ഭരിച്ച മുഗൾ രാജാവ്-ബാബർ
4702. ഉത്തർ പ്രദേശിന്റെ പഴയപേര്- യുണൈറ്റഡ് പ്രൊവിൻസ്
4703. ശിവജിയുടെ മാതാവ്- ജീജാഭായി
4704. ഏതു രാജ്യത്തിന്റെ ഭരണഘടനയാണ് മാതൃകാ ഭരണഘടനയെന്നു വിശേഷിപ്പിക്കപ്പെടുന്നത്- ബ്രിട്ടൺ
4705. ശിവജിയുടെ അവസാനത്തെ സൈനിക പര്യടനം- കർണാടകം

ചോദ്യങ്ങൾ പലത് ഉത്തരം 26

- ഭരണഘടനയുടെ എത്രാമത്തെ ഭേദഗതിയിലൂടെയാണ് നാട്ടുരാജാക്കാൻമാർക്ക് നൽകിയിരുന്ന ആനുകൂല്യമായ പ്രിവി പഴ്സസ് നിർത്തലാക്കിയത്
- ഇന്ത്യയിലെ എത്രാമത്തെ സംസ്ഥാനമാണ് ഛത്തിസ്ഗഢ്
- ഇരുമ്പിന്റെ അണുസംഖ്യ
- മാരത്തോൺ എത്ര കിലോമീറ്റർ ദൂരമാണ്
- മനുഷ്യന് പാദത്തിൽ എത്ര അസ്ഥികളാണുള്ളത്
- തവളയുടെ ക്രോമസോം സംഖ്യ
- വാൾട്ട് ഡിസ്നിക്ക് ആകെ എത്ര ഓസ്കർ അവാർഡ് കിട്ടിയിട്ടുണ്ട്
- ഐക്യരാഷ്ട്രസഭയുടെ രൂപവത്കരണത്തിലെ നാഴികക്കല്ലായ ഐക്യരാഷ്ട്ര പ്രഖ്യാപനത്തിൽ എത്ര രാജ്യങ്ങളാണ് ഒപ്പിട്ടത്
- ഇംഗ്ലീഷ് അക്ഷരമാലയിൽ എത്ര അക്ഷരങ്ങളാണുള്ളത്
- മനുഷ്യന് നട്ടെല്ലിൽ എത്ര അസ്ഥികളാണുള്ളത്

4706. ഏതു രാജ്യത്തിന്റെ വിമാനസർവീസാണ് സബീന- ബെൽജിയം
4707. എ.കെ.ഗോപാലന്റെ പട്ടിണിജാഥ പുറപ്പെട്ട സ്ഥലം- കണ്ണൂർ
4708. തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി വനിത- സിസ്റ്റർ അൽഫോൺസാമ്മ
4709. ഏറ്റവും വേഗം കൂടിയ പാമ്പ്- ആഫ്രിക്കൻ മാമ്പ
4710. ഏറ്റവും വലിയ ഇതിഹാസം- മഹാഭാരതം
4711. ഏതു രാജ്യത്തിന്റെ പതാകയാണ് ഓൾഡ് ഗ്ലോറി എന്നറിയപ്പെടുന്നത്- യു.എസ്.എ.
4712. റഫ്രിജറേറ്റർ കണ്ടുപിടിച്ചത്- ഹാരിസണും കാറ്റ്ലിനും
4713. ഏതു രാജ്യത്തിന്റെ സാങ്കേതിക സഹകരണത്തോടെയാണ് ഒറീസയിലെ റൂർക്കേല സ്റ്റീൽ പ്ലാന്റ് നിർമിച്ചിരിക്കുന്നത്- ജർമനി
4714. ഏറ്റവും കുറച്ചുകാലം ജീവിച്ചിരുന്ന മുഗൾ രാജാവ്-ബാബർ
4715. ഏതു രാജ്യത്തിന്റെ ചാരസംഘടനയാണ് മൊസ്സാദ്- ഇസ്രയേൽ
4716. ടാർജറ്റ് ഏത് സ്പോർട്സ് ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു- ഷൂട്ടിങ്
4717. സംസ്ഥാനങ്ങളിൽ അടിയന്തരാവസ്ഥ - ആർട്ടിക്കിൾ 356
4718. ടാറ്റാ അയൺ ആന്റ് സ്റ്റീൽ കമ്പനി എവിടെയാണ്- ജംഷഡ്പൂർ
4719. സിഎംഎസുകാർ കോട്ടയത്ത് പെൺപള്ളിക്കൂടം തുടങ്ങിയത് ഏത് വർഷത്തിൽ- എ.ഡി.1821
4720. ലോകത്തേറ്റവും കൂടുതൽ ന്യൂസ്പ്രിന്റ് ഉൽപാദിപ്പിക്കുന്ന രാജ്യം- കാനഡ
4721. അൽമോറ സുഖവാസകേന്ദ്രം ഏതു സംസ്ഥാനത്ത്- ഉത്തരാഖണ്ഡ്
4722. ഏറ്റവും വലിയ അക്ഷാംശരേഖ- ഭൂമധ്യ രേഖ
4723. ഏറ്റവും വലിയ മഞ്ഞക്കരുവുള്ള മുട്ടയിടുന്ന പക്ഷി-ഒട്ടകപ്പക്ഷി
4724. അർഥശാസ്ത്രം എന്തിനെക്കുറിച്ചു പ്രതിപാദിക്കുന്നു- രാഷ്ട്രതന്ത്രം
4725. ദൂരദർശൻ ഡയറക്ടർ ജനറലിന്റെ ഓഫീസ്- മണ്ഡി ഹൗസ്
4726. ഏറ്റവും സാധാരണമായ കരൾ രോഗം- മഞ്ഞപ്പിത്തം
4727. ഏറ്റവും ചെറിയ മനുഷ്യകോശം- ബീജം
4728. ഒരാളിന്റെ പൊക്കത്തിന്റെ ഏകദേശം എത്രശതമാനം നീളമാണ് തുടയെല്ല്- 27.5
4729. ഏറ്റവും കുറച്ചുകാലം ഭരിച്ച സുൽത്താനേറ്റ് വംശം- ഖിൽജിവംശം(1290-1320)
4730. എഡ്വിൻ ലുട്യൻസ് രൂപകൽപന ചെയ്ത ഇന്ത്യൻ നഗരം- ന്യൂഡൽഹി
4731. ഒരു നിറം (പച്ച) മാത്രമുള്ള ദേശീയ പതാക ഏതു രാജ്യത്തിന്റെതായിരുന്നു -ലിബിയ
4732. ജോർജ് ഓർവെല്ലിന്റെ യഥാർഥ പേര്- എറിക് ആർതർ ബ്ലെയർ
4733. ഒരു പൂർണവൃത്തം എത്ര ഡിഗ്രിയാണ്- 360
4734. ഏറ്റവും വിസ്തീർണം കുറഞ്ഞ സ്കാൻഡിനേവിയൻ രാജ്യം- ഡെന്മാർക്ക്

4735. ഉജ്ജ്വല ശബ്ദാഢ്യൻ എന്ന് വിശേഷിപ്പിക്കപ്പെട്ട കവി- ഉള്ളൂർ
4736. ലതാ മങ്കേഷ്കർ ആദ്യമായി പാടിയ മലയാള ചിത്രം- നെല്ല്
4737. എട്ടുവീട്ടിൽ പിള്ളമാരെ വധിച്ച രാജാവ്- മാർത്താണ്ഡവർമ
4738. കേരളത്തിലെ കന്നുകാലി വർഗത്തിലെ ഏറ്റവും വലിയ മൃഗം- കാട്ടുപോത്ത്
4739. എല്ലാ ആഹാരങ്ങളുടെയും പിതാവ് എന്നറിയപ്പെടുന്നത്- അൽഫാൽഫ
4740. മങ്ങിയ വെളിച്ചത്തിൽ കാഴ്ശക്തി കുറഞ്ഞുപോകുന്ന രോഗം - മാലക്കണ്ണ്
4741. ഒരു പൗണ്ട് എത്ര കിലോഗ്രാം- 0.454
4742. അധികാരത്തിലിരിക്കെ വധിക്കപ്പെട്ട ഏക ഇന്ത്യൻ പ്രധാനമന്ത്രി - ഇന്ദിരാ ഗാന്ധി
4743. ഏറ്റവും വലിയ ഉൾക്കടൽ - ഹഡ്സൺ ഉൾക്കടൽ
4744. ഭൂമിയിൽ ഇതുവരെ ഉണ്ടായിട്ടുള്ളവയിൽ ഏറ്റവും വലിപ്പം കൂടിയ ജീവി- നീലത്തിമിംഗിലം
4745. ഏറ്റവും വലിയ പക്ഷി-ഒട്ടകപ്പക്ഷി
4746. അസമിലെ ഏറ്റവും നീളം കൂടിയ നദി- ബ്രഹ്മപുത്ര
4747. മഗ്സസേ അവാർഡ് ഇന്ത്യയിൽനിന്നും ആദ്യമായി നേടിയ വനിത- മദർ തെരേസ (1962)
4748. ഏറ്റവും വലിയ പദസമ്പത്തുള്ള ഭാഷ- ഇംഗ്ലീഷ്
4749. മനുഷ്യന്റെ വലത്തേ ശ്വാസകോശത്തിന്റെ ശരാശരി ഭാരം- 570 ഗ്രാം
4750. പ്രാവേ പ്രാവേ പോകരുതേ എന്ന കവിത രചിച്ചത്- ഉള്ളൂർ



കിങ് മേക്കർ എന്നറിയപ്പെട്ട തമിഴ് നേതാവ്-കെ.കാമരാജ്

4751. ഭൂഖണ്ഡ ദ്വീപ് എന്നറിയപ്പെടുന്നത്- ഓസ്ട്രേലിയ
4752. കേരളത്തിലെ ഒന്നാം നിയമസഭയിലെ പ്രോട്ടേം സ്പീക്കർ- റോസമ്മാ പുന്നൂസ്
4753. അൽഫോൺസോ അൽബുക്കർക്ക് പോർട്ടുഗീസ് വൈസ്രോയി ഏത് വർഷത്തിൽ- എ.ഡി.1509
4754. ഏറ്റവും വലിയ ഫലം- ചക്ക
4755. 1946 ജൂണിൽ പീപ്പിൾ എഡ്യൂക്കേഷണൽ സൊസൈറ്റിക്ക് രൂപം നൽകിയത്-ബി.ആർ.അംബേദ്കർ
4756. വയനാട്ടിലെ ആദ്യ ജലസേചനപദ്ധതി- കാരാപ്പുഴ
4757. കോട്ടയം ജില്ലയിലെ പ്രശസ്തമായ പക്ഷിസങ്കേതം- കുമരകം
4758. ആദ്യത്തെ ബഷീർ പുരസ്കാരത്തിനർഹനായത്- കോവിലൻ
4759. ശിവജിയുടെ മുഖ്യ സചിവൻ- പേഷ്വാ
4760. ഏറ്റവും വേഗത്തിൽ പറക്കുന്ന പക്ഷി -സ്വിഫ്റ്റ്
4761. വയലാറും ദേവരാജനും ഒരുമിച്ച ആദ്യ ചിത്രം- ചതുരംഗം
4762. ഉലുവയുടെ ജന്മദേശം- മെഡിറ്ററേനിയൻ പ്രദേശം
4763. അഗുൽഹസ് പ്രവാഹം ഏത് സമുദ്രത്തിലാണ് -ഇന്ത്യൻമഹാസമുദ്രം
4764. കലിക്കറ്റ് സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ - പ്രൊഫ. എം.എം.ഗനി
4765. ദേശ്നായക് എന്നു വിശേഷിപ്പിക്കപ്പെട്ട വ്യക്തി- സുഭാഷ് ചന്ദ്രബോസ്
4766. ഡക്ക് വർത്ത് ലൂയിസ് നിയമങ്ങൾ ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു- ക്രിക്കറ്റ്
4767. ഏറ്റവും വേഗത്തിലോടാൻ കഴിയുന്ന പക്ഷി- ഒട്ടകപ്പക്ഷി
4768. തേക്കടി വന്യജീവി സങ്കേതം 1934ൽ സ്ഥാപിച്ച തിരുവിതാംകൂർ രാജാവ്- ചിത്തിരതിരുനാൾ
4769. മൂലയൂട്ടൽകാലത്ത് ഏറ്റവും ഭാരം കുറയുന്ന സസ്തനം- നീലത്തിമിംഗിലം
4770. അസുറൈറ്റ് ഏത് ലോഹത്തിന്റെ അയിരാണ്-ചെമ്പ്

CONFUSING FACTS

- ഇന്ത്യൻ ന്യൂട്ടൺ എന്ന് ആര്യഭടനെയും ഇന്ത്യൻ ഐൻസ്റ്റീൻ എന്ന് നാഗാർജുനനെയും വിശേഷിപ്പിക്കുന്നു.
- ഇന്ത്യയുടെ ആദ്യത്തെ വനിതാ വിദേശ കാര്യ സെക്രട്ടറി ചൊകില അയ്യർ, വനിതാ വിദേശകാര്യ വക്താവ് നിരുപമാ റാവു.
- ചീനവലയ്ക്കു പ്രസിദ്ധമായ കേരളത്തിലെ സ്ഥലമാണ് കൊച്ചി. പ്രസിദ്ധമായ ചീനക്കൊട്ടാരം കൊല്ലത്താണ്.
- ഒന്നാം പഴശ്ശി വിപ്ലവത്തിന്റെ കാലഘട്ടം 1793 മുതൽ 1797 വരെയും രണ്ടാം പഴശ്ശി വിപ്ലവത്തിന്റേത് 1800 മുതൽ 1805 വരെയും ആയിരുന്നു.
- സൂയസ് കനാൽ ഗതാഗതത്തിനു തുറന്നു കൊടുത്തത് 1869-ൽ. ദേശസാത്കരിച്ചത് 1956-ൽ. പനാമ കനാൽ ഗതാഗതത്തിനു തുറന്നു കൊടുത്തത് 1914-ൽ.

4771. ഏറ്റവും വേഗം കൂടിയ ഹൃദയമിടിപ്പുള്ള സസ്തനം- ഷ്രൂ
4772. കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന 3 നദികൾ-കബനി, ഭവാനി, പാമ്പാർ
4773. പ്രസിദ്ധമായ ഗെറ്റിസ്ബർഗ് പ്രസംഗം നടത്തിയത്- എബ്രഹാം ലിങ്കൺ
4774. ദശകുമാരചരിതം, കാവ്യാദർശം എന്നീ കൃതികൾ രചിച്ചതാര്- ദണ്ഡി
4775. ഏറ്റവും വടക്കായി സ്ഥിതി ചെയ്യുന്ന രാജ്യ തലസ്ഥാനം- റെയ്ക്ജാവിക്
4776. പാപ്സ്മിയർ ടെസ്റ്റ് ഏതു രോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു- ഗർഭാശയ ക്യാൻസർ
4777. പിത്തരസം സംഭരിച്ചു വയ്ക്കുന്ന അവയവം- ഗാൾ ബ്ലാഡർ
4778. ഏറ്റവും വിഷം കൂടിയ പാമ്പ്- രാജവെമ്പാല
4779. വന്ദേമാതരം പ്രസിദ്ധീകരിച്ച വർഷം - 1882
4780. ഒരേ അളവിൽ സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഭൂപടത്തിൽ കാണുന്ന രേഖകളാണ്- ഐസോഹെൽ
4781. തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ പ്രത്യേകത ആദ്യമായി ചൂണ്ടിക്കാണിച്ചത്- ഡോ.സലിം അലി
4782. ഒരേ അറ്റോമിക് നമ്പരും വ്യത്യസ്ത മാസ് നമ്പരുമുള്ള മൂലകങ്ങൾ അറിയപ്പെടുന്ന പേര്- ഐസോടോപ്പുകൾ
4783. ഏറ്റവും വടക്ക് സ്ഥിതിചെയ്യുന്ന യൂറോപ്യൻ രാഷ്ട്രം - നോർവെ
4784. ദക്ഷിണപൂർവേഷ്യയിലെ ഏക കരബദ്ധ രാജ്യം- ലാവോസ്
4785. ഏറ്റവും ഒടുവിലത്തെ ലോധി സുൽത്താൻ- ഇബ്രാഹിം ലോദി
4786. എക്സൈഡ് ഏത് ഉൽപന്നവുമായി ബന്ധപ്പെട്ട പേരാണ്- ബാറ്ററി
4787. വേമ്പനാട് കായലിൽ നിർമിച്ചിരിക്കുന്ന ബണ്ട്-തണ്ണീർമുക്കം
4788. വേൾഡ് വൈൽഡ് ലൈഫ് ഫണ്ടിന്റെ ആസ്ഥാനം- സ്വിറ്റ്സർലൻഡിലെ ഗ്ലാൻഡ്
4789. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ നാണയം യൂറോ അല്ലാത്ത ഏക രാജ്യം- സ്വീഡൻ
4790. 1453-ൽ എവിടത്തുകാരാണ് കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയത്- തുർക്കി
4791. ഭൂഗുരുത്വാകർഷണത്തോട് ചെടികൾ പ്രതികരിക്കുന്ന പ്രതിഭാസം - ജിയോട്രോപ്പിസം
4792. കുമാരനാശാൻ എവിടെ വച്ചാണ് വീണപൂവ് രചിച്ചത്- ജൈനിമേട്
4793. ഏതു രാജ്യത്താണ് ഹഗിയ സോഫിയ- തുർക്കി
4794. കേരളത്തിലെ കാശ്മീർ, ദക്ഷിണേന്ത്യയിലെ കാശ്മീർ എന്നീ പേരുകളിൽ അറിയപ്പെടുന്ന സ്ഥലം- മൂന്നാർ
4795. രണ്ടു വൻകരകളിലായി സ്ഥിതിചെയ്യുന്ന മെട്രോപൊളിറ്റൻ നഗരമായ ഇസ്താൻബുൾ ഏത് രാജ്യത്താണ്- തുർക്കി
4796. അഹമ്മദാബാദ് നഗരത്തിന്റെ പഴയ പേര്- കർണാവതി
4797. കശുവണ്ടി ഇന്ത്യയിൽ കൊണ്ടുവന്നത്- പോർച്ചുഗീസുകാർ
4798. മലയാള വ്യാകരണമെഴുതിയ ആദ്യത്തെ ക്രിസ്ത്യൻ മിഷനറി- ആഞ്ജലോ ഫ്രാൻസിസ് മെത്രാൻ

4799. കാദംബരി രചിച്ചതാര്- ബാണഭട്ടൻ
4800. ശിപായി ലഹള നടന്ന വർഷം- 1857
4801. കേരളഗാന്ധി എന്നറിയപ്പെടുന്നത്- കെ.കേളപ്പൻ
4802. സ്റ്റിബ്നൈറ്റ് ഏതിന്റെ അയിരാണ്- ആന്റിമണി
4803. വ്യാവസായിക വിപ്ലവത്തെ കളിയാക്കുന്ന ചാർളി ചാപ്ലിന്റെ സിനിമ- മോഡേൺ ടൈംസ്
4804. കിന്റർഗാർട്ടൻ ഏതു ഭാഷയിലെ പദമാണ്- ജർമൻ
4805. ജലത്തിൽ ഹൈഡ്രജന്റെയും ഓക്സിജന്റെയും അനുപാതം വ്യാപ്തത്തിന്റെ അടിസ്ഥാനത്തിൽ- 2:1
4806. കേളുചരൺ മഹാപാത്രയുമായി ബന്ധപ്പെട്ട കലാരൂപം- ഒഡീസ്സി
4807. ശുദ്ധരക്തക്കുഴലുകളിൽ മരുന്നു കുത്തിവച്ചശേഷം എടുക്കുന്ന എക്സ്റേ- ആൻജിയോഗ്രാം
4808. കൂട്ടുകൃഷി എന്ന നാടകം രചിച്ചത്- ഇടശ്ശേരി
4809. കൂറുമാറ്റ നിരോധന നിയമം അനുസരിച്ച് അയോഗ്യത കൽപിക്കപ്പെട്ട ആദ്യ കേരള നിയമസഭാംഗം- ആർ.ബാലകൃഷ്ണപിള്ള
4810. ജലത്തിന്റെ രാസനാമം- ഡൈഹൈഡ്രജൻ ഓക്സൈഡ്
4811. ഹാരപ്പൻ ജനതയുടെ പ്രധാന ആരാധനാമൂർത്തിയായിരുന്ന ആൺദൈവം- പശുപതി
4812. സംസ്ഥാനത്തിന്റെ നിർവാഹകാധികാരം നിക്ഷിപ്തമായിരിക്കുന്നത്- ഗവർണറിൽ
4813. കോൺഗ്രസ് സമ്മേളനം നടന്ന ആദ്യ ദക്ഷിണേന്ത്യൻ നഗരം- മദ്രാസ്
4814. ഫ്രാൻസിലെ ഏറ്റവും കൂടുതൽ സന്ദർശകരുള്ള സ്മാരകം- ഈഫൽ ഗോപുരം
4815. ഹാരപ്പയും മോഹൻജൊദാരോയും ഇപ്പോൾ ഏതു രാജ്യത്താണ്- പാകിസ്താൻ
4816. സംസ്ഥാനത്തിലെ പ്രഥമ നിയമ ഉദ്യോഗസ്ഥൻ- അഡ്വക്കേറ്റ് ജനറൽ
4817. സ്വന്തം ദൃഷ്ടിയിൽ ചെറിയവൻ ജനദൃഷ്ടിയിൽ വലിയവൻ ആയിരിക്കും എന്നു പറഞ്ഞത്- മുഹമ്മദ് നബി
4818. ഗോൾഡൻ ഗ്രാൻഡ്സ്ലാം നേടിയ ഏകവനിത- സ്റ്റെഫിഗ്രാഫ്
4819. സ്വർഗീയ ധാന്യം എന്നറിയപ്പെടുന്നത്- ഏലം
4820. ലോകത്തിൽ ഏറ്റവും ഉയരത്തിലുള്ള വാനനിരീക്ഷണകേന്ദ്രം ഏതു രാജ്യത്താണ്- ഇന്ത്യ
4821. ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയ്ക്കുള്ള അതിർത്തിരേഖ നിശ്ചയിച്ചത്- സർ ഹെൻറി മഹോൻ
4822. കേരളത്തിൽ ലോട്ടറി ആരംഭിച്ച ധനമന്ത്രി- പി.കെ.കുഞ്ഞ്
4823. ലോകത്തിൽ ഏറ്റവും വടക്കേയറ്റത്തുള്ള നഗരം- ഹാമർഫാസ്റ്റ് (നോർവേ)
4824. ഇന്ത്യയ്ക്ക് ആദ്യമായി ഒളിമ്പിക് ഹോക്കിയിൽ സ്വർണം ലഭിച്ച വർഷം-1928
4825. കോൺസ്റ്റാന്റിനോപ്പിളിന്റെ ഇപ്പോഴത്തെ പേര്- ഇസ്താൻബുൾ
4826. ഇന്ത്യയിൽ കാട്ടുകഴുതകൾ സംരക്ഷിക്കപ്പെടുന്ന കേന്ദ്രം- ധൻഗ്ര
4827. ഗോയിറ്ററിന്റെ മറ്റൊരുപേര്- ഗ്രേവ്സ് രോഗം
4828. സോളങ്കി വംശത്തിന്റെ സ്ഥാപകൻ- മൂൽരാജ്
4829. കോൺഗ്രസ് പ്രസിഡന്റായ ആദ്യ അഹിന്ദു- ദാദാഭായ് നവറോജി
4830. ചോളത്തിന്റെ ജന്മദേശം- മെക്സിക്കോ
4831. സീറോസിസ് ഏതവയവത്തെയാണ് ബാധിക്കുന്നത്- കരൾ
4832. ലോകത്തിലെ ആദ്യത്തെ ഫീച്ചർ ഫിലിം- ദ് ഗ്രേറ്റ് ട്രെയിൻ റോബറി
4833. ചേരരാജാക്കൻമാരുടെ ചിഹ്നം- വില്ല്
4834. ഇന്ത്യയുടെ പൂന്തോട്ട നഗരം എന്നറിയപ്പെടുന്നത്- ബാംഗ്ലൂർ
4835. ചേരിചേരാ പ്രസ്ഥാനത്തിന് അടിത്തറപാകിയ നേതാക്കൾ- നെഹ്റു, മാർഷൽ ടിറ്റോ, ഗമാൽ നാസർ
4836. ഇന്ത്യയുടെ എംബ്രോയിഡറി തലസ്ഥാനം എന്നറിയപ്പെടുന്നത് -സൂറത്ത്
4837. ഇന്ത്യൻ ദേശീയതയുടെ പിതാമഹൻ എന്നു വിശേഷിപ്പിക്കുന്നത് ആരെയാണ്- രാജ് നാരായൺ ബോസ്
4838. സോണിയാഗാന്ധിയുടെ യഥാർഥ പേര്- അന്റോണിയോ മൈനോ
4839. രാകേഷ് ശർമയുടെ ബഹിരാകാശയാത്ര നടത്തിയ വർഷം -1984

ചോദ്യങ്ങൾ പലത് ഉത്തരം 27

- മനുഷ്യന്റെ കൈപ്പത്തിയിലെ അസ്ഥികളുടെ എണ്ണം
- കൊബാൾട്ടിന്റെ അണുസംഖ്യ
- ഇന്ത്യൻ ജ്യോതിശാസ്ത്ര പ്രകാരം സോഡിയാക് പ്രതീകങ്ങളുടെ എണ്ണം
- ഇന്ത്യയിലെ എത്രാമത്തെ സംസ്ഥാനമാണ് ഉത്തരാഖണ്ഡ്
- ചന്ദ്രന് ഒരു പ്രാവശ്യം ഭൂമിയെ വലംവയ്ക്കാൻ ആവശ്യമായ സമയം
- നെൽസൺ മണ്ടേല എത്ര വർഷമാണ് തടവനുഭവിച്ചത്
- ക്രൈസ്തവരുടെ പുതിയ നിയമത്തിൽ എത്ര പുസ്തകങ്ങളാണുള്ളത്
- കേരളത്തിലെ 34 കായലുകളിൽ എത്രയെണ്ണം അഴിയോപൊഴിയോമൂലം കടലുമായി ബന്ധപ്പെട്ടിരിക്കുന്നു
- മുഹമ്മദ് നബി തന്റെ ജീവിതകാലത്ത് എത്ര യുദ്ധങ്ങളാണ് നയിച്ചത്
- ടെന്നീസ് കോർട്ടിന്റെ വീതി (സിംഗിൾസ്) എത്ര അടിയാണ്
- എത്ര ദിവസംകൊണ്ടാണ് സൂര്യൻ ഒരു കറക്കം പൂർത്തിയാക്കുന്നത് (27.27)

4840. ഗോതമ്പിന്റെയും കന്നുകാലികളുടെയും നാട് എന്നറിയപ്പെടുന്ന രാജ്യം- അർജന്റീന
4841. കോക്പിറ്റ് വോയ്സ് റെക്കോർഡറിന്റെ മറ്റൊരുപേര്- ബ്ലാക്ക് ബോക്സ്
4842. ഗീതയിലേക്കു മടങ്ങുക എന്നു പറഞ്ഞത്- സ്വാമി വിവേകാനന്ദൻ
4843. ഗിന്നസ്ബുക്കിൽ ഇടം നേടിയ മലയാളസിനിമാനടൻ- പ്രേംനസീർ
4844. സസ്യങ്ങളുടെ കോശഭിത്തി നിർമിച്ചിരിക്കുന്ന പദാർഥം- സെല്ലുലോസ്
4845. രണ്ടാം പഴശ്ശി കലാപം ഏത് വർഷത്തിൽ- എ.ഡി.1800-1805
4846. കേടുവന്നാൽ വീണ്ടും വളരാത്ത ശരീരകോശങ്ങൾ- നാഡീകോശങ്ങൾ
4847. ഇന്ത്യയിൽ ഭ്രംശതാഴ്‌വരയിൽകൂടി ഒഴുകുന്ന പ്രധാന നദികൾ - നർമദ, തപ്തി
4848. സമാധാനത്തിൻെറ മനുഷ്യൻ എന്നറിയപ്പെട്ടത്- ലാൽ ബഹാദൂർ ശാസ്ത്രി
4849. രാമേശ്വരം ദ്വീപിനെ ഇന്ത്യൻ ഉപദ്വീപുമായി വേർതിരിക്കുന്നത്- പാമ്പൻ ചാനൽ
4850. ഇന്ത്യയിലെ ആദ്യത്തെ ആർക്കിയോളജിക്കൽ പാർക്ക് സ്ഥാപിതമായ നഗരം- ഡൽഹി
4851. രാമോജി ഫിലിം സിറ്റി ഏത് നഗരത്തിലാണ്- ഹൈദരാബാദ്
4852. ഇലക്ഷൻ കമ്മിഷനുമായി ബന്ധപ്പെട്ട ഭരണഘടനാ അനുച്ഛേദം - ആർട്ടിക്കിൾ 324
4853. ഏറ്റവും കൂടുതൽ പ്രാവശ്യം കേരളം സന്ദർശിച്ച മധ്യകാല അറബി സഞ്ചാരി- ഇബ്ൻ ബത്തൂത്ത
4854. ഇലകൾക്കു പച്ചനിറം കൊടുക്കുന്നത്- ക്ലോറോഫിൽ
4855. രണ്ടാം ബർദോളിയെന്നറിയപ്പെട്ട സ്ഥലം- പയ്യന്നൂർ
4856. ഇലകളിൽ ആഹാരം ശേഖരിക്കുന്ന സസ്യം- കാബേജ്
4857. രണ്ടാം പാനിപ്പട്ടുയുദ്ധത്തിൽ(1556) മുഗൾ സൈന്യവുമായി ഏറ്റുമുട്ടിയ, മുഹമ്മദ് ആദിൽഷായുടെ പടത്തലവൻ- ഹെമു
4858. ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങളിൽ ഏറ്റവും ചെറുത് -ഭൂട്ടാൻ.
4859. ഇന്ദിരാഗാന്ധി കനാലിന്റെ പഴയ പേര്- രാജസ്ഥാൻ കനാൽ
4860. ഇന്ത്യയിലെ ആദ്യത്തെ ഇക്കോ ടൗൺ- പാനിപ്പട്ട്
4861. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തിന്റെ ഉത്തരഭാഗം അറിയപ്പെടുന്നത്- കൊങ്കൺ തീരം
4862. ഇന്ത്യയിലാദ്യമായി മെട്രോ സ്ഥാപിതമായ നഗരം- കൊൽക്കത്ത
4863. ഇന്ത്യയുമായി ഏറ്റവും കൂടുതൽ അന്താരാഷ്ട്ര അതിർത്തി പങ്കിടുന്ന രാജ്യം- ബംഗ്ലാദേശ്

4864. ഇന്ത്യയിലാദ്യമായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ച ബാങ്കാണ് കാനറ ബാങ്ക്. ഇതിന്റെ ആസ്ഥാനം എവിടെയാണ്-ബാംഗ്ലൂർ
4865. വാളൻ പുളിയിലടങ്ങിയിരിക്കുന്ന ആസിഡ്- ടാർടാറിക് ആസിഡ്
4866. ഇന്ത്യയിൽ ആദ്യമായി ഐ.എസ്.ഡി.സംവിധാനം നിലവിൽ വന്നത്- മുംബൈ
4867. വയനാട്ടിലെ എടയ്ക്കൽ ഗുഹകളെക്കുറിച്ച് ആദ്യമായി ആധികാരിക പഠനം നടത്തിയത്- ഫാസെറ്റ് (1901)
4868. കോൺഗ്രസിന്റെ 125മത്തെ വാർഷികത്തിൽ അധ്യക്ഷ പദവി വഹിച്ചത്-സോണിയാ ഗാന്ധി
4869. ഇന്ത്യയിൽ ആദ്യമായി സെക്കുലർ സ്റ്റേറ്റ് സ്ഥാപിച്ച ഭരണാധികാരി- അക്ബർ
4870. ഏറ്റവും തണുപ്പുകൂടിയ വൻകര-അന്റാർട്ടിക്ക
4871. ആസൂത്രണ കമ്മിഷൻ നിലവിൽ വന്ന വർഷം- 1950
4872. ഏതു നദിയുടെ അവസാനഭാഗമാണ് കീർത്തിനാശിനിയെന്നറിയപ്പെടുന്നത്- ഗംഗ-ബ്രഹ്മപുത്ര നദികൾ സംയോജിച്ചുണ്ടാകുന്ന മേഘ്നയുടെ
4873. വാഴപ്പള്ളി ശാസനം പുറപ്പെടുവിച്ച ഭരണാധികാരി- രാജശേഖര വർമ്മ
4874. ഇന്ത്യയിലെ ആദ്യത്തെ സാമ്രാജ്യം സ്ഥാപിച്ച വംശം- മൗര്യൻമാർ
4875. ഏതു നദിയുടെ പോഷക നദിയാണ് തൂത്തപ്പുഴ- ഭാരതപ്പുഴ
4876. വാനവരമ്പൻ എന്നു വിളിക്കപ്പെട്ടിരുന്ന ചേരരാജാവ്- ഉതിയൻ ചേരൻ
4877. ഓച്ചിറ പരബ്രഹ്മക്ഷേത്രത്തിലെ പ്രധാന ഉത്സവം- ഓച്ചിറക്കളിയും പന്ത്രണ്ടുവിളക്കും
4878. ഇന്ത്യയിലെ ആദ്യത്തെ സൈബർ പൊലീസ് സ്റ്റേഷൻ എവിടെ സ്ഥാപിതമായി- ബാംഗ്ലൂർ
4879. ഏതു നദിയുടെ പോഷകനദിയാണ് മുതിരപ്പുഴ- പെരിയാർ
4880. സൺഫ്ളവർ എന്ന ചിത്രം വരച്ചത്- വാൻഗോഗ്
4881. ഇന്ത്യയിൽ ക്യാബിനറ്റ് മന്ത്രിയായ ആദ്യ സിക്കുകാരൻ- സർദാർ ബൽദേവ് സിങ്
4882. ഏതു നദിയുടെ പോഷകനദിയാണ് തുംഗഭദ്ര- കൃഷ്ണ
4883. ഇന്ത്യയിൽ ക്യാബിനറ്റ് മീറ്റിങിൽ അധ്യക്ഷത വഹിക്കുന്നത്- പ്രധാനമന്ത്രി
4884. ഏത് ഗ്രഹത്തിലാണ് ഗ്രേറ്റ് റെഡ് സ്പോട്ട് കാണപ്പെടുന്നത്- വ്യാഴം
4885. ആറന്മുള വള്ളം കളി ഏത് നദിയിലാണ് നടക്കുന്നത്- പമ്പാനദി
4886. ഗൺമെറ്റൽ എന്ന ലോഹസങ്കരത്തിലെ ഘടകങ്ങൾ- ചെമ്പ്, വെളുത്തീയം, നാകം
4887. ഏതു സംസ്ഥാനത്തെയാണ് ജനങ്ങൾ വനാഞ്ചൽ എന്നും വിളിക്കുന്നത്- ജാർഖണ്ഡ്
4888. കൃത്രിമജീൻ നിർമിച്ച ഇന്ത്യൻവംശജനായ ശാസ്ത്രജ്ഞൻ- ഹർഗോവിന്ദ് ഖുരാന
4889. കൃഷ്ണനാട്ടത്തിനു രൂപം നൽകിയ സാമൂതിരി രാജാവ്- മാനവേദൻ

ഉസ്താദ് ബിസ്മില്ലാഖാൻ പ്രസിദ്ധി നേടിയ സംഗീതോപകരണം- ഷെഹനായി

CONFUSING FACTS

- ഏറ്റവും വേഗം കുറഞ്ഞ സസ്തനം സ്ലോത്ത് ആണ്. ഏറ്റവും മടിയനായ സസ്തനം കൊവാല ആണ്.
- ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന ഇംഗ്ളീഷ് വാക്ക് 'The' ആണ്. ഏറ്റവും കൂടുതൽ definitions ഉള്ള ഇംഗ്ലീഷ് വാക്ക് 'Set' ആണ്. ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഇംഗ്ളീഷ് അക്ഷരമാണ് 'e'.
- കണ്ണൂരിലെ സെന്റ് ആഞ്ജലോ കോട്ട നിർമിച്ചത് പോർച്ചുഗീസുകാരാണ് (1505). തലശ്ശേരിക്കോട്ട നിർമിച്ചത് ബ്രിട്ടീഷുകാരാണ് (1708).
- ഛത്രപതി ശിവജിയുടെ(1627-1680) മന്ത്രിസഭയായിരുന്നു അഷ്ടപ്രധാൻ. അഷ്ടദിഗ്ഗജങ്ങൾ അലങ്കരിച്ചിരുന്നത് കൃഷ്ണദേവരായരുടെ സദസ്സിനെയാണ്.

4890. വിപ്ലവചിന്തകൾ പുലർത്തിയതിന് 1831-ൽ ഹിന്ദു കോളേജിൽ നിന്നു പുറത്താക്കപ്പെട്ട ആംഗ്ലോ ഇന്ത്യൻ കവി- ഹെൻറി ഡെറോസിയോ
4891. വസ്തുക്കളുടെ കാഠിന്യം അളക്കാനുപയോഗിക്കുന്ന യൂണിറ്റ്- മോഹ്സ് സ്കെയിൽ
4892. ഏതു സംസ്ഥാനം വിഭജിച്ചാണ് ഛത്തീസ്ഗഢ് രൂപവൽക്കരിച്ചത് - മധ്യപ്രദേശ്
4893. വസ്തുകരം അടയ്ക്കേണ്ടത് എവിടെ- വില്ലേജാഫീസിൽ
4894. ഓപ്പറേഷൻ ബ്ളൂസ്റ്റാർ നടന്ന വർഷം- 1984
4895. ഏതു സംസ്ഥാനത്തെ നൃത്തരൂപമാണ് കോലാട്ടം- തമിഴ്നാട്
4896. ഏതു ചിത്രത്തിലെ അഭിനയത്തിനാണ് ബെൻ കിങ്സ്ലിക്ക് ഓസ്കർ അവാർഡ് ലഭിച്ചത്- ഗാന്ധി
4897. ഏതു പ്രദേശത്തിന്റെ ചരിത്രത്തെക്കുറിച്ചാണ് രാജതരംഗിണി പ്രതിപാദിക്കുന്നത്- കശ്മീർ
4898. ഏത് പഞ്ചായത്തിലാണ് ആനമുടി- മൂന്നാർ
4899. ഏതു ഗ്രന്ഥത്തിൽനിന്നുള്ള വരികളാണ് കുത്തബ്മിനാറിന്റെ ഭിത്തിയിൽ കാണുന്നത്- ഖുറാൻ
4900. ആര്യാവർത്തമെന്ന് അറിയപ്പെട്ടിരുന്ന പ്രദേശം- ഉത്തർപ്രദേശ്
4901. ഏറ്റവും തിരക്കേറിയ സമുദ്രം-അത്‌ലാന്റിക് സമുദ്രം
4902. ഏതു സംസ്ഥാനം വിഭജിച്ചാണ് ജാർഖണ്ഡ് രൂപവൽക്കരിച്ചത്- ബീഹാർ
4903. ഏറ്റവും കൂടുതൽ പ്രാവശ്യം സിനിമയാക്കിയ ഇന്ത്യൻ നോവൽ - ദേവദാസ്
4904. ഏത് ബാഹ്മിനിരാജാവിന്റെ കാലത്തെപ്പറ്റിയാണ് റഷ്യൻ വ്യാപാരിയായ അതനേഷ്യസ് നിക്തിൻ വിവരിക്കുന്നത്- മുഹമ്മദ് മൂന്നാമൻ
4905. രക്തരഹിത വിപ്ലവം നടന്ന രാജ്യം- ഇംഗ്ലണ്ട്
4906. ഏതു നദിയുടെ തീരത്താണ് പാറ്റ്ന- ഗംഗ
4907. ഐക്യരാഷ്ട്രസംഘടനയുടെ യൂറോപ്യൻ ആസ്ഥാനമായ പാലസ് ഓഫ് നേഷൻസ് ഏതു രാജ്യത്താണ് - സ്വിറ്റ്സർലന്റ്
4908. ഇന്ത്യയിലാദ്യമായി പൈലറ്റ് ലൈസൻസ് നേടിയ വ്യക്തി- ജെ.ആർ.ഡി.ടാറ്റ
4909. ലോകത്തിന്റെ ഫാഷൻസിറ്റി എന്നറിയപ്പെടുന്നത്.- പാരീസ്
4910. രാമനാട്ടം എന്ന പ്രാചീന കലാരൂപത്തിന്റെ ഈറ്റില്ലം- കൊട്ടാരക്കര
4911. രാജർഷിഎന്നറിയപ്പെട്ടിരുന്ന ഭാരതരത്നം ജേതാവ്- പുരുഷോത്തം ദാസ് ഠണ്ടൻ
4912. ഇന്ത്യയിലെ ആദ്യ ബജറ്റ് അവതരണം നടത്തിയ വ്യക്തി- സർ ജെയിംസ് വിൽസൺ (1860)
4913. മധ്യപ്രദേശിൽ കുംഭമേള നടക്കുന്ന സ്ഥലം- ഉജ്ജയിനി
4914. ഉദയംപേരൂർ സുന്നഹദോസ് ഏത് വർഷത്തിൽ- എ.ഡി.1599
4915. ഇന്ത്യയിലാദ്യമായി ടെലിഫോൺ നിലവിൽവന്ന നഗരം- കൊൽക്കത്ത
4916. ഇന്ത്യയിലാദ്യമായി കോട്ടൺ മിൽ- കൊൽക്കത്ത (1818)
4917. ലണ്ടനിൽ ഇന്ത്യാ ഹൗസ് സ്ഥാപിച്ചത്- ശ്യാംജി കൃഷ്ണവർമ
4918. ഇറ്റലിയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന രാജ്യം - വത്തിക്കാൻ
4919. ഇന്ത്യയിലാദ്യമായി ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച പ്രസിഡന്റ്- ഡോ. രാധാകൃഷ്ണൻ
4920. ഇന്ത്യൻ പാർലമെന്റിന്റെ ആദ്യത്തെ സംയുക്ത സമ്മേളനം- 1961

4921. ലണ്ടനിൽവച്ചുകണ്ട ഏത് ഇന്ത്യക്കാരന്റെ ശിഷ്യത്വമാണ് മാർഗരറ്റ് നോബൽ സ്വീകരിച്ചത്- വിവേകാനന്ദൻ
4922. ഇന്ത്യയിലാദ്യമായി ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടത്- 1962
4923. അത്യധികം താഴ്ന്ന ഊഷ്മാവിനെക്കുറിച്ചുള്ള പഠനം- ക്രയോജനിക്സ്
4924. ഇന്ത്യയിലാദ്യമായി ഡി.പി.ഇ.പി. ആരംഭിച്ച സംസ്ഥാനം- ഉത്തർപ്രദേശ്
4925. ഉപരാഷ്ട്രപതിയായശേഷം രാഷ്ട്രപതിയായ ആദ്യ വ്യക്തി- ഡോ. എസ്. രാധാകൃഷ്ണൻ
4926. മ്യൂറൽ പഗോഡ എന്നു വിശേഷിപ്പിക്കപ്പെടുന്ന കൊട്ടാരം- പദ്മനാഭപുരം
4927. ഏറ്റവും സാന്ദ്രത കുറഞ്ഞ ലോഹം- ലിഥിയം
4928. ഇന്ത്യയിലെ ആദ്യ വനിതാപ്രധാനമന്ത്രി - ഇന്ദിരാഗാന്ധി
4929. ഇന്ത്യയിലെ ആദ്യ കമ്പ്യൂട്ടർ സാക്ഷരതാ ഗ്രാമം- തൃശ്ശൂർ വേലൂരിലെ തയ്യൂർ ഗ്രാമം
4930. റഷ്യൻ വിപ്ലവകാലത്തെ സാർ ചക്രവർത്തി- നിക്കോളാസ് രണ്ടാമൻ
4931. ഇന്ത്യയിലെ ചുവന്ന നദി എന്നറിയപ്പെടുന്നത്- ബ്രഹ്മപുത്ര
4932. എല്ലാ നിറങ്ങളെയും ആഗിരണം ചെയ്യുന്ന പ്രതലം ഏതു നിറത്തിൽ കാണപ്പെടുന്നു- കറുപ്പ്
4933. ധാതുസമ്പത്തിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനത്തുള്ള സംസ്ഥാനം- ജാർഖണ്ഡ്
4934. ഇന്ത്യയിലാദ്യമായി ഐഎസ് ഡി സംവിധാനം നിലവിൽ വന്ന നഗരം-മുംബൈ
4935. ഈസ്റ്റർ ദ്വീപ് ഏതു രാജ്യത്തിന്റേതാണ്- ചിലി
4936. റാണാപ്രതാപിന്റെ കുതിര- ചേതക്
4937. എല്ലാ രാഗങ്ങളും വായിക്കാൻ കഴിയുന്ന ഇന്ത്യൻ സംഗീതോപകരണം- സാരംഗി
4938. ഇന്ത്യയുടെ ചായത്തോട്ടം എന്നറിയപ്പെടുന്നത്- അസം
4939. ഏറ്റവും സാന്ദ്രത കൂടിയ ലോഹം- ഓസ്മിയം
4940. മുംബൈയിൽ ആദ്യ കോട്ടൺമിൽസ്ഥാപിതമായ വർഷം- 1854
4941. എൽ.ബി.ഡബ്ല്യു ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു- ക്രിക്കറ്റ്
4942. എ.പി.ജെ.അബ്ദുൾ കലാമിനെതിരെ പ്രസിഡന്റു തിരഞ്ഞെടുപ്പിൽ മൽസരിച്ചത്- ക്യാപ്റ്റൻ ലക്ഷ്മി
4943. അക്ബർ ചക്രവർത്തി ജനിച്ച സ്ഥലം- അമർകോട്ട്
4944. ഇന്ത്യയിലെ ആദ്യ വനിതാ മുഖ്യമന്ത്രി- സുചേത കൃപലാനി
4945. മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകം- പാട്ടബാക്കി
4946. 'പ്രകാശത്തിൻെറ നഗരം' എന്നറിയപ്പെടുന്ന രാജ്യം- ഫ്രാൻസ്
4947. 'ഫ്രഞ്ച് വിപ്ലവത്തിന്റെ ശിശു', 'വിധിയുടെ മനുഷ്യൻ' എന്നീ അപരനാമങ്ങളിൽ അറിയപ്പെട്ടത്- നെപ്പോളിയൻ
4948. ധനുർവേദം എന്തിനെക്കുറിച്ച് പ്രതിപാദിക്കുന്നു- ആയോധന വിദ്യ
4949. ധർമരാജാവ് അന്തരിച്ചത് ഏത് വർഷത്തിൽ- എ.ഡി.1798
4950. മരണാനന്തര ബഹുമതിയായി ഭാരതരത്ന ലഭിച്ച ആദ്യവ്യക്തി- ലാൽ ബഹാദൂർശാസ്ത്രി
4951. മഹാഭാരതത്തിന്റെ പഴയപേര്- ജയസംഹിത
4952. മഹാഭാഷ്യം രചിച്ചത്- പതഞ്ജലി
4953. ഉയർന്ന താപനിലയെ പ്രതിരോധിക്കാൻ ശേഷിയുള്ള ഗ്ലാസ്- പൈറോഗ്ലാസ്
4954. രജനീകാന്തിന്റെ യഥാർഥ പേര് - ശിവാജിറാവു ഗെയ്ക്വാദ്
4955. ഭൂദാനപ്രസ്ഥാനം ആരംഭിച്ച സ്ഥലം- പോച്ചമ്പള്ളി
4956. ധവളപ്രകാശത്തെ ഘടകവർണങ്ങളാക്കി വേർതിരിക്കാൻ ഉപയോഗിക്കുന്നത്- പ്രിസം
4957. ധാതുക്കളുടെ രാജാവ് എന്നറിയപ്പെടുന്നത്- സ്വർണം
4958. ഭട്നഗർ അവാർഡ് ഏതു മേഖലയിൽ നൽകുന്നു- ശാസ്ത്രം
4959. ഭൗമാന്തരീക്ഷത്തിൽ ഏറ്റവും അപൂർവമായുള്ള വാതകം- റാഡോൺ
4960. ഭൗമോപരിതലത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം- ഓക്സിജൻ
4961. രജത വിപ്ലവം എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു- മുട്ട ഉൽപാദനം
4962. രണ്ടുതവണ നൊബേൽ സമ്മാനം നേടിയ വനിത- മേരി ക്യൂറി
4963. അമേരിക്ക നാഗസാക്കിയിലിട്ട ബോംബ്- ഫാറ്റ് മാൻ

ചോദ്യങ്ങൾ പലത് ഉത്തരം 28

- കേരളത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരത്തിൽവന്ന മന്ത്രിസഭ എത്ര മാസമാണ് ഭരിച്ചത്
- നിക്കലിന്റെ അണുസംഖ്യ
- ഇന്ത്യയിലെ എത്രാമത്തെ സംസ്ഥാനമാണ് ജാർഖണ്ഡ്
- ബാസ്കറ്റ്ബോൾ കോർട്ടിന്റെ നീളം എത്ര മീറ്ററാണ്
- ഒരു ഔൺസ് എത്ര ഗ്രാം (28.35)
- ക്രിക്കറ്റ് സ്റ്റമ്പിന്റെ നീളം എത്ര ഇഞ്ചാണ്
- അറബിഭാഷയിലെ അക്ഷരങ്ങൾ എത്ര
- സൂര്യനിൽ എത്ര ശതമാനമാണ് ഹീലിയം
- ഭൗമോപരിതലത്തിൽ ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ മൂലകമായ സിലിക്കൺ എത്ര ശതമാനമാണ് (27.7)
- യൂറോപ്യൻ യൂണിയനിലെ എത്രാമത്തെ അംഗമാണ് ക്രൊയേഷ്യ
- ഡബിൾസും സിംഗിൾസും ഉൾപ്പെടെ ഏറ്റവും കൂടുതൽ ഗ്രാൻഡ് സ്ലാം കിരീടങ്ങൾ കരസ്ഥമാക്കിയ പുരുഷതാരം എന്ന റെക്കോർഡിനുടമയായ റോയ് എമേഴ്സൺ എത്ര ഗ്രാൻഡ് സ്ലാം കിരീടങ്ങൾ നേടിയിട്ടുണ്ട്
- ഒരു അമാവാസി കഴിഞ്ഞ് അടുത്ത അമാവാസി ആകുവാൻ എത്ര ദിവസം വേണം
- ഒരു മിനിട്ടിൽ എത്ര കിലോമീറ്റർ വേഗത്തിലാണ് ഭ്രമണം ചെയ്യുന്നത്
- ഭൂഗോളത്തിന്റെ എത്ര ശതമാനമാണ് ഓക്സിജൻ

4964. മാക്ബത്ത് എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര്- ഷേക്സ്പിയർ
4965. ഡ്രൂക്-യുൽ എന്ന് തദ്ദേശീയർ വിശേഷിപ്പിക്കുന്ന രാജ്യം- ഭൂട്ടാൻ
4966. ബ്രഹ്മപുത്രയുടെ ദാനം എന്നറിയപ്പെടുന്ന സംസ്ഥാനം- അസം
4967. ത്രിപിടകങ്ങൾ ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു- ബുദ്ധമതം
4968. പ്രാചീനകാലത്ത് കാമരൂപം എന്നറിയപ്പെട്ടിരുന്ന സംസ്ഥാനം- അസം
4969. ക്രാങ്ങന്നൂർ, മുസിരിസ്, മഹോദയപുരം എന്നീ പേരുകളിലറിയപ്പെട്ട സ്ഥലം- കൊടുങ്ങല്ലൂർ
4970. ശ്രീമൂലം പ്രജാസഭയിലേക്ക് നോമിനേറ്റു ചെയ്യപ്പെട്ട ആദ്യത്തെ അധഃസ്ഥിത വിഭാഗക്കാരൻ- അയ്യൻകാളി
4971. ഗ്രഹപട്ടികയിൽനിന്നും ശാസ്ത്രലോകം പുറന്തള്ളിയ ഗ്രഹം- പ്ലൂട്ടോ
4972. ഗ്രാമ്പൂവിന് ഗുണം നൽകുന്ന രാസവസ്തു- യൂജിനോൾ
4973. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുമ്പോൾ ഹൗസ് ഓഫ് കോമൺസിലെ പ്രതിപക്ഷ നേതാവ്-സർ വിൻസ്റ്റൺ ചർച്ചിൽ
4974. രാജിവച്ച ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി- മൊറാർജി ദേശായി
4975. കേരളത്തിൽ തുലാവർഷം അനുഭവപ്പെടുന്നതെപ്പോൾ ഒക്ടോബർ-നവംബർ
4976. ലോകത്തിൽ ഏറ്റവും കൂടുതൽ രാജ്യങ്ങളിലൂടെ ഒഴുകുന്ന നദി -ഡാന്യൂബ്
4977. ലോകത്തിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഗോപുരം- ഈഫൽ
4978. ഗ്രീൻലൻഡ് ഏതു രാജ്യത്തിന്റെ നിയന്ത്രണത്തിലാണ്- ഡെന്മാർക്ക്
4979. എവിടെ മനസ്സ് ഭയരഹിതമാകുന്നുവോ അവിടെ ശിരസ്സ് ഉന്നതമാകും എന്നു പറഞ്ഞത്- രബീന്ദ്രനാഥ് ടാഗൂർ
4980. എവിടെ വച്ചാണ് ഡോ.അംബേദ്കർ അനുയായികളോടൊപ്പം ബുദ്ധമതം സ്വീകരിച്ചത്- നാഗ്പൂർ
4981. ഗ്രീൻവിച്ച് സമയത്തെക്കാൾ എത്ര മണിക്കൂർ മുന്നിലാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം- അഞ്ചര
4982. മനുഷ്യനിൽ ബീജസംയോഗം നടക്കുന്നതെവിടെവച്ച്- ഫലോപ്പിയൻ ട്യൂബ്
4983. ഏറ്റവും വലിയ മുട്ടയിടുന്ന പക്ഷി- ഒട്ടകപ്പക്ഷി

4984. മനുഷ്യകോശത്തിൽ എത്ര ലിംഗ ക്രോമസോമുകളുണ്ട്- ഒരു ജോടി
4985. മനുഷ്യശരീരത്തിലെ അസ്ഥികൾ- 206
4986. അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റ് ചരിത്രത്തിൽ ഒരോവറിലെ ആറുപന്തും സിക്സറിനു പറത്തിയ ആദ്യ താരം- ഹെർഷൽ ഗിബ്സ്
4987. അമിതാഭ് ബച്ചൻ ആദ്യമായി അഭിനയിച്ച സാദ് ഹിന്ദുസ്ഥാനി എന്ന ചിത്രത്തിന്റെ പ്രമേയം- ഗോവൻ വിപ്ലവം
4988. അരിമ്പാറ ഉണ്ടാകുന്നതിനു കാരണം- വൈറസ്
4989. യുദ്ധം അരുത് എന്ന് പേരിനർമുള്ള ഇന്ത്യൻ നഗരം- അയോധ്യ
4990. കോഴിക്കോട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രം- തുഷാരഗിരി
4991. ഇന്ത്യയിൽ പോസ്റ്റൽ സംവിധാനം നടപ്പാക്കിയ ഗവർണർ ജനറൽ- ഡൽഹൗസി
4992. കോൺഗ്രസിലെ മിതവാദി വിഭാഗത്തിന്റെ നേതാവ്- -ഗോപാല കൃഷ്ണ ഗോഖലെ
4993. യുറാനസ് ഗ്രഹത്തെ കണ്ടുപിടിച്ചത്- തിയോഡർ ഹെർഷൽ
4994. ഇന്ത്യൻ പാർലമെന്റിന്റെ അധോസഭ എന്നറിയപ്പെടുന്നത്- ലോക്സഭ
4995. ഇന്ത്യൻ പാർലമെന്റിന്റെ ഉപരിസഭ എന്നറിയപ്പെടുന്നത്- രാജ്യസഭ
4996. മലബാർ കലാപത്തിനുശേഷം ലഹളക്കാർ ഭരണാധികാരിയായി വാഴിച്ചത്- ആലി മുസലിയാർ
4997. മലയാളമനോരമ പത്രം പ്രസിദ്ധീകരണമാരംഭിച്ചത് ഏത് വർഷത്തിൽ- എ.ഡി.1890
4998. അലക്സാണ്ടറുടെ കുതിരയുടെ പേര്- ബ്യൂസിഫാലസ്
4999. കശ്മീർ കരാറിൽ ഒപ്പുവെച്ച രാജാവ്- ഹരിസിങ്
5000. കരയിലെ മൃഗങ്ങളിൽ വലുപ്പത്തിൽ രണ്ടാം സ്ഥാനം- ഹിപ്പോപൊട്ടാമസ്
5001. കേരളത്തിലെ ആദ്യത്തെ അന്താരാഷ്ട്ര വിമാനത്താവളം-തിരുവനന്തപുരം
5002. ഏത് ഗ്രഹത്തിന്റെ ഉപഗ്രഹങ്ങൾക്കാണ് ഷേക്സ്പിയറുടെ കഥാപാത്രങ്ങളുടെ പേര് നൽകിയിരിക്കുന്നത് - - യുറാനസ്
5003. വിക്ടർ യൂഗോയുടെ പാവങ്ങൾ മലയാളത്തിലേക്ക് തർജമ ചെയ്തത്- നാലപ്പാട്ടു നാരായണ മേനോൻ
5004. കേരളത്തിലെ ജില്ലകളിൽ ഏറ്റവും കൂടുതൽ നദികളൊഴുകുന്നത്- കാസർകോട്
5005. ഏത് ഗ്രഹത്തിലാണ് ഗ്രേറ്റ് ഡാർക്ക് സ്പോട്ട് കാണപ്പെടുന്നത്- നെപ്റ്റ്യൂൺ
5006. ദൈവഭൂമിയുടെ സംരക്ഷകൻ എന്നു വർണിക്കപ്പെട്ട ഡൽഹി സുൽത്താൻ- ഇൽത്തുമിഷ്
5007. മാർപ്പാപ്പമാർ ഏതു പട്ടണത്തിലെ ബിഷപ്പുകൂടിയാണ്- റോം
5008. ഏത് അനുച്ഛേദം പ്രകാരമാണ് രാഷ്ട്രപതി രാജ്യസഭയിലേക്ക് 12 പേരെ നാമനിർദ്ദേശം ചെയ്യുന്നത്- 80
5009. ദൈവത്തിന്റെ പൂന്തോട്ടം എന്ന് പേരിനർഥമുള്ള നഗരം- ബാഗ്ദാദ്
5010. ശങ്കേഴ്സ് വീക്ക്ലിയുടെ മുദ്ര എന്തായിരുന്നു- കഴുതപ്പുറത്ത് ചെണ്ടക്കാരൻ
5011. ഏത് ഗ്രഹത്തിന്റെ ഉപഗ്രഹമാണ് ടൈറ്റാനിയ-യുറാനസ്
5012. കേരളസന്ദർശനത്തിനിടെ ഗാന്ധിജി പുലയരാജ എന്നു വിശേഷിപ്പിച്ചത്- അയ്യൻകാളി
5013. കന്യകാറാണി യെന്ന പേരിൽ ലോകചരിത്രത്തിൽ പ്രസിദ്ധയായത്- ഒന്നാം എലിസബത്ത് റാണി
5014. പ്രാചീന ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമായ കലിബംഗൻ ഏതു നദിയുടെ തീരത്താണ്- ഘക്ഷർ
5015. ഏത് മുഗൾ ചക്രവർത്തിയാണ് സാംബാജിയെ വധിച്ചത്- ഔറംഗസീബ്
5016. അൽബുക്കർക്കിന് ഭട്ക്കൽ എന്ന സ്ഥലത്ത് കോട്ട നിർമിക്കാൻ അനുമതി നൽകിയ വിജയനഗര ഭരണാധികാരി- കൃഷ്ണദേവരായർ
5017. അൾട്രാ സൗണ്ട് സ്കാനിങ് കണ്ടുപിടിച്ചത്- ഐ. ഡൊണാൾഡ്
5018. ദൈവത്തിന്റെ പ്രതിപുരുഷൻ എന്ന സ്ഥാനപ്പേരു സ്വീകരിച്ച, അടിമവംശത്തിലെ സുൽത്താൻ- ബാൽബൻ
5019. ഏത് മുഗൾ ചക്രവർത്തിയുടെ കാലത്താണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി ലണ്ടനിൽ (എ.ഡി.1600) സ്ഥാപിതമായത്- അക്ബർ

CONFUSING FACTS

- ലോകത്തിലെ ബൈസിക്കിൾ നഗരം ചൈനയിലെ ബെയ്ജിങും ഇന്ത്യയിലേത് പഞ്ചാബിലെ ലുധിയാനയുമാണ്.
- മഞ്ഞു തിന്നുന്നവൻ എന്ന അപരനാമമുള്ള പ്രാദേശിക വാതമാണ് ചിനൂക്. ഡോക്ടർ എന്ന അപരനാമമുള്ള പ്രാദേശിക വാതം ഹർമറ്റൻ.
- ഗുരുജി എന്നറിയപ്പെട്ടത് മാധവ സദാശിവ ഗോൾവൽക്കറും ഗുരുദേവ് എന്നറിയപ്പെട്ടത് രവീന്ദ്രനാഥ ടാഗോറും ആയിരുന്നു.
- ബി.സി. നാലിൽ അഗസ്തസ് സീസർ ചക്രവർത്തിയായിരുന്ന കാലത്താണ് ക്രിസ്തുവിന്റെ ജനനമെന്ന് കരുതപ്പെടുന്നു. എ.ഡി. 29-ൽ ടൈബീരിയസ് ചക്രവർത്തിയുടെ കാലത്താണ് ക്രിസ്തുവിനെ കുരിശിലേറ്റിയത്.
- തമിഴ്നാടാണ് ഇന്ത്യയുടെ തെക്കെയറ്റത്തെ സംസ്ഥാനമെങ്കിലും തെക്കേയറ്റത്തെ സംസ്ഥാന തലസ്ഥാനം തിരുവനന്തപുരമാണ്.
- ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാനംമാ ന വ് അധികാർ ഭവനിലാണ്. കേന്ദ്ര ഇൻഫർമേഷൻ കമ്മീഷന്റെ ആസ്ഥാനം ആഗസ്ത് ക്രാന്തി ഭവനിലുമാണ്.

5020. ഇന്ത്യയിൽ അച്ചടിച്ച ആദ്യത്തെ മലയാള ഗ്രന്ഥം- നാലു സുവിശേഷങ്ങൾ
5021. ശിവജിയുടെ ആത്മീയ ഗുരു- രാംദാസ്
5022. ഏത് മഗധരാജാവിന്റെ കാലത്താണ് ശ്രീബുദ്ധൻ അന്തരിച്ചത്- അജാതശത്രു
5023. ഇന്ത്യയിൽ സിനിമാ പരസ്യം പ്രസിദ്ധീകരിച്ച ആദ്യ പത്രം- ടൈംസ് ഓഫ് ഇന്ത്യ
5024. ഏത് മുഗൾ രാജകുമാരനാണ് ഭഗവത്ഗീത പേർഷ്യനിലേക്ക് തർജമ ചെയ്തത് - ദാരാഷുക്കോ
5025. കാക്കനാടന്റെ യഥാർഥപേര്- ജോർജ് വർഗീസ്
5026. ഏത് മുഗൾ ചക്രവർത്തിയുടെ കാലത്താണ് മുഗൾ ശിൽപകല അതിൻെറ പാരമ്യതയിലെത്തിയത്-ഷാജഹാൻ
5027. കാച്ചിക്കുറുക്കിയെടുത്ത കവിത എന്നു വിളിക്കുന്നത് ആരുടെ രചനയെയാണ്- വൈലോപ്പിള്ളി
5028. കാത്തലിക് എന്ന പദം ഏതു ഭാഷയിൽനിന്നാണ് നിഷ്പന്നമായത്- ഗ്രീക്ക്
5029. ശിവജിയുടെ മന്ത്രിസഭ- അഷ്ടപ്രധാൻ
5030. പ്രാചീനകാലത്ത്ദക്ഷിണകോസലം എന്നറിയപ്പെട്ടിരുന്ന സംസ്ഥാനം- ചത്തീസ്ഗഢ്
5031. ഏറ്റവും വലിപ്പമുള്ള മുട്ടയിടുന്ന പക്ഷി -ഒട്ടകപ്പക്ഷി
5032. ശാന്ത സമുദ്രത്തെയും അത്ലാന്റിക് സമുദ്രത്തെയും ബന്ധിപ്പിക്കുന്ന കനാൽ- പനാമ കനാൽ
5033. കെൽവിൻ സ്കെയിലിൽ മനുഷ്യശരീരത്തിന്റെ സാധാരണ ഊഷ്മാവ് എത്രയാണ്- 310
5034. ഏത് ആക്ട് പ്രകാരമാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിലവിൽ വന്നത്- 1934 ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്ട്
5035. എൻ.സി.എൻ.എ. ഏത് രാജ്യത്തിന്റെ ന്യൂസ് ഏജൻസിയാണ്- ചൈന
5036. ഏതു മലമുകളിലാണ് കൊഡൈക്കനാൽ- പഴനിമല
5037. എൻ.ഡി.എ. സർക്കാരിന്റെയും കോൺഗ്രസിന്റെയും പിന്തുണയോടെ പ്രസിഡന്റായ വ്യക്തി-എ.പി.ജെ. അബ്ദുൾ കലാം
5038. ഏറ്റവും വലിയ നാഷണൽ പാർക്ക്- വുഡ് ബുഫലോ നാഷണൽ പാർക്ക്
5039. ഇന്ത്യയിലെ ഏറ്റവും ഉന്നതമായ അപ്പീൽക്കോടതി- സുപ്രീം കോടതി
5040. ഏറ്റവും ലവണാംശം കൂടിയ കടൽ- ചാവുകടൽ
5041. സ്റ്റെന്റ് ചികിൽസ ഏതവയവവുമായി ബന്ധപ്പെട്ടിരിക്കുന്നു- ഹൃദയം
5042. ഏറ്റവും കുറച്ചുകാലം അമേരിക്കൻ പ്രസിഡണ്ടായിരുന്നത്- വില്യം ഹെൻറി ഹാരിസൺ

5043. അലക്സാണ്ടറും പോറസും ഏറ്റുമുട്ടിയ യുദ്ധം- ഹൈഡാസ്പസ് യുദ്ധം
5044. ഏതു നദിയുടെ തീരത്താണ് ശ്രീനാരായണ ഗുരു അരുവിപ്പുറം ശിവപ്രതിഷ്ഠ നടത്തിയത്- നെയ്യാർ
5045. ഏതു മാസത്തിലാണ് ഐക്യരാഷ്ട്ര പൊതുസഭ സാധാരണമായി സമ്മേളിക്കുന്നത്- സെപ്തംബർ

തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി വനിത- സിസ്റ്റർ അൽഫോൻസാമ്മ

5046. അമേരിക്കൻ പ്രസിഡണ്ടിൻെറ കാലാവധി- നാലുവർഷം
5047. ആധുനിക ബാബിലോൺ എന്നറിയപ്പെടുന്നത്- ലണ്ടൻ
5048. ഏതു മുഗൾ ചക്രവർത്തിയാണ് ശിവജിയെ തടവുകാരനാക്കിയത്- ഔറംഗസീബ്
5049. ഏതു രാജ്യത്താണ് പോളോ കളി ഉൽഭവിച്ചത്- ഇന്ത്യ
5050. ഏതു സമരത്തിന്റെ മുദ്രാവാക്യമായിരുന്നു തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്- മലയാളി മെമ്മോറിയൽ
5051. ഏതു ക്ഷേത്രത്തിലിരുന്നാണ് മേൽപ്പത്തൂർ നാരായണീയം രചിച്ചത്- ഗുരുവായൂർ
5052. ഏതു മേഖലയിലാണ് പുലിറ്റ്സർ സമ്മാനം നൽകുന്നത് - മാധ്യമപ്രവർത്തനം
5053. ഏത് മുഗൾ ചക്രവർത്തിയാണ് ഫത്തേപൂർ സിക്രിയെന്ന തലസ്ഥാനനഗരം പണികഴിപ്പിച്ചത്-അക്ബർ
5054. ഏത് ഇന്ത്യൻ നദിയാണ് ടിബറ്റിൽ സാങ്പോ എന്നറിയപ്പെടുന്നത്- ബ്രഹ്മപുത്ര
5055. ഒന്നാം സ്വാതന്ത്ര്യസമരകാലത്തെ ഗവർണർ ജനറൽ- കാനിങ് പ്രഭു
5056. ഒരു പ്രാദേശിക ഇന്ത്യൻഭാഷയിൽ ആദ്യമായി കാറൽമാർക്സിന്റെ ജീവചരിത്രം തയ്യാറാക്കിയത്- സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള
5057. ഒരു കിലോ സ്വർണം എത്ര പവനാണ്- 125
5058. ഒളിമ്പിക് വളയങ്ങളിൽ ഏഷ്യയെ പ്രതിനിധാനം ചെയ്യുന്ന വളയത്തിന്റെ നിറം- മഞ്ഞ
5059. വാർധക്യത്തെക്കുറിച്ചുള്ള പഠനമാണ്- ജെറിയാട്രിക്സ്
5060. ഓമനത്തിങ്കൾക്കിടാവോ എന്ന ഗാനം രചിച്ചത്- ഇരയിമ്മൻ തമ്പി
5061. ഓകിസിജനില്ലാതെ എവറസ്റ്റ് കീഴടക്കിയ ആദ്യ ഇന്ത്യക്കാരൻ- ഫ്യൂദോർജി
5062. സമുദ്രത്തിൽ പതിക്കാത്ത പ്രമുഖ ഇന്ത്യൻ നദി-ലൂണി
5063. സമുദ്രത്തിന്റെ ശരാശരി ആഴം- 3554മീറ്റർ
5064. സമുദ്രങ്ങളുടെ ആഴം അളക്കുന്ന ഉപകരണം- എക്കോസൗണ്ടർ
5065. കിന്റർഗാർട്ടൻ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ്- ഫ്രോബൽ
5066. ഇന്ത്യയിലെ ആദ്യ പേപ്പർ മിൽ സ്ഥാപിക്കപ്പെട്ട സ്ഥലം- സെഹ്റാംപൂർ
5067. സിറ്റി ഓഫ് ജോയ് എന്നറിയപ്പെടുന്നത്- കൊൽക്കത്ത
5068. കിരാതാർജുനീയം രചിച്ചതാർ- ഭാരവി
5069. ശിലകളുടെ മാതാവ് എന്നറിയപ്പെടുന്നത്- ആഗ്നേയശില
5070. ഇന്ത്യയിലെ ഒരേയൊരു ലാൻഡ് ലോക്ക്ഡ് മേജർ തുറമുഖം - വിശാഖപട്ടണം
5071. സ്വന്തം ചാരത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ് വരുമെന്ന ഐതീഹ്യത്താൽ പ്രശസ്തമായ പക്ഷി- ഫീനിക്സ്
5072. ജിം കോർബറ്റ് നാഷണൽ പാർക്കിലൂടെ ഒഴുകുന്ന നദി-രാം ഗംഗ
5073. ഹൃദയവാൽവുകൾക്ക് തകരാറുണ്ടാക്കുന്ന രോഗം- വാതപ്പനി
5074. ഇന്ത്യയിലെ നദികളിൽ ഏറ്റവും അപകടകാരിയെന്നു വിശേഷിപ്പിക്കപ്പെടുന്നത്- കോസി
5075. നെഹ്റു ട്രോഫി വള്ളംകളിയുടെ പഴയ പേര്- പ്രൈം മിനിസ്റ്റേഴ്സ് ട്രോഫി
5076. ചന്ദ്രന്റെ ഉപരിതലത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം- ഓക്സിജൻ
5077. ചട്ടമ്പിസ്വാമിയുടെ സമാധി എവിടെയാണ്- പന്മന

ചോദ്യങ്ങൾ പലത് ഉത്തരം 29

- ഐക്യരാഷ്ട്രസഭയിലെ എത്രാമത്തെ അംഗമാണ് ഇന്ത്യ
- ചെമ്പിന്റെ അണുസംഖ്യ
- എത്രാം വയസ്സിലാണ് സിദ്ധാർഥൻ (ബുദ്ധൻ) കൊട്ടാരംവിട്ടിറങ്ങിയത്
- ശനിക്ക് സൂര്യനെ പ്രദക്ഷിണം ചെയ്യാൻ എത്ര ഭൗമവർഷങ്ങൾ ആവശ്യമാണ്
- ചാന്ദ്രമാസത്തിലെ ദിവസങ്ങളുടെ എണ്ണം
- സ്റ്റേറ്റിന്റെ ആഭിമുഖ്യത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതം,വംശം,ജാതി, ഭാഷ എന്നിവയുടെ പേരിൽ പ്രവേശനം നിഷേധിക്കാൻ പാടില്ലാ എന്ന് അനുശാസിക്കുന്ന ഭരണഘടനാ അനുച്ഛേദം
- കേരളത്തിൽനിന്ന് പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ എണ്ണം
- ശനിഗ്രഹത്തിന് ഒരു പ്രാവശ്യം സൂര്യനെ പ്രദക്ഷിണം ചെയ്യാൻ എത്ര ഭൗമവർഷങ്ങൾ ആവശ്യമാണ്
- ഭൗമോപരിതലത്തിൽ എത്ര ശതമാനമാണ് കരഭാഗം
- ഭാഷ, ലിപി, സംസ്കാരം എന്നിവയുടെ പരിരക്ഷണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം
- എത്രാമത്തെ ഒളിമ്പിക്സാണ് 2012-ൽ ബെയ്ജിംഗിൽ നടന്നത്
- ഇന്ത്യയിലെ എത്രാമത്തെ സംസ്ഥാനമാണ് തെലങ്കാന

5078. ഇന്ത്യയിലെ ആദ്യ സമ്പൂർണ സാക്ഷര നഗരം- കോട്ടയം
5079. പെരിയ പുരാണം എഴുതിയത്- സേക്കീഴാർ
5080. പെരിയാർ വന്യമൃഗസങ്കേതം ഏതു ജില്ലയിൽ- ഇടുക്കി
5081. ഹംസവും ദമയന്തിയും എന്ന ചിത്രം ആരുടേതാണ്- രാജാ രവിവർമ
5082. ചാലിസ എന്ന, നാൽപതംഗ മതമേധാവികളുടെ സംഘത്തെ അമർച്ച ചെയ്തത്- ബാൽബൻ
5083. ചാലൂക്യ വംശത്തിലെ രാജാക്കൻമാരിൽ ഏറ്റവും പ്രശസ്തൻ- പുലികേശി രണ്ടാമൻ
5084. സ്വർണത്തിന്റെ ഉപഭോഗത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന രാജ്യം- ഇന്ത്യ
5085. ഇന്ത്യയിലെ ബ്രിട്ടീഷ് അധികാരം നിലനിർത്തുന്നതിനുവേണ്ടി ഇന്ത്യാ ഡിഫൻസ് ലീഗ് സ്ഥാപിച്ചത്-സർ വിൻസ്റ്റൺ ചർച്ചിൽ
5086. രാത്രിയിൽ മുട്ടയ്ക്ക് ആൺപക്ഷി അടയിരിക്കുന്ന വിഭാഗം-ഒട്ടകപ്പക്ഷി
5087. ഓക്സിജൻ അടങ്ങിയിട്ടില്ലാത്ത ആസിഡ്- ഹൈഡ്രോക്ലോറിക് ആസിഡ്
5088. ഇന്ത്യയിലെ ആദ്യ ആധുനിക സർവകലാശാല സ്ഥാപിക്കപ്പെട്ടത്- കൊൽക്കത്ത
5089. വാഗാ അതിർത്തി ഏത് സംസ്ഥാനത്താണ്- പഞ്ചാബ്
5090. ഇന്ത്യയിലെ ആദ്യ സിമന്റ് ഫാക്ടറി സ്ഥാപിതമായ സ്ഥലം-മദ്രാസ്
5091. സംഘകാല ചോളൻമാരുടെ ചിഹ്നം- കടുവ
5092. ജാലിയൻ വാലാ ബാഗ് കൂട്ടക്കൊല അന്വേഷിച്ച കമ്മിഷൻ- ഹണ്ടർ കമ്മിഷൻ
5093. ഇന്ത്യയിലെ ആദ്യ പൈലറ്റ്- ജെ.ആർ.ഡി.ടാറ്റ
5094. സംഘകാലത്ത് ജീവിച്ചിരുന്ന പ്രശസ്തയായ കവയിത്രി- ഔവ്വയാർ
5095. രാത്രിയും പകലും തുല്യമായിരിക്കുന്നത് ഏത് ഭൂമേഖലയിലാണ്- ഭൂമധ്യരേഖാപ്രദേശത്ത്
5096. കിമിഗായോ ഏതു രാജ്യത്തിന്റെ ദേശീയഗാനമാണ്- ജപ്പാൻ
5097. ശിലകളെ സംബന്ധിച്ച പഠനം- ലിത്തോളജി
5098. കിയോലാദിയോ പക്ഷി സങ്കേതം എവിടെയാണ്- ഭരത്പൂർ
5099. കേരളവർമ പുലപ്പേടി എന്ന പ്രാചീനാചാരം നിരോധിച്ചത് ഏത് വർഷത്തിൽ- എ.ഡി.1696
5100. കേരളവ്യാസൻ എന്നറിയപ്പെട്ടത്- കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ
5101. കിംബർലി വജ്രഖനി ഏതു രാജ്യത്താണ്- ദക്ഷിണാഫ്രിക്ക
5102. ഗുവഹത്തിയുടെ പഴയ പേര്- പ്രാഗ്ജ്യോതിഷ്പൂർ

5103. കിതാബ് ഉൽ ഹിന്ദ് രചിച്ചത്- അൽ ബെറൂണി
5104. കുങ്കുമപ്പൂവിൻെറ നാട്- കാശ്മീർ
5105. ഓസ്കർ അവാർഡ് നേടിയ ആദ്യ ചിത്രം- വിങ്സ്
5106. സൂര്യന്റെ ത്രസിക്കുന്ന ഉപരിതലത്തിനു പറയുന്ന പേര്- ഫോട്ടോസ്ഫിയർ
5107. ഓസ്കർ ശില്പത്തിന് ആ പേരു നൽകിയത്- മാർഗരറ്റ് ഹെറിക്
5108. വിപ്ലവം ഒരു അത്താഴവിരുന്നല്ല എന്നു പറഞ്ഞത്- മാവോ സേ തുങ്
5109. വിൻസ്റ്റൺ ചർച്ചിൽ സാഹിത്യ നൊബേലിന് അർഹനായ വർഷം- 1953
5110. സുമോ ഗുസ്തി ഏത് രാജ്യത്തിന്റെ ദേശീയ കായിക വിനോദമാണ്- ജപ്പാൻ
5111. ഗുഡ്ഗാവ് വ്യവസായ മേഖല ഏതു സംസ്ഥാനത്ത്- ഹരിയാന
5112. ക്യാബിനറ്റ് സമ്മേളിക്കുമ്പോൾ അധ്യക്ഷത വഹിക്കുന്നത്- പ്രധാനമന്ത്രി
5113. ക്യൂബയിൽ 1959-ൽ ഫിഡൽ കാസ്ട്രോ ആർക്കെതിരെയാണ് വിപ്ലവം നയിച്ചത്- ബാറ്റിസ്റ്റ
5114. കാറ്റിന്റെ വേഗം അളക്കാനുപയോഗിക്കുന്ന ഉപകരണം- അനിമോമീറ്റർ
5115. കാർബൊറാണ്ടത്തിന്റെ രാസനാമം- സിലിക്കൺ കാർബൈഡ്
5116. കാർലെയിലുള്ള പ്രശസ്തമായ ചൈത്യ നിർമിച്ചത് ഏതു വംശക്കാരുടെ കാലത്താണ്- ശതവാഹന
5117. കാർബോഹൈഡ്രേറ്റിനെ ഏതു രൂപത്തിലാണ് കരളിൽ ശേഖരിക്കുന്നത്- ഗ്ലൈക്കോജൻ
5118. കാർട്ടോഗ്രാഫർ എന്താണ് നിർമിക്കുന്നത്- ഭൂപടം
5119. സന്ന്യാസിമാരുടെ രാജ്യം എന്നറിയപ്പെടുന്നത്- കൊറിയ
5120. സമ്പന്നതീരം എന്നറിയപ്പെടുന്ന രാജ്യം- കോസ്റ്ററിക്ക
5121. സമ്പൂർണ സാക്ഷരത കൈവരിച്ച ഇന്ത്യയിലെ ആദ്യത്തെ ജില്ല - എറണാകുളം
5122. സമ്പൂർണ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ പട്ടണം - കോട്ടയം
5123. കായിക പരിശീലകർക്കുള്ള ദേശീയ അവാർഡ്- ദ്രോണാചാര്യ അവാർഡ്
5124. ഗർബ ഏതു സംസ്ഥാനത്തെ തനതായ നൃത്തരൂപമാണ്- ഗുജറാത്ത്
5125. രണ്ടുകാലിലോടുന്ന ജീവികളിൽ ഏറ്റവും വേഗം കൂടിയത് - ഒട്ടകപ്പക്ഷി
5126. ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രകൃതിയുടെ കവി എന്നറിയപ്പെട്ടത്- വേഡ്സ്വർത്ത്
5127. എഡിസൺ നിർമിച്ച ചലച്ചിത്ര യന്ത്രം- കൈനറ്റോഗ്രാഫ്
5128. ഏറ്റവും ഉയരം കൂടിയ പക്ഷി- ഒട്ടകപ്പക്ഷി

കേളുചരൺ മഹാപാത്രയുമായി ബന്ധപ്പെട്ട കലാരൂപം- ഒഡീസ്സി

ചോദ്യം; ഉത്തരം

ഡോ.അംബേദ്കറുടെ സമാധി

■ ഡോ.അംബേദ്കറുടെ സമാധി സ്ഥലം ചൈത്രഭൂമി, ചൈതന്യഭൂമി, ചൈത്യഭൂമി എന്നിങ്ങനെ വ്യത്യസ്തമായി പല പുസ്തകങ്ങളിൽ കാണുന്നു. ഏതാണ് ശരി?
ഡോ.അംബേദ്കറുടെ സമാധിയുടെ പേര് ചൈത്യഭൂമി എന്നാണ്. ഇത് മുംബൈയിൽ ദാദറിനു സമീപമാണ്.

5129. സർക്കാർ അഞ്ചൽ എന്ന പേരിൽ തിരുവിതാംകൂറിൽ ഒരു പോസ്റ്റൽ സർവീസ് ആരംഭിച്ചതാര്- ടി.മാധവറാവു
5130. കേരളത്തിലെ ഹോളണ്ട് എന്നറിയപ്പെടുന്നത് -കുട്ടനാട്
5131. കേരളത്തിലെ ദേശീയോദ്യാനങ്ങളിൽ സിംഹവാലൻ കുരങ്ങിനെ സംരക്ഷിക്കുന്നത്- സൈലന്റ് വാലി
5132. കൂനൂർ ഏത് സംസ്ഥാനത്തെ സുഖവാസകേന്ദ്രം- തമിഴ്നാട്
5133. ശൂന്യാകാശത്തേക്ക് ആദ്യമായി യാത്ര ചെയ്ത നായയുടെ പേര്- ലെയ്ക
5134. വിമാനത്തിൽ ഉപയോഗിക്കുന്ന ഇന്ധനം- ഏവിയേഷൻ സ്പിരിറ്റ്
5135. കനിഷ്കന്റെ കൊട്ടാരം വൈദ്യൻ- ചരകൻ
5136. വിമാനത്തിന്റെ ഭാഗങ്ങൾ നിർമിക്കാനുപയോഗിക്കുന്ന ലോഹം- ടൈറ്റാനിയം
5137. കംപ്യൂട്ടറുകൾക്കൊപ്പം ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പോയിന്റിങ് ഉപകരണം- മൗസ്
5138. കംഗാരുവിന്റെ നാട്- ഓസ്ട്രേലിയ
5139. കണിയംകുളം യുദ്ധം ഏത് വർഷത്തിൽ- എ.ഡി.1634
5140. കളവു പറയുമ്പോൾ കണ്ടുപിടിക്കുന്ന ഉപകരണം- പോളിഗ്രാഫ്
5141. വയനാട് ജില്ലയിലെ, സമുദ്രനിരപ്പിൽനിന്നും ഉയരത്തിലായി സ്ഥിതി ചെയ്യുന്ന തടാകം- പൂക്കോട്
5142. ഏറ്റവും കൂടുതൽ പേർ സംസാരിക്കുന്ന ദ്രാവിഡഭാഷ- തെലുങ്ക്
5143. വരാഹമിഹിരൻ ആരുടെ സദസ്യനായിരുന്നു-ചന്ദ്രഗുപ്ത വിക്രമാദിത്യൻ
5144. ഇന്ത്യയിൽ പ്രോജക്ട് എലിഫന്റ് ആരംഭിച്ച വർഷം- 1991-92
5145. ഒരിക്കലും, ഒരിക്കലും....ഒരിക്കലും പാതിവഴിയിൽ ഉപേക്ഷിക്കരുത് -എന്നു പറഞ്ഞത്-സർ വിൻസ്റ്റൺ ചർച്ചിൽ
5146. കോൺഗ്രസിതര സർക്കാരിന്റെ കാലത്ത് ഭാരതരത്ന നേടിയ ആദ്യ നേതാവ്-ബി.ആർ.അംബേദ്കർ
5147. ഇന്ത്യയിൽ ആദ്യമായി എ.ടി.എം. സംവിധാനം നിലവിൽവന്ന നഗരം- മുംബൈ
5148. കളിമൺ പാത്രങ്ങൾ ആദ്യമായി ഉപയോഗിച്ച രാജ്യം- ചൈന
5149. വിമാനത്തിലെ ബ്ലാക്ക് ബോക്സിന്റെ നിറം- ഓറഞ്ച്
5150. മഹാനായ അലക്സാണ്ടറുടെ മാതാവ്- ഒളിംപിയസ്
5151. അഹുദ മസ്ദയും അഹ്രിമാനും നന്മയെയും തിന്മയെയും പ്രതിനിധാനം ചെയ്യുന്ന മതം- പാഴ്സി മതം
5152. കാമസൂത്രം രചിച്ചത്- വൽസ്യായനൻ
5153. കായ്കളുണ്ടെങ്കിലും വിത്തില്ലാത്ത സസ്യം-വാഴ
5154. ഇന്ത്യൻ സിനിമയിലെ പ്രഥമവനിത എന്നറിയപ്പെടുന്നത്- നർഗീസ് ദത്ത്
5155. കായം ഏതിനത്തിൽപ്പെടുന്ന വസ്തുവാണ്- റെസിൻ
5156. വിറ്റാമിൻ സി യുടെ രാസനാമം- അസ്കോർബിക് ആസിഡ്
5157. ഔഷധികളുടെ മാതാവ് എന്നറിയപ്പെടുന്നത്- തുളസി
5158. വംഗബന്ധു എന്നറിയപ്പെട്ടത്- ഷെയ്ഖ് മുജീബ് റഹ്മാൻ
5159. കബീറിന്റെ ഗുരു- രാമാനന്ദൻ
5160. കേരളം-മലയാളികളുടെ മാതൃഭൂമി രചിച്ചത്- ഇ.എം.എസ്.
5161. കേരളതീരത്ത് ധാതുമണൽ വേർതിരിക്കുന്ന കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഫാക്ടറി- ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്
5162. ഞാൻ മരിക്കുന്നത് വേണ്ടത്ര വൈദ്യൻമാരുടെ സഹായത്താലാണ് എന്നു പറഞ്ഞത്- അലക്സാണ്ടർ ചക്രവർത്തി
5163. ക്ലോണിങ്ങിലൂടെ സൃഷ്ടിക്കപ്പെട്ട ആദ്യ പൂച്ച- കാർബൺ കോപ്പി

5164. സാധാരണമായി ഭക്ഷ്യവിഷബാധയ്ക്ക് കാരണമായ ബാക്ടീരിയ ഏത്- ക്ലോസ്ട്രീഡിയം ബോട്ടുലിനം
5165. ഗാന്ധി സിനിമയുടെ സംഗീത സംവിധായകൻ- പണ്ഡിറ്റ് രവിശങ്കർ
5166. കാൻ ഫിലിം ഫെസ്റ്റിവൽ ആരംഭിച്ച വർഷം- 1946
5167. കാർബൺ ഡേറ്റിങ്ങിന് ഉപയോഗിക്കുന്ന ഐസോടോപ്പ്- കാർബൺ-14
5168. ഏഷ്യാറ്റിക് ഗെയിംസിന് ഏഷ്യൻ ഗെയിംസ് എന്ന പേരു നൽകിയത്- ജവാഹർലാൽ നെഹ്റു
5169. ഏതു മതവിഭാഗത്തിന്റെ ആചാരമാണ് യോം കിപ്പൂർ- യഹൂദ
5170. ഏതു വർഷംമുതലാണ് മൊത്തം സാഹിത്യ സംഭാവനകൾ പരിഗണിച്ച് ജ്ഞാനപീഠം നൽകിത്തുടങ്ങിയത്- 1982
5171. ഒന്നുകിൽ ഇന്ത്യക്ക് സ്വാതന്ത്ര്യം അല്ലെങ്കിൽ ഒരു സ്വതന്ത്രരാജ്യത്ത് ആറടിമണ്ണ് എന്നു പറഞ്ഞത്- മൗലാനാ മുഹമ്മദ് അലി
5172. കന്നഡയിലെ പുതുവർഷം- ഉഗാദി
5173. സാധാരണതാപനിലയിൽ ഏറ്റവും കൂടുതൽ വികസിക്കുന്ന പദാർഥം- സീസിയം
5174. കലാമൈൻ ഏതിന്റെ അയിരാണ്- സിങ്ക് (നാകം)
5175. ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാള സാഹിത്യകാരൻ- എസ്.കെ. പൊറ്റക്കാട്ട്
5176. കേന്ദ്ര ബജറ്റ് അവതരിപ്പിച്ച ഏക മലയാളി- ജോൺ മത്തായി
5177. കോംഗോ റിപ്പബ്ലിക്കിന്റെ സ്ഥാപക നേതാവ്- പാട്രിസ് ലുമുംബ
5178. ക്ലോണിങ്ങിലൂടെ സൃഷ്ടിക്കപ്പെട്ട ആദ്യ കുതിര- പ്രൊമിത്യ
5179. ഗോവാലിയ ടാങ്ക് ഇപ്പോൾ എന്തുപേരിൽ അറിയപ്പെടുന്നു- ഓഗസ്റ്റ് ക്രാന്തി മൈതാനം
5180. ഇന്ത്യൻ സാമൂഹിക വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്- രാജാറാം മോഹൻ റോയ്
5181. ഇന്ത്യൻ സിനിമയുടെ പിതാവ് എന്നറിയപ്പെടുന്നത്- ദാദാ സാഹേബ് ഫാൽക്കേ
5182. അലഹബാദ് നഗരത്തിന്റെ സ്ഥാപകൻ- അക്ബർ
5183. അവസാനത്തെ സുംഗരാജാവ്- ദേവഭൂതി
5184. മുത്തശ്ശി ആരുടെ കൃതിയാണ്- ബാലാമണിയമ്മ
5185. മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ പഴയപേര്- ജൂനാ രാജകുമാരൻ
5186. മുംതാസ്മഹലിന്റെ യഥാർഥ പേര്- അർജുമാന്ദ്ബാനു ബീഗം
5187. ആന്ധ്രാകേസരി എന്നറിയപ്പെട്ടത്- ടി.പ്രകാശം
5188. ആരുടെ സന്ദർശനത്തിന്റെ സ്മരണയ്ക്കായാണ് മുംബൈയിൽ ഗേറ്റ് വേ ഓഫ് ഇന്ത്യ നിർമിച്ചത്- ജോർജ് രാജാവിന്റെ
5189. ആസൂത്രിതമായി ഉപകരണങ്ങളുണ്ടാക്കാൻ മനുഷ്യൻ ആദ്യമായി ഉപയോഗിച്ച ലോഹം- ചെമ്പ്
5190. ഇ.കെ.നായനാരുടെ പൂർണനാമം- ഏറമ്പാല കൃഷ്ണൻ നായനാർ
5191. ഇന്ത്യൻ പാർലമെന്റിന്റെ മൂന്നു ഘടകങ്ങൾ- ലോക്സഭ, രാജ്യസഭ, രാഷ്ട്രപതി
5192. ഏതു വിളയെ ബാധിക്കുന്ന രോഗമാണ് ദ്രുതവാട്ടം- കുരുമുളക്
5193. ഏതു വിഷയത്തിലാണ് ഏറ്റവും ഒടുവിൽ നൊബേൽ സമ്മാനം ഏർപ്പെടുത്തിയത്- ഇക്കണോമിക്സ്
5194. ഇന്ത്യൻ ക്ലാസിക്കൽ സംഗീതത്തിന്റെ പിതാവ്- സാരംഗദേവൻ
5195. ഇന്ത്യൻ അക്കാദമി ഓഫ് സയൻസസ് സ്ഥാപിച്ചത്- സി.വി.രാമൻ
5196. ഇന്ത്യൻ അരാജകത്വത്തിന്റെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെട്ടത്- ബാലഗംഗാധരതിലകൻ
5197. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപവത്കൃതമായ വർഷം- 1938
5198. ലാറ്ററൻ ഉടമ്പടി പ്രകാരം 1929-ൽ നിലവിൽവന്ന രാജ്യം- വത്തിക്കാൻ
5199. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറിന്റെ പ്രസിഡന്റ് -മുഖ്യമന്ത്രി
5200. കേരളത്തിൽ ആദ്യമായി അഞ്ച് വർഷം കാലാവധി പൂർത്തിയാക്കിയ സ്പീക്കർ - എം. വിജയകുമാർ
5201. ലോകത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ജീവനുള്ള വസ്തു- വണ്ട്
5202. രാജാകേശവദാസ് തിരുവിതാംകൂർ ദിവാനായത് ഏത് വർഷത്തിൽ - എ.ഡി.1789
5203. ഉത്തരാസ്വയംവരം ആട്ടക്കഥ എഴുതിയത്- ഇരയിമ്മൻ തമ്പി
5204. കേരള പോസ്റ്റൽ സർക്കിൾ നിലവിൽവന്ന വർഷം- 1961

ചോദ്യങ്ങൾ പലത് ഉത്തരം 30

- രാജ്യസഭാംഗമാകാനുള്ള കുറഞ്ഞ പ്രായം
- അമേരിക്കയിൽ സെനറ്റംഗമാകാനുള്ള കുറഞ്ഞ പ്രായം
- ഭൂമിയുടെ കരഭാഗത്തിന്റെ വിസ്തീർണത്തിന്റെ എത്ര ശതമാനമാണ് ഏഷ്യ
- ഇന്ത്യയുടെ പടിഞ്ഞാറ്, കിഴക്ക് രേഖാംശങ്ങൾ തമ്മിൽ ഏകദേശം എത്ര ഡിഗ്രിയുടെ വ്യത്യാസം ഉണ്ട്
- ഒരു പ്രദേശത്ത് കുറഞ്ഞത് എത്ര വർഷമായി അനുഭവപ്പെടുന്ന ദിനാന്തരീക്ഷ സ്ഥിതിയാണ് അവിടത്തെ കാലാവസ്ഥ
- എത്ര ദിവസം നീണ്ടുനിൽക്കുന്ന ആഘോഷമായിരുന്നു മാമാങ്കം (പുഷ്യപൂയം മുതൽ മാഘമകം വരെ)
- രണ്ട് സമയമേഖലകൾ തമ്മിൽ എത്ര മിനിട്ട് സമയവ്യത്യാസം ഉണ്ട്
- പാർലമെന്റിലെ ഏറ്റവും വലിയ കമ്മിറ്റിയായ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലെ അംഗങ്ങൾ
- നിയമസഭയുടെ ഉപരിസഭയായ ലജിസ്ലേറ്റീവ് കൗൺസിലിൽ അംഗമാകാനുള്ള കുറഞ്ഞ പ്രായം
- ഒരു ക്ലോക്കിലെ മണിക്കൂർ സൂചി ഒരു മണിക്കൂർകൊണ്ട് എത്ര ഡിഗ്രി തിരിയും
6499. ഗാന്ധിജിയുടെ ആത്മകഥ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്- മഹാദേവ് ദേശായി, പ്യാരേലാൽ
6500. ബെറിംഗ് കടലിടുക്ക് വടക്കേ അമേരിക്കയെ ഏത് വൻകരയിൽ നിന്ന് വേർതിരിക്കുന്നു-ഏഷ്യ
6501. പ്രൊട്ടസ്റ്റന്റ് റോം എന്നറിയപ്പെടുന്ന നഗരം-ജനീവ
6502. മൊഹാലി സ്റ്റേഡിയം എവിടെയാണ് - ചണ്ഡിഗഢ്
6503. ഝങ്കാരപ്പക്ഷി(ഹമ്മിംഗ് ബേർഡ്)കളുടെ നാട് എന്നറിയപ്പെടുന്നത്- ട്രിനിഡാഡ്
6504. പോണ്ടിച്ചേരി സ്ഥാപിച്ചത്- ഫ്രാൻസിസ് മാർട്ടിൻ

6505. മുസ്ലിങ്ങൾക്ക് ഒരു പ്രത്യേക പ്രവിശ്യ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്- മുഹമ്മദ് ഇക്ബാൽ
6506. മണ്ണിനെക്കുറിച്ചുള്ള പഠനം- പെഡോളജി
6507. അകാൽ തക്ത് സ്ഥാപിക്കുകയും അമൃതസറിനു ചുറ്റും കോട്ട കെട്ടുകയും ചെയ്ത സിഖ് ഗുരു- ഹർഗോവിന്ദ്
6508. ഗാന്ധിജിയുടെ അവസാനത്തെ സത്യാഗ്രഹം- 1948 ജനുവരി 13-18
6509. ഐക്യരാഷ്ട്രസഭ രക്ഷാസമിതിയിൽ ഏറ്റവും കൂടുതൽ സ്ഥിരാംഗങ്ങൾ ഉള്ള വൻകര- യൂറോപ്പ്
6510. വെയിൽസ് രാജകുമാരന്റെ ബഹുമതി (1922) നിരസിച്ച മലയാള കവി-വള്ളത്തോൾ നാരായണമേനോൻ
6511. കെമ്പ ഗൗഡ സ്ഥാപിച്ച നഗരം-ബാംഗ്ലൂർ
6512. കൊല്ലപ്പെട്ട വിവരം ടെലിവിഷനിലൂടെ ലോകം അറിഞ്ഞ ആദ്യ അമേരിക്കൻ പ്രസിഡന്റ്-ജോൺ എഫ്. കെന്നഡി
6513. പെൻഗ്വിനുകൾ കാണപ്പെടുന്ന വൻകര-അന്റാർട്ടിക്ക
6514. ഡൽഹിയ്ക്കുപുറത്ത് സംസ്കരിക്കപ്പെട്ട ആദ്യത്തെ പ്രധാനമന്ത്രി - മൊറാർജി ദേശായി
6515. ഹോമിയോപ്പതിയുടെ ഉപജ്ഞാതാവ്- സാമുവൽ ഹാനിമാൻ
6516. ഡയബറ്റിക് രോഗികളുടെ മൂത്രത്തിൽ ഏതാണ് ശരാശരിയെക്കാൾ കൂടിയ തോതിൽ കാണുന്നത് പഞ്ചസാര
6517. പെറ്റ്സ്കാൻ ഏതു സരീരഭാഗത്തിന്റെ പഠനത്തിനാണ് ഉപയോഗിക്കുന്നത്- മസ്തിഷ്കം
6518. ഇന്ത്യൻ പാർലമെന്റിൽ അംഗമായ ഏക ബിഷപ്പ്- ജോൺ റിച്ചാർഡ്സൺ
6519. ഐക്യരാഷ്ട്രസഭയുടെ ഏക ആക്ടിങ് സെക്രട്ടറി ജനറൽ- സർ ഗ്ലാഡ്‌വിൻ ജെബ്
6520. അമേരിക്കയുടെ ഉപഗ്രഹവിക്ഷേപണ കേന്ദ്രത്തിന് ഏത് പ്രസിഡന്റിന്റെ സ്മരണാർഥമാണ് പേരിട്ടിരിക്കുന്നത്-ജോൺ എഫ്. കെന്നഡി
6521. മുലപ്പാലിലടങ്ങിയിരിക്കുന്ന പഞ്ചസാര- ലാക്ടോസ്
6522. ഇന്ത്യൻ പാർലമെന്റിൽ ഗവൺമെന്റിന്റെ മുഖ്യവക്താവ് - പ്രധാനമന്ത്രി
6523. ഹോളിവുഡ് എന്തിനാണ് പ്രസിദ്ധം- സിനിമ
6524. ഇന്ത്യൻ പാർലമെന്റ് സ്ഥിതി ചെയ്യുന്നത് എവിടെ - ന്യൂഡൽഹിയിൽ
6525. ഇന്ത്യയിൽ കാട്ടു കഴുതകൾക്കുള്ള സാങ്ചറി- റാൻ ഓഫ് കച്ച്
6526. കേരള പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റായിരുന്ന കവി- എൻ.വി.കൃഷ്ണവാര്യർ
6527. ഇന്ത്യൻ നദികളിൽ ഏറ്റവും ജലസമ്പന്നമായത്-ബ്രഹ്മപുത്ര
6528. ഹോയ്സാലൻമാരുടെ തലസ്ഥാനം- ദ്വാരസമുദ്രം
6529. വെള്ളത്തിലെ പൂരം എന്നറിയപ്പെടുന്ന ജലോൽസവം- ആറന്മുള ഉത്രട്ടാതി വള്ളംകളി
6530. തമിഴർ തിരുനാൾ എന്നറിയപ്പെടുന്ന ആഘോഷം- പൊങ്കൽ
6531. മുസ്ലിങ്ങൾ എണ്ണത്തിലും ശതമാനാടിസ്ഥാനത്തിലും കൂടുതലുള്ള ജില്ല- മലപ്പുറം
6532. മാജ്യാർ എന്ന പേര് സ്റ്റാമ്പിൽ ഉപയോഗിക്കുന്ന രാജ്യം- ഹംഗറി
6533. ദേവീചന്ദ്രഗുപ്തം, മുദ്രാരാക്ഷസം എന്നിവ രചിച്ചത്- വിശാഖദത്തൻ
6534. കേന്ദ്ര മന്ത്രിസഭയുടെ തലവൻ- പ്രധാനമന്ത്രി
6535. മുറിവിലെ രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന വിറ്റാമിൻ- വിറ്റാമിൻ കെ.
6536. ആദിവാസിഭാഷയിൽ നിർമിച്ച, കേരളത്തിലെ ആദ്യത്തെ സിനിമ- ഗുഡ
6537. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിനു വേദിയായ ആദ്യ ദക്ഷിണേന്ത്യൻ നഗരം- ചെന്നൈ
6538. പ്രൊട്ടസ്റ്റാന്റിസം ആരംഭിച്ചത് ഏത് വൻകരയിലാണ് - യൂറോപ്പ്



ഈഫൽ ഗോപുരം നിർമിച്ച വർഷം- 1789

CONFUSING FACTS

- സെപ്തംബർ 27 ലോക വിനോദസഞ്ചാരദിനവും(World Tourism Day) ജനവരി 25 ദേശീയ വിനോദ സഞ്ചാര ദിനവുമാണ്.
- ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ ലിപിയാണ് ഹീരോഗ്ലിഫിക്സ്(വിശുദ്ധ എഴുത്ത്). ക്യൂണിഫോം ലിപി ഉപയോഗിച്ചിരുന്നത് മെസൊപൊട്ടാമിയൻ സംസ്കാരമാണ്(സുമേരിയൻ). സൈന്ധവജനത ഉപയോഗിച്ചിരുന്നതും ഇതുവരെ വ്യാഖ്യാനിക്കപ്പെട്ടിട്ടില്ലാത്തതുമായ ലിപിയാണ് ചിത്രലിപി (Pictographic).
- ഹിന്ദുമതത്തിലെ കാൽവിൻ എന്നറിയപ്പെട്ടത് ദയാനന്ദ സരസ്വതിയാണ്. ശങ്കരാചാര്യരാണ് ഹിന്ദുമതത്തിലെ അക്വിനാസ് എന്നു വിശേഷിപ്പിക്കപ്പെട്ടത്.

6539. ഇന്ത്യയിൽ ഇദംപ്രഥമമായി ഒരു വനിതയെ നാമനിർദേശം ചെയ്ത് അംഗമാക്കിയ നിയമസഭ ഏതായിരുന്നു- തിരുവിതാംകൂർ
6540. ആഗമസിദ്ധാന്തം ഏതു മതക്കാരുടെ ഗ്രന്ഥമാണ്- ജൈനർ
6541. ആഗാഖാൻ കപ്പ് ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു- ഹോക്കി
6542. ഗാന്ധിജിയുടെ അധ്യക്ഷതയിൽ ആൾ ഇന്ത്യാ ഖിലാഫത്ത് കോൺഫറൻസ് നടന്ന സ്ഥലം- ഡൽഹി
6543. ഗാന്ധിജിയുടെ മക്കൾ- ഹരിലാൽ,മണിലാൽ,രാംദാസ്,ദേവദാസ്
6544. സംസ്ഥാനത്ത് സെൻസസ് ആരംഭിക്കുന്നത് ആരുടെ വിവരങ്ങൾ ശേഖരിച്ചുതുടങ്ങുന്നതോടെയാണ്-ഗവർണർ
6545. ജ്ഞാനപീഠജേതാവായ ഐ.എ.എസ്.ഓഫീസർ - സീതാകാന്ത് മഹാപാത്ര
6546. അശുദ്ധരക്തം വഹിക്കുന്ന ഒരേയൊരു ധമനി- പൾമണറി ധമനി
6547. അക്ബർ നാമ, അയ്നി അക്ബറി എന്നീ കൃതികൾ രചിച്ചത്- അബുൾ ഫാസൽ
6548. ഗ്രേറ്റർ ഹിമാലയ നിരകളുടെ മറ്റൊരു പേര്- ഹിമാദ്രി
6549. ആഹാരത്തിലടങ്ങിയിരിക്കുന്ന ഊർജം അളക്കുന്ന യൂണിറ്റ്- കലോറി
6550. പോപ്പിന്റെ നഗരം എന്നറിയപ്പെടുന്നത്- റോം
6551. ദേശബന്ധു എന്നറിയപ്പെട്ടത്- സി.ആർ.ദാസ്
6552. പോപ്പ് സംഗീതത്തിന്റെ രാജാവ് - മൈക്കൽ ജാക്സൺ
6553. പോളിയോയെ അതിജീവിച്ച ഏറ്റവും പ്രശസ്തനായ വ്യക്തി- ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റ്
6554. കേരളത്തിലെ ആദ്യത്തെ കയർ ഫാക്ടറിയായ ഡാറാസ് മെയിൽ സ്ഥാപിച്ചത്-ജെയിംസ് ഡാറ
6555. ടോക്കിയോ ഏത് സമുദ്രതീരത്താണ്-പസഫിക് സമുദ്രം
6556. പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്ക് സംവിധാനം ഇന്ത്യയിൽ ആരംഭിച്ച വർഷം- 1882
6557. ജോസഫ് മുണ്ടശ്ശേരിയുടെ ആത്മകഥ- കൊഴിഞ്ഞ ഇലകൾ
6558. അണ്ണാ ഹസാരേ ഏത് സംസ്ഥാനക്കാരനാണ്- മഹാരാഷ്ട്ര
6559. പോർച്ചുഗീസുകാർ ബ്രിട്ടീഷുകാർക്ക് സ്ത്രീധനമായി ബോംബെ നൽകിയ വർഷം- 1661
6560. ആഹാരം കഴുകിയതിനുശേഷം തിന്നുന്ന ജന്തു- റാക്കൂൺ
6561. യഹൂദമതം സ്ഥാപിച്ചത്- മോസസ്
6562. നാൽസരോവർ തണ്ണീർത്തടം ഏതു സംസ്ഥാനത്താണ്- ഗുജറാത്ത്
6563. ക്ലമൻറ് ആറ്റ്ലി ഇന്ത്യയുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോൾ വൈസ്രോയി ആയിരുന്നത്- വേവൽ പ്രഭു
6564. ക്ഷയത്തിനു കാരണമായ ബാക്ടീരിയ- മൈക്രോ ബാക്ടീരിയം ട്യൂബർക്കുലേ
6565. ടക്സ് എന്ന കമ്പനിയുടെ ചിഹ്നം-പെൻഗ്വിൻ
6566. ചെവി ഉപയോഗിച്ച് ഇരുട്ടിൽ മുന്നിലെ തടസ്സങ്ങൾ തിരിച്ചറിയുന്ന ജീവി -വവ്വാൽ
6567. ചെസ് കളിയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന രാജ്യമേത്-റഷ്യ
6568. ഏതു രാജ്യത്തിൽ നിന്നാണ് ഈയിടെ മോണ്ടിനെഗ്രോ സ്വാതന്ത്ര്യം നേടിയത്- സെർബിയ
6569. ഗാന്ധിജിയുടെ മാതാപിതാക്കൾ- കരംചന്ദ് ഗാന്ധിയും പുത്‌ലിഭായിയും

6570. ചന്ദ്രയാൻ-രണ്ട് പദ്ധതിയിൽ ഏതു രാജ്യവുമായി സഹകരിക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്- റഷ്യ
6571. ചന്ദ്രഗിരിക്കോട്ട നിർമിച്ചത്- ബിദനൂരിലെ ശിവപ്പനായക്
6572. ഗാന്ധിജിയുടെ ആത്മകഥയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള മലയാളി- ജി.പി.പിള്ള
6573. ചന്ദ്രനിലേക്ക് യാത്ര സങ്കൽപിച്ച നോവലിസ്റ്റ്- ഷൂൾ വേൺ
6574. ടോൾസ്റ്റോയിയുടെ ഭവനമായ യാസ്നയാ പോളിയാന ഏത് രാജ്യത്താണ്-റഷ്യ
6575. പോസ്റ്റ്മാസ്റ്റർ ആയി പ്രവർത്തിച്ചശേഷം അമേരിക്കൻ പ്രസിഡന്റായത്- എബ്രഹാം ലിങ്കൺ
6576. ഡോ.അംബേദ്കർ 1956-ൽ സ്വീകരിച്ച മതം- ബുദ്ധമതം
6577. ഫോസിൽ ഇന്ധനം ഏതുരൂപത്തിലാണ് ഏറ്റവും കൂടുതൽ ലഭിക്കുന്നത്- പെട്രോളിയം
6578. ആദ്യമായി സൗരകലണ്ടർ വികസിപ്പിച്ചെടുത്ത രാജ്യം- ചൈന
6579. ഏതു രാജ്യത്തിൽനിന്നാണ് നമീബിയ സ്വാതന്ത്ര്യം നേടിയത്- ദക്ഷിണാഫ്രിക്ക
6580. ഗാന്ധിജിയുടെ ആത്മകഥ - എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ
6581. നായർ സർവീസ് സൊസൈറ്റിയുടെ സ്ഥാപകൻ- മന്നത്ത് പദ്മനാഭൻ
6582. അന്തരീക്ഷത്തിലെ ആർദ്രത അളക്കുന്ന ഉപകരണം- ഹൈഗ്രോമീറ്റർ
6583. പറങ്കിപ്പുണ്ണ് എന്ന പേരിലുമറിയപ്പെടുന്ന രോഗം- സിഫിലിസ്
6584. നായർസാൻ എന്നറിയപ്പെട്ടത്- എ.മാധവൻ നായർ
6585. ആധുനിക ഒളിമ്പിക്സിന്റെ പിതാവ് എന്നറിയപ്പെടുന്നത്- പിയറി ഡി കുബർട്ടിൻ
6586. നാറ്റോ നിലവിൽവന്ന വർഷം- 1949 ഏപ്രിൽ 4
6587. ആധുനിക ഒളിമ്പിക്സിലെ ആദ്യ വിജയി- ജെ.ബി.കൊണോലി
6588. നവീകരണ പ്രസ്ഥാനം തുടങ്ങിയ രാജ്യം- ജർമനി
6589. പറുദീസാ നഷ്ടം എന്ന കൃതി രചിച്ചത്- ജോൺ മിൽട്ടൺ
6590. പഴങ്ങൾ കൃത്രിമമായി പഴുപ്പിക്കാൻ ഉപയോഗിക്കുന്ന മാരകമായ രാസവസ്തു- കാർബൈഡ്
6591. പാരമ്പര്യനിയമങ്ങൾ ആവിഷ്കരിച്ചത്- ഗ്രിഗർ മെൻഡൽ
6592. പാരീസ് കമ്യൂൺ തിരഞ്ഞെടുക്കപ്പെട്ട വർഷം- 1871
6593. ഏതു കളിയുമായി ബന്ധപ്പെട്ട പദമാണ് പുട്ട്- ഗോൾഫ്
6594. കേരളത്തിലെ ആദ്യത്തെ സീ ഫുഡ് പാർക്ക് സ്ഥാപിക്കുന്ന സ്ഥലം -അരൂർ
6595. കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് ഗ്രൂപ്പ്- കമ്യൂണിസ്റ്റ് ലീഗ്
6596. ലോക പൈതൃകത്തിൽ ഉൾപ്പെടുത്തിയ കേരളീയ സംസ്കൃത കലാരൂപം- കൂടിയാട്ടം
6597. കാംഗ്ര താഴ്‌വര ഏത് സംസ്ഥാനത്ത് -ഹിമാചൽ പ്രദേശ്
6598. കാതൽമന്നൻഎന്നറിയപ്പെട്ടിരുന്ന തമിഴ് നടൻ-ജമിനി ഗണേശൻ
6599. ശിലായുഗമനുഷ്യൻ താമസിച്ചിരുന്ന ബിംബേട്ക ഗുഹകൾ ഏത് സംസ്ഥാനത്ത്- മധ്യപ്രദേശ്
6600. ലോകബാങ്കിന്റെ ആസ്ഥാനം- വാഷിങ്ടൺ
6601. ഏതു കളിയുമായി ബന്ധപ്പെട്ട പദമാണ് ലിബ്രോ - വോളീബോൾ
6602. പാലക്കാട് ജില്ലയിൽ ഓറഞ്ചുതോട്ടങ്ങൾക്കു പ്രസിദ്ധമായ സ്ഥലം- നെല്ലിയാമ്പതി
6603. ആദ്യത്തെ റോമൻ ചക്രവർത്തി - അഗസ്റ്റസ്
6604. പുരാതന ഇന്ത്യയിലെ, ഹോസ്റ്റൽ സംവിധാനമുണ്ടായിരുന്ന ആദ്യ സർവകലാശാല- നളന്ദ
6605. പൂർവദേശത്തെ ആറ്റില എന്നു വിശേഷിപ്പിക്കപ്പെട്ടത്- മിഹിരാകുലൻ
6606. പുരാതന ഒളിമ്പിക്സിലെ ആദ്യ വിജയി- കൊറോബസ്
6607. വാസ്കോ ഡ ഗാമയെ ആദ്യം സംസ്കരിച്ച സെന്റ് ഫ്രാൻസിസ് പള്ളി എവിടെയാണ്- ഫോർട്ട് കൊച്ചി
6608. വാണിജ്യപരമായി ഏറ്റവും പ്രാധാന്യമുള്ള സമുദ്രം-അത്‌ലാന്റിക് സമുദ്രം
6609. ഇന്ത്യയിലെ ഏറ്റവും വലിയ ന്യൂനപക്ഷ മതവിഭാഗം- മുസ്ലിം
6610. നിതാന്ത ഹരിതാഭയുടെ നാട് എന്നറിയപ്പെടുന്നത്- നേറ്റാൾ
6611. നിത്യനഗരം എന്നറിയപ്പെടുന്നത്- റോം
6612. പരശുറാം എക്സ്പ്രസ് എതെല്ലാം സ്ഥലങ്ങൾക്കിയിൽ ഓടുന്നു - നാഗർകോവിൽ-മംഗലാപുരം
6613. പരിസ്ഥിതി മലിനീകരണത്തിൻെറ അപകടങ്ങൾ വരച്ചുകാട്ടുന്ന റേച്ചൽ കാഴ്സൻെറ കൃതി- നിശബ്ദവസന്തം

ചോദ്യങ്ങൾ പലത് ഉത്തരം 41

- കേരളത്തിൽ പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ എത്ര
- തൊഴിലില്ലാത്തവർക്കും വൃദ്ധജനങ്ങൾക്കും രോഗബാധിതർക്കും സ്റ്റേറ്റ് അതിന്റെ സാമ്പത്തിക പരിധിയ്ക്കുള്ളിൽനിന്നുകൊണ്ട് കഴിയുന്ന സഹായം നൽകണം എന്ന് നിഷ്കർഷിക്കുന്ന ഭരണഘടനാ അനുച്ഛേദം ഏതാണ്
- സംസ്ഥാന പിഎസ്സി അംഗങ്ങളുടെ റിട്ടയർമെന്റ് പ്രായം 62 ആയി ഉയർത്തിയത് എത്രാമത് ഭരണഘടനാ ഭേദഗതിയിലൂടെയാണ്

6614. നീതിസാരം, വൈരാഗ്യശതകം എന്നിവ രചിച്ചതാര്- ഭർതൃഹരി
6615. നൂറു ബയണറ്റുകളെക്കാൾ ശക്തമാണ് നാലു പത്രങ്ങൾ എന്നു പറഞ്ഞത്- നെപ്പോളിയൻ
6616. അഹമ്മദാബാദിലെ അഭയഘട്ടിൽ അന്ത്യനിദ്ര കൊള്ളുന്ന ഇന്ത്യൻ പ്രധാനമന്ത്രി- മൊറാർജി ദേശായി
6617. നടനുള്ള ദേശീയ അവാർഡ് ആദ്യമായി നേടിയ മലയാളി- പി.ജെ.ആന്റണി
6618. ഇന്ത്യൻ ഭരണഘടനയുടെ എത്രാമത്തെ പട്ടികയിലാണ് രാഷ്ട്രപതി, ഉപരാഷ്ട്രപതി, ഗവർണർമാർ മുതലായവരെപ്പറ്റി പ്രതിപാദിക്കുന്നത്- രണ്ടാം പട്ടികയിൽ
6619. മാനവിക്രമദേവൻ സാമൂതിരിയുടെ സദസ്സിനെ അലങ്കരിച്ചിരുന്ന പതിനെട്ടരക്കവികളിൽ അരക്കവി എന്നറിയപ്പെട്ടത്- പുനം നമ്പൂതിരി
6620. ഏതു രാജ്യത്തിനുള്ളിലാണ് സാൻമാരിനോ എന്ന രാജ്യം സ്ഥിതി ചെയ്യുന്നത് -ഇറ്റലി
6621. ഏതു സർവകലാശാലയുടെ ആസ്ഥാനമാണ് തേഞ്ഞിപ്പലത്ത് സ്ഥിതിചെയ്യുന്നത് - കാലിക്കറ്റ്
6622. തുമ്പ റോക്കറ്റ് ലോഞ്ചിങ് സ്റ്റേഷൻ പ്രവർത്തനമാരംഭിച്ച വർഷം - 1963
6623. ഏതു ഗുപ്തരാജാവിന്റെ സദസ്സിനെയാണ് നവരത്നങ്ങൾ അലങ്കരിച്ചിരുന്നത്- വിക്രമാദിത്യൻ (ചന്ദ്രഗുപ്തൻ രണ്ടാമൻ)
6624. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദേശീയോദ്യാനങ്ങളുള്ള സംസ്ഥാനം- മധ്യപ്രദേശ്
6625. ഓൾ ഇന്ത്യാ കിസാൻ സഭയുടെ ആദ്യത്തെ പ്രസിഡന്റ്- സഹജാനന്ദ് സരസ്വതി
6626. റഷ്യൻ ജനസംഖ്യയുടെ ഭൂരിഭാഗവും ഏത് വൻകരയിലാണ്- യൂറോപ്പ്
6627. മാനവരാശിയുടെ വികാസത്തിനു കാരണമായ പ്രധാന കണ്ടുപിടിത്തം- ചക്രം
6628. ഇന്ത്യയിൽ പിൻകോഡ് സംവിധാനം നിലവിൽ വന്ന വർഷം- 1972
6629. ഒളിമ്പിക്സിൽ അത്‌ലറ്റിക്സിൽ നാലു സ്വർണം നേടിയ ആദ്യത്തെ അമേരിക്കക്കാരൻ- ജെസ്സി ഓവൻസ്
6630. ഫ്രാൻസിൻെറ ആണവപരീക്ഷണകേന്ദ്രം- മുറുറോ അറ്റോൾ
6631. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേന്ദ്ര ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം- മുംബൈ
6632. നട്ടെല്ലുള്ള ജീവികളിൽ ഏറ്റവും വലുത്- നീലത്തിമിംഗിലം
6633. ഇന്ത്യയിൽ ആദ്യത്തെ ഓൺലൈൻ ബാങ്കിങ് സ്ഥാപനം - എച്ച്.ഡി.എഫ്.സി.
6634. നവോത്ഥാനം ആരംഭിച്ച രാജ്യം- ഇറ്റലി
6635. റിസർവ് ബാങ്ക് ഗവർണറായ ശേഷം പ്രധാനമന്ത്രിയായ ആദ്യ വ്യക്തി- മൻമോഹൻ സിംഗ്
6636. ഉറുമ്പുകളില്ലാത്ത വൻകര-അന്റാർട്ടിക്ക
6637. നടരാജക്ഷേത്രം എവിടെയാണ്-ചിദംബരം
6638. ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മാഗ്നാകാർട്ട എന്നറിയപ്പെട്ട ശിപാർശ ആരുടേതായിരുന്നു- മെക്കാളെ പ്രഭു
6639. നവോത്ഥാന ചിന്തയുടെ മുഖ്യസ്വഭാവം- മാനവികത
6640. ഉജ്ജയിനി തലസ്ഥാനമാക്കിയ ഗുപ്തരാജാവ്- ചന്ദ്രഗുപ്തൻ രണ്ടാമൻ
6641. മാതൃഭൂമി പത്രത്തിന്റെ ആദ്യ പത്രാധിപർ- കെ.പി.കേശവമേനോൻ
6642. അലക്സാണ്ട്രിയ നഗരം ഏതു നദീതീരത്താണ്- നൈൽ

6643. റിബോഫ്ളാവിൻ ഏതു വിറ്റാമിന്റെ രാസനാമം- വിറ്റാമിൻ ബി-2
6644. മലയാളമനോരമ കമ്പനി സ്ഥാപിതമായത് ഏത് വർഷത്തിൽ- എ.ഡി.1888
6645. യുനെസ്കോ ലോക പൈതൃകമായി അംഗീകരിച്ച ഭിംഭേട്ക ഗുഹകൾ ഏതു സംസ്ഥാനത്താണ്- മധ്യപ്രദേശ്
6646. തിരു-കൊച്ചിയിലെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭയ്ക്കു നേതൃത്വം നൽകിയത്- എ.ജെ.ജോൺ
6647. ഉപ്പു സത്യാഗ്രഹത്തിന് ഗാന്ധിജിയെ അറസ്റ്റു ചെയ്യപ്പെട്ടപ്പോൾ അടയ്ക്കപ്പെട്ട ജയിൽ- യെർവാദ
6648. റബ്ബറിന്റെ ലായകം- ബെൻസീൻ
6649. ചന്ദ്രഗുപ്ത മൗര്യൻെറ കാലത്തെ ഗ്രീക്ക് അംബാസഡർ- മെഗസ്തനീസ്
6650. ചട്ടമ്പിസ്വാമികളുടെ ജനനം ഏത് വർഷത്തിൽ- എ.ഡി.1853
6651. ഉപ്പു സത്യാഗ്രഹത്തിൽ ഗാന്ധിജിയ്ക്കൊപ്പം പങ്കെടുത്ത സന്നദ്ധഭടൻമാരുടെ എണ്ണം-78
6652. ജാർഖണ്ഡിലെ രാഖ ഖനിയിൽനിന്ന് ലഭിക്കുന്ന ലോഹം- ചെമ്പ്
6653. ദ നൈറ്റ് കഫേ ആരുടെ പെയിന്റിംഗാണ്- വാൻഗോഗ്
6654. ഏതു മുഗൾ ചക്രവർത്തിയുടെ കാലത്താണ് അലഹാബാദ് നഗരത്തിന് ആ പേരു ലഭിച്ചത്- അക്ബർ
6655. ഇന്ത്യ ഇന്ത്യക്കാർക്ക് എന്ന ആഹ്വാനം ആദ്യമായി മുഴക്കിയത്- ദയാനന്ദ് സരസ്വതി
6656. കേരള മുഖ്യമന്ത്രിമാരിൽ കാലാവധി പൂർത്തിയാക്കിയ ആദ്യത്തെ വ്യക്തി- സി.അച്യുതമേനോൻ
6657. ആദ്യമായി പാർലമെന്റ് നിലവിൽവന്ന ഗൾഫ് രാജ്യം- കുവൈറ്റ്
6658. ഉപ്പു സത്യാഗ്രഹം നടന്ന വർഷം- 1930
6659. ചന്ദ്രയാൻ വിക്ഷേപിച്ച വർഷം- 2008 ഒക്ടോബർ 22
6660. ചട്ടമ്പിസ്വാമികൾക്ക് ജ്ഞാനോദയം ലഭിച്ച സ്ഥലം- വടിവിശ്വരം
6661. റിഹണ്ട് ജലവൈദ്യുതപദ്ധതി ഏതു സംസ്ഥാനത്ത്- ഉത്തർ പ്രദേശ്
6662. ജീവകം കെയുടെ രാസനാമം- ഫില്ലോക്വിനോൺ
6663. റിയോ ഡി ജനീറോ ഏത് രാജ്യത്താണ്- ബ്രസീൽ
6664. മെർഡേക്ക കപ്പ് ഫുട്ബോൾ മത്സരം നടക്കുന്ന രാജ്യം- മലേഷ്യ
6665. റബ്ബറിന്റെ അടിസ്ഥാന ഘടകം- ഐസോപ്രീൻ
6666. മൊബൈൽ പോർട്ടബിലിറ്റി നിലവിൽവന്ന ആദ്യ സംസ്ഥാനം - ഹരിയാന
6667. ഐഎസ്ആർഒ ചെയർമാനായ ആദ്യ മലയാളി- എംജികെ മേനോൻ
6668. വെട്ടത്തുസമ്പ്രദായം ഏത് കലാരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു- കഥകളി
6669. ടെസ്റ്റ് ക്രിക്കറ്റിലെ ഏറ്റവും ഉയർന്ന ബാറ്റിംഗ് ശരാശരിക്കുടമയായ ഡൊണാൾഡ് ബ്രാഡ്മാൻ ഏത് രാജ്യക്കാരനാണ്- ഓസ്ട്രേലിയ
6670. ടെസ്റ്റ് ക്രിക്കറ്റ് കളിക്കുന്ന എല്ലാ രാജ്യങ്ങളിലും സെഞ്ചറി നേടിയ ആദ്യ ക്രിക്കറ്റർ- രാഹുൽ ദ്രാവിഡ്
6671. മാർജാരകുടുംബത്തിൽ കൂട്ടമായി ജീവിക്കുന്ന മൃഗം- സിംഹം
6672. മൈസൂരിലെ ശ്രാവണബലഗോള എന്ന സ്ഥലത്ത് ജൈനസന്യാസിയായി അവസാനകാലം കഴിച്ചുകൂട്ടിയ മൗര്യ ചക്രവർത്തി- ചന്ദ്രഗുപ്തമൗര്യൻ
6673. ലൈല മജ്നു എന്ന ഗ്രന്ഥത്തിന്റെ കർത്താവ്- അമീർ ഖുസ്രു
6674. റോക്കീസ് മലനിരകൾ ഏത് വൻകരയിലാണ്-വടക്കേ അമേരിക്ക
6675. ആദ്യത്തെ കൃത്രിമ റബ്ബർ- നിയോപ്രീൻ
6676. ജർമനിയിൽ ബെർലിൻ മതിൽ നിർമാണം തുടങ്ങിയത് ഏത് അമേരിക്കൻ പ്രസിഡന്റിന്റെ കാലത്താണ്-ജോൺ എഫ്. കെന്നഡി
6677. ജർമൻ സിൽവറിൽ ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്ന ഘടക ലോഹം- ചെമ്പ്
6678. ജയക്വാടി പദ്ധതി ഏത് നദിയിലാണ് -ഗോദാവരി
6679. ഏതു രാജാവിന്റെ കാലത്താണ് തിരുവിതാംകൂറും മദ്രാസ് സംസ്ഥാനവുമായി മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച കരാറിൽ ഏർപ്പെട്ടത്- ശ്രീമൂലം തിരുനാൾ
6680. മഹാരാഷ്ട്രയിൽ കുംഭമേള നടക്കുന്ന സ്ഥലം- നാസിക്

CONFUSING FACTS

- മുസ്ലിങ്ങൾക്ക് ഒരു പ്രത്യേക പ്രവിശ്യ എന്ന ആശയം ആദ്യമായി മുന്നോട്ടുവെച്ചത് മുഹമ്മദ് ഇക്ബാൽ ആണ്. പാകിസ്താൻ എന്ന വാക്ക് രൂപവത്കരിച്ചത് റഹ്മത്ത് അലിയാണ്.
- കൊച്ചി കപ്പൽനിർമാണശാലയുമായി സഹകരിച്ച രാജ്യം ജപ്പാനാണ്. കൊച്ചി എണ്ണശുദ്ധീകരണശാലയുമായി സഹകരിച്ച അമേരിക്കൻ കമ്പനിയാണ് Phillips Petroleum Company.
- തൈറോക്സിൻ എന്ന ഹോർമോണിന്റെ കുറവ് കുറവ് കുട്ടികളിൽ ക്രെട്ടിനിസം എന്ന രോഗവും മുതിർന്നവരിൽ മിക്സഡിമ എന്ന രോഗവും ഉണ്ടാക്കുന്നു.

6681. മുത്തുസാമിദീക്ഷിതരുടെ പിതാവ് രാമസ്വാമി ദീക്ഷിതർ രൂപം നൽകിയ പ്രശസ്തരാഗം- ഹംസധ്വനി
6682. അജന്താ ഗുഹകൾ കണ്ടെത്തിയ വർഷം- 1819
6683. ഇബദത്ഖാന പണികഴിപ്പിച്ചത്- അക്ബർ
6684. ആധുനിക തിരുവിതാംകൂറിന്റെ ശില്പി- മാർത്താണ്ഡവർമ
6685. ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ ഇന്റർനെറ്റ് പ്രൊവൈഡർ- സത്യം ഇൻഫോവേ
6686. ടെലസ്കോപ്പ് കണ്ടുപിടിച്ചത്- ഗലീലിയോ
6687. ടെലിവിഷനിലെ പ്രാഥമിക നിറങ്ങൾ- ചുവപ്പ്,പച്ച,നീല
6688. ആന്ത്രാക്സിനു കാരണമായ അണുജീവി- ബാക്ടീരിയ
6689. യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ആസ്ഥാനം- മുബൈ
6690. സ്വതന്ത്ര ഇന്ത്യയിലെ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ വ്യക്തി- മഹാത്മാഗാന്ധി
6691. കേരളത്തിന്റെ വടക്കേയറ്റത്തെ നദി- മഞ്ചേശ്വരം പുഴ
6692. നൊബേൽ അക്കാദമി എവിടെയാണ്- സ്വീഡൻ
6693. ഉറക്കത്തിന്റെ ചതുപ്പ് (മാർഷ് ഓഫ് സ്ലീപ്പ്) എവിടെയാണ്-ചന്ദ്രൻ
6694. ഇന്ത്യയിലെ ഏറ്റവും വലിയ തുറമുഖം- മുംബൈ
6695. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ ജനറൽ സെക്രട്ടറി- എ.ഒ.ഹ്യൂം
6696. ഉമയമ്മറാണി വേണാട്ടിലെ ആദ്യ വനിതാഭരണാധികാരിയായത് ഏത് വർഷത്തിൽ- എ.ഡി.1678-84
6697. ഷെവർലെ എന്ന പേരുമായി ബന്ധപ്പെട്ട ഉത്പന്നം - ഓട്ടോമൊബൈൽസ്
6698. ആദ്യമായി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയതാര്- ആർ.എച്ച്.ലാലർ
6699. ഇന്ത്യയിലെ ഏറ്റവും വലിയ ജയിൽ- തിഹാർ
6700. ഐക്യരാഷ്ട്രസഭയിലെ ഏറ്റവും വിസതീർണം കുറഞ്ഞ അംഗരാജ്യം- മൊണാക്കോ
6701. റാണി ഗൗരി പാർവതിഭായി തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കിയത് ഏത് വർഷത്തിൽ- എ.ഡി.1817
6702. സത്യമേവ ജയതേ എന്നത് ഏതുപനിഷത്തിൽ നിന്നാണ് എടുത്തിട്ടുള്ളത്- മുണ്ഡകോപനിഷത്ത്
6703. സുരസാഗരം രചിച്ചത്- സൂർദാസ്
6704. കേരളത്തിൽ നിലനിന്നിരുന്ന മരുമക്കത്തായ ദായക്രമത്തെക്കുറിച്ച് പരാമർശിച്ച പ്രഥമ വിദേശ സഞ്ചാരി- ഫ്രയർ ജോർഡാനസ്
6705. വൈസ്റീഗൽ ലോഡ്ജ് എവിടെയായിരുന്നു-ഷിംല
6706. കേരള നിയമസഭയുടെ ചരിത്രത്തിൽ അവിശ്വാസ പ്രമേയത്തിനു നോട്ടീസ് നൽകിയ ആദ്യ അംഗം- സി.ജി. ജനാർദ്ദനൻ
6707. ലൈസിയം എന്ന വിദ്യാലയം സ്ഥാപിച്ചത്- അരിസ്റ്റോട്ടിൽ
6708. കേരളത്തിൽ പദവിയിലിരിക്കെ അന്തരിച്ച ആദ്യ കേരള ഗവർണർ- സിക്കന്ദർ ഭക്ത്
6709. ലോകത്തിലെ ഏറ്റവും വലിയ ലാൻഡ് ലോക്ക്ഡ് (കരബന്ധിത) രാജ്യം- കസഖ്സ്ഥാൻ
6710. കേരളത്തിലെ ആദ്യത്തെ മനുഷ്യനിർമിത ദ്വീപ്- വെല്ലിങ്ടൺ
6711. ലോകത്തെ ഏറ്റവും ജനസാന്ദ്രത കുറഞ്ഞ രാജ്യം- മംഗോളിയ
6712. ദത്തവകാശ നിരോധന നിയമപ്രകാരം ബ്രിട്ടീഷ് ഇന്ത്യയോടു ചേർത്ത ആദ്യ നാട്ടുരാജ്യം- സത്താറ

6713. ഏതു രാജ്യത്തിൽനിന്നാണ് 1827-ൽ ഗ്രീസ് സ്വാതന്ത്ര്യം നേടിയത്- തുർക്കി
6714. വൈകാരികതയോടെ കണ്ണുനീർ പൊഴിക്കുന്ന ഏക ജീവി-മനുഷ്യൻ
6715. തിരുവിതാംകൂറും ഡച്ചുകാരുമായി മാവേലിക്കര ഉടമ്പടി ഏത് വർഷത്തിൽ- എ.ഡി.1753
6716. ഷെർഷാ ചൗസ യുദ്ധത്തിൽ ഹുമയൂണിനെ പരാജയപ്പെടുത്തിയ വർഷം- 1539
6717. ഏതു ഭൂഖണ്ഡത്തിലാണ് എല്ലാ രാജ്യങ്ങളുടെയും മതം ക്രിസ്തുമതം- വടക്കേ അമേരിക്ക
6718. ഗാന്ധിജി ആദ്യമായി കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്ത വർഷം - 1901
6719. കാളപ്പോര് ഏതുരാജ്യത്തെ ദേശീയ കായിക വിനോദമാണ്- സ്പെയിൻ
6720. ഏതു സംഭവത്തിൽ പ്രതിഷേധിക്കാനാണ് ഗാന്ധിജി കൈസർ-ഇ-ഹിന്ദ് തിരിച്ചുനൽകിയത്- ജാലിയൻവാലാബാഗ് കൂട്ടക്കൊല
6721. കൊഴുപ്പിൽ ലയിക്കുന്ന വിറ്റാമിനുകൾ- എ,ഡി, ഇ, കെ
6722. കേരളത്തിൽ സഹ്യന് കുറുകെയുള്ള ഏറ്റവും വലിയ ചുരം- പാലക്കാട് ചുരം
6723. കൊസവോ ഏതു രാജ്യത്തിൽനിന്നാണ് സ്വാതന്ത്ര്യം നേടിയത് - സെർബിയ
6724. അച്ചുതണ്ടിന് ഏറ്റവും കൂടുതൽ ചരിവുള്ള ഗ്രഹം-യുറാനസ്
6725. കൊടുങ്ങല്ലൂർ ക്ഷേത്രത്തിലെ പ്രധാന ഉൽസവം- ഭരണി
6726. ഇന്ത്യയിൽ വനമഹോൽസവം ആരംഭിച്ചത്- കെ.എം.മുൻഷി
6727. ആഗ്ര കോട്ട നിർമിച്ച മുഗൾ ചക്രവർത്തി- അക്ബർ
6728. കേരളത്തിൽ ഏറ്റവും കൂടുതൽ കാസ്റ്റിങ് വോട്ട് പ്രയോഗിച്ച സ്പീക്കർ- എ.സി.ജോസ്
6729. കെയ്ബുൾലാംജാവോദേശീയോദ്യാനംഏതുസംസ്ഥാനത്താണ് - മണിപ്പൂർ
6730. മാഗ്നറ്റൈറ്റ് ഏതിന്റെ അയിരാണ്- ഇരുമ്പ്
6731. സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ആദ്യ മലയാളി- കെ.ജി. ബാലകൃഷ്ണൻ
6732. ജയ്ഹിന്ദ് എന്ന മുദ്രാവാക്യം ഇന്ത്യയ്ക്ക് സമ്മാനിച്ച സ്വാതന്ത്ര്യ സമരസേനാനി- സുഭാഷ് ചന്ദ്രബോസ്
6733. ബെൻസീൻ കണ്ടുപിടിച്ചത്- മൈക്കൽ ഫാരഡേ
6734. തിരഞ്ഞെടുപ്പുകേസിൽ ഇന്ത്യയിലാദ്യമായി ജയമുണ്ടായതാർക്ക് - ടി.എ.രാമചന്ദ്രയ്യർ(1945)
6735. ഏതു മതത്തിന്റെ വിഭാഗങ്ങളാണ് ശ്വേതംബരൻമാരും ദിഗംബരൻമാരും- ജൈനമതം
6736. വൈക്കം സത്യഗ്രഹത്തിന്റെ സൂത്രധാരൻ എന്നറിയപ്പെടുന്നത് - ടി കെ മാധവൻ
6737. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മൈക്ക ഉൽപാദിപ്പിക്കുന്ന സംസ്ഥാനം- ജാർഖണ്ഡ്
6738. കൊക്കോ ഉൽപാദനത്തിലും കയറ്റുമതിയിലും ലോകത്ത് ഒന്നാം സ്ഥാനം ഏതു രാജ്യത്തിനാണ് -കോറ്റ്- ഡീ ഐവോർ
6739. കൊണാർക്കിലെ സൂര്യക്ഷേത്രം നിർമിച്ചത്- നരസിംഹദേവൻ
6740. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ പ്രസിഡന്റ് - ഡബ്ല്യു.സി.ബാനർജി
6741. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ വനിതാപ്രസിഡന്റ്- ആനി ബസന്റ്
6742. വെടിയുണ്ടയേക്കാൾ ശക്തമാണ് ബാലറ്റ് എന്ന് പറഞ്ഞത്- എബ്രഹാം ലിങ്കൺ
6743. കൊച്ചിയെ ഭരണഘടനാ നിർമാണസഭയിൽ പ്രതിനിധാനം ചെയ്ത ഏക മലയാളി- പനമ്പിള്ളി ഗോവിന്ദമേനോൻ
6744. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ യഥാർഥപേര്- വാസുദേവൻ
6745. ഏറ്റവും ജനസംഖ്യ കുറഞ്ഞ രാജ്യം - വത്തിക്കാൻ
6746. കേരളത്തിൽ ഉപ്പു സത്യാഗ്രഹത്തിനു നേതൃത്വം നൽകിയത്- കെ.കേളപ്പൻ
6747. ഒന്നാം ലോകമഹായുദ്ധത്തിൽ വീരമൃത്യു വരിച്ച ഇന്ത്യൻ ജവാൻമാരുടെ ഓർമയ്ക്കായി ഉണ്ടാക്കിയ സ്മാരകം- ഇന്ത്യാഗേറ്റ്
6748. ലാഹോർ ഗൂഢാലോചനക്കേസിലെ മുഖ്യപ്രതി ഭഗത് സിങ്
6749. ലക്ഷദ്വീപ് ഗ്രൂപ്പിലെ ഏറ്റവും വിസ്തീർണം കൂടിയ ദ്വീപ്- ആന്ത്രോത്ത്
6750. ഒന്നാം ലോക്സഭയിൽ കോൺഗ്രസ് പാർട്ടി നേടിയ സീറ്റുകൾ- 364

ചോദ്യങ്ങൾ പലത് ഉത്തരം 42

- ഗദ്ദാഫി എത്ര വർഷമാണ് ലിബിയ ഭരിച്ചത്
- ഇന്ത്യൻ ഭരണഘടനയുടെ ഏറ്റവും വലിയ ഭേദഗതി എത്രാമത്തേതാണ്
- ഡൽഹിയിലെ ഇന്ത്യാ ഗേറ്റിന്റെ ഉയരം എത്ര മീറ്ററാണ്
- മഹാവീരൻ എത്രാമത്തെ വയസ്സിലാണ് കൈവല്യം (ദിവ്യജ്ഞാനം) നേടിയത്
- വനത്തിന്റെയും വന്യജീവികളുടെയും സംരക്ഷണം നിർദ്ദേശകതത്ത്വങ്ങളിൽ ഉൾപ്പെടുത്തിയത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ്
- എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് ആമുഖം ഭേദഗതി ചെയ്തത്
- ലോക്സഭയുടെ കാലാവധി ആറു വർഷമായി ഉയർത്തിയത് എത്രാമത്തെ ഭരണഘടന ഭേദഗതിയിലൂടെയാണ്
- സൗജന്യ നിയമസഹായം നിർദ്ദേശക തത്ത്വങ്ങളുടെ ഭാഗമാക്കിയ ഭരണഘടന ഭേദഗതി ഏതാണ്
- മിനി കോൺസ്റ്റിറ്റ്യൂഷൻ എന്നറിയപ്പെടുന്ന ഭരണഘടനാ ഭേദഗതി എത്രാമത്തേതാണ്
- ഭരണഘടനയുടെ എത്രാമത്തെ ഭേദഗതിയിലൂടെയാണ് സോഷ്യലിസ്റ്റ്, സെക്കുലർ എന്നീ പദങ്ങൾ കൂട്ടിച്ചേർത്തത്
- ഒരു ബാരൽ ഓയിൽ എത്ര യുഎസ് ഗ്യാലൻ ആണ്
- എത്രാമത്തെ ഭരണഘടന ഭേദഗതിയിലൂടെയാണ് നിർദ്ദേശക തത്ത്വങ്ങൾക്ക് മൗലികാവകാശങ്ങളുടെ മേൽ മുൻഗണന നൽകിയത്
- മൗലിക കടമകളെ ഭരണഘടനയുടെ ഭാഗമാക്കിയത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ്

6751. ആരുടെ ആത്മകഥയാണ് ഓർമയുടെ ഓളങ്ങൾ - ജി.ശങ്കരക്കുറുപ്പ്
6752. 117 ദ്വീപുകൾ ചേർന്ന് രൂപംകൊണ്ട യൂറോപ്യൻ നഗരം- വെനീസ്
6753. ബെൻഹർ എന്ന പുസ്തകം രചിച്ചത്- ലൂയിസ് വാലസ്
6754. ജലത്തിൽ ഹൈഡ്രജന്റെയും ഓക്സിജന്റെയും അനുപാതം ഭാരത്തിന്റെ അടിസ്ഥാനത്തിൽ- 2:16
6755. കൊടുങ്കാറ്റുകളുടെ സമുദ്രം എവിടെയാണ്-ചന്ദ്രൻ
6756. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപവൽക്കരണസമയത്ത് വൈസ്രോയിയായിരുന്നത്- ഡഫറിൻ പ്രഭു
6757. ടെസ്റ്റ് ക്രിക്കറ്റ് ചരിത്രത്തിലെ ആദ്യ സെഞ്ചറി നേടിയതാര്- ചാൾസ് ബെന്നർമാൻ (ഓസ്ട്രേലിയ)
6758. സൈന്യത്തിലെ കുതിരകൾക്ക് ചാപ്പ കുത്തുന്ന സമ്പ്രദായം നടപ്പിലാക്കിയ ആദ്യ ഡെൽഹി സുൽത്താൻ- അലാവുദ്ദീൻ ഖിൽജി
6759. ജൈവ കൃഷിയുടെ ഉപജ്ഞാതാവ്- സർ ആൽബർട്ട് ഹോവാർഡ്
6760. പേഴ്സണൽ കംപ്യൂട്ടറിന്റെ പിതാവ്- ഹെൻറി എഡ്വേർഡ് റോബർട്സ്
6761. പോസ്റ്റൽകോഡ് സംവിധാനം നിലവിൽവന്ന ആദ്യ രാജ്യം- ജർമനി
6762. ഇന്ത്യാ ഗവൺമെന്റ് ജനസംഖ്യാനയം പ്രഖ്യാപിച്ച വർഷം- 1976
6763. ദക്ഷിണേന്ത്യൻ നദികളിൽ ഏറ്റവും വലിയ തടപ്രദേശമുള്ളത് - ഗോദാവരി
6764. ദക്ഷിണേന്ത്യൻ സംസ്ഥാനത്തിൽ മുഖ്യമന്ത്രിയായ ആദ്യവനിത- ജാനകി രാമചന്ദ്രൻ
6765. ഏതു സംഘടനയ്ക്കാണ് തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രം സമർപ്പിച്ചിരിക്കുന്നത്- ഐക്യരാഷ്ട്രസംഘടന
6766. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ തടാകം- കൊല്ലേരു
6767. ചന്ദ്രഗുപ്തമൗര്യന് രാജ്യതന്ത്രത്തിൽ ഉപദേശം നൽകിയിരുന്നത് ആര്- ചാണക്യൻ
6769. സംസ്ഥാന പി.എസ്.സി. ചെയർമാനെ നിയമിക്കുന്നതാര്- ഗവർണർ

6770. കേരളത്തിലെ ആദ്യത്തെ ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കു നേതൃത്വം നൽകിയത്- ജോസ് ചാക്കോ പെരിയപ്പുറം
6771. നൊബേൽ സമ്മാനത്തിനർഹനായശേഷം ഭാരതരത്നം നേടിയ ആദ്യ വ്യക്തി- സി.വി.രാമൻ
6772. ആരുടെ കേസ് വാദിക്കാനാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ പോയത്- സേട്ട് അബ്ദുള്ള
6773. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വർത്തമാന പത്രങ്ങൾ ഉള്ള സംസ്ഥാനം- ഉത്തർ പ്രദേശ്
6774. ബ്രിട്ടീഷ് സർക്കാരിന്റെ ഔദ്യോഗികരേഖയുടെ പേര്- നീല പുസ്തകം
6775. എവിടെയാണ് നാമദേവൻ ഭക്തിപ്രസ്ഥാനം പ്രചരിപ്പിച്ചത്- മഹാരാഷ്ട്ര
6776. എവിടെയാണ് പഞ്ചായത്തീരാജിനു തുടക്കം കുറിച്ചത്- നാഗൂർ (രാജസ്ഥാൻ)
6777. ഇന്ത്യയിലെ ഏറ്റവും വലിയ തൂക്കുപാലം- ഹൗറ പാലം (രബീന്ദ്ര സേതു)
6778. ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് എവിടെയാണ്- കൊയിലാണ്ടി
6779. ഉപ്പുരസം ഏറ്റവും കൂടുതലുള്ള സമുദ്രം- ചാവുകടൽ
6780. രാജാജി നാഷണൽ പാർക്ക് ഏത് സംസ്ഥാനത്താണ്- ഉത്തരാഖണ്ഡ്
6781. ഉൾക്കടൽ ദ്വീപുകൾ എന്നുകൂടി പേരുള്ള ഇന്ത്യയിലെ കേന്ദ്രഭരണപ്രദേശം- ആന്തമാൻ നിക്കോബാർ
6782. ഉകായ് പദ്ധതി ഏതു നദിയിൽ- തപ്തി
6783. വംശവിവേചനത്തിന്റെ പേരിൽ ഇന്ത്യൻ സിവിൽ സർവീസിൽ നിന്ന് പുറത്താക്കപ്പെട്ട് സ്വാതന്ത്ര്യസമരസേനാനി -സുരേന്ദ്രനാഥ് ബാനർജി
6784. ഭൂഗോളത്തിൽ ഏറ്റവും വടക്കായി സ്ഥിതിചെയ്യുന്ന തലസ്ഥാന നഗരം- റെയ്ക്ജാവിക്
6785. ഭൂമധ്യരേഖയും പൂജ്യം ഡിഗ്രി രേഖാംശവും (ഗ്രീനിച്ച രേഖ) തമ്മിൽ കൂട്ടിമുട്ടുന്നതിന് ഏറ്റവുമടുത്തു സ്ഥിതി ചെയ്യുന്ന തലസ്ഥാന നഗരം- അക്ര
6786. ആർ.എസ്.എസ്.-ന്റെ സ്ഥാപകൻ- കേശവ്റാവു ഹെഡ്ഗേവാർ
6787. റൂൾസ് കമ്മിറ്റിയുടെ എക്സ് ഒഫീഷ്യോ അധ്യക്ഷനാര്-സ്പീക്കർ
6788. ആർ.ഡി.എക്സ്-എന്നതിന്റെ പൂർണരൂപം- റിസർച്ച് ഡിപ്പാർട്ട്മെന്റ് എക്സ്പ്ലോസീവ്
6789. റൂർക്കേല സ്റ്റീൽ പ്ളാന്റിന്റെ നിർമാണത്തിൽ സഹകരിച്ച രാജ്യം - ജർമനി
6790. ഇന്ത്യയിൽ പോർച്ചുഗീസ് സാമ്രാജ്യം സ്ഥാപിച്ചത്- അൽബുക്കർക്ക്
6791. റൂസ്സോ ഏതു രാജ്യത്താണ് ജനിച്ചത്- സ്വിറ്റ്സർലൻഡ്
6792. ആയിരം കുന്നുകളുടെ നാട്- റുവാണ്ട
6793. ഏഴുമലകളുടെ നാട് -ജോർദാൻ
6794. ഭൂമിയുടെ അപരൻ എന്നറിയപ്പെടുന്നത് - ടൈറ്റൻ
6795. ആഫ്രിക്കയുടെ നിലച്ച ഹൃദയം എന്നു വിശേഷിപ്പിക്കപ്പെടുന്ന രാജ്യം- ചാഡ്
6796. ഒളിമ്പിക്സിൽ ഇന്ത്യൻ ടീമിനെ നയിച്ച ആദ്യ മലയാളി(ഇന്ത്യനും) വനിത- ഷൈനി വിൽസൺ(1992, ബാഴ്സലോണ)

കേരളത്തിലെ ആദ്യത്തെ മെഡിക്കൽ കോളേജ്- തിരുവനന്തപുരം

യുക്തി പ്രയോഗിച്ചാൽ തെറ്റിപ്പോയേക്കാവുന്നവ

- ഗിനിപ്പന്നിയ്ക്ക് (Guinea Pig) പന്നിവർഗവുമായി ബന്ധമില്ല. ഇത് എലി ഉൾപ്പെടുന്ന rodent എന്ന വിഭാഗത്തിലെ അംഗമാണ്.
- ഈജിപ്തിന്റെ ദേശീയ പുഷ്പമായ Egyptian Lotus ഒരിനം water-lily (ആമ്പൽ) ആണ്.
- ഒരാളെ completely sealed ആയ മുറിയിൽ പൂട്ടിയിട്ടാൽ മരണം സംഭവിക്കുന്നത് ഓക്സിജൻ ലഭിക്കാത്ത തുമൂലമായിരിക്കില്ല, carbon dioxide poisoning കാരണമായിരിക്കും.
- രണ്ടുകണ്ണുകളിൽ ഒന്നു നഷ്ടപ്പെട്ടാൽ കാഴ്ചയുടെ രണ്ടിലൊന്നല്ല, അഞ്ചിലൊന്നേ നഷ്ടമാകൂ.
- കാലങ്കോഴി എന്ന് വിളിക്കുന്നത് മൂങ്ങയെയാണ്.

6797. വളത്തിന്റെ ഉപയോഗത്തിൽ ഏറ്റവും മുന്നിലുള്ള (പ്രതിശീർഷ) സംസ്ഥാനം- പഞ്ചാബ്
6798. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള അമേരിക്കൻ സ്റ്റേറ്റ്- കാലിഫോർണിയ
6799. ഒളിമ്പിക് മെഡൽനേടിയ ആദ്യത്തെ ഇന്ത്യക്കാരി- കർണം മല്ലേശ്വരി
6800. ഹോപ്കിൻ ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്-മുംബൈ
6801. ഒളിമ്പിക്സിനു വേദിയായ ആദ്യ ഏഷ്യൻ നഗരം- ടോക്കിയോ (1964)
6802. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വൻകര-ഏഷ്യ
6803. ഏറ്റവും പഴക്കമുള്ള വിമാന സർവീസ്- കെഎൽഎം (നെതർലൻഡ്സ്)
6804. ആഫ്രിക്കയുടെ ഹൃദയം എന്നറിയപ്പെടുന്ന രാജ്യം -ബുറുണ്ടി
6805. കേരളത്തിലെ ഏറ്റവും വടക്കേയറ്റത്തെ ബ്ലോക്ക് പഞ്ചായത്ത്- മഞ്ചേശ്വരം
6806. ദക്ഷിണകാശിയെന്നറിയപ്പെടുന്നത്- രാമേശ്വരം
6807. ഏറ്റവും പഴക്കംചെന്ന ഫെഡറൽ സംവിധാനമുള്ളത് -യു.എസ്.എ.
6808. തുർക്കിയുടെ ഏഷ്യൻ ഭാഗമാണ് -ഏഷ്യാമൈനർ
6809. ഈജിപ്തിന്റെ ഏഷ്യൻ ഭാഗം- സിനായ് ഉപദ്വീപ്
6810. ഇമയവരമ്പൻ എന്ന സ്ഥാനപ്പേരുണ്ടായിരുന്ന ചേരരാജാവ് -നെടുംചേരലാതൻ
6811. ഇന്ത്യയിലെ ആദ്യത്തെ വധിക്കപ്പെട്ട മുഖ്യമന്ത്രി- ബിയാന്ത് സിങ്
6812. ഏറ്റവും പഴക്കമുള്ള തലസ്ഥാനം - ഡമാസ്കസ്
6813. ഇന്ത്യയിൽ ആദ്യമായി സ്വകാര്യവൽക്കരിക്കപ്പെട്ട ഷിയോനാഥ് പുഴ ഏതു സംസ്ഥാനത്താണ്- ഛത്തിസ്ഗഢ്
6814. ജൈനപണ്ഡിതനായ ഹേമചന്ദ്രൻ ആരുടെ സദസ്യനായിരുന്നു - ജയസിംഹസിദ്ധരാജ
6815. യാൾട്ട കോൺഫറൻസിൽ പങ്കെടുത്ത അമേരിക്കൻ പ്രസിഡന്റ് -ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റ്
6816. ഏതൊക്കെ രാജ്യങ്ങൾക്കിടയിലുള്ള അതിർത്തി രേഖയാണ് റാഡ്ക്ലിഫ് രേഖ- ഇന്ത്യയും പാകിസ്താനും
6817. യു.പി.എസ്.സി.സ്ഥാപിതമായ വർഷം- 1950
6818. ഇന്ത്യയിൽ രൂപയുടെ മുൻഗാമിക്കു തുടക്കമിട്ടത് ആരുടെ ഭരണകാലത്ത്- ഷെർഷ
6819. ഏറ്റവും പഴക്കമുള്ള പട്ടണം -ജെറിക്കോ
6820. ചന്ദ്രനെക്കുറിച്ചുള്ള പഠനം -സെലനോളജി
6821. സൂര്യനെക്കുറിച്ചുള്ള പഠനം- ഹീലിയോളജി
6822. സ്വതന്ത്രമായ ഒരു രാജ്യത്തെ പൂർണമായി ഉൾക്കൊള്ളുന്ന ഏറ്റവും വലിയ ദ്വീപ് -മഡഗാസ്കർ
6823. പേർഷ്യയിലെ അലക്സാണ്ടർ എന്നു വിശേഷിപ്പിക്കപ്പെട്ടത് -നാദിർ ഷാ
6824. ഭരണഘടനാ നിർമാണസഭയുടെ താത്കാലിക അധ്യക്ഷൻ- സച്ചിദാനന്ദ സിൻഹ
6825. പാകിസ്താനിലെ ഏറ്റവും വലിയ നദി-സിന്ധു
6826. അക്ഷരമാലാക്രമത്തിൽ ആദ്യ അമേരിക്കൻ സംസ്ഥാനം- അലബാമ

ചോദ്യങ്ങൾ പലത് ഉത്തരം 43

- ഭാരത രത്നം നേടിയ എത്രാമത്തെ വ്യക്തിയാണ് സച്ചിൻ ടെൻഡുൽക്കർ
- 1983-ലെ ലോകകപ്പ് ക്രിക്കറ്റ് ഇന്ത്യ വിജയിച്ചത് എത്ര റൺസിനാണ്
- കൃത്രിമമായി നിർമിച്ച ആദ്യ മൂലകമായ ടെക്നീഷ്യത്തിന്റെ അറ്റോമിക സംഖ്യ
- ഏറ്റവും കുറഞ്ഞ പ്രായത്തിൽ അമേരിക്കൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജോൺ എഫ് കെന്നഡി എത്രാം വയസ്സിലാണ് സ്ഥാനമേറ്റത്
- കുടിൽ വ്യവസായം പ്രോത്സാഹിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന ഭരണഘടനാ അനുച്ഛേദം ഏതാണ്
- മനുഷ്യശരീരത്തിൽ ആകെ എത്ര ജോടി നാഡികൾ ഉണ്ട്
- ക്രിക്കറ്റിൽ ഏറ്റവുമധികം പ്രാവശ്യം ഡക്ക് ആയിട്ടുള്ള കോട്നി വാൽഷ് എത്ര പ്രാവശ്യമാണ് അപ്രകാരം പുറത്തായിട്ടുള്ളത്

6827. ബംഗ്ലാദേശിന്റെ ദേശീയഗാനമായ അമർ സോനാർ ബംഗ്ള രചിച്ചത്- രബീന്ദ്രനാഥ് ടാഗൂർ
6828. ഏറ്റവും വലിയ പുരാണം -സ്കന്ദപുരാണം
6829. ഭൂമധ്യരേഖ കടന്നു പോകുന്ന ദ്വീപുകളിൽ ഏറ്റവും വിസ്തീർണം കൂടിയത്- ബോർണിയോ
6830. ഭൂവൽകത്തിൽ ഏറ്റവും കൂടുതലുള്ള ലോഹം- അലുമിനിയം
6831. ജാട്ട് സമുദായത്തിന്റെ പ്ലേറ്റോ എന്നറിയപ്പെട്ടത് -സൂരജ്മൽ
6832. ഭൂവല്കത്തിൽ ഏറ്റവും കൂടുതലുള്ള മൂലകം- ഓക്സിജൻ
6833. ഹിന്ദുമതത്തിലെ അക്വിനാസ് എന്നു വിശേഷിപ്പിക്കപ്പെട്ടത്- ശങ്കരാചാര്യർ
6834. നാലുസ്വാതന്ത്ര്യങ്ങളുടെ വക്താവായ അമേരിക്കൻ പ്രസിഡന്റ് -ഫ്രാങ്ക്ളിൻ ഡി റൂസ്വെൽറ്റ്
6835. ഹിന്ദുമതത്തിലെ കാൽവിൻ എന്നറിയപ്പെട്ടത് -ദയാനന്ദ സരസ്വതി
6836. ഇറ്റാലിയൻ ചാണക്യൻ എന്നറിയപ്പെടുന്നത് -മാക്യവെല്ലി
6837. നാട്ടുകാര്യങ്ങളിൽ അഭിപ്രായം പറയുംമുമ്പ് ഇന്ത്യ മുഴുവൻ സന്ദർശിക്കാൻ ഗാന്ധിജിയെ ഉപദേശിച്ചതാര്-ഗോപാലകൃഷ്ണ ഗോഖലെ
6838. കേരളത്തിലെ അശോകൻ എന്നു വിശേഷിപ്പിക്കപ്പെട്ടത് -വരഗുണൻ
6839. മാഹിഷ്മതിയിൽവച്ച് ശങ്കരാചാര്യർ വാദപ്രതിവാദത്തിൽ തോൽപിച്ച മീമാംസകൻ- മണ്ഡനമിശ്രൻ
6840. കേരളത്തിലെ ഏറ്റവും ചൂടുകൂടിയ സ്ഥലം- പുനലൂർ
6841. ദൗലത് ഖാൻ ലോദി ആരെയാണ് ഡൽഹി ആക്രമിക്കാൻ ക്ഷണിച്ചത്-ബാബർ
6842. ഫത്തേബാദ് നഗരത്തിന്റെ സ്ഥാപകൻ -ഫിറോസ് ഷാ തുഗ്ലക്
6843. ഇന്ത്യയിൽ മിക്സഡ് കോളനി സംവിധാനം ആവിഷ്കരിച്ച പോർച്ചുഗീസ് ഗവർണർ- അൽബുക്കർക്ക്
6844. കേരളത്തിലെ ഏക സ്പൈസ് പാർക്ക് എവിടെയാണ്- പുറ്റടി
6845. രാജീവ് ഗാന്ധി വധത്തിനു പിന്നിലെ സുരക്ഷാ പാളിച്ചയെക്കുറിച്ച് അന്വേഷിച്ചത് -ജയിൻ കമ്മീഷൻ
6846. ഇന്ത്യയിൽ ഗവർണർ ജനറലായവരിൽ ഏറ്റവും പ്രായം കുറഞ്ഞത്- ഡൽഹൗസി
6847. കോമൺവെൽത്തിൽനിന്ന് പുറത്താക്കപ്പെട്ട ആദ്യ രാജ്യം -ഫിജി
6848. നേപ്പാളിൽ എവറസ്റ്റ് സ്ഥിതിചെയ്യുന്ന ദേശീയോദ്യാനം -സഗർമാതാ നാഷണൽ പാർക്ക്
6849. വട്ടമേശസമ്മേളനകാലത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രി- റംസേ മക്ഡൊണാൾഡ്
6850. ബ്രിട്ടീഷ് ഇന്ത്യയിലെ ഗവർണർ ജനറൽമാരിൽ ഏറ്റവും കൂടുതൽകാലം പദവി വഹിച്ചത്- വാറൻ ഹേസ്റ്റിംഗ്സ്
6851. കേരളത്തിലെ ഒന്നാം നിയമസഭയിൽ എത്ര നിയോജകമണ്ഡലങ്ങളിലാണ് തിരഞ്ഞെടുപ്പ് നടന്നത്- 114
6852. പോർച്ചുഗീസുകാർ കേരളത്തിനു നൽകിയ ഏറ്റവും വലിയ സാംസ്കാരിക സംഭാവന- ചവിട്ടുനാടകം
6853. ദക്ഷിണാഫ്രിക്കയുടെ കറുത്ത വർഗക്കാരനായ ആദ്യ പ്രസിഡന്റ് (1994-1999)-നെൽസൺമണ്ടേല
6854. ബ്രിട്ടീഷ് ഇന്ത്യയിൽ ഏറ്റവും കൂടുതൽകാലം അധികാരത്തിൽ തുടർന്ന വൈസ്രോയി- ലിൻലിത്ഗോ പ്രഭു
6855. റോയൽ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ എന്നസംഘടന സ്ഥാപിച്ചത് -വാറൻ ഹേസ്റ്റിങ്സ്
6856. ഹൗസ് ഓഫ് ലോർഡ്സിൽ അംഗമായ ആദ്യ ഇന്ത്യക്കാരൻ -എസ്.പി.സിൻഹ
6857. ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് -രാജാറാം മോഹൻ റോയി
6858. നെപ്പോളിയനിക് യുദ്ധത്തിൽ ഒരു കൈ നഷ്ടമായശേഷം ഇന്ത്യയിലെ ഗവർണർ ജനറലായത് -ഹാർഡിഞ്ച് ഒന്നാമൻ
6859. ഒന്നാം ലോകമഹായുദ്ധത്തിൽ ഒരു കണ്ണു നഷ്ടപ്പെട്ടശേഷം ഇന്ത്യയുടെ വൈസ്രോയിയായത് -വേവൽ പ്രഭു
6860. ഭാരത് മാതാ സൊസൈറ്റി എന്ന വിപ്ലവ സംഘടനയുടെ സ്ഥാപകൻ- അജിത് സിങ്
6861. ഇന്ത്യൻ ദേശീയതയുടെ പിതാമഹൻ എന്നറിയപ്പെടുന്നത് -രാജ് നാരായൺ ബോസ്
6862. പോപ്പ് രാഷ്ട്രത്തലവനായിട്ടുള്ള രാജ്യം - വത്തിക്കാൻ
6863. കേരളത്തിലെ ഒന്നാം നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ ശതമാനം വോട്ടു നേടിയ പാർട്ടി- കോൺഗ്രസ്
6864. ആദ്യമായി ഒളിമ്പിക് നാളം ഏതു വർഷമാണ് തെളിയിച്ചത്- 1928 (ആംസ്റ്റർഡാം)
6865. ടിപ്പു സുൽത്താൻ തന്റെ അധീനതയിലുള്ള മലബാർ പ്രദേശങ്ങളുടെ ഭരണകേന്ദ്രമായിരുന്നത്- ഫറോക്ക്
6866. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പേർക്കു തൊഴിൽ നൽകുന്ന വ്യവസായം- ടെക്സ്റ്റൈൽസ്
6867. വൈക്കം മുഹമ്മദ് ബഷീറിന്റെ ആദ്യ നോവൽ- ബാല്യകാലസഖി
6868. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മേജർ തുറമുഖങ്ങളുള്ള സംസ്ഥാനമാണ് തമിഴ്നാട്. ഏതൊക്കെയാണവ -ചെന്നൈ, തൂത്തുക്കുടി,എണ്ണൂർ
6869. ലൈംഗിക ഹോർമോണുകളെ ഉൽപാദിപ്പിക്കുന്ന ഗ്രന്ഥി- ഗൊണാഡ് ഗ്രന്ഥി
6870. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തിയേറ്ററുകൾ ഉള്ള സംസ്ഥാനം- ആന്ധ്രാപ്രദേശ്
6871. ഗ്രാമീണ ബാങ്കുകളുടെ ശിൽപി എന്ന് അറിയപ്പെടുന്നതാര്- മുഹമ്മദ് യൂനൂസ്
6872. ഇന്ത്യയിൽ സ്റ്റോക്ക് എക്സ്ചേഞ്ചുകളെ നിയന്ത്രിക്കുന്ന സ്ഥാപനം- സെബി (സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ)
6873. ഇന്ത്യയിൽ കോളനിഭരണം പരിപൂർണമായി അവസാനിച്ച വർഷം- 1961
6874. ലോക്സഭയിലെ രണ്ടാമത്തെ വനിതാ പ്രതിപക്ഷനേതാവ്- സുഷമാ സ്വരാജ്
6875. ലിയാനാർഡോ ഡാവിഞ്ചി വിമാനത്താവളം എവിടെയാണ്- റോം
6876. വിജയനഗരത്തിലെ ഏതു ഭരണാധികാരിയുടെ കാലത്താണ് പേർഷ്യൻ സഞ്ചാരി അബ്ദുർ റസാക്ക് സന്ദർശനം നടത്തിയത്- ദേവരായ രണ്ടാമൻ
6877. വിക്ടോറിയ വെള്ളച്ചാട്ടം കണ്ടെത്തിയ ഡേവിഡ് ലിവിങ്സ്റ്റൺ ഏതു രാജ്യക്കാരനാണ്- സ്കോട്ലൻഡ്
6878. ഹജ്ജ് ഏത് രാജ്യത്തേക്കുള്ള തീർഥാടനമാണ്-സൗദി അറേബ്യ
6879. ജീവികളുടെ ശാസ്ത്രീയ നാമകരണത്തിന് ഉപയോഗിച്ചിരിക്കുന്ന ഭാഷ- ലാറ്റിൻ
6880. എ ഹിസ്റ്ററി ഓഫ് ഇംഗ്ലീഷ് സ്പീക്കിംഗ് പീപ്പിൾ രചിച്ചതാര്-സർ വിൻസ്റ്റൺ ചർച്ചിൽ
6881. ജമ്മു കശ്മീരിന് പ്രത്യേക ഭരണഘടന നിലവിൽവന്നത്- 1957 ജനവരി 26
6882. എ.ഡി.എട്ടാം ശതകത്തിൽ വംഗദേശം എന്നറിയപ്പെട്ടിരുന്നത്- കിഴക്കൻ ബംഗാൾ
6883. ചതുപ്പു വാതകം എന്നറിയപ്പെടുന്നത്- മീഥേൻ
6884. കേരളത്തിൽ കോടതിവിധിയിലൂടെ നിയമസഭാംഗത്വം നഷ്ടപ്പെട്ട ആദ്യ വ്യക്തി- റോസമ്മാപുന്നൂസ്
6885. എ നേഷൻ ഇൻ മേക്കിംഗ് എന്ന പുസ്തകം (1925) രചിച്ചതാര് -സുരേന്ദ്രനാഥ് ബാനർജി

6886. കേരളത്തിൽ കോടതിവിധിയിലൂടെ നിയമസഭാംഗത്വം ലഭിച്ച ആദ്യ വ്യക്തി- വി.ആർ.കൃഷ്ണയ്യർ
6887. എ.ഐ.ടി.യു.സി.യുടെ ആദ്യ സമ്മേളനം നടന്ന വർഷം- 1920
6888. ചതുരാകൃതിയിലല്ലാത്ത ദേശീയ പതാകയുള്ള ഒരേയൊരു രാജ്യം -നേപ്പാൾ (രണ്ടു ത്രികോണങ്ങൾ ചേർന്നതാണ് നേപ്പാളിൻെറ ദേശീയപതാക)
6889. കിടക്കുന്ന ഗ്രഹം എന്നറിയപ്പെടുന്ന ഗ്രഹം-യുറാനസ്
6890. അക്ബറിന്റെ സൈനിക സമ്പ്രദായം അിറയപ്പെട്ടിരുന്ന പേര്- മൻസബ്ദാരി
6891. ഋഗ്വേദകാലത്ത് ജലത്തിന്റെ അധിദേവനായി കണക്കാക്കപ്പെട്ടത്- വരുണൻ
6892. ദക്ഷിണേഷ്യയിലെ ഏക പ്രകൃതിദത്ത ഐസ് സ്കേറ്റിംഗ് റിങ്ക് എവിടെയാണ്-ഷിംല
6893. ചെങ്കടൽ ഏത് സമുദ്രത്തിന്റെ ഭാഗമാണ്-ഇന്ത്യൻമഹാസമുദ്രം
6894. ദക്ഷിണ നളന്ദ എന്നു വിശേഷിപ്പിക്കപ്പെട്ട, പ്രാചീന കേരളത്തിലെ വിദ്യാകേന്ദ്രം- കാന്തള്ളൂർ ശാല
6895. എ.ബി.വാജ്പേയി ജനിച്ച സ്ഥലം- ഗ്വാളിയോർ
6896. തിരു-കൊച്ചിയിൽ മന്ത്രിയായ ആദ്യ വനിത-ആനി മസ്ക്രീൻ
6897. എ.ഐ.ടി.യു.സിയുടെ ആദ്യ സമ്മേളനം നടന്ന സ്ഥലം-മുംബൈ
6898. ഏതു രാജവംശമാണ് ഖജുരാഹോ ക്ഷേത്രം പണികഴിപ്പിച്ചത്- ചന്ദേല
6899. തിരു-കൊച്ചിയിൽ അഞ്ചൽ വകുപ്പ് നിറുത്തലാക്കിയ വർഷം- 1951
6900. ടിപ്പുവിന്റെ പിതാവ്- ഹൈദരലി
6901. സുനാമി ഏതുഭാഷയിലെ വാക്കാണ്- ജപ്പാനീസ്
6902. ഉജിനി തണ്ണീർത്തടം ഏതു സംസ്ഥാനത്താണ്- മഹാരാഷ്ട്ര
6903. കേരളത്തിൽ ഏറ്റവും തെക്കേയറ്റത്തെ നിയമസഭാ മണ്ഡലം- നെയ്യാറ്റിൻകര
6904. എ.ബി.സി രാജ്യങ്ങൾ എന്നറിയപ്പെടുന്നത്- അർജന്റീന, ബ്രസീൽ, ചിലി
6905. കേരളത്തിൽ ഏതു ഭൂപ്രദേശത്തിലാണ് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ളത്- തീരപ്രദേശം
6906. സ്പീക്കർ സ്ഥാനം വഹിച്ചശേഷം രാഷ്ട്രപതിയായത്- നീലം സഞ്ജീവറെഡ്ഡി
6907. റബ്ബറിന്റെ വൾക്കനൈസേഷൻ കണ്ടുപിടിച്ചത്- ചാൾസ് ഗുഡ് ഇയർ
6908. റുപ്യ എന്ന പേരിൽ നാണയം ആരുടെ ഭരണകാലത്താണ് പുറപ്പെടുവിച്ചത്- ഷേർഷാ
6909. റുഡ്യാർഡ് കിപ്ലിങിന്റെ ജംഗിൾ ബുക്കിന്റെ പശ്ചാത്തലം- കൻഹ വനം
6910. ചാർമിനാർ പണികഴിപ്പിച്ചത്- മുഹമ്മദ് ഖുലി കുതബ് ഷാ
6911. ഗംഗ-യമുന നദികളുടെ സംഗമസ്ഥലം- അലഹബാദ്
6912. സംസ്ഥാന പുനഃസംഘടനാ കമീഷൻെറ അധ്യക്ഷനായിരുന്നത്- ഫസൽ അലി
6913. ഗുപ്തരാജസദസ്സിലെ ഭാഷ- സംസ്കൃതം
6914. സൗരയൂഥത്തിൽ ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്നത്- സൂര്യന്റെ കേന്ദ്രത്തിൽ
6915. യൂറി ഗഗാറിൻ ആദ്യമായി ബഹിരാകാശസഞ്ചാരം നടത്തിയ വാഹനം- വോസ്റ്റോക്-1 (1961 ഏപ്രിൽ 12)
6916. മഹാഭാരത യുദ്ധത്തിൽ കൗരവരെ ആനപ്പടയുമായി സഹായിച്ച രാജാവ്- ഭഗദത്തൻ
6917. ഗാന്ധിജി ഇന്ത്യയിൽ നിരാഹാരമനുഷ്ഠിച്ചിരുന്ന ആദ്യ സമരം- അഹമ്മദാബാദ് മിൽ സമരം(1918)
6918. ഗാന്ധിജി ഇന്ത്യയിൽ ബഹുജനപ്രക്ഷോഭം ആരംഭിച്ച സ്ഥലം- ചമ്പാരൻ
6919. ലോക റെക്കോർഡുകൾ രേഖപ്പെടുത്തുന്ന പുസ്തകം- ഗിന്നസ് ബുക്ക്
6920. റേഡിയസ്, അൾന എന്നീ അസ്ഥികൾ എവിടെ കാണപ്പെടുന്നു- കൈ
6921. കേരളത്തിലെ ആദ്യത്തെ സ്പോർട്സ് സ്കൂൾ- ജി.വി.രാജ സ്പോർട്സ് സ്കൂൾ
6922. കേരളത്തിലെ ആദ്യത്തെ ഗതാഗത-തൊഴിൽ വകുപ്പു മന്ത്രി- ടി.വി.തോമസ്
6923. ആദ്യത്തെ മിസ് യൂണിവേഴ്സ്- അർമി കുസേല (ഫിൻലൻഡ്)

CONFUSING FACTS

- പാകിസ്താന്റെ ദേശീയഗാനമാണ് ക്വാമി തരാനാ. അഫ്ഗാനിസ്താന്റെ ദേശീയ ഗാനമാണ് മില്ലി തരാന.
- ആഫ്രിക്കയുടെ കൊമ്പ് സൊമാലിയ. ആഫ്രിക്കയുടെ പണയപ്പെട്ട കൊമ്പ് ജിബൂട്ടി.
- എന്റെ കഥ രചിച്ചത് മാധവിക്കുട്ടി (കമലാ സുരയ്യ). എന്റെ ജീവിതകഥ രചിച്ചത് എ.കെ. ഗോപാലൻ.
- റോമൻ പുരാണങ്ങളിൽ ബുദ്ധിയുടെ അധിദേവത മിനർവയും ഗ്രീക്ക് പുരാണങ്ങളിലേത് അഥീനയുമാണ്.
- ആഫ്രിക്കയുടെ ഹൃദയം എന്നറിയപ്പെടുന്ന രാജ്യം ബുറുണ്ടിയാണ്. ആഫ്രിക്കയുടെ നിലച്ച ഹൃദയം എന്നു വിശേഷിപ്പിക്കപ്പെടുന്ന രാജ്യമാണ് ചാഡ്.

6924. ഏതു പക്ഷിയുടെ ശാസ്ത്രനാമമാണ് സ്രുതിയോ കമേലസ്-ഒട്ടകപ്പക്ഷി
6925. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിൽ വന്ദേമാതരം ആദ്യമായി ആലപിക്കപ്പെട്ട വർഷം- 1896
6926. ഗിയാസുദ്ദീൻ തുഗ്ലക്കിന്റെ പഴയ പേര്- ഗാസിമാലിക്ക്
6927. ഇന്ത്യൻ തത്ത്വചിന്തയുടെ അടിസ്ഥാനം എന്നറിയപ്പെടുന്നത്- ഉപനിഷത്തുകൾ
6928. ഇന്ത്യയിൽ എഞ്ചിനീയേഴ്സ് ദിനമായി ആചരിക്കുന്നത്- സെപ്തംബർ 15
6929. യൂറോപ്യരാൽ കോളനിവൽക്കരിക്കപ്പെടാത്ത ഏക തെക്കുകിഴക്കനേഷ്യൻ രാജ്യം- തായ്ലൻഡ്
6930. മൃച്ഛകടികം രചിച്ചത്- ശൂദ്രകൻ
6931. ആഷസ് ക്രിക്കറ്റ് മത്സരം ഏതൊക്കെ രാജ്യങ്ങൾ തമ്മിലാണ്- ഇംഗ്ലണ്ടും ഓസ്ട്രേലിയയും
6932. ആഷാമേനോൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്- കെ. ശ്രീകുമാർ
6933. ഹുമയൂൺ എവിടെയാണ് ജനിച്ചത്- കാബൂൾ
6934. ഹെറിംഗ് പോണ്ട് എന്നറിയപ്പെടുന്ന സമുദ്രം-അത്ലാന്റിക് സമുദ്രം
6935. ടാഗോർ ജനിച്ചത്- 1861
6936. ബ്രിട്ടീഷിന്ത്യയിലെ ആദ്യത്തെ വൈസ്രോയി- കാനിങ് പ്രഭു
6937. ദക്ഷിണേന്ത്യയുടെ അരിക്കിണ്ണം എന്നറിയപ്പെടുന്നത്- കൃഷ്ണാ-ഗോദാവരി ഡെൽറ്റ
6938. ടിപ്പു സുൽത്താൻ വധിക്കപ്പെട്ട വർഷം- 1799
6939. ഏതു രാജാവിന്റെ കാലത്താണ് രാമയ്യൻ തിരുവിതാംകൂറിൽ ദളവയായിരുന്നത്- മാർത്താണ്ഡവർമ
6940. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യസമ്മേളനത്തിന്റെ വേദി- മുംബൈയിലെ ഗോകുൽദാസ് തേജ്പാൽ സംസ്കൃത കോളേജ്
6941. തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയ വർഷം- 1453
6942. ടിപ്പു നെടുങ്കോട്ട ആക്രമിച്ചത് ഏത് വർഷത്തിൽ- എ.ഡി.1789
6943. ഏതു രാജാവിന്റെ ആസ്ഥാനകവിയായിരുന്നു ബാണഭട്ടൻ- ഹർഷൻ
6944. ടാഗോർ, പ്രഭുസ്ഥാനം ഉപേക്ഷിച്ചതിനു കാരണം- ജാലിയൻ വാലാബാഗ് കൂട്ടക്കൊല
6945. തുളുവവംശം സ്ഥാപിച്ചത്- വീര നരസിംഹൻ
6946. സെലനോഗ്രഫി എന്തുമായി ബന്ധപ്പെട്ട പഠനശാഖയാണ്-ചന്ദ്രൻ
6947. ദക്ഷിണേന്ത്യയിലെ ആദ്യ മെട്രോ റെയിൽവേ സ്ഥാപിക്കപ്പെട്ട നഗരം-ബാംഗ്ലൂർ
6948. ഹുണ്ടായി ഏത് രാജ്യത്തെ കാർ കമ്പനിയാണ്- ദക്ഷിണ കൊറിയ
6949. ഹജൂർ കച്ചേരി കൊല്ലത്തുനിന്ന് തിരുവനന്തപുരത്തേക്ക് മാറ്റിയത് ഏത് വർഷത്തിൽ- എ.ഡി.1830
6951. ഡോട്ട് എന്നത് ഏത് രോഗത്തിനുള്ള ചികിത്സാ രീതിയാണ്- ക്ഷയം
6952. തേനീച്ചകളില്ലാത്ത വൻകര-അന്റാർട്ടിക്ക
6953. അറ്റോമിയം എന്ന സ്മാരകം ഏത് രാജ്യത്താണ് - ബെൽജിയം

6954. തേയില ഉൽപാദനത്തിലും ഉപഭോഗത്തിലും ഒന്നാംസ്ഥാനം ഏതുരാജ്യത്തിനാണ് -ഇന്ത്യ
6955. ഫോണാഗ്രാഫ് കണ്ടുപിടിച്ചതാര് -എഡിസൺ
6956. അമരസിംഹന്റെ പുരസ്കർത്താവ്-ചന്ദ്രഗുപ്ത വിക്രമാദിത്യൻ
6957. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജലതടാകം- ശാസ്താംകോട്ട
6958. ദേവഗിരിയുടെ പുതിയ പേര്- ദൗലത്താബാദ്
6959. ഡോ.ഹെർമൻ ഗുണ്ടർട്ട് അന്തരിച്ചത് ഏത് വർഷത്തിൽ- എ.ഡി. 1893
6960. ആൽക്കഹോൾ നിർമാണത്തിൽ ഉപോൽപന്നം-കാർബൺ ഡയോക്സൈഡ്
6961. ഫോക്‌ലാൻഡ് ദ്വീപുകളുടെമേലുള്ള അവകാശവാദത്തെത്തുടർന്നുണ്ടായ യുദ്ധത്തിൽ ഏത് രാജ്യത്തെയാണ് ബ്രിട്ടൺ 1982ൽ തോൽപിച്ചത് -അർജൻറീന
6962. അന്താരാഷ്ട്ര റെഡ് ക്രോസ് മ്യൂസിയം എവിടെയാണ്-ജനീവ
6963. ഇന്ത്യയിൽ തിയോസഫിക്കൽ സൊസൈറ്റിയുടെ ആസ്ഥാനമായിരുന്നത്- അഡയാർ
6964. ലിറ്റിൽ സിൽവർ എന്നറിയപ്പെടുന്നത്- പ്ളാറ്റിനം
6965. ആദ്യത്തെ ശീതകാല ഒളിമ്പിക്സിനു വേദിയായ ഫ്രഞ്ചു നഗരം- ചമോണിക്സ്(1924)
6966. ലൂഥറനിസം പിറവികൊണ്ട വൻകര - യൂറോപ്പ്
6967. ആദ്യത്തെ കൃത്രിമ നാര്- റയോൺ
6968. ഇന്ത്യ ആദ്യമായി അണുവിസ്ഫോടനം നടത്തിയ സ്ഥലം- പൊഖ്രാൻ
6969. റൂസ്സോ, വോൾട്ടയർ, മോണ്ടസ്ക്യു എന്നിവർ ഏതു വിപ്ലവത്തെയാണ് സ്വാധീനിച്ചത്- ഫ്രഞ്ചുവിപ്ലവം
6970. ഇന്ത്യയിൽ കടൽമാർഗം വന്ന ആദ്യത്തെ വിദേശികൾ- അറബികൾ
6971. ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ- ഗ്വാളിയോർ
6972. ഇന്ത്യയിൽ തീരപ്രദേശത്തുള്ള ഏറ്റവും വലിയ തടാകം- ചിൽക്ക
6973. ആരുടെ തൂലികാനാമമായിരുന്നു ബോസ്- ചാൾസ് ഡിക്കൻസ്
6974. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വിദേശഭാഷ- ഇംഗ്ലീഷ്
6975. ഏതു ശതകത്തിലാണ് ക്രിസ്ത്യൻ മിഷനറിമാർ ഇന്ത്യയിലെത്തിയത്- എ.ഡി.ഒന്നാം ശതകം
6976. കേരളത്തിലെ ഏറ്റവും പഴക്കമുള്ള പത്രം- ദീപിക
6977. ഇന്ത്യയിലെ ആദ്യത്തെ ഫീച്ചർ ഫിലിം- രാജാ ഹരിശ്ചന്ദ്ര
6978. ഏതു കളിയുമായി ബന്ധപ്പെട്ട പദമാണ് ബുള്ളി- ഹോക്കി
6979. കേരളത്തിലെ വന്യജീവി സങ്കേതങ്ങളിൽ മരത്തിന്റെ പേരിൽ അറിയപ്പെടുന്ന ഏക സങ്കേതം- ചെന്തുരുണി
6980. 1790ൽ ആദ്യമായി സെൻസസ് നടത്തിയ രാജ്യം- യു.എസ്.എ.
6981. ഏതു വംശത്തിലെ രാജാവായിരുന്നു അജാതശത്രു- ഹര്യങ്ക
6982. ഇന്ത്യയിലെ ആദ്യത്തെ എണ്ണക്കിണർ- അസമിലെ ദിഗ്ബോയി
6983. ഏതു വിറ്റാമിന്റെ അഭാവത്തിലാണ് നിശാന്ധത ഉണ്ടാകുന്നത്- വിറ്റാമിൻ എ
6984. ഇന്ത്യയിൽ ബജറ്റ് സമ്പ്രദായം നടപ്പാക്കിയത് ഏത് വൈസ്രോയിയുടെ കാലത്ത്- കാനിങ് പ്രഭു
6985. ഏതു മുഗൾ ചക്രവർത്തിയുടെ കാലത്താണ് മുഗൾ ചിത്രകല പരമകോടി പ്രാപിച്ചത്- ജഹാംഗീർ
6986. ജ്യോതിബ ഫുലെയുടെ രാഷ്ട്രീയ ശിഷ്യൻ-ബി.ആർ.അംബേദ്കർ
6987. ഏതു രാജ്യത്താണ് അലക്സാണ്ടർ സ്ഥാപിച്ച അലക്സാണ്ട്രിയ തുറമുഖം- ഈജിപ്ത്
6988. ലക്ഷ്യം മാർഗത്തെ സാധൂകരിക്കും എന്നു പറഞ്ഞത്- മാക്കിയവെല്ലി
6989. ഋഗ്വേദത്തിലെ ശ്ലോകങ്ങളുടെ എണ്ണം- 1028
6990. ഇന്ത്യയിൽനിന്നുമുള്ളവർക്ക് മിസ് യൂണിവേഴ്സ്, മിസ് വേൾഡ് പട്ടങ്ങൾ ഒരുമിച്ച് ലഭിച്ച വർഷം- 1994
6991. തിരു-കൊച്ചിയിൽ രാജപ്രമുഖസ്ഥാനം വഹിച്ചിരുന്ന രാജാവ്- ചിത്തിര തിരുനാൾ
6992. ഏതു രാജ്യത്തിനാണ് 3 ഭാഷയിൽ ഔദ്യോഗികനാമമുള്ളത്- സ്വിറ്റ്സർലൻഡ്

ചോദ്യങ്ങൾ പലത് ഉത്തരം 44

- ഡോൾഫിന്റെ ക്രോമസോം സംഖ്യ
- എത്ര വർഷത്തിനുശേഷമാണ് 1996-ലെ അത്‌ലാന്റ ഒളിമ്പിക്സിൽ ഒരിന്ത്യക്കാരന് വ്യക്തിഗത മെഡൽ ലഭിച്ചത്
- അമേരിക്കൻ ഐക്യനാടുകളുടെ എത്രാമത്തെ പ്രസിഡന്റാണ് ബരക് ഒബാമ
- സ്വത്തവകാശത്തെ മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ്
- കേരളത്തിലെ നദികളുടെ എണ്ണം
- ഏകീകൃത സിവിൽ കോഡിനെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ അനുച്ഛേദം
- സായുധ കലാപമുണ്ടായാലേ ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിക്കാവൂ എന്ന് വ്യവസ്ഥ ചെയ്ത് ഭരണഘടനാ ഭേദഗതി ഏതാണ്
- മൊറാർജി ദേശായി പ്രധാനമന്ത്രിയായിരിക്കെ പാസാക്കിയ പ്രധാനപ്പെട്ട ഭരണഘടനാ ഭേദഗതി എത്രാമത്തേതാണ്
- റുഥേനിയത്തിന്റെ അറ്റോമിക സംഖ്യ
- സ്വത്തവകാശത്തെ നിയമാവകാശമാക്കിയ ഭരണഘടനാ ഭേദഗതി
- ഏറ്റവും നീളംകൂടിയ (കന്യാകുമാരി -വാരാണസി) ദേശീയ പാതയുടെ (മുമ്പ് എൻഎച്ച് 7) പുതിയ നമ്പർ
- ഭരണഘടനയുടെ 42-ാം അനുച്ഛേദം പ്രകാരം ആറുവർഷമായി വർധിപ്പിച്ച ലോക്സഭയുടെ കാലാവധി അഞ്ചുവർഷമായി പുന:സ്ഥാപിച്ച ഭരണഘടനാ ഭേദഗതി ഏതാണ്

6993. തിരു-കൊച്ചിയിലെ അവസാനത്തെ മുഖ്യമന്ത്രി- പനമ്പിള്ളി ഗോവിന്ദമേനോൻ
6994. രാജ്യസഭാംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട മലയാള കവി-ജി. ശങ്കരക്കുറുപ്പ്
6995. കേരളത്തിൽ ലക്ഷം വീട് പദ്ധതി ആവിഷ്കരിച്ചത്- എം.എൻ. ഗോവിന്ദൻ നായർ
6996. ദക്ഷിണാഫ്രിക്കയിൽ പോകാൻ യോഗ്യത നേടിയ ആദ്യത്തെ ഇന്ത്യൻ ബാരിസ്റ്റർ- ഗാന്ധിജി
6997. ഏറ്റവും കൂടുതൽ രാജ്യങ്ങളുള്ള ഭൂഖണ്ഡം- ആഫ്രിക്ക
6998. ഏറ്റവും പഴക്കമുള്ള തിരുവിതാംകൂർ നാണയം- കലിയുഗരായൻ പണം
6999. കക്രപ്പാറ പദ്ധതി ഏതു നദിയിലാണ്- തപ്തി
7000. ആദ്യ മലയാളി വനിതാ ഐ.എ.എസ്. ഓഫീസർ-അന്നാ രാജം ജോർജ്
7001. ഉപഗ്രഹങ്ങളുടെ എണ്ണത്തിൽ മൂന്നാം സ്ഥാനത്തുള്ള ഗ്രഹം-യുറാനസ്
7002. ഇന്ത്യാചരിത്രത്തിൽ ആന്ധ്രജന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന രാജവംശം- ശതവാഹനന്മാർ
7003. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചണം ഉൽപാദിപ്പിക്കുന്ന സംസ്ഥാനം- പശ്ചിമ ബംഗാൾ
7004. ആദ്യത്തെ പേഷ്വാ ഭരണാധികാരി- ബാലാജി വിശ്വനാഥ് (1713-20)
7005. റഷ്യൻ വിപ്ലവം നടന്ന വർഷം- 1917
7006. ഇന്ത്യയിൽ ആദ്യമായി സ്വർണനാണയം പുറപ്പെടുവിച്ചത്- ഇന്തോ-ഗ്രീക്കുകാർ
7007. റഷ്മോർ മലനിരയിൽ ഏതൊക്കെ അമേരിക്കൻ പ്രസിഡന്റുമാരുടെ മുഖം കൊത്തിവച്ചിട്ടുണ്ട്- വാഷിങ്ടൺ, തോമസ് ജെഫേഴ്സൺ, റൂസ്‌വെൽറ്റ്, ലിങ്കൺ
7008. എത്രാം ശതകത്തിലാണ് മാലിക് ബിൻ ദിനാർ കേരളത്തിലെത്തിയത്- ഏഴ്
7009. ഇന്ത്യയിൽ ഏതു നഗരത്തിലാണ് സെല്ലുലാർ ഫോൺ സർവീസ് ആരംഭിച്ചത്- കൊൽക്കത്ത
7010. എത്രാം ശതകത്തിലാണ് ഇംഗ്ലീഷുകാർ കേരളത്തിലെത്തിയത്- പതിനേഴ്

7011. എന്തളക്കാനാണ് ആൾട്ടിമീറ്റർ ഉപയോഗിക്കുന്നത്- ഉയരം
7012. ആദ്യം ആഗ്രയിലെ ആരാംബാഗിൽ സംസ്കരിക്കപ്പെടുകയും പിന്നീട് കാബൂളിലേക്ക് ഭൗതികാവശിഷ്ടം മാറ്റപ്പെടുകയും ചെയ്ത മുഗൾ ചക്രവർത്തി -ബാബർ
7013. ഋഗ്വേദത്തിൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ടിരിക്കുന്ന നദി - സിന്ധു
7014. ലിറ്റിൽ കോർപ്പറൽ എന്നറിയപ്പെട്ടത്- നെപ്പോളിയൻ
7015. ഇന്ത്യയിലാദ്യമായി പഞ്ചായത്ത് രാജ് നടപ്പാക്കിയ സംസ്ഥാനം - രാജസ്ഥാൻ(1959)
7016. ആദ്യത്തെ വിന്റർ പാരാലിംപിക്സ് നടന്ന സ്ഥലം- ഓസ്ട്രിയയിലെ ഇൺസ്ബ്രൂക്ക് (1976)
7017. ടെലിസ്കോപ്പിന്റെ സഹായത്തോടെ കണ്ടെത്തിയ ആദ്യത്തെ ഗ്രഹം -യുറാനസ്
7018. ദക്ഷിണ ധ്രുവത്തിലെത്തിയ ആദ്യ മനുഷ്യനായ റൊവാൾഡ് അമുണ്ട്സെൻ ഏത് രാജ്യക്കാരനായിരുന്നു-നോർവേ
7019. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വന്യജീവി സങ്കേതങ്ങളുള്ള സംസ്ഥാനം- മഹാരാഷ്ട്ര
7020. ആദ്യമായി ഇന്ത്യയിൽ തദ്ദേശീയമായി നിർമിച്ച സിവിലിയൻ എയർക്രാഫ്റ്റ്- സരസ്
7021. ഏതു രാജാവിന്റെ കാലത്താണ് തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത്- സ്വാതി തിരുനാൾ
7022. തുർക്കിയുടെ ഭാഗമായ അനറ്റോളിയ ഏത് വൻകരയിലാണ്-ഏഷ്യ
7023. എവിടെ സമ്പത്ത് അടിയുന്നുവോ അവിടെ മനുഷ്യൻ ദുഷിക്കുന്നു എന്നു പറഞ്ഞത്- ഒലിവർ ഗോൾഡ് സ്മിത്ത്
7024. വിക്രമാദിത്യ വരഗുണന്റെ പാലിയം ശാസനം ഏത് വർഷത്തിൽ - എ.ഡി.988
7025. ഏറ്റവും സാന്ദ്രത കുറഞ്ഞ രണ്ടാമത്തെ ഗ്രഹം-യുറാനസ്
7026. ഏതു വർഷം പെരിയാറിലുണ്ടായ വെള്ളപ്പൊക്കമാണ് കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ നാശത്തിനു കാരണമായത്- 1341
7027. കാളിദാസന്റെ മേഘദൂതം മേഘച്ഛായ എന്ന പേരിൽ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയതാര്-ജി.ശങ്കരക്കുറുപ്പ്
7028. ഏത് രാജ്യത്തെ നാണയമാണ് ബാത്ത് -തായ്‌ലൻഡ്
7029. ഇന്ത്യയിലെ ആദ്യത്തെ വനിതാ കോളേജായ ബേതൂൺ കോളേജ് എവിടെയാണ് നിലവിൽവന്നത്- കൊൽക്കത്ത
7030. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത്- വിസ്കൗണ്ട് പാൽമർസ്റ്റോൺ
7031. ചന്ദ്രപ്രഭ വന്യമൃഗ സങ്കേതം ഏതു സംസ്ഥാനത്ത്- ഉത്തർപ്രദേശ്
7032. ഏതു കാലത്താണ് അജന്താഗുഹകളിലെ ചിത്രകലകൾ രചിക്കപ്പെട്ടത്- 300 എ.ഡി.-700 എ.ഡി.
7033. കേരളത്തിലെ ആദ്യത്തെ അന്താരാഷ്ട്ര വിമാനത്താവളം- തിരുവനന്തപുരം
7034. എഫ്.ഡി.ആർ. എന്നറിയപ്പെട്ടത്-ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റ്
7035. ഉത്തോലക നിയമം ആവിഷ്കരിച്ച ശാസ്ത്രജ്ഞൻ- ആർക്കിമിഡീസ്
7036. ആവർത്തന പട്ടികയിൽ കുറുകെയുള്ള കോളങ്ങൾക്കു പറയുന്ന പേര്- പീരിഡുകൾ
7037. ആകാശവാണിയുടെ 1930-ലെ പേര്- ഇന്ത്യൻ ബ്രോഡ്കാസ്റ്റിങ് സർവീസ്
7038. ഉദയ്പൂർ സ്ഥാപിച്ചത്- ഉദയ്സിങ്
7039. ഇന്ത്യയിൽ വന്ന് അത്യാഡംബരത്തിൽ ദർബാർ നടത്തിയ ബ്രിട്ടീഷ് ചക്രവർത്തി- ജോർജ് അഞ്ചാമൻ
7040. ദക്ഷിണേന്ത്യയുടെ മാഞ്ചസ്റ്റർ എന്നറിയപ്പെടുന്ന സ്ഥലം-കോയമ്പത്തൂർ
7041. ഏതു മൂലകത്തിന്റെ അയിരാണ് പിച്ച്ബ്ലെൻഡ്- യുറേനിയം
7042. ടിപ്പു സുൽത്താൻ ഏതു രാജ്യത്തെ ഭരണാധികാരിയായിരുന്നു- മൈസൂർ
7043. ഇന്ത്യ എഡ്യുസാറ്റ് വിക്ഷേപിച്ച തീയതി- 2004 സെപ്തംബർ 20
7044. എനിക്കു ശേഷം പ്രളയം എന്നു പറഞ്ഞത്- ലൂയി പതിനഞ്ചാമൻ
7045. ചൊവ്വയുടെ അന്തരീക്ഷത്തിൽ ഏറ്റവും കൂടുതലുള്ള വാതകം- കാർബൺ ഡയോക്സൈഡ്
7046. ഏതു കളിയുമായി ബന്ധപ്പെട്ട പദമാണ് വോളി- ടെന്നീസ്
7047. ഏതു ഭാഷയിലെ മഹാകവിയായിരുന്നു വിർജിൽ- ലാറ്റിൻ

CONFUSING FACTS

- സുൽത്താനേറ്റ് കാലഘട്ടത്തിലെ രാജവംശങ്ങളിൽ ഏറ്റവും കൂടുതൽ കാലം ഭരിച്ചത് തുഗ്ലക്കുമാരും ഏറ്റവും കുറച്ചുകാലം ഭരിച്ചത് ഖിൽജിമാരുമാണ്.
- ബ്രിട്ടീഷ് ഇന്ത്യയിലെ അക്ബർ എന്നറിയപ്പെട്ട ഗവർണർ ജനറലാണ് വെല്ലസ്ലി പ്രഭു. ബ്രിട്ടീഷ് ഇന്ത്യയിലെ ഔറംഗസീബ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗവർണർ ജനറൽ കഴ്സൺ പ്രഭുവാണ്.
- മരണാനന്തര ബഹുമതിയായി നൊബേൽ സമാധാന സമ്മാനം ലഭിച്ച ആദ്യ യു.എൻ.സെക്രട്ടറി ജനറൽ ഡാഗ് ഹാമർഷോൾഡാണ്. പദവിയിലിരിക്കെ നൊബേൽ സമാധാന സമ്മാനം നേടിയ ആദ്യ യു.എൻ.സെക്രട്ടറി ജനറൽ കോഫി അന്നാനാണ്.

7048. ആബേൽ പുരസ്കാരം നൽകുന്ന രാജ്യം-നോർവേ
7049. ഏറ്റവും വലിയ ഏകകോശം ഏതു പക്ഷിയുടെ മുട്ടയുടെ മഞ്ഞക്കരുവാണ്-ഒട്ടകപ്പക്ഷി
7050. എബ്രഹാം ലിങ്കൺ ജനിച്ച 1809 ഫെബ്രുവരി ഒമ്പതിന് ജനിച്ച ശാസ്ത്രജ്ഞൻ-ചാൾസ് ഡാർവിൻ
7051. ബോർഡോ മിശ്രിതം കണ്ടുപിടിച്ചതാര് -മില്ലാർഡെറ്റ്
7052. കോമൺവെൽത്തിന്റെ ആസ്ഥാനമന്ദിരം- മാൾബറോ ഹൗസ്(ലണ്ടൻ)
7053. ഏത് രാജ്യമാണ് അഡ്മിറൽ ഗോർഷ്കോവ് എന്ന വിമാനവാഹിനിക്കപ്പൽ ഇന്ത്യക്ക് കൈമാറുന്നത്-റഷ്യ
7054. കോർഡീലിയ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്- ഷേക്സ്പിയർ
7055. ഏതു നദിയുടെ പ്രാചീനനാമമാണ് ബാരിസ്- പമ്പ
7056. ഏതൊക്കെ രാജ്യങ്ങളുടെ അതിർത്തിക്കിടയിലാണ് നയാഗ്ര- യു.എസ്.എ.- കാനഡ
7057. തേക്കടി വന്യജീവി സങ്കേതത്തിന്റെ പഴയ പേര്- നെല്ലിക്കാംപെട്ടി
7058. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി- ഇടുക്കി
7059. കേരളത്തിലെ ആദ്യത്തെ സ്വകാര്യ ടി.വി.ചാനൽ കമ്പനി- ഏഷ്യാനെറ്റ്
7060. എനിക്കു രക്തം തരൂ ഞാൻ നിങ്ങൾക്കു സ്വാതന്ത്ര്യം തരൂ എന്നു പറഞ്ഞത്- സുഭാഷ് ചന്ദ്രബോസ്
7061. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി- പള്ളിവാസൽ
7062. ഗാന്ധിജി ഇന്ത്യയിൽ ആദ്യ സത്യാഗ്രഹം നടത്തിയ വർഷം (ചമ്പാരൻ)- 1917
7063. എ.ഡി.എട്ടാം ശതകത്തിൽ ഗൗഡ എന്നറിയപ്പെട്ടിരുന്നത്- പശ്ചിമ ബംഗാൾ
7064. ഇന്ത്യയിലെ ബ്രിട്ടീഷ് വ്യാപാരസാന്നിധ്യത്തിനു തുടക്കമിട്ട നഗരം -സൂറത്ത്
7065. ഏത് സമുദ്രതീരത്താണ് ലോസ് ഏഞ്ചലസ്-പസഫിക് സമുദ്രം
7066. ഏറ്റവും വലിയ കൃഷ്ണമണിയുള്ള പക്ഷി-ഒട്ടകപ്പക്ഷി
7067. കേരളത്തിലെ ആദ്യത്തെ ഇ.എം.എസ് മന്ത്രിസഭയെ കേന്ദ്രം പിരിച്ചുവിട്ട തീയതി- 1959 ജൂലൈ 31
7068. ലോകത്തെ ആദ്യത്തെ നിയമാവലി തയ്യാറാക്കിയത്- ഹമ്മുറാബി
7069. മൈ ഏർലി ഇയേഴ്സ് ആരുടെ ആത്മകഥാപരമായ രചനയാണ് -സർ വിൻസ്റ്റൺ ചർച്ചിൽ
7070. ഏതു ഗ്രഹത്തിന്റെ ഉപഗ്രഹങ്ങളാണ് ഗലീലിയൻ ഉപഗ്രഹങ്ങൾ - വ്യാഴം
7071. തിരുവനന്തപുരത്തെ ഗവ. വിമൺസ് കോളെജ് ജംഗ്ഷനിലെ പ്രതിമ ആരുടേതാണ്- ആനി മസ്ക്രീൻ
7072. ക്ലോറോഫോം കണ്ടുപിടിച്ചത്- ജെയിംസ് സിംപ്സൺ
7073. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് സെന്റർ ഏത് ജില്ലയിലാണ്-തിരുവനന്തപുരം
7074. ചെമ്മരിയാടിന്റെ രോമക്കെട്ടുകൾപോലെ കാണപ്പെടുന്ന മേഘങ്ങൾ- കുമുലസ് മേഘങ്ങൾ
7075. തുസുക് ഇ ബാബറി എന്ന ആത്മകഥ രചിച്ചതാര്-ബാബർ
7076. ഏതു വൻകരയിലാണ് റോക്കി പർവതനിര- അമേരിക്ക

7077. കേരള സർക്കാരിന്റെ ആദ്യത്തെ പ്രവാസി സാഹിത്യ അവാർഡിന് അർഹനായത്- എ.എം.മുഹമ്മദ്
7078. ക്ലോണിങ്ങിലൂടെ ജനിച്ച ആദ്യത്തെ സസ്തനം- ഡോളി എന്ന ചെമ്മരിയാട്
7079. ലോക്സഭാ സെക്രട്ടറിയേറ്റിന്റെ നിയന്ത്രണാധികാരി- ലോക്സഭാസ്പീക്കർ
7080. ഗാന്ധിജി ഇന്ത്യയിൽ ആദ്യമായി അറസ്റ്റിലായ വർഷം - 1917
7081. കാളയെപ്പോലെ പണിയെടുക്കൂ സന്ന്യാസിയെപ്പോലെ ജീവിക്കൂ എന്നു പറഞ്ഞത്-ബി.ആർ.അംബേദ്കർ
7082. ലോകത്തിലെ ആദ്യത്തെ വനിതാ പ്രസിഡന്റ് അധികാരത്തിൽ വന്ന രാജ്യം- അർജന്റീന
7083. ക്ഷേത്രഗണിതത്തിലേക്ക് രാജപാതകളില്ല എന്നു പറഞ്ഞത്- യൂക്ലിഡ്
7084. കേരള മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ അവിവാഹിതനായിരുന്നത്- എ.കെ.ആന്റണി
7085. കേരളത്തിൽനിന്നും പാർലമെണ്ടിലെത്തിയ ആദ്യ വനിത- ആനി മസ്ക്രീൻ
7086. കേന്ദ്ര സർക്കാരിന്റെ നിർവഹണാധികാരം നിക്ഷിപ്തമായിരിക്കുന്നത്- പ്രസിഡന്റിൽ
7087. ജെ.എഫ്.കെ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ട അമേരിക്കൻ പ്രസിഡന്റ്-ജോൺ എഫ്. കെന്നഡി
7088. തിരുവിതാംകൂറിൽനിന്ന് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയ തീയതി- 1910 സെപ്തം. 26
7089. ക്ലോണിങിന്റെ പിതാവ്- ഇയാൻ വിൽമുട്ട്
7090. തിരുവിതാംകൂറിലെ ആദ്യത്തെ സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റ് - പട്ടം താണുപിള്ള
7091. നൈലിൻെറ പോഷകനദികളായ ബ്ലൂനൈലും വൈറ്റ് നൈലും സംഗമിക്കുന്ന സ്ഥലം -ഖാർത്തൂം
7092. തിരുവിതാംകൂറിലെ ആദ്യത്തെ ദളവ- രാമയ്യൻ
7093. ക്രോംവെൽ പ്രവാഹം ഏത് സമുദ്രത്തിലാണ്-പസഫിക് സമുദ്രം
7094. ഗ്രോ ഹാർലം ബ്രണ്ട്ലൻഡ് ഏത് രാജ്യത്ത് പ്രധാനമന്ത്രിയായ വനിതയാണ് -നോർവേ
7095. ക്ഷേമരാഷ്ടസങ്കൽപത്തെക്കുറിച്ച് ഇന്ത്യൻ ഭരണഘടനയിൽ എവിടെയാണ് പ്രതിപാദിച്ചിരിക്കുന്നത്- നിർദ്ദേശകതത്ത്വങ്ങളിൽ
7096. കൃഷ്ണരാജസാഗർ ഡാം ഏത് നദിയിലാണ്-കാവേരി
7097. ശതവർഷയുദ്ധത്തിന് വേദിയായ വൻകര- യൂറോപ്പ്
7098. സസ്യങ്ങൾ പ്രകാശസംശ്ലേഷണസമയത്ത് ആഗിരണം ചെയ്യുന്ന വാതകം-കാർബൺ ഡയോക്സൈഡ്
7099. കേരളത്തിലെ ഏറ്റവും വലിയ ആർക്കിയോളജിക്കൽ മ്യൂസിയം - തൃപ്പൂണിത്തുറ ഹിൽ പാലസ്
7100. ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിച്ച തീയതി- 1936 നവംബർ 12
7101. ലോകത്തിലെ ഏറ്റവും ഉയരമുള്ള വെള്ളച്ചാട്ടമായ ഏഞ്ചൽ വെള്ളച്ചാട്ടം ഏതു രാജ്യത്താണ്- വെനിസുല
7102. ശതവാഹന വംശത്തിന്റെ തലസ്ഥാനമായിരുന്ന പ്രതിഷ്ഠാൻ ഏതു നദിയുടെ തീരത്താണ് -ഗോദാവരി
7103. കേരളത്തിൽ പഞ്ചായത്ത് രാജ് -മുനിസിപ്പൽ നിയമം നടപ്പിലായത് - 1995 ഒക്ടോബർ 2
7104. ബ്രോഡ്ഗേജ് തീവണ്ടിപ്പാതയിൽ പാളങ്ങൾ തമ്മിലുള്ള അകലം എത്ര മില്ലീമീറ്ററാണ്- 1676
7105. ഡൽഹി ഭരിച്ച അവസാനത്തെ സുൽത്താൻവംശം- ലോദി
7106. കേരളത്തിൽ മുഖ്യമന്ത്രിയാകാത്ത പ്രതിപക്ഷനേതാക്കൾ- പി.ടി.ചാക്കോ, ടി.കെ.രാമകൃഷ്ണൻ
7107. ഷേക്സ്പിയർ എഴുതിയ അവസാനത്തെ നാടകം- ദി ടെംപസ്റ്റ്
7108. ഇന്ത്യയിലെ ആദ്യത്തെ ഓപ്പൺ സ്കൂൾ - സി.ബി.എസ്.ഇ.
7109. ഏതു കൃതിയെ മുൻനിർത്തിയാണ് എസ്.കെ.പൊറ്റക്കാട്ടിന് ജ്ഞാനപീഠം നൽകിയത്- ഒരു ദേശത്തിന്റെ കഥ
7110. ചെന്നൈയുടെ ഏകദേശം തുല്യ അക്ഷാംശത്തിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാന തലസ്ഥാനം-ബാംഗ്ലൂർ
7111. തിരുവിതാംകൂറിൽ റേഡിയോനിലയം സ്ഥാപിക്കപ്പെട്ട വർഷം- 1943
7112. ചെന്നൈയ്ക്കടുത്ത് ഹ്യുണ്ടായി കാർ ഫാക്ടറി സ്ഥാപിച്ചിരിക്കുന്ന സ്ഥലം- ഇരുങ്ങാട്ടുകോട്ടൈ
7113. ഗാന്ധിജി ഇന്ത്യയിൽ എത്രദിവസം തടവറവാസം അനുഭവിച്ചിട്ടുണ്ട് - 2089

ചോദ്യങ്ങൾ പലത് ഉത്തരം 45

- മനുഷ്യന്റെ സുഷുമ്നയുടെ നീളം എത്ര സെന്റീമീറ്ററാണ്
- പരമാവധി ദൂരം സഞ്ചരിക്കാൻ ഒരു പ്രൊജക്ടൈൽ വിക്ഷേപിക്കേണ്ട കോണളവ്
- നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം കുട്ടികൾക്ക് നൽകണമെന്ന വ്യവസ്ഥ ഉൾക്കൊള്ളുന്ന ഭരണഘടനാ അനുച്ഛേദം ഏതാണ്
- ഫുട്ബോൾ മത്സരത്തിൽ ഒരു പകുതിയുടെ ദൈർഘ്യം എത്ര മിനിട്ടാണ്
- മനുഷ്യരക്തത്തിന്റെ എത്ര ശതമാനമാണ് രക്ത കോശങ്ങൾ
- ഏകദിന ക്രിക്കറ്റിൽ സച്ചിൻ ടെൻഡുൽക്കറുടെ ബാറ്റിംഗ് ശരാശരി (44.83)

7114. കാഴ്ച ഇല്ലാത്തവർ എഴുതാൻ ഉപയോഗിക്കുന്ന ലിപി- ബ്രയ്‌ൽ
7115. വൈരുധ്യങ്ങളുടെ വൻകര എന്നറിയപ്പെടുന്നത്-ഏഷ്യ
7116. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്- കെ.എം.മാണി
7117. ജോർജ് അഞ്ചാമൻ രാജാവിൻെറ സന്ദർശനത്തിൻെറ (1911) സ്മരണയ്ക്ക് നിർമിക്കപ്പെട്ടത്- ഗേറ്റ്‌വേ ഓഫ് ഇന്ത്യ
7118. ലോകത്തിലെ ഏറ്റവും നീളം കൂടിയ തടാകം- തംഗാനിക
7119. കേരള പ്രസ് അക്കാദമി സ്ഥാപിതമായ വർഷം- 1979
7120. ലോകത്താദ്യമായി റേഡിയോ സംപ്രേഷണം നടത്തിയ രാജ്യം - ഇംഗ്ലണ്ട്
7121. കേരള ബാംബു കോർപ്പറേഷന്റെ ആസ്ഥാനം- അങ്കമാലി
7122. ജോൻ ഓഫ് ആർക്ക് വധിക്കപ്പെട്ട വർഷം- 1431
7123. ഏതു രാജ്യത്തെ സംസ്കാരമാണ് പൂച്ചയെ ആരാധിച്ചിരുന്നത്- ഈജിപ്ത്
7124. കേരള സർക്കാരിന്റെ ഏറ്റവും ഉയർന്ന സാഹിത്യ പുരസ്കാരം- എഴുത്തച്ഛൻ പുരസ്കാരം
7125. തുടർച്ചയായി മഴയുണ്ടാക്കുന്ന മേഘങ്ങൾ- നിംബസ്
7126. ഏതു പ്രക്രിയയിലൂടെയാണ് സൂര്യനിൽ ഊർജം ഉല്പാദിപ്പിക്കപ്പെടുന്നത് - ന്യൂക്ലിയർ ഫ്യൂഷൻ
7127. ഷെർഷായുടെ പിൻഗാമി- ഇസ്ലാം ഷാ
7128. തൂവലിന്റെ സാന്ദ്രത ഏറ്റവും കൂടിയ പക്ഷി -പെൻഗ്വിൻ
7129. തുർക്കിയുടെ ഭാഗമായ ത്രേസ് ഏത് ഭൂഖണ്ഡത്തിലാണ്- യൂറോപ്പ്
7130. ഏതു സംസ്ഥാനത്താണ് ചാന്ദിപ്പൂർ ഓൺ സീ- ഒറീസ
7131. ഏതു സംസ്ഥാനത്തെ നൃത്തരൂപമാണ് ബംഗ്റ- പഞ്ചാബ്
7132. ഷെർഷായുടെ പിതാവ്- ഹസ്സൻ
7133. തന്റെ ആഗ്രഹത്തിനുവിരുദ്ധമായി വെസ്റ്റ്മിൻസ്റ്റർ ആബിയിൽ ഐസക് ന്യൂട്ടണു സമീപം അടക്കം ചെയ്യപ്പെട്ട ശാസ്ത്രജ്ഞൻ -ചാൾസ് ഡാർവിൻ
7134. ഏതു ഗ്രഹത്തിലാണ് ഗ്രേറ്റ് റെഡ് സ്പോട്ട് കാണപ്പെടുന്നത്- വ്യാഴം
7135. ലോകത്തിലെ ഒരേയൊരു ഒഴുകുന്ന ദേശീയോദ്യാനം- കെയ്ബുൾ ലാംജാവോ
7136. 1904-ൽ പ്രസിദ്ധീകരണമാരംഭിച്ച വിവേകോദയത്തിന്റെ ആദ്യ ഔദ്യോഗിക എഡിറ്റർ ആയിരുന്നത്- എം.ഗോവിന്ദൻ
7137. കേരള സാഹിത്യ അക്കാദമിയുടെ ആസ്ഥാനം- തൃശ്ശൂർ
- സോൾഡറിംഗ് വയറിൽ ടിന്നും ലെഡും എത്ര ശതമാനം വീതമാണ് അടങ്ങിയിരിക്കുന്നത്
- എത്ര രാജ്യങ്ങളുടെ പ്രതിനിധികളാണ് യു.എൻ. ചാർട്ടറിന് രൂപം നൽകിയത്
- ചെസിൽ എത്ര നീക്കങ്ങൾവരെ കഴിഞ്ഞിട്ടും കളിയിൽ വ്യക്തമായ മേൽക്കൈ നേടാൻ കഴിഞ്ഞില്ലെങ്കിലാണ് മത്സരം സമനിലയാണെന്ന് പ്രഖ്യാപിക്കുന്നത്
- രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ ഒരാളുടെ സ്ഥാനാർഥിത്വം അംഗീകരിക്കണമെങ്കിൽ എത്ര വോട്ടർമാർ പ്രപ്പോസ് ചെയ്യണം
- സുവർണ ജൂബിലി ആഘോഷിക്കുന്നത് എത്രാമത്തെ വാർഷികത്തിലാണ്
- അമേരിക്കൻ ഐക്യനാടുകളിലെ സ്റ്റേറ്റുകളുടെ എണ്ണം
- അമേരിക്കൻ മാനദണ്ഡപ്രകാരം ഭൂമിയിൽനിന്ന് എത്ര മൈൽ ഉയരത്തിൽ വ്യോമയാത്ര നടത്തുന്നവരെയാണ് ആസ്ട്രോനോട്ടായി പരിഗണിക്കുന്നത്
- അമേരിക്കൻ ദേശീയ പതാകയിലുള്ള നക്ഷത്രങ്ങളുടെ എണ്ണം
- ഏകദിന ക്രിക്കറ്റിലെ ഓവറുകളുടെ എണ്ണം
- എത്ര രൂപയുടെ ഇന്ത്യൻ കറൻസിയിലാണ് പാർലമെന്റ് മന്ദിരം ചിത്രീകരിച്ചിരിക്കുന്നത്
- എത്ര കിലോമീറ്റർ നടത്തമാണ് ഒളിമ്പിക്സിലെ ഏറ്റവും ദൈർഘ്യമുള്ള ഇനം
- ഗാർഹികാവശ്യത്തിനായി വിതരണം ചെയ്യുന്ന വൈദ്യുതിയുടെ ആവൃത്തി എത്ര ഹേർട്സ് ആണ്
- ഓസോൺ പാളി ഭൂമിയുടെ ഉപരിതലത്തിൽനിന്ന് എത്ര കിലോമീറ്റർ മുകളിലാണ്
- 1945 ജൂൺ 26-ന് എത്ര രാജ്യങ്ങളാണ് യു.എൻ. ചാർട്ടറിൽ ഒപ്പുവെച്ചത്
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര ശതമാനം സീറ്റുകളാണ് വനിതകൾക്ക് സംവരണം ചെയ്തിരിക്കുന്നത്
- അമേരിക്കയിലെ എത്രാമത്തെ സ്റ്റേറ്റാണ് ഹവായ്
- പൊതുമേഖലാ ബാങ്കുകളുടെ എത്ര ശതമാനത്തിലധികം ഓഹരികളാണ് കേന്ദ്ര സർക്കാർ കൈവശം വയ്ക്കുന്നത്

7808. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അസംബ്ലി,ലജിസ്ലേറ്റീവ് കൗൺസിൽ, ലോക്സഭാ, രാജ്യസഭാ സീറ്റുകൾ ഉള്ള സംസ്ഥാനം- ഉത്തർപ്രദേശ്
7809. ഏറ്റവും ചൂടു കുറഞ്ഞ ഭൂഖണ്ഡം- അന്റാർട്ടിക്ക
7810. ഏതു രാജാവിന്റെ കാലത്താണ് ബുദ്ധമതം നേപ്പാളിൽ പ്രചരിച്ചത്- അശോകൻ
7811. മുഖ്യമന്ത്രിയായശേഷം പ്രധാനമന്ത്രിയായ ആദ്യ വ്യക്തി- മൊറാർജി ദേശായി
7812. ഏറ്റവും സാധാരണമായ വൈറസ് രോഗം- ജലദോഷം
7813. സമ്മതിയുടെ നിർമാണം എന്ന സമീപനത്തെക്കുറിച്ച് വിശദീകരിച്ച ആധുനിക ചിന്തകൻ- നോം ചോംസ്കി
7814. എവിടത്തെ രാജാവാണ് നൊബേൽ പുരസ്കാരം സമ്മാനിക്കുന്നത്- സ്വീഡൻ
7815. ഏറ്റവും സ്ഥിരത കൂടിയ മൂലകം- ലെഡ്
7816. ഏതു രാജ്യക്കാരാണ് പുരുഷൻമാരുടെ പേരിനുമുന്നിൽ യു എന്നുചേർക്കുന്നത്- മ്യാൻമർ
7817. കടുക്ക, താന്നിക്ക, നെല്ലിക്ക ഇവ മൂന്നിനും കൂടിയുള്ള പേരാണ് - ത്രിഫല
7818. ഏറ്റവും ജനസാന്ദ്രത കൂടിയ ഏഷ്യൻ രാജ്യം- സിംഗപ്പൂർ

7819. ജയിലിൽ ഒൻപത് ആഴ്ച നിരാഹാരമനുഷ്ഠിച്ച് മരണംവരിച്ച സ്വാതന്ത്ര്യസമരസേനാനി- ജതിൻദാസ്
7820. ഏറ്റവും ജനസാന്ദ്രത കുറഞ്ഞ, കേരളത്തിലെ ജില്ല- ഇടുക്കി
7821. ജയദേവൻ ആരുടെ സദസ്യനായിരുന്നു- ലക്ഷ്മണസേനൻ
7822. ഉരുളുന്ന ഗ്രഹം എന്നറിയപ്പെടുന്നത് -യുറാനസ്
7823. ഇന്ത്യയിലെ ധാതു പര്യവേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ സ്ഥാപനം- ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ
7824. ഏറ്റവും ജനസാന്ദ്രതകൂടിയ ദ്വീപു രാഷ്ട്രം- സിംഗപ്പൂർ
7825. ഏതു രാജ്യക്കാരാണ് തങ്ങളുടെ രാജ്യത്തെ ഡ്രൂക്ക്-യുൽ എന്നു വിളിക്കുന്നത്- ഭൂട്ടാൻ
7826. ഏറ്റവും ജനസംഖ്യ കുറഞ്ഞ ഇന്ത്യൻ സംസ്ഥാനം- സിക്കിം
7827. ക്രൂസ്ഫെൽറ്റ്-ജേക്കബ് രോഗത്തിന്റെ മറ്റൊരു പേര്- ഭ്രാന്തിപ്പശു രോഗം
7828. ഏറ്റവും ചെറിയ മസ്തിഷ്കമുള്ള പ്രൈമേറ്റ്- മൗസ് ലീമർ
7829. ഖജുരാഹോ ക്ഷേത്രങ്ങൾ ഏതു സംസ്ഥാനത്താണ്- മധ്യപ്രദേശ്
7830. ഇന്ത്യയിൽ ഏറ്റവും ഉയരത്തിലുള്ള സംസ്ഥാന തലസ്ഥാനം (2205 മീ.)-ഷിംല
7831. ഏറ്റവും ജനസംഖ്യ കൂടിയ കോമൺവെൽത്ത് അംഗരാജ്യം- ഇന്ത്യ
7832. വിക്ടോറിയാ മെമ്മോറിയൽ എവിടെയാണ്- കൊൽക്കത്ത
7833. എല്ലാവർക്കും നൽകാവുന്ന രക്തഗ്രൂപ്പ്- ഒ ഗ്രൂപ്പ്
7834. കിഴക്കിന്റെ സ്കോട്ലൻഡ് എന്നറിയപ്പെടുന്ന ഇന്ത്യൻ സംസ്ഥാനം- മേഘാലയ
7836. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേയറ്റം-കന്യാകുമാരി
7837. ഇന്ത്യയിലെ ആദ്യത്തെ കപ്പൽ നിർമാണശാല- വിശാഖപട്ടണം
7838. വിശുദ്ധ പർവതം എന്നറിയപ്പെടുന്നത്- ഫ്യൂജിയാമ
7839. ഏറ്റവും ചൂടു കൂടുതലനുഭവപ്പെടുന്ന കേരളത്തിലെ ജില്ല- പാലക്കാട്
7840. ഇന്ത്യയിലെ ആദ്യത്തെ കൽക്കരിഖനി- റാണിഗഞ്ജ്
7841. ഏറ്റവും വേഗത്തിൽ നീന്തുന്ന പക്ഷി-പെൻഗ്വിൻ
7842. ഏതു വംശത്തിലെ രാജാവായിരുന്നു ബിംബിസാരൻ - ശൈശുനാഗ
7843. ഏറ്റവും തെക്കേയറ്റത്തെ വൻകര-അന്റാർട്ടിക്ക
7844. ഘ്രാണശക്തി ഏറ്റവും കൂടുതലുള്ള ജീവി- സ്രാവ്
7845. ഇന്ത്യയിലാദ്യമായി നാലു വരി എക്സ്പ്രസ് വേ നിലവിൽവന്ന സംസ്ഥാനം- ഗുജറാത്ത്
7846. ട്രാൻസിസ്റ്ററുകളും ഐ.സിയും ഉണ്ടാക്കാനുപയോഗിക്കുന്ന സെമി കണ്ടക്ടർ- ജെർമേനിയം
7847. ആത്മവിദ്യാസംഘം സ്ഥാപിച്ചതാര്- വാഗ്ഭടാനന്ദൻ
7848. ബ്രിട്ടീഷ് പാർലമെന്റിൽ അംഗമായ ആദ്യത്തെ ഭാരതീയൻ- ദാദാഭായ് നവറോജി
7849. ഏതു വംശത്തിലെ ഏറ്റവും പ്രഗല്ഭനായ രാജാവായിരുന്നു രുദ്രദാമൻ- ശകവംശം
7850. കർണാടകത്തിലെ ഏറ്റവും വലിയ നഗരം- ബാംഗ്ലൂർ
7851. ഗാന്ധിജി എവിടെവച്ചാണ് ആദ്യമായി സത്യാഗ്രഹമനുഷ്ഠിച്ചത് - ദക്ഷിണാഫ്രിക്ക
7852. കേരളത്തിലെ മുസ്ലിങ്ങളുടെ ആദ്യത്തെ സാമൂഹികക്ഷേമ സംഘടനയായ പൊന്നാനി ഊനത്തിൽ ഇസ്ലാം സഭ സ്ഥാപിതമായത് ഏത് വർഷത്തിൽ- എ.ഡി.1900
7853. ഇന്ത്യയിൽ ഡോക്ടേഴ്സ് ദിനമായി (ജൂലൈ 1) ആചരിക്കുന്നത് ആരുടെ ജന്മദിനമാണ്- ഡോ.ബി.സി.റോയ്
7854. ഗുരുവായൂർ സത്യാഗ്രഹ കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്നത്- കെ.കേളപ്പൻ
7855. ആരുടെ ശിഷ്യനായിരുന്നു സൂർദാസ്- വല്ലഭാചാര്യ
7856. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വോളണ്ടിയർ ക്യാപ്റ്റൻ - എ.കെ.ഗോപാലൻ
7857. കഥസരിത്സാഗരം രചിച്ചത്- സോമദേവൻ
7858. ഏതു വംശത്തിലെ ഏറ്റവും പ്രസിദ്ധനായ രാജാവാണ് പുലികേശി രണ്ടാമൻ- ചാലൂക്യ
7859. കമ്പ്യൂട്ടറിന്റെ തൊട്ടുനോക്കാവുന്ന ഭാഗങ്ങളെയെല്ലാം ചേർത്ത് നൽകിയിരിക്കുന്ന ഭാഗത്തിന്റെ പേര്- ഹാർഡ്വെയർ
7860. ഗ്ലാക്കോമ എന്ന രോഗം ബാധിക്കുന്നത്- കണ്ണിനെ
7861. 1,25,000 നടീനടൻമാർ അഭിനയിച്ച ചിത്രം- ബെൻഹർ
7862. ഏതു കായൽ അറബിക്കടലുമായി യോജിക്കുന്നിടത്താണ് നീണ്ടകര അഴി- അഷ്ടമുടിക്കായൽ

CONFUSING FACTS

- റാണാ പ്രതാപ് സാഗർ ഡാം രാജസ്ഥാനിൽ ചമ്പൽ നദിയിലാണ്. മഹാറാണാ പ്രതാപ് സാഗർ അഥവാ പോങ് ഡാം തടാകം ഹിമാചൽപ്രദേശിൽ ബിയാസ് നദിയിലാണ്.
- ലോക്നായക് എന്നറിയപ്പെട്ടത് ജയപ്രകാശ് നാരായൺ ആണ്. ദേശ്നായക് എന്ന ബഹുമതി സുഭാഷ് ചന്ദ്രബോസിനു നൽകിയത് ടാഗോർ ആണ്.
- ലാഹോറിലെ ഷാലിമാർ പൂന്തോട്ടം ഷാജഹാനും കശ്മീരിലേത് ജഹാംഗീറുമാണ് പണികഴിപ്പിച്ചത്.
- ഭൂമിയുടെ പലായന പ്രവേഗം 11.2 കിമീ./സെക്കന്റും ചന്ദ്രന്റെത് 2.4 കിമീ./സെക്കന്റും ആണ്.
- ചന്ദ്രനെക്കുറിച്ചുള്ള പഠനം സെലനോളജി. സൂര്യനെക്കുറിച്ചുള്ള പഠനം ഹീലിയോളജി.

7863. ഇന്ത്യയിലെ ആദ്യത്തെ ശാസ്ത്രനഗരം- കൊൽക്കത്ത
7864. ഇന്ത്യയിലെ ആദ്യത്തെ ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്കു നേതൃത്വം നൽകിയത്- പി.വേണുഗോപാൽ
7865. സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ഏക അമേരിക്കൻ പ്രസിഡന്റ് - വില്യം ഹോവാർഡ് താഫ്റ്റ്
7866. ജഹാംഗീർ ചക്രവർത്തി ഏതുപേരിലാണ് മുമ്പ് അറിയപ്പെട്ടിരുന്നത്- സലിം
7867. ദബോൾ വൈദ്യുത നിലയം ഏതു സംസ്ഥാനത്ത്- മഹാരാഷ്ട്ര
7868. ലാ മാർസെയിൽസ് ഏത് രാജ്യത്തിന്റെ ദേശീയ ഗാനമാണ്- ഫ്രാൻസ്
7869. ചരാർ ഇ ഷെരിഫ് പള്ളി ഏത് സംസ്ഥാനത്താണ് - ജമ്മുകശ്മീർ
7870. ബാഡ്മിന്റൺ എന്നു പേരുള്ള രണ്ടു ഗ്രാമങ്ങൾ ഉള്ള രാജ്യം- ഇംഗ്ലണ്ട്
7871. ആരുടെ സ്മരണയ്ക്കാണ് അംജദ് അലി ഖാൻ പ്രിയദർശിനി എന്ന രാഗം ചിട്ടപ്പെടുത്തിയത്- ഇന്ദിരാഗാന്ധി
7872. ബാണ്ടു ജനവിഭാഗം ഏത് ഭൂഖണ്ഡത്തിലാണ്- ആഫ്രിക്ക
7873. തമിഴ്ദേശത്തിന്റെ ബൈബിൾ എന്നറിയപ്പെടുന്നത്- തിരുക്കുറൽ
7874. കടവല്ലൂർ അന്യോന്യം ഏതു വിഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു- നമ്പൂതിരിമാർ
7875. തലച്ചോറിനെക്കാൾ വലുപ്പമുള്ള കണ്ണുള്ള പക്ഷി -ഒട്ടകപ്പക്ഷി
7876. തിരുവിതാംകൂറിൽ നിസ്സഹകരണപ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്- എ.കെ.പിള്ള
7877. കടുവയുടെ ജന്മദേശം- സൈബീരിയ
7878. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലാദ്യമായി അന്താരാഷ്ട്ര വിമാനത്താവള പദവി നൽകിയത് - അഹമ്മദാബാദ്
7879. ജവാഹർലാൽ നെഹ്റു 1923-ൽ ചെയർമാനായ മുനിസിപ്പാലിറ്റി - അലഹബാദ്
7880. രാജീവ്ഗാന്ധിവധത്തിനുപിന്നിലെ സുരക്ഷാപാളിച്ചകളെപ്പറ്റി അന്വേഷിച്ച കമ്മിഷൻ-ജയിൻ കമ്മിഷൻ
7881. ആദ്യത്തെ ഫിറോദിയ അവാർഡിന് അർഹനായത്-എ.പി.ജെ. അബ്ദുൾ കലാം
7882. ജൈവവർഗീകരണശാസ്ത്രത്തിന്റെ പിതാവ്- കാൾ ലിനെയസ്
7883. ഏതവയവത്തിന്റെ പ്രവർത്തനം തകരാറിലാകുമ്പോഴാണ് ഡയാലിസിസ് നടത്തുന്നത്- വൃക്ക
7884. ഇന്ത്യാ ഡിവൈഡഡ് രചിച്ചത്- ഡോ. രാജേന്ദ്രപ്രസാദ്
7885. ഏതിന്റെ ഖരാവസ്ഥയാണ് ഡ്രൈ ഐസ്-കാർബൺ ഡയോക്സൈഡ്
7886. മനുഷ്യവാസമുള്ള വൻകരകളിൽ ഉഷ്ണമേഖലാ പ്രദേശത്തിനു വെളിയിൽ സ്ഥിതി ചെയ്യുന്ന ഏക വൻകര- യൂറോപ്പ്
7887. ജന്മശതാബ്ദിയോടനുബന്ധിച്ച് സ്റ്റാമ്പ് പുറപ്പെടുവിക്കപ്പെട്ട ആദ്യ സ്വാതന്ത്ര്യ സമരസേനാനി- ബാലഗംഗാധര തിലകൻ
7888. പുളിമരത്തിന്റെ ജന്മദേശം- ആഫ്രിക്ക
7889. ലോകത്തെ ആദ്യത്തെ ഓഹരി വിപണി സ്ഥാപിതമായ ആന്റ്വെർപ് ഏത് രാജ്യത്താണ്- ബെൽജിയം
7890. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിദ്ധ എവിടെയാണ്- ചെന്നൈ
7891. ആകെ എത്ര കിലോമീറ്ററാണ് ഇന്ത്യൻ യൂണിയന്റെ അതിർത്തി - 22716 കി.മീ. (15200 കര + 7516 സമുദ്രം)

7892. ലോകത്ത് ഏറ്റവും കൂടുതൽ പേർ വധശിക്ഷയ്ക്ക് വിധേയമാകുന്ന രാജ്യം- ചൈന
7893. പ്രാചീന ഭാരതത്തിൽ അയസ് എന്നറിയപ്പെട്ടിരുന്ന ലോഹം- ചെമ്പ്
7894. യൂണിഫോം സിവിൽ കോഡ് നിലവിലുള്ള ഏക ഇന്ത്യൻ സംസ്ഥാനം- ഗോവ
7895. ഇന്ത്യയിൽ ഏതു സംസ്ഥാനമാണ് റബ്ബറുൽപാദനത്തിൽ ഒന്നാം സ്ഥാനത്ത്- കേരളം
7896. ലാറ്റിൻ ഔദ്യോഗിക ഭാഷയായ ഏക രാജ്യം - വത്തിക്കാൻ
7897. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിസ്തീർണത്തിൽ കൃഷി ചെയ്യപ്പെടുന്ന വിള- നെല്ല്
7898. ഏതു വൻകരയിലെ ഏറ്റവും നീളം കൂടിയ നദിയാണ് നൈൽ - ആഫ്രിക്ക
7899. ഇന്ത്യയിൽ പൊതുമരാമത്ത് വകുപ്പ് ഏത് ഗവർണർ ജനറലിന്റെ കാലത്താണ് ആരംഭിച്ചത്- ഡൽഹൗസി
7900. വിവാദമായ പഞ്ചാബ് മോഡൽ പ്രസംഗം നടത്തിയത്- ആർ. ബാലകൃഷ്ണപിള്ള
7901. ഏത് രാജ്യത്തെ വാഹനനിർമാതാക്കളാണ് വോൾവോ- സ്വീഡൻ
7902. കനാലുകളുടെ നാട് എന്നറിയപ്പെടുന്നത്- പാകിസ്താൻ
7903. ജവാഹർലാൽ നെഹ്റുവിന്റെ ആത്മകഥ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയത് സി.എച്ച്.കുഞ്ഞപ്പ
7904. എവറസ്റ്റ് കൊടുമുടി സ്ഥിതി ചെയ്യുന്ന രാജ്യം- നേപ്പാൾ
7905. സാഹിത്യ നൊബേലിനർഹനായ ആദ്യ പ്രധാനമന്ത്രി-സർ വിൻസ്റ്റൺ ചർച്ചിൽ
7906. ശതദ്രി എന്നറിയപ്പെട്ടിരുന്ന നദിയേത്- സത്‌ലജ്
7907. കോഴിക്കോട് വിമാനത്താവളം സ്ഥിതിചെയ്യുന്ന കരിപ്പൂർ ഏതു ജില്ലയിൽ- മലപ്പുറം
7908. ശതവാഹന രാജാക്കൻമാരുടെ സദസ്സിലെ ഭാഷ- പ്രാകൃതഭാഷ
7909. സസ്യ വർഗീകരണ സമ്പ്രദായത്തിന്റെ ആചാര്യൻ- കാൾലിനയസ്
7910. അക്ബർ ബുലന്ദ് ദർവാസ നിർമിച്ചത് ഏത് കീഴടക്കിയതിന്റെ സ്മരണയ്ക്കാണ്- ഗുജറാത്ത്
7911. സമുദ്രങ്ങളിൽ രാജാവ് എന്നറിയപ്പെടുന്നത്-പസഫിക് സമുദ്രം
7912. സമുദ്രനിരപ്പിൽനിന്നും താഴെയായി സ്ഥിതി ചെയ്യുന്ന, കേരളത്തിലെ ഒരു പ്രദേശം- കുട്ടനാട്
7913. ഖുദായ് ഖിത്മത്ഗർ എന്ന സംഘടന സ്ഥാപിച്ച സ്വാതന്ത്ര്യസമരസേനാനി- അബ്ദുൾ ഗാഫർ ഖാൻ
7914. കേരളത്തിലെ കന്നുകാലി ഗവേഷണകേന്ദ്രം സ്ഥിതിചെയ്യുന്നത് - മാട്ടുപ്പെട്ടി
7915. പഴയ നിയമത്തിൽ മോസസ്, ദൈവത്തിന്റെ പത്തുകൽപനകൾ സ്വീകരിച്ച സിനായ് പർവതം ഏത് രാജ്യത്ത്- ഈജിപ്ത്
7916. വിജയനഗരസാമ്രാജ്യം സ്ഥാപിതമായ വർഷം- 1336
7917. ഏത് രാജ്യവുമായിട്ടാണ് ഇന്ത്യ ആദ്യ ഏകദിനക്രിക്കറ്റ് മാച്ച് കളിച്ചത്- ഇംഗ്ലണ്ട്
7918. എസ്.എം.എസ്.എന്നതിന്റെ പൂർണരൂപം- ഷോർട്ട് മെസേജ് സർവീസ്
7919. ഏത് രാജ്യവുമായിട്ടാണ് ഇന്ത്യ ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മാച്ച് കളിച്ചത്- ഇംഗ്ലണ്ട്
7920. എസ്.എൻ.ഡി.പി.യോഗത്തിന്റെ ആസ്ഥാനം- കൊല്ലം
7921. നൈൽ യുദ്ധത്തിൽ ബ്രിട്ടണോട് ഏറ്റുമുട്ടിയ രാജ്യം- ഫ്രാൻസ്
7922. ഏത് രാജ്യത്തെ ഓഹരി വിപണിയാണ് ലാബോഴ്സ് എന്നറിയപ്പെടുന്നത്- ഫ്രാൻസ്
7923. എസ്.എൻ.ഡി.പി.യോഗത്തിന്റെ മുൻഗാമിയെന്നറിയപ്പെടുന്ന സംഘടന- വാവൂട്ടുയോഗം
7924. ഉപ്പിന് നികുതി ചുമത്തിയ ആദ്യ രാജ്യം- ചൈന
7925. ഗാന്ധിജി വധിക്കപ്പെട്ട സ്ഥലം- ന്യൂഡൽഹി
7926. കാശിയുടെ പുതിയപേര്- വാരാണസി
7927. കാശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനാ വകുപ്പ്- 370
7928. കാസിരംഗ ഏത് നദിയുടെ തീരത്താണ്-ബ്രഹ്മപുത്ര
7929. കാവേരി നദീജലതർക്കത്തിൽ ഉൾപ്പെട്ടത്- കേരളം, തമിഴ്നാട്,കർണാടകം,പോണ്ടിച്ചേരി
7930. ശിവജി ജനിച്ച വർഷം- 1627
7931. കിളിമഞ്ചാരോ അഗ്നി പർവതം ഏതുരാജ്യത്ത്- താൻസാനിയ
7932. സെനഗൽ എന്നു പേരുള്ള നദിയും രാജ്യവും ഏത് വൻകരയിലാണ് -ആഫ്രിക്ക

പൊതുവിജ്ഞാനത്തിലെ ഒറ്റയാൻമാർ

- മനുഷ്യനെ ചന്ദ്രനിൽ എത്തിച്ചിട്ടുള്ള ഏക രാജ്യമാണ് യു.എസ്.എ.
- പ്ലാസന്റ ഉണ്ടെങ്കിലും പല്ലില്ലാത്ത ഏക സസ്തനം ഉറുമ്പുതീനിയാണ് (Anteater)
- സസ്തനങ്ങൾക്ക് കഴുത്തിൽ ഏഴെല്ലുകളാണുള്ളത്. എന്നാൽ കഴുത്തിൽ എട്ടെല്ലുള്ള സസ്തനമാണ് കടൽപ്പശു.
- രണ്ടുതരം പാൽ ഉൽപാദിപ്പിക്കാൻ ശേഷിയുള്ള സസ്തനമാണ് കംഗാരു.
- എക്സ് റേ കടന്നു പോകാത്ത ലോഹമാണ് ഈയം.
- ലോക്സഭയിൽ അംഗത്വത്തിന് പ്രത്യേക വ്യവസ്ഥയുള്ള ഏക സമുദായം ആംഗ്ലോ ഇന്ത്യക്കാരാണ്.
- അഗ്നി പർവതങ്ങളില്ലാത്ത ഏക വൻകര ഓസ്ട്രേലിയയാണ്.
- ലോകത്തിലെ ഏക കോ-പ്രിൻസിപ്പാലിറ്റി ആണ് അൻഡോറ. ഫ്രഞ്ച് പ്രസിഡന്റും സ്പെയിനിലെ കാറ്റലോണിയയിലെ Bishop of Urgell ഉം ചേർന്നാണ് ഇവിടത്തെ ഭരണാധികാരം നിർവഹിക്കുന്നത്.
- നാല് രാജ് ഭവനുകളുള്ള ഇന്ത്യൻ സംസ്ഥാനമാണ് മഹാരാഷ്ട്ര. മുംബൈയിലുള്ളതു കൂടാതെ നാഗ്പൂർ , മഹാബലേശ്വർ , പൂനെ എന്നീ സ്ഥലങ്ങളിലും രാജ് ഭവനുകളുണ്ട്. തമിഴ്നാട്ടിൽ ചെന്നൈയിലും ഊട്ടിയിലും രാജ്ഭവനുകളുണ്ട്.

7933. വിക്രമോർവശീയം, മാളവികാഗ്നിമിത്രം,രഘുവംശം,മേഘദൂതം എന്നിവ രചിച്ചത്- കാളിദാസൻ
7934. 1999-ൽ സ്വതന്ത്രമാകുംമുമ്പ് ഈസ്റ്റ് തിമോർ ഏത് രാജ്യത്തിന്റെ നിയന്ത്രണത്തിലായിരുന്നു- ഇന്തോനിഷ്യ
7935. മാവ് ഏത് രാജ്യത്ത് ഉദ്ഭവിച്ച മരമാണ്- ഇന്ത്യ
7936. കർണാടക സംസ്ഥാനത്തെ പ്രധാന ഉത്സവം- ദസറ
7937. എൻഫീൽഡ് പട്ടണം ഏത് രാജ്യത്താണ്- ഇംഗ്ളണ്ട്
7938. എഡി1000നും 1026നും ഇടയ്ക്ക് പതിനേഴ് പ്രാവശ്യം ഇന്ത്യയെ ആക്രമിച്ച മുസ്ലീം ആക്രമണകാരി -മുഹമ്മദ് ഗസ്നി.
7939. ഏറ്റവും കൂടുതൽ ദിനപ്പത്രങ്ങളുള്ള രാജ്യം- ഇന്ത്യ
7940. സൈനികരുടെ യൂണിഫോമായി കാക്കി ഉപയോഗിച്ചു തുടങ്ങിയ രാജ്യം- ഇന്ത്യ
7941. ഏത് രാജ്യത്തിന്റെ തെക്കുകിഴക്കനേഷ്യയിലെ കോളനികളാണ് ഇന്തോ-ചൈന എന്നറിയപ്പെട്ടത്- ഫ്രാൻസ്
7942. ഇന്ത്യയിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ ഉദ്ഭവിക്കുന്നത് എവിടെനിന്നാണ്- ഇന്ത്യൻ മഹാസമുദ്രം
7943. ഏത് നേതാവിന്റെ സ്മരണയ്ക്കാണ് ഹരിപ്രസാദ് ചൗരസ്യ ഇന്ദിരാ കല്യാൺ എന്ന രാഗം ചിട്ടപ്പെടുത്തിയത്- ഇന്ദിരാഗാന്ധി
7944. ക്ളോണിംഗ് നടത്തിയ ആദ്യ ഇസ്ലാമിക രാജ്യം- ഇറാൻ
7945. സയ്യിദ് വംശം സ്ഥാപിച്ചത്- ഖിസ്റ് ഖാൻ
7946. ഇരട്ടക്കുളമ്പുള്ള മൃഗങ്ങളിൽ വലുപ്പത്തിൽ രണ്ടാം സ്ഥാനം-ജിറാഫ്
7947. ഗാന്ധാരം കീഴടക്കിയ ആദ്യ പേർഷ്യൻ ഭരണാധികാരി- ദാരിയസ് ഒന്നാമൻ
7948. ഇന്ത്യയിലെ ഏറ്റവും വലിയ വാർഷിക കന്നുകാലി മേള നടക്കുന്ന സ്ഥലം- സോണിപ്പൂർ
7949. ഇന്ത്യയിലെ ഏറ്റവും വലിയ ഓഡിറ്റോറിയമായ ശ്രീ ഷൺമുഖാനന്ദ ഹാൾ എവിടെയാണ് -മുംബൈ
7950. കംപ്യൂട്ടറിന്റെ തലച്ചോറ് എന്നറിയപ്പെടുന്നത്- സി.പി.യു.
7951. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ റിവർ വാലി പ്രോജക്ട്- ഭക്രാനംഗൽ
7952. ഗാന്ധി ശിഷ്യയായ മീരാ ബെന്നിന്റെ യഥാർഥ പേര്- മഡലിൻ സ്ലേഡ്
7953. ഐക്യരാഷ്ട്രസഭയുടെ ആദ്യസമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തത്- വിജയലക്ഷ്മി പണ്ഡിറ്റ്
7954. ഇന്ത്യയിലെ ഏറ്റവും വലിയ കപ്പൽനിർമാണശാല- മുംബൈ
7955. പുരാതനകാലത്ത് അസീറിയ എന്നറിയപ്പെട്ടിരുന്ന പ്രദേശം ഇപ്പോൾ ഏത് രാജ്യത്താണ്- ഇറാഖ്

7956. സിനായ് യുദ്ധത്തിൽ (1973) ഈജിപ്തിനോട് ഏറ്റുമുട്ടിയ രാജ്യം- ഇസ്രയേൽ
7957. ഇന്ത്യയുടെ സർവസൈന്യാധിപൻ- പ്രസിഡന്റ്
7958. ബ്രിട്ടണിലെ ആൽബർട്ട് രാജകുമാരനെ വരവേൽക്കാൻ 1876-ൽ പിങ്ക്നിറം പൂശിയ നഗരം- ജയ്പൂർ
7959. ജവാഹർ തുരങ്കം ഏത് സംസ്ഥാനത്താണ് - ജമ്മുകശ്മീർ
7960. കബുകി, നോ എന്നിവ ഏത് രാജ്യത്തെ നാടകരൂപങ്ങളാണ് -ജപ്പാൻ
7961. ഷേക് അബ്ദുള്ളയെ 1945 ഓഗസ്ത് നാലിന് നടന്ന നാഷണൽ കോൺഫറൻസിന്റെ സമ്മേളനത്തിൽ കശ്മീർ സിംഹം എന്ന് വിശേഷിപ്പിച്ചത്- ജവാഹർലാൽ നെഹ്റു
7962. ഇന്ത്യൻ മണ്ണിൽവച്ച് 1925-ൽ കമ്യൂണിസ്റ്റ് പാർട്ടി രൂപംകൊണ്ട സ്ഥലം- കാൺപൂർ
7963. ഏത് വൻകരയിലാണ് കൊളറാഡോ-വടക്കേ അമേരിക്ക
7964. ഇന്ത്യയുടെ കിഴക്കൻ തീരത്തിന്റെ തെക്കൻ അർധഭാഗം അറിയപ്പെടുന്നത്- കൊറമാണ്ടൽ തീരം
7965. രക്തമാംസങ്ങളിൽ ഇങ്ങനെയൊരു മനുഷ്യൻ ഭൂമിയിൽ ജീവിച്ചിരുന്നുവെന്ന് വരും തലമുറ വിശ്വസിച്ചെന്നുവരില്ല ഗാന്ധിജിയെപ്പറ്റി ഇപ്രകാരം പറഞ്ഞത്- ഐൻസ്റ്റീൻ
7966. ഇന്റർനെറ്റിന്റെ പഴയപേര്- അർപ്പാനെറ്റ്
7967. ഇമയവരമ്പൻ എന്ന സ്ഥാനപ്പേരുണ്ടായിരുന്ന ചേരരാജാവ്- നെടുംചേരലാതൻ
7968. ഏറ്റവും കൂടുതൽകാലം ഇന്ത്യൻ പ്രധാനമന്ത്രി-ജവാഹർലാൽ നെഹ്റു
7969. രക്തവും കണ്ണീരും വിയർപ്പും കഠിനാധ്വാനവുമല്ലാതെ മറ്റൊന്നും നിങ്ങൾക്കുതരാൻ എനിക്കില്ല-എന്നു പറഞ്ഞത്-സർ വിൻസ്റ്റൺ ചർച്ചിൽ
7970. ഏറ്റവും കൂടുതൽനേരം രണ്ടുകാലിൽ നിൽക്കുന്ന സസ്തനം-മനുഷ്യൻ
7971. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉൾനാടൻ ജലപാതകളുള്ള സംസ്ഥാനം- കേരളം
7972. കാളിഘട്ട് നഗരത്തിന്റെ ഇപ്പോളത്തെ പേര്- കൊൽക്കത്ത
7973. ലോകത്താദ്യമായി പോഡ് കാർ സംവിധാനം നിലവിൽ വന്നത് - ലണ്ടൻ
7974. ലാറ്റിനമേരിക്കയിലെ പുരാതന ജനവിഭാഗമായ ആസ്ടെക്കുകൾ ഇന്നത്തെ ഏത് രാജ്യത്താണ്- മെക്സിക്കോ
7975. 1977-ൽ രൂപവത്കരിച്ച ജനതാപാർട്ടിയുടെ ആദ്യ അധ്യക്ഷൻ- മൊറാർജി ദേശായി
7976. ഇന്ത്യയിലെ ഏറ്റവും വലിയ ഓഡിറ്റോറിയമായ ശ്രീ ഷൺമുഖാനന്ദ ഹാൾ എവിടെയാണ്- മുംബൈ
7977. ഔറംഗസീബ് ധർമട് യുദ്ധത്തിൽ ജസ്വന്ത് സിങിന്റെ നേതൃത്വത്തിലുള്ള, ദാരയുടെ സൈന്യത്തെ തോൽപിച്ച വർഷം- 1658
7978. ഇന്ത്യയിലാദ്യമായി വനിതാ മേയർ അധികാരമേറ്റ നഗരം- മുംബൈ
7979. 1886 മുതൽ 1937 വരെ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്ന രാജ്യം- മ്യാൻമർ
7980. ആരുടെ ഉപദേശപ്രകാരമാണ് ഗവർണർ നിയമസഭ പിരിച്ചുവിടുന്നത്-മുഖ്യമന്ത്രി
7981. ഇന്ത്യയിലാദ്യമായി സർക്കാർ ആഭിമുഖ്യത്തിൽ ചിട്ടി ആരംഭിച്ച സംസ്ഥാനം- കേരളം
7982. മ്യൂസിയം ഓഫ് മോഡേൺ ആർട്ട് ഏത് നഗരത്തിൽ- ന്യൂയോർക്ക്
7983. ഏറ്റവും പ്രാചീനമായ മലയാളം ലിപി- വട്ടെഴുത്ത്
7984. ധോണി വെള്ളച്ചാട്ടം ഏത് ജില്ലയിൽ- പാലക്കാട്
7985. അൽജീരിയ ഏത് രാജ്യത്തിന്റെ കോളനിയായിരുന്നു- ഫ്രാൻസ്
7986. ഇന്ത്യയിൽ കാപ്പിക്കുരു കൊണ്ടുവന്നത് എവിടെനിന്നാണ്-സൗദി അറേബ്യ
7987. എംഡൻ എന്ന മുങ്ങിക്കപ്പൽ ഏത് രാജ്യത്തിന്റെതായിരുന്നു- ജർമനി
7988. ഇന്ത്യൻ തപാൽസ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ സിനിമാനടി- നർഗീസ് ദത്ത്
7989. ഛാത്രാരി ഏത് സംസ്ഥാനത്തെ ആദിവാസി നൃത്തരൂപമാണ്- ഹിമാചൽ പ്രദേശ്
7990. ജിബ്രാൾട്ടർ പാറ എവിടെയാണ്- ഹൈദരാബാദ്
7991. ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്ഥലത്തു നടക്കുന്ന കൃഷി- നെല്ല്

CONFUSING FACTS

- ഏറ്റവും ചൂടുകൂടിയ ഭൂഖണ്ഡം ആഫ്രിക്കയും ഏറ്റവും ചൂടു കുറഞ്ഞത് അന്റാർട്ടിക്കയുമാണ്.
- സൂയസ് കനാൽ ബന്ധിപ്പിക്കുന്നത് മെഡിറ്ററേനിയനെയും ചെങ്കടലിനെയുമാണ്. പനാമ കനാൽ അത്‌ലാന്റിക്, പസഫിക് സമുദ്രങ്ങളെ ബന്ധിപ്പിക്കുന്നു.
- ഇന്ത്യയിലെ ക്ഷേത്രങ്ങളിൽവെച്ച് ഏറ്റവും കൂടുതൽ വരുമാനമുള്ളത് തിരുപ്പതി വെങ്കിടേശ്വര ക്ഷേത്രത്തിനാണ്. എന്നാൽ ഒരു പ്രത്യേക സീസണിലെ വരുമാനം ഏറ്റവും കൂടുതലുള്ളത് ശബരിമല ക്ഷേത്രത്തിനാണ്.
- ഏറ്റവും കൂടുതൽ സമ്പന്ന രാഷ്ട്രങ്ങളുള്ള വൻകര യൂറോപ്പും ഏറ്റവും കൂടുതൽ ദരിദ്ര രാഷ്ട്രങ്ങളുള്ളത് ആഫ്രിക്കയുമാണ്.

7992. ഇന്ത്യയിലെ ആദ്യത്തെ ആർട്ട് ഗാലറി 1814-ൽ സ്ഥാപിതമായത് എവിടെ- കൊൽക്കത്ത
7993. സോർബോൺ സർവകലാശാല എവിടെയാണ്- പാരീസ്
7994. ഇൻക സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കാണുന്ന മാച്ചുപിച്ചു ഏത് രാജ്യത്താണ്- പെറു
7995. ഈജിപ്ത് സ്വതന്ത്രമായ വർഷം- 1922
7996. രണ്ടാം ലോകമഹായുദ്ധക്കാലത്ത് നാസികൾ സ്ഥാപിച്ച ഏറ്റവും വലിയ കോൺസൺട്രേഷൻ ക്യാമ്പായ ഓഷ്‌വിറ്റ്സ് ഏത് രാജ്യത്താണ്- പോളണ്ട്
7997. ഇന്ത്യയിലെ സിനിമാ വ്യവസായത്തിന്റെ കേന്ദ്രം- മുംബൈ
7998. ക്യാബിനറ്റിന്റെ സുരക്ഷാ സമിതിയുടെ തലവൻ- പ്രധാനമന്ത്രി
7999. ഈജിപ്തിന്റെ ഏഷ്യൻഭാഗത്തിന്റെ പേര്- സിനായ് പെനിൻസുല
8000. ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ നൊബേൽ ജേതാവ്- രബീന്ദ്രനാഥ് ടാഗോർ
8001. നെല്ലിന്റെ താഴ്‌വര എന്നർഥമുള്ള ഡെൻജോങ് എന്ന പുരാതന നാമം ഇന്ത്യയിലെ ഏത് സംസ്ഥാനത്തിന്റെതാണ്- സിക്കിം
8002. ഇന്ത്യയുടെ ഏറ്റവും തെക്കേയറ്റത്തെ ജില്ല -കന്യാകുമാരി
8003. ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും ഉയർന്ന വധശിക്ഷാ നിരക്കുള്ള രാജ്യം- സിംഗപ്പൂർ
8004. നമീബിയ ഏത് രാജ്യത്തിൽനിന്നാണ് സ്വാതന്ത്ര്യം നേടിയത്- ദക്ഷിണാഫ്രിക്ക
8005. ഇന്ത്യയുടെ വിസ്തീർണം ഉദ്ദേശം എത്ര ലക്ഷം ചതുരശ്ര കിലോമീറ്ററാണ്- 32.9
8006. പട്യാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിന് ആരുടെ പേരാണ് നൽകിയിരിക്കുന്നത്- നേതാജി സുഭാഷ് ചന്ദ്രബോസ്
8007. ഈജിപ്തിന്റെ ഭാഗമായ സിനായ് ഉപദ്വീപ് ഏത് വൻകരയിലാണ് -ഏഷ്യ
8008. ജഹാംഗീറിന്റെ മരണശേഷം, ഷാജഹാൻ സ്ഥലത്തില്ലാത്തതിനാൽ, ആരെയാണ് ആസഫ്ഖാൻ താൽക്കാലിക ഭരണാധികാരിയായി വാഴിച്ചത്- ദാവർ ബക്ഷ്
8009. ഇന്ത്യയിലെ ഏറ്റവും വലിയ അണക്കെട്ട്- ഭക്രാനംഗൽ
8011. ഇന്ത്യയിലെ ഏറ്റവും വലിയ മണൽ അണക്കെട്ട് - ബാണാസുര സാഗർ
8012. കുടിക്കാനുപയോഗിക്കുന്ന മദ്യങ്ങളിൽകാണുന്ന ആൾക്കഹോൾ - ഈഥൈൽ ആൽക്കഹോൾ
8013. കൊച്ചി സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ- ജോസഫ് മുണ്ടശ്ശേരി
8014. 1898-ലെ സ്പാനിഷ്- അമേരിക്കൻ യുദ്ധം തുടങ്ങിയത് ഏത് രാജ്യത്ത്- ക്യൂബ
8015. ഇന്ത്യയിലെ ആദ്യത്തെ ലയൺസ് ക്ലബ്ബ് 1956-ൽ സ്ഥാപിതമായതെവിടെ- മുംബൈ
8016. ഈഡിപ്പസ് രാജാവ് എന്ന ഗ്രീക്കു നാടകം രചിച്ചത്- സോഫോക്ലീസ്
8017. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചിഹ്നത്തിലുള്ള മൃഗം- കടുവ
8018. ഇന്ത്യയിലെ സിനിമാരംഗത്തെ ഏറ്റവും ഉയർന്ന അവാർഡ്- ദാദാസാഹേബ് ഫാൽക്കെ

8019. രാഷ്ട്രപതിഭരണം ഏർപ്പെടുത്താൻ ശിപാർശ ചെയ്യുന്നത്- ഗവർണർ
8020. ഇന്ത്യയിലെ സിലിക്കൺ വാലി എന്നറിയപ്പെടുന്നത്- ബാംഗ്ലൂർ
8021. ബാറ്റ്മാൻ പട്ടണം ഏത് രാജ്യത്താണ്- തുർക്കി
8022. ടെന്നീസിന്റെ ജന്മനാട്-ഫ്രാൻസ്
8023. ഈഡൻ ഗാർഡൻസ് സ്റ്റേഡിയം (ക്രിക്കറ്റ്) എവിടെയാണ്- കൊൽക്കത്ത
8024. എംടിവി ഏത് രാജ്യത്തെ ടി.വി. ചാനലാണ്- യുഎസ്എ
8025. സ്റ്റാമ്പിലിടം നേടിയ രണ്ടാമത്തെ മലയാള കവി- വള്ളത്തോൾ
8026. ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം 1952-ൽ എവിടെയാണ് നടന്നത്- മുംബൈ
8027. രാജീവ്ഗാന്ധിവധത്തിനുപിന്നിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിച്ച കമ്മിഷൻ-വർമ കമ്മിഷൻ
8028. രാജസ്ഥാനിലെ പ്രധാനഭാഷകൾ- ഹിന്ദി, രാജസ്ഥാനി
8029. ഇന്ത്യ ആക്രമിക്കാൻ ബാബറെ ക്ഷണിച്ചത് -ദൗലത് ഖാൻ ലോധി
8030. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി അറിയപ്പെട്ടിരുന്ന ഇരട്ടപ്പേര്- ദി ജോൺ കമ്പനി
8031. ഇന്ത്യാചരിത്രത്തിലാദ്യമായി പിതൃഹത്യ നടത്തിയ രാജാവ്- അജാതശത്രു
8032. ഏതിന്റെ കൈവഴിയാണ് ഹൂഗ്ലി- ഗംഗ
8033. ടൈപ്പ് മെറ്റൽ എന്ന ലോഹസങ്കരത്തിലെ ഘടകങ്ങൾ- ആന്റിമണി, കറുത്തീയം, വെളുത്തീയം
8034. ഇന്ദിരാപ്രിയദർശിനി പിറന്നത്- 1917 നവംബർ 19ന്
8035. ഏരിയാന എന്നറിയപ്പെട്ടിരുന്ന പ്രദേശം -അഫ്ഗാനിസ്താൻ
8036. ഇന്ത്യാസമുദ്രത്തിലെ ഏറ്റവും വലിയ ദ്വീപ്- മഡഗാസ്കർ
8037. ഏഷ്യയിലെ ഏറ്റവും വലിയ ചേരി എന്ന വിശേഷണം 2009-ൽ സ്വന്തമാക്കിയ ഒറാങ്ങി ടൗൺഷിപ്പ് എവിടെയാണ് -കറാച്ചി
8038. ഇന്ത്യാചരിത്രത്തിലെ പെരിക്ലിയൻ കാലഘട്ടം എന്നറിയപ്പെടുന്നത്- ഗുപ്തകാലഘട്ടം
8039. ഏഷ്യയും ആഫ്രിക്കയും തമ്മിലുള്ള കരബന്ധം വേർപെടുത്തപ്പെട്ടതിനു കാരണം- സൂയസ് കനാൽ
8040. ഇന്ത്യാചരിത്രത്തിലെ ആദ്യത്തെ ചക്രവർത്തി- ചന്ദ്രഗുപ്തമൗര്യൻ
8041. ഈസ്റ്റ് ലണ്ടൻ എന്ന ആഫ്രിക്കൻ തുറമുഖ പട്ടണം ഏത് രാജ്യത്താണ്- ദക്ഷിണാഫ്രിക്ക
8042. ഇന്ത്യ സ്വതന്ത്രമായ വർഷം മലയാളത്തിന്റെ ആസ്ഥാനകവിയായി തിരഞ്ഞെടുത്തത്- വള്ളത്തോൾ
8043. ക്രിസ്തുമസ് ബോംബിംഗ് എന്ന പേരിൽ അമേരിക്ക ബോംബാക്രമണം നടത്തിയത് എവിടെയാണ്- വിയറ്റ്നാം
8044. എ.ആർ.റഹ്മാൻ ജനിച്ചതെവിടെ- ചെന്നൈ
8045. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിന്റെ ആസ്ഥാനം- ഗോവ
8046. ഐക്യരാഷ്ട്രസഭയുടെ എല്ലാ അംഗങ്ങളും ഉൾപ്പെടുന്ന സമിതി- ജനറൽ അസംബ്ലി
8047. കുക്ക പ്രസ്ഥാനം രൂപംകൊണ്ട സംസ്ഥാനം- പഞ്ചാബ്
8048. ഏതു രാജ്യക്കാരുമായിട്ടാണ് മാർത്താണ്ഡവർമ മാവേലിക്കര ഉടമ്പടിയിൽ ഏർപ്പെട്ടത്- നെതർലൻഡ്സ് (ഡച്ചുകാർ)
8049. കേരളസർക്കാരിന്റെ സ്വാതിപുരസ്കാരം ആദ്യമായി ലഭിച്ചത്- ശെമ്മാങ്കുടി ശ്രീനിവാസയ്യർ
8050. 1914-ൽ സർ ബഹുമതി നിരസിച്ച സ്വാതന്ത്ര്യ സമര സേനാനി- ഗോപാലകൃഷ്ണ ഗോഖലെ
8051. ഗാന്ധി സമാധാന സമ്മാനത്തിന് ആദ്യമായി അർഹനായത്- ജൂലിയസ് നെരേര
8052. തിരുവനന്തപുരത്ത് ഇപ്പോഴത്തെ സെക്രട്ടേറിയറ്റ് മന്ദിരം ഉദ്ഘാടനം ചെയ്യപ്പെട്ടത് ഏത് വർഷത്തിൽ- എ.ഡി.1869
8053. ചരകസംഹിത എന്തിനെക്കുറിച്ചുള്ള ഗ്രന്ഥമാണ്- വൈദ്യം
8054. ചാർമിനാർ നിർമിച്ച വർഷം- 1591
8055. ചാർമിനാർ എക്സ്പ്രസ് ഏതൊക്കെ നഗരങ്ങളെ ബന്ധിപ്പിക്കുന്നു - ഹൈദരാബാദ്- ചെന്നൈ
8056. ചാർവാക മതത്തിന്റെ ഉപജ്ഞാതാവ്- ബ്രഹസ്പതി
8057. പക്ഷികളിൽ ഏറ്റവും കുറച്ച് വികാസം പ്രാപിച്ച ഇന്ദ്രിയം- ഘ്രാണേന്ദ്രിയം
8058. തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിൽനിന്ന് വിക്ഷേപിച്ച ആദ്യറോക്കറ്റായ നൈക്ക് അപ്പാച്ചെ നിർമിച്ചത് ഏത് രാജ്യമാണ്- യുഎസ്എ

യുക്തി പ്രയോഗിച്ചാൽ തെറ്റിപ്പോയേക്കാവുന്നവ

- പേര് മുള്ളൻപന്നിയെന്നാണെങ്കിലും പന്നിവർഗത്തിൽപ്പെട്ട ജീവിയല്ല മുള്ളൻപന്നി. എലിയുടെ വർഗത്തിൽപ്പെട്ട ഇവയ്ക്ക് ഭൂമി തുരക്കാൻ എലിയെക്കാളും വൈദഗ്ധ്യമുണ്ട്. രോമങ്ങൾ രൂപാന്തരം പ്രാപിച്ചതാണ് മുള്ളുകൾ.
- മരപ്പട്ടിയാണ് Toddy Cat എന്നുമറിയപ്പെടുന്നത്. എന്നാൽ, ഇത് നായയുടെയോ പൂച്ചയുടെയോ കുടുംബത്തിൽപ്പെട്ടതല്ല. വെരുകിന്റെ ഇനത്തിൽപ്പെട്ട മൃഗമാണ് മരപ്പട്ടി.
- വയനാട് ചുരം പൂർണമായും കോഴിക്കോട് ജില്ലയിലാണ്.
- അലഹബാദ് ബാങ്കിന്റെ ആസ്ഥാനം ബംഗാളിലെ കൊൽക്കത്തയിലാണ്. അലഹബാദ് ഉത്തർപ്രദേശിലാണ്.

8059. ചരൺസിങിന്റെ സമാധി- കിസാൻഘട്ട്.
8060. സോഷ്യൽ ഡെവലപ്മെന്റ് സംബന്ധിച്ച ആദ്യ ഉച്ചകോടി നടന്ന സ്ഥലം- കോപ്പൻഹേഗൻ
8061. ശതവാഹന വംശം സ്ഥാപിച്ചത്- സിമുകൻ
8062. കേരളസംസ്ഥാനത്ത് ആദ്യ തിരഞ്ഞെടുപ്പ് നടന്ന വർഷം- 1957
8063. ചരൽക്കുന്ന് ഏതുനിലയിൽ പ്രസിദ്ധം- വിനോദസഞ്ചാര കേന്ദ്രം
8064. ടോംഗയുടെ പഴയ പേര്- ഫ്രണ്ട്‌ലി ഐലന്റ്സ്
8065. കേരളത്തിലെ കോർപ്പറേഷനുകളിൽ സമുദ്രസാമീപ്യമില്ലാത്തത് തൃശ്ശൂർ
8066. സിക്കുകാരുടെ പത്താമത്തെയും അവസാനത്തെയും ഗുരു- ഗോവിന്ദ്സിങ്
8067. തിരുവനന്തപുരത്ത് ചാലക്കമ്പോളം സ്ഥാപിച്ച തിരുവിതാംകൂർ ദിവാൻ-രാജാ കേശവദാസ്
8068. ഏത് വൻകരയിലാണ് ഒറാങ് ഉട്ടാനെ കാണുന്നത്-ഏഷ്യ
8069. ചുവന്ന രക്താണുക്കളുടെ ആയുസ്സ്- 120 ദിവസം
8070. ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായി 1967-ൽ സ്വീകരിച്ച സംസ്ഥാനം- നാഗാലാൻഡ്
8071. ക്യോഡോ ന്യൂസ് എവിടത്തെ വാർത്താ ഏജൻസിയാണ്- ജപ്പാൻ
8072. രണ്ടാം ലോകമഹായുദ്ധം അവസാനിക്കുമ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത്- ക്ലമന്റ് ആറ്റ്ലി
8073. ചുവന്ന രക്താണുക്കളുടെ ശവപ്പറമ്പ് എന്നറിയപ്പെടുന്ന ശരീരഭാഗം-പ്ലീഹ (സ്പ്ലീൻ)
8074. എവിടത്തെ പ്രധാനമന്ത്രിയുടെ വസതിയാണ് 24 സസക്സ് ഡ്രൈവ്- കനഡ
8075. വനം, പരിസ്ഥിതി പ്രശ്നങ്ങൾ മാത്രം കൈകാര്യം ചെയ്യാൻ ഇന്ത്യയിലാദ്യമായി ഗ്രീൻ ബെഞ്ച് സ്ഥാപിച്ച ഇന്ത്യയിലെ ആദ്യത്തെ ഹൈക്കോടതി- കൽക്കട്ട
8076. രണ്ടാം ചേരസാമ്രാജ്യത്തിന്റെ തലസ്ഥാനം- തിരുവഞ്ചിക്കുളം
8077. ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറലിന്റെ ഔദ്യോഗിക വസതിയായ സട്ടൺ പ്ളേസ് എവിടെയാണ്- ന്യൂയോർക്ക്
8078. ഇംഗ്ലീഷ് കാൽപനിക കവിതയിലെ കുയിൽ എന്നറിയപ്പെട്ടത്- പി.ബി.ഷെല്ലി
8079. രണ്ടാം ലോകമഹായുദ്ധം തുടങ്ങുമ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത്- നെവിൽ ചേംബർലെയിൻ
8080. ജമ്മുവിൽനിന്ന് കശ്മീർ താഴ്വരയെ വേർതിരിക്കുന്ന മലനിര- പീർ പഞ്ജൽ
8081. രണ്ടാം ലോകമഹായുദ്ധക്കാലത്ത് ഹിറ്റ്ലർ ഏതു രാജ്യത്തെയാണ് ആദ്യം ആക്രമിച്ചത്- പോളണ്ട്
8082. ഭൂമിയുടെ ഇരട്ട എന്നറിയപ്പെടുന്ന ഗ്രഹം- ശുക്രൻ
8083. സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ ആദ്യ പ്രസിഡന്റ്- എം.പി.പോൾ
8084. ഏത് വൻകരയിലാണ് നയാഗ്ര വെള്ളച്ചാട്ടം-വടക്കേ അമേരിക്ക
8086. ഉപപ്രധാനമന്ത്രിയായശേഷം പ്രധാനമന്ത്രിയായ ആദ്യ വ്യക്തി -മൊറാർജി ദേശായി
8087. ഏത് വൻകരയിലാണ് സിൽക്ക് റൂട്ട് അഥവാ പട്ട് പാത-ഏഷ്യ
8088. രണ്ടു വ്യത്യസ്തവിഷയങ്ങളിൽ നൊബേൽ സമ്മാനം നേടിയ ആദ്യ വ്യക്തി- മാഡം ക്യൂറി

8089. ഇരുമ്പ് തുരുമ്പാകുന്നത് എന്തുമാറ്റത്തിനുദാഹരണമാണ്- രാസ മാറ്റം
8090. സൂഫി വിഭാഗം ഏതുമതത്തിലാണ് രൂപം കൊണ്ടത്- ഇസ്ലാം
8091. ഇന്റർനാഷണൽ ഡവലപ്മെന്റ് ഏജൻസിയുടെ ആസ്ഥാനം- വാഷിങ്ടൺ ഡി.സി.
8092. സുവർണക്ഷേത്രത്തിന്റെ നഗരം- അമൃത്സർ
8093. ഇന്റർഫാക്സ് എവിടത്തെ വാർത്താ ഏജൻസിയാണ്-റഷ്യ
8094. നെൽസൺ മണ്ടേല ഏതു രാജ്യക്കാരനാണ്-ദക്ഷിണാഫ്രിക്ക
8095. ഇന്ത്യയിലെ ഏറ്റവും വലിയ ഫിലിം സ്റ്റുഡിയോ- രാമോജി ഫിലിം സിറ്റി (ഹൈദരാബാദ്)
8096. നെല്ലിക്കയിൽ അടങ്ങിയിരിക്കുന്ന ജീവകം- ജീവകം സി
8097. സുവർണക്ഷേത്രത്തിൽ 1984ൽ ഇന്ത്യൻ പട്ടാളം നടത്തിയ നീക്കം- ഓപ്പറേഷൻ ബ്ലൂസ്റ്റാർ
8098. സുലു വർഗ്ഗക്കാർ താമസിക്കുന്ന രാജ്യം- ദക്ഷിണാഫ്രിക്ക
8099. സുപ്രിംകോടതി ചീഫ് ജസ്റ്റിസായ ഒരേയൊരു അമേരിക്കൻ പ്രസിഡണ്ട്- വില്യം ഹോവാർഡ് താഫ്റ്റ്
8100. ഫ്ളോട്ടിംഗ് സിറ്റി എന്നറിയപ്പെടുന്നത്- വെനീസ്
8101. കാറ്റാടി മില്ലുകളുടെ നാട് എന്നറിയപ്പെടുന്ന രാജ്യം- നെതർലൻഡ്സ്
8102. കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി കേരളത്തിലെവിടെയാണ് ആദ്യമായി സ്ഥാപിച്ചത്- കഞ്ചിക്കോട്
8103. കായികലോകത്തെ ഓസ്കർ എന്നറിയപ്പെടുന്ന അവാർഡ്- ലോറസ് അവാർഡ്
8104. വട്ടമേശ സമ്മേളനങ്ങളിൽ അംബേദ്കർ ആരെയാണ് പ്രതിനിധാനം ചെയ്തത്- അധഃസ്ഥിതർ
8105. ലിങ്കൺ മെമ്മോറിയൽ എവിടെയാണ്-വാഷിംഗ്ടൺ ഡി.സി.
8106. ഗാന്ധി സിനിമയിൽ ഗാന്ധിജിയുടെ വേഷം ചെയ്തത്- ബെൻ കിങ്സ്ലി
8107. ഭാരതീയ സംഗീതകലയുടെ ഉറവിടമായി കരുതുന്ന വേദം- സാമവേദം
8108. പ്രാചീനകാലത്ത് ബാരിസ് എന്നറിയപ്പെട്ടിരുന്ന നദി -പമ്പ
8109. ഫുകേത് എന്ന സുഖവാസകേന്ദ്രം ഏത് രാജ്യത്താണ്- തായ്ലൻഡ്
8110. ഗീതഗോവിന്ദം കേരളത്തിലറിയപ്പെടുന്ന പേര്- അഷ്ടപദി
8111. സംസ്ഥാനത്തെ തിരഞ്ഞെടുപ്പുകൾ നടത്തുന്നതിനും തിരഞ്ഞെടുപ്പ് സംബന്ധിച്ച മറ്റു പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ നിയമിക്കുന്ന ഉദ്യോഗസ്ഥൻ- ചീഫ് ഇലക്ട്രൽ ഓഫീസർ
8112. ജലത്തിന്റെ സ്ഥിര കാഠിന്യം മാറ്റാൻ ചേർക്കുന്നത്- സോഡിയം കാർബണേറ്റ്
8113. സംസ്ഥാനങ്ങളുടെ ഏറ്റവും വലിയ നികുതി വരുമാന മാർഗം- വിൽപന നികുതി
8114. സൂര്യസിദ്ധാന്തം എന്ന വാനനിരീക്ഷണ ശാസ്ത്രഗ്രന്ഥം രചിച്ച പ്രാചീന ഇന്ത്യൻ ശാസ്ത്രജ്ഞൻ- ആര്യഭടൻ
8115. സൂര്യൻ കഴിഞ്ഞാൽ ആകാശത്ത് കാണുന്ന ഏറ്റവും തിളക്കമുള്ള വസ്തു-ചന്ദ്രൻ
8116. ഘാന പക്ഷി സങ്കേതം ഏതു സംസ്ഥാനത്ത്- രാജസ്ഥാൻ
8117. ഗണിതശാസ്ത്രത്തിലെ ഗ്രാഫ് സമ്പ്രദായം കണ്ടുപിടിച്ചതാര്- റെനെ ദെക്കാർത്തെ
8118. സംഘകാലകൃതികളിലെ ആദ്യ ഗ്രന്ഥം- തോൽക്കാപ്പിയം
8119. സിരി നഗരം സ്ഥാപിച്ചത്- അലാവുദ്ദീൻ ഖിൽജി
8120. ജഹാംഗീറിന്റെ ശവകുടീരം പണികഴിപ്പിച്ചത്- ഷാജഹാൻ
8121. വെള്ളത്തിനടിയിൽവച്ച് ശബ്ദലേഖനം ചെയ്യുന്നതിനുള്ള ഉപകരണം- ഹൈഡ്രോഫോൺ
8122. സംസ്ഥാനത്തിന്റെ തലവൻ- ഗവർണർ
8123. തെക്കേ ഇന്ത്യയുടെ ധാന്യപ്പുര എന്നറിയപ്പെടുന്ന സ്ഥലം-തഞ്ചാവൂർ
8124. ഹൈദരാബാദിനെയും സെക്കന്തരാബാദിനേയും വേർതിരിക്കുന്ന തടാകം- ഹുസൈൻ സാഗർ
8125. പേർഷ്യൻ ഉൾക്കടൽ ഏത് സമുദ്രത്തിന്റെ ഭാഗമാണ്-ഇന്ത്യൻമഹാസമുദ്രം
8126. സ്റ്റെയിൻലെസ്സ് സ്റ്റീൽ കണ്ടുപിടിച്ചതാര്- ഹാരി ബ്രയർലി
8127. കൊച്ചി രാജ്യത്ത് ഹൈക്കോടതി സ്ഥാപിക്കപ്പെട്ടത് ഏത് ദിവാന്റെ കാലത്താണ്- ആർ.കെ.ഷൺമുഖം ചെട്ടി
8128. അവിഭക്ത ഇന്ത്യയിലെ ഭരണഘടനാ നിർമാണസഭയിലെ അംഗങ്ങൾ-389

CONFUSING FACTS

- കാശ്മീരിലെ അക്ബർ എന്ന് ചരിത്രകാരൻമാർ വിശേഷിപ്പിച്ചത് സെയ്നുൽ അബിദിനെയാണ്. ഹിന്ദുകാലഘട്ടത്തിലെ അക്ബർ എന്നറിയപ്പെട്ടത് ഹർഷവർധനാണ്.
- ഏറ്റവും വടക്കേയറ്റത്തെ തലസ്ഥാനനഗരം ഐസ്ലൻഡിന്റെ തലസ്ഥാനമായ റെയ്ക്ജാവിക് ആണ്. ന്യൂസിലൻഡിന്റെ തലസ്ഥാനമായ വെല്ലിങ്ടൺ ആണ് ഏറ്റവും തെക്കേയറ്റത്തെ തലസ്ഥാനനഗരം.
- ഗാന്ധി സാഗർ ഡാം മധ്യപ്രദേശിൽ ചംബൽ നദിയിലാണ്. ഇതേ നദിയിൽ നിർമിച്ചിരിക്കുന്ന ജവാഹർ സാഗർ ഡാം രാജസ്ഥാനിലാണ്.
- ഗ്രീക്കുപുരാണങ്ങളിലെ സമുദ്രദേവനാണ് പോസൈഡോൺ (Poseidon). റോമൻ പുരാണങ്ങളിലെ സമുദ്രദേവനാണ് നെപ്റ്റ്യൂൺ.

8129. കൃത്രിമ മഴ പെയ്യിക്കാൻ ഉപയോഗിക്കുന്ന ലവണം- സിൽവർ അയഡൈഡ്
8130. പെരുമ്പടപ്പ് സ്വരൂപം എന്നറിയപ്പെട്ടിരുന്നത്- കൊച്ചിരാജ്യം
8131. ബ്രിട്ടീഷിന്ത്യയിൽ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയ ഗവർണർ ജനറൽ- ഡൽഹൗസി
8132. പൊതുതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ ഇന്ത്യൻ പൗരനാവശ്യമായ കുറഞ്ഞ പ്രായം -18
8133. ശൂന്യാകാശത്തേക്ക് ആദ്യം അയയ്ക്കപ്പെട്ട ജീവി- നായ
8134. ഭാരതരത്നം നേടിയ ആദ്യ വിദേശി- ഖാൻ അബ്ദുൾ ഗാഫർ ഖാൻ
8135. തിരുമുല്ലവാരം ബീച്ച് ഏതു ജില്ലയിലാണ്- കൊല്ലം
8136. കൃത്രിമ റബ്ബറിന്റെ അടിസ്ഥാന ഘടകം- നിയോപ്രീൻ
8137. സമുദ്രനിരപ്പിൽനിന്നും ശരാശരി ഉയരം ഏറ്റവും കൂടിയ ഭൂഖണ്ഡം- അന്റാർട്ടിക്ക
8138. കുറോഷിയോ പ്രവാഹം ഏത് സമുദ്രത്തിലാണ്-പസഫിക് സമുദ്രം
8139. ബുദ്ധന്റെ ആദ്യ മതപ്രഭാഷണം അറിയപ്പെടുന്ന പേര്- ധർമചക്രപ്രവർത്തനം
8140. പെരിയോർ എന്ന അപരനാമത്തിലറിയപ്പെട്ടിരുന്നത്-ഇ.വി.രാമസ്വാമിനായ്ക്കർ
8141. കൊച്ചിയിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കപ്പെട്ട വർഷം-1818
8142. കൂട്ടുത്തരവാദിത്വം എന്ന ആശയം ഏതു രാജ്യത്തുനിന്നുമാണ് ഇന്ത്യൻ ഭരണഘടനാനിർമാതാക്കൾ സ്വീകരിച്ചത് -ബ്രിട്ടൺ
8143. ഏറ്റവും കൂടുതൽകാലം ഭരിച്ച ഖിൽജി സുൽത്താൻ- അലാവുദ്ദീൻ ഖിൽജി
8144. കൊച്ചിൻ സ്റ്റോക്ക് എക്സ്ചേഞ്ച് സ്ഥാപിതമായ വർഷം- 1978
8145. കിസ് എന്ന പദത്തിന്റെ ഉപജ്ഞാതാവ്- ജിം ഡെയ്ലി(അയർലൻഡ്)
8146. കെ.പി.സി.സി.യുടെ രണ്ടാമത് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചത്- സരോജിനി നായിഡു
8147. കൊയാലി എന്തിനു പ്രസിദ്ധം- എണ്ണശുദ്ധീകരണശാല
8148. തേക്കടി വന്യജീവിസങ്കേതം ഏതു നദിയുടെ തീരത്താണ്- പെരിയാർ
8149. ഏറ്റവും കുറഞ്ഞ ഗർഭകാലം ഉള്ള ജീവി- അമേരിക്കൻ ഒപ്പോസം
8150. ഗാന്ധിവധക്കേസിൽ വിധി പ്രസ്താവിച്ച ന്യായാധിപൻ- ആത്മാചരൺ അഗർവാൾ
8151. കേരളത്തിലെ ഏറ്റവും തെക്കേയറ്റത്തെ നദി -നെയ്യാർ
8152. ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള വികസിത രാഷ്ട്രം- കാനഡ
8153. ജർമൻ സിൽവറിന്റെ ഘടകലോഹങ്ങൾ- ചെമ്പ്, സിങ്ക്, നിക്കൽ
8154. ഏറ്റവും കൂടുതൽ രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയ രാജ്യം- ബ്രിട്ടൺ
8155. സൂര്യൻ കഴിഞ്ഞാൽ ഭൂമിയോട് ഏറ്റവുമടുത്ത നക്ഷത്രം- പ്രോക്സിമാ സെന്റൗറി

8156. മനുഷ്യന്റെ നിലനിൽപിന് അന്തരീക്ഷത്തിലുള്ള ഓക്സിജന്റെ കുറഞ്ഞ അളവ്- 6.9 ശതമാനം
8157. ഏറ്റവും കൂടിയ പ്രായത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയായത്- മൊറാർജി ദേശായി
8158. പ്രകൃതിയിൽ നിന്നും ലഭിക്കാവുന്നതിൽ ഏറ്റവും ശുദ്ധമായ ജലം- മഴവെള്ളം
8159. സർദാർ പട്ടേൽ ഭവൻ ഏതു സ്ഥാപനത്തിന്റെ ആസ്ഥാനമായുരുന്നു- ദേശീയ മനുഷ്യാവകാശ കമ്മീഷൻ (ഇപ്പോൾ മാനവർ അധികാർ ഭവൻ)
8160. കണ്വവംശം സ്ഥാപിച്ചത്- വാസുദേവൻ
8161. കേരളത്തിലെ ഏറ്റവും തെക്കേയറ്റത്തെ ഗ്രാമപഞ്ചായത്ത്- പാറശ്ശാല
8162. പ്രശസ്ത ഗണിത ശാസ്ത്രജ്ഞൻ ബെർട്രാൻഡ് റസലിന് നൊബേൽ സമ്മാനം ലഭിച്ച വിഷയം- സാഹിത്യം
8163. സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടിയ പ്രഥമ വനിത- ബെർത്താ വോൺ സട്നർ(1905)
8164. സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച ആദ്യത്തെ കറുത്ത വർഗക്കാരൻ- റാൽഫ് ബഞ്ച് (1950)
8165. രാജർഷി എന്നറിയപ്പെട്ടിരുന്ന ഭാരതരത്ന ജേതാവ് - പുരുഷോത്തംദാസ് ഠണ്ഡൻ
8166. മഹർഷി എന്നറിയപ്പെട്ടിരുന്ന ഭാരതരത്ന ജേതാവ് - ധോണ്ഡോ കേശവ കാർവേ
8167. കോൺഗ്രസിതര സർക്കാരിന്റെ കാലത്ത് ഭാരത രത്നയിലൂടെ ആദരിക്കപ്പെട്ട ആദ്യത്ത നേതാവ് -ബി.ആർ.അംബേദ്കർ
8168. ചാന്ദ്രയാൻ പദ്ധതിക്കായി ഇന്ത്യ ഉപയോഗിച്ച ബഹിരാകാശവാഹനത്തിന്റെ നാമധേയം- പിഎസ്എൽവി സി-11
8169. ചാത്തൻകോത എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടിരുന്നത്- വള്ളുവനാട് രാജാവ്
8170. ഇന്ത്യയിലാദ്യമായി പെൺശിശുഹത്യ പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നത്- ജോനാഥൻ ഡങ്കൻ
8171. സ്ഥാനമാനങ്ങളുടെയും മറ്റും അടിസ്ഥാനത്തിൽ വ്യക്തികളെ തരംതിരിക്കാതെ എല്ലാവർക്കും നിയമത്തിന്റെ മുന്നിൽ തുല്യപരിഗണന നൽകുക എന്നതാണ്- സമത്വം
8172. ജയന്റ് റിഡ്‌ലി എന്നയിനം ആമയുടെ മുട്ടകൾ സംരക്ഷിക്കുന്നതിന് വേണ്ടി കൊളാവിപ്പാലത്ത് രൂപവത്കരിക്കപ്പെട്ട സംഘടന - തീരം
8173. ജീവകം കെ ഏറ്റവും കൂടുതൽ അടങ്ങിയിട്ടുള്ള ഭക്ഷ്യവസ്തു- പച്ചിലക്കറികൾ
8174. പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി ഏത് നദിക്ക് കുറുകെയാണ്- ചാലക്കുടിപ്പുഴ
8175. ഏത് യുദ്ധത്തിലാണ് ജൊവാൻ ഓഫ് ആർക് ഫ്രാൻസിനുവേണ്ടി ധീരമായി പോരാടിയത്- ശതവർഷയുദ്ധം
8176. ആൽപ്സ് പർവതത്തിന്റെ വടക്കേ ചെരുവിലൂടെ വീശുന്ന ഉഷ്ണക്കാറ്റ്- ഫൊൻ
8177. ഇന്ത്യയിലെ ഏറ്റവും വലിയ മൃഗശാല- സുവോളജിക്കൽ ഗാർഡൻസ്, കൊൽക്കത്ത
8178. ആൽപ്സ് മലനിരകൾ ഏത് വൻകരയിലാണ് - യൂറോപ്പ്
8179. ഇന്ത്യയിലാദ്യമായി സ്പീക്കർ പദവിയിലെത്തിയ അനുദ്യോഗസ്ഥൻ- വിത്തൽ ഭായ് പട്ടേൽ
8180. ആദ്യത്തെ ബഹിരാകാശ ടൂറിസ്റ്റ്- ഡെന്നിസ് ടിറ്റോ
8181. ഏത് വൻകരയാണ് റൊവാൾഡ് അമുണ്ട്സെൻ കണ്ടെത്തിയത് -അന്റാർട്ടിക്ക
8182. ഇംഗ്ലീഷുകാർ വിഴിഞ്ഞത്ത് വ്യാപാരശാല നിർമിച്ചത് ഏത് വർഷത്തിൽ- എ.ഡി.1644
8183. ഈഫൽ ഗോപുരം എവിടെയാണ്- പാരീസ്
8184. ഇന്ത്യയിലെ ബൈസിക്കിൾ നഗരം എന്നറിയപ്പെടുന്നത്- ലുധിയാന
8185. മനുഷ്യാവകാശം സംബന്ധിച്ച ആദ്യത്തെ ആഗോളരേഖ- ഐക്യരാഷ്ട്രസഭ ചാർട്ടർ
8186. ഇന്ത്യയുടെ കവാടം എന്നറിയപ്പെടുന്നത് - മുംബൈ
8187. ലോകത്തിലെ ഏറ്റവും പഴക്കമുള്ള അസുഖമായി കണക്കാക്കുന്നത്- കുഷ്ഠം
8188. ഇന്ത്യയിലെ ഏറ്റവും വലിയ ബയോസ്ഫിയർ റിസർവ്- ഗൾഫ് ഓഫ് മാന്നാർ
8189. പൊമറേനിയൻ നായയുടെ ജന്മദേശം- ജർമനി

പൊതുവിജ്ഞാനത്തിലെ ഒറ്റയാൻമാർ

- മുസ്ലിങ്ങൾ ഭൂരിപക്ഷമായ ഏക കേന്ദ്ര ഭരണപ്രദേശമാണ് ലക്ഷദ്വീപ്.
- മഞ്ഞുമലകളില്ലാത്ത ഏക വൻകരയാണ് ഓസ്ട്രേലിയ
- യൂറോപ്പിലെ ഏക theocratic സ്റ്റേറ്റ് വത്തിക്കാനാണ്.
- ഓക്സിജനില്ലാത്ത ആസിഡാണ് ഹൈഡ്രോക്ലോറിക് ആസിഡ്.
- 'X' എന്ന അക്ഷരത്തിൽ പേരു തുടങ്ങുന്ന ഒരു രാജ്യം പോലും ലോകത്തില്ല.
- 'a' എന്ന അക്ഷരത്തിൽ പേരവസാനിക്കാത്ത ഏക വൻകരയാണ് 'Europe'.
- ആവർത്തന പട്ടികയിൽ ഇടം പിടിക്കാത്ത ഏക അക്ഷരമാണ് 'J'.
- ശരീരത്തിന്റെ നീളത്തെക്കാൾ നാക്കിനു നീളമുള്ള ജന്തുവാണ് മരയോന്ത്

8190. പോളനാട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രദേശം- കോഴിക്കോട്
8191. ആദ്യത്തെ ബഹിരാകാശസഞ്ചാരി- യൂറി ഗഗാറിൻ (1961 ഏപ്രിൽ 12)
8192. റേഷൻ കാർഡ് ലഭിക്കാൻ സമീപിക്കേണ്ട ഓഫീസ്- സപ്ലൈ ഓഫീസ്
8193. വേണാട്ടിലെ യുവരാജാവ് അറിയപ്പെട്ടിരുന്ന പേര്- തൃപ്പാപ്പൂർ മൂപ്പൻ
8194. ഓസ്കർ ശിൽപം രൂപകൽപന ചെയ്തത് -സെഡ്രിക് ഗിബ്ബൺസ്
8195. ഐക്യരാഷ്ട്രസഭയുടെ മുൻഗാമിയായിരുന്ന ലീഗ് ഓഫ് നേഷൻസിന്റെ (സർവരാജ്യസഖ്യം) ആസ്ഥാനം- ജനീവ
8196. നവീകരണപ്രസ്ഥാനം സിറ്റ്സർലന്റിൽ അറിയപ്പെട്ട പേര്- കാൽവിനിസം
8197. ആംഗ്ലിക്കാനിസത്തിനു നേതൃത്വം നൽകിയ ഇംഗ്ലണ്ടിലെ രാജാവ്- ഹെൻറി എട്ടാമൻ
8198. സർവരാജ്യസഖ്യത്തിന്റെ ആദ്യത്തെ സെക്രട്ടറി ജനറൽ -സർ ജെയിംസ് എറിക് ഡ്രമണ്ട്
8199. ബോക്സർ ലഹള(1899-1901) നടന്ന രാജ്യം- ചൈന
8200. ഹൈദരാബാദിലെ നാഷണൽ പൊലീസ് അക്കാദമി ഏത് നേതാവിൻെറ പേരിലാണ് അറിയപ്പെടുന്നത് - സർദാർ വല്ലഭ്ഭായ് പട്ടേൽ
8201. പോർച്ചുഗീസുകാർ ചാലിയത്ത് കോട്ട നിർമിച്ചത് ഏത് വർഷത്തിൽ - എ.ഡി.1531
8202. ഗാന്ധിജി ഹരിജൻ ആശ്രമം എവിടെയാണ് സ്ഥാപിച്ചത്- സബർമതി
8203. ഇംഗ്ലണ്ടിൽ ബിൽ ഓഫ് റൈറ്റ്സ് പാസാക്കിയത് - 1689-ൽ
8204. ക്രിസ്തുമസ് ട്രീയുടെ ഉൽഭവം -ജർമനി
8205. ഇംപീച്ച്മെന്റ് നേരിടുന്നതിന് തൊട്ടടുത്തുവരെ എത്തിയെങ്കിലും നടപടി തുടങ്ങുന്നതിനു മുമ്പ് രാജിവച്ച അമേരിക്കൻ പ്രസിഡന്റ് - റിച്ചാർഡ് നിക്സൺ
8206. ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുമ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രി -ഹെർബെർട്ട് ഹെൻറി ആസ്ക്വിത്ത്
8207. സയന്റിഫിക് മാനേജ്മെന്റിന്റെ പിതാവ്- ഫ്രെഡറിക് ടെയ്ലർ
8208. ആധുനിക സോഷ്യോളജിയുടെ പിതാവ് -മാക്സ് വെബർ
8209. റോമൻ നിയമങ്ങളെ ക്രോഡീകരിച്ച ചക്രവർത്തി -ജസ്റ്റീനിയൻ
8210. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നത് ഭരണകൂടത്തിന്റെ ബാധ്യതയാക്കിക്കൊണ്ടുള്ള ആദ്യരേഖ- മാഗ്നാ കാർട്ട
8211. ഇംപീച്ച്മെന്റിനെ അഭിമുഖീകരിച്ച ആദ്യ യു.എസ്. പ്രസിഡന്റ് -ആൻഡ്രൂ ജോൺസൺ
8212. യൂറോപ്യൻ യൂണിയന്റെ പാർലമെന്റ്- സ്ട്രാസ്ബർഗ്
8213. ഇംപീച്ച്മെന്റ് ഭീഷണി നേരിട്ട ആദ്യ യു.എസ്. പ്രസിഡന്റ് - ജോൺ ടോയ്ലർ
8214. ഹൈദരാബാദിലെ ഭാരത് ഡൈനാമിക്സ് ലിമിറ്റഡിൽ എന്താണ് നിർമിക്കുന്നത് -ഗൈഡഡ് മിസൈലുകൾ
8215. യൂറോപ്യൻ യൂണിയന്റെ നീതിന്യായ ആസ്ഥാനം -ലക്സംബർഗ്

8216. ആധുനിക ജനാധിപത്യത്തിന്റെ സുവിശേഷം എന്നറിയപ്പെടുന്നത് - സോഷ്യൽ കോൺട്രാക്ട്
8217. ബുദ്ധന്റെ ആദ്യത്തെ ജീവചരിത്രം- ബുദ്ധചരിതം
8218. റോമൻ പുരാണങ്ങളിൽ ബുദ്ധിയുടെ അധിദേവത- മിനർവ
8219. ഒന്നാം ബോയർ യുദ്ധം അറിയപ്പെടുന്ന മറ്റൊരു പേര്- ട്രാൻസ് വാൾ യുദ്ധം
8220. ഗ്രീക്ക് പുരാണങ്ങളിൽ ബുദ്ധിയുടെ അധിദേവത- അഥീന
8221. ഇന്ത്യയിലെ ആദ്യത്തെ സയൻസ് സ്കൂൾ സ്ഥാപിച്ച സ്ഥലം - കൊച്ചി
8222. സുൽത്താനേറ്റ് കാലഘട്ടത്തിലെ രാജവംശങ്ങളിൽ ഏറ്റവും കുറച്ച് കാലം ഭരിച്ചത്- ഖിൽജി
8223. ബാൾക്കൻ രാജ്യങ്ങൾ ഏത് വൻകരയിലാണ് - യൂറോപ്പ്
8224. ആധുനിക ചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് -ലിയോപോൾഡ് വോൺ റാങ്കെ
8225. അടിമവംശത്തിലെ ഏറ്റവും മഹാനായ ഭരണകർത്താവായി പരിഗണിക്കുന്നത്- ഇൽത്തുമിഷ്
8226. പ്രതിഭയെന്നാൽ ഒരു ശതമാനം പ്രചോദനവും 99 ശതമാനം പ്രയത്നവുമാണ് എന്നു പറഞ്ഞത്-എഡിസൺ
8227. ഏറ്റവും സാഹസികനായ മുഗൾ ചക്രവർത്തി എന്നറിയപ്പെട്ടത് -ബാബർ
8228. പ്രാചീന ഇന്ത്യയിൽ അയസ് എന്നറിയപ്പെട്ടിരുന്ന ലോഹം-ചെമ്പ്
8229. ലോട്ടസ് മഹൽ എന്ന ശിൽപസൗധം എവിടെയാണ്- ഹംപി
8230. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് രാഷ്ട്രപതി ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത്- 123
8231. ഇരുപതാം നൂറ്റാണ്ടിലെ താജ്മഹൽ എന്നറിയപ്പെടുന്നത്- ലോട്ടസ് ടെമ്പിൾ
8232. താജ്മഹലിന്റെ മുൻഗാമി എന്നറിയപ്പെടുന്നത് -ഹുമയൂണിന്റെ ശവകുടീരം
8233. അക്ബറുടെ റവന്യൂമന്ത്രി രാജാ തോഡർമൽ ആവിഷ്കരിച്ച നികുതി വ്യവസ്ഥ- സബ്തി സംവിധാനം
8234. ഹൈദരാബാദിലെ പ്രശസ്തമായ മ്യൂസിയം- സലാർജംഗ് മ്യൂസിയം
8235. തെക്കേഅമേരിക്കയിലെ ലാൻഡ് ലോക്ഡ് രാജ്യങ്ങളേതെല്ലാം- ബൊളിവിയയും പരാഗ്വേയും
8236. നേത്രദാനത്തിനായി ഉപയോഗിക്കുന്ന ഭാഗം- കോർണിയ
8237. സുൽത്താനേറ്റ് കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ രാജ്യവിസ്തൃതിയുണ്ടായിരുന്ന ഭരണാധികാരി- മുഹമ്മദ് ബിൻ തുഗ്ലക്
8238. മധുരൈകൊണ്ട ചോളൻ എന്നു വിശേഷിപ്പക്കപ്പെട്ട ചോളരാജാവ് -പരാന്തകൻ ഒന്നാമൻ
8239. ജഹാംഗീറിന്റെ പത്നി നൂർജഹാന്റെ പിതാവ് -ഇത്തിമാദ് ഉദ് ദൗള
8240. സ്വന്തം മകന്റെ തടവറയിൽക്കിടന്നു മരിച്ച മുഗൾ ചക്രവർത്തി- ഷാജഹാൻ
8241. ഹിന്ദുസ്ഥാനി സാഹിത്യത്തിന്റെ സുവർണകാലഘട്ടം എന്നറിയപ്പെട്ടത് -അക്ബറുടെ ഭരണകാലം
8242. കാശ്മീരിലെ അക്ബർ എന്ന് ചരിത്രകാരൻമാർ വിശേഷിപ്പിച്ചത് -സെയ്നുൽ അബിദിൻ
8243. ഹിന്ദുകാലഘട്ടത്തിലെ അക്ബർ എന്നു വിളിച്ചത് -ഹർഷവർധനെ
8244. പ്ലേഗ് പരത്തുന്നത് - എലിച്ചെള്ള്
8245. പതിനായിരം തടാകങ്ങളുടെ നാട് -അമേരിക്കയിലെ മിനസോട്ട
8246. ഏഷ്യാ വൻകരയിൽ ഏറ്റവും കൂടുതൽ ഭക്ഷ്യ ധാന്യം കയറ്റുമതി ചെയ്യുന്ന രാജ്യം- ഇന്ത്യ
8247. ഇന്ത്യാചരിത്രത്തിലെ ചക്രവർത്തിമാരിൽ ഏറ്റവും മഹാനായി കണക്കാക്കപ്പെടുന്നത്- അശോകൻ
8248. ഗാന്ധിജി സിവിൽ ആജ്ഞാലംഘനപ്രസ്ഥാനത്തിന്റെ ഭാഗമായി ദണ്ഡിയാത്ര നടത്തിയ വർഷം - 1930
8249. ചൈനക്കാരനായ മാഹ്വാൻെറ കേരള സന്ദർശനം ഏത് വർഷത്തിൽ- എ.ഡി.1409
8250. ഏഷ്യാഡിൽ വ്യക്തിഗത ഇനത്തിൽ സ്വർണം നേടിയ ആദ്യ മലയാളി വനിത- എം.ഡി.വൽസമ്മ(1982)
8251. ഇന്ത്യയെന്നത് ഭൂമധ്യരേഖ പോലെ ഭൂമിശാസ്ത്രപരമായ ഒരു സംജ്ഞ മാത്രമാണ്. അതൊരു ഏകീകൃത രാഷ്ട്രമേയല്ല-എന്നു പറഞ്ഞത്-സർ വിൻസ്റ്റൺ ചർച്ചിൽ

CONFUSING FACTS

- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിദ്ധ ചെന്നൈയിലാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യുനാനി മെഡിസിൻ ബാംഗ്ലൂരിലാണ്.
- കനാലുകളുടെ നാട് എന്നറിയപ്പെടുന്ന രാജ്യം പാകിസ്താനാണ്. കനാലുകളുടെ നഗരം എന്നറിയപ്പെടുന്നത് ഇറ്റലിയിലെ വെനീസ്.
- ന്യൂഡൽഹിയിലാണ് ഇന്ത്യാഗേറ്റ് സ്ഥിതി ചെയ്യുന്നത്. ഗേറ്റ് വേ ഓഫ് ഇന്ത്യ മുംബെയിലാണ്.
- ഏഴുമലകളുടെ നാട് എന്നറിയപ്പെടുന്നത് ജോർദാൻ. ഏഴുമലകളുടെ നഗരം റോം.
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ ജയ്പൂരിലാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോമിയോപ്പതി കൊൽക്കത്തയിലാണ്.

8252. ഇൽത്തുമിഷിന്റെ ജിതൽ എന്ന നാണയം എന്തുപയോഗിച്ച് നിർമിച്ചതായിരുന്നു-ചെമ്പ്
8253. ഹൈദരാബാദ് നഗരം ഏത് രോഗത്തെ അതിജീവിച്ചതിൻെറ ഓർമയ്ക്കാണ് ചാർമിനാർ (1591) പണികഴിപ്പിച്ചത് - പ്ലേഗ്
8254. രക്തത്തിലെ ഗ്ലൂക്കോസിനെ നിയന്ത്രിക്കുന്ന ഹോർമോൺ- ഇൻസുലിൻ
8255. ജനാധിപത്യക്രമത്തെ വിശദീകരിക്കുന്ന ദ പ്രിൻസ് എന്ന പ്രശസ്തഗ്രന്ഥം രചിച്ചത്- മാക്യവെല്ലി
8256. ഇൽത്തുമിഷ് പ്രചരിപ്പിച്ച വെള്ളിനാണയം- തങ്ക
8257. വധിക്കപ്പെട്ട ഏക ബ്രിട്ടീഷ് പ്രധാനമന്ത്രി -സ്പെൻസർ പെർസിവൽ
8258. തുടർച്ചയായിട്ടല്ലാതെ രണ്ടു പ്രാവശ്യം അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റായ ഏക വ്യക്തി -ഗ്രോവർ ക്ലീവ്ലാൻഡ്
8259. ബഹിഷ്കൃത ഭാരത് എന്ന ദ്വൈവാരിക ആരംഭിച്ചത് -ബി.ആർ.അംബേദ്കർ
8260. ഇന്ത്യയിലെ ആദ്യത്തെ ഇസ്ലാമിക സ്മാരകം- ഡൽഹിയിലെ കുവത്തുൽ ഇസ്ലാം മോസ്ക്
8261. കേരളത്തിലെ ആദ്യ ചുമർചിത്ര നഗരി - കോട്ടയം
8262. സുൽത്താനേറ്റ് കാലഘട്ടത്തിലെ രാജവംശങ്ങളിൽ ഏറ്റവും കൂടുതൽ കാലം ഭരിച്ചത്- തുഗ്ലക്
8263. ബധിര വിലാപം രചിച്ചതാര്- വള്ളത്തോൾ നാരായണമേനോൻ
8264. വാനവരമ്പൻ എന്നു വിളിക്കപ്പെട്ടിരുന്ന ചേരരാജാവ്- ഉതിയൻ ചേരൻ
8265. രക്തത്തിലെ വർണകം- ഹീമോഗ്ലോബിൻ
8266. ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ് -എം.വിശ്വേശ്വരയ്യ
8267. ബാബിലോണിൽവച്ച് 33മത്തെ വയസ്സിൽ അന്തരിച്ച യുദ്ധവീരൻ-അലക്സാണ്ടർ ചക്രവർത്തി
8268. 1739-ൽ നാദിർഷാ ഇന്ത്യ ആക്രമിക്കുമ്പോൾ മുഗൾ ഭരണാധികാരിയായിരുന്നത് -മുഹമ്മദ് ഷാ
8269. ഇൽത്തുമിഷ് തന്റെ പിൻഗാമിയായി തിരഞ്ഞെടുത്തത്- റസിയ
8270. ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ വന്ദ്യവയോധികൻ- തുഷാർ കാന്തി ഘോഷ്
8271. രക്തത്തിന്റെ പി.എച്ച്.മൂല്യം- 7.4
8272. രക്തത്തിന്റെ ദ്രാവകഭാഗം- പ്ളാസ്മ
8273. ഇന്ത്യാചരിത്രത്തിലെ ഏറ്റവും പ്രാചീന സർവകലാശാല -തക്ഷശില
8274. ചുവന്ന രക്താണുക്കൾ കൂടുതലുണ്ടാകുന്ന അവസ്ഥ -പോളിസൈത്തീമിയ
8275. പാലിന്റെ വെളുത്തനിറത്തിനു കാരണം -കേസീൻ
8276. പിംഗല രചിച്ചത്- ഉള്ളൂർ
8277. വൃക്കയുടെ ആവരണം -പെരിട്ടോണിയം
8278. പാകിസ്താന്റെ സാമ്പത്തിക തലസ്ഥാനം-കറാച്ചി
8279. ഹൃദയത്തിന്റെ ആവരണമാണ് -പെരികാർഡിയം
8280. പ്രകൃതിയിൽ സ്വാഭാവികമായി കാണുന്ന മൂലകങ്ങൾ - 92
8281. മനുഷ്യഹൃദയത്തിന്റെ മുകളിലത്തെ അറകൾ -ആറിക്കിൾ
8282. ശ്വാസകോശത്തിന്റെ ആവരണം- പ്ലൂറ

8283. നേപ്പാളീ നേതാവ് പ്രചണ്ഡയുടെ യഥാർഥ പേര്- പുഷ്പ കമൽ ദഹൽ
8284. നേർപ്പിച്ച അസറ്റിക് ആസിഡ് അറിയപ്പെടുന്ന പേര്- വിനാഗിരി
8285. നേവാ നദി ഒഴുകുന്ന രാജ്യം-റഷ്യ
8286. ഗാന്ധിജി ജനിച്ച സ്ഥലം- പോർബന്തർ
8287. അലങ്കാര മത്സ്യങ്ങളുടെ റാണി- ഏഞ്ചൽ ഫിഷ്
8288. എൻ.എച്ച്.17 കേരളത്തിൽ ആരംഭിക്കുന്ന സ്ഥലം- ഇടപ്പള്ളി
8289. കുരുമുളകിന്റെ ശാസ്ത്രനാമം- പെപ്പർ നൈഗ്രാം
8290. കുറിച്യരുടെ ലഹള ഏത് വർഷത്തിൽ- എ.ഡി.1812
8291. എന്തിന്റെ സ്വഭാവം അളക്കാനാണ് സ്പെക്ട്രോമീറ്റർ ഉപയോഗിക്കുന്നത്- പ്രകാശം
8292. ഏത് യൂറോപ്യൻ രാജ്യത്താണ് രാഷ്ട്രത്തലവൻ ഗ്രാൻഡ് ഡ്യൂക്ക് എന്നറിയപ്പെടുന്നത് -ലക്സംബർഗ്
8293. ലോകത്തിലെ ഏറ്റവും വലിയ നിശാശലഭം -അറ്റ്ലസ് മോത്ത്
8294. ആടുകളുടെ റാണി -ജംനാപാരി
8295. ഏത് സമുദ്രത്തിലാണ് സർഗാസോ കടൽ-അത്ലാന്റിക് സമുദ്രം
8296. സസ്യവളർച്ച, ചലനം എന്നിവയെ നിയന്ത്രിക്കുന്ന ഹോർമോൺ - ഓക്സിൻ
8297. നെല്ലിനങ്ങളുടെ റാണി എന്നറിയപ്പെടുന്നത് -ബസ്മതി
8298. ഏത് അണക്കെട്ടിന്റെ ജലസംഭരണിയാണ് ഗോവിന്ദ് സാഗർ- ഭക്രാ നംഗൽ
8299. ഏത് ഇന്ത്യൻ നഗരമാണ് ബ്രിട്ടീഷുകാർക്ക് രാജകീയ സ്ത്രീധനമെന്ന നിലയിൽ ലഭിച്ചത്- ബോംബെ
8300. കുറ്റിക്കാടുകളുടെ നാട് എന്ന് പേരിനർഥമുള്ള സംസ്ഥാനം - ജാർഖണ്ഡ്
8301. എൻ റിച്ച്ഡ് യുറേനിയം എന്നറിയപ്പെടുന്നത്- യുറേനിയം-235
8302. കുരിശിന്റെ ചിത്രമുള്ള പതാകയുള്ള രാജ്യം- സ്വിറ്റ്സർലന്റ്
8303. എട്ട് അയൽ സംസ്ഥാനങ്ങളുള്ള സംസ്ഥാനം- ഉത്തർ പ്രദേശ്
8304. കുരിശുയുദ്ധങ്ങൾക്കു വേദിയായ വൻകര- യൂറോപ്പ്
8305. ഏത് ഇന്ത്യൻ പ്രധാനമന്ത്രിയ്ക്കാണ് 1983ൽ ഒളിമ്പിക് ഓർഡർ ലഭിച്ചത്- ഇന്ദിരാഗാന്ധി
8306. ഏത് ഇന്ത്യൻ സംസ്ഥാനത്താണ് വനം ഏറ്റവും കുറവ്- ഹരിയാന
8307. നട്ടെല്ലില്ലാത്ത ജീവികളിൽ ഏറ്റവും ബുദ്ധിയുള്ളത് -നീരാളി
8308. ഇന്ത്യയിലെ ഏറ്റവും വലിയ പക്ഷി- സരസൻ കൊക്ക്
8309. നട്ടെല്ലില്ലാത്ത ഏറ്റവും വലിയ അകശേരുകി - ഭീമൻ കണവ
8310. കുലശേഖര ആഴ്‌വാരുടെ ഭരണകാഘട്ടം- എ.ഡി.768-834
8311. കുലശേഖരൻമാരുടെ ആസ്ഥാനമായിരുന്നത്- മഹോദയപുരം
8312. എന്തിന്റെ ആവരണമാണ് പ്ലൂറ- ശ്വാസകോശം
8313. കുരുമുളകിന് എരിവു നൽകുന്ന വസ്തു- കാരിയോഫിലിൻ
8314. കുലശേഖരആഴ്‌വാർ ഏതു വംശത്തിലെ രാജാവായിരുന്നു- ചേരവംശം
8315. തേനീച്ചക്കൂട്ടിൽ മുട്ടയിടുന്ന പക്ഷി -പൊൻമാൻ
8316. ഏത് രാജ്യത്താണ് ശുഭപ്രതീക്ഷാ മുനമ്പ്-ദക്ഷിണാഫ്രിക്ക
8317. ചൈനീസ് റോസ് എന്നറിയപ്പെടുന്നത് -ചെമ്പരത്തി
8318. ദക്ഷിണാഫ്രിക്കയിൽവെച്ച് ഗാന്ധിജി തീവണ്ടിയിൽനിന്നും പുറത്താക്കപ്പെട്ട സ്റ്റേഷൻ- പീറ്റർമാരിറ്റ്സ്ബെർഗ്
8319. ഏറ്റവും കുറഞ്ഞ ഭൂരിപക്ഷത്തിനു തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്- വി.വി. ഗിരി
8320. ഏത് രാജ്യത്താണ് മുഹമ്മദ് നബിയുടെ കബറിടം സ്ഥിതിചെയ്യുന്ന മദീന-സൗദി അറേബ്യ
8321. പേരിന് സിംഹം എന്നർഥമുള്ള മുഗൾ രാജാവ്-ബാബർ
8322. ഇന്ത്യയുടെ കര അതിർത്തിയുടെ നീളം എത്ര കിലോമീറ്റർ- 15200
8323. കിഴങ്ങുകളുടെ റാണി -ഗ്ലാഡിയോലസ്
8324. ഇന്ത്യയുടെ വ്യവസായ തലസ്ഥാനം എന്നറിയപ്പെടുന്നത്- മുംബൈ
8325. സുഗന്ധദ്രവ്യങ്ങളുടെ റാണി -അത്തർ
8326. രക്താർബുദത്തിനെതിരെ ഉപയോഗിക്കുന്ന ഔഷധസസ്യം- ശവംനാറി
8327. പുഷ്പങ്ങളുടെ റാണി എന്നറിയപ്പെടുന്നത് -റോസ്
8328. എന്താണ് തെലുഗു ഗംഗാ പ്രോജക്ട് - കൃഷ്ണനദിയിൽനിന്ന് ചെന്നൈ നഗരത്തിൽ ജലമെത്തിക്കാനുള്ള പദ്ധതി
8329. എന്തിന്റെ അയിരാണ് കലാമിൻ- സിങ്ക്
8330. ഇന്ത്യയിലെ ഏറ്റവും വലിയ പർവതം- ഹിമാലയം
8331. ഏറ്റവും കുറച്ച് കടൽത്തീരമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനം- ഗോവ

പൊതുവിജ്ഞാനത്തിലെ വിപരീതങ്ങൾ

- മഹാവിഷ്ണുവിന്റെ ആദ്യത്തെ അവതാരം മത്സ്യം. അവസാനത്തേത് കൽക്കി.
- ആദ്യത്തെ വേദം ഋഗ്വേദവും അവസാനത്തേത് അഥർവവുമാണ്.
- ഏറ്റവും നീണ്ട ഗർഭകാലമുള്ള സസ്തനം ഏഷ്യൻ ആനയും ഏറ്റവും ദൈർഘ്യം കുറഞ്ഞ ഗർഭകാലമുള്ളത് അമേരിക്കൻ ഒപ്പോസവുമാണ്.
- ശ്വേത രക്താണുക്കളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്ന അവസ്ഥയാണ് ലുക്കീമിയ (രക്താർബുദം). ശ്വേത രക്താണുക്കളുടെ എണ്ണം കുറയുന്ന അവസ്ഥയാണ് ലുക്കോപീനിയ.
- ഏറ്റവും തണുപ്പുള്ള സമുദ്രം ആർട്ടിക് സമുദ്രം. ഏറ്റവും ചുടുകൂടിയ സമുദ്രം അത്ലാന്റിക്.
- ഇലക്ട്രോണിന്റെ ചാർജ് നെഗറ്റീവും പ്രോട്ടോണിന്റെത് പോസിറ്റീവുമാണ്.

8332. ഏത് സമുദ്രത്തിലാണ് ഗൾഫ് സ്ട്രീം -അത്ലാന്റിക് സമുദ്രം
8333. മണി ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകുന്നതാര്-ഗവർണർ
8334. ഏറ്റവും കൂടുതൽകാലം ഭരിച്ച സുൽത്താനേറ്റ് വംശം- തുഗ്ലക് വംശം(1320-1412)
8335. ഏറ്റവും കൂടുതൽകാലം അമേരിക്കൻ പ്രസിഡന്റ് പദം വഹിച്ചത് -ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റ്
8336. ആധുനിക സസ്യശാസ്ത്രത്തിന്റെ പിതാവാണ് -കരോലസ് ലിന്നീസ്
8337. പഴങ്ങളുടെ റാണി -മാങ്കോസ്റ്റൈൻ
8338. മനുഷ്യനെ ചന്ദ്രനിലെത്തിച്ച ആദ്യ ബഹിരാകാശ വാഹനം - അപ്പോളോ-11
8339. ജീൻ എന്ന വാക്കിന്റെ ഉപജ്ഞാതാവ് -വില്യം ജൊഹാൻസൺ
8340. ആദ്യത്തെ സ്വകാര്യ ബഹിരാകാശവാഹനം -സ്പേസ്ഷിപ്പ് വൺ
8341. വാഹനങ്ങളുടെ ചില്ല് നിർമിച്ചിരിക്കുന്ന ഗ്ലാസ് -സേഫ്റ്റി ഗ്ലാസ്
8342. ന്യൂട്രോൺ ബോംബ് കണ്ടുപിടിച്ചത് -സാമുവൽ കോഹൻ
8343. ലെൻസ്, പ്രിസം എന്നിവ നിർമിക്കാൻ ഉപയോഗിക്കുന്ന ഗ്ലാസ് - ഫ്ളിന്റ് ഗ്ലാസ്.
8344. ബെൻസീൻ കണ്ടുപിടിച്ചത് -ഫാരഡേ
8345. ഏറ്റവും കുറഞ്ഞ തിളനിലയുള്ള മൂലകം- ഹീലിയം
8346. വെളുത്ത രക്താണുക്കൾ കൂടുതലുണ്ടാകുന്ന അവസ്ഥ -ലുക്കീമിയ
8347. ഡോക്ടർമാർ എടുക്കുന്ന പ്രതിജ്ഞ -ഹിപ്പോക്രാറ്റസ് പ്രതിജ്ഞ
8348. നട്ടെല്ലിൽ മരുന്നു കുത്തിവച്ചശേഷം എടുക്കുന്ന എക്സ്റേയാണ് -മൈലോഗ്രാം
8349. വൈറ്റ് പ്ലേഗ് എന്നറിയപ്പെടുന്നത്- ക്ഷയം
8350. പ്രകാശം ഏറ്റവുമധികം വേഗത്തിൽ സഞ്ചരിക്കുന്ന മാധ്യമം- ശൂന്യസ്ഥലം
8351. ഓക്സിജന് ആ പേരു നൽകിയത് -ലാവോസിയർ
8352. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന അവസരങ്ങളിൽ ഒരിന്ത്യൻ പൗരന് ഹൈക്കോടതിയെ സമീപിക്കാവുന്നത്- 226
8353. കൃത്രിമ സിൽക്ക് എന്നറിയപ്പെടുന്നത് -റയോൺ
8354. മാർത്താണ്ഡവർമ തിരുവിതാംകൂറിൽ ഭരണമേറ്റ വർഷം- 1729
8355. മാമാങ്കവേദിയായിരുന്ന തിരുനാവായ ഏതു നദിയുടെ തീരത്തായിരുന്നു - ഭാരതപ്പുഴ
8356. മാർക്കോ പോളോ കേരളത്തിലെത്തിയ വർഷം- 1292
8357. മനുഷ്യന്റെ ചെറുകുടലിന്റെ നീളം- 6-7 മീറ്റർ
8358. മാലിക്ബിൻ ദിനാർ കേരളത്തിൽ പള്ളികൾ പണിത് ഇസ്ലാംമതം സ്ഥാപിച്ച വർഷം-എ.ഡി.644
8359. കംപ്യൂട്ടർ സയൻസിന്റെ പിതാവ് -അലൻ ടൂറിങ്
8360. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനം വിളിച്ചു കൂട്ടുന്നത്- 108

8361. ബ്ളാക്ക് ബോക്സ് അഥവാ കോക്പിറ്റ് വോയ്സ് റെക്കോർഡറിന്റെ നിറം- ഓറഞ്ച്
8362. ഏതിന്റെയെല്ലാം സംയുക്തമാണ് അമോണിയ- നൈട്രജൻ. ഹൈഡ്രജൻ
8363. ദക്ഷിണാഫ്രിക്കൻ ഗാന്ധി എന്നറിയപ്പെട്ടത് -നെൽസൺ മണ്ടേല
8364. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി- സ്റ്റേപ്പിസ്
8365. മയൂരസിംഹാസനവും കോഹിനൂർ രത്നവും പേർഷ്യയിലേക്കു കടത്തിയത്- നാദിർഷാ
8366. ഏതു നഗരത്തിലാണ് ടൈം സ്ക്വയർ- ന്യൂയോർക്ക്
8367. ഗാന്ധിജി ജോഹന്നാസ്ബെർഗിൽ ടോൾസ്റ്റോയ്ഫാം സ്ഥാപിച്ച വർഷം -1910
8368. പോച്ചമ്പാട് പദ്ധതി ഏത് നദിയിലാണ് -ഗോദാവരി
8369. ബയോളജി (ജീവശാസ്ത്രം)യുടെ പിതാവ്- അരിസ്റ്റോട്ടിൽ
8370. ഇന്ത്യയിലെ പ്രതിരോധ സേനകളുടെ പരമാധിപത്യം ആരിൽ നിക്ഷിപ്തമായിരിക്കുന്നു- രാഷ്ട്രപതി
8371. ഏതു ധാതുവിനാണ് ജാരിയ ഖനി പ്രസിദ്ധം- കൽക്കരി
8372. മരുപ്രദേശം ഏറ്റവും കുറഞ്ഞ ഭൂഖണ്ഡം- യൂറോപ്പ്
8373. മാർട്ടിൻ ലൂഥർ കിംഗിന്റെ വിഖ്യാതമായ എനിക്ക് ഒരു സ്വപ്നമുണ്ട് പ്രസംഗം ഏത് നഗരത്തിൽ വച്ചായിരുന്നു?-വാഷിംഗ്ടൺ ഡി.സി.
8374. മാൾവയിൽ ഖിൽജി വംശം സ്ഥാപിച്ചത്- മഹമൂദ് ഖാൻ
8375. അഗ്നി പർവതങ്ങളില്ലാത്ത ഭൂഖണ്ഡം- ഓസ്ട്രേലിയ
8376. ഇന്ത്യൻ പാർലമെന്റിലെ ഏറ്റവും പ്രധാനപ്പെട്ടതും ദൈർഘ്യം കൂടിയതുമായ സെഷൻ -ബഡ്ജറ്റ് സെഷൻ
8377. ഏറ്റവുംകൂടുതൽ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന സമുദ്രം -അത്ലാന്റിക് സമുദ്രം
8378. ആൽപ്സ് പർവതനിരയിൽ ഏറ്റവും ഉയരമുള്ള ഭാഗം- മോണ്ട് ബ്ലാങ്ക്
8379. ഏതു നൂറ്റാണ്ടിലാണ് താജ്മഹൽ നിർമിച്ചത്- പതിനേഴാം നൂറ്റാണ്ടിൽ
8380. രാഷ്ട്രപതിസ്ഥാനം വഹിച്ചശേഷം ഉപരാഷ്ട്രപതിയായത്- ജസ്റ്റിസ് എം.ഹിദായത്തുള്ള
8381. ഇന്ത്യയിലെ രണ്ടാമത്തെ മാസ്റ്റർ കൺട്രോൾ ഫെസിലിറ്റി സെന്റർ ഐ.എസ്.ആർ.ഒ.എവിടെയാണ് സ്ഥാപിച്ചത്- അയോധ്യനഗർ
8382. എന്താണ് വീനസ്ട്രോഫിയ- സൗന്ദര്യമുള്ള സ്ത്രീകളോടുള്ള ഭയം
8383. സാത്പുരയുടെ റാണി -പച്മഡി
8384. ഏതു നദിയിലാണ് കുറുവദ്വീപ്- കബനി
8385. ഇന്ത്യയ്ക്ക് ഒരു ഭരണഘടന എന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചത് -എം.എൻ.റോയ്
8386. രാജ്മഹൽ കുന്നുകൾ ഏത് സംസ്ഥാനത്ത്- ജാർഖണ്ഡ്
8387. രാഷ്ട്രപതിയുടെ അസാന്നിദ്ധ്യത്തിൽ ചുമതല നിർവഹിക്കുന്നത്- ഉപരാഷ്ട്രപതി
8388. ഗുരു നാനാക് തെർമൽ പവർ പ്ലാന്റ് എവിടെയാണ്- ഭട്ടിൻഡ
8389. ഇന്ത്യയിലെ ആദ്യ പത്രമായ ബംഗാൾ ഗസറ്റ് പ്രസിദ്ധീകരണമാരംഭിച്ച വർഷം- 1780
8390. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയ പേശിയായ സ്റ്റേപ്പിഡിയസ് എവിടെയാണ്- മധ്യകർണത്തിൽ
8391. മാൾവയുടെ മേൽ നേടിയ വിജയത്തിന്റെ സ്മരണയ്ക്ക് ചിറ്റോറിൽ വിജയസ്തംഭം നിർമിച്ചത്- കുംഭ റാണ
8392. മാർഗദർശിയായ ഇംഗ്ലീഷുകാരൻ എന്നറിയപ്പെട്ടത്- മാസ്റ്റർ റാൽഫ് ഫിച്ച്
8393. ഗുരു ഗോബിന്ദ് സിങ് തെർമൽ പ്ലാന്റ് എവിടെയാണ്- റോപ്പർ
8394. പശ്ചിമഘട്ടത്തിനും സമുദ്രത്തിനും ഇടയ്ക്കുള്ള തീരപ്രദേശത്തിന്റെ വടക്കുഭാഗത്തിന്റെ പേര്- കൊങ്കൺ
8395. ആപ്പിൾ സംസ്ഥാനം എന്നറിയപ്പെടുന്നത്- ഹിമാചൽ പ്രദേശ്
8396. രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും അസാന്നിദ്ധ്യത്തിൽ ചുമതല നിർവഹിക്കുന്നത്- സുപ്രീംകോടതി ചീഫ് ജസ്റ്റിസ്
8397. ഏറ്റവും കൂടുതൽ വികസിത രാജ്യങ്ങൾ ഉള്ള വൻകര -യൂറോപ്പ്
8398. സ്വതന്ത്ര ഇന്ത്യയുടെ ഏകദേശം മധ്യത്തായി സ്ഥിതി ചെയ്യുന്ന നഗരം- ജബൽപൂർ
8399. ഇന്ത്യയിലെ മിനിസ്വിറ്റ്സർലൻഡ് എന്നറിയപ്പെടുന്നത് -ഹിമാചൽ പ്രദേശിലെ ഖാജിയാർ

CONFUSING FACTS

- ലോകത്തിലെ ആദ്യത്തെ സംസ്കാരമായ സുമേരിയൻ സംസ്കാരമാണ് *സംസ്കാരങ്ങളുടെ കളിത്തൊട്ടിൽ* എന്നറിയപ്പെടുന്നത്. എന്നാൽ, *ജനാധിപത്യത്തിന്റെ കളിത്തൊട്ടിൽ* എന്നറിയപ്പെടുന്നത് ഏഥൻസ് ആണ്. നിലവിലുള്ളവയിൽവച്ച് ഏറ്റവും പഴക്കമുള്ള സംസ്കാരം ചൈനയിലേതാണ്.
- റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആദ്യ ഗവർണർ Sir Osborne Smith ഉം ഇന്ത്യക്കാരനായ ആദ്യ ഗവർണർ സി.ഡി. ദേശ്മുഖും ആണ്.
- ഭൂഗുരുത്വബലം ഏറ്റവും കുറവുള്ളത് ഭൂമധ്യരേഖയിലും ഭൂഗുരുത്വബലം ഏറ്റവും കൂടുതലുള്ളത് ധ്രുവപ്രദേശത്തും ആണ്.
- സൂര്യന്റെ പ്രകാശം ഭൂമിയിലെത്താൻ ആവശ്യമായ സമയം 500 സെക്കന്റാണ്. പ്രകാശത്തിന് ചന്ദ്രനിൽനിന്ന് ഭൂമിയിലെത്താൻ വേണ്ട സമയം 1.3 സെക്കന്റ്.

8400. ഹൈദരാബാദിനടുത്ത് നിർമിച്ച പുതിയ വിമാനത്താവളം- ഷംഷാബാദ്
8401. മായൻ നാഗരികത അഭിവൃദ്ധി പ്രാപിച്ചത് ഏതു പ്രദേശത്താണ്- മധ്യ അമേരിക്ക
8402. മനുഷ്യന്റെ ശാസ്ത്രനാമം- ഹോമോ സാപിയൻസ്
8403. മാലി ദ്വീപ് കീഴടക്കിയ ചോളരാജാവ്- രാജരാജചോളൻ
8404. പോർച്ചുഗീസുകാർക്ക് കച്ചവടത്തിന് അനുമതി നൽകിയ ആദ്യത്തെ കേരള രാജാവ്- കൊച്ചി രാജാവ്
8405. ഗാന്ധിജി കൈസർ ഇ ഹിന്ദ് ബഹുമതിയും ടാഗോർ സർ പദവിയും ഉപേക്ഷിച്ച വർഷം - 1919
8406. മൗ മൗ ലഹള നടന്ന രാജ്യം- കെനിയ
8407. ഭൂമധ്യരേഖയും ദക്ഷിണായനരേഖയും കടന്നുപോകുന്ന ഒരേയൊരു രാജ്യം- ബ്രസീൽ
8408. മാജി മാജി ലഹള നടന്ന രാജ്യം- താൻസാനിയ
8409. പശ്ചിമാർധഗോളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി - അകാൻകാഗ്വ
8410. ബയോളജി എന്ന വാക്ക് രൂപവത്കരിച്ചത് -ജീൻ ലാമാർക്ക്
8411. ഭൂഗുരുത്വബലം ഏറ്റവും കൂടുതലുള്ളത് -ധ്രുവപ്രദേശത്ത്
8412. ക്ളാസിക്കൽ ഭാഷാ പദവി ലഭിച്ച ആദ്യ ഇന്തോ ആര്യൻ ഭാഷ- സംസ്കൃതം
8413. ഭൂഗോളത്തിൽ ഏറ്റവും തെക്കായി സ്ഥിതിചെയ്യുന്ന തലസ്ഥാന നഗരം- വെല്ലിങ്ടൺ
8414. ദക്ഷിണഭോജൻ എന്നറിയപ്പെട്ട തിരുവിതാംകൂർ രാജാവ്- സ്വാതി തിരുനാൾ
8415. നോർക്ക (നോൺ റെസിഡന്റ് കേരളൈറ്റ് അഫയേഴ്സ്) ചെയർമാൻ-മുഖ്യമന്ത്രി
8416. പേൾ ഹാർബർ ഏത് സമുദ്രതീരത്താണ്-പസഫിക് സമുദ്രം
8417. കേരളത്തിലെ ഒരു സാങ്കേതിക സർവകലാശാല- കൊച്ചിൻ സർവകലാശാല
8418. ഭാരത കേസരി എന്നു വിശേഷിപ്പിക്കപ്പെട്ടത് -മന്നത്തു പദ്മനാഭൻ
8419. ഷഹീദ്-ഇ-അസം എന്നറിയപ്പെട്ടത് -ഭഗത് സിങ്
8420. ലോകത്തിലെ ഏറ്റവും ജനസാന്ദ്രത കൂടിയ ദ്വീപുരാഷ്ട്രം- സിംഗപ്പൂർ
8421. ഇതിഹാസത്തിലെ സൂര്യവംശത്തിന്റെ കുലഗുരു- വസിഷ്ഠൻ
8422. ഏറ്റവും നീളം കൂടിയ ഉപദ്വീപ് -തെക്കേ ഇന്ത്യ
8423. ഇന്ത്യാചരിത്രത്തിലെ ആദ്യ അഫ്ഗാൻ വംശം -ലോധി വംശം
8424. സംഘകാലത്ത് ചോളൻമാരുടെ തലസ്ഥാനം -ഉറൈയൂർ
8425. ഏറ്റവും വലിയ ദ്രാവിഡഭാഷ -തെലുങ്ക്
8426. ഖായിദ്-ഇ-അസം എന്നറിയപ്പെട്ടത് -മുഹമ്മദ് അലി ജിന്ന
8427. ബംഗ്ലാദേശിലെ ജനങ്ങൾ സ്വാതന്ത്ര്യത്തിനായി പൊരുതിയപ്പോൾ അവർക്ക് പിന്തുണ നൽകണമെന്ന് പറഞ്ഞ ആദ്യ ഇന്ത്യൻ നേതാവ്- ജയപ്രകാശ് നാരായൺ
8428. 1920 -ൽ മൂക്നായക് എന്ന പത്രം ആരംഭിച്ചത് -ഡോ. ബി.ആർ.അംബേദ്കർ

8429. പത്രപ്രവർത്തനം നടത്തിയതിന്റെ പേരിൽ തടവനുഭവിക്കേണ്ടി വന്ന ആദ്യ ഇന്ത്യക്കാരൻ -സുരേന്ദ്രനാഥ് ബാനർജി
8430. നരേന്ദ്രനാഥ്ദത്ത എന്ന ബാല്യകാലനാമമുള്ള സ്വാമി വിവേകാനന്ദന് ആദ്യമിട്ട പേര് -വീരേശ്വർ ദത്ത
8431. പാശ്ചാത്യ വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയ ആദ്യ ഇന്ത്യൻ വനിതകൾ - കാദംബിനി ഗാംഗുലി, ആനന്ദിഭായി ജോഷി
8432. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനെ നിയമിക്കുന്നതാര് -സ്പീക്കർ
8433. ദേവസമാജത്തിന്റെ സ്ഥാപകൻ -ശിവനാരായൺ അഗ്നിഹോത്രി
8434. വേദസമാജം സ്ഥാപിച്ചത് -ശ്രീധരലു നായിഡു
8435. ഭൂഗുരുത്വസിദ്ധാന്തം ആവിഷ്കരിച്ചത്- ഐസ്ക് ന്യൂട്ടൺ
8436. കോൺഗ്രസ് പ്രസിഡന്റായ രണ്ടാമത്തെ വിദേശി -വില്യം വെഡർബേൺ
8437. പ്രകാശത്തിന്റെ കണികാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്- ന്യൂട്ടൺ
8438. തിരുവനന്തപുരം വിമാനത്താവളത്തെ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ച വർഷം- 1991
8439. ദക്ഷിണാഫ്രിക്കയുടെ ഭരണതലസ്ഥാനം- പ്രിട്ടോറിയ
8440. 2011 സെൻസസ് പ്രകാരം കേരളത്തിലേറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല- മലപ്പുറം
8441. വേലുത്തമ്പിയുടെ കുണ്ടറ വിളംബരം ഏത് വർഷത്തിൽ- എ.ഡി.1809 (ജനു.11)
8442. കോൺഗ്രസ് നേതൃത്വത്തിലുള്ള ഒരു മുന്നണി ആദ്യമായി കേന്ദ്രത്തിൽ അധികാരത്തിൽവന്ന വർഷം- 2004
8443. ലോകത്തിലെ ഏറ്റവും ചെറിയ റിപ്പബ്ലിക്- നൗറു
8444. സമ്പൂർണവിപ്ലവത്തിന് ആഹ്വാനം ചെയ്ത നേതാവ്- ജയപ്രകാശ് നാരായൺ
8445. ചാന്ദ്‌വിക് വെള്ളച്ചാട്ടം ഏത് സംസ്ഥാനത്ത് -ഹിമാചൽ പ്രദേശ്
8446. ചിത്രാലതാ കൊട്ടാരത്തിൽ താമസിക്കുന്നത് ഏത് രാജ്യത്തെ രാജകുടുംബമാണ് -തായ്‌ലൻഡ്
8447. ഏഷ്യയെയും യൂറോപ്പിനെയും വേർതിരിക്കുന്ന പർവതനിര- യുറാൽ
8448. ആദ്യത്തെ വയലാർ അവാർഡ് നേടിയത്- ലളിതാംബിക അന്തർജനം
8449. ഹൈദരാബാദ് സ്ഥാപിച്ചത്- ഖുലി ഖുതുബ് ഷാ
8450. ഇന്ത്യയ്ക്ക് ഫെഡറൽ സംവിധാനം വിഭാവനം ചെയ്ത ആദ്യ നിയമം- 1935ലെ ഗവ. ഓഫ് ഇന്ത്യ ആക്ട്
8451. ഏതൊക്കെ നദികൾ ചേർന്നാണ് ഗംഗ രൂപം കൊള്ളുന്നത് -അളകനന്ദ, ഭഗീരഥി
8452. ഏതൊക്കെ ഗ്രഹങ്ങൾക്കിടയിലാണ് ആസ്റ്ററോയ്ഡ് ബെൽറ്റ് കാണപ്പെടുന്നത്- ചൊവ്വ, വ്യാഴം
8453. ഗാന്ധിജി ആദ്യമായി ഭഗവത്ഗീത വായിച്ച വർഷം - 1889
8454. പാന്റനാൽ ചതുപ്പുനിലം ഏത് രാജ്യത്താണ്- ബ്രസീൽ
8455. സരോജിനി നായിഡു ജനിച്ച സ്ഥലം- ഹൈദരാബാദ്
8456. കൊണാർക്ക് സൂര്യക്ഷേത്രം കണ്ടിട്ട് ഇവിടെ ശിലയുടെ ഭാഷ മനുഷ്യന്റെ ഭാഷയെ മറികടക്കുന്നു എന്നു പറഞ്ഞത്- ടാഗോർ
8457. സ്ത്രീകൾക്ക് പ്രവേശനമില്ലാത്ത മൗണ്ട് ആതോസ് ഏത് രാജ്യത്താണ്- ഗ്രീസ്
8458. മഹാറാണി ഗുഹ ഏത് രാജ്യത്താണ്- ഇന്തോനിഷ്യ
8459. പ്രകാശത്തിനു നേരെ ചെടികൾ വളരുന്ന പ്രതിഭാസം- ഫോട്ടോട്രോപ്പിസം
8460. ഇന്ത്യയിലാദ്യമായി ഇന്റർനെറ്റ് കണക്ഷൻ കിട്ടിയ വ്യക്തി- ഷമ്മി കപൂർ
8461. ലോകത്തിലെ ഏറ്റവും പഴക്കമുള്ള ദേശീയ ഗാനം ഏതു രാജ്യത്തിന്റേത്- ജപ്പാൻ
8462. ആദ്യമായി ചന്ദ്രനിലിറങ്ങിയ കൃത്രിമ വസ്തു- ലൂണ-2
8463. ഗോവിന്ദ് സാഗർ എന്ന മനുഷ്യനിർമിത തടാകം ഏത് സംസ്ഥാനത്താണ് - ഹിമാചൽ പ്രദേശ്
8464. വെള്ളത്തിലെ പൂരം എന്നറിയപ്പെടുന്നത്- ആറന്മുള വള്ളംകളി
8465. ലോകത്തിലെ ഏറ്റവും വിസ്തീർണം കൂടിയ നഗരം- മൗണ്ട് ഇസ (ഓസ്ട്രേലിയ)
8466. ദശാംശസമ്പ്രദായം ആദ്യമായി ഉപയോഗിച്ചത്- ആര്യഭട്ടൻ
8467. ഗാന്ധിജി സ്വാതന്ത്ര്യദിനത്തിൽഗാന്ധിജിഎവിടെയായിരുന്നു-ബംഗാളിൽ
8468. വെമ്പൊലിനാട് വടക്കുംകൂറെന്നും തെക്കുംകൂറെന്നും രണ്ടായി പിരിഞ്ഞത് - എ.ഡി.1100

യുക്തി പ്രയോഗിച്ചാൽ തെറ്റിപ്പോയേക്കാവുന്നവ

- ജർമനിയിലെ ബ്ലാക്ക് ഫോറസ്റ്റ് വനത്തിനെയല്ല, പർവതനിരയെയാണ് സൂചിപ്പിക്കുന്നത്.
- Cuttle Fish അഥവാ കണവ മത്സ്യമല്ല, Mollusca എന്ന വിഭാഗത്തിൽപ്പെടുന്ന അകശേരുകിയാണ്.
- Star Fish അഥവാ നക്ഷത്രമത്സ്യം മത്സ്യമല്ല, Echinodermata എന്ന വിഭാഗത്തിൽപ്പെടുന്ന അകശേരുകിയാണ്.
- Silver Fish എന്ന ജീവി Arthropoda വിഭാഗത്തിൽപ്പെടുന്ന insect ആണ്.
- ഇംഗ്ലീഷ് വ്യാകരണത്തിലെ third person നു സമാനമായി മലയാള വ്യാകരണത്തിലെ വ്യവസ്ഥ പ്രഥമ പുരുഷനാണ്. ഇംഗ്ലീഷിലെ First person മലയാളത്തിൽ ഉത്തമ പുരുഷനും second person മധ്യമപുരുഷനും ആണ്.

8469. സസ്യലോകത്തിലെ മാംസസംരംഭകർ എന്നറിയപ്പെടുന്ന സസ്യവർഗം- പയറുവർഗം
8470. പ്ലാറ്റിപ്പസ് കാണപ്പെടുന്ന വൻകര- ഓസ്ട്രേലിയ
8471. വേലുത്തമ്പിയുടെ ആത്മഹത്യ ഏത് വർഷത്തിൽ- എ.ഡി.1809
8472. ലോകത്തിലെ ഏറ്റവും വിസ്തൃതമായ നദീതടം-ആമസോൺ
8473. ആദ്യത്തെ വയലാർ അവാർഡ് നേടിയ കൃതി- അഗ്നിസാക്ഷി
8474. ലോകത്തിലെ ഏറ്റവും ബൃഹത്തായ ഭരണഘടനയുള്ള രാജ്യം - ഇന്ത്യ
8475. ഇന്ത്യയിലാദ്യമായി ലിഫ്റ്റ് സ്ഥാപിക്കപ്പെട്ട നഗരം- കൊൽക്കത്ത
8476. ചാച്ചാജി എന്ന് സ്നേഹപൂർവം വിളിക്കപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി- ജവാഹർലാൽ നെഹ്റു
8477. കേരള ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനം - കണ്ണൂർ
8478. ഗീതഗോവിന്ദം രചിച്ചത്- ജയദേവൻ
8479. ചുവന്ന നദിയുടെ നാട് എന്നറിയപ്പെടുന്ന സംസ്ഥാനം- അസം
8480. ഏത് രാജ്യത്തിന്റെ ദേശീയ ഗാനമാണ് ദി റോയൽ മാർച്ച്- സ്പെയിൻ
8481. ലോകത്തെ ആദ്യത്തെ സ്വാമിനാരായണ ക്ഷേത്രം എവിടെയാണ്- അഹമ്മദാബാദ്
8482. സപുതര ഹിൽ സ്റ്റേഷൻ ഏത് സംസ്ഥാനത്താണ്- ഗുജറാത്ത്
8483. രക്തത്തിലെ അമോണിയ യൂറിയ ആക്കി മാറ്റപ്പെടുന്നത് എവിടെയാണ്- കരൾ
8484. ഇന്ത്യയുമായി കച്ചവട ബന്ധം സ്ഥാപിച്ച ആദ്യത്തെ കത്തോലിക്ക മതക്കാർ- പോർച്ചുഗീസുകാർ
8485. ഇന്ത്യയിലെ ആദ്യത്തെ മറൈൻ നാഷണൽ പാർക്കായ പിറോട്ടൻ എവിടെയാണ്- ഗുജറാത്ത്
8486. ജൽമഹൽ സ്ഥിതിചെയ്യുന്ന മാൻസാഗർ തടാകം എവിടെയാണ് - ജയ്പൂർ
8487. ഗുപ്തസാമ്രാജ്യം സ്ഥാപിച്ചത്- ചന്ദ്രഗുപ്തൻ ഒന്നാമൻ
8488. വെടിമരുന്ന് കണ്ടുപിടിച്ച രാജ്യം - ചൈന
8489. ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ച വർഷം-1931
8490. ലോകത്തെ ആദ്യത്തെ മനശ്ശാസ്ത്ര പരീക്ഷണശാല ഏത് രാജ്യത്താണ് സ്ഥാപിച്ചത്- ജർമനി
8491. കാജു ഫെനി എവിടത്തെ പ്രശസ്തമായ പാനീയമാണ്- ഗോവ
8492. വോയ്സ് ഓഫ് ദ ഹാർട്ട് ആരുടെ ആത്മകഥയാണ്- മൃണാളിനി സാരാഭായി
8493. കൊല്ലങ്കോടിന്റെ പഴയ പേര്- വിഹായസപുരം
8494. പ്രശാന്തിയുടെ സമുദ്രം എവിടെയാണ്-ചന്ദ്രൻ
8495. ലോകത്തിലെ ഏറ്റവും ചെറിയ സിറ്റി സ്റ്റേറ്റ് - വത്തിക്കാൻ
8496. സൂര്യന്റെ ഉപരിതലത്തിലെ തിളക്കമേറിയ ഭാഗങ്ങൾക്കുള്ള പേര് - ഫാക്കുലി
8497. കേരളത്തിലെ ഏറ്റവും തെക്കേയറ്റത്തെ ബ്ലോക്ക് പഞ്ചായത്ത്- പാറശ്ശാല
8498. സിദ്ദി സയ്യിദ് മോസ്ക് എവിടെയാണ്- അഹമ്മദാബാദ്
8499. ജമ്മു-കശ്മീരിലെ ഏറ്റവും വലിയ തടാകം- വുളാർ
8500. ഗിന്നസ് ബുക്കിലും സ്ഥാനം പിടിച്ച ഭാരതരത്നം ജേതാവ്- ലതാമങ്കേഷ്കർ

8501. അവസാനത്തെ വിധി വരച്ചത്- മൈക്കലാഞ്ചലോ
8502. ക്വിറ്റിന്ത്യാ പ്രമേയം (1942) പാസാക്കിയ കോൺഗ്രസ് സമ്മേളനം- ബോംബെ
8503. ജലവൈദ്യുതി ഉൽപാദനത്തിൽ സംസ്ഥാനത്ത് ഒന്നാംസ്ഥാനമുള്ള ജില്ല- ഇടുക്കി
8504. പ്രശസ്ത നോവലിസ്റ്റ് ആർതർ കെസ്റ്റ്ലർ ഏതു രാജ്യത്താണ് ജനിച്ചത്- ഹംഗറി
8505. പാകിസ്താന്റെ ദേശീയ നദി-സിന്ധു
8506. ഫുട്ബോളിൽ ഗോൾ പോസ്റ്റിലെ രണ്ടു പോസ്റ്റുകൾ തമ്മിലുള്ള അകലം- 7.32 മീ.
8507. ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാം പാർട്ടി കോൺഗ്രസ് നടന്ന സ്ഥലം- മുംബൈ
8508. സംസ്ഥാനങ്ങളിൽനിന്ന് ലോക്സഭയിലേക്ക് പരമാവധി എത്ര അംഗങ്ങളാകാം- 530
8509. ലോകപൈതൃകപ്പട്ടികയുമായി ബന്ധപ്പെട്ട സംഘടന- യുനെസ്കോ
8510. സ്വദേശാഭിമാനി കെ.രാമകൃഷ്ണ പിള്ളയെ നാടുകടത്തിയ ദിവാൻ- പി.രാജഗോപാലാചാരി
8511. ഗോൽക്കൊണ്ട രത്നഖനി ഏത് സംസ്ഥാനത്താണ്- തെലങ്കാന
8512. ഇന്ത്യാഗേറ്റ് രൂപകല്പന ചെയ്തത് -എഡ്വിൻ ലുട്യൻസ്
8513. ചൈന സിക്കിമിനെ ഇന്ത്യയുടെ ഭാഗമായി അംഗീകരിച്ച വർഷം- 2004
8514. ഏതിന്റെ വളർത്തലിനാണ് ചിൽക്കാ തടാകം പ്രസിദ്ധം- ചെമ്മീൻ
8515. ടൈഗർ എയർവേയ്സ് ഏതു രാജ്യത്താണ്- സിംഗപ്പൂർ
8516. ലോകത്തിലെ ഏറ്റവും താഴെയായി സ്ഥിതി ചെയ്യുന്ന തടാകം- ചാവു കടൽ
8517. ഗജഗാമിനി രചിച്ച ചിത്രകാരൻ- എം.എഫ്.ഹുസൈൻ
8518. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആദ്യ പ്രസിഡന്റ്- കടമ്മനിട്ട രാമകൃഷ്ണൻ
8519. ജലന്ധർ ഏതിനു പ്രസിദ്ധം- സ്പോർട്സ് സാമഗ്രികൾ
8520. പെരുമ്പടപ്പു സ്വരൂപം തിരുവഞ്ചിക്കുളത്തുനിന്ന് കൊച്ചിയിലേക്ക് ആസ്ഥാനം മാറ്റിയത് ഏത് വർഷത്തിൽ- എ.ഡി.1405
8521. ചുവന്ന ഗ്രഹം എന്നറിയപ്പെടുന്നത്- ചൊവ്വ
8522. ലോകത്തിലെ ഏറ്റവും തിരക്കുകൂടിയ പാലം- ഹൗറ (കൊൽക്കത്ത)
8523. വേണാട്ടിലെ ഏറ്റവും പഴയ രാജാവ്- അയ്യനടികൾ തിരുവടികൾ
8524. കൊച്ചിൻ സ്റ്റേറ്റ് പ്രജാമണ്ഡലം നിലവിൽവന്നത്- 1941 ജനവരി 16
8525. ശതമാനാടിസ്ഥാനത്തിൽ കത്തോലിക്കർ ഏറ്റവും കൂടുതലുള്ള രാജ്യം - വത്തിക്കാൻ
8526. ഇന്ത്യയിലാദ്യമായി വനിതാ മേയർ അധികാരമേറ്റ നഗരം-മുംബൈ
8527. ജഹാംഗീർ ഏറ്റവും കൂടുതൽ കാലം ജീവിച്ച നഗരം- ലാഹോർ
8528. ഡ്യൂസ് എന്ന പദം ഏതുകളിയുമായി ബന്ധപ്പെട്ടിരിക്കുന്നു- ടെന്നീസ്
8529. പറക്കാൻ കഴിവുണ്ടെങ്കിലും തറയിൽനിന്നുമാത്രം ഇര തേടുന്ന പക്ഷി- സെക്രട്ടറി പക്ഷി
8530. ഡെനിം സിറ്റി ഓഫ് ഇന്ത്യ എന്നറിയപ്പെടുന്നത്- അഹമ്മദാബാദ്
8531. ശ്രീലങ്കയിൽ ആധിപത്യമുറപ്പിച്ച ആദ്യത്തെ യൂറോപ്യൻ ശക്തി - പോർച്ചുഗൽ
8532. ഇന്ത്യയുടെ അതേ സ്റ്റാൻഡേർഡ് സമയമുള്ള രാജ്യം- ശ്രീലങ്ക
8533. ഏതെങ്കിലും കക്ഷിയുടെ നേതാവിനെ പ്രതിപക്ഷനേതാവായി അംഗീകരിക്കുന്നത്- സ്പീക്കർ
8534. പതിനേഴാം നൂറ്റാണ്ടുമുതൽ പത്തൊൻപതാം നൂറ്റാണ്ടുവരെ ഫിൻലൻഡ് ഭരിച്ചിരുന്ന രാജ്യം- സ്വീഡൻ
8535. ബുദ്ധന്റെയും മഹാവീരന്റെയും സമകാലികനായിരുന്ന രാജാവ്- ബിംബിസാരൻ
8536. ഭൂഗോളത്തിന്റെ ആകെ വിസ്തീർണത്തിന്റെ എത്ര ശതമാനമാണ് ഇന്ത്യ- 0.57
8537. സ്വതന്ത്ര ഇന്ത്യയിൽ ഗാന്ധിജി എത്ര ദിവസമാണ് ജീവിച്ചത്- 168
8538. അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം സ്ഥാപിച്ചത് -എം.ജി.രാമചന്ദ്രൻ
8539. ഭരണഘടനാഭേദഗതികളെപ്പറ്റി പ്രതിപാദിക്കുന്ന വകുപ്പ്- 368
8540. ഏറ്റവും അവസാനം സ്വതന്ത്ര ഇന്ത്യയുമായി കൂട്ടിച്ചേർക്കപ്പെട്ട വിദേശ കോളനി -ഗോവ
8541. പാകിസ്താനിലെ ഏറ്റവും വലിയ രണ്ടാമത്തെ നഗരം-ലാഹോർ

CONFUSING FACTS

- ചുവന്ന ഗ്രഹം എന്ന് ചൊവ്വയും പച്ച ഗ്രഹം എന്ന് യുറാനസും അറിയപ്പെടുന്നു.
- ഭീമൻ കേന്ദ്രകഥാപാത്രമായ മലയാള നോവൽ എം.ടി. വാസുദേവൻനായർ രചിച്ച രണ്ടാമൂഴം. പി.കെ. ബാലകൃഷ്ണൻ രചിച്ച ഇനി ഞാൻ ഉറങ്ങട്ടെ എന്ന നോവലിലെ കേന്ദ്ര കഥാപാത്രം കർണൻ.
- ലോകത്താദ്യമായി വിജയകരമായി ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചത് 1958-ൽ Bank of America ആണ്. BankAmericard എന്നായിരുന്നു അതിന്റെ പേര് . Automated teller machine കണ്ടുപിടിച്ചത് IBM (International Business Machine) എന്ന കമ്പനി ആണ്. യുണൈറ്റഡ് കിംഗ്ഡത്തിൽ 1972 ൽ ലോകത്തെ ആദ്യ എ.ടി.എം. സ്ഥാപിച്ചത് Lloyds Bank ആണ്.
- ഇറാക്കിന്റെ പഴയ പേര് മെസപൊട്ടാമിയ, ഇറാന്റേത് പേർഷ്യ.

8542. ഏറ്റവുമൊടുവിൽ ഇന്ത്യൻ യൂണിയനോടു ചേർക്കപ്പെട്ട ഭരണഘടകം- സിക്കിം
8543. നിയമസഭ പാസാക്കിയ ബില്ലുകൾ രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിക്കുന്നതാര്-ഗവർണർ
8544. നവീകരണത്തിനു വേദിയായ വൻകര- യൂറോപ്പ്
8545. കേരളത്തിലെ കാർഷിക എഞ്ചിനീയറിങ് കോളേജ് സ്ഥിതി ചെയ്യുന്നത്- തവനൂർ
8546. ദലിത് വിഭാഗത്തിൽ നിന്നും രാഷ്ട്രപതിയായ ആദ്യ വ്യക്തി- കെ.ആർ.നാരായണൻ
8547. കേരളത്തിലെ കാശി എന്നറിയപ്പെടുന്നത്- തിരുനെല്ലി
8548. ഡോവർ കടലിടുക്ക് ഇംഗ്ലണ്ടിനെ ഏതു രാജ്യവുമായി വേർതിരിക്കുന്നു- ഫ്രാൻസ്
8549. ഭരണഘടനാനിർമാണസഭയുടെ അധ്യക്ഷൻ- രാജേന്ദ്ര പ്രസാദ്
8550. ഒന്നാം മൈസൂർ യുദ്ധം അവസാനിക്കാൻ കാരണമായ സന്ധി എവിടെവച്ചാണ് ഒപ്പിട്ടത്- ചെന്നൈ
8551. പ്രകാശമുൾപ്പെടെ ഒരു വ്സ്തുവിനും മുക്തമാവാത്തത്ര ഗാഢമായ ഗുരുത്വാകർഷത്വമുള്ള ബഹിരാകാശ വസ്തു- തമോഗർത്തം
8552. ഇരുണ്ട പശ്ചാത്തലത്തിലെ പ്രകാശമാനമായ ബിന്ദു എന്ന് ഝാൻസി റാണിയെ വിശേഷിപ്പിച്ചത്- ജവാഹർലാൽ നെഹ്റു
8553. പ്രകാശത്തിന്റെ വേഗം ആദ്യമായി കണക്കാക്കിയത്- റോമർ
8554. എലിഫന്റ് ഫെസ്റ്റിവൽ നടക്കുന്നതെവിടെ- ജയ്പൂർ
8555. പട്ടാളക്കാർക്ക് ശമ്പളം രൊക്കം പണമായി നൽകിയ ആദ്യ ഡൽഹി സുൽത്താൻ - അലാവുദ്ദീൻ ഖിൽജി
8556. ബംഗ്ലാദേശിലെ ഏറ്റവും ഉയർന്ന സൈനിക ബഹുമതി- ബീർ ശ്രേഷ്ഠതോ
8557. ലോകത്തിലെ ഏറ്റവും മലിനീകരിക്കപ്പെട്ട നഗരം- ടോക്കിയോ
8558. ആമസോൺ നദി ഒഴുകുന്ന രാജ്യങ്ങൾ- ബ്രസീൽ, പെറു, കൊളംബിയ
8559. ആർതർ കോനൻ ഡോയൽ ഏതു രാജ്യത്താണ് ജനിച്ചത്- സ്കോട്ലന്റ്
8560. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പീഠഭൂമി- ടിബറ്റ്
8561. സ്വീഡിഷ് സർക്കാരിന്റെ സഹായത്തോടെ ലോക് ജംബിഷ് പദ്ധതി ആരംഭിച്ച സംസ്ഥാനം- രാജസ്ഥാൻ
8562. പ്രകാശത്തിന്റെ തരംഗസിദ്ധാന്തം ആവിഷ്കരിച്ചത്- ക്രിസ്ത്യൻ ഹൈജൻസ്
8563. മിത്രമേളയുടെ സ്ഥാപകൻ- വി ഡി സവാർക്കർ
8564. ഐഹോൾ ശാസനത്തിൽ പരാമർശിക്കപ്പെടുന്ന രാജാവ്- പുലികേശി രണ്ടാമൻ
8565. സാൻഡ്വിച്ച് ദ്വീപുകൾ ഏത് സമുദ്രത്തിലാണ്-അത്ലാന്റിക് സമുദ്രം
8566. ലോകത്തിലെ ഏറ്റവും ചെറിയ ഭൂഖണ്ഡം- ഓസ്ട്രേലിയ
8567. ദാദാ സാഹേബ് ഫാൽക്കെ ആദ്യ ഫീച്ചർ ഫിലിം നിർമിച്ച വർഷം- 1913
8568. കേരളത്തിലെ ശിരുവാണി അണക്കെട്ടിലെ ജലം തമിഴ്നാട്ടിലെ ഏത് നഗരത്തിലെ ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്-കോയമ്പത്തൂർ

8569. ദയാവധത്തിനു നിയമസാധുത നൽകിയ ആദ്യ രാജ്യം- നെതർലൻഡ്സ്
8570. സാമൂതിരിമാർ രേവതി പട്ടത്താനം നടത്തിയിരുന്ന സ്ഥലം- കോഴിക്കോട് തളി ക്ഷേത്രം
8571. ഗുരുമുഖി ലിപി ആവിഷ്കരിച്ച സിഖ് ഗുരു- അംഗദ്
8572. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ ആസ്ഥാനം-അങ്കമാലി
8573. സ്വാഭാവിക റേഡിയോ ആക്ടീവത കണ്ടുപിടിച്ചത്- ഹെൻറി ബെക്കറൽ
8574. ഗാന്ധിജി ആദ്യമായി കേരളത്തിലെത്തിയ വർഷം - 1920
8575. രാജ്യാന്തര ദാരിദ്ര്യ പഠന കേന്ദ്രം ഏത് രാജ്യത്താണ്- ബ്രസീൽ
8576. ഇന്ത്യയുടെ ആദ്യത്തെ നാനോ ടെക്നോളജി പഠന കേന്ദ്രം- ബാംഗ്ലൂർ
8577. പേഷ്വാമാരിൽ ഏറ്റവും പ്രഗല്ഭൻ- ബാജിറാവു ഒന്നാമൻ(1720-40)
8578. ദയാനന്ദ് സരസ്വതി ആദ്യ സമാജം സ്ഥാപിച്ച വർഷം-1875
8579. മിനിസ്ട്രി ഓഫ് സ്റ്റേറ്റ് സെക്യൂരിറ്റി ഏത് രാജ്യത്തെ രഹസ്യാന്വേഷണ ഏജൻസിയാണ്- ചൈന
8580. വന്യമൃഗങ്ങളിൽ ഏത് ജീവിയുടെ കാലടയാളമാണ് മനുഷ്യന്റെ കാലടയാളവുമായി സമാനത പുലർത്തുന്നത്- കരടി
8581. ഓഹരി സൂചികയിലെ ഇടിവിനെ സൂചിപ്പിക്കുന്ന മൃഗം- കരടി
8582. സ്വതന്ത്ര പാർട്ടി സ്ഥാപിച്ചത്- സി.രാജഗോപാലാചാരി
8583. ഐക്യരാഷ്ട്രസഭയുടെ ആദ്യ സെക്രട്ടറി ജനറൽ- ട്രിഗ്വെ ലീ
8584. മഹാത്മജിയുടെ ശേഷിയുള്ള കരങ്ങൾ എന്നറിയപ്പെട്ടത് -അലി സഹോദരൻമാർ
8585. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആത്മീയ പിതാവ് എന്നു വിശേഷിപ്പിക്കുന്നത് -സ്വാമി വിവേകാനന്ദൻ
8586. ഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ ദർബനിൽ ഫീനിക്സ് സെറ്റിൽമെന്റ് സ്ഥാപിച്ചത് -1904-ൽ
8587. ഭൂസ്ഥിര ഉപഗ്രഹങ്ങളുടെ പ്രദക്ഷിണപഥം എത്ര കിലോമീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത് -36000
8588. പഞ്ചാബ് തടമേഖല ഏത് നദിയ്ക്ക് സമീപമാണ്-സിന്ധു
8589. ഭാരതരത്നം ലഭിച്ച ആദ്യ രാഷ്ട്രപതി-ഡോ.രാജേന്ദ്രപ്രസാദ്
8590. പാലസ് ഓഫ് നേഷൻസ് ഏതു രാജ്യത്താണ് -ജനീവ
8591. പാകിസ്താനിലെ ഏറ്റവും നീളം കൂടിയ നദി-സിന്ധു
8592. ഭൂമധ്യരേഖയോട് ഏറ്റവും അടുത്തുസ്ഥിതിചെയ്യുന്ന ഇന്ത്യൻ മേജർ തുറമുഖം- തൂത്തുക്കുടി
8593. കൊച്ചിയിൽ ബ്രിട്ടീഷുകാർക്കെതിരെ സമരം നയിച്ച പ്രധാനമന്ത്രി- പാലിയത്തച്ചൻ
8594. ദൽഹൗസി ഹിൽസ്റ്റേഷൻ ഏതു സംസ്ഥാനത്താണ്- ഹിമാചൽ പ്രദേശ്
8595. കേരളത്തിലേറ്റവും കുടുതൽ കാപ്പി ഉൽപാദിപ്പിക്കുന്ന ജില്ല- വയനാട്
8596. 1920ൽ നിസ്സഹകരണ പ്രസ്ഥാനം അംഗീകരിച്ച പ്രത്യേക കോൺഗ്രസ്സ് സമ്മേളനം-കൽക്കട്ട
8597. ചർമത്തിനു നിറം നൽകുന്ന വർണവസ്തു- മെലാനിൻ
8598. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്മെന്റ് എവിടെയാണ്- കൊട്ടാരക്കര
8599. ഘ്രാണശക്തി ഉപയോഗിച്ച് ആഹാരം കണ്ടെത്തുന്ന പക്ഷി-കിവി
8600. ദേശീയ ഉൾനാടൻ ജലഗതാഗത ഇൻസ്റ്റിറ്റ്യൂട്ട് ആസ്ഥാനം-പാറ്റ്ന
8601. ശതവാഹനൻമാരുടെ തലസ്ഥാനം- പ്രതിഷ്ഠാനം (ഗോദാവരീതീരത്ത്)
8602. ഹ്യൂവർ പുരസ്കാരം നേടിയ ആദ്യ ഇന്ത്യക്കാരൻ- എ.പി.ജെ. അബ്ദുൾ കലാം
8603. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷന്റെ ആസ്ഥാനം- കോഴിക്കോട്
8604. 1814-ൽ ആത്മീയ സഭ സ്ഥാപിച്ചത്- രാജാറാം മോഹൻ റോയ്
8605. ഗർത്തങ്ങൾക്ക് വ്യാസൻ, വാല്മീകി, ഹോമർ തുടങ്ങിയ കവികളുടെ പേര് നൽകിയിരിക്കുന്നത് ഏത് ഗ്രഹത്തിലാണ്- ബുധൻ
8606. ഭൗമോപരിതലത്തിലെ ഏറ്റവും ഉയർന്ന ഭാഗവും താഴ്ന്ന ഭാഗവും സ്ഥിതി ചെയ്യുന്ന വൻകര-ഏഷ്യ
8607. റിക്കോർഡുകൾ വിൽക്കുന്നതിന് റോയൽറ്റി ലഭിച്ച ആദ്യത്തെ ഇന്ത്യക്കാരൻ- ടാഗോർ
8608. ഇസ്ലാമിക വിശ്വാസ പ്രകാരം ഏദൻതോട്ടം നിലനിന്നരുന്ന സ്ഥലത്ത് ഇപ്പോഴുള്ള പട്ടണം- ഡമാസ്കസ്

ചോദ്യം; ഉത്തരം

വെല്ലസ്ളി, വെല്ലിംഗ്ടൺ, ആർതർ വെല്ലസ്ലി,മോർണിംഗ്ടൺ പ്രഭു

- തിരുവിതാംകൂർ ദിവാനായിരുന്ന കേശവപിള്ളയ്ക്ക് രാജാ എന്ന ബഹുമതി നൽകിയത് വെല്ലസ്ലിയാണെന്നും മോർണിംഗ്ടൺ പ്രഭുവാണെന്നും വായിച്ചിട്ടുണ്ട്. നെപ്പോളിയനെ തോൽപിച്ചത് ആർതർ വെല്ലസ്ലിയാണെന്ന് ഒരു പുസ്തകത്തിൽ കണ്ടു. വെല്ലിംഗ്ടൺ പ്രഭുവാണ് നെപ്പോളിയനെ തോൽപിച്ചത് എന്നാണ് മറ്റൊന്നിൽ. എന്നാൽ ഡ്യൂക്ക് ഓഫ് വെല്ലിംഗ്ടണാണ് നെപ്പോളിയനെ തറപറ്റിച്ചത് എന്ന് വേറൊരിടത്ത് കണ്ടു. ഇവിടെയും ആശയക്കുഴപ്പമുണ്ട്. ഇവരിൽ ആരാണ് നെപ്പോളിയനെ തോൽപിച്ചത്?
- ഇന്ത്യാ ചരിത്രത്തിൽ പ്രശസ്തരായ രണ്ടു വെല്ലസ്ലിമാരുണ്ട്. ഇവർ സഹോദരൻമാരുമാണ്. ജ്യേഷ്ഠൻ വെല്ലസ്ലിയുടെ പേര് റിച്ചാർഡ് കോളി വെല്ലസ്ലി(1760-1842). അനുജൻ ആർതർ വെല്ലസ്ലി(1769-1852).
- 1798മുതൽ 1805 വരെ ഇന്ത്യയിൽ ഗവർണർ ജനറലായിരുന്നു Richard Colley Wellesley പ്രഭു. അദ്ദേഹം മോർണിംഗ്ടൺ പ്രഭു എന്നും അറിയപ്പെട്ടു. കേശവപിള്ളയ്ക്ക് രാജാ ബഹുമതി നൽകിയത് അദ്ദേഹമാണ്. ടിപ്പു സുൽത്താൻ നാലാം മൈസൂർ യുദ്ധത്തിൽ കൊല്ലപ്പെടുന്നത് (1799) ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്. 1805-ൽ ഗവർണർ ജനറൽ പദമൊഴിഞ്ഞ് അദ്ദേഹം തിരിച്ചുപോയി. പിന്നീടദ്ദേഹം ബ്രിട്ടീഷ് ഫോറിൻ സെക്രട്ടറിയായി (1809-12). 1st Marquess Wellesley എന്നും അദ്ദേഹം പരാമർക്കപ്പെടുന്നു.
- സൈനിക തന്ത്രജ്ഞൻ, ബ്രിട്ടീഷ് പ്രധാനമന്ത്രി എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ആർതർ വെല്ലസ്ലി 1797-ൽ കേണലെന്ന നിലയിൽ ഇന്ത്യയിലെത്തി. പിറ്റേവർഷം (1798) അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ഇന്ത്യയിൽ ഗവർണർ ജനറലായി. ടിപ്പു സുൽത്താനെ നേരിടാൻ ജനറൽ ഹാരിസിന്റെ കീഴിൽ ആർതർ വെല്ലസ്ലി നിയോഗിക്കപ്പെട്ടു. ആ സൈനിക ദൗത്യത്തിൽ ബ്രിട്ടീഷ് സൈന്യം ടിപ്പുവിനെ വധിച്ചു(1799). ടിപ്പുവിന്റെ മരണംകേട്ടെത്തി പൾസ് പരിശോധിച്ച് മരണം ഉറപ്പുവരുത്തിയത് ആർതർ വെല്ലസ്ളിയാണ്. 1801ൽ അദ്ദേഹത്തിന് ബ്രിഗേഡിയർ ജനറലായി സ്ഥാനക്കയറ്റം ലഭിച്ചു. 1802-ൽ മേജർ ജനറലായി.
- യൂറോപ്പിൽ മടങ്ങിയെത്തിയ ആർതർ വെല്ലസ്ളി വാട്ടർലൂ യുദ്ധത്തിൽ (1815) നെപ്പോളിയനെ പരാജയപ്പെടുത്തി ലോകചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടി. ഡ്യൂക്ക് ഓഫ് വെല്ലിംഗ്ടൺ എന്നും അദ്ദേഹം അറിയപ്പെടുന്നു (ആ ടൈറ്റിൽ വേറെ പലരും വഹിച്ചിട്ടുണ്ടെങ്കിലും). അദ്ദേഹം രണ്ടു പ്രാവശ്യം ബ്രിട്ടീഷ് പ്രധാനമന്ത്രിയായി (1828-30, 1834). വെല്ലിംഗ്ടൺ പ്രഭു എന്നും അദ്ദേഹം ചരിത്രപുസ്തകങ്ങളിൽ പരാമർശിക്കപ്പെടുന്നുണ്ട്. ഫീൽഡ് മാർഷൽ പദം വരെ ഉയർന്ന ഈ സൈനിക പ്രതിഭയ്ക്ക് Iron Duke എന്ന അപരനാമവുമുണ്ട്.

8609. ഇന്ത്യയിലെ ആദ്യ പുകയില വിമുക്ത നഗരം- ചണ്ഡിഗഢ്
8610. ചണ്ഡിഗഢ് നഗരം ആസൂത്രണം ചെയ്തത്- ലെ കോർബൂസിയെ
8611. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ എവിടെയാണ്- മുളങ്കുന്നത്തുകാവ്
8612. ആയിരം തടാകങ്ങളുടെ നാട്- ഫിൻലൻഡ്
8613. കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് എവിടെയാണ്- കലവൂർ
8614. ആയുർദൈർഘ്യം ഏറ്റവും കൂടുതലുള്ള ഏഷ്യൻ രാജ്യം- ജപ്പാൻ (ലോകത്ത് അൻഡോറ)
8615. ഛത്രപതി ശിവജി മഹാരാജ് ടെർമിനൽ എവിടെയാണ്- മുംബൈ

8616. ഗുജറാത്തിലെ കാംബേ എന്തിനാണു പ്രസിദ്ധം- പെട്രോളിയം ഖനനം
8617. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള നാടുകടത്തപ്പെട്ട വർഷം- 1910
8618. വേദകാലഘട്ടത്തിലെ ജീവിതത്തിന്റെ 4 ഘട്ടങ്ങൾ- ബ്രഹ്മചര്യം, ഗൃഹസ്ഥാശ്രമം, വാനപ്രസ്ഥം, സന്ന്യാസം
8619. കോളനി ഭരണകാലത്ത് സ്വതന്ത്രമായി നിലകൊണ്ട ആഫ്രിക്കൻ രാജ്യങ്ങൾ- എത്യോപ്യ, ലൈബീരിയ
8620. ലോകത്ത് ആദ്യമായി ഒരു ജനിതക മാപ്പ് തയ്യാറാക്കുന്നതിന് ഉപയോഗിച്ചത് ഏത് ശാസ്ത്രജ്ഞന്റെ രക്ത സാമ്പിളുകളാണ്- ജെയിംസ് വാട്സൺ
8621. സിംഗപ്പൂർ ഏത് സമുദ്രതീരത്താണ്-പസഫിക് സമുദ്രം
8622. നിർവൃതി പഞ്ചകത്തിന്റെ കർത്താവ്-ശ്രീനാരായണഗുരു
8623. ചിസ്റ്റി ഓർഡർ സ്ഥാപിച്ച സൂഫി വര്യൻ- ഖ്വാജാ മൊയ്നുദ്ദീൻ ചിസ്റ്റി
8624. നിയമസഭയിൽ മന്ത്രിസഭയുടെ മുഖ്യവക്താവ്-മുഖ്യമന്ത്രി
8625. കേരള കോൺഗ്രസ് സ്ഥാപിച്ചത്- കെ.എം.ജോർജ്
8626. ചീഫ് ഇലക്ഷൻ കമ്മീഷണറെ നിയമിക്കുന്നത്- പ്രസിഡന്റ്
8627. സിന്ധു നദി പതിക്കുന്ന സമുദ്രം-ഇന്ത്യൻമഹാസമുദ്രം
8628. ലോകത്ത് ഏറ്റവും കൂടുതൽ മാങ്ങ ഉൽപാദിപ്പിക്കുന്ന രാജ്യം- ഇന്ത്യ
8629. ന്യൂഗിനിയ ഏത് സമുദ്രത്തിലാണ്-പസഫിക് സമുദ്രം
8630. ന്യൂ ഡീൽ പ്രോഗ്രാം അവതരിപ്പിച്ച അമേരിക്കൻ പ്രസിഡന്റ്- ഫ്രാങ്ക്ലിൻ ഡി റൂസ്‌വെൽറ്റ്
8631. ലോകത്ത് ഏറ്റവും കൂടുതൽ ഈന്തപ്പഴം ഉൽപാദിപ്പിക്കുന്ന രാജ്യം - ഇറാക്ക്
8632. നവോത്ഥാനത്തിനു വേദിയായ വൻകര- യൂറോപ്പ്
8633. കെരാറ്റിൻ എന്ന പദാർഥം ഉള്ളത്- ചർമത്തിൽ
8634. ഭൂഗുരുത്വബലം ഏറ്റവും കൂടുതലുള്ളത്- ധ്രുവപ്രദേശത്ത്
8635. വേദാംഗങ്ങൾ ആറെണ്ണം ഏതെല്ലാം- ശിക്ഷ, നിരുക്തം,വ്യാകരണം,കല്പം,ഛന്ദസ്സ്,ജ്യോതിഷം
8636. ഭരണഘടനാനിർമാണസഭ രൂപവൽക്കരിക്കപ്പെട്ട തീയതി- 1946 ഡിസംബർ 6
8637. കൊച്ചി രാജാക്കൻമാരുടെ കിരീടധാരണം നടന്നിരുന്ന സ്ഥലം- ചിത്രകൂടം
8638. ലോകത്ത് ഏറ്റവും വടക്കായി സ്ഥിതി ചെയ്യുന്ന ദേശീയോദ്യാനം- നോർത്ത് ഈസ്റ്റ് ഗ്രീൻലാൻഡ് നാഷണൽ പാർക്ക്
8639. നിയമസഭാ മ്യൂസിയം എവിടെയാണ് -തിരുവനന്തപുരം
8640. പാകിസ്താനിലെ ഏറ്റവും ജനസംഖ്യ കൂടിയ നഗരം-കറാച്ചി
8641. തിരുവനന്തപുരംജില്ലയിൽ ലയൺ സഫാരി പാർക്കിനു പ്രസിദ്ധമായ സ്ഥലം-നെയ്യാർഡാം
8642. ഭാരതരത്നം നേടിയ രണ്ടാമത്തെ ഉപകരണ സംഗീത വിദഗ്ദൻ- ഉസ്താദ് ബിസ്മില്ലാഖാൻ
8643. നീലയും മഞ്ഞയും ചേർന്നാൽ കിട്ടുന്ന വർണം- പച്ച
8644. ചിറകുകളില്ലാത്ത ഷഡ്പദം- മൂട്ട
8645. നിരീശ്വരവാദിയായിത്തീർന്ന വിപ്ലവകാരി -ഭഗത് സിങ്
8646. സിവിൽ സർവീസ് പരീക്ഷ പാസായ രണ്ടാമത്തെ ഇന്ത്യാക്കാരൻ- സുരേന്ദ്രനാഥ് ബാനർജി
8647. നിയമസഭ പാസാക്കുന്ന നിയമങ്ങൾ ആര് ഒപ്പിടുന്നതോടെയാണ് നിയമമാകുന്നത്-ഗവർണർ
8648. പോർച്ചുഗീസുകാർക്കെതിരെ യുദ്ധാഹ്വാനം നടത്തി ഷൈഖ് സൈനുദ്ദീൻ എഴുതിയ ഗ്രന്ഥം- തുഹ്ഫത്തുൽ മുജാഹിദീൻ
8649. ഹൈദരാബാദിൽ ചാർമിനാർ നിർമിച്ചത്- ഖുലി കുത്ബ് ഷാ
8650. ഗോവയെ മോചിപ്പിച്ച സൈനികനീക്കം- ഓപ്പറേഷൻ വിജയ്(1961)
8651. നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് ആരുടെ പേരിലാണ് -ഗവർണർ
8652. ഡോ.എസ്.ചന്ദ്രശേഖറിന് മൊബേൽ സമ്മാനം കിട്ടിയ വിഷയം - ഫിസിക്സ്
8653. ഡൂൺ സ്കൂൾ എവിടെയാണ്-ഡെറാഡൂൺ
8654. തളിക്കോട്ട യുദ്ധത്തിനുശേഷം വിജയനഗരം സന്ദർശിച്ച പോർച്ചുഗീസ് സഞ്ചാരി- സീസർ ഫ്രെഡറിക്ക്
8655. ചന്ദ്രോപരിതലത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മൂലകം - ഓക്സിജൻ (43%)
8656. ഗാന്ധി സമാധാന സമ്മാനം ആദ്യമായി ലഭിച്ചത്- ജൂലിയസ് നെരേര
8657. ലോകത്തിലെ ഒരേയൊരു ജൂതരാഷ്ട്രം- ഇസ്രയേൽ

CONFUSING FACTS

- ഉദയസൂര്യന്റെ നാട് എന്ന ജപ്പാനും അസ്തമയ സൂര്യന്റെ നാട് എന്ന് ബ്രിട്ടനും അറിയപ്പെടുന്നു.
- തെക്കിന്റെ ബ്രിട്ടൺ എന്നറിയപ്പെടുന്നത് ന്യൂസിലൻഡ് ആണ്. കിഴക്കിന്റെ ബ്രിട്ടൺ ജപ്പാനാണ്.
- ഏറ്റവും പഴക്കമുള്ള ദേശീയഗാനം ജപ്പാന്റേതാണ്. ഏറ്റവും പഴക്കംചെന്ന ദേശീയ പതാക ഡെൻമാർക്കിന്റേതാണ്.
- ന്യൂഡൽഹിയിലെ രാജ്പഥ് റോഡിന്റെ പഴയപേര് കിംഗ്സ് വേ എന്നും ജൻപഥ് എന്ന റോഡിന്റെ പഴയ പേര് ക്വീൻസ് വേ എന്നുമാണ്.
- ഇന്ദിരാഗാന്ധിയുടെ ജന്മദിനം (നവംബർ 19) ദേശീയോദ്ഗ്രഥനദിനമായും ചരമദിനം (ഒക്ടോബർ 31) ദേശീയ പുനരർപ്പണദിനമായും ആചരിക്കുന്നു.

8658. സിവിൽ ആജ്ഞാലംഘന പ്രസ്ഥാനം ആരംഭിച്ച വർഷം- 1930
8659. സുഭാഷ് ചന്ദ്രബോസ് ജനിച്ച സ്ഥലം- കട്ടക്ക്
8660. ഛന്ദേല രാജാക്കൻമാരുടെ തലസ്ഥാനം- ഖജുരാഹോ
8661. ജനറൽ പർപ്പസ് കമ്മിറ്റി ആരെയാണ് ഉപദേശിക്കുന്നത്-സ്പീക്കർ
8662. ഡൽഹി ഡർബാർ നടന്ന വർഷം- 1911
8663. 1917ൽ സമസ്ത കേരള സഹോദരസംഘം സ്ഥാപിച്ചത്- കെ.അയ്യപ്പൻ
8664. സമ്മതിയുടെ നിർമാണം എന്ന സമീപനത്തെക്കുറിച്ച് വിശദീകരിച്ച ആധുനിക ചിന്തകൻ- നോം ചോംസ്കി
8665. ജനറൽ ഇൻഷുറൻസ് കോർപ്പറേഷന്റെ കീഴിലുള്ള 4 സബ്സിഡറി കമ്പനികൾ- ന്യൂ ഇന്ത്യ അഷ്വറൻസ്, ഓറിയന്റൽ ഇൻഷുറൻസ്, നാഷണൽ ഇൻഷുറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്
8666. സർ സയ്യദ് അഹമ്മദ്ഖാൻ മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് സ്ഥാപിച്ച വർഷം- 1875
8667. 1920 ൽ എ.ഐ.ടി.യു.സി.യുടെ ആദ്യ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്- ലാലാ ലജ്പത്റായി
8668. ഗാന്ധിവധക്കേസിൽ ഗോഡ്സെയോടൊപ്പം തൂക്കിലേറ്റപ്പെട്ടത് - നാരായണ ദത്താത്രേയ ആപ്തെ
8669. കോമൺ വെൽത്ത് ഗെയിംസ് ആരംഭിച്ച വർഷം- 1930
8670. സമാധാനത്തിനുള്ള ഇഗ് നൊബേൽ സമ്മാനം നേടിയ ആദ്യ ഇന്ത്യക്കാരൻ- അടൽ ബിഹാരി വാജ്പേയി
8671. ചോർമിനാർ എവിടെയാണ്- ഡെൽഹി
8672. ചോർമിനാർ നിർമിച്ചത്- അലാവുദ്ദീൻ ഖിൽജി
8673. 1954-ൽ ആദ്യത്തെ നെഹ്റു പ്ലാനറ്റേറിയം എവിടെയാണ് ആരംഭിച്ചത്- പൂണെ
8674. സിക്കന്ദർ ഇ സാനി എന്ന സ്ഥാനപ്പേര് സ്വീകരിച്ച ഡൽഹി സുൽത്താൻ - അലാവുദ്ദീൻ ഖിൽജി
8675. സ്പെഷ്യൽ മാര്യേജ് ആക്ട് ബാധകമല്ലാത്ത ഇന്ത്യൻ സംസ്ഥാനം- ജമ്മു കശ്മീർ
8676. നെഹ്റു കഴിഞ്ഞാൽ ചൈന സന്ദർശിച്ച ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി- രാജീവ് ഗാന്ധി
8677. കൊച്ചിയിലെ അവസാനത്തെ ദിവാൻ- സി.പി.കരുണാകരമേനോൻ
8678. സേനൻമാർ ഏതു പ്രദേശമാണ് ഭരിച്ചത്- ബംഗാൾ
8679. ഹവാ മഹൽ എവിടെയാണ്- ജയ്പൂർ
8680. ഫ്രഞ്ച് വിപ്ലവവുമായി ബന്ധപ്പെട്ട ടെന്നീസ്കോർട്ട് പ്രതിജ്ഞ എന്നായിരുന്നു- 1789 ജൂൺ 20
8681. സ്കൂൾ സിറ്റി എന്നറിയപ്പെടുന്നത്-ഡെറാഡൂൺ
8682. സ്വാമി വിവേകാനന്ദൻ ചിക്കാഗോയിലെ ലോക മത സമ്മേളനത്തിൽ പങ്കെടുത്തുപ്രസംഗിച്ച വർഷം- 1893
8683. ഏറ്റവും പ്രായം കുറഞ്ഞ സമാധാന നൊബേൽ ജേതാവ്- തവക്കൽ കാർമൻ
8684. കേരളനിയമസഭയിൽ കൂടുതൽ മണ്ഡലങ്ങളെ പ്രതിനിധാനം ചെയ്തത്- എം.വി.രാഘവൻ
8685. വടക്കുകിഴക്കൻ ഇന്ത്യയിലെ ഏറ്റവും വലിയ നദി- ബ്രഹ്മപുത്ര

8686. സിംലാകരാറിൽ ഒപ്പുവെച്ചത്- ഇന്ദിരാ ഗാന്ധി
8687. ഫ്രഞ്ച് വിപ്ലവത്തിൻെറ മുദ്രാവാക്യം- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം
8688. സിക്കുകാരുടെ ആദ്യ ഗുരുവായ നാനാക്ക് (1469-1539) ജനിച്ച ഗ്രാമം- തൽവന്ദി
8689. ഏറ്റവും ഭീകരമായ അഗ്നിപർവത സ്ഫോടനം- ക്രാക്കത്തോവ
8690. ജലത്തെ വൈദ്യുത വിശ്ലേഷണം നടത്തിയാൽ കിട്ടുന്ന മൂലകങ്ങൾ- ഹൈഡ്രജനും ഓക്സിജനും
8691. ബ്രിട്ടീഷ് ഭരണകാലത്ത് പാർലമെന്റ് അറിയപ്പെട്ടിരുന്നത്- സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലി
8692. ലോകകപ്പ് ഫുട്ബോൾ ഏറ്റവും കൂടുതൽ പ്രാവശ്യം സ്വന്തമാക്കിയ രാജ്യം- ബ്രസീൽ
8693. ലോകസമാധാനത്തിന്റെ ചിഹ്നമായി പ്രാവിനെ അവതരിപ്പിച്ച ചിത്രകാരൻ- പിക്കാസോ
8694. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പട്ട് ഉൽപാദിപ്പിക്കുന്ന സംസ്ഥാനം- കർണാടകം
8695. ഛത്തിസ്ഗഢിലെ പ്രധാന നദി - മഹാനദി
8696. ഇന്ത്യയിൽ ഭ്രംശതാഴ്വരയിലൂടെ ഒഴുകുന്ന ഏറ്റവും വലിയ നദി - നർമദ
8697. വി.കെ. കൃഷ്ണമേനോനുശേഷം പ്രതിരോധ മന്ത്രിയായ മലയാളി-എ.കെ. ആന്റണി
8698. ലോകഹിതവാദി എന്ന പേരിലറിയപ്പെട്ട നേതാവ്- ഗോപാൽ ഹരി ദേശ്മുഖ്
8699. ഗായത്രി മന്ത്രം ഏതിന്റെ ഭാഗമാണ്- ഋഗ്വേദം
8700. സാരികൾക്കു പേരുകേട്ട കാഞ്ചീപുരം ഏത് സംസ്ഥാനത്താണ്- തമിഴ്നാട്
8701. ജപ്പാനിൽ ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗിനു നേതൃത്വം നൽകിയത്- റാഷ് ബിഹാരി ബോസ്
8702. സിക്കുകാരുടെ അഞ്ച് അടിസ്ഥാന സംഗതികൾ- കേശം,കങ്ഘ,കച്ച,കര,കൃപാൺ
8703. കേരള ഖിലാഫത്ത് കമ്മിറ്റിയുടെ ആദ്യത്തെ പ്രസിഡന്റ്- കുഞ്ഞിക്കോയ തങ്ങൾ
8704. സിംഹത്തിന്റെ ശാസ്ത്രനാമം- പാന്തെറ ലിയോ
8705. മനുഷ്യന്റെ നട്ടെല്ലിന്റെ ശരാശരി നീളം- 3.3 അടി
8706. സിംലിപാൽ ദേശീയോദ്യാനം ഏതു സംസ്ഥാനത്ത്- ഒറീസ
8707. പ്രാചീനകാലത്ത് രാജസ്ഥാൻ പ്രദേശം അറിയപ്പെട്ടിരുന്ന പേര്- മൽസ്യ
8708. ഷ്കിപ്പെറി എന്ന രാജ്യത്തിന്റെ ഇപ്പോഴത്തെ പേര്- അൽബേനിയ
8709. ഖംഭാത് ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന തുറമുഖം -സൂറത്ത്
8710. തിരുവിതാംകൂർ ഇംഗ്ലീഷ് മേൽക്കോയ്മ അംഗീകരിച്ചത് ഏത് വർഷത്തിൽ- എ.ഡി.1795
8711. വെള്ളത്തിനടിയിലൂടെ നീന്താൻ കഴിവുള്ള പക്ഷി - പെൻഗ്വിൻ
8712. കേരള കലാമണ്ഡലത്തിന്റെ മുൻകാല പേര്- കേരള ആർട്സ് അക്കാദമി
8713. ക്വിറ്റിന്ത്യാസമരകാലത്തെ കോൺഗ്രസ് പ്രസിഡന്റ്- മൗലാനാ അബുൾ കലാം ആസാദ്
8714. സമചതുരാകൃതിയിലുള്ള ദേശീയ പതാകയുള്ള രാജ്യം- സ്വിറ്റ്സർലൻഡ്
8715. കേരള വുഡ് ഇൻഡസ്ട്രീസിന്റെ ആസ്ഥാനം- നിലമ്പൂർ
8716. സമാധാനം ഒഴികെയുള്ള വിഷയങ്ങളിലെ നൊബേൽ ജേതാക്കൾക്ക് ഏതു രാജ്യത്തുവച്ചാണ് പുരസ്കാരം നൽകുന്നത്- സ്വീഡൻ
8717. സയ്യിദ് വംശത്തിൽ ഖിസ്റ് ഖാനുശേഷം അധികാരത്തിൽ വന്നത്- മുബാറക്ക് ഷാ
8718. കേരള കാർഷിക സർവകലാശാലയുടെ ആസ്ഥാനം- മണ്ണുത്തി
8719. തമിഴ്നാട്ടിലെ രണ്ടാമത്തെ വലിയ നഗരം-കോയമ്പത്തൂർ
8720. തലശ്ശേരിയിൽ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ഏത് വർഷത്തിൽ- എ.ഡി.1858
8721. തലശ്ശേരിയിൽ ഇംഗ്ലീഷുകാരുടെ ഫാക്ടറി സ്ഥാപിച്ചത് ഏത് വർഷത്തിൽ- എ.ഡി.1695
8722. തഹ്രിർ സ്ക്വയർ ഏത് രാജ്യത്താണ്- ഈജിപ്ത്
8723. തിരുച്ചിറപ്പള്ളി ഏത് നദിയുടെ തീരത്താണ്-കാവേരി
8724. അവസാനമായി മാമാങ്കം നടന്നു എന്ന് കരുതപ്പെടുന്ന വർഷം- 1755

CONFUSING FACTS

- ലോകമാന്യ എന്നറിയപ്പെട്ടത് ബാലഗംഗാധര തിലകൻ(1856-1920) . മഹാമാന്യ എന്നറിയപ്പെട്ടത് പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ (1861-1946).
- കേരളത്തിന്റെ സംസ്ഥാന പക്ഷിയായ വേഴാമ്പൽ മലേഷ്യയുടെ ദേശീയ പക്ഷിയാണ്. കേരളത്തിന്റെ സംസ്ഥാന പുഷ്പമായ കണിക്കൊന്ന തായ്ലൻഡിന്റെ ദേശീയ പുഷ്പമാണ്. കേരളത്തിന്റെ സംസ്ഥാന വൃക്ഷമായ തെങ്ങ് മാലിദ്വീപിന്റെ ദേശീയ വൃക്ഷമാണ്.
- മറാത്ത കേസരി എന്നു വിളിക്കപ്പെട്ട നേതാവ് ബാലഗംഗാധര തിലകനാണ്. ഭാരത കേസരി എന്നു വിശേഷിപ്പിക്കപ്പെട്ടത് മന്നത്തു പദ്മനാഭനാണ്.

8725. ജനസംഖ്യാ വിസ്ഫോടനസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്- മാൽത്തൂസ്
8726. താമ്രം എന്ന് സംസ്കൃതത്തിൽ അറിയപ്പെടുന്ന ലോഹം-ചെമ്പ്
8727. കൊല്ലവർഷം ആരംഭിച്ചത് ആരുടെ കാലത്താണ് - രാജശേഖരവർമ
8728. ഹരിഹരന്റെയും ബുക്കന്റെയും ഗുരു- വിദ്യാരണ്യ
8729. ഐക്യരാഷ്ട്രസഭയിലെ എത്രാമത്തെ അംഗമാണ് മൊണ്ടിനെഗ്രോ- 192
8730. ലോകവ്യാപാര സംഘടന നിലവിൽ വന്ന വർഷം- 1995
8731. ഐക്യരാഷ്ട്രസഭയുടെ പതാകയുടെ നിറം- നീല
8732. താർ എക്സ്പ്രസ് ഓടുന്നത് ഏതെല്ലാം സ്ഥലങ്ങൾക്കിടയിൽ- മുനബാ ഭാവൊ- ഖൊക്രപാർ
8733. ഭൂമിയിലെ ഏറ്റവും തണുപ്പുള്ള സ്ഥലം- വെർഖോയാൻസ്ക്
8734. ഗുജറാത്ത് ഹൈക്കോടതിയുടെ ആസ്ഥാനം- അഹമ്മദാബാദ്
8735. എം സി റോഡിൻെറ പണി തീർന്നത് ഏത് വർഷത്തിൽ- എ.ഡി.1877
8736. ഘാനയുടെ പഴയ പേര്- ഗോൾഡ് കോസ്റ്റ്
8737. എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഏക പ്രസിഡന്റ്- നീലം സഞ്ജീവറെഡ്ഡി
8738. കൊച്ചി ലജിസ്ലേറ്റീവ് അസംബ്ലിയിൽ അംഗമായ ആദ്യ വനിത -തോട്ടയ്ക്കാട്ട് മാധവിയമ്മ
8739. എഴുത്തച്ഛൻ പുരസ്കാരം നേടിയ ആദ്യ വനിത- ബാലാമണിയമ്മ (1995)
8740. അക്ബർ 1581-ൽ പരാജയപ്പെടുത്തിയ മാൾവയിലെ ഭരണാധികാരി- ബാസ് ബഹാദൂർ
8741. ലോകത്തെ മികച്ച ക്രിക്കറ്റ് താരത്തിനുള്ള ഐ.സി.സി.അവാർഡ്- ഗാരി സോബേഴ്സ് അവാർഡ്
8742. സുംഗവംശ സ്ഥാപകൻ- പുഷ്യമിത്രൻ
8743. എഴുത്തച്ഛൻ പുരസ്കാരം ആദ്യമായി നേടിയത്- ശൂരനാട് കുഞ്ഞൻപിള്ള (1993)
8744. അക്ബർ അന്തരിച്ചത്- 1605 ഒക്ടോബർ 17
8745. എഴുത്തുവിദ്യ ആദ്യമായി ഉപയോഗിച്ച നാഗരികത- സുമേറിയൻ
8746. കേരളത്തിൽ നിലനിന്നിരുന്ന ദായക്രമത്തെക്കുറിച്ച് പരാമർശിച്ച പ്രഥമ വിദേശസഞ്ചാരി- ഫ്രയർ ജോർഡാനസ്
8747. എം.പി.ഭട്ടതിരിപ്പാടിന്റെ തൂലികാനാമം- പ്രേംജി
8748. സംഘകാലകൃതികളുടെ മുഖ്യപ്രമേയം- പ്രണയം, യുദ്ധം
8749. എവറസ്റ്റിന് ആ പേരു ലഭിക്കാൻ കാരണക്കാരനായ ജോർജ് എവറസ്റ്റ് ആരായിരുന്നു- ഇന്ത്യയുടെ സർവേയർ ജനറൽ
8750. ലോകത്തെ ഏറ്റവും വലിയ ഉപദ്വീപ്- അറേബ്യ
8751. സൂര്യപ്രകാശത്തെ ഏറ്റവുമധികം പ്രതിഫലിപ്പിക്കുന്ന ഗ്രഹം- ശുക്രൻ
8752. സൗരയൂഥത്തിലെ ഗ്രഹങ്ങളിൽ വലുപ്പത്തിൽ മൂന്നാം സ്ഥാനമുള്ള ഗ്രഹം-യുറാനസ്
8753. കേരളത്തിലെ ഏക മുസ്ലിം രാജവംശം- അറയ്ക്കൽ
8754. സമാധാന നൊബേലിനർഹനായ രണ്ടാമത്തെ യു.എൻ.സെക്രട്ടറി ജനറൽ- കോഫി അന്നൻ (2001)
8755. ക്വിറ്റിന്ത്യാസമരത്തിന് ഗാന്ധിജിയെ അറസ്റ്റു ചെയ്യപ്പെട്ടപ്പോൾ അടയ്ക്കപ്പെട്ട ജയിൽ- ആഗാഖാൻ കൊട്ടാരം

8756. സിയാച്ചിൻ മഞ്ഞുമല ഏതു സംസ്ഥാനത്ത്- ജമ്മു കശ്മീർ
8757. സൂര്യനുചുറ്റുമുള്ള ഭൂമിയുടെ സഞ്ചാരം അറിയപ്പെടുന്നത്- പ്രദക്ഷിണം
8758. മനുഷ്യനെ ആദ്യമായി ചന്ദ്രനിലെത്തിച്ച ബഹിരാകാശവാഹനമായ അപ്പോളോ-11 വിക്ഷേപിക്കാൻ ഉപയോഗിച്ച റോക്കറ്റ്- സാറ്റേൺ-5
8759. ജമ്മുവിനെയും കന്യാകുമാരിയേയും ബന്ധിപ്പിച്ച് ഓടുന്ന തീവണ്ടി- ഹിമസാഗർ
8760. കേരളത്തിൽ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം നടപ്പിലാക്കപ്പെട്ട ആദ്യ നഗരം-തിരുവനന്തപുരം
8761. സുംഗവംശത്തിന്റെ തലസ്ഥാനമായിരുന്ന വിദിശ ഏത് സംസ്ഥാനത്താണ്- മധ്യപ്രദേശ്
8762. കൊച്ചിൻ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപകൻ- ടി.കെ.നായർ
8763. ലോകത്തെ ഏറ്റവും ചെറിയ പശുവർഗം- വെച്ചൂർ പശു
8764. ഗിരിനഗര ശിലാലേഖം ഏതു രാജാവിന്റെ നേട്ടങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്- രുദ്രദാമൻ
8765. മുയിനുദ്ദീൻ ചിഷ്ടിയുടെ സമാധി സന്ദർശിച്ച ആദ്യ ഡെൽഹി സുൽത്താൻ- മുഹമ്മദ് ബിൻ തുഗ്ലക്
8766. വരികൾ ഇല്ലാതെ സംഗീതം മാത്രമുള്ള ദേശീയ ഗാനമുള്ള രാജ്യം- സ്പെയിൻ
8767. പുൽമേടുകൾ കാണാത്ത ഏക ഭൂഖണ്ഡം -അന്റാർട്ടിക്ക
8768. കേരള മുഖ്യമന്ത്രിയായശേഷം കേന്ദ്രമന്ത്രിയായ ആദ്യ വ്യക്തി- എ.കെ. ആന്റണി
8769. ആയുർവേദ ചികിൽസാരീതി ലഭ്യമാക്കിയിട്ടുള്ള ഇന്ത്യയിലെ ഏക മാനസികാരോഗ്യകേന്ദ്രം- കോട്ടയ്ക്കൽ
8770. കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ ആസ്ഥാനം- കൊച്ചി
8771. ആദ്യത്തെ ഓടക്കുഴൽ അവാർഡ് നേടിയത്- വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
8772. ഭാരതരത്നം ജേതാക്കളിൽ ഇന്ത്യക്കു വെളിയിൽ ജനിച്ച ആദ്യ വ്യക്തി- മദർ തെരേസ
8773. വനമഹോത്സവം നടത്തുന്ന മാസം- ജൂലൈ
8774. ഭാരതീയ സങ്കൽപങ്ങളിലെ ബൃഹസ്പതി ഏതു ഗ്രഹമാണ്- വ്യാഴം
8775. സ്വാതന്ത്ര്യത്തിനുമുമ്പുള്ള ഇന്ത്യയിൽ ദാരിദ്ര്യരേഖയെക്കുറിച്ച് ചർച്ച ചെയ്ത ആദ്യ നേതാവ്- ദാദാഭായ് നവറോജി
8776. കുടുംബശ്രീ ആരംഭിച്ച സംസ്ഥാനം- കേരളം
8777. സിറാജ് ഉദ് ദൗളയുടെ തലസ്ഥാനം- മുർഷിദാബാദ്
8778. തമിഴ്നാട് സംസ്ഥാനത്ത് മുഖ്യമന്ത്രിയായ ആദ്യ വനിത- ജാനകി രാമചന്ദ്രൻ
8779. കോട്ടയ്ക്കൽ ആര്യവൈദ്യശാല സ്ഥാപിച്ചത്- വൈദ്യരത്നം പി.എസ്.വാര്യർ
8780. ചാർവാകമതം മുന്നോട്ടുവച്ച മീമാംസ- ലോകായത ദർശനം
8781. സ്വതന്ത്രഭാരതത്തിൽ ആഭ്യന്തര അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് എപ്പോൾ- 1975 ജൂൺ
8782. കഥകളിയുടെ ഉപജ്ഞാതാവ്- കൊട്ടാരക്കരത്തമ്പുരാൻ
8783. ഗാന്ധിജി പങ്കെടുത്ത ആദ്യത്തെ കോൺഗ്രസ് സമ്മേളനം- 1901ലെ കൊൽക്കത്ത സമ്മേളനം
8784. കേരളദർപ്പണം,കേരള പത്രിക, മലയാളി എന്നീ പ്രസിദ്ധീകരണങ്ങളിൽ എഴുതുമ്പോൾ കെ.രാമകൃഷ്ണംപിള്ള ഉപയോഗിച്ചിരുന്ന തൂലികാനാമം- കേരളൻ
8785. കൊച്ചിയിൽ പ്രജാമണ്ഡലത്തിന്റെ രൂപവത്കരണത്തിനു നിർണായക പങ്കുവഹിച്ച നേതാവ്- വി.ആർ. കൃഷ്ണനെഴുത്തച്ഛൻ
8786. ഭൂമിയിലേക്ക് സൂര്യനിൽനിന്നു താപം എത്തിച്ചേരുന്നത്- വികിരണം വഴി
8787. സൂത്രപിടകം എന്തിനെക്കുറിച്ചു പ്രതിപാദിക്കുന്നു- ബുദ്ധന്റെ തത്ത്വങ്ങൾ
8788. ഗുണനിലവാരമുള്ള കാർഷിക ഉൽപന്നങ്ങൾക്ക് നൽകുന്ന മുദ്ര- അഗ്മാർക്ക്
8789. ഭൂമിയിലെ ഏറ്റവും വലിയ ദ്വീപസമൂഹം- ഇൻഡൊനീഷ്യ
8790. ഭരണഘടനയുടെ 35ാംഭേദഗതിയിലൂടെ സിക്കിമിന് അസോസിയേറ്റ് സ്റ്റേറ്റ് പദവി നൽകുകയും പിന്നീട് 36ാംഭേദഗതിയിലൂടെ ഇന്ത്യൻ യൂണിയനിലെ ഒരു സംസ്ഥാനമാക്കുകയും ചെയ്തത് ഏതു പ്രധാനമന്ത്രിയുടെ കാലത്താണ്- ഇന്ദിരാഗാന്ധി.
8791. ഏത് കോൺഗ്രസ് സമ്മേളനമാണ് നേതൃത്വം യുവതലമുറയ്ക്ക് കൈമാറിയത്- ലാഹോർ

CONFUSING FACTS

- കമ്പ്യൂട്ടർ സുരക്ഷാദിനം അഥവാ സൈബർ സുരക്ഷാദിനം നവംബർ 30, ഇന്റർനെറ്റ് സുരക്ഷാദിനം ഫെബ്രുവരി 9 ആണ്.
- ബഡ്ജറ്റിന്റെ മറ്റൊരു പേരാണ് വാർഷിക സാമ്പത്തിക പ്രസ്താവന (Annual Financial Statement). ബഡ്ജറ്റ് ഇയറിന്റെ മറ്റു പേരുകളാണ് ഫിനാൻഷ്യൽ ഇയർ, ഫിസ്കൽ ഇയർ എന്നിവ. ഇന്ത്യയിൽ സാമ്പത്തിക വർഷം ഏപ്രിൽ ഒന്നിനു തുടങ്ങി അടുത്തവർഷം മാർച്ച് 31 ന് അവസാനിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിൽ ഇത് ഒക്ടോബർ ഒന്നുമുതൽ സെപ്തംബർ 30 വരെയാണ്.
- ബ്രിട്ടീഷ് ഇന്ത്യയുടെ ഏകദേശം മധ്യത്തായി സ്ഥിതി ചെയ്തിരുന്ന നഗരം നാഗ്പൂരാണ്. സ്വതന്ത്ര ഇന്ത്യയുടെ മധ്യഭാഗത്തുള്ള നഗരം ജബൽപ്പൂരാണ്.
- വടക്കുകിഴക്കൻ ഇന്ത്യയിലാണ് പൂർവാചൽ. പൂർവഘട്ടവും പശ്ചിമഘട്ടവും പ്രധാനമായും ദക്ഷിണേന്ത്യയിലാണ്.
- ദക്ഷിണഗംഗ എന്നറിയപ്പെടുന്ന നദി കാവേരിയാണ്. വൃദ്ധ ഗംഗ എന്നറിയപ്പെടുന്ന നദി ഗോദാവരിയാണ്.

8792. ബീജാപ്പൂരും ഗോൽകൊണ്ടയും മുഗൾ സാമ്രാജ്യത്തിനു കീഴടങ്ങിയത് ആരുടെ കാലത്താണ്- ഔറംഗസീബ്
8793. ഉപ്പുനിയമത്തെ ആക്രമിച്ച ആദ്യത്തെ ദേശീയ നേതാവ്- ഗോപാലകൃഷ്ണ ഗോഖലെ
8794. ഹൈക്കോടതി ജഡ്ജി രാജിക്കത്ത് സമർപ്പിക്കേണ്ടത് ആർക്കാണ്- പ്രസിഡന്റ്
8795. പിതൃപക്ഷത്തിൽ തിമൂറിന്റെയും മാതൃപക്ഷത്തിൽ ചെങ്കിഷ്ഖാന്റെയും പിൻഗാമിയായ ആക്രമണകാരി-ബാബർ
8796. ബുദ്ധന്റെ കുതിര- കാന്തകൻ
8797. ബൗദ്ധഗ്രന്ഥങ്ങളിലെ മഹാഭിനിഷ്ക്രമണം എന്താണ്- ബുദ്ധന്റെ പരിത്യാഗം
8798. ക്വിക്ക് സിൽവർ എന്നറിയപ്പെടുന്നത്- മെർക്കുറി
8799. ക്വിറ്റിന്ത്യ സമരത്തിന്റെ നായിക എന്നറിയപ്പെട്ടത്- അരുണ അസഫ് അലി
8800. സാമൂതിരിയുടെ ആസ്ഥാനം- കോഴിക്കോട്
8801. ഗുജറാത്തിലെ പ്രസിദ്ധമായ വന്യജീവിസങ്കേതം- ഗിർ
8802. സിവിൽ ഭരണകൂടം കെട്ടിപ്പടുക്കാൻ ശരിയായ പ്രാഗല്ഭ്യം കാണിച്ച ഇന്ത്യയിലെ ആദ്യ മുസ്ലിം ഭരണാധികാരി- ഷെർഷാ
8803. ദേശീയ പതാകയുടെ വീതിയുടെ എത്ര ഇരട്ടിയാണ് നീളം- ഒന്നര
8804. കേരളത്തിലെ ഉപ്പുസത്യാഗ്രഹത്തിന്റെ വേദി- പയ്യന്നൂർ
8805. സതി നിർത്തലാക്കിയ ഗവർണർ ജനറൽ- വില്യം ബെൻറിക്
8806. സേനവംശത്തിലെ ആദ്യ ഭരണാധികാരി- വിജയസേനൻ
8807. ലോകം ചുറ്റി യാത്ര ചെയ്ത ഇന്ത്യൻ നാവികസേനയുടെ ആദ്യത്തെ കപ്പൽ- ഐ.എൻ.എസ്.തരംഗിണി
8808. ഗാന്ധിവധക്കേസിൽ പ്രതികളെ തൂക്കിലേറ്റിയ ജയിൽ- അംബാല ജയിൽ
8809. കൃത്രിമമായി പഴങ്ങൾ പഴുപ്പിക്കാൻ ഉപയോഗിക്കുന്ന മാരകമായ രാസവസ്തു- കാർബൈഡ്
8810. സമുദ്രനിരപ്പിൽനിന്നും താഴെയായി സ്ഥിതി ചെയ്യുന്ന തലസ്ഥാന നഗരം ഏതു രാജ്യത്തിന്റേതാണ്- നെതർലൻഡ്സ്
8811. സിലുമിൻ എന്ന ലോഹസങ്കരത്തിലെ ഘടകങ്ങൾ- അലുമിനിയം ,സിലിക്കൺ
8812. ലോക്സഭാസ്പീക്കറായ ആദ്യ ഇടതുപക്ഷനേതാവ്- സോമനാഥ് ചാറ്റർജി
8813. ഏറ്റവും കൂടുതൽ ഔദ്യോഗികഭാഷകളുള്ള രാജ്യം- ദക്ഷിണാഫ്രിക്ക
8814. ഏറ്റവും കൂടുതൽ വ്യാവസായിക പുരോഗതി ആർജിച്ച തെക്കേ അമേരിക്കൻ രാജ്യം- ബ്രസീൽ
8815. ക്യൂണിഫോം ലിപി ആദ്യമായി വ്യാഖ്യാനിച്ചത്- ഹെൻറി റോളിൻസൺ (1835)
8816. ലോകമാന്യ എന്നറിയപ്പെട്ട നേതാവ്- ബാലംഗംഗാധര തിലകൻ

8817. ഏറ്റവും കൂടുതൽ കാറ്റുവീശുന്ന വൻകര-അന്റാർട്ടിക്ക
8818. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ആദ്യ മലയാളി - ആർ.നാരായണപ്പണിക്കർ(1955)
8819. നൊബേൽ സമ്മാനം പങ്കിട്ട ആദ്യ ദമ്പതിമാർ- പിയറി ക്യൂറിയും മേരി ക്യൂറിയും (1903,ഫിസിക്സ്)
8820. ഏറ്റവും കൂടുതൽ കാലാവധിയുണ്ടായിരുന്ന ലോക്സഭ- അഞ്ചാം ലോക്സഭ
8821. പ്രാചീനകാലത്ത് ചൂർണി എന്ന പേരിൽ അറിയപ്പെട്ടിരുന്ന നദി -പെരിയാർ
8822. സിക്കുകാരുടെ വിശുദ്ധഗ്രന്ഥം- ഗുരു ഗ്രന്ഥസാഹിബ്
8823. സതീഷ് ധവാൻ സ്പേസ് സെന്റർ എവിടെയാണ്- ശ്രീഹരിക്കോട്ട
8824. ഏറ്റവും കൂടുതൽ കാർബൺ ഡയോക്സൈഡ് പുറന്തള്ളുന്ന രാജ്യം- യു.എസ്.എ.
8825. അവസാനത്തെ മൗര്യരാജാവ്-ബ്രഹദ്രഥൻ.
8826. സത്യാർഥപ്രകാശം രചിച്ചത്- ദയാനന്ദ് സരസ്വതി
8827. സൗരയൂഥത്തിലെ ഏറ്റവും വലിയ പർവതം- മൗണ്ട് ഒളിമ്പസ് (ചൊവ്വ)
8828. ലോകത്തേറ്റവും കൂടുതൽ കാപ്പി ഉൽപാദിപ്പിക്കുന്ന രാജ്യം - ബ്രസീൽ
8829. ജർമനിയുടെ ദേശീയ വിമാന സർവീസ്- ലുഫ്ത്താൻസ
8830. സിറിയയുടെ ഭാഗമായിരുന്ന ഗോലാൻ കുന്നുകൾ ഏത് രാജ്യമാണ് 1967ൽ പിടിച്ചടക്കിയത് -ഇസ്രയേൽ
8831. ഗുജറാത്ത് ഭൂകമ്പത്തിന്റെ പശ്ചാത്തലത്തിൽ ഇറങ്ങിയ മലയാള സിനിമ- കാഴ്ച
8832. പോസ്റ്റോഫീസ് മുഖേന വസ്തു നികുതി അടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാനം-കേരളം
8833. മേധാ പട്കർ സ്ഥാപിച്ച രാഷ്ട്രീയ പാർട്ടി- പീപ്പിൾസ് പൊളിറ്റിക്കൽ ഫ്രണ്ട്
8834. കേരളത്തിലെ ഏറ്റവും വലിയ പീഠഭൂമി- വയനാട്
8835. ഏറ്റവും കൂടുതൽ കാലം ഭരിച്ച ബ്രിട്ടീഷ് ഭരണാധികാരി- വിക്ടോറിയ റാണി (1837-1901)
8836. കോശത്തിനുള്ളിലെ ഏക അജീവീയ ഘടകം- ഫേനം
8837. ചേനയുടെ ഭക്ഷ്യയോഗ്യമായ ഭാഗം- കാണ്ഠം
8838. ഡച്ചുകാർക്ക് ഇന്ത്യയിലേക്ക് വരാനാവശ്യമായ മാർഗനിർദ്ദേശം നൽകിയസഞ്ചാരി- ലിൻഷോട്ടൻ
8839. ഏറ്റവും കൂടുതൽ വികാസം പ്രാപിച്ച മസ്തിഷ്കമുള്ള ജീവി-മനുഷ്യൻ
8840. ഡാമുകളിലെ ജലം അതിന്റെ മർദം കൂടുതൽ ചെലുത്തുന്നത്- എല്ലാ ദിശകളിലേക്കും
8841. തക്കാളി ലോകത്താദ്യമായി കൃഷി ചെയ്ത പ്രദേശം- തെക്കേ അമേരിക്ക
8842. കോശത്തിന്റെ അടുക്കള എന്നറിയപ്പെടുന്നത്- ഹരിതകണം
8843. ഏറ്റവും വിസ്തീർണം കൂടിയ വൻകര-ഏഷ്യ
8844. തുഗ്ളക് രാജാക്കൻമാരിൽ മതപരമായ കാര്യങ്ങളിൽ ഏറ്റവും താത്പര്യം കാണിച്ചത്- ഫിറോസ് ഷാ തുഗ്ളക്
8845. ത്വക്കിനും രോമത്തിനും മൃദുത്വം നൽകുന്ന ദ്രാവകം- സീബം
8846. ദി പിക്ചർ ഓഫ് ഡോറിയൻ ഗ്രേ രചിച്ചത്- ഓസ്കാർ വൈൽഡ്
8847. കേരളതീരത്തെ കരിമണലിൽകാണപ്പെടുന്ന അണുശക്തി പ്രാധാന്യമുള്ള മൂലകം- തോറിയം
8848. സാഹിത്യ നൊബേലിനർഹനായ രണ്ടാമത്തെ ഏഷ്യക്കാരൻ- യാസുനാരി കവാബത്ത (1968, ജപ്പാൻ)
8849. ഷാജഹാന്റെ യഥാർഥപേര്- ഖുറം
8850. തമിഴ്നാടിന്റെ തീരദേശം അറിയപ്പെടുന്ന പേര്- കൊറമാണ്ടൽ തീരം
8851. കൃഷ്ണദേവരായർ സ്ഥാപിച്ച നഗരം- നഗൽപൂർ
8852. കടലിലെ ദൂരം അളക്കാനുള്ള ഏകകം- നോട്ടിക്കൽ മൈൽ
8853. ലോകത്തേറ്റവും കൂടുതൽ ഫീച്ചർ ഫിലിമുകൾ നിർമിക്കുന്ന രാജ്യം- ഇന്ത്യ
8854. സംഝോത എക്സ്പ്രസ് ഡൽഹിയെ ഏതു നഗരവുമായിട്ടാണ് ബന്ധിപ്പിക്കുന്നത്- ലാഹോർ
8855. താർ എക്സ്പ്രസ് ഓടുന്നത് ജോധ്പൂരിനും ഏത് നഗരത്തിനുമിടയ്ക്കാണ്- കറാച്ചി
8856. മിറാഷ് യുദ്ധവിമാനം നൽകുന്ന രാജ്യം- ഫ്രാൻസ്
8857. ഏത് ഡൽഹി സുൽത്താന്റെ കാലത്താണ് റാണി പദ്മിനി ജൗഹർ അനുഷ്ഠിച്ചത് - അലാവുദ്ദീൻ ഖിൽജി
8858. കമ്പിളി രോമം ഉൽപാദിപ്പിക്കുന്നതിൽ ഒന്നാം സ്ഥാനമുള്ള രാജ്യം- ഓസ്ട്രേലിയ
8859. പഞ്ചായത്ത് രാജ്, നഗരപാലിക ബില്ലുകൾ രാജ്യസഭയിൽ പരാജയപ്പെട്ടത് ഏത് പ്രധാനമന്ത്രിയുടെ കാലത്ത്- രാജീവ് ഗാന്ധി
8860. രുദ്രദാമൻ കേടുപാടുകൾ തീർത്ത സുദർശന തടാകം ഏത് സംസ്ഥാനത്ത്- ഗുജറാത്ത്
8861. ഗാന്ധാരം എന്നറിയപ്പെട്ടിരുന്ന പ്രദേശം ഇപ്പോൾ ഏതു രാജ്യത്താണ്- അഫ്ഗാനിസ്താൻ
8862. സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ആദ്യമായി നേടിയത്- സള്ളി പ്രുധോം
8863. ലോകത്തെ ആദ്യത്തെ മുസ്ലിം വനിതാ ബഹിരാകാശ വിനോദ സഞ്ചാരി- അനൗഷേ അൻസാരി
8864. സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ആദ്യത്തെ സെക്രട്ടറി- കാരൂർ നീലകണ്ഠപ്പിള്ള
8865. വേൾഡ് വൈഡ് വെബിന്റെ ഉപജ്ഞാതാവ്- ടിം ബെർണേഴ്സ് ലീ
8866. സമുദ്രതീരമില്ലാത്തതും കേരളത്തിലെ ജില്ലകളുമായി മാത്രം അതിർത്തി പങ്കിടുന്നതുമായ ജില്ല- കോട്ടയം
8867. ഷഡ്കാല ഗോവിന്ദ മാരാർ ജനിച്ച സ്ഥലം- രാമമംഗലം
8868. വട്ടമേശ സമ്മേളനത്തിലേക്ക് ഇന്ത്യൻ വനിതകളുടെ പ്രതിനിധിയായി ക്ഷണിക്കപ്പെട്ടത്- സരോജിനി നായിഡു
8869. ഒന്നാം സ്വാതന്ത്ര്യ സമരം നടന്ന വർഷം - 1857
8870. വർക്കല കടപ്പുറം ഏതുപേരിൽ അറിയപ്പെടുന്നു-പാപനാശം
8871. ഒന്നാം വട്ടമേശ സമ്മേളനം നടക്കുമ്പോൾ വൈസ്രോയി- ഇർവിൻ പ്രഭു
8872. കാട്ടുകഴുതകളുടെ വന്യമൃഗസംരക്ഷണകേന്ദ്രം എവിടെയാണ്- ഗുജറാത്ത്
8873. കടുവയ്ക്കുമുമ്പ് ഇന്ത്യയുടെ ദേശീയമൃഗം- സിംഹം
8874. അവസാനത്തെ പേഷ്വാ ഭരണാധികാരി- ബാജിറാവു രണ്ടാമൻ(1795-1818)
8875. തപാൽ സ്റ്റാമ്പിന്റെ ഉപജ്ഞാതാവ്- റോളണ്ട് ഹിൽ
8876. ലോകത്തെ ആദ്യത്തെ വനിതാ ആക്ടിങ് പ്രസിഡന്റ് അധികാരത്തിൽവന്ന രാജ്യം- മംഗോളിയ
8877. തേക്കിൻകാട് മൈതാനം എവിടെയാണ്- തൃശ്ശൂർ
8878. സസ്യകോശഭിത്തി നിർമിച്ചിരിക്കുന്ന പദാർഥം- സെല്ലുലോസ്
8879. കൊങ്കണി ഏത് ഭാഷാഗോത്രത്തിലെ ഭാഷയാണ്- ഇന്തോ ആര്യൻ
8880. സഹാറാ മരുഭൂമി ഏതു ഭൂഖണ്ഡത്തിൽ- ആഫ്രിക്ക
8881. കൊക്കിൽ സഞ്ചി പോലെ ഭാഗമുള്ള പക്ഷി- പെലിക്കൻ
8882. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആദ്യ സെക്രട്ടറി- ഐ.വി.ദാസ്
8883. ചൗഹാൻവംശത്തിലെ ഏറ്റവും പ്രശസ്തനായ രാജാവ്- പൃഥിരാജ് ചൗഹാൻ
8884. ടൈഫൂൺ ഉഷ്ണചക്രവാതം എവിടെയാണ് വീശുന്നത്- ചൈന
8885. സർക്കാരിയ കമ്മിഷൻ എന്തിനെപ്പറ്റിയാണ് പഠനം നടത്തിയത് - കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ
8886. സർ സി.പി.രാമസ്വാമി അയ്യർ രാജി വച്ചപ്പോൾ തിരുവിതാംകൂറിൽ ഒഫീഷ്യേറ്റിങ് ദിവാനായത്- പി.ജി.എൻ.ഉണ്ണിത്താൻ
8887. ലോകത്തെ ആദ്യത്തെ വിദ്യാഭ്യാസ ഉപഗ്രഹം- എഡ്യുസാറ്റ്
8888. 1921ൽ രൂപംകൊണ്ട കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലിയുടെ ആദ്യ സ്പീക്കറായിരുന്നത് -സർ ഫ്രഡറിക് വൈറ്റ്
8889. ഗൺമെറ്റലിലെ ഘടക ലോഹങ്ങൾ- ചെമ്പ്, സിങ്ക്, ടിൻ
8890. ലോകത്തിലെ മെഡിക്കൽ സിറ്റി എന്നറിയപ്പെടുന്നത്- വിയന്ന
8891. വേണാടു രാജാക്കൻമാരുടേതായി ലഭിച്ചിട്ടുള്ള ആദ്യത്തെ ശാസനം- തരിസാപ്പള്ളി ചെപ്പേടുകൾ
8892. ലോകത്തെ ആദ്യത്തെ വനിതാപ്രസിഡന്റായ ഇസബെൽ പെറോൺ ഏതുരാജ്യത്താണ് അധികാരത്തിൽ വന്നത്- അർജന്റീന
8893. സഹ്യന്റെ മകൻ എന്നറിയപ്പെടുന്നത് -ആന
8894. ഞാൻ പല സിദ്ധൻമാരേയും മഹർഷിമാരേയും കണ്ടിട്ടുണ്ട്. എന്നാൽ നാരായണഗുരുവിനെക്കാൾ മികച്ചതോ അദ്ദേഹത്തിനു തുല്യനോ ആയ ഒരു മഹാത്മാവിനെ എങ്ങും കണ്ടിട്ടില്ല. ആരുടേതാണ് ഈ വാക്കുകൾ- ടാഗോർ
8895. കൊങ്കൺ റെയിൽവേ നിലവിൽ വന്ന വർഷം- 1998

8896. സിന്ധുസംസ്കാരകാലത്ത് ഉപയോഗിച്ചിരുന്ന ലിപി- ചിത്രലിപി
8897. ലോകത്ത് പ്രധാനമന്ത്രിപദത്തിലെത്തിയ രണ്ടാമത്തെ വനിത - ഇന്ദിരാഗാന്ധി
8898. കേന്ദ്ര ധനമന്ത്രിയായ ആദ്യ മലയാളി- ജോൺ മത്തായി
8899. സുഭാഷ് ചന്ദ്രബോസ് കോൺഗ്രസ് പ്രസിഡന്റായിരിക്കെ(1938) രൂപവത്കരിച്ച ദേശീയാസൂത്രണസമിതിയുടെ അധ്യക്ഷൻ- ജവാഹർലാൽ നെഹ്റു
8900. കൊച്ചിയിൽ പോർച്ചുഗീസ് കോട്ടയുടെ ശിലാസ്ഥാപനം ഏത് വർഷത്തിൽ- എ.ഡി.1503
8901. വേരുകൾ വലിച്ചെടുക്കുന്ന ജലം ഇലകളിൽ എത്തിക്കുന്ന സസ്യകലകൾ- സൈലം
8902. സുൽത്താന റസിയയെ വിവാഹം കഴിച്ചത്- അൽത്തുനിയ
8903. ലോക്സഭയിൽ മുഖ്യപ്രതിപക്ഷമായിട്ടുള്ള പ്രദേശിക കക്ഷി- തെലുങ്കുദേശം
8904. സിഎൻ.ശ്രീകണ്ഠൻ നായരുടെ നാടകത്രയം- സാകേതം, ലങ്കാലക്ഷ്മി, കാഞ്ചനസീത
8905. സ്വതന്ത്ര തിരുവിതാംകൂറിലെ രണ്ടാമത്തെ പ്രധാനമന്ത്രി- പറവൂർ ടി.കെ.നാരായണപിള്ള
8906. കാഞ്ചൻജംഗ ഏതു സംസ്ഥാനത്താണ്- സിക്കിം
8907. കാഞ്ചിലി, ഹരികെ തണ്ണീർത്തടം ഏതു സംസ്ഥാനത്താണ്- പഞ്ചാബ്
8908. ഒന്നാം ധനകാര്യ കമ്മിഷന്റെ അധ്യക്ഷൻ- കെ.സി.നിയോഗി
8909. കാഞ്ചീപുരം ഏത് നദിയുടെ തീരത്ത്- പാലാർ
8910. സ്റ്റാൻലി റിസർവോയർ ഏത് നദിയിലാണ്-കാവേരി
8911. സിംഹാചലം ഏതു സംസ്ഥാനത്തെ തീർഥാടന കേന്ദ്രമാണ്- ആന്ധ്രാപ്രദേശ്
8912. ജയ് ഹിന്ദ് എന്ന മുദ്രാവാക്യം സമ്മാനിച്ചത്- സുഭാഷ് ചന്ദ്രബോസ്
8913. സുൽത്താനേറ്റിന്റെ തലസ്ഥാനം ഡൽഹിയിൽനിന്നും ആഗ്രയിലേക്ക് മാറ്റിയത്- സിക്കന്ദർ ലോദി
8914. ലോകത്തെ ഏറ്റവും നീളം കൂടിയ പദ്യം- മഹാഭാരതം
8915. സുൽത്താൻപൂർ പക്ഷിസങ്കേതം ഏതു സംസ്ഥാനത്ത്- ഹരിയാന
8916. സുപ്രീം കോടതി ചീഫ് ജസ്റ്റിസായിരുന്ന കെ.ജി.ബാലകൃഷ്ണൻ കേരളത്തിലെ ഏത് ജില്ലക്കാരനാണ്- കോട്ടയം
8917. ഗുപ്തവംശത്തിന്റെ രണ്ടാം തലസ്ഥാനമായിരുന്നത്- ഉജ്ജയിനി
8918. കൃഷ്ണദേവരായരുടെ ഭരണകാലം- 1509-29
8919. ഡൽഹിയിലെ തോമാരവംശത്തിലെ ഏറ്റവും പ്രശസ്തനായ രാജാവ്- മാഹിപാലൻ
8920. തമിഴ്നാട് ഗവർണറായ മലയാളി വനിത- ജസ്റ്റിസ് എം.എസ്.ഫാത്തിമാബീവി
8921. ഡയമന്റിന ട്രഞ്ച് ഏത് സമുദ്രത്തിലെ ഏറ്റവും ആഴംകൂടിയ ഭാഗമാണ്-ഇന്ത്യൻമഹാസമുദ്രം
8922. ജോനാതൻ ഹാർക്കർ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്- ബ്രാം സ്റ്റോക്കർ
8923. തിരുവിതാംകൂർ സന്ദർശിച്ച ആദ്യത്തെ വൈസ്രോയി- കഴ്സൺ പ്രഭു
8924. കേരളത്തിൽ പരീക്ഷണാർഥം റബ്ബർകൃഷി തുടങ്ങിയതെവിടെ- താമരശ്ശേരി
8925. ബുദ്ധമതത്തെക്കുറിച്ച് പഠിക്കാൻ ഫാഹിയാൻ ഇന്ത്യയിലെത്തിയ സമയത്തെ ഗുപ്തരാജാവ്-ചന്ദ്രഗുപ്ത വിക്രമാദിത്യൻ
8926. ഗുജറാത്തിലെ ഗോധ്ര സംഭവം നടന്ന വർഷം- 2002
8927. ലോക്സഭയിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ - 543
8928. ബാഷ്പക്കടൽ എവിടെയാണ്-ചന്ദ്രൻ
8929. ബുദ്ധന്റെ ഭാര്യ - യശോധര
8930. സേനവംശത്തിലെ ഏറ്റവും മഹാനായ രാജാവ്- വിജയസേനൻ
8931. കേരളത്തിലെ ആദ്യത്തെ പ്രസ് കോട്ടയത്ത് സ്ഥാപിച്ചത്- ബെഞ്ചമിൻ ബെയ്ലി (1821)
8932. വേലുത്തമ്പി ദളവ കുണ്ടറ വിളംബരം പുറപ്പെടുവിച്ച വർഷം- 1809
8933. ഡപ്യൂട്ടി സ്പീക്കർ രാജിക്കത്ത് നൽകുന്നതാർക്കാണ്-സ്പീക്കർ
8934. ദേശീയപതാകയിൽ ഒരു നിറം മാത്രമുള്ള രാജ്യം- ലിബിയ
8935. കേരളത്തിലേക്ക് വാസ്കോ ഡ ഗാമയുടെ രണ്ടാംവരവ് ഏത് വർഷത്തിൽ- എ.ഡി.1502
8936. സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച ആദ്യത്തെ അമേരിക്കൻ പ്രസിഡന്റ്- തിയോഡർ റൂസ്വെൽറ്റ്
8937. ലോക്സഭയുടെ പരമാവധി അംഗസംഖ്യ- 552 (530+20+2)
8938. സംഘകാലചേരൻമാരുടെ പ്രധാന തുറമുഖം- മുസിരിസ്
8939. ജവാഹർലാൽ നെഹ്റുവിനെ ഋതുരാജൻ എന്നുവിശേഷിപ്പിച്ചത് - ടാഗോർ
8940. കേരള അഗ്രോ മെഷീനറി കോർപ്പറേഷന്റെ ആസ്ഥാനം- അത്താണി
8941. ആദ്യത്തെ ഓട്ടോമൊബൈൽ നിർമിച്ചതാര്- കാൾ ബെൻസ്
8942. യു.എസ്.എ.യിലെ ഏറ്റവും ഉയർന്ന സൈനിക ബഹുമതി- മെഡൽ ഓഫ് ഓണർ
8943. കേരള മുഖ്യമന്ത്രിമാരിൽ ആദ്യം ജനിച്ച വ്യക്തി- പട്ടം താണുപിള്ള
8944. യൂറോപ്പിലെ ഒരേയൊരു മുസ്ലിം രാഷ്ട്രം- അൽബേനിയ
8945. ജസിയ പുനഃസ്ഥാപിച്ച(1679) മുഗൾ ചക്രവർത്തി- ഔറംഗസീബ്
8946. ഖ്വാജാ മൊയ്നുദ്ദീൻ ചിസ്റ്റിയുടെ ശവകുടീരം എവിടെയാണ്- അജ്മീർ
8947. ഗാന്ധി സമാധാന സമ്മാനത്തിനർഹനായ ആദ്യത്തെ ഭാരതീയൻ- ബാബാ ആംതെ
8948. സിയോണിസ്റ്റ് പ്രസ്ഥാനം ആരംഭിച്ചത്- തിയോഡർ ഹെർഷൽ
8949. സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി- ജവാഹർലാൽ നെഹ്റു
8950. ഹസാരാക്ഷേത്രം നിർമിച്ചത്- കൃഷ്ണദേവരായർ
8951. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ, ബ്രിട്ടണിലേക്കുള്ള ഹൈക്കമ്മിഷണർ- വി.കെ.കൃഷ്ണമേനോൻ
8952. കേരളത്തിലെ ആദ്യത്തെ ഫിലിം സൊസൈറ്റി- ചിത്രലേഖ
8953. സ്പാനിഷ് അർമാഡയെ ബ്രിട്ടീഷുകാർ പരാജയപ്പെടുത്തിയ വർഷം- 1588
8954. സൂര്യഗ്രഹണം ആദ്യമായി പ്രവചിച്ച ശാസ്ത്രജ്ഞൻ- ആര്യഭട്ടൻ
8955. കേരളത്തിലെ ആദ്യത്തെ ത്രിമാനചലച്ചിത്രം- മൈ ഡിയർ കുട്ടിച്ചാത്തൻ
8956. സൂര്യനും ഭൂമിയും തമ്മിലുള്ള അകലം ഏറ്റവും കുറഞ്ഞ ദിവസം- ജനുവരി 3 (പെരിഹീലിയൻ)
8957. സംസ്ഥാന പുനസ്സംഘടനാ സമയത്ത് തിരുവിതാംകൂറിൽനിന്ന് വേർപെടുത്തിയ താലൂക്കുകൾ ഏത് ജില്ലയുടെ ഭാഗമാണ് -കന്യാകുമാരി
8958. കൊച്ചി മഹാരാജാവ് കവിതിലകൻ സ്ഥാനം നൽകിയ ജ്ഞാനപീഠ ജേതാവ് -ജി.ശങ്കരക്കുറുപ്പ്
8959. കേരളത്തിലെ ആദ്യത്തെ രാസവള നിർമാണശാല- എഫ്.എ.സി.ടി.
8960. ലോക്സഭാ പ്രതിപക്ഷനേതാവായ മലയാളി- സി.എം.സ്റ്റീഫൻ
8961. സ്വന്തം അംഗരക്ഷകരായ രണ്ടുസിക്കുകാരാൽ വധിക്കപ്പെട്ട (ബിയാന്ത് സിങും സത്വന്ത് സിങും) ഇന്ത്യൻ പ്രധാനമന്ത്രി- ഇന്ദിരാഗാന്ധി(1984 ഒക്ടോബർ 31)
8962. റെഡ്ക്രോസ് സൊസൈറ്റിയുടെ സ്ഥാപകൻ- ഹെൻറി ഡുനാന്റ്
8963. ലെനിനുശേഷം സോവിയറ്റ് യൂണിയനിൽ അധികാരത്തിൽ വന്നത്- ജോസഫ് സ്റ്റാലിൻ
8964. കൊൽക്കത്തയിലെ സുഭാഷ്ചന്ദ്രബോസ് എയർപോർട്ടിന്റെ പഴയപേര്- ഡംഡം എയർപോർട്ട്
8965. സദ്ഭാവനാദിനമായി ആചരിക്കുന്നത്- രാജീവ്ഗാന്ധിയുടെ ജന്മദിനം
8966. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ സ്വതന്ത്ര സ്ഥാനാർഥി- ഡോ. രാധാകൃഷ്ണൻ
8967. ഡക്കാൺപ്രദേശം ആദ്യമായി ആക്രമിച്ച മുസ്ലിം ഭരണാധികാരി - അലാവുദ്ദീൻ ഖിൽജി
8968. കേരളത്തിലെ ആദ്യത്തെ പുകയില വിരുദ്ധജില്ല- കോട്ടയം
8969. വേലുത്തമ്പി ദളവ ജനിച്ച സ്ഥലം- തലക്കുളം (വിളവൻകോട് താലൂക്ക്)
8970. കേരളത്തിലെ ആദ്യത്തെ ഫ്ളയിങ് ക്ലബ്- തിരുവനന്തപുരം
8971. സേനൻമാരുടെ തലസ്ഥാനം- നാദിയ
8972. ലോകത്ത് ഏതെങ്കിലുമൊരു രാജ്യത്ത് പ്രസിഡന്റായ ആദ്യവനിത- മരിയ എസ്റ്റെല്ല പെറോൺ
8973. ഫ്രഞ്ചു വിപ്ലവകാലത്ത് ബാസ്റ്റൈൽ ജയിൽ തകർക്കപ്പെട്ട വർഷം- 1789
8974. പ്രതീഹാരവംശത്തിലെ ഏറ്റവും മഹാനായ രാജാവ്- ഭോജൻ

8975. ശതവാഹനനൻമാരുടെ ശക്തി കേന്ദ്രമായിരുന്ന പൈതാൻ ഏത് സംസ്ഥാനത്ത്- മഹാരാഷ്ട്ര
8976. യൂറോപ്പിൽ ഏറ്റവും കൂടുതൽ മുസ്ലിങ്ങളുള്ള രാജ്യം- ഫ്രാൻസ്
8977. ബീജാപ്പൂരിലെ അഫ്സൽഖാനെ പരാജയപ്പെടുത്തിയത്- ശിവജി
8978. കാർപാത്തിയൻ മലനിരകൾ ഏത് വൻകരയിലാണ് - യൂറോപ്പ്
8979. കാൽക്കുലേറ്റർ കണ്ടുപിടിച്ചത്- പാസ്കൽ
8980. രാജസ്ഥാൻ കനാൽ ഇപ്പോൾ ആരുടെ പേരിൽ അറിയപ്പെടുന്നു - ഇന്ദിരാഗാന്ധി
8981. ഏത് രാജ്യത്തെ രാഷ്ട്രീയ കക്ഷിയാണ് പീപ്പിൾസ് അലയൻസ് ഫോർ ഡമോക്രസി- തായ്ലൻഡ്
8982. മാതംഗദിവാകരൻ എന്ന ചണ്ഡാലകവിയെ പ്രോൽസാഹിപ്പിച്ച രാജാവ്- ഹർഷൻ
8983. ടിൻടിൻ കാർട്ടൂൺ കഥാപാത്രം ആദ്യം പ്രത്യക്ഷപ്പെട്ട രാജ്യം- ബെൽജിയം
8984. സാപ്തി എന്ന നികുതി സമ്പ്രദായം ആവിഷ്കരിച്ചത് - അക്ബർ
8985. ഭാരതരത്നം ജേതാക്കളിൽ ഏറ്റവും കൂടുതൽ കാലം ജീവിച്ചിരുന്നത്- ഡി.കെ.കാർവേ
8986. തങ്കശ്ശേരി ലൈറ്റ് ഹൗസ് നിർമിക്കപ്പെട്ട വർഷം- 1902
8987. സമരാത്രദിനങ്ങൾ ഏതെല്ലാം- മാർച്ച് 21, സെപ്തംബർ 23
8988. പ്രതിമാനാടകം രചിച്ചതാര്- ഭാസൻ
8989. കാർബൺ ക്രഡിറ്റ് ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു- ആഗോളതാപനം
8990. പ്രതിഹാരവംശത്തിന്റെ ശാഖ മാൾവയിൽ ഉജ്ജയിനി തലസ്ഥാനമാക്കി സ്ഥാപിച്ചത്- നാഗഭട്ടൻ ഒന്നാമൻ
8991. സർദാർ പട്ടേൽ മ്യൂസിയം എവിടെയാണ് -സൂറത്ത്
8992. കേരളത്തിലെ ദക്ഷിണകാശിയെന്നറിയപ്പെടുന്നത്- തിരുനെല്ലി
8993. സുപ്രീം കോടതിയിലെ ആദ്യത്തെ മലയാളി ജഡ്ജി- പാറക്കുളങ്ങര ഗോവിന്ദമേനോൻ
8994. കേരളത്തിൽ പുൽത്തൈല ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്നത്- ഓടക്കാലി
8995. സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ആദ്യ മുസ്ലിം- എം.ഹിദായത്തുള്ള
8996. കേരളത്തിലെ ആദ്യത്തെ റബ്ബർ പാർക്ക് സ്ഥാപിതമായ സ്ഥലം- ഐരാപുരം
8997. സാഹിത്യ പ്രവർത്തക സഹകരണസംഘം രൂപംകൊണ്ട വർഷം - 1945
8998. ചോളൻമാരാൽ പരാജിതനാക്കപ്പെട്ടതിനെത്തുടർന്ന് 1066-ൽ തുംഗഭദ്രാനദിയിൽച്ചാടി ആത്മഹത്യ ചെയ്ത ചാലൂക്യ രാജാവ്- സോമേശ്വരൻ ഒന്നാമൻ
8999. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പൊതുപണിമുടക്ക് എന്ന ആശയം ഉരുത്തിരിഞ്ഞത് ഏത് രാജ്യത്ത്- ബ്രിട്ടൺ
9001. ആമസോൺ കഴിഞ്ഞാൽ ലോകത്തെ ഏറ്റവും വലിയ ഉഷ്ണമേഖലാ മഴക്കാടുകൾ ഏത് നദീതടത്തിലാണ്- കോംഗോ
9002. ഡൽഹിയിൽ ഹിന്ദുസ്ഥാൻ ടൈംസ് എന്ന പത്രം ആരംഭിച്ച കേരളീയൻ- സർദാർ കെ.എം.പണിക്കർ
9003. സിയാൽകോട്ട് എന്ന നഗരത്തിന്റെ പഴയപേര്- ശാകല
9004. കാർത്തികതിരുനാൾ (ധർമരാജാവ്) തിരുവിതാംകൂറിൽ അധികാരത്തിൽ വന്നത് ഏത് വർഷത്തിൽ- എ.ഡി.1758
9005. കാർട്ടൂണുകളുടെ രാജാവ്- വില്യം സ്റ്റീഗ്
9006. ഒന്നാമത്തെ ബുദ്ധമതസമ്മേളനം നടന്ന സ്ഥലം- രാജഗൃഹം
9007. കാബൂൾ ആസ്ഥാനമാക്കി സ്ഥാപിച്ച സ്വതന്ത്ര ഭാരത സർക്കാരിൽ വിദേശകാര്യവകുപ്പുമന്ത്രിയായി സേവനമനുഷ്ഠിച്ച തിരുവനന്തപുരത്തുകാരൻ- ചെമ്പകരാമൻ പിള്ള
9008. സമയത്തിന്റെ എസ്.ഐ.യൂണിറ്റ്- സെക്കന്റ്
9009. ക്വിറ്റിന്ത്യാസമരവിളംബരം നടന്ന മൈതാനം- ബോംബെയിലെ ഗോവാലിയ ടാങ്ക്(ഇപ്പോൾ ഓഗസ്ത് ക്രാന്തി മൈതാനം)
9010. സയാം എന്നറിയപ്പെട്ടിരുന്ന രാജ്യം-തായ്ലൻഡ്
9011. തമിഴ്നാട്ടിൽ ഉപ്പു സത്യാഗ്രഹത്തിന്റെ(1930) വേദി-വേദാരണ്യം കടപ്പുറം
9012. ബുദ്ധമത രാജ്യങ്ങളുള്ള ഏക വൻകര-ഏഷ്യ
9013. സിക്കുകാരുടെ സൈനിക സംഘടനയായ ഖൽസയ്ക്കു രൂപം നൽകിയത്- ഗോവിന്ദ് സിങ്
9014. സംസ്ഥാനത്ത് അറ്റോർണി ജനറലിനു സമാനമായ പദവി- അഡ്വക്കേറ്റ് ജനറൽ
9015. പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്-ചാൾസ് ഡാർവിൻ
9016. ബുദ്ധന്റെ മാതാവ്- മഹാമായ
9017. പാല സാമ്രാജ്യം നിലനിന്നിരുന്ന പ്രദേശം- ബംഗാൾ
9018. ഭരണഘടനയുടെ 73ാം ഭേദഗതി എത്രാമത്തെ ഭാഗത്താണ് (പാർട്ട്) ഉൾപ്പെടുത്തിയിരിക്കുന്നത്- 9
9019. ലോകത്താദ്യമായി മുസ്ലിം വനിത അധികാരത്തിൽവന്ന രാജ്യം - പാകിസ്താൻ
9020. പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ ഇ.സി.ജി. സുദർശൻ ജനിച്ച സംസ്ഥാനം- കേരളം
9021. കാത്തലിക് സിറിയൻ ബാങ്കിന്റെ ആസ്ഥാനം- തൃശ്ശൂർ
9022. മലയാളിയായ ലക്ഷ്മി എൻ മേനോൻ കേന്ദ്രമന്ത്രിയായിരുന്നു. ഏത് സംസ്ഥാനത്തുനിന്നാണ് അവർ പാർലമെന്റിലെത്തിയത്- ബീഹാർ
9023. ജോർജ് അഞ്ചാമൻ രാജാവിന്റെ ഇന്ത്യൻ സന്ദർശനസമയത്ത് വൈസ്രോയി- ഹാർഡിഞ്ച് പ്രഭു
9024. കാന്റർ ബറി ടെയ്ൽസ് രചിച്ചത്- ജോഫ്രി ചൗസർ
9025. ഒന്നാമത്തെ പഴശ്ശിവിപ്ലവം ഏത് വർഷത്തിൽ- എ.ഡി.1793-97
9026. വൾക്കനൈസേഷൻ നടത്തുമ്പോൾ റബ്ബറിൽ ചേർക്കുന്നത്- ഗന്ധകം (സൾഫർ)
9027. ലാൽ ബാഗ് എവിടെയാണ്- ബാംഗ്ലൂർ
9028. ലാൽബഹദൂർ ശാസ്ത്രി ഫുട്ബോൾ സ്റ്റേഡിയം ആന്ധ്രാപ്രദേശിൽ എവിടെയാണ് ഹൈദരാബാദ്
9029. ലോക്സഭയിൽ ഏറ്റവും കൂടുതൽ സീറ്റുകൾനേടി അധികാരത്തിലേറിയ നേതാവ്- -രാജീവ്ഗാന്ധി
9030. പ്രാചീനകാലത്ത് അക്സിനി എന്നറിയപ്പെട്ടിരുന്ന നദി- ചിനാബ്
9031. ലോക് നായക് ജയപ്രകാശ് നാരായൺ വിമാനത്താവളം എവിടെയാണ്- പാറ്റ്ന
9032. നൊബേൽ സമ്മാനം ഏർപ്പെടുത്തിയ ആൽഫ്രഡ് നൊബേൽ ഏതു രാജ്യക്കാരനായിരുന്നു- സ്വീഡൻ
9033. സുതന്തിര പെരുമൈ എന്ന കവിതാ സമാഹാരം രചിച്ചത്- സുബ്രമണ്യ ഭാരതി
9034. ഗുലിസ്ഥാൻ കൊട്ടാരം ഏതു രാജ്യത്താണ്- ഇറാൻ
9035. സിംഹാസനാരോഹണം ചെയ്തപ്പോൾ ഔറംഗസീബ് സ്വീകരിച്ച പേര്- ആലംഗീർ (ലോകം കീഴടക്കിയയാൾ)
9036. വിജയനഗരത്തിന്റെ വാട്ടർലൂ എന്നറിയപ്പെടുന്ന യുദ്ധം- തളിക്കോട്ട യുദ്ധം
9037. ലോക്സഭ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്ത ആദ്യ പ്രസിഡന്റ്- കെ.ആർ.നാരായണൻ (1998)
9038. കേരളത്തിലെ ആദ്യത്തെ റബറൈസ്ഡ് റോഡ്- കോട്ടയം- കുമളി
9039. ഗംഗ-ബ്രഹ്മപുത്ര പതിക്കുന്ന സമുദ്രം-ഇന്ത്യൻമഹാസമുദ്രം
9040. സംഘകാലകൃതികൾ രചിക്കപ്പെട്ട ഭാഷ- തമിഴ്
9041. ലോക്സഭാ ഡെപ്യൂട്ടി സ്പീക്കർ രാജിക്കത്ത് നൽകേണ്ടത്- സ്പീക്കർക്ക്
9042. വിഷൻ 2020 ഏത് സംഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു- ആസിയൻ
9043. സംസ്ഥാന പുനസ്സംഘടനാ കമ്മിഷൻ ചെയർമാൻ- ഫസൽ അലി
9044. സിൽക്ക് പാത എന്നറിയപ്പെടുന്നത്- നാഥുല ചുരം
9045. റെയിൽവേ ലൈൻ ഇല്ലാത്ത, കേരളത്തിലെ ജില്ലകൾ- ഇടുക്കി, വയനാട്
9046. കണ്ണൂരിലെ സെന്റ് ആഞ്ചലോ കോട്ട നിർമിച്ചത്- പോർച്ചുഗീസുകാർ
9047. ക്രിക്കറ്റ്, കേക്ക്, സർക്കസ് (3 സി-കൾ) ഇവയുമായി ബന്ധപ്പെടുത്തി പറയാവുന്ന കേരളത്തിലെ പ്രദേശം- തലശ്ശേരി
9048. സഞ്ചാരിയായ അൽ മസൂദിയുടെ മുഴുവൻ പേര്- അബുൽ ഹസൻ അലി അൽമാസ് ഊദി

9049. കമ്പിളിയിൽ അടങ്ങിയിരിക്കുന്ന മാംസ്യം - ആൽഫാ കെരാറ്റിൻ
9050. ഗഞ്ചിറ നിർമാണത്തിന് ഉപയോഗിക്കുന്ന ജീവി- ഉടുമ്പ്
9051. എവിടുത്തെ ചരിത്രത്തെപ്പറ്റിയാണ് രാജതരംഗിണിയിൽ പ്രതിപാദിക്കുന്നത്- കശ്മീർ
9052. 1905-ൽ സ്വീഡനിൽനിന്ന് വേർപെട്ട രാജ്യം-നോർവേ
9053. വിക്ടോറിയാ വെള്ളച്ചാട്ടം കണ്ടെത്തിയത്- ഡേവിഡ് ലിവിങ്സ്റ്റൺ
9054. സസ്യഭുക്കുകൾക്ക് ഏറ്റവും സമ്പന്നമായ മാംസ്യ സ്രോതസ്സ്- സോയാബീൻ
9055. വിശ്വാസപ്രമേയത്തിൽ പരാജയപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി- വി.പി.സിങ്
9056. മൊറാർജിയുടെ അന്ത്യവിശ്രമ സ്ഥലം- അഭയ്ഘട്ട് (അഹമ്മദാബാദ്)
9057. ഇന്ത്യയെ കണ്ടെത്തൽ(1946),ഒരച്ഛൻ മകൾക്കയച്ച കത്തുകൾ എന്നിവ രചിച്ചത്- ജവാഹർലാൽ നെഹ്റു
9058. മൊണാലിസ എന്ന പെയിന്റിങ് ഇപ്പോൾ സൂക്ഷിച്ചിരിക്കുന്ന ലൂവ്ര് മ്യൂസിയം എവിടെയാണ്- പാരീസ്
9059. വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങൾ- ധന്വന്തരി,ക്ഷപണകൻ,അമരസിഹൻ,ശങ്കു,വേതാളഭട്ടി,ഘടകർപ്പരൻ, കാളിദാസൻ,വരാഹമിഹിരൻ,വരരുചി
9060. റെനെ ദക്കാർത്തെയുമായി ബന്ധപ്പെട്ട ദാർശനിക പ്രസ്ഥാനം- സ്കെപ്റ്റിസിസം
9061. എല്ലാ വോട്ടർമാർക്കും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്ത ആദ്യ സംസ്ഥാനം- ഹരിയാന
9062. ഭൂമിയിൽ ജീവൻ നിലനിൽക്കുന്ന ഭാഗം- ബയോസ്ഫിയർ
9063. വിശ്വനാഥൻ ആനന്ദ് ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു- ചെസ്
9064. കേരളത്തിൽ മധ്യതടം ഏറ്റവും കുറവുള്ള ജില്ല- ഇടുക്കി
9065. മഹാത്മാഗാന്ധി കേരളത്തിലെ ഒരു ആദിവാസി വിഭാഗത്തെക്കുറിച്ച് ഒരു ലേഖനം യങ് ഇന്ത്യയിൽ എഴുതിയിട്ടുണ്ട്. ഏത് വിഭാഗത്തെക്കുറിച്ച്- നായാടികൾ
9066. കേരളത്തിൽ ഒരു റെയിൽവേ സ്റ്റേഷൻ മാത്രമുള്ള ജില്ല- പത്തനംതിട്ട
9067. ബുദ്ധനും ബുദ്ധധർമവും എഴുതിയതാര്- അംബേദ്കർ
9068. കേരളത്തിൽ കൃഷിചെയ്യുന്ന ഔഷധഗുണമുള്ള നെല്ലിനം- നവര
9069. ബ്രിട്ടിഷുകാരും ഫ്രഞ്ചുകാരും ഇന്ത്യൻ മണ്ണിൽനടന്ന സംഘർഷത്തിന് ഏത് സന്ധി പ്രകാരമാണ് തിരശ്ശീല വീണത്- പാരിസ്
9070. ജലമണ്ഡലത്തിലെ ഏറ്റവും വലിയ ഘടകം- പസഫിക് സമുദ്രം
9071. നോത്രഡാം കത്തീഡ്രൽ ഏത് രാജ്യത്ത്- ഫ്രാൻസ്
9072. സമുദ്രഗുപ്തനെ ഇന്ത്യൻ നെപ്പോളിയൻ എന്നു വിശേഷിപ്പിച്ചത്- വിൻസെന്റ് എ.സ്മിത്ത്
9073. കേരളത്തിൽ നാഫ്ത ഉപയോഗിച്ചു പ്രവർത്തിക്കുന്ന ആദ്യ താപനിലയം-കായംകുളം
9074. ജപ്പാന്റെ പിറ്റ്സ്ബർഗ് എന്നറിയപ്പെടുന്ന നഗരം- യുവാട്ട
9075. കേരള സോപ്സ് എവിടെയാണ് - കോഴിക്കോട്
9076. തോറ്റംപാട്ടുകളുടെ അടിസ്ഥാനമായ സംഘകാല കൃതി- ചിലപ്പതികാരം
9077. തിരുവിതാംകൂറിൽ കൃഷി വകുപ്പ് ആരംഭിച്ചത് ഏത് രാജാവിന്റെ കാലത്താണ്- ശ്രീമൂലം തിരുനാൾ
9078. തുണിത്തരങ്ങളുമായി ബന്ധപ്പെട്ട കാലിക്കോ ടെക്സ്റ്റൈൽ മ്യൂസിയം എവിടെയാണ്- അഹമ്മദാബദ്
9079. സിൽക്കു വ്യവസായത്തിനു പ്രസിദ്ധമായ തമിഴ്നാട്ടിലെ സ്ഥലം- കാഞ്ചീപുരം
11681. ഏത് മലയാള സാഹിത്യകാരന്റെ കൃതികളാണ് ഡോ.ആഷർ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി ആഗോളതലത്തിൽ ശ്രദ്ധേയമാക്കിയത് -വൈക്കം മുഹമ്മദ് ബഷീർ
11682. ഏത് വിഷയത്തിലാണ് വിൻസ്റ്റൺ ചർച്ചിൽ നൊബേൽ സമ്മാനം നേടിയത്-സാഹിത്യം
11683. വാഗൺ ട്രാജഡിയുടെ സമയത്ത് വൈസ്രോയി-റീഡിങ് പ്രഭു
11684. ഏത് തരം ദർപ്പണമാണ് ദന്തഡോക്ടർമാർ ഉപയോഗിക്കുന്നത്- കോൺകേവ് മിറർ
11685. വനിത ഏത് ഗ്രൂപ്പിന്റെ പ്രസിദ്ധീകരണമാണ് - മലയാള മനോരമ
11686. ഓഗസ്റ്റ് ഓഫർ മുന്നോട്ടുവച്ച വൈസ്രോയി -ലിൻലിത്ഗോ പ്രഭു
11687. ഏത് വിഷയത്തിലാണ് ഫീൽഡ്സ് മെഡൽ നൽകുന്നത്-ഗണിതം
11688. ഏത് വിഷയത്തിലാണ് അലക്സാണ്ടർ ഫ്ളെമിംഗിന് നൊബേൽ സമ്മാനം ലഭിച്ചത്-വൈദ്യശാസ്ത്രം
11689. ഡോൺ ബ്രാഡ്മാൻ ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു-ക്രിക്കറ്റ്
11690. 'ഞാൻ മുട്ടുകുത്തിനിന്നുകൊണ്ട് അങ്ങയോട് അപ്പം ചോദിച്ചു. എന്നാൽ കല്ലാണ് അങ്ങ് എറിഞ്ഞുതന്നത്'- ഏത് വൈസ്രോയിയെ ഉദ്ദേശിച്ചാണ് ഗാന്ധിജി ഇതു പറഞ്ഞത്-ഇർവിൻ പ്രഭു
11691. വാഗ്ഭടാനന്ദഗുരുദേവൻ ആത്മവിദ്യാസംഘം എന്ന സംഘടനയ്ക്ക് രൂപംനൽകിയ വർഷം-1915
11692. ഓസ്കർ അവാർഡ് ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു - സിനിമ
11693. വാഹനങ്ങളുടെ ഹെഡ്ലൈറ്റിൽ ഉപയോഗിക്കുന്നത് ഏത് തരം മിററാണ്-കോൺകേവ് മിറർ
11694. ഏത് ലോഹത്തിന്റെ അയിരാണ് കാൽസൈറ്റ് -കാൽസ്യം
11695. ഓരോരുത്തർക്കും അവരുടെ ആവശ്യത്തിനനുസരിച്ച് ഓരോരുത്തർക്കും അവരുടെ കഴിവിനനുസരിച്ച്-എന്ന ആശയത്തിന്റെ ഉപജ്ഞാതാവാര്-കാൾ മാർക്സ്
11696. വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിൽ ഏറ്റവും പ്രഗല്ഭനാര് - കാളിദാസൻ
11697. വിദ്യാഭ്യാസ രംഗം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി 1882ൽ ഹണ്ടർ കമീഷനെ ഏർപ്പെടുത്തിയ വൈസ്രോയി-റിപ്പൺ പ്രഭു
11698. ഇന്ത്യാചരിത്രത്തിൽ മോർണിംഗ്ടൺ പ്രഭു എന്നുമറിയപ്പെടുന്ന ഗവർണർ ജനറൽ- വെല്ലസ്ലി പ്രഭു
11699. കൻഹ നാഷണൽ പാർക്ക് ഏത് നദിക്ക് സമീപമാണ് -നർമദ
11700. കവി, നോവലിസ്റ്റ് , ഉപന്യാസകാരൻ എന്നീ നിലകളിലും പ്രഗല്ഭനായിരുന്ന വൈസ്രോയി- ലിട്ടൺ
11701. സൈമൺ കമ്മിഷൻ ഇന്ത്യയിൽവന്നത്- ദ്വിഭരണസംവിധാനത്തെ വിലയിരുത്താൻ
11702. തെക്കേ ഇന്ത്യയുടെ സിംഹം എന്നറിയപ്പെട്ട നേതാവ്- സി.വീരരാഘവാചാര്യർ
11703. ലക്ഷ്മികാന്ത് ബേസ് ബറുവ ഏത് ഭാഷയിലെ എഴുത്തുകാരനായിരുന്നു- ആസാമീസ്
11704. മദ്രാസ് ലേബർ യൂണിയന്റെ സ്ഥാപകൻ- ബി.പി.വാഡിയ
11705. ഈസ്റ്റിന്ത്യാക്കമ്പനി രൂപംകൊള്ളുമ്പോൾ ഇംഗ്ലണ്ട് ഭരിച്ചിരുന്ന രാജവംശം- സ്റ്റുവർട്ട്
11706. 1877-ൽ, സിവിൽ സർവീസ് പരീക്ഷ എഴുതാനുള്ള പ്രായം 21-ൽ നിന്ന് എത്ര വയസ്സായിട്ടാണ് കുറച്ചത്- ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബ്രിട്ടീഷ് കമ്മിറ്റി രൂപംകൊണ്ട വർഷം- 1889
11707. ഇന്ത്യാ വിഭജനം ഒഴിവാക്കുന്നതിന് ജിന്നയ്ക്ക് പ്രധാനമന്ത്രിപദം വാഗ്ദാനം ചെയ്യാൻ മൗണ്ട്ബാറ്റൻ പ്രഭുവിനെ പ്രേരിപ്പിച്ച നേതാവ്- മഹാത്മാഗാന്ധി
11708. കെഎസ്എ മുദ്രയുള്ള സ്റ്റാമ്പ് ഏത് രാജ്യത്തേതാണ്- സൗദി അറേബ്യ
11709. വിശ്രുത സംഗീതജ്ഞൻ അംജദ് അലിഖാൻ ജനിച്ച സ്ഥലം-ഗ്വാളിയോർ
11710. ഏത് ജനകീയ സമരമാണ് 1942-ൽ നടന്നത്-ക്വിറ്റിന്ത്യാസമരം
11711. വിരൂപാക്ഷ ക്ഷേത്രം എവിടെയാണ്-ഹംപി
11712. സ്വാതന്ത്ര്യസമരത്തിനായി പോരാടിയ കാരണത്താൽ ഇന്ത്യൻ സർവകലാശാല ബിരുദം തിരിച്ചെടുത്ത ആദ്യ ഭാരതീയൻ (1911)വി.ഡി.സവാർക്കർ
11713. പെലെ ഏതു കായികവിനോദത്തിലെ പ്രശസ്തനാണ് - ഫുട്ബോൾ
11714. 1928ലെ കൊൽക്കത്ത കോൺഗ്രസ് സമ്മേളനത്തിൽ അധ്യക്ഷൻ- മോത്തിലാൽ നെഹ്റു
11715. സ്റ്റേറ്റ് ഗ്രേറ്റ് ഖുറൽ ഏത് രാജ്യത്തെ നിയമനിർമാണസഭയാണ്-മംഗോളിയ
11716. വിശ്വഭാരതി സർവകലാശാല സ്ഥാപിതമായ വർഷം-1921
11717. ഏതു വംശത്തിലെ ഭരണാധികാരിയാണ് ആലി രാജ എന്നറിയപ്പെട്ടിരുന്നത്-അറയ്ക്കൽ
11718. ഇന്ത്യയുടെ മതപരമായ തലസ്ഥാനം എന്നറിയപ്പെടുന്നത്-വാരാണസി
11719. ഓവൽ ഏത് കായിക മത്സരത്തിനാണ് പ്രസിദ്ധം-ക്രിക്കറ്റ്
11720. കൽക്കട്ടയിൽ സുപ്രീം കോടതി സ്ഥാപിക്കുമ്പോൾ ഗവർണർ ജനറലായിരുന്നത്-വാറൻ ഹേസ്റ്റിംഗ്സ്
11721. ജോർജ് ബെർണാഡ് ഷാ ഏത് രാജ്യക്കാരനാണ്- അയർലൻഡ്
11722. ഗ്രാമ്പുവിന്റെ ദ്വീപ് എന്നറിയപ്പെടുന്ന രാജ്യം-മഡഗാസ്കർ
11723. ഏത് മലയാള സാഹിത്യകാരന്റെ ജന്മശതാബ്ദിയാണ് 2008-ൽ ആഘോഷിച്ചത്-വൈക്കം മുഹമ്മദ് ബഷീർ
11724. ഓപ്പറേഷൻ ബ്ലൂസ്റ്റാർ (1984) ഏത് നഗരത്തിലാണ് നടന്നത് -അമൃത്സർ
11725. വിശ്വവിഖ്യാതമായ മൂക്ക് എന്ന കഥ എഴുതിയതാര്-വൈക്കം മുഹമ്മദ് ബഷീർ
11726. ആൻഡമാൻ ജയിൽ ജീവിതത്തെ അടിസ്ഥാനമാക്കി 'കാലാപാനി' എന്ന നോവൽ രചിച്ചതാര്- വി.ഡി.സവാർക്കർ
11727. ഗാന്ധിജിയുടെ ദണ്ഡിയാത്ര സമയത്ത് ആരായിരുന്നു വൈസ്രോയി-ഇർവിൻ പ്രഭു

11728. നാറ്റോ എന്ന സംഘടനയിലെ അംഗരാജ്യങ്ങളിൽ സ്ഥിരം സൈന്യം ഇല്ലാത്ത ഏക രാജ്യം-ഐസ്‌ലാൻഡ്
11729. ബീഹാറും ഒറീസയും ബംഗാളിൽനിന്ന് വേർപ്പെടുത്തി പ്രത്യേക സംസ്ഥാനമാക്കിയ വൈസ്രോയി-ഹാർഡിഞ്ച് പ്രഭു
11730. വില്ലേജ് ഭരണ സംവിധാനത്തിന് പ്രസിദ്ധമായ തെക്കേ ഇന്ത്യൻ രാജവംശം-ചോളൻമാർ
11731. ഏതു സ്വരൂപത്തിന്റെ ആസ്ഥാനമായിരുന്നു മരുതൂർകുളങ്ങര-കരുനാഗപ്പള്ളി
11732. കനകംമൂലം കാമിനിമൂലം..... എന്ന വരികൾ ആരുടേതാണ്-കുഞ്ചൻ നമ്പ്യാർ
11733. ഏതിന്റെ സസ്യശാസ്ത്രനാമമാണ് ഹിബിസ്കസ് റോസാ സൈനൻസിസ് -ചെമ്പരത്തി
11734. ടിബറ്റൻ ബുദ്ധിസത്തിന്റെ പ്രമുഖ ആത്മീയ നേതാവ്-ദലൈലാമ
11735. ജനഗണമനയെ ഇന്ത്യയുടെ ദേശീയ ഗാനമായി അംഗീകരിച്ച വർഷം-1950
11736. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് ഗുരുവായൂർ ക്ഷേത്രത്തിലെ വിഗ്രഹം സൂക്ഷിച്ചിരുന്നത് എവിടെയായിരുന്നു
11737. ചെമ്പകശ്ശേരി രാജ്യത്തിന്റെ തലസ്ഥാനമായിരുന്നത്-അമ്പലപ്പുഴ
11738. ചെറുപ്പകാലത്ത് കുഞ്ചൻ നമ്പ്യാർ ഏത് രാജാവിന്റെ ആശ്രിതനായിരുന്നു -അമ്പലപ്പുഴ
11739. ജാലിയൻവാലാബാഗ് കൂട്ടക്കൊല (1919 ഏപ്രിൽ 13)നടന്ന നഗരം-അമൃത്‌സർ
11740. ജിനൻ എന്നറിയപ്പെട്ടതാര്-മഹാവീരൻ
11741. ചെറുപ്പകാലങ്ങളിലുള്ളശീലം മറക്കുമോ മാനുഷനുള്ള കാലം എന്നു പാടിയത്-കുഞ്ചൻ നമ്പ്യാർ
11742. ചെറുകോൽപ്പുഴ ഹിന്ദുമത സമ്മേളനം നടക്കുന്നത് ഏത് നദിയുടെ തീരത്താണ്-പമ്പ
11743. ടീ ബോർഡിന്റെ ആസ്ഥാനം- കൊൽക്കത്ത
11744. ഏതിന്റെ തോടിലാണ് അനാകാർഡിക് ആസിഡ് അടങ്ങിയിരിക്കുന്നത്-കശുവണ്ടി
11745. വിയറ്റ്നാമിന്റെ ദേശീയ പുഷ്പം-താമര
11746. ഏത് ചരിത്രവ്യക്തിത്വത്തെ അവതരിപ്പിച്ചതിനാണ് മെറിൽ സ്ട്രീപ്പിന് ഓസ്കർ ലഭിച്ചത്- മാർഗരറ്റ് താച്ചർ
11747. ഏത് സ്ഥാപനമാണ് ലൈഫ് ലൈൻ എക്സ്പ്രസ് ആവിഷ്കരിച്ചത് - ഇന്ത്യൻ റെയിൽവേയ്സ്
11748. ഏത് ജനകീയ സമരത്തിനു മുന്നോടിയായിട്ടാണ് ബ്രിട്ടീഷ് ഇന്ത്യയിലെ സർക്കാർ, പ്രധാന കോൺഗ്രസ് നേതാക്കളെ മുൻകരുതലെന്നോളം തടവിലാക്കിയത്-ക്വിറ്റിന്ത്യാസമരം
11749. ഏത് ആഴ്ചപ്പതിപ്പിലാണ് പ്രശസ്തമായ, ബോബനും മോളിയും എന്ന കാർട്ടൂൺ സ്ട്രിപ്പ് നാലു പതിറ്റാണ്ടോളം പ്രസിദ്ധീകരിച്ചത്-മലയാള മനോരമ
11750. ഏത് ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിട്ടാണ് എംടി വാസുദേവൻ നായർ ദീർഘകാലം സേവനമനുഷ്ഠിച്ചത്-മാതൃഭൂമി
11751. ഏത് ആക്ട് പ്രകാരമാണ് ഏഡൻ എന്ന പ്രദേശത്തിന്റെ ഭരണനിയന്ത്രണം ബ്രിട്ടീഷിന്ത്യയുടെ പരിധിയിൽനിന്ന് മാറ്റിയത്-1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട്
11752. കനിഷ്കന്റെ, തലയില്ലാത്ത പ്രതിമ സൂക്ഷിച്ചിരിക്കുന്നത് ഏത് മ്യൂസിയത്തിലാണ്-മഥുര
11753. ഏത് രാജ്യത്തിന്റെ നാണയമാണ് ക്വാൻസ-അംഗോള
11754. കൽക്കട്ട മദ്രസയുടെ സ്ഥാപകൻ-വാറൻ ഹേസ്റ്റിംഗ്സ്
11755. കപ്പ എന്ന പേരിൽ വിനോദ ചാനൽ ആരംഭിച്ചത്-മാതൃഭൂമി
11756. കണ്ണകിയുടെ കോപാഗ്നിയിൽ എരിഞ്ഞടങ്ങിയ നഗരം-മധുര
11757. ഏത് പത്രത്തിന്റെ ആഭിമുഖ്യത്തിലാണ് അഖില കേരള ബാലജനസഖ്യം രൂപവത്കരിച്ചത്- മലയാള മനോരമ
11758. കണ്ണിന്റെ ആരോഗ്യത്തിന് അത്യന്താപേക്ഷിതമായ വിറ്റാമിനേതാണ്-വിറ്റാമിൻ എ
11759. കണ്ണൂർ ജില്ലയിലെ ഏത് താലൂക്കിലാണ് പഴശ്ശി സമരങ്ങളുടെ വേദിയായിരുന്ന പുരളിമല-തലശ്ശേരി
11760. ഏത് രാജ്യത്താണ് മൊംബാസ തുറമുഖം-കെനിയ
11761. കന്നുകാലികൾ, കുതിര തുടങ്ങിയ സസ്യഭുക്കുകളുടെ ഉദരത്തിൽ വസിച്ച് സെല്ലുലോസിനെ ദഹിപ്പിക്കാൻ സഹായകമായ സൂക്ഷ്മജീവി -ബാക്ടീരിയ
11762. ബ്രിട്ടീഷിന്ത്യയുടെ നിയന്ത്രണം ഈസ്റ്റിന്ത്യാക്കമ്പനിയിൽനിന്ന് ബ്രിട്ടീഷ് മൊണാർക്ക് ഏറ്റെടുത്തത് ഏത് ഭരണാധികാരിയുടെ കാലത്താണ് -കാനിംഗ് പ്രഭു
11763. ഗാന്ധിജിയുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ സിലബസ് തയ്യാറാക്കാനുള്ള സമിതിയുടെ അദ്ധ്യക്ഷനായി നിയോഗിക്കപ്പെട്ട (1937) നേതാവ്-ഡോ. സക്കീർ ഹുസൈൻ
11764. വിക്ടോറിയ മഹാറാണി അന്തരിച്ചപ്പോൾ (1901) വൈസ്രോയിയായിരുന്നത്-കഴ്സൺ പ്രഭു
11765. കമ്പരാമായണം രചിക്കപ്പെട്ട ഭാഷ-തമിഴ്
11766. ഏത് രാജ്യത്തിന്റെ പതാകയിലാണ് അറാറത്ത് പർവതം ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്-അർമേനിയ
11767. മൊസാംബിക് ചാനൽ ആഫ്രിക്കൻ മെയിൻലാൻഡിനെ ഏതു രാജ്യത്ത്നിന്ന് വേർതിരിക്കുന്നു-മഡഗാസ്കർ
11768. ഡീഗോ മറഡോണയെ പ്രശസ്തനാക്കിയ കായിക വിനോദം- ഫുട്ബോൾ
11769. ഗവർണർ ജനറലിന്റെ എക്സിക്യൂട്ടീവ് കൗൺസിലിൽ നിയമകാര്യ അംഗത്തെ ഉൾപ്പെടുത്തിയത് ഏത് ഗവർണർ ജനറലിന്റെ കാലത്താണ് -വില്യം ബെന്റിക് പ്രഭു
11770. ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ കരബദ്ധരാജ്യം-മംഗോളിയ
11771. ഏത് രാജ്യത്തിന്റെ തദ്ദേശീയ നാമമാണ് ഷ്കിപെറി-അൽബേനിയ
11772. നിസ്സകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ആദ്യ നേതാവ്-സി.ആർ.ദാസ്
11773. 'ഇൽബർട്ട് ബിൽ' (1883) വിവാദകാലത്തെ വൈസ്രോയി-റിപ്പൺ പ്രഭു
11774. ഇർമ(ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ്)യുടെ സ്ഥാപകൻ-ഡോ.വർഗീസ് കുര്യൻ
11775. തുംഗഭദ്ര ഏത് നദിയുടെ പോഷകനദിയാണ് - കൃഷ്ണ
11776. ഏത് രാജ്യത്തെ നിയമനിർമാണ സഭ യുടെ ഉപരിസഭയാണ് കൗൺസിൽ ഓഫ് ദ നേഷൻ-അൽജീരിയ
11777. കർഷകശ്രീ അവാർഡ് നൽകുന്ന പത്രം- മലയാള മനോരമ
11778. കാളിദാസ അക്കാദമി എവിടെയാണ്-ഉജ്ജയിനി
11779. കർണാടക സർക്കാർ വിജയനഗർ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത് എവിടെയാണ്-ഹംപി
11780. കമ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ സ്ഥാപിതമായത് ഏത് വൈസ്രോയിയുടെ കാലത്താണ്-റീഡിങ് പ്രഭു
11781. ഏത് വൈസ്രോയിയുടെ കാലത്താണ് 1937 ഒക്ടോബർ ഒന്നിന് ഇന്ത്യയിൽ 'ഫെഡറൽ കോടതി' നിലവിൽവന്നത്-ലിൻലിത്ഗോ പ്രഭു
11782. ഏത് വൈസ്രോയിയുടെ കാലത്താണ് രാഷ്ട്രീയ സ്വയംസേവക് സംഘം സ്ഥാപിതമായത്-റീഡിങ് പ്രഭു
11783. ബിജു പട്നായിക് വിമാനത്താവളം എവിടെയാണ്-ഭുവനേശ്വർ
11784. കാൻ ഫെസ്റ്റിവൽ എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു -സിനിമ
11785. ഏത് പത്രത്തിന്റെ ലൈസൻസാണ് സി.പി.രാമസ്വാമി അയ്യർ കണ്ടുകെട്ടിയത്- മലയാള മനോരമ
11786. ഏത് ഭാഷയിലാണ് ബങ്കിംചന്ദ്രചാറ്റർജി ദുർഗേശനന്ദിനി രചിച്ചത് -ബംഗാളി
11787. കാൽപനികനായ പോരാളി എന്നു വിശേഷിപ്പിക്കപ്പെട്ടതാര്-പൃഥ്വിരാജ് ചൗഹാൻ
11788. കരികാലൻ ഏതു വംശത്തിലെ രാജാവായിരുന്നു-ചോളൻമാർ
11789. ഏത് രാജ്യത്തെ നാണയമാണ് ബിർ-എത്യോപ്യ
11790. കരീബിയൻ കമ്യൂണിറ്റി എന്ന സംഘടനയുടെ സെക്രട്ടേറിയറ്റ് ഏത് രാജ്യത്താണ്-ഗയാന
11791. ശരീരത്തിലെ പിഎച്ച് മൂല്യം ക്രമീകരിക്കാൻ സഹായിക്കുന്ന അവയവം-വൃക്ക
11792. കരുണ ചെയ്‌വാനെന്തുതാമസം കൃഷ്ണ എന്ന ഭക്തിഗാനം രചിച്ചതാര്- ഇരയിമ്മൻ തമ്പി
11793. ഏത് വൈസ്രോയിയുടെ കാലത്താണ് 1935 ഏപ്രിൽ ഒന്നിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ രൂപംകൊണ്ടത്-വില്ലിങ്ടൺ പ്രഭു
11794. കലക്കത്തു കുഞ്ചൻ നമ്പ്യാർ ചെറുപ്പകാലം ചെലവഴിച്ചതെവിടെയാണ്-അമ്പലപ്പുഴ
11795. മധ്യപ്രദേശിന്റെയും ഗുജറാത്തിന്റെയും അതിർത്തിയിലൂടെ ഒഴുകുന്ന നദി-നർമദ
11796. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന ഭാഷ -ഹിന്ദി
11797. ബ്രിട്ടീഷിന്ത്യയിലെ രാജിവച്ച ആദ്യ ഗവർണർ ജനറൽ-വാറൻ ഹേസ്റ്റിംഗ്സ്
11798. 1919ലെ അമൃത്സർ കോൺഗ്രസ് സമ്മേളനത്തിൽ അധ്യക്ഷൻ-മോത്തിലാൽ നെഹ്റു
11799. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹാൻമാരായ സാഹിത്യകാരൻമാരിൽ ഒരാളായ ജെയിംസ് ജോയ്സിന്റെ രാജ്യം- അയർലൻഡ്
11800. ഏതു മതത്തിന്റെ വിശുദ്ധഗ്രന്ഥമാണ് ഏറ്റവും കൂടുതൽ ഭാഷക

ളിൽ അച്ചടിക്കപ്പെട്ടിട്ടുള്ളത്-ക്രിസ്തുമതം
11801. കഴുകന്റെ നാട് എന്നറിയപ്പെടുന്ന രാജ്യം-അൽബേനിയ
11802. കവിരാജമാർഗം രചിച്ചതാര്-അമോഘവർഷൻ
11803. ഏതു മതക്കാരുടെ വിശുദ്ധ ഗ്രന്ഥമാണ് ഖുറാൻ-ഇസ്ലാം മതം
11804. കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തിന്റെ മൂലകഥ സ്വീകരിച്ചിരിക്കുന്നത് ഏതിൽനിന്നാണ്- മഹാഭാരതം
11805. ഏറ്റവും കൂടുതൽ പ്രചാരമുള്ള മലയാള പത്രം- മലയാള മനോരമ
11806. ഏതു മതത്തിന്റെ വിശുദ്ധഗ്രന്ഥമാണ് ബൈബിൾ-ക്രിസ്തുമതം
11807. കാപ്പിയുടെ ജന്മദേശം-എത്യോപ്യ
11808. കാലാവസ്ഥാ വ്യതിയാന വകുപ്പ് നിലവിൽവന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം- ഗുജറാത്ത്
11809. കാളിദാസ ഫെസ്റ്റിവൽ നടക്കുന്നത് എവിടെവച്ചാണ്-ഉജ്ജയിനി
11810. ഒരു കേന്ദ്രഭരണ പ്രദേശത്തിന്റെ ഭരണനിർവഹണം എപ്രകാരമായിരിക്കണം എന്നു തീരുമാനിക്കാനുള്ള അധികാരം ആർക്കാണ്-പാർലമെന്റ്
11811. കരകാട്ടം എന്ന ഉത്സവം നടക്കുന്ന സംസ്ഥാനം- തമിഴ്നാട്
11812. കലാ-സാംസ്കാരിക രംഗത്തെ ശ്രദ്ധേയമായ മികവിന് കേരള സർക്കാർ നൽകുന്ന പുരസ്കാരത്തിന് ആരുടെ പേരാണ് നൽകിയിരിക്കുന്നത്-രാജാ രവിവർമ
11813. കല്യാണസൗഗന്ധികം രചിച്ചതാര്-കുഞ്ചൻ നമ്പ്യാർ
11814. ഏതു മതത്തിന്റെ വിഭാഗമാണ് റോമൻ കത്തോലിക്കർ-ക്രിസ്തുമതം
11815. ജെ.സി. ഡാനിയേൽ അവാർഡ് ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു-സിനിമ
11816. ബ്രിട്ടന്റെ കഷ്ടകാലം ഇന്ത്യയുടെ അവസരം എന്ന പ്രസ്താവന ഏത് നേതാവിന്റെതാണ്- സുഭാഷ് ചന്ദ്രബോസ്
11817. ഭരണഘടനാനിർമാണസഭയുടെ അംഗങ്ങൾ ഭരണഘടയിൽ ഒപ്പിട്ട തീയതി- 1950 ജനുവരി 24
11818. പാകിസ്താൻ ഭരണഘടനാനിർമാണസഭയുടെ അധ്യക്ഷൻ- ജിന്ന
11819. പ്ലാസി യുദ്ധത്തിൽ സിറാജ് ഉദ് ദൗളയ്ക്ക് പിന്തുണ നൽകിയ യൂറോപ്യൻ ശക്തി- ഫ്രഞ്ച്
11820. ബംഗാളിലെ ദ്വിഭരണ സംവിധാനത്തിന്റെ ഉപജ്ഞാതാവ്- റോബർട്ട് ക്ലൈവ്
11821. സേലത്തെ മാമ്പഴം എന്നറിയപ്പെട്ടത്- സി.രാജഗോപാലചാരി
11822. 1923 ൽ മദ്രാസിൽ ലേബർ കിസാൻ പാർട്ടി ഓഫ് ഹിന്ദുസ്ഥാൻ സ്ഥാപിച്ചത്- ശിങ്കാരവേലു ചെട്ടിയാർ
11823. ഇന്ത്യയിൽ ഇംഗ്ലീഷുകാർക്ക് പരമാധികാരം ലഭിച്ചആദ്യ പ്രദേശം- ബോംബെ ദ്വീപ്
11824. 1929-ൽ ബിഹാർ പ്രൊവിൻഷ്യൽ കിസാൻ സഭ സ്ഥാപിച്ചത്- സ്വാമി സഹജാനന്ദ് സരസ്വതി
11825. ടാഗോറിന് നൊബേൽ സമ്മാനം ഏത് വിഷയത്തിലാണ് കിട്ടിയത്-സാഹിത്യം
11826. ഇന്ത്യയിൽ ഗവർണർ ജനറലായി നിയമിതനായ ആദ്യ പ്രഭുകുടുംബാംഗം- കോൺവാലിസ്
11827. 1764 ഒക്ടോബർ 22-ന് ഇന്ത്യാചരിത്രത്തിലെ പ്രധാന്യം- ബക്സർ യുദ്ധം
11828. ചെറിയ മെക്ക എന്നറിയപ്പെടുന്നത്- പൊന്നാനി
11829. നൈൽ കഴിഞ്ഞാൽ ആഫ്രിക്കയിലെ ഏറ്റവും നീളംകൂടിയ നദി -കോംഗോ
11830. ജിബ്രാൾട്ടർ കടലിടുക്കിന് സമീപം സ്ഥിതിചെയ്യുന്ന ആഫ്രിക്കൻ രാജ്യം-മൊറോക്കോ
11831. ജീവശാസ്ത്രമേഖലയിൽ മികവു തെളിയിച്ചവരെ അംഗീകരിക്കുന്നതിന് പൊതുവേ നൊബേൽ സമ്മാനം നൽകുന്നത് ഏത് വിഷയത്തിലാണ് -വൈദ്യശാസ്ത്രം
11832. പൈറനീസ് പർവത നിരകൾ ഏത് വൻകരയിലാണ്- യൂറോപ്പ്
11833. ജമ്മു കശ്മീരിലെ പ്രധാന മതം-ഇസ്ലാം മതം
11834. ജനകീയ ചൈനാ റിപ്പബ്ലിക്കിന്റെ സ്ഥാപകൻ-മാവോ സേതുങ്
11835. ജലദൗർലഭ്യംകാരണം 1585-ൽ അക്ബർ ചക്രവർത്തി ഉപേക്ഷിച്ച തലസ്ഥാന നഗരം-ഫത്തേപൂർ സിക്രി
11836. 1790-ൽ ടിപ്പുവിനെതിരെ രൂപംകൊണ്ട ത്രികക്ഷിസഖ്യത്തിൽ ഉൾപ്പെട്ടവർ- ഇംഗ്ലീഷുകാർ, മറാത്തർ,നിസാം
11837. അമേരിക്കയിലെ ഏത് സർവകലാശാലയിൽനിന്നാണ് ബി.ആർ.അംബേദ്കർ പി.എച്ച്.ഡി. ബിരുദം സമ്പാദിച്ചത്- കൊളംബിയ
11838. ഏതു മതത്തിന്റെ വിഭാഗമാണ് ആംഗ്ലിക്കാനിസം-ക്രിസ്തുമതം
11839. ഒറീസയുടെ നീതിന്യായ തലസ്ഥാനം-കട്ടക്
11840. ഏത് വിഷയത്തിലെ പുരസ്കാരമാണ് ഓറഞ്ച് പ്രൈസ്-സാഹിത്യം
11841. ഏത് രാജ്യത്തിന്റെ തലസ്ഥാനമാണ് റെയ്ക്ജാവിക്-ഐസ്ലാൻഡ്
11842. ഇന്ത്യയുടെ ആത്മീയ തലസ്ഥാനം എന്നറിയപ്പെടുന്നത്-വാരാണസി
11843. ഏതു കളിയുമായി ബന്ധപ്പെട്ട പദമാണ് സില്ലി പോയിന്റ്-ക്രിക്കറ്റ്
11844. 1857-ലെ കലാപത്തെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരമെന്ന് വിശേഷിപ്പിച്ച ഭാരതീയ നേതാവ് -വി.ഡി.സവാർക്കർ
11845. ഏത് വിഷയത്തിലെ ആദ്യ നൊബേൽ ജേതാവാണ് എമിൽ ജെന്നിംഗ്സ്-വൈദ്യശാസ്ത്രം
11846. ഏത് കലാരൂപത്തെയാണ് വള്ളത്തോൾ നാരായണമേനോൻ പുനരുദ്ധരിച്ചത്-കഥകളി
11847. കാവേരിതടവും അതിനടുത്തുള്ള പ്രദേശങ്ങളും ഉൾപ്പെട്ട രാജ്യം ഭരിച്ച രാജവംശം-ചോളൻമാർ
11848. കാതറിൻ സ്കോട്ട് ബിഷപ്പ്, ഹെർബർട്ട് എം.ഇവാൻസ് എന്നിവർ കണ്ടെത്തിയ വിറ്റാമിൻ ഏതാണ്-വിറ്റാമിൻ ഇ
11849. ഓംകാരേശ്വർ ദ്വീപ് ഏത് നദിയിലാണ് -നർമദ
11850. നെപ്പോളിയനെ വാട്ടർലൂ യുദ്ധത്തിൽ തോൽപിച്ച ആർതർ വെല്ലസ്ലിയുടെ സഹോദരനായിരുന്ന ഗവർണർ ജനറൽ- വെല്ലസ്ലി പ്രഭു
11851. എട്ടാമത്തെ വൻകര എന്ന് വിളിക്കപ്പെടുന്ന രാജ്യം-മഡഗാസ്കർ
11852. 1858-ലെ വിക്ടോറിയ മഹാറാണിയുടെ വിളംബര സമയത്തെ വൈസ്രോയി -കാനിംഗ് പ്രഭു
11853. ഇന്ത്യയുടെ ഭാവിഭരണഘടനയെ സംബന്ധിച്ച് 'നെഹ്റു റിപ്പോർട്ട്' തയ്യാറാക്കിയതാര്-മോത്തിലാൽ നെഹ്റു
11854. കാതറിൻ ദ ഗ്രേറ്റ് ഭരിച്ചിരുന്ന രാജ്യം- റഷ്യ
11855. കിരീടധാരണത്തിനുമുമ്പ് എരേയ എന്നറിയപ്പെട്ടിരുന്ന ചാലൂക്യ രാജാവ്-പുലകേശി രണ്ടാമൻ
11856. ഒറീസയുടെ മില്ലേനിയം നഗരം എന്നറിയപ്പെടുന്നത്-കട്ടക്
11857. ഒളിമ്പിക്സിന്റെ ചരിത്രത്തിൽ ഒരിനത്തിൽ ഏറ്റവും കൂടുതൽ സ്വർണമെഡൽ നേടിയ ടീം ഇന്ത്യയാണ്. ഏതാണാ ഇനം-ഹോക്കി
11858. കാളിദാസന്റെ മേഘദൂതത്തിൽ പരാമർശിതമായ നഗരം-ഉജ്ജയിനി
11859. ശാസ്ത്രജ്ഞനായ ലാവോസിയർ വധിക്കപ്പെട്ടത് ഏത് വിപ്ലവകാലത്താണ്-ഫ്രഞ്ചുവിപ്ലവം
11860. ശിലാതൈലം എന്നറിയപ്പെടുന്നത് -പെട്രോളിയം
11861. ശിലയെ ആരാധിച്ചാൽ ദൈവത്തെ കാണാമെങ്കിൽ ഞാൻ പർവതത്തെ ആരാധിക്കും- എന്നു പറഞ്ഞതാര്- കബീർ
11862. ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിറ്റിയുടെ ആസ്ഥാനം-അമൃത്സർ
11863. കിം എന്ന കൃതി രചിച്ചതാര്-റുഡ്യാർഡ് കിപ്ലിംഗ്
11864. കീചകനെ കൊന്നതാര്-ഭീമൻ
11865. കുങ്കുമം കഴിഞ്ഞാൽ ഏറ്റവും വില പിടിപ്പുള്ള സുഗന്ധ വ്യഞ്ജനം-വാനില
11866. ഏത് രാജ്യത്തെ കമ്പനിയാണ് എൽജി-ദക്ഷിണ കൊറിയ
11867. കനഡയിലെ പ്രവിശ്യയായ ക്യൂബക്കിലെ ഭാഷ-ഫ്രഞ്ച്
11868. ഏതു ഭാഷയിലെ സാഹിത്യകാരനാണ് ജയശങ്കർ പ്രസാദ് -ഹിന്ദി
11869. ശങ്കരദേവൻ ഏത് പ്രദേശത്ത് ജീവിച്ചിരുന്ന സാമൂഹിക പരിഷ്കർത്താവാണ്-ആസാം
11870. കുഞ്ചൻ നമ്പ്യാർ ഉപയോഗിച്ചിരുന്ന മിഴാവ് ഏതു ക്ഷേത്രത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്-അമ്പലപ്പുഴ
11871. ഏതു രാജ്യത്തെ വിമാന സർവീസാണ് മാലെവ്- ഹംഗറി
11872. കവികുലഗുരു എന്നറിയപ്പെടുന്നതാര് - കാളിദാസൻ
11873. റെനിൻ എന്ന ഹോർമോൺ ഉൽപാദിപ്പിക്കുന്നത്-വൃക്ക
11874. എന്തിനെതിരെ പ്രതിഷേധിക്കാനാണ് ഭഗത് സിംഗും ബി.കെ.ദത്തും സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ളിയിൽ 1929 ഏപ്രിൽ എട്ടിന് ബോംബെറിഞ്ഞത്- പബ്ലിക് സേഫ്റ്റി ബിൽ പാസാക്കുന്നതിന് എതിരെ പ്രതിഷേധിക്കാൻ
11875. റെഡ് ഷർട്ട്സ് എന്ന പ്രസ്ഥാനം ആരംഭിച്ചത്-ഖാൻ അബ്ദുൾ ഗാഫർ ഖാൻ
11876. ഹൈന്ദവ ഇതിഹാസങ്ങൾ രചിക്കപ്പെട്ട ഭാഷ-സംസ്കൃതം
11877. ടെന്നീസ് കോർട്ട് പ്രതിജ്ഞ ഏതു വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു-ഫ്രഞ്ചുവിപ്ലവം
11878. മൈ ലാൻഡ് ആന്റ് മൈ പീപ്പിൾ എന്ന പുസ്തകം രചിച്ചതാര്-ദലൈലാമ

11879. കൂർഗിനെ ബ്രിട്ടീഷ ഇന്ത്യയോട് ചേർക്കുമ്പോൾ ഗവർണർ ജനറലായിരുന്നത്- വില്യം ബെന്റിക്
11880. 1925-ൽ കമ്യൂണിസ്റ്റ് പാർട്ടി രൂപവത്കരിക്കാൻ ചേർന്ന കാൺപൂർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്- ശിങ്കാരവേലു ചെട്ടിയാർ
11881. സി.ആർ.ദാസ് ഏത് നഗരത്തിലാണ് മേയറായത്- കൊൽക്കത്ത
11882. ഇന്ത്യൻ മുസ്ലിംലീഗിന്റെ മുഖപത്രം- സ്റ്റാർ ഓഫ് ഇന്ത്യ
11883. വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ച മലയാള സാഹിത്യകാരൻ- -വൈക്കം മുഹമ്മദ് ബഷീർ
11884. ചൈനാ റോസ് എന്നറിയപ്പെടുന്നത്-ചെമ്പരത്തി
11885. കനൗജിലെ ജയചന്ദ്രരാജാവിന്റെ മകൾ സന്യോഗിതയെ പരിണയിച്ച ചൗഹാൻ രാജാവ്-പൃഥ്വിരാജ് ചൗഹാൻ
11886. കൂനൻകുരിശ്ശുകലാപത്തിന്റെ പ്രധാനവേദി-മട്ടാഞ്ചേരി
11887. ഏറ്റവും കൂടുതൽ പ്ലാറ്റ്ഫോമുകളുള്ള കേരളത്തിലെ റെയിൽവേ സ്റ്റേഷൻ-ഷൊർണൂർ
11888. ഏതു രാജ്യം മാർത്താണ്ഡവർമ കീഴടക്കിയപ്പൊഴാണ് കുഞ്ചൻ നമ്പ്യാർ, മാർത്താണ്ഡവർമയുടെ ആശ്രിതനായത്-അമ്പലപ്പുഴ
11889. കുർക്കുമിൻ എന്ന രാസപദാർഥം നിറം നൽകുന്ന സുഗന്ധവ്യഞ്ജനം-മഞ്ഞൾ
11890. കുരുക്ഷേത്രയുദ്ധം തുടങ്ങുന്നതിനുമുമ്പ് അർജുനന് ശ്രീകൃഷ്ണൻ നൽകുന്ന ഉപദേശം അറിയപ്പെടുന്ന പേര്-ഭഗവത്ഗീത
11891. ഇന്ത്യയിലെ പൊലീസ് സേനയ്ക്ക് അടിസ്ഥാനമിട്ട ഗവർണർ ജനറൽ-കോൺവാലിസ് പ്രഭു
11892. 1921-ൽ ചൈനയിൽനിന്ന് സ്വാതന്ത്ര്യം നേടിയ രാജ്യം-മംഗോളിയ
11893. ഉപ്പുസത്യഗ്രഹ സമരം അവസാനിപ്പിക്കാൻ ഗാന്ധിജിയും ഏത് വൈസ്രോയിയുമാണ് കരാറിലേർപ്പെട്ടത്-ഇർവിൻ പ്രഭു
11894. എഡ്വേർഡ് ഏഴാമൻ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ വൈസ്രോയിയായിരുന്നത്-കഴ്സൺ പ്രഭു
11895. വിദേശികൾ കർനാപ്പൊളി എന്നു വിളിച്ചിരുന്ന നാട്ടുരാജ്യം-കരുനാഗപ്പള്ളി
11896. ഏതു രാജ്യത്തെ കമ്പനിയാണ് സാംസങ്-ദക്ഷിണ കൊറിയ
11897. വിംബിൾഡൺ ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു-ടെന്നീസ്
11898. ഏറ്റവും കൂടുതൽ ഇരുമ്പ് അടങ്ങിയ സുഗന്ധന്യഞ്ജനം -മഞ്ഞൾ
11899. കവികളിൽ രാജകുമാരൻ എന്നറിയപ്പെടുന്നതാര്- കാളിദാസൻ
11900. ശബരിമല ഏത് നദിയുടെ സമീപത്താണ്-പമ്പ
11901. വടക്കൻ കേരളത്തിലെ ആദ്യത്തെ അച്ചുകൂടം സ്ഥാപിച്ച സ്ഥലമേത്-തലശ്ശേരി
11902. വടക്കേ അമേരിക്കൻ വൻകരയിലെ എല്ലാ രാജ്യങ്ങളിലെയും മതം ഏതാണ-ക്രിസ്തുമതം
11903. കൂനൻ കുരിശു പ്രതിജ്ഞയുമായി (1653) ബന്ധപ്പെട്ട മതം -ക്രിസ്തുമതം
11904. വീഞ്ഞ് നിർമാണത്തിന് സഹായകമായ സൂക്ഷ്മജീവി-ബാക്ടീരിയ
11905. ശകുന്തളയുടെ പ്രേമവീക്ഷണം എന്ന പെയിന്റിംഗ് വരച്ചതാര്-രാജാ രവിവർമ
11906. കൂമ്പടപ്പ് രോഗം ഏത് വിളയെയാണ് ബാധിക്കുന്നത്-വാഴ
11907. കക്കോറി ട്രയിൻ കൊള്ള (1925 ആഗസ്ത് 9)യുടെ വാർഷികത്തിൽ ആരംഭിച്ച ബഹുജനസമരമേത്-ക്വിറ്റിന്ത്യാസമരം
11908. കരോട്ടിനുകളിൽ അടങ്ങിയിട്ടുള്ള വിറ്റാമിൻ ഏതാണ്-വിറ്റാമിൻ എ
11909. കംപ്യൂട്ടർ പ്രോഗ്രാമിംഗിന് അനുയോജ്യമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇന്ത്യൻ ഭാഷ-സംസ്കൃതം
11910. ക്വിറ്റിന്ത്യാസമരം ആരംഭിച്ചപ്പോൾ വൈസ്രോയിയായിരുന്നത്-ലിൻലിത്ഗോ പ്രഭു
11911. ഖണ്ഡഗിരി തീർഥാടന കേന്ദ്രം ഏത് സംസ്ഥാനത്താണ്- ഒറീസ
11912. ഷാജി എൻ കരുൺ സംവിധാനം ചെയ്ത അതിജീവനത്തിന്റെ കനൽവഴികൾ എന്ന സിനിമ ആരുടെ ജീവിതം പ്രമേയമാക്കിയുള്ളതാണ്- എ.കെ.ഗോപാലൻ
11913. ഗംഗാദ്വാര എന്ന് പ്രാചീനകാലത്ത് അറിയപ്പെട്ടിരുന്ന നഗരം-ഹരിദ്വാർ
11914. സാമ്പത്തിക നൊബേൽ ലഭിച്ച ആദ്യ ഏഷ്യക്കാരൻ-അമർത്യാ സെൻ
11915. 1948-ൽ ഗാന്ധിവധത്തിൽ പങ്കുണ്ടെന്ന സംശയത്തിൽ അറസ്റ്റു ചെയ്ത് ജയിലിലടച്ചെങ്കിലും വിചാരണയ്ക്കൊടുവിൽ കുറ്റക്കാരനല്ലെന്നുകണ്ട് വെറുതെ വിട്ടതാരെയാണ്-വി.ഡി.സവാർക്കർ
11916. ഐ.എം.വിജയനെ ശ്രദ്ധേയനാക്കിയ കായിക വിനോദം- ഫുട്ബോൾ
11917. 1912ൽ ഡൽഹിയിലെ ചാന്ദ്നി ചൗക്കിൽവച്ച് നടന്ന വധശ്രമം അതിജീവിച്ച വൈസ്രോയി-ഹാർഡിഞ്ച് പ്രഭു
11918. 1923-ൽ ഇന്ത്യയിലെ ആദ്യത്തെ പാർട്ടി പത്രമായ 'ഫോർവേഡ്' ദിനപത്രം ആരംഭിച്ചതാര്-സി.ആർ.ദാസ്
11919. യൂറോപ്പിലെ ഏറ്റവും വലിയ മൂന്നാമത്തെ ദ്വീപ്- അയർലൻഡ്
11920. ഓൾഡ് ട്രഫോർഡ് ഏത് കായിക മത്സരത്തിനാണ് പ്രസിദ്ധം-ക്രിക്കറ്റ്
11921. സത്താറ നഗരം ഏത് നദിയുടെ തീരത്താണ്- കൃഷ്ണ
11922. സാമൂതിരി തിരുനാവായ പിടിച്ചടക്കുംവരെ മാമാങ്കത്തിന്റെ അധ്യക്ഷൻ എവിടുത്തെ രാജാവായിരുന്നു-വള്ളുവനാട്
11923. ഗാന്ധാരി ഏത് കൃതിയിലെ കഥാപാത്രമാണ് - മഹാഭാരതം
11924. സത്യം, സമത്വം, സ്വാതന്ത്ര്യം എന്ന മുഖവാക്യമുള്ള പത്രം-മാതൃഭൂമി
11925. ഷിയ, സുന്നി എന്നിവ ഏതു മതത്തിന്റെ വിഭാഗങ്ങളാണ്-ഇസ്ലാം മതം
11926. ഖുദായി ഖിത്മത്ഗാർ എന്ന സംഘടന സ്ഥാപിച്ചത്-ഖാൻ അബ്ദുൾ ഗാഫർ ഖാൻ
11927. ഷൂ ഫ്ളവർ എന്നറിയപ്പെടുന്നത്-ചെമ്പരത്തി
11928. സപ്തർഷി ആശ്രമം എവിടെയാണ് -ഹരിദ്വാർ
11929. ജൈനമത സ്ഥാപകനായ ആദിനാഥന്റെ ജന്മസ്ഥലമായ തീർഥാടന കേന്ദ്രം- അയോധ്യ
11930. ടൈം മാഗസിന്റെ കവറിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ ഇന്ത്യൻ നേതാവ്- മഹാത്മാഗാന്ധി (1930)
11931. തെയിൻ ഡാം അഥവാ രഞ്ജിത് സാഗർ അണക്കെട്ട് ഏത് നദിയിലാണ്-രവി നദി
11932. കേരളത്തിൽ ആദ്യമായി തുള്ളൽ അരങ്ങേറിയത് എവിടെയാണ് -അമ്പലപ്പുഴ
11933. കൊച്ചി മെട്രോയുടെ വടക്കുഭാഗത്തെ ആദ്യ സ്റ്റേഷൻ-ആലുവ
11934. ചൈനീസ് ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജിവച്ച കേന്ദ്ര പ്രതിരോധ മന്ത്രി-വി.കെ. കൃഷ്ണമേനോൻ
11935. ജാനറ്റ് ജഗൻ ഏത് രാജ്യത്തെ ആദ്യവനിതാ പ്രസിഡന്റാണ് (1997)-ഗയാന
11936. ഫൈറ്റോമെനാഡിയോൺ എന്ന രാസനാമത്തിലും അറിയപ്പെടുന്ന വിറ്റാമിൻ-വിറ്റാമിൻ കെ
11937. ബോളിവുഡ് എന്തിനാണ് പ്രസിദ്ധം -സിനിമ
11938. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ഡിക്കി ബേഡ് പ്ലാൻ തയ്യാറാക്കിയത്- മൗണ്ട്ബാറ്റൺ പ്രഭു
11939. ബെർലിനിൽ ഫ്രീ ഇന്ത്യ സെന്റർ സ്ഥാപിച്ചത്-സുഭാഷ് ചന്ദ്രബോസ്
11940. സ്വന്തമായി നിയമനിർമാണസഭ ഇല്ലാത്ത കേന്ദ്രഭരണപ്രദേശങ്ങളിലെ നിയമങ്ങൾക്ക് അംഗീകാരം നൽകുന്നത് ആരാണ്-പാർലമെന്റ്
11941. സ്വന്തമായി വലവിരിച്ച് ഇരയെ പിടിക്കുന്ന ജീവി-ചിലന്തി
11942. സ്വയം പരാഗണം സാധ്യമല്ലാത്ത സുഗന്ധവ്യഞ്ജനം-വാനില
11943. ഗാന്ധിജിയുടെ രക്തംപുരണ്ട മണ്ണ് കേരളത്തിൽ ഏത് പത്രത്തിന്റെ ഓഫീസിലാണ് സൂക്ഷിച്ചിരിക്കുന്നത്-മാതൃഭൂമി
11944. സുൽത്താൻ അസ്ലാൻ ഷാ കപ്പ് ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു-ഹോക്കി
11945. സുരിനാം കഴിഞ്ഞാൽ ഏറ്റവും ജനസംഖ്യ കുറഞ്ഞ തെക്കേ അമേരിക്കൻ രാഷ്ട്രമേത -ഗയാന
11946. സത്യമേവ ജയതേ ഏതു ഭാഷയിലെ വാക്യമാണ്-സംസ്കൃതം
11947. സ്വാതന്ത്രലബ്ധിക്കുശേഷം നടന്ന കോൺഗ്രസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ജവാഹർലാൽ നെഹ്രുവിന്റെ പിന്തുണയോടെ തിരഞ്ഞെടുക്കപ്പെട്ടതാര് -പട്ടാഭി സീതാരാമയ്യ
11948. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഏറ്റവും ശക്തനായ രണ്ടാമത്ത വ്യക്തിയായി ടൈം മാഗസിൻ തിരഞ്ഞെടുത്ത മലയാളി-വി.കെ. കൃഷ്ണമേനോൻ
11949. സിദ്ധാന്ത ശിരോമണി ഏത് വിഷയത്തിലെ പുസ്തകമാണ്-ഗണിതം
11950. ഗംഗാ കനാൽ ശൃംഖല ആരംഭിക്കുന്നതെവിടെയാണ് -ഹരിദ്വാർ
11951. സരസ്വതി മഹൽ ലൈബ്രറി എവിടെയാണ്-തഞ്ചാവൂർ
11952. ഗിർനാർ തീർഥാടന കേന്ദ്രം ഏത് സംസ്ഥാനത്താണ്- ഗുജറാത്ത്
11953. സിറ്റി ഓഫ് സ്റ്റുഡന്റ്സ് എന്നറിയപ്പെടുന്നത്-മോസ്കോ
11954. മഹാത്മാഗാന്ധിയുടെ ദണ്ഡിയാത്രയെ ശ്രീരാമന്റെ ലങ്കയിലേക്കുള്ള പ്രയാണത്തോട് താരതമ്യപ്പെടുത്തിയതാര്-മോത്തിലാൽ നെ

ഹ്രു
11955. കലിംഗ സ്റ്റേഡിയം എവിടെയാണ്-ഭുവനേശ്വർ
11956. ഇന്ത്യയിലെ രണ്ടാമത്തെ ബ്രിട്ടീഷ് ഗവർണർ ജനറൽ-കോൺവാലിസ് പ്രഭു
11957. 1772-ൽ ജില്ലാ കളക്ടറുടെ പദവി സൃഷ്ടിച്ചതാര്-വാറൻ ഹേസ്റ്റിംഗ്സ്
11958. ഹൈന്ദവരുടെ ഏഴ് പുണ്യനഗരങ്ങളിൽ ഏറ്റവും പ്രമുഖം-വാരാണസി
11959. ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ ഭാഷ -ഹിന്ദി
11960. മലഗാസി റിപ്പബ്ലിക്ക് ഏതു രാജ്യത്തിന്റെ പഴയപേരാണ് -മഡഗാസ്കർ
11961. സി വി കുഞ്ഞുരാമന്റെ നേതൃത്വത്തിൽ മൂലൂർ എസ് പത്മനാഭപ്പണിക്കർ പത്രാധിപരായി കൊല്ലത്തിനടുത്ത് മയ്യനാട്ടുനിന്നും 'കേരളകൗമുദി' വാരികയായി ആരംഭിച്ച വർഷം-1911
11962. സൺഷൈൻ വിറ്റാമിൻ എന്നറിയപ്പെടുന്നത് ഏതാണ്-വിറ്റാമിൻ ഡി
11963. സി.വി. രാമൻപിള്ളയുടെ 'ധർമരാജാ' പ്രസിദ്ധീകരിച്ച വർഷം-1913
11964. കാളിദാസൻ രചന നടത്തിയിരുന്ന ഭാഷ-സംസ്കൃതം
11965. സിനിമയിൽ ഒരു സെക്കന്റിൽ എത്ര ഫ്രെയിമുകളാണ് കടന്നുപോകുന്നത്-24
11966. സിരിമാവോ-ശാസ്ത്രി ഉടമ്പടി (1964) പ്രകാരം ശ്രീലങ്കയിൽനിന്ന് മടങ്ങിവന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് സ്ഥാപിതമായ സ്ഥലം-പുനലൂർ
11967. സിഖുമതത്തിന്റെ ആത്മീയ-സാംസ്കാരിക കേന്ദ്രം എന്നു വിശേഷിപ്പിക്കപ്പെടുന്ന നഗരം-അമൃത്സർ
11968. സിന്ധുവിന്റെ പ്രധാന പോഷകനദികളിൽ ഹിമാചൽ പ്രദേശിലെ ചംബാ ജില്ലയിൽ ഉദ്ഭവിക്കുന്നത് ഏതാണ്-രവി നദി
11969. സിംഹള സിംഹം എന്നു വിശേഷിപ്പിക്കപ്പെട്ട നേതാവാര്-സി.കേശവൻ
11970. ഗീതോപനിഷത്ത് എന്നറിയപ്പെടുന്ന ഗ്രന്ഥമേത്-ഭഗവത്ഗീത
11971. സുബ്രമണ്യഭാരതി ഏത് ഭാഷയിലെ കവിയായിരുന്നു-തമിഴ്
11972. കംപ്രസ്ഡ് നാച്ചുറൽ ഗ്യാസിലെ പ്രധാന ഘടകം-മീഥേയ്ൻ
11973. കഥകളിയുടെ ജന്മദേശം എന്ന് വിശേഷിപ്പിക്കപ്പെടുന്നത്- കൊട്ടാരക്കര
11974. സംസ്കാരത്തിന്റെ പ്രതീകമായി കരുതപ്പെടുന്ന പുഷ്പം-താമര
11975. സംസ്ഥാന സ്വയംഭരണം നിലവിൽ വരുത്തുന്നതിന് 1937 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ തിരഞ്ഞെടുപ്പുനടന്നപ്പോൾ ആരായിരുന്നു വൈസ്രോയി-ലിൻലിത്ഗോ പ്രഭു
11976. സ്വദേശാഭിമാനി കെ രാമകൃഷ്ണപിള്ള കണ്ണൂരിൽ അന്തരിച്ച വർഷം-1916
11977. സ്വദേശി പ്രസ്ഥാനത്തിന്റെ പ്രതീകമായിരുന്നത്- ചർക്ക
11978. സൈനിക സ്കൂളുകൾ എന്ന ആശയത്തിന്റെ ഉപജ്ഞാതാവായ പ്രതിരോധ മന്ത്രി-വി.കെ. കൃഷ്ണമേനോൻ
11979. ഹൈഡ്രജൻ കഴിഞ്ഞാൽ ഏറ്റവും ഭാരം കുറഞ്ഞ മൂലകം-ഹീലിയം
11980. മെക്കയും മദീനയും ഏത് മതക്കാരുടെ വിശുദ്ധസ്ഥലങ്ങളാണ് - ഇസ്ലാം മതം
11981. മെഡുല്ല ഒബ്ലാംഗേറ്റ ഏതവയവത്തിന്റെ ഭാഗമാണ്-മസ്തിഷ്കം
11982. കൊച്ചിയിലെ മാർത്താണ്ഡവർമ എന്നു വിശേഷിപ്പിക്കപ്പെടുന്നത്- ശക്തൻ തമ്പുരാൻ
11983. തെയിൽസ് ഏത് മേഖലയിലെ പ്രഗല്ഭനാണ് -ഗണിതം
11984. തെക്കേ അമേരിക്കയിൽ ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ഹിന്ദുക്കളുള്ള രാജ്യമേത്-ഗയാന
11985. ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാനുള്ള തീയതി 1948 ജൂണിൽനിന്ന് 1947 ഓഗസ്തിലേക്ക് മാറ്റിയത് ആരുടെ ഏറ്റവും വിവാദ തീരുമാനമായിരുന്നത്- മൗണ്ട്ബാറ്റൺ പ്രഭു
11986. സെൻട്രൽ ലജിസ്ലേറ്റീവ് അസംബ്ലിയിൽ 26 വർഷം അംഗമായിരിക്കുകയും അതിന്റെ പിതാവ് എന്ന് അറിയപ്പെടുകയും ചെയ്ത നേതാവ്-എൻ.എം. ജോഷി
11987. കേരളത്തിൽ മുഖ്യമന്ത്രി സ്ഥാനത്തെത്തിയ ഏക പ്രദേശിക പാർട്ടി നേതാവാണ് സി.എച്ച്. മുഹമ്മദ് കോയ. പാർട്ടിയേത്-മുസ്ലിം ലീഗ്
11988. മോസ്കവ നദീതീരത്തുള്ള പ്രധാന റഷ്യൻ നഗരമേത്-മോസ്കോ
11989. സ്വദേശി പ്രസ്ഥാനത്തിന്റെ പ്രവർത്തകനായിരുന്ന വാഞ്ചി അയ്യർ എന്ന യുവ വിപ്ലവകാരി തിരുനെൽവേലി ജില്ലാ കലക്ടറായിരുന്ന റോബർട്ട് വില്യം ആഷിനെ വെടിവച്ചുകൊലപ്പെടുത്തിയ വർഷം-1911
11990. സ്വതന്ത്ര ഇന്ത്യ ഏതിനത്തിലാണ് ആദ്യത്തെ ഒളിമ്പിക് മെഡൽ നേടിയത്-ഹോക്കി
11991. സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായ ജാതി സെൻസസ് നടന്ന വർഷം-2012
11992. ലോകത്തെ രണ്ടാമത്തെ കമ്യൂണിസ്റ്റ് രാജ്യം-മംഗോളിയ
11993. ഏത് വൈസ്രോയിയുടെ കാലത്താണ് ഇന്ത്യയിലെ ആദ്യത്തെ റഗുലർ സെൻസസ് നടന്നത് (1881)-റിപ്പൺ പ്രഭു
11994. 'അഭിനവഭാരത്' എന്ന വിപ്ലവ പ്രസ്ഥാനം ആരംഭിച്ചത് -വി.ഡി.സവാർക്കർ
11995. ഇന്ത്യയുടെ രണ്ടാമത്തെ ഉപരാഷ്ട്രപതി (1962-67)-ഡോ. സക്കീർ ഹുസൈൻ
11996. യൂറോപ്പിലെ ഏറ്റവും വലിയ രണ്ടാമത്തെ ദ്വീപ്-ഐസ്ലാൻഡ്
11997. ഏത് നദിയുടെ പോഷകനദിയാണ് താവ-നർമദ
11998. കോൺഗ്രസിനെ സമാധാനപരമായ മരണത്തിന് സഹായിക്കുമെന്ന് പ്രഖ്യാപിച്ച വൈസ്രോയി-കഴ്സൺ പ്രഭു
11999. ക്യാപ്റ്റൻ രൂപ്സിംഗ് സ്റ്റേഡിയം എവിടെയാണ്-ഗ്വാളിയോർ
12000. സ്ത്രീകൾക്ക് വോട്ടവകാശം നൽകിയ ആദ്യത്തെ ആഫ്രിക്കൻ രാജ്യമേത്-കെനിയ
12001. സാമുവൽ ലങ്ഹോൺ ക്ലമൻസ് ഏതു പേരിലാണ് പ്രസിദ്ധനായത്-മാർക്ക് ട്വയിൻ
12002. കംപ്യൂട്ടറിന്റെ സെൻട്രൽ പ്രോസസിംഗ് യൂണിറ്റിനെ മനുഷ്യശരീരത്തിലെ ഏത് അവയവുമായിട്ടാണ് താരതമ്യപ്പെടുത്താറുള്ളത് -മസ്തിഷ്കം
12003. ഗാന്ധിജി മാതാവിനെപ്പോലെ കണക്കാക്കിയ ഗ്രന്ഥമേത്-ഭഗവത്ഗീത
12004. സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ കോൺഗ്രസ് പ്രസിഡന്റ്- രാജീവ് ഗാന്ധി(40)
12005. സാമുവൽ ടെയ്ലർ കോളറിഡ്ജുമായിച്ചേർന്ന് ലിറിക്കൽ ബലാഡ്സ് രചിച്ചതാര്-വില്യം വേഡ്സ്വർത്ത്
12006. ഗാന്ധി സിനിമയിൽ ദിൽഷേർ സിങ് ആരുടെ വേഷമാണ് അഭിനയിച്ചത് -ഖാൻ അബ്ദുൾ ഗാഫർ ഖാൻ
12007. സരസ്വതി സമ്മാനം നൽകുന്നത് ഏത് മേഖലയിലാണ്-സാഹിത്യം
12008. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം- മുംബൈ

പരിശീലന ചോദ്യപേപ്പർ 1

1. പദവിയിലിരിക്കെ പ്രസിഡന്റ് അന്തരിച്ചാൽ കാലാവധിയുടെ ശേഷിച്ച കാലത്തേക്ക് വൈസ് പ്രസിഡന്റ് ആ പദവി വഹിക്കാൻ വ്യവസ്ഥയുള്ള രാജ്യം:
(എ) യു.എസ്.എ. (ബി) ഫ്രാൻസ്
(സി) ഇന്ത്യ (ഡി) ശ്രീലങ്ക
2. മനുഷ്യശരീരത്തിലെ ഏറ്റവും നീളം കൂടിയ പേശിയേത്?
(എ) സ്റ്റേപ്പിഡിയസ് (ബി) സാർട്ടോറിയസ്
(സി) ഫീമർ (ഡി) ഗ്ലൂട്ടിയസ്
3. 'ചുവന്ന രക്താണുക്കളുടെ ശവപ്പറമ്പ്' എന്നറിയപ്പെടുന്ന ശരീരഭാഗം:
(എ) വൃക്ക (ബി) സ്പ്ലീൻ (സി) കരൾ (ഡി) ആമാശയം
4. 'ഫെഡറൽ' ഭരണസംവിധാനമുള്ള രാജ്യത്തിന്റെ ഏറ്റവും വലിയ സവിശേഷത:
(എ) ഭരണഘടനയുണ്ടായിരിക്കും
(ബി) രാഷ്ട്രത്തലവനുണ്ടായിരിക്കും (സി) അധികാരവിഭജനം
(ഡി) സുപ്രീംകോടതിയുണ്ടായിരിക്കും
5. 'എവിടെ മനസ്സ് ഭയരഹിതമാകുന്നുവോ അവിടെ ശിരസ്സ് ഉന്നതമാകും'-ആരുടെ വാക്കുകൾ?
(എ) രബീന്ദ്രനാഥ് ടാഗോർ (ബി) ഗുരു നാനാക്ക്
(സി) വിവേകാനന്ദൻ (ഡി) ഗാന്ധിജി
6. 'ഭരണഘടനയുടെ ഹൃദയവും ആത്മാവും' എന്ന് ഡോ.അംബേദ്കർ വിശേഷിപ്പിച്ച അനുച്ഛേദം ഏത്?
(എ) 19 (ബി) 32 (സി) 44 (ഡി) 40
7. 'ഭൂദാന പ്രസ്ഥാന'ത്തിന്റെ ഉപജ്ഞാതാവ്?
(എ) ജയപ്രകാശ് നാരായൺ (ബി) മഹാത്മാഗാന്ധി
(സി) വിനോബാഭാവെ (ഡി) ബാബാ ആംതെ
8. 'കൂനൻകുരിശു പ്രതിജ്ഞ' നടന്ന വർഷം:
(എ) 1643 (ബി) 1635 (സി) 1653 (ഡി) 1633
9. 'ക്യാബനിറ്റ് മിഷനെ' (1946) നയിച്ചത്:
(എ) സ്റ്റാഫോർഡ് ക്രിപ്സ് (ബി) ജോൺ സൈമൺ
(സി) എ.വി.അലക്സാണ്ടർ (ഡി) പെത്തിക് ലോറൻസ്
10. 'ക്യൂണിഫോം' എന്ന ലിപി ഉപയോഗിച്ചിരുന്ന ജനത?
(എ) സുമേരിയക്കാർ (ബി) ചൈനക്കാർ
(സി) ഇന്ത്യക്കാർ (ഡി) ഈജിപ്തുകാർ
11. ശ്രീനാരായണഗുരു അരുവിപ്പുറത്ത് ശിവലിംഗ പ്രതിഷ്ഠ നടത്തിയ വർഷം:
(എ) 1888 (ബി) 1890 സി) 1903 (ഡി) 1907
12. ഉത്തരാർധഗോളത്തിലെ ഏറ്റവും ദൈർഘ്യമേറിയ പകൽ:
(എ) മാർച്ച് 21 (ബി) ജൂൺ 21
(സി) സെപ്തംബർ 23 (ഡി) ഡിസംബർ 22
13. 'അവനവനാത്മസുഖത്തിനാചരിപ്പവയപരന്നു സുഖത്തിനായി വരേണം' ഇപ്രകാരം ഉദ്ബോധിപ്പിച്ചത്:
(എ) കുമാരനാശാൻ (ബി) ശ്രീനാരായണഗുരു
(സി) വള്ളത്തോൾ (ഡി) കുഞ്ചൻ നമ്പ്യാർ
14. 1878 ൽ പ്രസിദ്ധീകരണമാരംഭിച്ച പത്രം:
(എ) സംവാദ് കൗമുദി (ബി) യങ് ഇന്ത്യ
(സി) ദ ഹിന്ദു (ഡി) വന്ദേമാതരം
15. കെ.പി.കേശവമേനോന്റെ 'ബിലാത്തിവിശേഷം' എന്ന യാത്രാവിവരണത്തിൽ ഏതു രാജ്യത്തെക്കുറിച്ചാണ് വിവരിക്കുന്നത്?
(എ) ഫ്രാൻസ് (ബി) യു.എസ്.എ.
(സി) ജപ്പാൻ (ഡി) ബ്രിട്ടൺ
16. യൂഫ്രട്ടീസ്, ടൈഗ്രിസ് നദികൾക്കിടയിൽ വികാസം പ്രാപിച്ച സംസ്കാരമാണ്:
(എ) ഈജിപ്ഷ്യൻ സംസ്കാരം (ബി) മായൻ സംസ്കാരം
(സി) മെസൊപൊട്ടാമിയൻ സംസ്കാരം
(ഡി) ചൈനീസ് സംസ്കാരം
17. ഏറ്റവും കൂടുതൽ കാലം രാഷ്ട്രപതിസ്ഥാനമലങ്കരിച്ച വ്യക്തി:
(എ) ഡോ.രാജേന്ദ്രപ്രസാദ് (ബി) ആർ.വെങ്കട്ടരാമൻ
(സി) ഡോ.രാധാകൃഷ്ണൻ (ഡി)വി.വി.ഗിരി
18. റഷ്യയിലെ ഫെബ്രുവരി വിപ്ലവത്തെത്തുടർന്ന് നിക്കോളാസ് രണ്ടാമൻ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടപ്പോൾ താൽക്കാലിക ഗവൺമെന്റിന് നേതൃത്വം നൽകിയത്:
(എ) അലക്സാണ്ടർ കെരൺസ്കി (ബി) ലെനിൻ
(സി) ട്രോട്സ്കി (ഡി) ജോസഫ് സ്റ്റാലിൻ
19. ലാവാശിലകൾ പൊടിഞ്ഞു രൂപം കൊള്ളുന്ന മണ്ണ്:
(എ) കറുത്തമണ്ണ് (ബി) ചെമ്മണ്ണ്
(സി) ചെങ്കൽ മണ്ണ് (ഡി) ലാറ്ററൈറ്റ്
20. ലിഖിത ഭരണഘടനയുള്ള രാജ്യത്തിന് ഉദാഹരണമല്ലാത്തത് ഏത്?
(എ) ഇന്ത്യ (ബി) ഫ്രാൻസ് (സി) ജപ്പാൻ (ഡി) ബ്രിട്ടൺ
21. പൊതുതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ ഇന്ത്യൻ പൗരനാവശ്യമായ കുറഞ്ഞ പ്രായം:
(എ) 18 (ബി) 21 (സി) 25 (ഡി) 17
22. ദക്ഷിണേന്ത്യ ആക്രമിച്ച ആദ്യത്തെ മുസ്ലിം ഭരണാധികാരി:
(എ) അക്ബർ (ബി) ബാബർ
(സി) അലാവുദ്ദീൻ ഖിൽജി (ഡി) ഇൽത്തുമിഷ്
23. തിരുവനന്തപുരത്ത് ചാലക്കമ്പോളം സ്ഥാപിച്ചത്?
(എ) ചിത്തിര തിരുനാൾ (ബി) വേലുത്തമ്പി ദളവ
(സി) രാജാ കേശവദാസൻ (ഡി) വിശാഖം തിരുനാൾ
24. ഇന്ത്യയിലെ യുറേനിയം ഖനി:
(എ) ജാദുഗുഡ (ബി) ഖേത്രി (സി) കോളാർ (ഡി) ഹുട്ടി
25. 'ആധുനിക പ്ലാസ്റ്റിക് സർജറി യുടെ പിതാവ്' എന്നറിയപ്പെടുന്നത്:
(എ) ചരകൻ (ബി) ധന്വന്തരി
(സി) സുശ്രുതൻ (ഡി) അത്രേയൻ
26. അതിചാലകത കണ്ടുപിടിച്ചതാര്?
(എ) കാമർലിങ് ഓനസ് (ബി) അലക്സാണ്ടർ വോൾട്ട
(സി) ആമ്പിയർ (ഡി) ഒലോഫ് റോമർ
27. സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയ വർഷം
(എ) 1945 (ബി) 1946 (സി) 1948 (ഡി) 1956
28. ഗാന്ധിജി വിഭാവനം ചെയ്ത മാതൃകാ രാജ്യമാണ്
(എ) പഞ്ചായത്തീരാജ് (ബി) ധർമരാജ്യം
(സി) രാമരാജ്യം (ഡി) സ്വരാജ്
29. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ജീവിച്ച കാലം:
(എ) 1893-1915 (ബി) 1893-1914 (സി) 1869-1915 (ഡി) 1893-1917
30. സിന്ധുവിന്റെ പോഷകനദി ഏത്?
(എ) യമുന (ബി) കോസി (സി) ചംബൽ (ഡി) ഷയോക്
31. സൂയസ് കനാൽ ദേശസാൽക്കരിച്ച വർഷം:
(എ) 1869 (ബി) 1914 (സി) 1966 (ഡി) 1956
32. സൂര്യന്റെ നമുക്ക് കാണാൻ കഴിയുന്ന ഭാഗമാണ്------?
(എ) ക്രോമോസ്ഫിയർ (ബി) ലിത്തോസ്ഫിയർ
(സി) ഫോട്ടോസ്ഫിയർ (ഡി) ട്രോപ്പോസ്ഫിയർ
33. ഭരണഘടനാ വ്യവസ്ഥ പ്രകാരം ലോക്സഭയുടെ പരമാവധി അംഗത്വം:
(എ) 552 (ബി) 550 (സി) 540 (ഡി) 544
34. 'ബദൽ നൊബേൽ സമ്മാനം' എന്നറിയപ്പെടുന്നത്:
(എ) മഗ്സസേ അവാർഡ് (ബി) ഓസ്കർ അവാർഡ്
(സി) ഭട്നഗർ അവാർഡ് (ഡി) റൈറ്റ് ലൈവ്ലിഹുഡ് അവാർഡ്
35. 'മാതംഗലീല' ഏതു മൃഗത്തെ സംബന്ധിച്ച ഗ്രന്ഥമാണ്?
(എ) ആന (ബി) കുതിര (സി) ഒട്ടകം (ഡി) പശു
36. എബ്രഹാം ലിങ്കൺ അമേരിക്കയുടെ എത്രാമത്തെ പ്രസിഡന്റാണ്?
(എ) 15 (ബി) 16 (സി) 17 (ഡി) 18
37. ഏതെങ്കിലുമൊരു ഇന്ത്യൻ സംസ്ഥാനത്ത് ഗവർണർ പദവി വഹിച്ച ആദ്യ മലയാളി
(എ) വി.വിശ്വനാഥൻ (ബി) എ.ജെ.ജോൺ
(സി) പട്ടം താണുപിള്ള (ഡി) വി.പി.മേനോൻ
38. 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന മുദ്രാവാക്യം ഏത് സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) മലബാർ കലാപം (ബി) പുന്നപ്ര-വയലാർ
(സി) വൈക്കം സത്യാഗ്രഹം (ഡി) ഗുരുവായൂർ സത്യാഗ്രഹം
39. 'അംഗ', 'പൂർവ' എന്നിവ ഏതു മതത്തിന്റെ വിശുദ്ധ ഗ്രന്ഥമാണ്?
(എ) ബുദ്ധമതം (ബി) ജൈനമതം
(സി) പാഴ്സിമതം (ഡി) ജൂതമതം
40. 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' ഈ മുദ്രാവാക്യം ഏതു വിപ്ലവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഫ്രഞ്ചുവിപ്ലവം (ബി) അമേരിക്കൻ വിപ്ലവം
(സി) റഷ്യൻ വിപ്ലവം (ഡി) ചൈനീസ് വിപ്ലവം
41. 'യൂറോപ്പിലെ രോഗി' എന്നു വിളിക്കപ്പെട്ട രാജ്യം?
(എ) ഡെൻമാർക്ക് (ബി) സ്വിറ്റ്സർലൻഡ്

(സി) ബെൽജിയം (ഡി) തുർക്കി

42. 'രണ്ടാം ബർദോളി' എന്നറിയപ്പെട്ട കേരളത്തിലെ സ്ഥലം
(എ) കോഴിക്കോട് (ബി) പയ്യാമ്പലം
(സി) പയ്യന്നൂർ (ഡി) പിണറായി

43. വയനാട് ജില്ലയുടെ ആസ്ഥാനം:
(എ) സുൽത്താൻ ബത്തേരി (ബി) മാനന്തവാടി
(സി) കൽപ്പറ്റ (ഡി) തിരുനെല്ലി

44. ചിക്കുൻ ഗുനിയ എന്ന രോഗത്തിനു കാരണമായ അണു:
(എ) ബാക്ടീരിയ (ബി) പ്രോട്ടോസോവ
(സി) ഫംഗസ് (ഡി) വൈറസ്

45. ഒന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രാമുഖ്യം നൽകപ്പെട്ടത്:
(എ) കൃഷി (ബി) വ്യവസായം
(സി) വാർത്താവിനിമയം (ഡി) തുറമുഖവികസനം

46. 'പാകിസ്താൻ' എന്ന വാക്കിന്റെ ഉപജ്ഞാതാവ്:
(എ) മുഹമ്മദലി ജിന്ന (ബി) ഷൗക്കത്ത് അലി
(സി) റഹ്മത്ത് അലി (ഡി) സയ്യദ് അഹമ്മദ് ഖാൻ

47. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പർവതനിര:
(എ) ഹിമാലയം (ബി) ആൽപ്സ്
(സി) ആൻഡീസ് (ഡി) റോക്കീസ്

48. 'മിന്നൽ രക്ഷാചാലകം' കണ്ടുപിടിച്ചതാര്?
(എ) മൈക്കൽ ഫാരഡേ (ബി) ബഞ്ചമിൻ ഫ്രാങ്ക്ളിൻ
(സി) ജോൺ ബേർഡ് (ഡി) വില്യം ഹാർവി

49. കട്ടക് നഗരം ഏതുനദിയുടെ തീരത്താണ്?
(എ) മഹാനദി (ബി) ഗംഗ (സി) നർമ്മദ (ഡി) യമുന

50. കേരളത്തിൽ തുലാവർഷം അനുഭവപ്പെടുന്നതെപ്പോൾ?
(എ) മാർച്ച്-മെയ് (ബി) ഡിസംബർ-ഫിബ്രവരി
(സി) ഒക്ടോബർ-നവംബർ(ഡി)ജൂൺ-സെപ്തംബർ

51. ഏത് ഊഷ്മാവിലാണ് തെർമോമീറ്ററിൽ സെന്റീഗ്രേഡ് സ്കെയിലും ഫാരൻഹീറ്റ് സ്കെയിലും തുല്യമാകുന്നത്?
(എ) മൈനസ് 40 (ബി) 212 (സി) 40 (ഡി) 0

52. 'മംഗോളിസ'ത്തിന്റെ മറ്റൊരു പേര്:
(എ) ഡൗൺ സിൻഡ്രോം (ബി) ഹാൻസൺസ് രോഗം
(സി) വീൽസ് ഡിസീസ് (ഡി) സാർസ്

53. 'ഈഴവ മെമ്മോറിയലിനു' നേതൃത്വം നൽകിയത്:
(എ) സി.കേശവൻ (ബി) ഡോ.പൽപു
(സി) ടി.കെ.മാധവൻ (ഡി) വി.കെ.വേലായുധൻ

54. "ഉട്ടോപ്പിയ' രചിച്ചത്?
(എ) തോമസ് മാൻ (ബി) തോമസ് മൂർ
(സി) ഡാന്റേ (ഡി) ഫ്രാൻസിസ് ബേക്കൺ

55. 'വലിയ കുളം' അഥവാ 'ഗ്രേറ്റ്ബാത്ത്' എവിടെയാണ് കണ്ടെത്തിയത് ഏത് സ്ഥലത്താണ്?
(എ) കലിബംഗൻ (ബി) ബനവാലി
(സി) ഹാരപ്പ (ഡി) മോഹൻജൊദാരോ

56. 'വാർധാ പദ്ധതി' എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ജലസേചനം (ബി) അടിസ്ഥാനവിദ്യാഭ്യാസം
(സി) വ്യവസായം (ഡി) ദാരിദ്ര്യനിർമാർജനം

57. 'ലാപ് ടോപ് കംപ്യൂട്ടർ' കണ്ടുപിടിച്ചത്:
(എ) സിംക്ലെയർ (ബി) ചാൾസ് ബാബേജ്
(സി) അലൻ ട്യൂറിങ് (ഡി) ബിൽ ഗേറ്റ്സ്

58. 'സാർക്കോമ' ബാധിക്കുന്ന ശരീരഭാഗം:
(എ) കണ്ണ് (ബി) ചെറുകുടൽ
(സി) അസ്ഥികൾ (ഡി) മസ്തിഷ്കം

59. 'ജൈവ ഘടികാരം' എന്നറിയപ്പെടുന്ന ഗ്രന്ഥി:
(എ) തൈമസ് (ബി) അഡ്രീനൽ (സി) പീനിയൽ (ഡി) പിറ്റ്യൂറ്ററി

60. 'ദൈവം സ്നേഹിക്കുന്നവർ ചെറുപ്പത്തിലേ മരിക്കുന്നു' എന്നു പറഞ്ഞത്:
(എ) ബൈറൺ പ്രഭു (ബി) കീറ്റ്സ്
(സി) ഷെല്ലി (ഡി) റുഡ്യാർഡ് കിപ്ലിങ്

61. പമ്പാനദി ഏതു കായലിലാണ് പതിക്കുന്നത്?
എ) വേമ്പനാട് (ബി) വേളി (സി) വെള്ളായണി (ഡി) നടയറ

62. പുരാതന ഒളിമ്പിക്സിലെ ആദ്യ വിജയി:
(എ) കൊറോബസ് (ബി) ജെ.ബി.കൊണോലി
(സി) കുബർട്ടിൻ (ഡി) തിയോഡോഷ്യസ്

63. ബഹിരാകാശയാത്രികയായ ആദ്യ ഇന്ത്യൻ വംശജ:
(എ) സുനിത വില്യംസ് (ബി) ബചേന്ദ്രി പാൽ
(സി) ആരതി ഗുപ്ത (ഡി) കൽപനാ ചൗള

64. ബാബറുടെ ശവകുടീരം എവിടെയാണ്?
(എ) ലാഹോർ (ബി) ഡൽഹി
(സി) കാബൂൾ (ഡി) ഇസ്ലാമാബാദ്

65. ഭൂമിയുടെ ഏറ്റവും അടുത്തുള്ള ആകാശ ഗോളം:
(എ) ചന്ദ്രൻ (ബി) ബുധൻ (സി) സൂര്യൻ (ഡി) ശുക്രൻ

66. 'മലബാർ കലാപ'കാലത്ത് ഭരണാധികാരിയായി അവരോധിക്കപ്പെട്ടത്
(എ) മുഹമ്മദ് (ബി) അബ്ദുൾ സത്താർ
(സി) ആലി മുസലിയാർ (ഡി) കുഞ്ഞാലി

67. റബ്ബറുൽപാദനത്തിൽ ഒന്നാം സ്ഥാനമുള്ള ജില്ല:
(എ) ഇടുക്കി (ബി) പാലക്കാട്
(സി) കൊല്ലം (ഡി) കോട്ടയം

68. വിജ്ഞാനത്തിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്ന പക്ഷി:
(എ) മൂങ്ങ (ബി) പ്രാവ് (സി) കാക്ക (ഡി) പെൻഗിൻ

69. സമ്പൂർണ സാക്ഷരത കൈവരിച്ച ഇന്ത്യയിലെ ആദ്യ ജില്ല:
(എ) എറണാകുളം (ബി) കോട്ടയം
(സി) ദക്ഷിണ കാനറ (ഡി) അജ്മീർ

70. ഗാന്ധി സമാധാന സമ്മാനത്തിന് ആദ്യമായി അർഹനായത്:
(എ) ജൂലിയസ് നെരേരെ (ബി) ബാബാ ആംതെ
(സി) എ.ടി.അരിയരത്നെ (ഡി) നെൽസൺ മണ്ടേല

71. 'പച്ച ഗ്രഹം' എന്നറിയപ്പെടുന്നത്:
(എ) ഭൂമി (ബി) യുറാനസ് (സി) ചൊവ്വ (ഡി) നെപ്റ്റ്യൂൺ

72. 'കഥകളി'യുടെ ഉപജ്ഞാതാവ്:
(എ) മാനവേദൻ രാജാവ് (ബി) കുഞ്ചൻ നമ്പ്യാർ
(സി) സ്വാതി തിരുനാൾ (ഡി)കൊട്ടാരക്കരത്തമ്പുരാൻ

73. 'ജുഡീഷ്യൽ റിവ്യൂ' എന്ന ആശയം ഏതു രാജ്യത്തിൽ നിന്നാണ് ഇന്ത്യ സ്വീകരിച്ചത്?
(എ) ബ്രിട്ടൺ (ബി) യു.എസ്.എ.
(സി) കാനഡ (ഡി) അയർലൻഡ്

74. പദവിയിലിരിക്കെ അന്തരിച്ച ആദ്യ കേരള ഗവർണർ:
(എ) പി.ശിവശങ്കർ (ബി) ബി.രാമകൃഷ്ണറാവു
(സി) സിക്കന്ദർ ഭക്ത് (ഡി) ബി.രാച്ചയ്യ

75. 'ഫ്രഞ്ചു വിപ്ലവ' വുമായി ബന്ധപ്പെട്ട സന്ദേശം:
(എ) സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം
(ബി) അധികാരം തൊഴിലാളികൾക്ക്
(സി) പ്രാതിനിധ്യമില്ലാതെ നികുതിയില്ല
(ഡി) സമാധാനം വിപ്ലവകാലത്ത്

76. 'മലബാർ മാന്വൽ' രചിച്ചത്?
(എ) വില്യം മല്ലിയോഡ് (ബി) വില്യം ലോഗൻ
(സി) വില്യം ഫാർമർ (ഡി) കൊനോലി

77. 'മലയാളി മെമ്മോറിയലിനു' നേതൃത്വം നൽകിയത്:
(എ) ഡോ.പൽപു (ബി) കെ.പി.ശങ്കരമേനോൻ
(സി) മന്നത്ത് പദ്മനാഭൻ (ഡി)എം.ഇ.നായിഡു

78. 'അഷ്ടപ്രധാൻ' ആരെയാണ് ഭരണകാര്യങ്ങളിൽ സഹായിച്ചത്?
(എ) കൃഷ്ണദേവരായർ (ബി) ശിവജി
(സി) അക്ബർ (ഡി) വിക്രമാദിത്യൻ

79. 'മുഗൾ ഭരണസമ്പ്രദായത്തിന്റെ ശിൽപി' എന്നറിയപ്പെടുന്നത്?
(എ) ബാബർ (ബി) ഷാജഹാൻ(സി) അക്ബർ(ഡി) ഹുമയൂൺ

80. 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' രചിച്ചത്
(എ) ലളിതാംബിക അന്തർജനം (ബി) എം.ആർ.ബി.
(സി) വി.ടി.ഭട്ടതിരിപ്പാട് (ഡി) കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്

81. സംസ്ഥാന വനിതാ കമ്മിഷന്റെ ആദ്യ അധ്യക്ഷ:
(എ) എം.കമലം (ബി) കെ.ആർ.ഗൗരിയമ്മ
(സി) സുഗതകുമാരി (ഡി) നഫീസത്തുബീവി

82. ചുണ്ടൻ വള്ളങ്ങളുടെ നിർമാണത്തിനുപയോഗിക്കുന്ന തടി:
(എ) വില്ലോ (ബി) ആഞ്ഞിലി(സി) വേങ്ങ (ഡി) മഹാഗണി

83. ' കംപ്യൂട്ടറിന്റെ പിതാവ്' എന്നറിയപ്പെടുന്നത്:
(എ) മൈക്കൽ ഫാരഡെ (ബി) ചാൾസ് ബാബേജ്
(സി) ന്യൂട്ടൺ (ഡി) ഗലീലിയോ

84. 'വിമോചന സമരം' ഏതു വർഷമായിരുന്നു?
(എ) 1957 (ബി) 1958 (സി) 1959 (ഡി) 1960

85. 'കറുപ്പുയുദ്ധ'ത്തിൽ ഏറ്റുമുട്ടിയ രാജ്യങ്ങൾ:
(എ) ബ്രിട്ടണും ചൈനയും (ബി) ജർമനിയും ഫ്രാൻസും
(സി) ജപ്പാനും ചൈനയും (ഡി) ഐക്യനാടുകളും റഷ്യയും

86. 'കാർഗിൽ യുദ്ധം' നടന്ന വർഷം:
(എ) 1999 (ബി) 2000 (സി) 1998 (ഡി) 2001

87. 'സപ്തശൈലനഗരം' എന്നറിയപ്പെട്ട നഗരം:
(എ) റോം (ബി) കെയ്റോ
(സി) ഉർ (ഡി) അലക്സാണ്ട്രിയ
88. 'സയന്റിഫിക് സോഷ്യലിസ'ത്തിന്റെ ഉപജ്ഞാതാവ്
(എ) കാറൽ മാർക്സ് (ബി) റോബർട്ട് ഓവൻ
(സി) ഹെഗൽ (ഡി) റൂസ്സോ
89. 'സിയോണിസ്റ്റ് പ്രസ്ഥാന'ത്തിന്റെ ഫലമായി രൂപംകൊണ്ട രാജ്യം:
(എ) അയർലൻഡ് (ബി) ഇസ്രയേൽ
(സി) ഈസ്റ്റ് തിമൂർ (ഡി) പലസ്തീൻ
90. 'പാസ്ചുറൈസേഷൻ' താഴെപ്പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) രക്തം (ബി) യൂറിയ (സി) പാൽ (ഡി) സ്വർണം
91. 'ഒന്നുകിൽ ഞാൻ ലക്ഷ്യം നേടി തിരിച്ചുവരും. പരാജയപ്പെട്ടാൽ ഞാനെന്റെ ജഡം സമുദ്രത്തിന് സംഭാവന നൽകും ' ഏതവസരത്തിലാണ് ഗാന്ധിജി ഇങ്ങനെ പറഞ്ഞത്?
(എ) വട്ടമേശ സമ്മേളനത്തിനു പോകുംമുമ്പ്
(ബി) ദണ്ഡിയാത്ര തുടങ്ങുന്ന സമയത്ത്
(സി) ഇർവിൻ പ്രഭുവുമായി ഉടമ്പടിയിലേർപ്പെടും മുമ്പ്
(ഡി) ചമ്പാരൻ സത്യാഗ്രഹം ആരംഭിക്കുമ്പോൾ
92. 'ഭരണഘടനയുടെ രക്ഷാധികാരി' എന്നറിയപ്പെടുന്നത്:
(എ) പ്രസിഡന്റ് (ബി) ജനങ്ങൾ
(സി) ഗവർണർ (ഡി) സുപ്രീം കോടതി
93. 'ഗ്രാമി' അവാർഡ് ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) പത്രപ്രവർത്തനം (ബി) സംഗീതം
(സി) സിനിമ (ഡി) സാഹിത്യം
94. 'ഫെഡറൽ സംവിധാനത്തിന്റെ സംരക്ഷകൻ' എന്നറിയപ്പെടുന്നത്:
(എ) പ്രസിഡന്റ് (ബി) പ്രധാനമന്ത്രി
(സി) ഗവർണർ (ഡി) സുപ്രീം കോടതി
95. 'ഹൈഡ്രേറ്റഡ് അയൺ ഓക്സൈഡ്' സാധാരണമായി അറിയപ്പെടുന്നത്:
(എ) കുമ്മായം (ബി) ക്ളാവ് (സി) തുരുമ്പ് (ഡി) തകരം
96. ബുദ്ധമതക്കാർ ഏറ്റവും പരിപാവനമായി കണക്കാക്കുന്ന സ്ഥലം:
(എ) കുശിനഗരം (ബി) ബോധ്ഗയ
(സി) രാജഗൃഹം (ഡി) പാറ്റ്ന
97. ക്ഷയരോഗത്തിനു കാരണമായ രോഗാണു:
(എ) ബാക്ടീരിയ (ബി) വൈറസ്
(സി) പ്രോട്ടോസോവ (ഡി) ഫംഗസ്
98. ആദ്യമായി ശസ്ത്രക്രിയയിലൂടെ മാറ്റിവെച്ച മനുഷ്യാവയവം:
(എ) ഹൃദയം (ബി) കരൾ (സി) കണ്ണ് (ഡി) വൃക്ക
99. ഏറ്റവും കൂടുതൽ സംസാരിക്കപ്പെടുന്ന ദ്രാവിഡഭാഷ:
(എ) തെലുങ്ക് (ബി) തമിഴ് (സി) കന്നഡ (ഡി) മലയാളം
100. വിനാഗിരിയിലുള്ള ആസിഡ്:
(എ) സിട്രിക് ആസിഡ് (ബി) അസെറ്റിക് ആസിഡ്
(സി) ലാക്ടിക് ആസിഡ് (ഡി) മാലിക് ആസിഡ്

Answers: 1(a) 2(b) 3(b) 4(c) 5(a) 6 (b) 7(c) 8 (c) 9 (d) 10(a) 11(a) 12(b) 13(b) 14(c) 15(d) 16(c) 17(a) 18(a) 19(a) 20(d)2 1 (c) 22(c) 23 (c) 24 (a) 25(c)2 6(a) 27(c) 28(c) 29(b) 30(d) 31(d) 32(c) 33(a) 34(d) 35(a)36(b)37(d) 38(b) 39(b) 40(b) 41(d) 42 (c) 43(c) 44 (d) 45(a) 46(c) 47 (a) 48(b)49(a) 50(c) 51(a) 52(a) 53(b) 54(b) 55(d) 56(b) 57(a) 58(c) 59(c) 60(a)61(a) 62(a) 63(d)64(c) 65(a) 66(c) 67(d)68(a) 69(a) 70(a) 71(b) 72(d) 73(b)74(c)75(a) 76(b) 77 (b) 78(b)79(c)80(c) 81(c)82(b) 83(b)84(c) 85(a)86 (a) 87(a) 88 (a) 89 (b) 90(c) 91(b) 92(d) 93(b) 94(d) 95(c) 96(b) 97(a) 98(d) 99(a) 100(b)

പരിശീലന ചോദ്യപേപ്പർ 2

1. കണ്ണൂരിലെ സെന്റ് ആഞ്ജലോ കോട്ട നിർമിച്ചത്:
(എ) പോർച്ചുഗീസുകാർ (ബി) ഫ്രഞ്ചുകാർ
(സി) ബ്രിട്ടീഷുകാർ (ഡി) ഡച്ചുകാർ
2. 'ഖരോഷ്ടി' എന്നാൽ പ്രാചീന ഇന്ത്യയിലെ ഒരു ---- ആണ്:
(എ) പുസ്തകം (ബി) ലിപി
(സി) രാജാവ് (ഡി) രാജവംശം
3. കേരള സർവകലാശാലയുടെ ആസ്ഥാനം:
(എ) കാലടി (ബി) തിരൂർ
(സി) കോട്ടയം (ഡി) തിരുവനന്തപുരം
4. കേരള സാഹിത്യ അക്കാദമിയുടെ പ്രഥമ ഉപാധ്യക്ഷൻ:
(എ) സർദാർ കെ.എം.പണിക്കർ
(ബി) വള്ളത്തോൾ നാരായണമേനോൻ
(സി) തകഴി (ഡി) ജി.ശങ്കരക്കുറുപ്പ്
5. 'ഗുരുവായൂർ സത്യാഗ്രഹ'ത്തിന്റെ വോളന്റിയർ ക്യാപ്റ്റനായിരുന്നത്:
(എ) കെ.കേളപ്പൻ (ബി) എ.കെ.ഗോപാലൻ
(സി) ഇ.എം.എസ്. (ഡി) ടി.കെ.മാധവൻ
6. 'ഹരിക്കേൻസ്' എന്നു പേരുള്ള ചുഴലിക്കാറ്റ് എവിടെയാണ് വീശുന്നത്?
(എ) ചൈനാക്കടൽ (ബി) സഹാറ
(സി) വെസ്റ്റിൻഡീസ് (ഡി) ഓസ്ട്രേലിയ
7. 'ഹാലിയുടെ ധൂമകേതു' ഏറ്റവുമൊടുവിൽ പ്രത്യക്ഷപ്പെട്ട വർഷം:
(എ) 1987 (ബി) 1976 (സി) 1986 (ഡി) 1988
8. 'ചിറാപൂഞ്ചി' ഏതു സംസ്ഥാനത്താണ്?
(എ) അസം (ബി) മേഘാലയ
(സി) അരുണാചൽ പ്രദേശ് (ഡി) നാഗാലാൻഡ്
9. 'ഫെറൽ നിയമം' എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഭൂകമ്പം (ബി) മഴ (സി) നദി (ഡി) കാറ്റ്
10. 'തെക്കേ അമേരിക്കയിലെ ജോർജ് വാഷിങ്ടൺ' എന്നറിയപ്പെട്ടത്:
(എ) ജോസ് ഡി സാൽമാർട്ടിൻ (ബി) ഫ്രാൻസിസ്കോ മിരാൻഡ
(സി) സൈമൺ ബോളിവർ (ഡി) ചെ ഗുവേര
11. 'ബോക്സർ ലഹള' ഏതു രാജ്യത്താണ് നടന്നത്?
(എ) ബ്രിട്ടൺ (ബി) ദക്ഷിണാഫ്രിക്ക
(സി) ചൈന (ഡി) റഷ്യ
12. 'ആയ്' രാജാക്കൻമാരുടെ തലസ്ഥാനമായിരുന്നത്:
(എ) വർക്കല (ബി) മുസിരിസ്
(സി) തിരുനാവായ (ഡി) വിഴിഞ്ഞം
13. 'കണ്ണമ്മൂല' എന്ന സ്ഥലത്ത് ജനിച്ചത്:
(എ) ശ്രീനാരായണഗുരു (ബി) കുഞ്ചൻ നമ്പ്യാർ
(സി) കുമാരനാശാൻ (ഡി) ചട്ടമ്പിസ്വാമികൾ
14. 'ചിലപ്പതികാര'ത്തിലെ നായകൻ:
(എ) ഇളങ്കോവടികൾ (ബി) ചെങ്കുട്ടുവൻ
(സി) കോവലൻ (ഡി) ചാത്തനാർ
15. 'ഗോൾഡൻ ഗ്രാൻഡ്സ്ലാം' നേടിയ ഏകവനിത:
(എ) മാർട്ടിന ഹിങ്കിസ് (ബി) സ്റ്റെഫിഗ്രാഫ്
(സി) മാർട്ടിന നവരത്തിലോവ (ഡി) വീനസ് വില്യംസ്
16. ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യത്തിനായി പോരാടിയ ജനകീയസേന:
(എ) മുക്തിബാഹിനി (ബി) ശാന്തിവാഹിനി
(സി) രൺവീർസേന (ഡി) ജാതിയ സങ്സദ്
17. മലയാളഭാഷ ആദ്യമായി അച്ചടിക്കപ്പെട്ടത് ഏതു ഗ്രന്ഥത്തിൽ?
(എ) സംക്ഷേപവേദാർഥം (ബി) ഹോർത്തൂസ് മലബാറിക്കസ്
(സി) രാമചരിതം (ഡി) എന്റെ റോമായാത്ര
18. ആവർത്തനപ്പട്ടികയിലെ ഏറ്റവും ഭാരം കുറഞ്ഞ മൂലകം:
(എ) ലിഥിയം (ബി) ഹീലിയം
(സി) കാർബൺ (ഡി) ഹൈഡ്രജൻ
19. ഇന്ത്യൻ ആണവോർജകമ്മീഷന്റെ ആദ്യ അധ്യക്ഷൻ:
(എ) മേഘനാഥ് സാഹ (ബി) സി.വി.രാമൻ
(സി) വിക്രം സാരാഭായി (ഡി) ഹോമി ജഹാംഗീർ ഭാഭ
20. ഇന്ദിരാഗാന്ധി വധിക്കപ്പെട്ടതെന്ന്?
(എ) 1984 നവംബർ 1 (ബി) 1984 ഒക്ടോബർ 31
(സി) 1984 ഒക്ടോബർ 30 (ഡി) 1984 നവംബർ 30
21. എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിക്കപ്പെട്ട ആദ്യ ഇന്ത്യൻ സംസ്ഥാനം:
(എ) കേരളം (ബി) ഹരിയാന(സി) പഞ്ചാബ് (ഡി) അസം
22. ഏതു മതവിഭാഗമാണ് ലക്ഷദ്വീപിൽ ഏറ്റവും കൂടുതലുള്ളത്?
(എ) ഹിന്ദു (ബി) ക്രിസ്ത്യൻ (സി) ജൈനർ(ഡി) മുസ്ലിം
23. ഹൈദരാബാദിനെയും സെക്കന്തരാബാദിനേയും വേർതിരിക്കുന്ന തടാകം:
(എ) ഹുസൈൻ സാഗർ (ബി) കൊല്ലേരു
(സി) മേട്ടൂർ (ഡി) ചിൽക്ക
24. കേരളത്തിൽ നിലക്കടല ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ജില്ല:
(എ) കൊല്ലം (ബി) കണ്ണൂർ
(സി) എറണാകുളം (ഡി) പാലക്കാട്

25. കേരളത്തിലെ മരുമക്കത്തായ സമ്പ്രദായത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ആദ്യത്തെ കൃതി:
(എ) മലബാർ മാന്വൽ (ബി) കേരളാരാമം
(സി) മിറാബിലിയ ഡിസ്ക്രിപ്ഷ്യ (ഡി) ഹോർത്തൂസ് മലബാറിക്കസ്
26. കേരളത്തിലെ ആദ്യത്തെ റവന്യൂ മന്ത്രി:
(എ) ഡോ. ആർ.മേനോൻ (ബി) വി.ആർ.കൃഷ്ണയ്യർ
(സി) ജോസഫ് മുണ്ടശ്ശേരി (ഡി) കെ.ആർ.ഗൗരി
27. ചോളൻമാരുടെ തലസ്ഥാനമായിരുന്നത്:
(എ) തഞ്ചാവൂർ (ബി) പളനി
(സി) മധുര (ഡി) തിരുച്ചിറപ്പള്ളി
28. തിരുവിതാംകൂർ ഭരിച്ച അവസാനത്തെ രാജാവ്:
(എ) ശ്രീമൂലം തിരുനാൾ (ബി) ചിത്തിര തിരുനാൾ
(സി) വിശാഖം തിരുനാൾ (ഡി) സ്വാതി തിരുനാൾ
29. തിരു-കൊച്ചിയിൽ അഞ്ചൽ വകുപ്പ് നിറുത്തലാക്കിയ വർഷം:
(എ) 1951 (ബി) 1950 (സി) 1952 (ഡി) 1954
30. തിരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രത്തലവനുള്ള രാജ്യം എന്തു പേരിൽ അറിയപ്പെടുന്നു?
(എ) റിപ്പബ്ലിക് (ബി) ഫെഡറേഷൻ
(സി) ഡൊമിനിയൻ (ഡി) സ്റ്റേറ്റ്
31. ഭരണഘടനാപരമായ പരിഹാരങ്ങൾക്ക് ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിട്ടുകളുടെ എണ്ണം:
(എ) ഏഴ് (ബി) അഞ്ച് (സി) നാല് (ഡി) ആറ്
32. 1959 ൽ ഇന്ത്യയിൽ ഏതുനഗരത്തിലാണ് ടെലിവിഷൻ സംപ്രേക്ഷണം ആദ്യമായി നടത്തിയത് ?
(എ) ന്യൂഡൽഹി (ബി) മുംബൈ
(സി) ചെന്നൈ (ഡി) കൊൽക്കത്ത
33. അന്താരാഷ്ട്ര സിവിൽ വ്യോമയാന സംഘടനയുടെ ആസ്ഥാനം:
(എ) ജനീവ (ബി) ലണ്ടൻ
(സി) പാരീസ് (ഡി) മോൺട്രിയൽ
34. മൂത്രത്തിന്റെ മഞ്ഞനിറത്തിനു കാരണം:
(എ) യൂറോക്രോം (ബി) ഹീമോഗ്ളോബിൻ
(സി) ആന്തോസയാനിൻ (ഡി) മെലാനിൻ
35. മൗലികാവകാശങ്ങൾ നടപ്പാക്കാൻ സുപ്രീം കോടതി എന്താണ് പുറപ്പെടുവിക്കുന്നത്?
(എ) ഓർഡിനൻസ് (ബി) വിജ്ഞാപനം
(സി) റിട്ട് (ഡി) വിളംബരം
36. 'ലോകത്തെ ആദ്യത്തെ സോഷ്യലിസ്റ്റ് രാഷ്ട്രം' എന്നു വിശേഷിപ്പിക്കപ്പെട്ടത്?
(എ) അമേരിക്കൻ ഐക്യനാടുകൾ (ബി) ഫ്രാൻസ്
(സി) ചൈന (ഡി) സോവിയറ്റ് യൂണിയൻ
37. 'ചോർച്ചാ സിദ്ധാന്തം' ആവിഷ്കരിച്ചത്
(എ) ദാദാഭായ് നവറോജി (ബി) അരവിന്ദഘോഷ്
(സി) സുരേന്ദ്രനാഥ് ബാനർജി (ഡി) ആർ.സി.ദത്ത്
38. നർമദയ്ക്കും താപ്തിക്കും ഇടയിൽ സ്ഥിതി ചെയ്യുന്നത്
(എ) വിന്ധ്യാനിരകൾ (ബി) സാത്പുരനിരകൾ
(സി) ആരവല്ലി കുന്നുകൾ (ഡി) പൂർവഘട്ടം
39. നാട്ടുരാജ്യ വകുപ്പിന്റെ സെക്രട്ടറിയെന്ന നിലയിൽ ഇന്ത്യയെ ഏകോപിപ്പിക്കാൻ സർദാർ പട്ടേലിനെ സഹായിച്ച മലയാളി:
(എ) സി.ശങ്കരൻ നായർ (ബി) ആർ.കെ.ഷൺമുഖം ചെട്ടി
(സി) വി.പി.മേനോൻ (ഡി) വി.കെ.കൃഷ്ണമേനോൻ
40. നിയമസഭാംഗങ്ങൾ രാജിവയ്ക്കാനുദ്ദേശിക്കുമ്പോൾ കത്ത് സമർപ്പിക്കേണ്ടത് ആർക്കാണ്?
(എ) മുഖ്യമന്ത്രിക്ക് (ബി) സ്പീക്കർക്ക്
(സി) നിയമസഭാസെക്രട്ടറിക്ക് (ഡി) പാർട്ടി നേതാവിന്
41. നിസ്സഹകരണ പ്രസ്ഥാനം നിറുത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം:
(എ) മലബാർ കലാപം (ബി) വാഗൺ ദുരന്തം
(സി) ചൗരിചൗര സംഭവം
(ഡി) സ്വരാജ് പാർട്ടിയുടെ രൂപവൽക്കരണം
42. നറോറ ആണവനിലയം ഏതു സംസ്ഥാനത്താണ്?
(എ) മഹാരാഷ്ട്ര (ബി) രാജസ്ഥാൻ
(സി) ഉത്തരാഞ്ചൽ (ഡി) ഉത്തർപ്രദേശ്
43. ആരുടെ മരണത്തിൽ അനുശോചിച്ചുകൊണ്ടാണ് കുമാരനാശാൻ 'പ്രരോദനം' രചിച്ചത്?
(എ) കുമാരനാശാൻ (ബി) എ.ആർ.രാജരാജവർമ
(സി) ഡോ.പൽപു (ഡി) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
44. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചന്ദനമരങ്ങൾ കാണപ്പെടുന്നത് ഏത് സംസ്ഥാനത്താണ്?
(എ) കർണാടകം (ബി) കേരളം
(സി) തമിഴ്നാട് (ഡി) ബംഗാൾ
45. എം.ജി.സർവകലാശാല വൈസ് ചാൻസലറായിരുന്ന ജ്ഞാനപീഠ ജേതാവ്:
(എ) ഗിരീഷ് കർണാട് (ബി) ശിവരാമകാരന്ത്
(സി) യു.ആർ.അനന്തമൂർത്തി (ഡി) സീതാകാന്ത് മഹാപാത്ര
46. ഒരു ഒളിമ്പിക്സിൽ ആറു സ്വർണം നേടിയ ആദ്യ വനിത:
(എ) മരിയൻ ജോൺസ്
(ബി) ഫ്ളോറൻസ് ഗ്രിഫിത്ത് ജോയ്നർ
(സി) ക്രിസ്റ്റിൻ ഓട്ടോ (ഡി) സ്റ്റെഫി ഗ്രാഫ്
47. കേരള നിയമസഭയിലെ ആദ്യത്തെ ആംഗ്ലോ-ഇന്ത്യൻ പ്രതിനിധി:
(എ) സ്റ്റീഫൻ പാദുവ (ബി) ഡബ്ല്യു.എച്ച്.ഡിക്രൂസ്
(സി) ലൂഡി ലൂയിസ് (ഡി) ഇവരാരുമല്ല
48. ഏറ്റവും കൂടുതൽ ഗ്രാമങ്ങളുള്ള ഇന്ത്യൻ സംസ്ഥാനം:
(എ) ഉത്തർപ്രദേശ് (ബി) ഹിമാചൽപ്രദേശ്
(സി) കേരളം (ഡി) രാജസ്ഥാൻ
49. 'ഗുഡ്ഗാവ്' വ്യവസായമേഖല ഏതുസംസ്ഥാനത്താണ്?
(എ) പഞ്ചാബ് (ബി) ഉത്തർ പ്രദേശ്
(സി) രാജസ്ഥാൻ (ഡി) ഹരിയാണ
50. രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്ന ആകെ പാർലമെന്റംഗങ്ങൾ:
(എ) 543 (ബി) 776 (സി) 4896 (ഡി) 790
51. സൂര്യനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന നക്ഷത്രം
(എ) ബുധൻ (ബി) ആൽഫാ സെന്റോറി
(സി) പ്രോക്സിമ സെന്റോറി (ഡി) സെഡ്ന
52. 'ഹരിതവിപ്ലവം' ആരംഭിച്ചത് ഏതുരാജ്യത്താണ്?
(എ) മെക്സിക്കോ (ബി) ഫിലിപ്പൈൻസ്
(സി) ഇന്ത്യ (ഡി) യു.എസ്.എ.
53. 'കായിക്കര' എന്ന സ്ഥലത്ത് ജനിച്ചത്:
(എ) ശ്രീനാരായണഗുരു (ബി) കുഞ്ചൻ നമ്പ്യാർ
(സി) കുമാരനാശാൻ (ഡി) ചട്ടമ്പിസ്വാമികൾ
54. 'സർദാർ സരോവർ പദ്ധതി' ഏതു നദിയിലാണ്?
(എ) തപ്തി (ബി) ലൂണി (സി) ചംബൽ (ഡി) നർമദ
55. സുപ്രീം കോടതി ജഡ്ജിയായ ആദ്യ മലയാളി:
(എ) കെ.ടി.കോശി (ബി) പി.ഗോവിന്ദമേനോൻ
(സി) വി.ആർ.കൃഷ്ണയ്യർ (ഡി) ഫാത്തിമാബീവി
56. ഫുട്ബോൾ സംഘടനയായ 'ഫിഫ'യുടെ ആസ്ഥാനം:
(എ) സൂറിച്ച് (ബി) ജനീവ
(സി) ന്യൂയോർക്ക് (ഡി) ബ്രസീലിയ
57. 'റാണിഗഞ്ച്' കൽക്കരിപ്പാടം ഏതു സംസ്ഥാനത്താണ്?
(എ) ബീഹാർ (ബി) പശ്ചിമ ബംഗാൾ
(സി) അസം (ഡി) ജാർഖണ്ഡ്
58. 'മെസൊപൊട്ടാമിയ' ഏതു രാജ്യത്തിന്റെ പഴയ പേരാണ്?
(എ) ഇറാക്ക് (ബി) ഇറാൻ (സി) കുവൈറ്റ് (ഡി) ഈജിപ്ത്
59. ഭരണഘടനയുടെ ആമുഖം ഇതുവരെ എത്ര പ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ട്?
(എ) ഒന്ന് (ബി) മൂന്ന് (സി) അഞ്ച് (ഡി) രണ്ട്
60. മനുഷ്യപുംബീജങ്ങളിലെ ക്രോമസോം നമ്പർ എത്ര?
(എ) 46 (ബി) 23 (സി) 13 (ഡി) 48
61. മനുഷ്യന്റെ ശാസ്ത്രനാമം:
(എ) പാവോ ക്രിസ്റ്റാറ്റസ് (ബി) ഫെലിസ് ഡൊമസ്റ്റിക്കസ്
(സി) പാന്തെറ ലിയോ (ഡി) ഹോമോ സാപിയൻസ്
62. ആദ്യത്തെ വള്ളത്തോൾ അവാർഡ് നേടിയത്:
(എ) ശൂരനാട് കുഞ്ഞൻ പിള്ള (ബി) സുഗതകുമാരി
(സി) പാലാ നാരായണൻ നായർ (ഡി) കോവിലൻ
63. ഇന്ത്യയിലെ ദ്വിതീയ പൗരൻ എന്നറിയപ്പെടുന്നത്:
(എ) പ്രസിഡന്റ് (ബി) പ്രധാനമന്ത്രി
(സി) വൈസ് പ്രസിഡന്റ് (ഡി) സ്പീക്കർ
64. ഉപഗ്രഹ വിക്ഷേപണസ്ഥലമായ ശ്രീഹരിക്കോട്ട ഏതു സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നു?
(എ) തമിഴ്നാട് (ബി) മഹാരാഷ്ട്ര
(സി) ആന്ധ്രാപ്രദേശ് (ഡി) കർണാടക
65. ഏതു വംശത്തിലെ രാജാവായിരുന്നു ബിംബിസാരൻ?

(എ) ഗുപ്ത (ബി) നന്ദ (സി) മൗര്യ (ഡി) ശൈശുനാഗ

66. 'അബിസീനിയ'ഇപ്പോൾ എന്തുപേരിൽ അറിയപ്പെടുന്നു?
(എ) നമീബിയ (ബി) സാംബിയ (സി) കെനിയ (ഡി) എത്യോപ്യ

67. ഓസ്കർ നോമിനേഷൻ നേടിയ ആദ്യ ഇന്ത്യൻ ചിത്രം:
(എ) ഗുരു (ബി) ഗാന്ധി (സി) ലഗാൻ (ഡി) മദർ ഇന്ത്യ

68. മോണയെ ബാധിക്കുന്ന രോഗമാണ്:
(എ) ഗോയിറ്റർ (ബി) മെനിഞ്ചൈറ്റിസ്
(സി) പയോറിയ (ഡി) മരാസ്മസ്

69. സോഡിയം വേപ്പർ ലാമ്പ് ഏതുനിറത്തിൽ പ്രകാശിക്കും?
(എ) ഓറഞ്ച് (ബി) മഞ്ഞ (സി) പച്ച (ഡി) നീല

70. 'ബയോളജി' എന്ന വാക്ക് രൂപവൽക്കരിച്ചത്:
(എ) അരിസ്റ്റോട്ടിൽ (ബി) ജീൻ ലാമാർക്ക്
(സി) ഗ്രിഗർ മെൻഡൽ (ഡി) വില്യം ജൊഹാൻസൺ

71. 'ദ്രാവിഡ കഴകം' സ്ഥാപിച്ചത്:
(എ) സി.എൻ.അണ്ണാദുരൈ (ബി) എം.ജി.ആർ.
(സി) ഇ.വി.രാമസ്വാമി നായ്ക്കർ (ഡി) എൻ.ടി.രാമറാവു

72. 'അൽഷിമേഴ്സ് രോഗം' ഏതവയവത്തെയാണ് ബാധിക്കുന്നത്?
(എ) ഹൃദയം (ബി) മസ്തിഷ്കം (സി) കരൾ (ഡി) സന്ധികൾ

73. 'കൂട്ടുത്തരവാദിത്വം' എന്ന ആശയം ഏതു രാജ്യത്തുനിന്നുമാണ് ഇന്ത്യൻ ഭരണഘടനാനിർമാതാക്കൾ സ്വീകരിച്ചത്?
(എ) അയർലൻഡ് (ബി) ഓസ്ട്രേലിയ
(സി) ബ്രിട്ടൺ (ഡി) യു.എസ്.എ.

74. പത്രസ്വാതന്ത്ര്യത്തിനു ബാധകമായ ഭരണഘടനാ അനുച്ഛേദം:
(എ) 19 (ബി) 32 (സി) 17 (ഡി) 23

75. ഭൂസ്ഥിര ഉപഗ്രഹങ്ങളുടെ പ്രദക്ഷിണപഥം എത്ര കിലോമീറ്റർ ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്?
(എ) 36 (ബി) 1000 (സി) 3600 (ഡി) 36000

76. അന്തരീക്ഷമില്ലായെങ്കിൽ ആകാശത്തിന്റെ നിറമെന്തായിരിക്കും?
(എ) നീല (ബി) വെളുപ്പ് (സി) ചുവപ്പ് (ഡി) കറുപ്പ്

77. അമിതമായി ജലം മൂത്രത്തിലൂടെ പുറന്തള്ളപ്പെടുന്ന അവസ്ഥയാണ്:
(എ) ഡയബറ്റിസ് മെലിറ്റസ് (ബി) ഡയബറ്റിസ് ഇൻസിപ്പിഡസ്
(സി) ഹെർണിയ (ഡി) ഫിസ്റ്റുല

78. ആരുടെ ഔദ്യോഗിക വസതിയാണ് 'രാജ്ഭവൻ' എന്നറിയപ്പെടുന്നത്?
(എ) മുഖ്യമന്ത്രി (ബി) സ്പീക്കർ
(സി) പ്രതിപക്ഷനേതാവ് (ഡി) ഗവർണർ

79. ആസ്പിരിനിന്റെ രാസനാമം:
(എ) മീഥൈൽ സാലിസൈലേറ്റ് (ബി) ട്രൈക്ലോറോമീഥേൻ
(സി) ക്ലോറോപിക്രിം (ഡി) അസറ്റൈൽ സാലിസൈലിക് ആസിഡ്

80. ആദ്യമായി ഹൈഡ്രജൻ ബോംബ് പരീക്ഷിച്ച രാജ്യം:
(എ) ജപ്പാൻ (ബി) യുണൈറ്റഡ് കിങ്ഡം
(സി) യു.എസ്.എ. (ഡി) ഇന്ത്യ

81. കാന്തമുണ്ടാക്കാനുപയോഗിക്കുന്ന ലോഹസങ്കരം:
(എ) മഗ്നേലിയം (ബി) ഡുറാലുമിൻ
(സി) സ്റ്റെയിൻലെസ് സ്റ്റീൽ (ഡി) അൽനിക്കോ

82. പെട്രോളിയത്തിന്റെ അസംസ്കൃതരൂപം:
(എ) പാരഫിൻ (ബി) കെറോസിൻ
(സി) ടാർ (ഡി) ക്രൂഡ് ഓയിൽ

83. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി?:
(എ) കബനി (ബി) ഭാരതപ്പുഴ (സി) പെരിയാർ (ഡി) പമ്പ

84. തിരുവിതാംകൂറിൽ ശ്രീമൂലം പ്രജാസഭ(പോപ്പുലർ അസംബ്ളി) പ്രവർത്തനമാരംഭിച്ച വർഷം:
(എ) 1904 (ബി) 1898 (സി) 1924 (ഡി) 1885

85. 'ത്രീ ഗോർജസ്' അണക്കെട്ട് ഏതു രാജ്യത്താണ്?
(എ) ജപ്പാൻ (ബി) ചൈന (സി) നേപ്പാൾ (ഡി) ഭൂട്ടാൻ

86. 'രാംനാഥ് ഗോയങ്ക അവാർഡ്' ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) പത്രപ്രവർത്തനം (ബി) സാഹിത്യം (സി) സിനിമ
(ഡി) സ്പോർട്സ്

87. 'എപ്പോഴും മുന്നോട്ട്' ഏതു കായികോൽസവത്തിന്റെ മുദ്രാവാക്യമാണ്?
(എ) ഒളിമ്പിക്സ് (ബി) ഏഷ്യൻ ഗെയിംസ്
(സി) കോമൺവെൽത്ത് ഗെയിംസ്
(ഡി) ആഫ്രോ- ഏഷ്യൻ ഗെയിംസ്

88. 'കാൻഫെഡ്'(കേരള അസോസിയേഷൻ ഫോർ നോൺ ഫോർമൽ എജ്യുക്കേഷൻ) സ്ഥാപിച്ചത്:
(എ) കെ.കേളപ്പൻ (ബി) പി.ടി.ഭാസ്കരപ്പണിക്കർ
(സി) കെ.പി.കേശവമേനോൻ (ഡി) പി.എൻ.പണിക്കർ

89. 'ഗൗളീഗാത്രം' ഏതു കാർഷിക വിളയുടെ ഇനമാണ്?
(എ) നെല്ല് (ബി) തെങ്ങ് (സി) മരച്ചീനി (ഡി) വാഴ

90. ഭരണഘടനയുടെ 'പീഠിക' തയ്യാറാക്കിയതാര്?
(എ) ഡോ.അംബേദ്കർ (ബി) ജവാഹർലാൽ നെഹ്രു
(സി) ബി.എൻ.റാവു (ഡി) ഡോ.രാജേന്ദ്രപ്രസാദ്

91. ദ്രവ്യത്തിന്റെ ആറാമത്തെ അവസ്ഥ:
(എ) പ്ലാസ്മ (ബി) ബോസ്-ഐൻസ്റ്റൈൻ കണ്ടൻസേറ്റ്
(സി) ഫെർമിയോണിക് കണ്ടൻസേറ്റ് (ഡി) ഇവയൊന്നുമല്ല

92. 1955നു മുമ്പ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പേര്:
(എ) ഫെഡറേഷൻ ബാങ്ക് (ബി) ഹിന്ദുസ്ഥാൻ ബാങ്ക്
(സി) ഇംപീരിയൽ ബാങ്ക് (ഡി) ഇൻഡസ് ബാങ്ക്

93. മനുഷ്യർ ഒരു മിനിറ്റിൽ ശരാശരി എത്ര പ്രാവശ്യം ശ്വസിക്കുന്നു?
(എ) 70-72 (ബി) 50-55 (സി) 30-34 (ഡി) 13-17

94. അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ ശരാശരി അളവ് എത്രശതമാനമാണ്:
(എ) 3 (ബി) 3.3 (സി) 0.3 (ഡി) 0.03

95. ഇന്ത്യയിലാദ്യമായി 1960ൽ എസ്.ടി.ഡി. സംവിധാനത്തിലൂടെ ബന്ധപ്പെടുത്തിയ നഗരങ്ങൾ:
(എ) കാൺപൂർ-ലക്നൗ (ബി) ന്യൂഡൽഹി-മുംബൈ
(സി) മുംബൈ-പൂനെ (ഡി) കല്യാൺ-പൂനെ

96. ഏതു സംസ്ഥാനത്ത് പ്രചാരമുള്ള അനുഷ്ഠാന നൃത്തരൂപമാണ് ഗാർബ?
(എ) പഞ്ചാബ് (ബി) ഗുജറാത്ത് (സി) കേരളം (ഡി) തമിഴ്നാട്

97. ഏതു സേനയുടെ തലവനാണ് അഡ്മിറൽ?
(എ) കരസേന (ബി) വായുസേന
(സി) നാവികസേന (ഡി) ഇവയൊന്നുമല്ല

98. കൊച്ചിയിലെ അവസാനത്തെ പ്രധാനമന്ത്രി:
(എ) ടി.കെ.നായർ (ബി) കോങ്ങാട്ടിൽ രാമൻ മേനോൻ
(സി) ഇക്കണ്ടവാര്യർ (ഡി) ടി.കെ.നാരായണപിള്ള

99. മോണ്ടിനെഗ്രോ ഏതു രാജ്യത്തിൽനിന്നാണ് സ്വാതന്ത്ര്യം നേടിയത്?
(എ) മാസിഡോണിയ (ബി) ബോസ്നിയ
(സി) സെർബിയ (ഡി) ബ്രിട്ടൺ

100. 'പൂക്കളുടെ താഴ്‌വര' ഏതു സംസ്ഥാനത്താണ്?
(എ) ഉത്തർ പ്രദേശ് (ബി) ജമ്മു കശ്മീർ
(സി) ഉത്തരാഖണ്ഡ് (ഡി) ഹിമാചൽ പ്രദേശ്

Answers: 1(a) 2(b) 3(d) 4(b) 5(b) 6 (c) 7(c) 8 (b) 9 (d) 10(c) 11(c) 12(d) 13(d) 14(c) 15(b) 16(a) 17(b) 18(d) 19(d) 20(b)2 1 (b) 22(d) 23 (a) 24 (d) 25(c)2 6(d) 27(a) 28(b) 29(a) 30(a) 31(b) 32(a) 33(d) 34(a) 35(c)36(d)37(a) 38(b) 39(c) 40(b) 41(c) 42 (d) 43(b) 44 (a) 45(c) 46(c) 47 (b) 48(a)49(d) 50(b) 51(c) 52(a) 53(c) 54(d) 55(b) 56(a) 57(b) 58(a) 59(a) 60(b)61(d) 62(c) 63(c)64(c) 65(d) 66(d) 67(d)68(c) 69(b) 70(b) 71(c) 72(b) 73(c)74(a)75(d) 76(d) 77 (b) 78(d)79(d)80(c) 81(d)82(d) 83(c)84(a) 85(b)86 (a) 87(b) 88 (d) 89 (b) 90(b) 91(c) 92(c) 93(d) 94(d) 95(a) 96(b) 97(c) 98(c) 99(c) 100(c)

പരിശീലന ചോദ്യപേപ്പർ 3

1. 'ബംഗ്റ' ഏതു സംസ്ഥാനത്തെ നൃത്തരൂപമാണ്?
(എ) അസം (ബി) പഞ്ചാബ് (സി) കർണാടകം (ഡി) ഗുജറാത്ത്

2. 'യൂറോപ്പിന്റെ പടക്കളം' എന്നറിയപ്പെടുന്ന രാജ്യം:
(എ) പോളണ്ട് (ബി) തുർക്കി (സി) റഷ്യ (ഡി)ബെൽജിയം

3. 'റിബോഫ്ളാവിൻ' ഏതു വിറ്റാമിന്റെ രാസനാമം:
(എ) വിറ്റാമിൻ എ (ബി) വിറ്റാമിൻ സി
(സി) വിറ്റാമിൻ ബി-2 (ഡി) വിറ്റാമിൻ ഡി

4. 'വൾക്കനൈസേഷൻ' നടത്തുമ്പോൾ റബ്ബറിൽ ചേർക്കുന്നത്:
(എ) മഗ്നീഷ്യം (ബി) ഗന്ധകം (സി) ഇരുമ്പ് (ഡി) ചെമ്പ്

5. 'ലോറസ് അവാർഡ്' ഏതു രംഗവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) സിനിമ (ബി) സാഹിത്യം (സി) സംഗീതം (ഡി) സ്പോർട്സ്

6. പിതാവിനെ വധിച്ച് അധികാരമേറ്റ രാജാവ്?

(എ) ബിന്ദുസാരൻ (ബി) അജാതശത്രു
(സി) സമുദ്രഗുപ്തൻ (ഡി) ബിംബിസാരൻ

7. ഭരണഘടനയുടെ ഏതു ഭാഗത്താണ് 'മൗലിക ചുമതലകൾ' ഉൾപ്പെടുത്തിയിരിക്കുന്നത്?
(എ) ആറ് (ബി) മൂന്ന് (സി) രണ്ട് (ഡി) നാല് എ

8. ക്രൂസ്ഫെൽറ്റ്-ജേക്കബ് രോഗത്തിന്റെ മറ്റൊരു പേര്:
(എ) ചിക്കൻ ഗുനിയ (ബി) അൽഷിമേഴ്സ്
(സി) ഭ്രാന്തിപ്പശു രോഗം (ഡി) ഡെങ്കിപ്പനി

9. അന്തരീക്ഷത്തിലെ ഏതു പാളിയിലാണ് ഓസോൺ ഉള്ളത്?
(എ) സ്ട്രാറ്റോസ്ഫിയർ (ബി) ട്രോപ്പോസ്ഫിയർ
(സി) എക്സോസ്ഫിയർ (ഡി) തെർമോസ്ഫിയർ

10. മീനച്ചിലാർ ഏതു ജില്ലയിലെ പ്രധാനനദിയാണ്?
(എ) കണ്ണൂർ (ബി) കാസർകോട് (സി) കോട്ടയം (ഡി) കൊല്ലം

11. ഏറ്റവും വേഗത്തിൽ വളരുന്ന പുൽവർഗസസ്യം:
(എ) നെല്ല് (ബി) മുള (സി) രാമച്ചം (ഡി) കറുക

12. പരുത്തിക്കൃഷിക്ക് അനുയോജ്യമായ മണ്ണ്:
(എ) ക്ഷാരമണ്ണ് (ബി) ലാറ്ററൈറ്റ്
(സി) എക്കൽമണ്ണ് (ഡി) കറുത്തമണ്ണ്

13. പലസ്തീൻ വിമോചന സംഘടന രൂപം കൊണ്ട വർഷം:
(എ) 1966 (ബി) 1964 (സി) 1963 (ഡി) 1967

14. ബി.സി.ആറാംശതകത്തിൽ ഉത്തരേന്ത്യയിലുണ്ടായിരുന്ന മഹാജനപദങ്ങളിൽ ഏറ്റവും പ്രബലം?
(എ) കാശി (ബി) കോസലം (സി) കുരു (ഡി) മഗധം

15. ബംഗാളിൽ ദ്വിഭരണം നടപ്പിൽ വരുത്തിയത്
(എ) റോബർട്ട് ക്ലൈവ് (ബി) വാറൻ ഹേസ്റ്റിങ്സ്
(സി) വില്യം ബെന്റിക് (ഡി) ഡൽഹൗസി പ്രഭു

16. ബംഗാളിലെ ഭക്തിപ്രസ്ഥാനത്തിനു രൂപം നൽകിയത്:
(എ) നാമദേവ് (ബി) രാമാനന്ദൻ (സി) ചൈതന്യ (ഡി) കബീർ

17. ഏതു വിളയെ ബാധിക്കുന്ന രോഗമാണ് ദ്രുതവാട്ടം?
(എ) നെല്ല് (ബി) കുരുമുളക് (സി) ഏലം (ഡി) തെങ്ങ്

18. കലിക്കറ്റ് സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ:
(എ) ടി.എൻ.ജയചന്ദ്രൻ (ബി) പ്രൊഫ. എം.എം.ഗനി
(സി) ഡോ.ജോൺ മത്തായി (ഡി) ഡോ.എം.വി.പൈലി

19. കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ ആസ്ഥാനം:
(എ) പുനലൂർ (ബി) കോട്ടയം (സി) തൃശ്ശൂർ (ഡി) അങ്കമാലി

20. ദേശീയോദ്ഗ്രഥനത്തിനുള്ള ഇന്ദിരാഗാന്ധി അവാർഡ് ആദ്യമായി നേടിയത്:
(എ) ലതാ മങ്കേഷ്കർ (ബി) നൗഷാദ്
(സി) സ്വാമി രംഗനാഥാനന്ദ (ഡി) വിശ്വനാഥൻ ആനന്ദ്

21. അയിത്തോച്ചാടനനിയമം പാർലമെന്റ് പാസാക്കിയ വർഷം:
(എ) 1947 (ബി) 1950 (സി) 1951 (ഡി) 1955

22. 'സ്നെല്ലൻസ് ചാർട്ട്' എന്തു പരിശോധിക്കാൻ ഉപയോഗിക്കുന്നു?
(എ) ശ്രവണശേഷി (ബി) രക്തസമ്മർദ്ദം
(സി) കാഴ്ചശക്തി (ഡി) ഹൃദയമിടിപ്പ്

23. നിയമവിരുദ്ധമായ നടപടികൾ കണ്ടാൽ സ്വയം കേസെടുക്കാൻ മജിസ്ട്രേറ്റിന് അധികാരം നൽകുന്ന വകുപ്പ്:
(എ) ക്വാവറണ്ടോ (ബി) ഹേബിയസ് കോർപ്പസ്
(സി) അലിബി (ഡി) സുവോമോട്ടോ

24. പ്രസിഡന്റിനെ പദവിയിൽ നിന്ന് നീക്കംചെയ്യുന്ന നടപടി?
(എ) റഫറണ്ടം (ബി) ഇംപീച്ച്മെന്റ്
(സി) അമെന്റ്മെന്റ് (ഡി) കോർട്ട് മാർഷൽ

25. ഇന്ത്യയിൽനിന്നുമുള്ളവർക്ക് മിസ് യൂണിവേഴ്സ്, മിസ് വേൾഡ് പട്ടങ്ങൾ ഒരുമിച്ച് ലഭിച്ച വർഷം?
(എ) 1993 (ബി) 1995 (സി) 1994 (ഡി) 1992

26. ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എവിടെയാണ് സ്ഥാപിക്കപ്പെട്ടത്?
(എ) തമിഴ്നാട് (ബി) കേരളം (സി) ഹരിയാന (ഡി) ഉത്തർപ്രദേശ്

27. ഏതു ലോഹത്തിന്റെ അയിരാണ് ഗലീന?
(എ) പ്ലാറ്റിനം (ബി) ചെമ്പ് (സി) ലെഡ് (ഡി) സിങ്ക്

28. ഒന്നാം ലോകമഹായുദ്ധത്തിനും രണ്ടാം ലോകമഹായുദ്ധത്തിനും ഇടയിലുള്ള ഇടവേള എത്ര വർഷം?
(എ) 21 (ബി) 23 (സി) 19 (ഡി) 17

29. ഖരാവസ്ഥയിൽനിന്നും ദ്രാവകമാകാതെ നേരിട്ട് വാതകമാകുന്ന പ്രക്രിയ?
(എ) ഓക്സിഡേഷൻ (ബി) സബ്ലിമേഷൻ
(സി) ലീച്ചിങ് (ഡി) ലിക്വേഷൻ

30. സഫേദ് മുസ്ലിയുടെ ഏതു ഭാഗമാണ് ഔഷധനിർമാണത്തിന് ഉപയോഗിക്കുന്നത്?
(എ) കിഴങ്ങ് (ബി) ഇല (സി) വിത്ത് (ഡി) പൂവ്

31. സൗരയൂഥം ഉൾപ്പെടുന്ന ഗാലക്സിയുടെ പേര്?
(എ) മിൽക്കി വേ (ബി) പ്രോക്സിമ
(സി) ആൽഫ (ഡി) ഹീലിയോസ്

32. ചലിപ്പിക്കാൻ കഴിയുന്ന, മുഖത്തെ ഏക അസ്ഥി:
(എ) മാക്സില്ല (ബി) കീഴ്ത്താടിയെല്ല്
(സി) ടെമ്പറൽ (ഡി) ഫ്രോന്റൽ

33. കേരളത്തിൽ എവിടെയാണ് സെന്റ് ഏഞ്ചലോ കോട്ട?
(എ) പള്ളിപ്പുറം (ബി) ബെയ്ക്കൽ
(സി) അഞ്ചുതെങ്ങ് (ഡി) കണ്ണൂർ

34. ജോൺ രാജാവ് മാഗ്നകാർട്ടയിൽ ഒപ്പുവെച്ച വർഷം?
(എ) 1512 (ബി) 1815 (സി) 1152 (ഡി) 1215

35. 'മൂർത്തിദേവി അവാർഡ്' ഏതു മേഖലയിലാണ് നൽകുന്നത്?
(എ) വൈദ്യശാസ്ത്രം (ബി) ശാസ്ത്രം
(സി) സാമൂഹിക സേവനം (ഡി) പത്രപ്രവർത്തനം

36. ആരുടെ ചരമദിനമാണ് 'വായനാദിന'മായി ആചരിക്കുന്നത്?
(എ) സർദാർ കെ.എം.പണിക്കർ (ബി) എസ്.കെ.പൊറ്റക്കാട്ട് (സി) പി.എൻ.പണിക്കർ (ഡി) എ.ആർ.രാജരാജവർമ

37. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി:
(എ) നന്ദാദേവി (ബി) കാരക്കോറം-2
(സി) എവറസ്റ്റ് (ഡി) കാഞ്ചൻജംഗ

38. 'തത്ത്വചിന്തകനായ ഇന്ത്യൻ പ്രസിഡന്റ്' എന്നറിയപ്പെട്ടത്:
(എ) സക്കീർ ഹുസൈൻ (ബി) ഡോ.രാജേന്ദ്രപ്രസാദ്
(സി) എസ്.രാധാകൃഷ്ണൻ (ഡി) സഞ്ജീവ റെഡ്ഡി

39. ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനം:
(എ) വാഷിങ്ടൺ ഡി.സി. (ബി) ന്യൂയോർക്ക്
(സി) ടോക്കിയോ (ഡി) ലണ്ടൻ

40. ഏതു നേതാവിന്റെ ഉപദേശപ്രകാരമാണ് കെ.കേളപ്പൻ ഗുരുവായൂരിലെ സത്യാഗ്രഹം അവസാനിപ്പിച്ചത്?
(എ) ജവാഹർലാൽ നെഹ്റു (ബി) വിനോബാ ഭാവെ
(സി) ഗാന്ധിജി (ഡി) സി.രാജഗോപാലാചാരി

41. പുരാതന ഇന്ത്യയിലെ, ഹോസ്റ്റൽ സംവിധാനമുണ്ടായിരുന്ന ആദ്യ സർവകലാശാല:
(എ) തക്ഷശില (ബി) സാരനാഥ് (സി) നളന്ദ (ഡി) ബനാറസ്

42. ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ പ്രഥമ ചെയർമാൻ:
(എ) രംഗനാഥ് മിശ്ര (ബി) വെങ്കടചെല്ലയ്യ
(സി) ജീവൻ റെഡ്ഡി (ഡി) ബി.പി.മണ്ഡൽ

43. ബോർഡോ മിശ്രിതം കണ്ടുപിടിച്ചതാര്?
(എ) ഫ്ളമിങ് (ബി) പോൾ എർലിക്
(സി) മില്ലാർഡെറ്റ് (ഡി) ആൽഫ്രഡ് വൂളർ

44. 'കോട്ടുക്കോണം' ഏതു വിളയുടെ ഇനമാണ്?
(എ) മാവ് (ബി) തെങ്ങ് (സി) പ്ളാവ് (ഡി) റബ്ബർ

45. ഭൂഗോളത്തിന്റെ ആകെ വിസ്തീർണത്തിന്റെ എത്ര ശതമാനമാണ് ഇന്ത്യ?
(എ) 0.42 (ബി) 0.75 (സി) 0.57 (ഡി) 0.32

46. ഒരു പ്രാവശ്യം ഹൃദയമിടിക്കുന്നതിനാവശ്യമായ സമയം:
(എ) 0.8 സെക്കന്റ് (ബി) 0.5 സെക്കന്റ്
(സി) 1.2 സെക്കന്റ് (ഡി) 0.4 സെക്കന്റ്

47. 'ഓൾ ഇന്ത്യാ വാർ മെമ്മോറിയൽ' ഇപ്പോൾ എന്തുപേരിലറിയപ്പെടുന്നു?
(എ) ഗേറ്റ് വേ ഓഫ് ഇന്ത്യ (ബി) ലാഹോർ ഗേറ്റ്
(സി) ഇന്ത്യാഗേറ്റ് (ഡി) റെഡ് ഫോർട്ട്

48. ഏതു വംശത്തിലെ ഏറ്റവും പ്രഗല്ഭനായ രാജാവായിരുന്നു രുദ്രദാമൻ?
(എ) മൗര്യവംശം (ബി) ഗുപ്തവംശം
(സി) കുശാനവംശം (ഡി) ശകവംശം

49. താഴെപ്പറയുന്നവയിൽ ഏതാണ് ഗ്ലാസിന് കടുംനീലനിറം നൽകുന്നത്?
(എ) കുപ്രിക് ഓക്സൈഡ് (ബി) കോബാൾട്ട് ഓക്സൈഡ്
(സി) ഫെറസ് ഓക്സൈഡ് (ഡി) നിക്കൽ ഓക്സൈഡ്

50. ഭരണഘടനയുടെ എത്രാമത്തെ ഷെഡ്യൂളിലാണ് കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലുള്ള അധികാരവിഭജനം ഏർപ്പെടുത്തുന്ന മൂന്ന് ലിസ്റ്റുകളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്?
(എ) ഒന്നാമത്തെ (ബി) രണ്ടാമത്തെ

(സി) അഞ്ചാമത്തെ (ഡി) ഏഴാമത്തെ

51. ഭഗീരഥിയും അളകനന്ദയും സന്ധിക്കുന്ന സ്ഥലം
(എ) പ്രയാഗ് (ബി) ദേവപ്രയാഗ്
(സി) വാരണസി (ഡി) ഡെറാഡൂൺ

52. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനസ്സംഘടനാസമയത്ത് തമിഴ്നാടിനോട് ചേർക്കപ്പെട്ട് താലൂക്ക് അല്ലാത്തത്
(എ) കൽക്കുളം (ബി) ദേശിങ്ങനാട്
(സി) വിളവൻകോട് (ഡി) അഗസ്തീശ്വരം

53. ഭൂചലനങ്ങളുടെ തീവ്രത തരംതിരിച്ച ആദ്യശാസ്ത്രജ്ഞൻ:
(എ) റോമർ (ബി) ആൽഫ്രഡ് വെഗനർ
(സി) ചാൾസ് എഫ് റിക്ടർ (ഡി) ലിവിങ്സ്റ്റൺ

54. കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആസ്ഥാനം:
(എ) തിരുവനന്തപുരം (ബി) എറണാകുളം
(സി) കണ്ണൂർ (ഡി) കോഴിക്കോട്

55. പ്രഥമ ഇ.എം.എസ്.മന്ത്രിസഭയിൽ(1957–59) അംഗമായിരുന്ന താഴെപ്പറയുന്നവരിൽ സ്വതന്ത്രസ്ഥാനാർഥിയല്ലാതിരുന്ന വ്യക്തി:
(എ) സി.അച്യുതമേനോൻ (ബി) ഡോ.എ.ആർ.മേനോൻ
(സി) ജോസഫ് മുണ്ടശ്ശേരി (ഡി) വി.ആർ.കൃഷ്ണയ്യർ

56. ഇന്ത്യയിൽ ഏറ്റവും വടക്കുള്ള തലസ്ഥാന നഗരം:
(എ) ശ്രീനഗർ (ബി) ജമ്മു
(സി) ചണ്ഡിഗഢ് (ഡി) ഡെറാഡൂൺ

57. പാൻക്രിയാസിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന രോഗമാണ്:
(എ) ഡിഫ്തീരിയ (ബി) മീസിൽസ്
(സി) ന്യൂമോണിയ (ഡി) ഡയബറ്റിസ്

58. 'എം.ആർ.എഫ്.' ഏത് ഉല്പന്നവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഗ്യാസ് (ബി) ടയർ (സി) ബാറ്ററി (ഡി) പെട്രോൾ

59. 'അഡിസൺസ് രോഗം' ഏതവയവത്തെ ബാധിക്കുന്നു?
(എ) അഡ്രീനൽ ഗ്രന്ഥി (ബി) തൈറോയ്ഡ് ഗ്രന്ഥി
(സി) പിറ്റ്യൂറ്ററി ഗ്രന്ഥി (ഡി) പീനിയൽ ഗ്രന്ഥി

60. കേരള സംസ്ഥാനം രൂപവത്കരണത്തിന്റെ 25 വർഷം പൂർത്തിയാക്കിയ 1981 നവംബർ ഒന്നിന് മുഖ്യമന്ത്രി ആരായിരുന്നു?
(എ) സി.അച്യുതമേനോൻ (ബി) എ.കെ.ആന്റണി
(സി) ഇ.കെ.നായനാർ (ഡി) പ്രസിഡന്റു ഭരണം

61. വെള്ളം തണുത്തിരിക്കുന്നത് ഏതു തരം പാത്രത്തിൽ സംഭരിക്കുമ്പോഴാണ്?
(എ) മൺപാത്രം (ബി) ലോഹപാത്രം
(സി) പ്ലാസ്റ്റിക് പാത്രം (ഡി) ഗ്ലാസ് പാത്രം

62. പാഴ്സികളുടെ പുരാതന അഗ്നിക്ഷേത്രങ്ങളുള്ള ഉഡ്വാഡ ഏതു സംസ്ഥാനത്താണ്?
(എ) മഹാരാഷ്ട്ര (ബി) ഗുജറാത്ത്
(സി) ഗോവ (ഡി) മധ്യപ്രദേശ്

63. കുമാരനാശാന്റെ 'വീണപൂവ്' ഏതു പത്രത്തിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്?
(എ) മിതവാദി (ബി) സമദർശി (സി) ദീപിക (ഡി) വിവേകോദയം

64. വൈക്കം മുഹമ്മദ് ബഷീറിന്റെ ആദ്യനോവൽ:
(എ) മതിലുകൾ (ബി) പ്രേമലേഖനം
(സി) ബാല്യകാലസഖി (ഡി) പാത്തുമ്മയുടെ ആട്

65. 'കൊടൈക്കനാൽ' ഏതു മലനിരകളിലാണ്?
(എ) കാരക്കോറം (ബി) ആരവല്ലി
(സി) പളനി മലനിരകൾ (ഡി) നീലഗിരി

66. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കാലാവധി:
(എ) 1951–56 (ബി) 1950–55 (സി) 1952–57 (ഡി) 1947–52

67. ചിറകുകളില്ലാത്ത ഒരു ഷഡ്പദം:
(എ) വണ്ട് (ബി) ശലഭം (സി) മൂട്ട (ഡി) ചീവീട്

68. ഇന്ത്യയുടെ 'ജൊവാൻ ഓഫ് ആർക്ക്' എന്നു വിശേഷിപ്പിക്കുന്നതാരെ?
(എ) ഝാൻസി റാണി (ബി) സരോജിനി നായിഡു
(സി) ഇന്ദിരാഗാന്ധി (ഡി) റസിയാ ബീഗം

69. മലയാളത്തിലെ ആദ്യത്തെ മഹാകാവ്യമായ 'രാമചന്ദ്രവിലാസം' രചിച്ചതാര്?
(എ) അഴകത്ത് രാമക്കുറുപ്പ് (ബി) വൈക്കത്ത് പാച്ചുമൂത്തത്
(സി) അഴകത്ത് പദ്മനാഭക്കുറുപ്പ് (ഡി) ചെറുശ്ശേരി

70. കൃത്രിമമഴ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ലവണം:
(എ) സിൽവർ നൈട്രേറ്റ് (ബി) സിൽവർ അയഡൈഡ്
(സി) സോഡിയം ക്ലോറൈഡ് (ഡി) സോഡിയം അയഡൈഡ്

71. പാലിനെ തൈരാക്കുന്ന ബാക്ടീരിയ:
(എ) വിബ്രിയോ (ബി) സ്ട്രെപ്റ്റോകോക്കസ്
(സി) ലാക്ടോബാസില്ലസ് (ഡി) ഇതൊന്നുമല്ല

72. ഡെങ്കിപ്പനി പരത്തുന്നത്:
(എ) കൊതുക് (ബി) എലി (സി) എലിച്ചെള്ള് (ഡി) മൂട്ട

73. മനുഷ്യന്റെ ഒരു വൃക്കയുടെ ശരാശരി ഭാരം---- ഗ്രാം ആണ്:
(എ) 430 (ബി) 630 (സി) 230 (ഡി) 130

74. 'സുവർണ മയൂരം' ഏതുമായി ബന്ധപ്പെട്ട അവാർഡാണ്?
(എ) സാഹിത്യം (ബി) സിനിമ (സി) സംഗീതം (ഡി) ചിത്രകല

75. 'ഇന്ത്യാഗേറ്റ്' രൂപകല്പന ചെയ്തത്:
(എ) ലെ കർബ്യുസിയർ (ബി) വില്യം എമേഴ്സൺ
(സി) ഹെർബെർട്ട് ബേക്കർ (ഡി) എഡ്വിൻ ലൂട്യൻസ്

76. പദവിയിലിരിക്കെ അന്തരിച്ച, കേരളത്തിലെ ആദ്യത്തെ മന്ത്രി:
(എ) വി.കെ.വേലായുധൻ (ബി) വി.കെ.രാജൻ
(സി) പി.ടി.ചാക്കോ (ഡി) വി.കെ.വേലപ്പൻ

77. 'കാലത്തിന്റെ കപോലത്തിലെ കണ്ണുനീർത്തുള്ളി' എന്ന് താജ്മഹലിനെ വിശേഷിപ്പിച്ചത്:
(എ) ഷാജഹാൻ (ബി) ഉസ്താദ് ഇസ
(സി) രബീന്ദ്രനാഥ് ടാഗോർ (ഡി) മുഹമ്മദ് ഇക്ബാൽ

78. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള കേന്ദ്ര ഭരണ പ്രദേശം:
(എ) ചണ്ഡിഗഢ് (ബി) ഡൽഹി
(സി) ലക്ഷദ്വീപ് (ഡി) പോണ്ടിച്ചേരി

79. താഴെപ്പറയുന്നവയിൽ ഭരണഘടനാപദവിയല്ലാത്തത് ഏത്?
(എ) ചീഫ് ഇലക്ഷൻ കമ്മീഷണർ (ബി) സ്പീക്കർ
(സി) ഗവർണർ (ഡി) ആസൂത്രണകമ്മീഷൻ ഉപാധ്യക്ഷൻ

80. കാളപ്പോര് ഏതുരാജ്യത്തെ ദേശീയ കായിക വിനോദമാണ്?
(എ) ജപ്പാൻ (ബി) കാനഡ (സി) റഷ്യ (ഡി) സ്പെയിൻ

81. പ്രഥമ ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിൽ വിജയിച്ച രാജ്യം?
(എ) വെസ്റ്റ് ഇൻഡീസ് (ബി) യു.കെ.
(സി) ഇന്ത്യ (ഡി) പാകിസ്താൻ

82. ഭാരതരത്ന ബഹുമതിക്കർഹനായ വ്യവസായി?
(എ) ജി.ഡി.ബിർള (ബി) ജെ.ആർ.ഡി.ടാറ്റ
(സി) ധിരുഭായി അംബാനി (ഡി)രത്തൻ ടാറ്റ

83. ഏതു വർഷമാണ് 'സംക്ഷേപവേദാർഥം'പ്രസിദ്ധപ്പെടുത്തിയത്?
(എ) 1789 (ബി) 1762 (സി) 1771 (ഡി)1772

84. ഡെങ്കിപ്പനിക്കു കാരണം ?
(എ) ബാക്ടീരിയ (ബി) വൈറസ്
(സി) ഫംഗസ് (ഡി) പ്രോട്ടോസോവ

85. ഇന്ത്യയിലെ ആദ്യത്തെ ജൂതപ്പള്ളി ഏതു സംസ്ഥാനത്താണ് നിർമിക്കപ്പെട്ടത്?
(എ) കേരളം (ബി) മഹാരാഷ്ട്ര
(സി) തമിഴ്നാട് (ഡി) പശ്ചിമ ബംഗാൾ

86. ശ്രീബുദ്ധൻ ഇഹലോകവാസം വെടിഞ്ഞ സ്ഥലം?
(എ) ലുംബിനി (ബി) കുശിനഗരം (സി) ഗയ (ഡി) സാരനാഥ്

87. 'താൻസൻ സമ്മാനം'നൽകുന്നത് ഏതു സംസ്ഥാനത്തെ ഗവൺമെന്റാണ്?
(എ) തമിഴ്നാട് (ബി) മധ്യപ്രദേശ്
(സി) കർണാടകം (ഡി) ബീഹാർ

88. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിതമായ വർഷം :
(എ) 1957 (ബി) 1964 (സി) 1956 (ഡി) 1967

89. കോൺസ്റ്റാന്റിനോപ്പിളിന്റെ ഇപ്പോഴത്തെ പേര്:
(എ) ഓസ്ലോ (ബി) അങ്കാറ
(സി) ടോക്കിയോ (ഡി) ഇസ്താൻബുൾ

90. 'യോമിയുരി ഷിംബുൺ' ഏതുരാജ്യത്തെ പത്രമാണ്?
(എ) ചൈന (ബി) തായ്‌ലൻഡ് (സി) ജപ്പാൻ (ഡി) മ്യാൻമർ

91. ഏതു സംസ്ഥാനം വിഭജിച്ചാണ് ജാർഖണ്ഡ് സംസ്ഥാനം രൂപവത്കരിച്ചത്?
(എ) മധ്യപ്രദേശ് (ബി) ബീഹാർ
(സി) ഉത്തർ പ്രദേശ് (ഡി) ഒറീസ്സ

92. ഇന്ത്യയിൽ മുസ്ലിം ലീഗ് സ്ഥാപിതമായ വർഷം:
(എ) 1906 (ബി) 1907 (സി) 1885 (ഡി) 1916

93. കേരളനിയമസഭയിൽ ഏറ്റവും കൂടുതൽ പ്രാവശ്യം കാസ്റ്റിങ് വോട്ട് പ്രയോഗിച്ച സ്പീക്കർ:
(എ) വക്കം പുരുഷോത്തമൻ (ബി) വി.എം.സുധീരൻ
(സി) എ.സി.ജോസ് (ഡി) എം.വിജയകുമാർ

94. 'ദ്വിരാഷ്ട്ര സിദ്ധാന്തം' ആവിഷ്കരിച്ചത്:
(എ) മഹാത്മാഗാന്ധി (ബി) മുഹമ്മദലി ജിന്ന

(സി) ജവാഹർലാൽ നെഹ്റു(ഡി) മൗലാനാ ആസാദ്

95. അടിമവംശം സ്ഥാപിച്ചത്:
(എ) ഇൽത്തുമിഷ് (ബി) കുത്തബ്ദ്ദീൻ ഐബക്
(സി) റസിയാ ബീഗം (ഡി) ബാൽബൻ

96. ഗാന്ധി സമാധാന സമ്മാനത്തിനർഹനായ ആദ്യത്തെ ഭാരതീയൻ:
(എ) വിനോബാഭാവെ (ബി) ജയപ്രകാശ് നാരായൺ
(സി) ബാബാ ആംതെ (ഡി) മദർ തെരേസ

97. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പട്ട് ഉൽപാദിപ്പിക്കുന്ന സംസ്ഥാനം:
(എ) രാജസ്ഥാൻ(ബി) ഗുജറാത്ത് (സി) കേരളം (ഡി) കർണാടകം

98. 'ജ്ഞാനപ്പാന' രചിച്ചത്:
(എ) പൂന്താനം (ബി) ചെറുശ്ശേരി
(സി) കുഞ്ചൻ നമ്പ്യാർ (ഡി) മേൽപ്പുത്തൂർ

99. 1857ലെ കലാപകാലത്ത് ബ്രിട്ടീഷിന്ത്യയിൽ ഗവർണർ ജനറലായിരുന്നത്:
(എ) കാനിങ് പ്രഭു (ബി) ഡൽഹൗസി പ്രഭു
(സി) വില്യം ബെന്റിക് പ്രഭു (ഡി) വാറൻ ഹേസ്റ്റിംഗ്സ് പ്രഭു

100. ഏതു രാജ്യത്തെ ലിപിയായിരുന്നു 'ഹീറോഗ്ലിഫിക്സ്'?
(എ) ഇറാക്ക് (ബി) ഇറാൻ (സി) ചൈന (ഡി) ഈജിപ്ത്

Answers: 1(b) 2(d) 3(c) 4(b) 5(d) 6 (b) 7(d) 8 (c) 9 (a) 10(c) 11(b) 12(d) 13(b) 14(d) 15(a) 16(c) 17(b) 18(b) 19(d) 20(c)2 1 (d) 22(c) 23 (d) 24 (b) 25(c)2 6(b) 27(c) 28(a) 29(b) 30(a) 31(a) 32(b) 33(d) 34(d) 35(d)36(c)37(c) 38(c) 39(b) 40(c) 41(c) 42 (a) 43(c) 44 (a) 45(c) 46(a) 47 (c) 48(d)49(b) 50(d) 51(b) 52(b) 53(c) 54(b) 55(a) 56(a) 57(d) 58(b) 59(a) 60(d)61(a) 62(b) 63(a)64(c) 65(c) 66(a) 67(c)68(a) 69(c) 70(b) 71(c) 72(a) 73(d)74(b)75(d) 76(d) 77 (c) 78(b)79(d)80(d) 81(a)82(b) 83(d)84(b) 85(a)86 (b) 87(b) 88 (a) 89 (d) 90(c) 91(b) 92(a) 93(c) 94(b) 95(b) 96(c) 97(d) 98(a) 99(a) 100(d)

പരിശീലന ചോദ്യപേപ്പർ 4

1. 'ലക്ഷ ബക്ഷ' എന്നറിയപ്പെട്ടിരുന്ന ഡൽഹി സുൽത്താൻ?
(എ) കുത്തബ്ദ്ദീൻ ഐബക് (ബി) സിക്കന്ദർ ലോധി
(സി) അലാവുദ്ദീൻ ഖിൽജി (ഡി) ബാൽബൻ

2. സിന്ധുനദീതടസംസ്കാരകാലത്തെ തുറമുഖമായിരുന്നു:
(എ) ഹാരപ്പ (ബി) മോഹൻജൊദാരോ
(സി) ലോതൽ (ഡി) രംഗ്പൂർ

3. 'സ്റ്റാച്യു ഓഫ് ലിബർട്ടി' ഏതുരാജ്യമാണ് അമേരിക്കൻ ഐക്യനാടുകൾക്ക് സമ്മാനിച്ചത്?
(എ) ബ്രിട്ടൺ (ബി) കാനഡ (സി) ഇറ്റലി (ഡി) ഫ്രാൻസ്

4. 'എല്ലോറ ഗുഹകൾ'ഏതുസംസ്ഥാനത്താണ്?
(എ) മഹാരാഷ്ട്ര (ബി) ഒറീസ്സ
(സി) ബീഹാർ (ഡി) ഉത്തർ പ്രദേശ്

5. കോഫിബോർഡിന്റെ ആസ്ഥാനം
(എ) ന്യൂഡൽഹി (ബി) മുംബൈ
(സി) ബാംഗ്ലൂർ (ഡി) കൊൽക്കത്ത

6. ഇന്ത്യയിലെ ഏറ്റവും ഉയർന്ന പുരസ്കാരം?
(എ) പത്മശ്രീ (ബി) പരമവീരചക്രം
(സി) പത്മവിഭൂഷൺ (ഡി) ഭാരതരത്നം

7. കേരളത്തിൽ ഏറ്റവും കുറച്ചുകാലം മന്ത്രിയായിരുന്നത്:
(എ) രമേശ് ചെന്നിത്തല (ബി) സി.ഹരിദാസ്
(സി) ആർ.ബാലകൃഷ്ണപിള്ള (ഡി) എം.പി.വീരേന്ദ്രകുമാർ

8. ഇന്ത്യയുടെ പ്രതിരോധസേനകളുടെ സർവസൈന്യാധിപൻ?
(എ) പ്രതിരോധമന്ത്രി (ബി) പ്രസിഡന്റ്
(സി) പ്രധാനമന്ത്രി (ഡി) ലോക്സഭാസ്പീക്കർ

9. 1921ൽ നടന്ന ആദ്യത്തെ അഖില കേരള കോൺഗ്രസ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്:
(എ) ജവാഹർലാൽ നെഹ്റു (ബി) ആനി ബസന്റ്
(സി) ടി.പ്രകാശം (ഡി) കെ.കേളപ്പൻ

10. ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹം?
(എ) ആര്യഭട്ട (ബി) ഭാസ്കര (സി) രോഹിണി(ഡി) ഇൻസാറ്റ്

11. ബന്ദിപ്പൂർ ദേശീയോദ്യാനം ഏതു സംസ്ഥാനത്താണ്?
(എ) അസം (ബി) കർണാടകം
(സി) ആന്ധ്രാപ്രദേശ് (ഡി) തമിഴ്നാട്

12. അമേരിക്കൻ ഐക്യനാടുകളുടെ തലസ്ഥാനം?
(എ) ന്യൂയോർക്ക് (ബി) ഷിക്കാഗോ
(സി) വാഷിങ്ടൺ ഡി.സി. (ഡി) സാൻഫ്രാൻസിസ്കോ

13. 'ബോൾഷെവിക് വിപ്ലവം'നടന്നത് ഏതു രാജ്യത്താണ്?
(എ) ഫ്രാൻസ് (ബി) ചൈന (സി) റഷ്യ (ഡി) യു.എസ്.എ.

14. ജപ്പാനിലെ നാണയം?
(എ) ഫ്രാങ്ക് (ബി) ഡോളർ (സി) യുവാൻ (ഡി) യെൻ

15. മട്ടാഞ്ചേരിയിൽ യഹൂദപ്പള്ളി സ്ഥാപിക്കപ്പെട്ട വർഷം:
(എ) 1498 (ബി) 1653 (സി) 1567 (ഡി) 1577

16. മഹാത്മാഗാന്ധി സർവകലാശാലയുടെ ആസ്ഥാനം:
(എ) കളമശ്ശേരി (ബി) തേഞ്ഞിപ്പാലം
(സി) കുമരകം (ഡി) അതിരമ്പുഴ

17. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനം:
(എ) ഇന്ത്യൻ റെയിൽവേ (ബി) ബി.എസ്.എൻ.എൽ
(സി) എയർ ഇന്ത്യ (ഡി) ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ്

18. തിരുവിതാംകൂർ നിയമസഭയിൽ നാമനിർദ്ദേശം ചെയ്ത് അംഗമാക്കപ്പെട്ട ആദ്യവനിത:
(എ) അക്കാമ്മ ചെറിയാൻ (ബി) ആനി മസ്ക്രീൻ
(സി) മേരി പുന്നൻ ലൂക്കോസ് (ഡി) കെ.ആർ.ഗൗരി

19. 'അതിർത്തി ഗാന്ധി' എന്നറിയപ്പെട്ടത്:
(എ) ഖാൻ അബ്ദുൾ ഗാഫർ ഖാൻ
(ബി) മൗലാനാ ആസാദ് (സി) ഷൗക്കത്തലി
(ഡി) സി.രാജഗോപാലാചാരി

20. കെൽവിൻ സ്കെയിലിൽ മനുഷ്യശരീരത്തിന്റെ സാധാരണ ഊഷ്മാവ് എത്രയാണ്?
(എ) 310 (ബി) 290 (സി) 300 (ഡി) 280

21. കൂടു നിർമിക്കുന്ന പാമ്പ്:
(എ) അണലി (ബി) രാജവെമ്പാല
(സി) ശംഖുവരയൻ (ഡി) പെരുമ്പാമ്പ്

22. ഭൂമിയോട് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്ന നക്ഷത്രം:
(എ) ധ്രുവനക്ഷത്രം (ബി) ആൽഫാ സെഞ്ചുറി
(സി) സൂര്യൻ (ഡി) സിറിയസ്

23. 'ഗുരുമുഖി' എന്നറിയപ്പെടുന്ന ലിപി ഏതു ഭാഷയുടേതാണ്?
(എ) ഹിന്ദി (ബി) തെലുങ്ക് (സി) പഞ്ചാബി (ഡി) തമിഴ്

24. കേരളചരിത്രത്തിൽ 'പറങ്കികൾ' എന്നറിയപ്പെടുന്നത്:
(എ) ഡച്ചുകാർ (ബി) പോർച്ചുഗീസുകാർ
(സി) ബ്രിട്ടീഷുകാർ (ഡി) ഫ്രഞ്ചുകാർ

25. ഫ്രാൻസിലെ നിയമ നിർമാണ സഭ:
(എ) ഹൗസ് ഓഫ് കോമൺസ് (ബി) നാഷണൽ അസംബ്ലി
(സി) കോൺഗ്രസ് (ഡി) ഡയറ്റ്

26. ദേശീയ യുവജനദിനം:
(എ) ഓഗസ്റ്റ് 12 (ബി) ജനുവരി 15
(സി) ജനുവരി 12 (ഡി) ഒക്ടോബർ 1

27. ആനമുടിയുടെ ഉയരം എത്ര മീറ്ററാണ്?
(എ) 2695 (ബി) 2817 (സി) 2800 (ഡി) 2965

28. സൗരയൂഥത്തിലെ ഏറ്റവും വലിയ ഉപഗ്രഹം:
(എ) ടൈറ്റാൻ (ബി) യൂറോപ്പ (സി) ചന്ദ്രൻ (ഡി) ഗാനിമീഡ്

29. പ്രഥമ ആധുനിക ഒളിമ്പിക്സിനു വേദിയായത്:
(എ) ഏഥൻസ് (ബി) ലണ്ടൻ
(സി) ബാങ്കോക്ക് (ഡി) പാരീസ്

30. ഇന്ത്യൻ ഭരണഘടനാനിർമാണസഭയുടെ അധ്യക്ഷനായിരുന്നത്:
(എ) ഡോ.അംബേദ്കർ (ബി) ഡോ.രാജേന്ദ്രപ്രസാദ്
(സി) ജവാഹർലാൽ നെഹ്റു (ഡി) മഹാത്മാഗാന്ധി

31. എന്തളക്കാനാണ് ആൾട്ടിമീറ്റർ ഉപയോഗിക്കുന്നത്?
(എ) വേഗം (ബി) ഉയരം (സി) മഴ (ഡി) സാന്ദ്രത

32. ബ്രിട്ടീഷ് സാമ്രാജ്യത്തെ 'വെൺ നീചൻ' എന്ന് വിശേഷിപ്പിച്ചത്
(എ) അയ്യങ്കാളി (ബി) വൈകുണ്ഠസ്വാമികൾ
(സി) ചട്ടമ്പി സ്വാമികൾ (ഡി) ആലത്തൂർ സ്വാമി

33. മെട്രിക് സംവിധാനം നടപ്പാക്കിയ ആദ്യ രാജ്യം:
(എ) ബ്രിട്ടൺ (ബി)യു.എസ്.എ. (സി) ചൈന (ഡി) ഫ്രാൻസ്

34. തമിഴ്നാട് സംസ്ഥാനത്ത് മുഖ്യമന്ത്രിയായ ആദ്യ വനിത:
(എ) ജയലളിത (ബി)നന്ദിനി സത്പതി
(സി) ജാനകി രാമചന്ദ്രൻ (ഡി) ഫാത്തിമാബീവി

35. ഇന്ത്യയിലെ എത്രാമത്തെ സംസ്ഥാനമാണ് തെലങ്കാന
(എ) 28 (ബി) 29 (സി) 30 (ഡി) 31

36. ട്രാൻസ്-സൈബീരിയൻ റെയിൽവേ ഏതു രാജ്യത്താണ് നിർമിച്ചിരിക്കുന്നത്?

(എ) യു.എസ്.എ. (ബി) റഷ്യ (സി) ചൈന (ഡി) ബ്രസീൽ

37. 1341-ൽ പെരിയാറിലുണ്ടായ വെള്ളപ്പൊക്കത്തിൽ നശിച്ച തുറമുഖമേത്?
(എ) കൊച്ചി (ബി) കൊല്ലം (സി) വിഴിഞ്ഞം (ഡി) കൊടുങ്ങല്ലൂർ

38. കേരളത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി എവിടെ സ്ഥിതി ചെയ്യുന്നു?
(എ) പുനലൂർ (ബി) വാളയാർ (സി) നല്ലളം (ഡി) വെള്ളൂർ

39. ഇന്ത്യയിലെ ആദ്യത്തെ ധനതത്ത്വശാസ്ത്രചിന്തകൻ എന്നറിയപ്പെടുന്നത്:
(എ) സുരേന്ദ്രനാഥ് ബാനർജി (ബി)രാജാറാം മോഹൻ റോയ്
(സി) ബങ്കി ചന്ദ്ര ചാറ്റർജി (ഡി) ദാദാഭായ് നവറോജി

40. ആരെയാണ് ഗാന്ധിജി രാഷ്ട്രീയപിൻഗാമിയായി പ്രഖ്യാപിച്ചത്?
(എ) സി.രാജഗോപാലാചാരി (ബി) ജവാഹർലാൽ നെഹ്രു
(സി) ഗോപാലകൃഷ്ണഗോഖലെ (ഡി) വിനോബാഭാവെ

41. 'കറുത്തമ്മ'എന്ന കഥാപാത്രം ആരുടെ സൃഷ്ടിയാണ്?
(എ) എം.മുകുന്ദൻ (ബി) തകഴി ശിവശങ്കരപ്പിള്ള
(സി) എസ്.കെ.പൊറ്റക്കാട്ട് (ഡി) ഒ.വി.വിജയൻ

42. 1849-ലെ മഞ്ചേരി കലാപത്തിനു നേതൃത്വം നൽകിയത്:
(എ) അത്തൻമോയൻ കുരിക്കൾ(ബി) തലയ്ക്കൽ ചന്തു
(സി) എടച്ചേന കുങ്കൻ (ഡി) ആലി മുസലിയാർ

43. മാഞ്ചസ്റ്റർ ഏതു വ്യവസായത്തിനാണു പ്രസിദ്ധം?
(എ) കപ്പൽ നിർമാണം (ബി) ടെക്സ്റ്റൈൽസ്
(സി) ലെൻസ് (ഡി) എണ്ണ ഖനനം

44. 1885-ൽ സ്ഥാപിതമായ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യയോഗത്തിൽ ആദ്യ പ്രമേയം അവതരിപ്പിച്ചത്?
(എ) എ.ഒ.ഹ്യൂം (ബി) ഡബ്ല്യു.സി.ബാനർജി
(സി) ജി.സുബ്രമണ്യ അയ്യർ (ഡി) ഡഫറിൻ പ്രഭു

45. ലുധിയാന ഏതുനദിയുടെ തീരത്താണ്?
(എ) ഗംഗ (ബി) യമുന (സി) സത്‌ലജ് (ഡി) ഗോമതി

46. 1897-ലെ അമരാവതി കോൺഗ്രസ് സമ്മേളനത്തിൽ അധ്യക്ഷനായ മലയാളി:
(എ) സി.ശങ്കരൻ നായർ (ബി) ജി.പി.പിള്ള
(സി) കെ.കേളപ്പൻ (ഡി) കെ.പി.കേശവമേനോൻ

47. കൊച്ചിരാജ്യത്തിന്റെ മറ്റൊരു പേര്:
(എ)പെരുമ്പടപ്പ് (ബി) വടക്കുംകൂർ
(സി) ചെമ്പകശ്ശേരി (ഡി) കോലത്തുനാട്

48. 1916-ൽ 'ഈസ്റ്റർ കലാപം' നടന്ന രാജ്യം:
(എ) ഫ്രാൻസ് (ബി) അയർലൻഡ് (സി) ചൈന (ഡി) റഷ്യ

49. 1921 ഏപ്രിലിൽ ഒറ്റപ്പാലത്തുചേർന്ന അഖില കേരള രാഷ്ട്രീയ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത്:
(എ) ജവാഹർലാൽ നെഹ്രു (ബി) ടി.പ്രകാശം
(സി) ആനി ബസന്റ് (ഡി) എസ്. കസ്തൂരി രംഗയ്യങ്കാർ

50. 1961-ൽ ചേരിചേരാ പ്രസ്ഥാനത്തിന്റെ ആദ്യ സമ്മേളനം നടന്ന സ്ഥലം:
(എ) ന്യൂഡൽഹി (ബി) കെയ്റോ
(സി) ബന്ദൂങ് (ഡി) ബെൽഗ്രേഡ്

51. 1986-ൽ ആണവദുരന്തം നടന്ന ചെർണോബിൽ ഏതു രാജ്യത്താണ്?
(എ) റഷ്യ (ബി) കസഖ്സ്താൻ
(സി) ഉക്രയിൻ (ഡി) ഉസ്ബക്കിസ്താൻ

52. 1967-ലെ 'ആറുദിന യുദ്ധ'ത്തിൽ വിജയിച്ച രാജ്യം:
(എ) അമേരിക്ക (ബി) ഇസ്രയേൽ
(സി) സിറിയ (ഡി) ഈജിപ്ത്

53. ഇരവികുളം നാഷണൽ പാർക്ക് ഏതുജില്ലയിലാണ്?
(എ) പാലക്കാട് (ബി) വയനാട്
(സി) എറണാകുളം (ഡി) ഇടുക്കി

54. മൗര്യവംശം സ്ഥാപിച്ചതാര്?
(എ) അശോകൻ (ബി) ചന്ദ്രഗുപ്തമൗര്യൻ
(സി) ബിന്ദുസാരൻ (ഡി) ബൃഹദ്രഥൻ

55. താഴെപ്പറയുന്നവയിൽ വൈറസ് രോഗമേത്?
(എ) സിഫിലിസ് (ബി) ക്ഷയം (സി) പ്ലേഗ് (ഡി) റേബീസ്

56. കേരളത്തിലെ ആദ്യത്തെ റെയിൽവേ ലൈൻ നിലവിൽ വന്ന വർഷം?
(എ) 1904 (ബി) 1857 (സി) 1871 (ഡി) 1861

57. യു.എൻ.ചാർട്ടർ ഒപ്പുവെക്കപ്പെട്ട വർഷം:
(എ) 1947 (ബി) 1950 (സി) 1945 (ഡി) 1944

58. 'ത്രിപിടകങ്ങൾ' ഏതുമതവുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങളാണ്?
(എ) ജൈനമതം (ബി) ബുദ്ധമതം
(സി) ഹിന്ദുമതം (ഡി) പാഴ്സി മതം

59. 'ഗൂർഖകൾ' ഏതുരാജ്യത്തെ ജനവിഭാഗം?
(എ) ശ്രീലങ്ക (ബി) നേപ്പാൾ (സി) ജപ്പാൻ (ഡി) ദക്ഷിണ കൊറിയ

60. കേരളത്തിൽ ഏതു ഭൂപ്രദേശത്താണ് ജനസാന്ദ്രത ഏറ്റവും കൂടുതൽ?
(എ) മലനാട് (ബി) ഇടനാട്
(സി) തീരപ്രദേശം (ഡി) ഇവയൊന്നുമല്ല

61. അന്യായമായി തടവിലാക്കപ്പെട്ട ഒരാളെ മോചിപ്പിക്കാൻ കോടതി ഇടപെടുന്നതുമായി ബന്ധപ്പെട്ട റിട്ട്:
(എ) മാൻഡമസ് (ബി) കോ-വാറന്റോ
(സി) സെർഷ്യോററി (ഡി) ഹേബിയസ് കോർപ്പസ്

62. അന്തരീക്ഷത്തിലെ ഏത് പാളിയിലാണ് ഓസോൺ കാണപ്പെടുന്നത്?
(എ) ട്രോപ്പോസ്ഫിയർ (ബി) സ്ട്രാറ്റോസ്ഫിയർ(സി) തെർമോസ്ഫിയർ (ഡി) മിസോസ്ഫിയർ

63. അമാവാസിയിൽ സൂര്യൻ, ചന്ദ്രൻ, ഭൂമി എന്നിവയുടെ ആപേക്ഷിക സ്ഥാനങ്ങൾ
(എ) സൂര്യൻ ഭൂമിക്കും ചന്ദ്രനും മധ്യേ
(ബി) ഭൂമി സൂര്യനും ചന്ദ്രനും മധ്യേ
(സി) ചന്ദ്രൻ സൂര്യനും ഭൂമിക്കും മധ്യേ
(ഡി) ഇവയൊന്നുമല്ല

64. മലബാർ ബ്രിട്ടീഷുകാർക്കു ലഭിച്ചതിനു കാരണമായ ശ്രീരംഗപട്ടണം ഉടമ്പടി ടിപ്പുവും ബ്രിട്ടീഷുകാരും ഒപ്പുവെച്ച വർഷം:
(എ) 1793 (ബി) 1792 (സി) 1789 (ഡി) 1799

65. മലയാള പത്രപ്രവർത്തനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്:
(എ) കേസരി ബാലകൃഷ്ണപിള്ള
(ബി) ചെങ്കളത്തു കുഞ്ഞിരാമമേനോൻ
(സി) സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള
(ഡി) സിവി.കുഞ്ഞുരാമൻ

66. ഏതുവർഷമാണ് ഗാന്ധിജി നിസ്സഹരണ പ്രസ്ഥാനം ആരംഭിച്ചത്?
(എ) 1920 (ബി) 1917 (സി) 1924 (ഡി) 1925

67. 'ഈഫൽ ഗോപുരം' എവിടെയാണ്?
(എ) ഷിക്കാഗോ (ബി) പാരീസ് (സി) ബെയ്ജിങ് (ഡി) ലണ്ടൻ

68. ബേക്കിങ് സോഡയുടെ രാസനാമം:
(എ) സോഡിയം ക്ലോറൈഡ് (ബി) കോപ്പർ സൽഫേറ്റ്
(സി) സോഡിയം കാർബണേറ്റ്
(ഡി) സോഡിയം ബൈകാർബണേറ്റ്

69. എവിടുത്തെ രാജാവായിരുന്നു ശക്തൻ തമ്പുരാൻ?
(എ) കോഴിക്കോട് (ബി) വേണാട്
(സി) കൊച്ചി (ഡി) കോലത്തുനാട്

70. ഇന്ത്യയിലെ ആദ്യത്തെ വനിതാ ഗവർണർ:
(എ) സുചേത കൃപലാനി (ബി) വിജയലക്ഷ്മി പണ്ഡിറ്റ്
(സി) സരോജിനി നായിഡു (ഡി) ഇന്ദിരാഗാന്ധി

71. ഇന്ത്യയുടെ കര അതിർത്തിയുടെ നീളം എത്ര കിലോമീറ്റർ?
(എ) 7516.6 (ബി) 15200 (സി) 38863 (ഡി) 32900

72. കേരളത്തിൽ ശ്രീ ശങ്കര സംസ്കൃത സർവകലാശാലയുടെ ആസ്ഥാനം:
(എ) തിരുവനന്തപുരം (ബി) തിരൂർ (സി)കാലടി (ഡി) കളമശ്ശേരി

73. ഇന്ത്യയിൽ ഒരു സംസ്ഥാനത്ത് സ്വന്തം നിലയിൽ വ്യക്തമായ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്ന ആദ്യത്തെ പ്രാദേശിക പാർട്ടി:
(എ) അസം ഗണ പരിഷത്ത് (ബി) തെലുങ്കുദേശം
(സി) ഡി.എം.കെ. (ഡി) അകാലിദൾ

74. ഫ്രഞ്ചു വിപ്ലവകാലത്ത് ബാസ്റ്റൈൽ ജയിൽ തകർക്കപ്പെട്ട വർഷം:
(എ) 1776 (ബി) 1779 (സി) 1791 (ഡി) 1789

75. മാർത്താണ്ഡവർമ തൃപ്പടിദാനം നടത്തിയ വർഷം:
(എ) 1741 (ബി) 1758 (സി) 1729 (ഡി) 1750

76. അക്ബറിന്റെ റവന്യൂ ഉദ്യോഗസ്ഥനായിരുന്നത്:
(എ) ബീർബൽ (ബി) താൻസെൻ
(സി) തോഡർമൽ (ഡി) മാൻസിങ്

77. മാമാങ്ക ആഘോഷങ്ങൾ അവസാനിക്കാൻ കാരണം?
(എ) പോർച്ചുഗീസുകാരുടെ ആക്രമണം
(ബി) പെരിയാറിലെ വെള്ളപ്പൊക്കം
(സി) മൈസൂർ ആക്രമണം (ഡി) പഴശ്ശി രാജാവിന്റെ പരാജയം

78. മൂല്യ വർധിത നികുതി നടപ്പാക്കിയ ആദ്യ രാജ്യം
(എ) ബ്രിട്ടൺ (ബി) ഫ്രാൻസ് (സി) യു.എസ്.എ. (ഡി) ജർമനി
79. അടിയന്തരാവസ്ഥയുമായി ബന്ധമില്ലാത്ത അനുച്ഛേദം ഏത്?
(എ) 360 (ബി) 352 (സി) 368 (ഡി) 356
80. അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടന നിലവിൽ വന്ന വർഷം:
(എ) 1776 (ബി) 1789 (സി) 1779 (ഡി) 1780
81. 'നോക്ക് ഔട്ട്' ഏതുകായികഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ക്രിക്കറ്റ് (ബി) വോളിബോൾ
(സി) ഹോക്കി (ഡി) ബോക്സിങ്
82. കൺഫൂഷ്യനിസം ഏതുരാജ്യത്താണ് പ്രചരിച്ചത്?
(എ) ഇന്ത്യ (ബി) ഈജിപ്ത് (സി) ചൈന (ഡി) ജപ്പാൻ
83. 'ദി ട്രിബ്യൂൺ' എവിടെനിന്നുമാണ് പ്രസിദ്ധീകരിക്കുന്നത്?
(എ) ന്യൂഡൽഹി (ബി) ചണ്ഡിഗഡ്
(സി) കൊൽക്കത്ത (ഡി) ചെന്നൈ
84. 'കാസ്റ്റിക് സോഡ'യുടെ രാസനാമം:
(എ) സോഡിയം ഹൈഡ്രോക്സൈഡ്
(ബി) സോഡിയം സിട്രേറ്റ് (സി) സോഡിയം ക്ലോറൈഡ്
(ഡി) കാൽസ്യം ഹൈഡ്രോക്സൈഡ്
85. 'ക്രൈസ്തവകാളിദാസൻ' എന്നറിയപ്പെട്ടത്:
(എ) പി.സി.ദേവസ്യ (ബി) അയ്പ് പറമേൽ
(സി) കട്ടക്കയം ചെറിയാൻ മാപ്പിള (ഡി) ജോർജ് വർഗീസ്
86. മദർ തെരേസ അന്ത്യനിദ്ര കൊള്ളുന്നത് എവിടെയാണ്?
(എ) യുഗോസ്ലാവ്യ (ബി) കൊൽക്കത്ത
(സി) ന്യൂഡൽഹി (ഡി) ബാംഗ്ലൂർ
87. പോളിയോയ്ക്കു കാരണമായ രോഗാണു:
(എ) ബാക്ടീരിയ (ബി) പ്രോട്ടോസോവ
(സി) വൈറസ് (ഡി) ഫംഗസ്
88. ലോകത്തെ ആദ്യത്തെ വനിതാപ്രസിഡന്റായ ഇസബെൽ പെറോൺ ഏതുരാജ്യത്താണ് അധികാരത്തിൽ വന്നത്?
(എ) മംഗോളിയ (ബി) അർജന്റീന
(സി) ഫിലിപ്പൈൻസ് (ഡി) ജർമനി
89. ഹാരപ്പയും മോഹൻജൊദാരോയും ഇപ്പോൾ ഏതു രാജ്യത്താണ്?
(എ) ഇന്ത്യ (ബി) ബംഗ്ലാദേശ് (സി) ചൈന (ഡി) പാകിസ്താൻ
90. 'വിക്ടോറിയാ മെമ്മോറിയൽ' എവിടെ സ്ഥിതി ചെയ്യുന്നു?
(എ) കൊൽക്കത്ത (ബി) മുബൈ
(സി) ചെന്നൈ (ഡി) ന്യൂഡൽഹി
91. പഴശ്ശി രാജാവ് അന്തരിച്ച വർഷം:
(എ) 1809 (ബി) 1805 (സി) 1800 (ഡി) 1799
92. ഇന്ത്യയിൽ ഏതു വർഷമാണ് സതി നിരോധിക്കപ്പെട്ടത്?
(എ) 1858 (ബി) 1892 (സി) 1835 (ഡി) 1829
93. ഗോവസൂരി പ്രയോഗം കണ്ടുപിടിച്ചതാര്?
(എ) റോബർട്ട് ഹുക്ക് (ബി) ല്യൂവൻഹോക്ക്
(സി) ലൂയി പാസ്ചർ (ഡി) എഡ്വേർഡ് ജന്നർ
94. അമേരിക്കയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിനു രൂപം നൽകിയത്:
(എ) തോമസ് ജെഫേഴ്സൺ (ബി) ജോർജ് വാഷിങ്ടൺ
(സി) ജോൺ ആഡംസ് (ഡി) ബഞ്ചമിൻ ഫ്രാങ്ക്ളിൻ
95. മതേതരം, അഖണ്ഡത എന്നീ പദങ്ങൾ എത്രാമത്തെ ഭേദഗതിയിലൂടെയാണ് ഇന്ത്യൻ ഭരണഘടനയിൽ കൂട്ടിച്ചേർത്തത്?
(എ) 44 (ബി) 52 (സി) 61 (ഡി) 42
96. മതപരിവർത്തനം ചെയ്യപ്പെട്ട ജനങ്ങളെ ഹിന്ദു മതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്നത് ലക്ഷ്യമാക്കിയ പ്രസ്ഥാനം?
(എ) ശുദ്ധി പ്രസ്ഥാനം (ബി) ബ്രഹ്മസമാജം
(സി) പ്രാർഥനാസമാജം (ഡി) രാമകൃഷ്ണമിഷൻ
97. ആഫ്രിക്കയുടെ തെക്കേമുനമ്പ് ചുറ്റിസഞ്ചരിച്ച ആദ്യത്തെ യൂറോപ്യൻ നാവികൻ:
(എ) വാസ്കോ ഡി ഗാമ (ബി) ബർത്തലോമ്യ ഡയസ്
(സി) കബ്രാൾ (ഡി) ക്രിസ്റ്റഫർ കൊളംബസ്
98. ആന്തമാനേയും നിക്കോബാറിനേയും വേർതിരിക്കുന്ന ചാനൽ
(എ) 8 ഡിഗ്രി ചാനൽ (ബി) 10 ഡിഗ്രി ചാനൽ
(സി) 12 ഡിഗ്രി ചാനൽ (ഡി) 14 ഡിഗ്രി ചാനൽ
99. ആൽഫ്രഡ് വെഗനരുടെ സിദ്ധാന്തപ്രകാരം 280 ദശലക്ഷം വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ബൃഹദ് ഭൂഖണ്ഡം
(എ) ലോറേഷ്യ (ബി) പാൻജിയ
(സി) ഗോണ്ട്വാനാലാൻഡ് (ഡി) തെഥിസ്
100. ഇന്ത്യയിൽ റബ്ബർ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന സംസ്ഥാനമേത്?
(എ) അസം (ബി) ആന്ധ്രാപ്രദേശ് (സി) കേരളം(ഡി) തമിഴ്നാട്

Answers: 1 (a) 2(c) 3 (d) 4 (a) 5(c) 6(d) 7(d) 8(b) 9(c) 10(a) 11(b) 12(c) 13(c) 14(d) 15(c) 16(d) 17(a) 18(c) 19(a) 20(a)2 1 (b) 22(c) 23 (c) 24 (b) 25(b)2 6(c) 27(a) 28(d) 29(a) 30(b) 31(b) 32(b) 33(d) 34(c) 35(b)36(b)37(d) 38(d) 39(d) 40(b) 41(b) 42 (a) 43(b) 44 (c) 45(c) 46(a) 47 (a) 48(b)49(b) 50(d) 51(c) 52(b) 53(d) 54(b) 55(d) 56(d) 57(c) 58(b) 59(b) 60(c)61(d) 62(b) 63(c)64(b) 65(b) 66(a) 67(b)68(d) 69(c) 70(c) 71(b) 72(c) 73(c)74(d)75(d)76(c) 77 (c) 78(b)79(c)80(b) 81(d) 82(c) 83(b) 84(a) 85(c)86(b)87(c)88(b) 89(d) 90(a) 91(b) 92(d)93(d) 94(a)95(d) 96(a) 97(b) 98(b) 99(b) 100(c)

പരിശീലന ചോദ്യപേപ്പർ 5

1. 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' രചിച്ചതാര്?
(എ) വി.ടി.ഭട്ടതിരിപ്പാട് (ബി) ലളിതാംബിക അന്തർജനം
(സി) ലീലാദാമോദരമേനോൻ (ഡി) തകഴി
2. വിയന്ന ഏതു നദിയുടെ തീരത്താണ്?
(എ) വോൾഗ (ബി) നൈൽ (സി) ഡാന്യൂബ് (ഡി)തൈംസ്
3. കൽക്കത്ത നഗരം സ്ഥാപിച്ചത്:
(എ) ഫ്രാൻസിസ് ഡേ (ബി) ഫ്രാൻസിസ് മാർട്ടിൻ
(സി) എഡ്വിൻ ലുട്യൻസ് (ഡി) ജോബ് ചാർനോക്
4. ഖിൽജി വംശം സ്ഥാപിച്ചതാര്?
(എ) അലാവുദ്ദീൻ ഖിൽജി (ബി) ജലാലുദ്ദീൻ ഖിൽജി
(സി) ബാൽബൻ (ഡി) ഷെർഷാ
5. 1938 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സംഘടിപ്പിച്ച നാഷണൽ പ്ലാനിങ് കമ്മിറ്റിയുടെ അധ്യക്ഷനായി ആരെയാണ് ചുമതലപ്പെടുത്തിയത്?
(എ) സുബാഷ് ചന്ദ്രബോസ് (ബി) പട്ടാഭി സീതാരാമയ്യ
(സി) ജവാഹർലാൽ നെഹ്റു (ഡി) സർദാർ പട്ടേൽ
6. ജീൻവാൽജീൻ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര്?
(എ) വിക്ടർ യുഗോ (ബി) തോമസ് ഹാർഡി
(സി) ഷേക്സ്പിയർ (ഡി) അഗതാ ക്രിസ്റ്റി
7. 'സെർവന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റി' സ്ഥാപിച്ചതാര്?
(എ) ജി.ജി.അഗാർക്കർ
(ബി) ഖാൻ അബ്ദുൾ ഗാഫർഖാൻ
(സി)ബി.ആർ.അംബേദ്കർ (ഡി) ഗോപാലകൃഷ്ണ ഗോഖലെ
8. 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, പക്ഷേ എല്ലായിടത്തും അവൻ ചങ്ങലകളിലാണ്' ഇതു പറഞ്ഞതാര്?
(എ) കാറൽ മാർക്സ് (ബി) മഹാത്മാഗാന്ധി
(സി) വിൻസ്റ്റൺ ചർച്ചിൽ (ഡി) റൂസ്സോ
9. 'ദി ലാസ്റ്റ് ജഡ്ജ്മെന്റ്' എന്ന ചിത്രം വരച്ചതാര്?
(എ) ലിയോണാർഡോ ഡാവിഞ്ചി (ബി) വാൻഗോഗ്
(സി) മൈക്കലാഞ്ചലോ (ഡി) പിക്കാസോ
10. സ്റ്റെയിൻലെസ്സ് സ്റ്റീൽ കണ്ടുപിടിച്ചതാര്?
(എ) ഓപ്പൻഹീമർ (ബി) ഹാരി ബ്രയർലി
(സി) ഹെൻറി ബെസിമർ (ഡി) ചാൾസ് മാർട്ടിൻ ഹാൾ
11. ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്:
(എ) രാജാ രാമണ്ണ (ബി) വിക്രം സാരാഭായി
(സി) ഹോമി ഭാഭ (ഡി) മേഘനാഥ് സാഹ
12. സമയത്തിന്റെ എസ്.ഐ.യൂണിറ്റ്:
(എ) സെക്കന്റ് (ബി) മണിക്കൂർ (സി) നാഴിക (ഡി) മിനിട്ട്
13. 'സീസ്മോളജി' എന്തിനെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ്?
(എ) ഭൂചലനം (ബി) ജനസംഖ്യ (സി) പരിസ്ഥിതി (ഡി) നദികൾ
14. 'മൗലികാവകാശങ്ങൾ' എന്ന ആശയം ഏതു രാജ്യത്തെ ഭരണഘടനയിൽ നിന്നുമാണ് ഇന്ത്യ സ്വീകരിച്ചത്?
(എ) യു.എസ്.എ. (ബി) ഇംഗ്ലണ്ട് (സി) ജപ്പാൻ (ഡി) അയർലൻഡ്
15. താഴെപ്പറയുന്നവയിൽ ഏതിന്റെ ആസ്ഥാനമാണ് തൃശ്ശൂരിൽ അല്ലാത്തത്?
(എ) കേരള സാഹിത്യ അക്കാദമി (ബി) കേരള പ്രസ് അക്കാദമി
(സി) കേരള സംഗീതനാടക അക്കാദമി
(ഡി) കേരള ലളിതകലാ അക്കാദമി
16. പദവിയിലിരിക്കെ അന്തരിച്ച ആദ്യ ഇന്ത്യൻ പ്രസിഡന്റ്:
(എ) സഞ്ജീവ റെഡ്ഡി (ബി) സക്കീർ ഹുസൈൻ
(സി) രാജേന്ദ്രപ്രസാദ് (ഡി) രാധാകൃഷ്ണൻ

17. ആരുടെ കൃതികളെയാണ് 'റഷ്യൻ വിപ്ലവത്തിന്റെ കണ്ണാടി' എന്ന് ലെനിൻ വിശേഷിപ്പിച്ചത്?
(എ) കാൾ മാർക്സ് (ബി) ലിയോ ടോൾസ്റ്റോയി
(സി) ആന്റോൺ ചെക്കോവ് (ഡി) മാക്സിം ഗോർക്കി
18. ആദ്യമായി ഭൂപടം നിർമിച്ചു എന്നു കരുതപ്പെടുന്ന ഗ്രീക്കുകാരൻ:
(എ) ടോളമി (ബി) ഇറാത്തോസ്തനീസ്
(സി) അനാക്സിമാൻഡർ (ഡി) കോപ്പർനിക്കസ്
19. ലോകത്തെ ആദ്യത്തെ കൃത്രിമോപഗ്രഹം ഏതു വർഷമാണ് വിക്ഷേപിച്ചത്?
(എ) 1958 (ബി) 1961 (സി) 1960 (ഡി) 1957
20. 'രക്തസാക്ഷിദിന'മായി ആചരിക്കുന്നത്:
(എ) ജനവരി 31 (ബി) ജനവരി 12 (സി) ജനവരി 30 (ഡി) ജനവരി 15
21. ജപ്പാനിൽ അണുബോംബിട്ടപ്പോൾ അമേരിക്കൻ പ്രസിഡന്റായിരുന്നത്:
(എ) ഫ്രാങ്ക്ളിൻ ഡി.റൂസ്വെൽറ്റ് (ബി) ഐസനോവർ
(സി) റിച്ചാർഡ് നിക്സൺ (ഡി) ഹാരി എസ്.ട്രൂമാൻ
22. ആദ്യത്തെ ആധുനിക ഒളിമ്പിക്സ് നടന്ന വർഷം :
(എ) 1886 (ബി) 1900 (സി) 1896 (ഡി) 1904
23. മലയാളത്തിലെ ആദ്യത്തെ ചരിത്രാഖ്യായിക :
(എ) ധർമരാജ (ബി) ഇന്ദുലേഖ
(സി) മാർത്താണ്ഡവർമ (ഡി) ഭൂതരായർ
24. 'ആലീസ് ഇൻ വണ്ടർലാൻഡ്' രചിച്ചതാര്?
(എ) ടോൾസ്റ്റോയി (ബി) ഡാനിയേൽ ഡീഫോ
(സി) ലൂയി ഫിഷർ (ഡി) ലൂയി കരോൾ
25. കോപ്പർനിക്കസ് ഏതുരാജ്യക്കാരനായിരുന്നു?
(എ) ഇറ്റലി (ബി) പോളണ്ട് (സി) സ്പെയിൻ (ഡി) പോർച്ചുഗൽ
26. 'ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ' ആസ്ഥാനം:
(എ) റോം (ബി) ജനീവ (സി) വാഷിങ്ടൺ (ഡി) ന്യൂയോർക്ക്
27. ഇന്ത്യയിൽ റെയിൽവേ നടപ്പാക്കിയ ഗവർണർ ജനറൽ:
(എ) കഴ്സൺ പ്രഭു (ബി) ഡഫറിൻ പ്രഭു
(സി) വില്യം ബെന്റിക് പ്രഭു (ഡി) ഡൽഹൗസി പ്രഭു
28. കേരളത്തിലെ ഏതുജില്ലയ്ക്കാണ് തേയില ഉല്പാദനത്തിൽ ഒന്നാം സ്ഥാനം?
(എ) വയനാട് (ബി) കൊല്ലം (സി) കാസറഗോഡ് (ഡി) ഇടുക്കി
29. 'കൊട്ടാരങ്ങളുടെ നഗരം' എന്നറിയപ്പെടുന്നത്:
(എ) കൊൽക്കത്ത (ബി) ഭുവനേശ്വർ (സി) ആഗ്ര(ഡി) ജോധ്പൂർ
30. ഇന്ത്യൻ ഭരണഘടന 'കൂട്ടുത്തരവാദിത്വം' എന്ന ആശയം എവിടെ നിന്നാണ് സ്വീകരിച്ചിരിക്കുന്നത്?
(എ) അമേരിക്കൻ ഐക്യനാടുകൾ (ബി) കാനഡ
(സി) ജർമനി (ഡി) ബ്രിട്ടൺ
31. 'കാമരൂപം' ഇപ്പോൾ എന്തുപേരിൽ അറിയപ്പെടുന്നു?
(എ) അസം (ബി) ഒറീസ (സി) ബംഗാൾ (ഡി) ഹരിയാണ
32. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ഇടനാഴി എവിടെയാണ്?
(എ) ചെന്നൈ (ബി) രാമേശ്വരം (സി) അമർനാഥ് (ഡി) എല്ലോറ
33. ഇന്ത്യൻ നാവിക സേനയുടെ ആസ്ഥാനം:
(എ) കൊൽക്കത്ത (ബി) ചെന്നൈ
(സി) വിശാഖപട്ടണം (ഡി) ന്യൂഡൽഹി
34. മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകം:
(എ) അശ്വമേധം (ബി) നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി
(സി) കാട്ടുകുതിര (ഡി) പാട്ടബാക്കി
35. ഭാരതരത്നം നേടിയ ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി:
(എ) ഇന്ദിരാഗാന്ധി (ബി) ലാൽ ബഹാദൂർ ശാസ്ത്രി
(സി) ജവാഹർലാൽ നെഹ്റു (ഡി) രാജീവ് ഗാന്ധി
36. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപവത്കൃതമായ വർഷം:
(എ) 1932 (ബി) 1936 (സി) 1925 (ഡി) 1938
37. ഒരു ഗ്രോസിൽ എത്ര ഡസൻ അടങ്ങിയിട്ടുണ്ട്?
(എ) 20 (ബി) 10 (സി) 24 (ഡി) 12
38. ഷെഫീൽഡ് എന്ന സ്ഥലം ഏതു വ്യവസായത്തിനാണു പ്രസിദ്ധം?
(എ) കട്ലറി (ബി) ടെക്സ്റ്റൈൽസ്
(സി) കപ്പൽ നിർമാണം (ഡി) ലെൻസുകൾ
39. താഴെപ്പറയുന്നവയിൽ ഐക്യരാഷ്ട്രസഭയുടെ ഔദ്യോഗിക ഭാഷയല്ലാത്തത്:
(എ) സ്പാനിഷ് (ബി) അറബിക് (സി) ജർമൻ (ഡി) ഫ്രഞ്ച്
40. 'ഹെയ്ലി നാഷണൽ പാർക്ക്' ഇപ്പോൾ അറിയപ്പെടുന്ന പേര്:
(എ) കോർബറ്റ് നാഷണൽ പാർക്ക്
(ബി) മാനസ് നാഷണൽ പാർക്ക്
(സി) ചന്ദ്രപ്രഭ നാഷണൽ പാർക്ക്
(ഡി) ഗിണ്ടി നാഷണൽ പാർക്ക്
41. ഇന്ത്യൻ അണുശക്തി കമ്മിഷന്റെ പ്രഥമ അധ്യക്ഷൻ:
(എ) വിക്രം സാരാഭായി (ബി) ഡോ.എച്ച്.ജെ.ഭാഭ
(സി) ഡോ.രാജാ രാമണ്ണ (ഡി) ഡോ.എച്ച്.എൻ.സേത്ന
42. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടാത്ത രാജ്യം
(എ) ഭൂട്ടാൻ (ബി) നേപ്പാൾ (സി) മ്യാൻമർ (ഡി) ബംഗ്ലാദേശ്
43. ഇന്ത്യൻ സമുദ്രത്തിലെ ഏറ്റവും വലിയ ദ്വീപ്
(എ) സെയ്ഷൽസ് (ബി) ശ്രീലങ്ക
(സി) മഡഗസ്കർ (ഡി) ജപ്പാൻ
44. 'പതിനെട്ടരക്കവികൾ' ആരുടെ സദസ്സിനെയാണ് അലങ്കരിച്ചിരുന്നത്?
(എ) മാർത്താണ്ഡവർമ (ബി) മാനവിക്രമദേവൻ
(സി) ശക്തൻ തമ്പുരാൻ (ഡി) കോലത്തിരി
45. 'മേരി ഇവാൻസ്' ഏതുപേരിലാണ് പ്രസിദ്ധിയാർജിച്ചത്?
(എ) ജോർജ് ഓർവൽ (ബി) ജോർജ് ഏലിയറ്റ്
(സി) വിർജിനിയ വൂൾഫ് (ഡി) എമിലി സോള
46. സർഗാസോ കടൽ ഏതു സമുദ്രത്തിന്റെ ഭാഗമാണ്?
(എ) അത്ലാന്റിക് (ബി) പസഫിക്
(സി) ആർടിക് (ഡി) ഇന്ത്യൻ
47. മലബാർ സിമന്റ് ഫാക്ടറി എവിടെ സ്ഥിതി ചെയ്യുന്നു?
(എ) വാളയാർ (ബി) നാട്ടകം (സി) നല്ലളം (ഡി) പൊന്നാനി
48. സൗരയൂഥത്തിലെ ഏറ്റവും വലിയ അംഗമേത്?
(എ) വ്യാഴം (ബി) ശനി (സി) യുറാനസ് (ഡി) സൂര്യൻ
49. ക്രിക്കറ്റ് ബാറ്റ് നിർമ്മിക്കാൻ ഏതുമരത്തിന്റെ തടിയാണ് ഉപയോഗിക്കുന്നത്?
(എ) ആഞ്ഞിലി (ബി) തേക്ക് (സി) വില്ലോ (ഡി) ഈട്ടി
50. അഹോരാത്രം ജാഗ്രതൈ' ഏതിന്റെ ആപ്തവാക്യമാണ്?
(എ) ഇന്ത്യൻ നേവി (ബി) ഇന്ത്യൻ വായുസേന
(സി) എൻ.സി.സി. (ഡി) റെഡ് ക്രോസ്
51. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന അവസരങ്ങളിൽ ഒരിന്ത്യൻ പൗരന് ഹൈക്കോടതിയെ സമീപിക്കാവുന്നത്?
(എ) 356 (ബി) 226 (സി) 326 (ഡി) 123
52. വാസ്കോ ഡ ഗാമയെ ആദ്യം സംസ്കരിച്ച സെന്റ് ഫ്രാൻസിസ് പള്ളി എവിടെയാണ്?
(എ) കൊടുങ്ങല്ലൂർ (ബി) ഫോർട്ട് കൊച്ചി
(സി) കാപ്പാട് (ഡി) അഞ്ചുതെങ്ങ്
53. ലോകത്തിലെ ഏറ്റവും വലിയ കായിക മാമാങ്കം എന്നറിയപ്പെടുന്നത്:
(എ) ഒളിമ്പിക്സ് (ബി) കോമൺവെൽത്ത് ഗെയിംസ്
(സി) ഏഷ്യൻ ഗെയിംസ് (ഡി) ആഫ്രോ-ഏഷ്യൻ ഗെയിംസ്
54. 'മലയാളം' ഏതുഭാഷാഗോത്രത്തിൽപ്പെടുന്നു?
(എ) ഇന്തോ-ആര്യൻ (ബി) സിനോ-ടിബറ്റൻ
(സി) ദ്രാവിഡം (ഡി) ഇവയൊന്നുമല്ല
55. ഏതു രോഗമാണ് 'ലുക്കീമിയ' എന്നും അറിയപ്പെടുന്നത്?
(എ) രക്താർബുദം (ബി) ക്ഷയം
(സി) കുഷ്ഠം (ഡി) എയ്ഡ്സ്
56. 'ശകാരി' എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്നത്:
(എ) ചന്ദ്രഗുപ്തൻ രണ്ടാമൻ (ബി) സമുദ്രഗുപ്തൻ
(സി) ചാണക്യൻ (ഡി) കനിഷ്കൻ
57. തിരുവിതാംകൂറിന്റെ പ്രതിനിധികളായി എത്രപേരാണ് കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ഉണ്ടായിരുന്നത്?
(എ) 6 (ബി) 7 (സി) 9 (ഡി) 12
58. ഭരണഘടനയുടെ എത്രാമത്തെ അനുച്ഛേദമാണ് 'സംസ്ഥാനങ്ങളുടെ ഒരു യൂണിയനാണ് ഇന്ത്യ' എന്നു പ്രസ്താവിക്കുന്നത്?
(എ) ഒന്ന് (ബി) മൂന്ന് (സി) ഏഴ് (ഡി) പത്ത്
59. 'വേഴ്സായ് ഉടമ്പടി' പ്രകാരം അവസാനിച്ച യുദ്ധമേത്?
(എ) ഒന്നാം ലോകയുദ്ധം (ബി) രണ്ടാം ലോകയുദ്ധം
(സി) കൊറിയൻ യുദ്ധം (ഡി) കറപ്പുയുദ്ധം
60. ഇന്ത്യയിൽ ധരാതലീയ ഭൂപടം നിർമിക്കുന്ന ഏജൻസി:
(എ) ഇന്ത്യൻ മെറ്റിരിയോളജിക്കൽ വകുപ്പ്
(ബി) സർവേ ഓഫ് ഇന്ത്യ
(സി) ദേശീയ വിദൂര സംവേദന ഏജൻസി
(ഡി) ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ
61. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ നിലവിൽവന്ന ആദ്യ സംസ്ഥാനം:

(എ) മദ്രാസ് (ബി) കശ്മീർ (സി) തിരു-കൊച്ചി (ഡി) ആന്ധ്ര

62. ഇന്ത്യയിൽ ഫ്രഞ്ചുകാരുടെ സാമ്രാജ്യമോഹങ്ങൾക്ക് അന്ത്യം കുറിച്ച യുദ്ധമേത്?
(എ) 1757-ലെ പ്ലാസി യുദ്ധം (ബി) 1764-ലെ ബക്സർ യുദ്ധം
(സി) 1760-ലെ വാണ്ടിവാഷ് യുദ്ധം (ഡി) മൂന്നാം പാനിപ്പട്ടു യുദ്ധം(1761)

63. 'സൂഫി വിഭാഗം' ഏതുമതത്തിലാണ് രൂപം കൊണ്ടത്?
(എ) ക്രിസ്തുമതം (ബി) ഹിന്ദുമതം
(സി) പാഴ്സിമതം (ഡി) ഇസ്ലാം

64. നിരാഹാരസമരമനുഷ്ഠിച്ച് ജയിലിൽ മരണമടഞ്ഞ സ്വാതന്ത്ര്യസമരസേനാനിയാണ്:
(എ) ഭഗത്സിങ് (ബി) ബിപിൻ ചന്ദ്രപാൽ
(സി) ജതിൻദാസ് (ഡി) അജിത്സിങ്

65. മുഗൾ ഭരണകാലത്തെ ഔദ്യോഗിക ഭാഷ:
(എ) പേർഷ്യൻ (ബി) തുർക്കി (സി) ഉർദു (ഡി) അറബി

66. ഏതു പ്രക്രിയയിലൂടെയാണ് സൂര്യനിൽ ഊർജം ഉല്പാദിപ്പിക്കപ്പെടുന്നത്?
(എ) ന്യൂക്ലിയർ ഫ്യൂഷൻ (ബി) ന്യൂക്ലിയർ ഫിഷൻ
(സി) അയണൈസേഷൻ (ഡി) ഓക്സിഡേഷൻ

67. 'രാജ്യം നിങ്ങൾക്കുവേണ്ടി എന്തുചെയ്യും എന്നല്ല, രാജ്യത്തിനുവേണ്ടി നിങ്ങൾക്ക് എന്തുചെയ്യാനാവും എന്നാണ് ചിന്തിക്കേണ്ടത്' ഇപ്രകാരം പറഞ്ഞ അമേരിക്കൻ പ്രസിഡന്റ്:
(എ) ഫ്രാങ്ക്ളിൻ ഡി.റൂസ്‌വെൽറ്റ് (ബി) എബ്രഹാം ലിങ്കൺ
(സി) ജോർജ് വാഷിങ്ടൺ (ഡി) ജോൺ എഫ്. കെന്നഡി

68. ജ്ഞാനപീഠജേതാവായ ഐ.എ.എസ്.ഓഫീസർ:
(എ) യു.ആർ.അനന്തമൂർത്തി (ബി) അഖിലൻ
(സി) സീതാകാന്ത് മഹാപാത്ര (ഡി) ശിവരാമകാരന്ത്

69. കാർഗിൽ യുദ്ധം നടന്ന വർഷം:
(എ) 2000 (ബി) 1998 (സി) 1997 (ഡി) 1999

70. ഇന്ത്യയിൽ മംഗളോയ്ഡ് വർഗക്കാർ കാണപ്പെടുന്നത് എവിടെയാണ്?
(എ) പഞ്ചാബ് (ബി) കശ്മീർ
(സി) ദക്ഷിണേന്ത്യ (ഡി) വടക്കു കിഴക്കൻ ഇന്ത്യ

71. ഇന്ത്യയിൽ യൂറോപ്യൻമാർ നിർമിച്ച ആദ്യത്തെ കോട്ട:
(എ) മാനുവൽ കോട്ട (ബി) സെന്റ് ആഞ്ജലോ കോട്ട
(സി) അഞ്ചുതെങ്ങു കോട്ട (ഡി) തലശ്ശേരിക്കോട്ട

72. 'കുറ്റിക്കാടുകളുടെ നാട്' എന്ന് പേരിനർഥമുള്ള സംസ്ഥാനം:
(എ) ജാർഖണ്ഡ് (ബി) ബീഹാർ
(സി) ഛത്തിസ്ഗഢ് (ഡി) മിസോറാം

73. 'വിസ്ഡെൻ' എന്തിനെ സംബന്ധിച്ച ആധികാരിക പ്രസിദ്ധീകരണമാണ്?
(എ) സിനിമ (ബി) ക്രിക്കറ്റ്
(സി) കാർ റേസ് (ഡി) ഫുട്ബോൾ

74. ചട്ടമ്പിസ്വാമികളുടെ യഥാർഥ പേര്:
(എ) രാമൻ പിള്ള (ബി) നാരായണപിള്ള
(സി) അയ്യപ്പൻ (ഡി) ശങ്കരൻ പിള്ള

75. അന്താരാഷ്ട്ര സ്പോർട്സ് മത്സരങ്ങളിൽ ഏതെങ്കിലും ഒരിനത്തിന് വ്യക്തിഗത ചാമ്പ്യനായ ആദ്യ ഇന്ത്യാക്കാരൻ:
(എ) ലിയാണ്ടർ പയസ് (ബി) മഹേഷ് ഭൂപതി
(സി) വിൽസൺ ജോൺസ് (ഡി) ഓം അഗർവാൾ

76. ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരം നൽകുന്നത്
(എ) തിരഞ്ഞെടുപ്പ് കമ്മിഷൻ (ബി) പാർലമെന്റ്
(സി) രാഷ്ട്രപതി (ഡി) സുപ്രീം കോടതി

77. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം കൊളോണിയൽ ഭരണത്തിനു വിധേയമായ പ്രദേശം:
(എ) ഗോവ (ബി) യാനം (സി) നഗർ ഹവേലി (ഡി) സൂറത്ത്

78. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചണമില്ലുകൾ ഉള്ള സംസ്ഥാനം
(എ) ഉത്തർ പ്രദേശ് (ബി) പശ്ചിമ ബംഗാൾ
(സി) തമിഴ്നാട് (ഡി) മഹാരാഷ്ട്ര

79. 1912ൽ 'ജനഗണമന' എന്തു ശീർഷകത്തിലാണ് 'തത്ത്വബോധിനി'യിൽ പ്രസിദ്ധീകരിച്ചത്?
(എ) പ്രഭാതഗീതം (ബി) ഭാരത് വിധാത
(സി) ഭാരതഗീതം (ഡി) വന്ദേമാതരം

80. 'ജീവൻ മശായി' എന്ന കഥാപാത്രം ആരുടെ സൃഷ്ടിയാണ്?
(എ) ബങ്കിം ചന്ദ്ര ചാറ്റർജി (ബി) താരാശങ്കർ ബാനർജി
(സി) അമൃതാ പ്രീതം (ഡി) വിഭൂതി ഭൂഷൺ ബന്ദോപാധ്യായ

81. എന്തിന്റെ വകഭേദമാണ് 'ചാർക്കോൾ?
(എ) കാർബൺ (ബി) ഓക്സിജൻ
(സി) ഹൈഡ്രജൻ (ഡി) ഇരുമ്പ്

82. ക്രിസ്തുമതത്തെ പ്രോത്സാഹിപ്പിച്ച ആദ്യ ചക്രവർത്തി:
(എ) തോമസ് അക്വിനസ് (ബി) കോൺസ്റ്റന്റൈൻ
(സി) ക്ലോവിസ് (ഡി) അഗസ്റ്റിൻ

83. വിൻസ്റ്റൺ ചർച്ചിൽ സാഹിത്യ നൊബേലിന് അർഹനായ വർഷം:
(എ) 1952 (ബി) 1953 (സി) 1954 (ഡി) 1955

84. 'ക്വിനൈൻ' ലഭിക്കുന്നത് ഏതു സസ്യത്തിൽ നിന്ന്?
(എ) ആടലോടകം (ബി) യൂക്കാലിപ്റ്റസ്
(സി) പൈൻ (ഡി) സിങ്കോണ

85. ഏതു ലോഹത്തിന്റെ അയിരാണ് 'സിന്നാബാർ?
(എ) മഗ്നീഷ്യം (ബി) ചെമ്പ് (സി) മെർക്കുറി (ഡി) ഇരുമ്പ്

86. 'സീറോസിസ്' ഏതവയവത്തെയാണ് ബാധിക്കുന്നത്?
(എ) മസ്തിഷ്കം (ബി) ഹൃദയം (സി) ത്വക്ക് (ഡി) കരൾ

87. 'ബിഗ് ബെൻ' ക്ലോക്ക് എവിടെ സ്ഥാപിച്ചിരിക്കുന്നു?
(എ) ലണ്ടൻ (ബി) പാരീസ്
(സി) ന്യൂയോർക്ക് (ഡി) ബെയ്ജിങ്

88. താഴെപ്പറയുന്നവയിൽ രാജ്യതലസ്ഥാനമായ നഗരമേത്?
(എ) ജനീവ (ബി) ബെർലിൻ
(സി) ന്യൂയോർക്ക് (ഡി) ഫ്രാങ്ക്ഫർട്ട്

89. 'സ്നൂക്കർ' എന്ന പേരിലും അറിയപ്പെടുന്ന കായികവിനോദം?
(എ) ബില്ല്യാർഡ്സ് (ബി) ഫുട്ബോൾ
(സി) ഹോക്കി (ഡി) വോളിബോൾ

90. 'ബ്ലാക്ക് ഷർട്ട്സ്(കരിങ്കുപ്പായക്കാർ)' എന്ന സംഘടന സ്ഥാപിച്ചതാര്?
(എ) ഹിറ്റ്ലർ (ബി) സ്റ്റാലിൻ (സി) ബെനിറ്റോ മുസ്സോളിനി
(ഡി) ഗാരിബാൾഡി

91. 'ബോക്സർ കലാപം' ഏതു രാജ്യത്താണ് നടന്നത്?
(എ) ചൈന (ബി) ഇംഗ്ലണ്ട് (സി) ജപ്പാൻ (ഡി) റഷ്യ

92. ബ്രയ്ൽ ലിപിയിൽ എത്ര കുത്തുകൾ ഉപയോഗിച്ചാണ് ആശയവിനിമയം സാധ്യമാക്കുന്നത്?
(എ) 8 (ബി) 6 (സി) 4 (ഡി) 7

93. 'കന്യകാറാണി' യെന്ന പേരിൽ ലോകചരിത്രത്തിൽ പ്രസിദ്ധയായത്:
(എ) ഒന്നാം എലിസബത്ത് റാണി
(ബി) രണ്ടാം എലിസബത്ത് റാണി
(സി) മേരി രാജ്ഞി (ഡി) കാതറിൻ

94. രാജ്യസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എത്ര?
(എ) 238 (ബി) 250 (സി) 245 (ഡി) 233

95. 'മാജ്യാർ' എന്ന പേര് സ്റ്റാമ്പിൽ ഉപയോഗിക്കുന്ന രാജ്യം?
(എ) സൊമാലിയ (ബി) ജർമനി
(സി) ഫിൻലൻഡ് (ഡി) ഹംഗറി

96. ഡാർവിന്റെ പരിണാമ ഗവേഷണങ്ങൾക്കു വേദിയായ ദ്വീപ്:
(എ) ശ്രീലങ്ക (ബി) മഡഗാസ്കർ
(സി) ഗാലപ്പാഗോസ് (ഡി) ഗ്രീൻലാൻഡ്

97. കേരളനിയമസഭയിലെ ആദ്യത്തെ പ്രോട്ടേം സ്പീക്കർ:
(എ) അയിഷാഭായി (ബി) റോസമ്മാ പുന്നൂസ്
(സി) ശങ്കരനാരായണൻ തമ്പി (ഡി) ആർ.ശങ്കർ

98. ഹരിതഗൃഹവാതക പ്രഭാവം കാരണം ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്ന ഗ്രഹം:
(എ) ബുധൻ (ബി) ഭൂമി (സി) ശുക്രൻ (ഡി) ചൊവ്വ

99. പർവതാരോഹകനായിരുന്ന എഡ്മണ്ട് ഹിലാരി ഏതു രാജ്യക്കാരനായിരുന്നു?
(എ) ന്യൂസിലൻഡ് (ബി) ഇംഗ്ലണ്ട്
(സി) നേപ്പാൾ (ഡി) ഓസ്ട്രേലിയ

100. ഇന്ത്യയിൽ ഏതിലേക്കുള്ള തിരഞ്ഞെടുപ്പാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന്റെ ചുമതലയല്ലാത്തത്?
(എ) ലോക്സഭ (ബി) നിയമസഭ
(സി) തദ്ദേശസ്വയംഭരണസ്ഥാപനം (ഡി) രാജ്യസഭ

Answers: 1 (a) 2(c) 3 (d) 4 (b) 5(c) 6(a) 7(d) 8(d) 9(c) 10(b) 11(b) 12(a) 13(a) 14(a) 15(b) 16(b) 17(b) 18(c) 19(d) 20(c)2 1 (d) 22(c) 23 (c) 24 (d) 25(b)2 6(a) 27(d) 28(d) 29(a) 30(d) 31(a) 32(b) 33(d) 34(d) 35(c)36(d)37(d) 38(a) 39(c) 40(a) 41(b) 42 (c) 43(c) 44 (b) 45(b) 46(a) 47 (a) 48(d)49(c) 50(a) 51(b) 52(b) 53(a) 54(c) 55(a) 56(a) 57(a) 58(a) 59(a) 60(b)61(d) 62(c) 63(d)64(c) 65(a) 66(a) 67(d)68(c) 69(d) 70(d) 71(a) 72(a) 73(b)74(c)75(c)76(a) 77 (a) 78(b)79(b)80(b) 81(a) 82(b) 83(b) 84(d) 85(c)86(d)87(a)88(b) 89(a) 90(c) 91(a) 92(b)93(a) 94(d)95(d) 96(c) 97(b) 98(c) 99(a) 100(c)